ഉറങ്ങാത്ത രാത്രി

അന്തർഭാരതീയ പുസ്തകമാല

ഉറങ്ങാത്ത രാത്രി

സതിനാഥ് ഭാദുരി

വിവർത്തനം: രവിവർമ്മ

നാഷണൽ ബുക് ട്രസ്റ്റ്, ഇന്ത്യ

ISBN 81-237-0995-1

1994 (ശക 1916)

© ഗൗതം ഭാദുരി, 1974,

© മലയാളവിവർത്തനം: നാഷണൽ ബുക് ട്രസ്റ്റ്, ഇന്ത്യ 1982.

രൂ 47.00

Original title : Jagri (Bangali)

Malayalam title: Urangatha Ratri

പ്രസാധനം : ഡയറക്ടർ, നാഷണൽ ബുക് ട്രസ്റ്റ്, ഇന്ത്യ,

എ—5 ഗ്രീൻ പാർക്ക്, ന്യൂദൽഹി 110016

അവതാരിക

പ്യാരിചന്ദിൻെറ 'അലാലേർ ഘരേദുലാൽ' (1808) തൊട്ടാണ് ബംഗാളി നോവലിൻെറ ആയുസ്സു കണക്കുകൂട്ടുന്നതെങ്കിലും വംഗീയ നോവൽ സാഹിത്യത്തിൻെറ ആദ്യത്തെ പ്രധാന പുരുഷൻ ബങ്കിംചന്ദ്ര ചട്ടോപാധ്യായയാകുന്നു. 'അലാലേർ ഘരേദുലാൽ' എന്ന നോവലിൽ നോവലിൻെറ ചില നിബന്ധനകൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെന്നല്ലാതെ, നോവലിൻേറതായ പ്രാണസ്പന്ദനം അനുഭവപ്പെടുന്നില്ല. ബങ്കിം ചന്ദ്രൻ നോവലിനെ ശക്തമായൊരു ശിൽപമാധ്യമമായി പ്രതിഷ്ഠിച്ചു. അദ്ദേഹം സൃഷ്ടിച്ച പാത്രങ്ങളുടെ സജീവമായ ജീവനാകാംക്ഷയിൽ സംശയത്തിനവകാശമില്ല. ആ പാത്രങ്ങളുടെ അദൃഷ്ടത്തെ—അല്ലെങ്കിൽ നിയതിയെ—സംബന്ധിച്ച് ലേഖകന് പത്തൊമ്പതാം നൂറ്റാണ്ടിലുണ്ടായിരുന്ന ധാരണയെപ്പറ്റിയും സംശയിക്കാനില്ല. അദ്ദേഹത്തിൻെറ സാമൂഹ്യവും കൗടുംബികവുമായ നോവലുകളിലെ പാത്രങ്ങളുമായി ആ കാലഘട്ടത്തിലെ നല്ലവരായ ആളുകളുടെ, സവിശേഷവും ഉൽബുദ്ധതയിൽനിന്നുളവായതും കാലോചിതവുമായ പീഡനങ്ങളിൽ സമാനത കാണാം. എങ്കിലും ഒരു ശതാബ്ദം കഴിഞ്ഞുപോയ ഈ അവസരത്തിൽ അദ്ദേഹത്തിൻെറ സമൂഹജീവികളായ, നല്ലവരായ ആളുകൾ വളരെയേറെ നിശ്ചേഷ്ടരായി, നീതിയുടെയും ആചാരത്തിൻെറയും നടുവിൽ വേണ്ടാതെ ആടിക്കളിക്കുന്നതായി അനുഭവപ്പെടുന്നു. എങ്കിലും അദ്ദേഹത്തിൻെറ സ്ത്രീ പാത്രങ്ങൾ അവിസ്മരണീയരത്രേ, അസ്വീകാര്യരത്രേ—' വ്യക്തിത്വത്തിലും, ഗതിയിലും സജീവതയിലും, ജീവിതസമ്മതമായ വാസ്തവികതയിലും അവിസ്മരണീയയായ ശൈവാലിനി (ചന്ദ്രശേഖർ — 1875), അതുലനീയയായ രോഹിണി (കൃഷ്ണകാന്തേർവിൽ— 1878) വിസ്മയനീയയായ മൃണ്മയി (കപാലകുണ്ഡല 1866) തുടങ്ങിയവരെ നോക്കുക. അദ്ദേഹത്തിൻെറ 'ഭദ്രജനം' കൃത്രിമമായ സംശ്ലേഷണത്തിൻെറ (ഫാൾസ് സിന്തെസിസ്) അന്വേഷണത്തിൽ വ്യർത്ഥമായി ചുറ്റിത്തിരിഞ്ഞപ്പോൾ അതേ പരിതഃസ്ഥിതിയിൽ അദ്ദേഹത്തിൻെറ 'ദേവിചൗധരാന' (1884) പരിസീമിതമായ കൽപനയ്ക്കുവകയുള്ള രംഗങ്ങളിൽപോലും സ്പഷ്ടമായ ജീവനാവേഗം സ്പന്ദിക്കുന്നു. വീട്ടിലും പുറത്തുമുള്ള ഈ വ്യവധാനം,

അതായത് വിവർണനായ പുരുഷനും ചപലയായ നാരിയും തമ്മിലുള്ള ഈ അകൽച്ച ഇംഗ്ലീഷുകാരുടെ സ്വാർത്ഥനിർമ്മിതമായ കോളനിയിലെ മധ്യവർത്തികളായുള്ളവരുടെ അസ്തിത്വത്തിൻെറ പരിഹാസമാകാം, വിവശതയാവാം.

രവീന്ദ്രനാഥ് ചുരുങ്ങിയത് 'ചോഖേർ ബാലി' (1903) തൊട്ടത്രേ മധ്യവർത്തികളുടെ ജീവിതത്തിൻെറ ഖണ്ഡതയാൽ പീഡിതമായ നാനാവികാരങ്ങളെ മനസ്സിലാക്കാൻ തുടങ്ങിയത് . അദ്ദേഹത്തിൻെറ പുരുഷപാത്രങ്ങൾ ഈ ഔപനിവേശികമായ ഋജുതയോട് , വിച്ഛിന്നതയോട് , നായകൻെറ ഭൂമികയിൽനിന്നുകൊണ്ടു സമരം ചെയ്തു. ഈ കിടയിലുള്ള നായകന്മാരെ സൃഷ്ടിച്ചതിൻ ഫലമായി, പുറമേ അനാടകീയമെങ്കിലും നിഗൂഢമായ ടെൻഷനാൽ തരളരായ വ്യക്തികളെ നാം കാണുന്നു. ഈ തലത്തിലുള്ള ഗതിശീലരായ നായകന്മാരിൽ ഗോര, ശചീശ് , അതീന്ദ്ര് എന്നിവർ ചിരസ്മരണീയരാണ് . അദ്ദേഹത്തിൻെറ സ്ത്രീ പാത്രങ്ങളുടെ വൈശിഷ്ട്യവും സ്മരണീയമത്രേ. വിനോദിനി, സുചരിത, ഭാസിനി, കുമു—ഇവരിൽ ആരുംതന്നെ സുഖസൗകര്യസമൃദ്ധമായ ജീവിതത്തിൽ നിന്നെഴുന്നേറ്റുപോന്നവരല്ല. ഓരോരുത്തരുടെയും ജീവിതം ദുഃഖവും ദാരിദ്ര്യവും എന്തെന്നുള്ള അറിവിൽനിന്നും രൂപമെടുത്തതാകുന്നു. അദ്ദേഹം ഈ നാടിൻെറ സങ്കീർണമായ ജീവിതത്തിൻെറ വരമ്പിനകത്തുനിന്നുകൊണ്ടത്രേ സ്വാതന്ത്ര്യത്തെപ്പറ്റി ചർച്ച ചെയ്തത് . അദ്ദേഹത്തിൻെറ അവസാനകൃതികളിൽ ഒന്നായ 'ശേഷേർകവിത' (1929)യിലെ ലാവണ്യംപോലും സ്വാവലംബിനിയായ ഗവർണസ് ആണ് . 'ചോഖേർബാലി' തൊട്ടത്രേ ബംഗാളി നോവലിൻെറ ഇരുപതാം നൂറ്റാണ്ടിൻേറതായ പ്രയാണം തുടങ്ങുന്നത് . പാത്രങ്ങളുടെയും സംഭവങ്ങളുടെയും വിന്യസനത്തിൽ അതോടെ ബങ്കിമീയ ശൈലി നിലച്ചുപോയി. പാത്രങ്ങൾ തമ്മിലുള്ള മാനസിക സംഘട്ടനങ്ങളുടെ ടെൻഷൻ നിറഞ്ഞ നോവലുകളുടെ യുഗമാരംഭിച്ചു. ക്യാരക്ടറിന്നു പകരം പാത്രങ്ങളുടെ വ്യക്തിത്വവും വ്യക്തിസ്വാതന്ത്ര്യവും പ്രാധാന്യമർഹിച്ചു. രവീന്ദ്രനാഥനത്രേ ഇതിനെല്ലാം ആരംഭം കുറിച്ചത് . ഗോരയും ചതുരംഗവും (1910 ലും 1915ലും) —രവീന്ദ്രനാഥൻെറ ഈ രണ്ടു നോവലുകളിലും അസ്തിത്വത്തിൻെറ യാന്ത്രികതയ്ക്കു ഏറ്റവുമധികം കലാത്മകമായ അർത്ഥവത്ത ലഭിച്ചു.

രണ്ടും എത്രയോ മുമ്പു രചിച്ചവ. എന്നാൽ ഇന്നും ആദ്യത്തേത് മഹാകാവ്യോചിത ലക്ഷണങ്ങളാൽ എതിരറ്റതും, രണ്ടാമത്തേത് , തീക്ഷ്ണമായ സൗന്ദര്യത്തിലും ടെക്നിക്കിന്റെ ദീപ്തിയിലും കിടയറ്റതുമാണ് .

ബങ്കിമിന്റെ നായികാനായകന്മാർ വലിയവലിയ സംഭവങ്ങളുടെ ശൃംഗങ്ങളിൽ കയറിയിറങ്ങുന്നു. രവീന്ദ്രന്റെ നോവലുകളിൽ ആ മാനത്തിലുള്ള പാത്രങ്ങളേ ഇല്ല. എന്നാൽ അദ്ദേഹത്തിന്റെ നോവലിലെ സ്ത്രീപുരുഷപാത്രങ്ങളുടെ വ്യക്തിത്വസ്പർശത്താൽ സാധാരണ സംഭവങ്ങളും എത്രയ്ക്കസാധാരണങ്ങളായി ഭവിക്കുന്നു! സംഭവജന്യമായ സംഘട്ടനത്തിൽ രവീന്ദ്രൻ, വ്യക്തിയുടെ സ്വന്തം ജീവിത സംഘട്ടനം അന്വേഷിക്കുന്നു. ഗോരയുടെ ജന്മരഹസ്യത്തെ വായനക്കാരിൽനിന്ന് ഒളിച്ചുവെയ്ക്കണമെന്ന പക്ഷക്കാരനല്ല അദ്ദേഹം. ഈ ശിൽപമാധ്യമത്തിന്റെ നിർമാതാവ് ബങ്കിമാണെങ്കിലും ബംഗാളി മധ്യവർത്തികളെ ആവിഷ്കരിക്കുന്നതിനുള്ള പ്രേരണയാൽ ഈ മാധ്യമത്തെ ആദ്യം പ്രയോഗിച്ചത് രവീന്ദ്രനാഥനാകുന്നു. ബങ്കിം രക്തമാംസസ്നായുക്കളാൽ രചിതമായ വ്യക്തിയുടെ ആകാംക്ഷയും പരിഭവവും ആലേഖനം ചെയ്തു. രവീന്ദ്രൻ വ്യക്തിയുടെ എല്ലാവിധ ചാരിതാർത്ഥ്യത്തിന്റെയും മാർഗത്തിലെന്താണു തടസ്സമെന്ന് വീണ്ടും വീണ്ടും അറിയാനാഗ്രഹിച്ചു. അതിനാൽ അദ്ദേഹത്തിന്റെ നോവലുകൾ ഒന്നു മറ്റൊന്നിനോട് പ്രമേയം കൊണ്ടോ സാങ്കേതികത കൊണ്ടോ കടപ്പെട്ടിട്ടില്ല. ബങ്കിമിന്റെ നോവലുകൾ ക്ലാസിക് സ്ഥാപത്യത്തിനു നിദർശനമാകുന്നു. അദ്ദേഹത്തിന്റെ ഏതൊരു പ്രധാന പരിച്ഛേദത്തിന്റെയും നാടകീയവിന്യസനം സ്മരണീയമത്രേ. രവീന്ദ്രന്റെ നോവലുകളിൽ ബൗദ്ധികമായ അന്വേഷണത്തിനാണു പ്രാധാന്യം. അതിനാൽ 'ചാർ അധ്യായ് ' (1904) ലെ അവസാന ദൃശ്യമൊഴികെ നാടകീയത അദ്ദേഹത്തിനു വർജ്യമായി.

1913ൽ ശരച്ചന്ദ്രൻ 'ബഡി ദീദി' പ്രസിദ്ധപ്പെടുത്തി. അത് അതിലും നേരത്തെ നീണ്ടകഥയെന്ന പേരിൽ 'ഭാരതി' മാസികയിൽ വന്നതായിരുന്നു. 1915ൽ രവീന്ദ്രന്റെ 'ചതുരംഗം' വന്നു. ചതുരംഗത്തിനു ബഡി ദീദിയുടെ ജനപ്രീതി കിട്ടിയില്ല. ശരച്ചന്ദ്രൻ നല്ല സമാപ്തിസുന്ദരമായ കഥകൾ എഴുതാൻ തുടങ്ങിയ കാലത്തിനു മുമ്പുതന്നെ, ബംഗാളി നോവൽ പൂർണ

വൃത്തമായ കഥാകഥനത്തിനു പുറത്തെത്തിക്കഴിഞ്ഞിരുന്നു. ചതുരംഗം തൊട്ട് നോവലിൻെറ രൂപത്തിൽ വെട്ടിക്കുറവുകൾ-നീക്കുപോക്കുകൾ - തുടങ്ങി. ഇതിൽനിന്നു തെളിഞ്ഞത് ടെക്നിക്കിൻെറ വെട്ടിക്കുറയ്ക്കലുകൾ വെറും വിനോദത്തിനു വേണ്ടിയല്ല, ജീവിതത്തിൻെറ ജടിലമായ ഗഹനതകളിലേക്കു പ്രവേശിക്കുന്നതിനുവേണ്ടി ചെയ്യുന്നതാണ് എന്നത്രേ. ചതുരംഗത്തിൽ രവീന്ദ്രൻ നോവലിൻെറ പുതിയ ഫോം പ്രയോഗിക്കുന്ന സമയം, യൂറോപ്പിൽ, വിശേഷിച്ച് ഇംഗ്ലണ്ടിൽ, നോവലിൽ മറ്റൊരു ഫോമിനു വേണ്ട വെട്ടിക്കുറവുകൾ നടന്നുകൊണ്ടിരുന്നു.

ശരച്ചന്ദ്രൻ ഈ ജടിലതകൾക്കായി തലപുണ്ണാക്കിയില്ല.. അദ്ദേഹത്തിന് ഏറെയൊന്നും പറയാനുണ്ടായിരുന്നില്ല. ബങ്കിം സ്ത്രീപുരുഷന്മാരുടെ ദേഹാധിഷ്ഠിതമായ ഭവിതവ്യതയെ അളന്നു. രവീന്ദ്രൻ വ്യക്തിത്വത്തിൻെറ പീഡാമയമായ ആത്മവികാസത്തെപ്പറ്റി പറഞ്ഞു. ശരച്ചന്ദ്രൻ സ്ത്രീക്കു സ്നേഹിക്കുവാനും പ്രേമിക്കുവാനും അധികാരമുണ്ടെന്നു പറയുവാനാണ് വന്നത് . ബംഗാളിലെ സാധാരണജനങ്ങൾ രവീന്ദ്രൻെറ ഉന്നത മാനമുള്ള നോവലുകളിലെ നായികാനായകന്മാരെ പിടിക്കാനപ്രാപ്തരായപ്പോൾ 'ഭാരതീ'യുഗത്തിലെ എഴുത്തുകാരുടെ കൃത്രിമമായ നാഗരികതയിൽനിന്നും സുഖനിമഗ്നമായ റൊമാൻറികതയിൽനിന്നും മധ്യവർഗത്തിൻെറ ദൈനന്ദിന ജീവിതത്തിൻെറ വാസ്തവികത ഉയർന്നു വരുന്നില്ലെന്നു കണ്ടപ്പോൾ, ശരച്ചന്ദ്രനാണ് ധൂളീധൂസരമായ ജീവിതത്തിൽ സവിശേഷമായ ഒരു റൊമാൻറിക് ദീപം കൊളുത്തിയത് . യാഥാസ്ഥിതികരായ മധ്യവർഗക്കാർ തങ്ങൾ ജീവിക്കുന്ന ജീവിതത്തിൻെറ കാവ്യകരുണമായ രംഗം കണ്ടു. ഗൃഹദാഹം (1920) ഒഴികെ മറ്റെല്ലാ നോവലുകളെപ്പറ്റിയും ഈ അഭിപ്രായം പറയാവുന്നതാണ് . സാമ്പത്തികമായി തകർന്നുകൊണ്ടിരിക്കുന്ന സമൂഹത്തെപ്പറ്റി അദ്ദേഹത്തിനു പറയാനൊന്നുമില്ലായിരുന്നു. തകർന്ന സമൂഹത്തിനു നടുവിൽ നിന്നുകൊണ്ട് ഡിക്കെൻസിനെപ്പോലെ അദ്ദേഹം വ്യക്തിഗതമായ കാരുണ്യത്തിനും അവസരത്തിനും വാദിച്ചു. അദ്ദേഹത്തിൻെറ ഹൃദയമഹത്വത്തിൽ സന്ദേഹമില്ല. എന്നാൽ ഹൃദയാലുവായതുകൊണ്ടു മാത്രം വലിയ നോവലെഴുത്തുകാരനാകാമോ എന്നു പര്യാലോചിക്കേണ്ടതുണ്ട് .

ഈ യുഗത്തിന്റെ മൂന്നാംദശകത്തിലാണ് വംഗ നോവൽ മൂന്നാം ഘട്ടത്തിലെത്തുന്നത് . നാം മുപ്പതുകളിലെ നോവലെഴുത്തുകാരെന്നു പറയുന്നവർ, ബംഗാളി നോവലുകൾ ഇപ്പോൾ ബങ്കിം – രവീന്ദ്ര–ശരച്ചന്ദ്രന്മാരെപ്പോലുള്ള ഒറ്റപ്പെട്ട പ്രതിഭകളുടെ ലീലാഭൂമിയല്ല എന്നു തെളിയിച്ചു. സംഖ്യ കൊണ്ടു സമൃദ്ധരായ ഈ നോവലെഴുത്തുകാർ നാനാദിശകളിലൂടെ നോവൽ ഫലഭൂയിഷ്ഠമാക്കി. പ്രാദേശിക നോവലുകൾ എഴുതപ്പെട്ടു. ഫ്രോയ്ഡിന്റെ മനശ്ശാസ്ത്രവും, മാർക്സിന്റെ സാമൂഹ്യ ദൃഷ്ടിയും ഒരേസമയത്ത് നോവലുകൾക്കൊപ്പംനിന്നു. സ്വദേശത്തെക്കുറിച്ചുള്ള ജിജ്ഞാസ തീവ്രമായി. ഒരു പക്ഷേ 'കല്ലോൽ' (1920– കല്ലോൽ മാസികയുടെ നേതൃത്വത്തിൽ വളർന്ന കഥാസാഹിത്യം) യുഗത്തിലുയർന്ന പ്രത്യാശകളുടേതായ ദിവസങ്ങളിലെ ചിതറിയ ചിറകടിയുടെ പരിണാമമായിരിക്കാം ഇത് . എന്നാൽ പേരിനു മാത്രം കല്ലോല കക്ഷികളോ അതിൽ പെടാത്തവരോ ആയ എഴുത്തുകാരുടെ തൂലിക കൊണ്ടു പുഷ്ടിപ്പെട്ടതാണതെന്നുള്ളതിനു സംശയമില്ല. പ്രാദേശിക സാഹിത്യം ശൈലജാനന്ദനാണു തുടങ്ങിവെച്ചതെങ്കിലും താരാശങ്കരന്റെ കൃതികളിലായിരുന്നു അതിന്റെ യഥാർത്ഥ രൂപം വ്യക്തമായത് . പ്രേമേന്ദ്രമിത്രന്റെ കൃതികളിൽ അവഗണിക്കപ്പെട്ട മനുഷ്യരുടെ ചിത്രം തെളിഞ്ഞു. യുവനാശ്വന്റെ 'പടൽ ഡാം ഗാർ പാഞ്ചാലി'യിലും ആ ചിത്രം തെളിഞ്ഞു. എങ്കിലും അതിന്റെ യഥാർത്ഥമായ നോവൽ രൂപം മാണിക് ബാനർജിയുടെ രചനകളിലത്രേ കാണുന്നത് . ബിഭൂതിഭൂഷൺ ബന്ദ്യോപാധ്യായ അതിനൂതനമായ ഒരു ചക്രവാളം തുറന്നു കാട്ടി – 'പഥേർ പാഞ്ചാലി' യിലും 'ആരണ്യകിലും.' മുപ്പതുകളിലെ എഴുത്തുകാരുടെ ചില നോവലുകൾ ശൈലീസൗഭാഗ്യം കൊണ്ട് ക്ലാസിക് നോവലുകളുടെ സ്ഥാനം വഹിക്കുന്നു. താരാശങ്കറിന്റെ ഗണദേവത (1942), കവി (1942), മാണിക് ബാനർജിയുടെ 'പുതുൽ നാവേർ ഇതികഥ (1939), പത്മാനദീർമാത്ധി (1936), ബിഭൂതിഭൂഷണന്റെ മുമ്പുപറഞ്ഞ രണ്ടു നോവലുകൾ–എല്ലാം ഉദാഹരണങ്ങൾ. ഈ നോവലുകളിൽ വിഷയവും ശൈലിയും എത്രയോ വ്യത്യസ്തങ്ങളാണ് . ജീവിതം വിചിത്രമാണ് , അവസാനമില്ലാത്തതാണ് . എന്തെല്ലാം വിധത്തിലുള്ള മനുഷ്യരാണ് ഈ നാടിന്റെ വിഭിന്ന പ്രദേശങ്ങളിൽ പരന്നു കിടക്കുന്നത്

മുപ്പതുകളിലെ നോവലിസ്ററുകൾ അവരെ ജിജ്ഞാസ യോടെ, അഭിനിവേശത്തോടെ, ആവിഷ്കരിച്ചു. ഈ നിരയിൽ പെട്ട നോവലുകളുടെ പ്രത്യേകത പാത്രങ്ങളിൽ വ്യക്തി രൂപവും ടൈപ്പുരൂപവും സമന്വയിക്കുന്നുവെന്നുള്ളതാണ് .

വനഫൂൽ എന്ന പേരിൽ അറിയപ്പെടുന്ന ബലായിചാന്ദ് മുഖോപാധ്യായ ഈ ശ്രേണിയിൽപെട്ട എഴുത്തുകാരനാകുന്നു. അദ്ദേഹത്തിന് പ്രമേയത്തിനേക്കാൾ വിഷയവൈവിചിത്ര്യത്തിലും ടെക്നിക്കിലുമാണ് വൈദഗ്ധ്യം. എന്നാൽ താരാശങ്കരനിൽ മാത്രമാണ് , എല്ലാം ചേർത്തു വെച്ചു നോക്കുമ്പോൾ, മഹാനായ നോവലിസ്ററിൻെറ ഉപാദാനങ്ങൾ കാണപ്പെടുന്നത് . മാണിക് ബാനർജി തുടക്കത്തിൽ അന്ധമായ അദൃഷ്ടത്തിൻെറ കളിപ്പാവയായിരുന്നു. നിസ്സാഹായനും നിപീഡിതനുമായ മനുഷ്യൻെറ ആലേഖ്യകാരൻ. പിന്നീട് മാർക്സിസ്ററ് സിദ്ധാന്തത്തിൻെറ വെളിച്ചത്തിൽ ജീവിതത്തെ വീക്ഷിച്ചു. ഇതിൽനിന്ന് അദ്ദേഹത്തിന് ഗതിശീലമായ അവബോധം കൈമുതലായിട്ടുണ്ടായിരുന്നുവെന്നു തെളിയുന്നു. ഈ രൂപാന്തരം ചില ചെറുകഥകളെ സംബന്ധിച്ചിടത്തോളം ഫലവത്തായെങ്കിലും നോവലുകളുടെ സ്ഥിതിയതാണോ എന്നു പറയാൻ വിഷമം. ബിഭൂതിഭൂഷൻ പ്രകൃതിയുടെ നിത്യലീലകളിലും, ദീനരും ദരിദ്രരുമായ മനുഷ്യരുടെ ജീവിതത്തിൻെറ നനാക്ഷണങ്ങളിലും അനന്തതയുടെ പ്രകാശം കണ്ട് ആനന്ദിച്ചു. എന്നാൽ താരാശങ്കരനാകട്ടെ ഭാരതീയരുടെ നൈതികദൃഷ്ടിയെയും, ഭാരതത്തിലെ വിചിത്ര ജനസമൂഹത്തെയും സർവ്വോപരി അതിൻെറ ആധുനിക ചരിത്രത്തിൻെറ ഗതിശീലമായ രൂപത്തെയും ചിത്രീകരിച്ചു. ഈ വിഷയത്തിൽ താരാശങ്കറിൻെറ വീക്ഷണം ഇളക്കമെററതായിരുന്നതിനാൽ, അദ്ദേഹത്തിൻെറ ജീവിതാരംഭത്തിലെ മാർക്സിസ്ററു ചിന്താഗതിയും പിന്നീടുണ്ടായ ഗാന്ധിവാദ സ്വാധീനവും അദ്ദേഹത്തിൻെറ ശിൽപകൗശലത്തിനു യാതൊരു ഹാനിയും വരുത്തി വെച്ചില്ല. ഭാരതീയ ജീവിതവും ഭാരതീയത്വവും അദ്ദേഹത്തിൻെറ വീക്ഷണസീമയിൽനിന്ന് ഒരിക്കലും മാഞ്ഞുപോയില്ല. ഇതാണദ്ദേഹത്തിൻെറ മഹത്വത്തിനു കാരണം.

മുപ്പതുകളിലെ നോവലെഴുത്തുകാർ ചിരപ്രതിഷ്ഠ നേടിക്കഴിഞ്ഞപ്പോൾ 1945ൽ സതീനാഥ് ഭാദുരിയുടെ 'ജാഗരി'

(ഉറങ്ങാത്ത രാത്രി) പുറത്തുവന്നു. (നോവലിന്റെ സമർപ്പണം ശ്രദ്ധാർഹമാണ് . ഏതൊരു അപ്രസിദ്ധരായ രാഷ്ട്രീയ പ്രവർത്തകരുടെ കർമ്മനിഷ്ഠയും സ്വാർത്ഥത്യാഗവും രാഷ്ട്രീയ ചരിത്രത്തിൽ വിവരിക്കപ്പെട്ടിട്ടില്ലയോ അവരുടെ സ്മരണക്കായി) സതീനാഥ് 1906ൽ ജനിച്ചു. മരണം 1965—ൽ. ബിഹാറിലെ ഗ്രാമാഞ്ചലങ്ങളാണ് വിശേഷിച്ചും അദ്ദേഹത്തിന്റെ നോവലുകളിലെ പശ്ചാത്തലം. 'ഢോഢാഇ ചരിതമാനസ് ' ഒന്നും രണ്ടും ഭാഗങ്ങൾ (1949—51) 'അയിൽ രാഗിനി' (1954) ഇവയാണ് അദ്ദേഹത്തിന്റെ മററു നോവലുകൾ. ഹൃദയസ്പൃക്കായ ശൈലി, അഭിനവ വിഷയവസ്തു, പ്രസന്നവും പ്രോജ്ജ്വലവുമായ മാനവീയ വീക്ഷണം ഇവ അദ്ദേഹത്തിന്റെ രചനയുടെ വൈശിഷ്ട്യമാകുന്നു. ജാഗരിയാണ് ആദ്യത്തെ രചന. പ്രസിദ്ധപ്പെടുത്തിയതിനോടൊപ്പം വായനക്കാരെ ആകർഷിച്ചു. ഇതിനു രണ്ടു കാരണങ്ങൾ ഉണ്ട് — ഒന്ന് , നാൽപത്തിരണ്ടിലെ വിപ്ലവപ്രസ്ഥാനത്തെ വിഷയമാക്കി രചിക്കപ്പെട്ട ആദ്യത്തെ നോവലാണിത് .രണ്ട് , ഇതിന്റെ സവിശേഷമായ ശൈലി. മൂന്നു കൊല്ലം മുമ്പായിരുന്നു നാൽപത്തിരണ്ടിലെ ജനകീയവിപ്ലവം നടന്നത് . ജനത അതിന് ദൃക്സാക്ഷിയായിരുന്നു. ജയിലിലെ ഇരുണ്ട അന്തരാളത്തിൽ എത്രയോ ദേശസ്നേഹികൾ പുലരും മുമ്പ് ജീവൻ കളഞ്ഞു. ഈ നോവലിൽ അന്നത്തെ വിശ്വസനീയ ചിത്രമാണ് ഉന്മീലിതമായത് . ബിലു, അച്ഛൻ, അമ്മ, നീലു തുടങ്ങിയവർ ഭയാനകമായ ഒരു പുലരിയെ പ്രതീക്ഷിക്കുകയായിരുന്നു— ബിലുവിനെ തൂക്കിലിടുന്ന പുലരി. ഈ നാലു വ്യക്തികളുടെ നാല് അന്തർഗത ഏകോക്തികളുടെ പരിണാമമാണ് ഈ നോവൽ. ടെക്നിക്കിന്റെ കാര്യം പിന്നെയെടുക്കാം. ആദ്യം ഈ നോവലിന്റെ പ്രമേയമാകട്ടെ നിരൂപണ വിഷയം.

1921 മുതൽ 1942 വരെയുള്ള കാലത്ത് , ഭാരതമാകെ, ചുരുങ്ങിയത് നാലുതവണയെങ്കിലും ജനകീയ പ്രക്ഷോഭതരംഗങ്ങളുടെ ആഘാതത്താൽ പ്രകമ്പിതമായി. ഇതിൻ ഫലമായി, രാഷ്ട്രീയം പത്രങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കാതെ, ജനങ്ങളുടെ ജീവിതത്തിന്റെ കാണപ്പെടാവുന്ന അംഗമായി. മാസ്ററർ സാഹബിന്റേതുപോലുള്ള 'രാഷ്ട്രീയ കുടുംബങ്ങൾ' രൂപംകൊണ്ടു. ബംഗാളിന്റെ ചരിത്രത്തിൽ ഇതുപോലുള്ള ഒരു അഭ്യുത്ഥാനമുണ്ടായത് 'സ്വദേശി മൂവ്മെ

ൻറ ' കാലത്ത്, 1905ൽ ആയിരുന്നു. ആ പ്രക്ഷോഭവും ബംഗാളികളുടെ കുടുംബങ്ങളെയും മററു പല വിശാല മണ്ഡലങ്ങളെയും സ്പർശിക്കയുണ്ടായി. അതിനാൽ ഇരുപതാം നൂററാണ്ടിൻെറ രണ്ടാംദശകത്തിൽത്തന്നെ രാഷ്ട്രീയ നോവലുകൾ ആവിർഭവിക്കേണ്ടത് അനിവാര്യമായി. 'ഘരേ ബാഇരേ' (1916) എന്ന നോവലിൽ രവീന്ദ്രനാഥൻ, ബംഗാൾ വിഭജനം സൃഷ്ടിച്ച ക്ഷോഭത്തിൻെറ പശ്ചാത്തലത്തിലുള്ള വർണ ചിത്രം വരച്ചു. അതും പാത്രങ്ങളുടെ ഏകോക്തികളുടെ സമാഹാരമായിരുന്നു. രാഷ്ട്രീയാന്തരീക്ഷമുണ്ടെങ്കിലും ഈ നോവലിൽ ഒരു കുടുംബപ്രശ്നത്തിനാണു പ്രാധാന്യം. മറെറാരു പ്രസിദ്ധ രാഷ്ട്രീയ നോവലാണ് 'പഥേർ ഭാവി' (1926). ഇത് ശരച്ചന്ദ്രൻ രചിച്ചതാകുന്നു. സായുധവിപ്ലവവാദികളുടെ കത്തിജ്ജ്വലിക്കുന്ന ക്ഷോഭം ഈ നോവലിൻെറ കഥയുടെ നാലുഭാഗത്തും ഒരു വല വിരിച്ചിരിക്കുന്നു. അതുകാരണം ഇതിന് എളുപ്പം ജനപ്രീതി ലഭ്യമായി. രവീന്ദ്രനാഥൻ 1934ൽ മറെറാരു രാഷ്ട്രീയ നോവൽ എഴുതി. പേർ 'ചാർ അധ്യായ് '. 'ചാർ അധ്യായി'ലും 'ഘരേ ബാഇരേ'യിലും രവീന്ദ്രനാഥൻ പാർട്ടിയെയും ഗ്രൂപ്പുകളെയും വ്യക്തി സ്വാതന്ത്ര്യ വിരുദ്ധമായ പ്രഷർഗ്രൂപ്പിൻെറ ഭൂമികയിലാണ് കണ്ടത്. വ്യക്തിസ്വാതന്ത്ര്യത്തിന് പാർട്ടി നേതൃത്വവും പാർട്ടി അനുശാസനങ്ങളും തടസ്സമാണ്. ഇതു രണ്ടു നോവലിലും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

താരാശങ്കർ, 'ധാത്രീ ദേവത' (1939) എന്ന നോവലിൽ പഴയ ' ധാരയിലൂടെ ഒഴുകിക്കൊണ്ടിരുന്ന നമ്മുടെ ജീവിതപ്രവാഹത്തിൽ ഇതിനിടെ ഭാരതത്തിലെ ജനകീയ പ്രക്ഷോഭണം എന്തൊരു പ്രതിക്രിയയാണ് സൃഷ്ടിച്ചത് എന്നും സുനിപുണമായ പരിപ്രേക്ഷ്യത്തിൽ മൂർത്തമാക്കി. സായുധ വിപ്ലവപ്രസ്ഥാനം മെല്ലെമെല്ലെ എങ്ങനെയാണു രൂപാന്തരം പ്രാപിച്ചത്, എങ്ങനെയാണ് അതിൻെറ പ്രവർത്തകർ വ്യക്തികളുടേതായ ഭീകരപ്രസ്ഥാനത്തെ ഉപേക്ഷിച്ച് ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള ജനകീയ പ്രസ്ഥാനത്തിൽ ചേർന്നത് എന്ന് ധാത്രീദേവത ആലേഖനം ചെയ്യുന്നു. മാത്രമല്ല, ധാത്രീദേവത ഒരു രാഷ്ട്രീയ കുടുംബത്തിൻെറ നോവലാകുന്നു. ജാഗരിയിലും കാണുന്നത് ഒരു രാഷ്ട്രീയ കുടുംബത്തെയാണ്. ധാത്രീദേവതയിൽനിന്നു

ലഭിച്ച ഒരു രാഷ്ട്രീയ കുടുംബത്തിന്റെ ജന്മവൃത്താന്തം. നായകനായ ശിവനാഥനോടൊപ്പം അയാളുടെ പത്നി, വലി യമ്മ, കൊഞ്ചൽ മാറാത്ത കുഞ്ഞ് എല്ലാവരും 'വന്ദേമാതര' മന്ത്രത്താൽ ദീക്ഷിതരത്രേ. ഇതാണ് ആ നോവലിന്റെ പരിസമാപ്തി. ഈ ഉപസംഹാരത്തിന്റെ സംഭവസങ്കുലവും മാനസിക സംഘട്ടനസമാകീർണവുമായ ചരിത്രമത്രേ 'ധാത്രീ ദേവത'യുടെ മൂലരസം. കുടുംബസംബന്ധവും സാധാര ണവുമായ തെററിദ്ധാരണയുടെ ഫലമായി ഒരു കുടുംബം എങ്ങനെ തകർച്ചയുടെ വക്കത്തെത്തി, ചരിത്രത്തിന്റെ ജാഗ്രത്തായ കാലപുരുഷൻ പെട്ടെന്ന് എങ്ങനെ അതിനെ വേണ്ടപോലെ കൂട്ടിച്ചേർത്തു, എന്നല്ല കുറേക്കൂടി വിപുല മായ പ്രബുദ്ധമണ്ഡലത്തിൽ അതിനു നവജന്മം നൽകി എന്ന് താരാ ശങ്കരനെപ്പോലെ മററാർക്കും കാണിച്ചു തരാൻ കഴിഞ്ഞില്ല.

സതീനാഥ് ഭാദുരിയുടെ ജാഗരി ബംഗാളിലെ രാഷ്ട്രീയ നോവലിൽ ഒരു നവാധ്യായം കൂട്ടിച്ചേർത്തു. 1942ൽ രാഷ്ട്രീയ ബോധത്തോടൊപ്പം വീക്ഷണത്തിൽ ഭിന്നതയും വിവിധ പാർട്ടികളിൽ മെല്ലെ മെല്ലെ മൂർത്തമായിവന്നു. സി. എസ് . പി. അതായത് കോൺഗ്രസ് സോഷ്യലിസ്ററു പാർട്ടിയും, കമ്യൂണിസ്ററു പാർട്ടിയും കോൺഗ്രസ്സിന്റെ ബൃഹത്തായ ഐക്യരാഗവാദനത്തിൽ അവരവരുടെ സ്വരം സ്പഷ്ടമാ ക്കാൻ ശ്രമം നടത്തി. ആഗസ്ററ് പ്രക്ഷോഭത്തിന്റെ ഔചിത്യത്തിൽ കോൺഗ്രസ്സും കമ്യൂണിസ്ററും തമ്മിൽ അഭി പ്രായവ്യത്യാസമുണ്ടായിരുന്നു. കോൺഗ്രസ്സും സി. എസ് . പി. യും തമ്മിൽ സമരമാർഗത്തെപ്പററിയും. ജാഗരിയിലെ മാസ്ററർ സാഹബ് കുടുംബം ഭാരതീയരാഷ്ട്രീയ ലോക ത്തിന്റെ ഒരു ചെറു പ്രതിരൂപമാകുന്നു. ബിലു കോൺഗ്രസ് സോഷ്യലിസ്ററ് , അച്ഛനമ്മമാർ ഗാന്ധി വ്രതക്കാരായ കോൺഗ്രസ്സുകാർ, നീലു കമ്യൂണിസ്ററ് . ആഗസ്ററിലെ പ്രചണ്ഡമായ സമരത്തിന്റെ അഭിഘാതം ഈ കുടുംബത്തിനു സഹിക്കേണ്ടിവരുന്നു. ജാഗരി ലേഖകന്റെ ആദ്യത്തെ നോവലാകുന്നു. മററു രണ്ടു നോവലിൽക്കൂടി ലേഖകൻ രാഷ്ട്രീയാന്തരീക്ഷം ഉപയോഗപ്പെടുത്തിയിട്ടുണ്ട് . 'ചിത്ര ഗുപ്തേർ ഫാഇൽ' (1949), പിന്നെ 'ഢോഢാഈ ചരിത മാനസ് ' രണ്ടു ഭാഗങ്ങൾ (1949). എന്റെ അഭിപ്രായത്തിൽ,

'ഡോഡാ ഈ' ലേഖകൻെറ എല്ലാത്തിലും നല്ല നോവലാകുന്നു. ഡോഡാഈ യിലെ രണ്ടാം ഭാഗത്തിൽ ലേഖകൻ വീണ്ടും നാൽപത്തിരണ്ടിലെ അഗ്നിഗർഭമായ പശ്ചാത്തലത്തെ ഉപയോഗിച്ചിരിക്കുന്നു. ഇതിൽനിന്ന് സ്വാനുഭവത്തിലൂടെ ഈ ലേഖകൻ ഈ സംഭവത്താൽ എത്രയേറെ ഉദ്വേഗിത നായെന്ന് മനസ്സിലാക്കാവുന്നതാണ് . ഒരു യുഗാന്തര കാരിയും, മഹത്തുമായ അഗ്നിദാഹത്തിൻെറ വെളിച്ചത്തിൽ ഉപരിതലത്തിലുള്ള എല്ലാ ആവരണങ്ങളെയും വലിച്ചുനീക്കി ആ മനുഷ്യരെ നോക്കുവാൻ ലേഖകൻ ആഗ്രഹിച്ചു. രാഷ്ട്രീയ നോവലിൻെറ ആധാരത്തിലൂടെ അദ്ദേഹം നൽകുന്ന ആധേയം വൈചിത്ര്യമാർന്ന മാനവസ്വഭാവമാകുന്നു. രാഷ്ട്രീയം ഇവിടെ രാഷ്ട്രീയമല്ല എന്നതാണ് ഈ നോവലിൻെറ മ റെറാരു സവിശേഷത. ടെക്നിക്കിനെപ്പററിയുള്ള വിവേച നത്തിൽ ഇതു സ്പഷ്ടമാകുന്നതാണ് . സന്ധ്യ മുതൽ പ്രഭാ തം വരെയുള്ള ഉദ്വേഗം നിറഞ്ഞ പന്ത്രണ്ടു മണിക്കൂറുകളാണ് ഈ നോവലിൻെറ ഒററനോട്ടത്തിൽ ലഭ്യമായ സംഭവകാലം. എന്നാൽ അകത്തേക്കു കടക്കുമ്പോൾ കാണുന്ന ഏകോക്തി കാരണം, പുറത്തെ ഈ പന്ത്രണ്ടു മണിക്കൂറിൽ സ്മരണ മണ്ഡലത്തിലെ നീണ്ട അതീതം നിഴൽ വിരിക്കുന്നു. അന്തർ ഗതമായ ഏകോക്തിയാകയാൽ തന്നെ സ്മൃതിചാരണ ത്തിനുള്ള സ്വാതന്ത്ര്യത്തിൽ സമയക്രമം പാലിക്കേണ്ട ആവ ശ്യമില്ല. ഗോപാൽ ഹാൽ ദാറിൻെറ 'ഏകദാ' (1939) എന്ന നോവലിൽ നമ്മൾ ഒരു ദിവസത്തെ സംഭവങ്ങൾ വായി ച്ചിട്ടുണ്ട് . അവിടെയും നായകൻെറ ചേതന ഒട്ടേറെ അനുഷം ഗ (അസ്സോസിയേഷൻ) ങ്ങൾ വഴി പന്ത്രണ്ടു മണിക്കൂറിൻെറ സീമയെ അതിലംഘിച്ചിരിക്കുന്നു. എന്നാൽ ജാഗരിയുടെ ടെക്നിക്ക് മറെറാരു കാരണത്താൽ ഒന്നുകൂടി അനിവാര്യ മായിത്തീർന്നു. ഇതിൽ വർണിച്ചിട്ടുള്ള അപൂർണമായ രാത്രി ഒരു നാടകത്തിൻെറ അന്തിമ ദൃശ്യമാകുന്നു. സമാസന്നമായ യവനികാ പതനത്തിനു താഴെ, നാലു പാത്രങ്ങൾ തമ്മിലുള്ള പരസ്പര സംഭാഷണങ്ങളെയപേക്ഷിച്ച് , അവരുടെ നീണ്ട സ്വഗതോക്തിയാണ് ആവശ്യം. ആനിർധാരിതമായ ഭയങ്കര മുഹൂർത്തത്തിൻെറ പാദക്ഷേപങ്ങൾ എണ്ണിയെണ്ണി നാലു പേരുടെ നാലു പരസ്പരഗ്രഥിതങ്ങളായ ലോകങ്ങൾ അഥവാ വിശ്വാനുഭൂതികൾ നമ്മുടെ മുമ്പിൽ മൂർത്തമായിരിക്കുന്നു. എന്നാൽ വിശിഷ്ടമായ ടെക്നിക്കിൻ ഫലമായി അതിൻെറ

നാടകീയ പരിസമാപ്തി അവസാനം പൂർണവും അനാവൃതവുമായി നിലകൊണ്ടു. മറെറാരു കാരണത്താലും ഈ ടെക്നിക്ക് ആവശ്യമായി വന്നു. ലേഖകൻ രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ടെഴുതിയതല്ല ഈ നോവൽ. നീലുവിൻെറ സ്വഭാവത്തെ യഥാർത്ഥ ഭൂമികയിൽ അവതരിപ്പിക്കുന്നതിനും ഇത് ആവശ്യമായി. മാമൂൽപടി രചിച്ചിട്ടുള്ള നോവലായിരുന്നെങ്കിൽ നീലുവിനെ ഈവിധം ഉള്ളാലെ അറിയുക സാധ്യമാകയില്ലായിരുന്നു. രാഷ്ട്രീയ പ്രവർത്തകനല്ല, മനുഷ്യനാണ് ജാഗരിക്കു വിഷയം.

സരോജ് ബന്ദ്യോപാധ്യായ

കൺഡെംഡ് സെൽ

രണ്ടാം നമ്പർ വാർഡിനരികിലുള്ള അരയാലിൻെറ ആണി ക്കൊമ്പിൽ ഗോധൂളിയുടെ വിളർത്ത പ്രകാശം തെന്നി മിന്നുന്നു. പലതരം പറവകൾ ഈ കൊമ്പിൽ നിന്ന് അതി ലേക്കും അതിൽനിന്ന് ഇതിലേക്കും പറന്നുകളിക്കുന്നു. ഒരു നിമിഷം പോലുമില്ല വിശ്രമം. നാലു ഭാഗത്തും ഇരുട്ടുവന്നു നിറയുവാൻ ഇനി ഏറെ താമസമില്ല. വീണ്ടും രാത്രി മുഴുവനു മുള്ള നിശ്ശബ്ദത. അതുകൊണ്ടായിരിക്കാം അവസാനവി നാഴികയ്ക്കുള്ള ഈ ചാഞ്ചല്യം. ഈ വിധമുള്ള ചിറകിട്ടടിക്കൽ, ഈ ആനന്ദം, ഈ ഉത്സവാഘോഷം. ആനന്ദമാവോളവും സമയത്തിൻെറ കൈയിൽനിന്നു തട്ടിപ്പറിച്ചെടുക്കുകതന്നെ. സത്യമായും അന്തിനേരത്ത് ഇത്രയ്ക്കു ചാഞ്ചാടിക്കളിക്കു ന്നത് ഇതുകൊണ്ടാണോ? ഈ സെല്ലിൽ വരുന്നതിനുമുമ്പ് , വാർഡ് നമ്പർ രണ്ടിലായിരുന്നപ്പോൾ ദിവസവും സന്ധ്യക്ക് പുറത്തുള്ള തുറന്ന കാറ്റ് ലേശം ഉൾക്കൊള്ളാൻ കഴിഞ്ഞി രുന്നു. അതൊരാവശ്യമാണെന്നു വെച്ചിട്ടോ? അല്ല. ഞങ്ങളി വിടെയിരുന്നോളാം. പുറത്തേക്കു പോകേണ്ട ആവശ്യമൊന്നു മില്ല., പക്ഷേ ഒരു തവണ പുറത്തിറങ്ങാതെ വയ്യ. ഭൂരിപക്ഷം രാഷ്ട്രീയത്തടവുകാരിലും ഈ മനോഭാവമാണ് കണ്ടുവരു ന്നത് . വാർഡർമാർ ശല്യം നടിച്ചു പിറുപിറുക്കാൻ തുടങ്ങും. അതിൻെറയൊക്കെ സാരം — 'ഈ സ്വരാജി'കൾ (സ്വാതന്ത്ര്യ സമരഭടർ) കാര്യമൊന്നുമില്ലാതെ, കരുതിക്കൂട്ടി അവരെ നട്ടം തിരിപ്പിക്കയാണ്' . എന്നാൽ ആരും വിഷമിപ്പിക്കാൻ വേണ്ടി അങ്ങനെ ചെയ്യുന്നതല്ല. നേരുപറഞ്ഞാൽ അൽപം ആസ്വദി ക്കാൻ കിട്ടുന്നത് എന്തിനു വേണ്ടെന്നു വെക്കണം?

അതു കാക്കകളായിരിക്കണം. ഇത്രയ്ക്കകലെനിന്ന് തിരിച്ചറിയാൻ വിഷമം. പക്ഷികൾ രാത്രി ചിറകിട്ടു

പിടപ്പിക്കുന്നു.

ഒരിക്കൽ ബക്രികോലിൽ നടന്ന സഭ കഴിഞ്ഞു മടക്കത്തിൽ കാമാഖ്യാഥാനിലെ മുതുക്കൻ പേരാലിൻചുവട്ടിൽ ഒരു രാത്രി മുഴുവൻ കഴിച്ചുകൂട്ടേണ്ടിവന്നു. അവിടത്തെ മണ്ണിൽ കിടന്നാൽ കുഷ്ഠം മാറുമെന്ന് പറയപ്പെടുന്നു. അതു കാരണം അകലങ്ങളിൽനിന്നുപോലും ഒട്ടേറെയാളുകൾ അവടേയ്ക്കുവരുന്നു. അടുത്തുള്ള മരങ്ങളുടെ ചുവട്ടിൽ നിരവധി രോഗികൾ വന്നു കൂടിയിരുന്നു. ഞാനും നീലുവും — സഹദേവനുമുണ്ടായിരുന്നു കൂടെ എന്നു തോന്നുന്നു. പുലരുവോളം പക്ഷികളുടെ ചിറകിട്ടടി — ഹൗ! മൂന്നു പേരും ആൽച്ചുവട്ടിൽ അടുത്തടുത്താണു കിടന്നിരുന്നത് . മരച്ചുവട്ടിലെ കിടപ്പ് നീലുവിനെ വെറിപിടിപ്പിച്ചുവെന്നു തോന്നുന്നു. ഞാൻ ചോദിച്ചു — എന്തിനാണ് ഇവറ്റ ഇങ്ങനെ ചിറകിട്ടടിക്കുന്നത് ? നീലു പറഞ്ഞു. ഉറുമ്പോ ചെള്ളോ കടിച്ചിട്ടാവണം. നീലുവിന് ആലോചിക്കാൻ സമയം വേണ്ട. ഏതു പ്രശ്നത്തിനും ഉടനുടൻ ഉത്തരം. അതിൽനിന്ന് പിൻമാറുന്ന പ്രശ്നമേ ഇല്ല. നീലു എന്നും അങ്ങനെ തന്നെ.

അന്തിച്ചുകപ്പ് ധൂമിലമായിക്കൊണ്ടിരിക്കുന്നു. അരയാലിന്റെ ആണിക്കൊമ്പിൽ സിന്ദൂരനിറം പൂണ്ട ആകാശത്തിന്റെ ആഭ പതിയുന്നു. മരത്തിന്റെ ഇലകൾ ഇപ്പോൾ ശരിക്കും പച്ചയായി തോന്നുന്നില്ല. പോകട്ടെ, അവയുടെ പച്ചനിറം ഇപ്പോൾ പൊയ്പോയി. അത്രയ്ക്കുള്ള പച്ചപ്പേ ഇവിടെയിരുന്നുകൊണ്ടു കാണാൻ കഴിഞ്ഞിരുന്നുള്ളൂ. കൂടാതെ ആകാശത്തിന്റെ ഒരു പൊളിയും — ഇരുമ്പഴികളുടെ ഇടയിലൂടെ — ഇരുമ്പു കമ്പികളുടെ ടോസ്റ്ററിൽ റൊട്ടിയുടെ ഒരു സ്ലൈസുപോലെ. സി ക്ലാസ് തടവുകാരന്റെ ഡയറ്റു കൊണ്ടു സംതൃപ്തനാകേണ്ട സെൽനിവാസിയെ സംബന്ധിച്ചിടത്തോളം അത്രയ്ക്കു യഥാർത്ഥം. പിന്നെയൊന്നുകൂടി കാണാം. സെൻട്രൽ ടവറിന്റെ മുകൾഭാഗം. അതിന്റെ ചുവരുകളിൽ വെണ്ടയ്ക്കപ്രായത്തിൽ എഴുതിവെച്ചിരിക്കുന്നു— പൂർണിയ സെൻട്രൽ ജയിൽ, ബിഹാർ. ആകാശത്തിന്റെ ആ കർഷണം എന്റേതാണ് . എനിക്കു പ്രത്യേകമായിട്ടുള്ളത് . ആ സ്വച്ഛമായ നീലനിറം മായുംവരെ നോക്കിക്കൊണ്ടിരിക്കുന്നു. ഇതുവിധം, എന്നെപ്പോലെ ആകാശ

ത്തിൻെറ ആ ഭാഗത്തെ മറ്റാർക്കാനും കാണാൻ കഴിഞ്ഞിട്ടുണ്ടാവുമോ? എൻെറ നീലാകാശം അനുക്ഷണം നിറം മാറിക്കൊണ്ടിരിക്കുന്നു. സിന്ദൂരനിറം പോയി വൈലറ്റായി. നോക്കിക്കൊണ്ടിരിക്കെ അതു ധൂസരമാകുന്നു. ഇനി വേഗം തന്നെ അത് ഇരുട്ടിൽ മറഞ്ഞുപോകും. ഇത്രയ്ക്കു വൈചിത്ര്യം നിറഞ്ഞ രസത്തിൻെറ ഉറവിനെ ജയിലർ സായ്വ് ഒരു പ്രോലിറ്റേറിയൻ തടവുകാരൻെറ സ്വകാര്യസ്വത്താക്കാൻ അനുവദിച്ചതെങ്ങനെ എന്ന് ആലോചിച്ചിട്ടു പിടികിട്ടുന്നില്ല. ഒരുപക്ഷേ അങ്ങോർ ഇതറിഞ്ഞിട്ടുണ്ടാവില്ല. അറിഞ്ഞുപോയാൽ നാളെത്തന്നെ കൽപ്പണി 'കമാൻറി'ലെ തടവുകാരെ എൻെറ മുൻവശമുള്ള ചുവർ ഒന്നുകൂടി ഉയർത്തിക്കെട്ടുവാൻ നിയോഗിക്കാതിരിക്കില്ല. കൽപനയാവും — ഒന്നുകൂടി ഉയരത്തിൽ വേണമെന്നു തോന്നുന്നുവെങ്കിൽ മാനം മുട്ടുംവരെ!. ആ മരത്തിൻെറ പച്ചപ്പടർപ്പ് , ആകാശത്തിൻെറ ഒരു പൊളി — ഇതു രണ്ടുമൊഴിച്ചാൽ അവിടെ കാണാവുന്നത് ഇരുമ്പും ഇഷ്ടികയും സിമൻറും മാത്രം — സിമൻറ് , ഇഷ്ടിക, ഇരുമ്പ് . അവ കണ്ണുകളെ പ്രലോഭിപ്പിക്കുന്നില്ല. കണ്ണുകൾക്കു തടസ്സം സൃഷ്ടിക്കുന്നു. അവയെ തട്ടി പിൻതിരിപ്പിക്കുന്നു. ആ ഹരിതിമയെയും നീലിമയെയും ഒഴികെ മറ്റെന്തു നിറം കാണുമ്പോഴും അവയൊക്കെ കഠോരവും നീരസവുമായി തോന്നുന്നു. കണ്ണുകളെ പീഡിപ്പിക്കുന്നു. സെല്ലിലെ വെങ്കളിയിട്ട ചുവരുകൾ — അവയും എത്രയും നിർജീവം, പാണ്ഡുരം. ഏതോ കാലത്തു വെള്ളയടിച്ചവ. അവ നിറയെ പലതരം കറകൾ. തുപ്പലിൻെറ കറകളാണ് ഏറെ. ഒരു ജാതി ചാരം പോലുള്ള നിറം. ഒരു സമയം എനിക്കു മുമ്പു വന്നിരുന്ന ഏതോ ഒരു തടവുപുള്ളിയെ ശിപായികൾ 'ഖൈനി' (വാസനപ്പുകല) തീറ്റിച്ചിരിക്കും. ആ മനുഷ്യൻ എല്ലാം വിട്ട് അജ്ഞാതമായ ദേശത്തേക്ക് പൊയ്ക്കളഞ്ഞിരിക്കും. ഏതായാലും ശിപ്പായികളോടു കൃതജ്ഞത പ്രകടിപ്പിക്കുന്ന മുദ്രകൾ ചുവരിൽ ചാർത്തിയിട്ടാണ് അയാൾ യാത്രയായത് .

വർത്തമാനം പറയുവാൻ ആരുമില്ല. അതുകാരണം സെല്ലിനു പുറത്തുള്ള ജെയിൽ ലോകവുമായി ചെവി കൊണ്ടുള്ള ബന്ധം മാത്രം. വാർഡറോടു മാത്രമേ സംസാരിക്കുന്നതിനു വല്ല സാധ്യതയും ഉള്ളു. അതത്ര രസമുള്ള കാര്യമല്ല. ചുറ്റും ചുവരുകൾ. എവിടേക്കുനോക്കിയാലും കണ്ണുകൾ

ചുവരിൽ തടഞ്ഞു തിരിച്ചുവരുന്നു. എന്നാൽ എപ്പോഴും ചെവി യെടുത്തുപിടിച്ചു നിൽക്കുന്നു. പുറത്തുനിന്ന് വല്ലതും കേൾ ക്കാൻ കഴിയുന്നുവെങ്കിൽ ആയല്ലോ. പതിനാറടി നീളവും പത്തടി വീതിയുമുള്ള മുറി. മുൻവശം തടിച്ച ഇരുമ്പഴികളുള്ള വാതിൽ. തെക്കുഭാഗത്തുള്ള ചുവരിൽ മച്ചിനു സമീപം ചെറിയ വെൻറിലേറ്റർ. അതിനു താഴെ നിലത്തോട് ചേർന്ന് ഒരുമുഴം വീതിയും ഒന്നരമുഴം നീളവുമുള്ള തടിച്ച ഇരുമ്പു തകിട് ചുവരിൽ തറച്ചിട്ടങ്ങനെ. അതിൽ കുറെ തുളകൾ. എന്താണിതിൻെറ ആവശ്യമാവോ. കാറ്റു കടക്കാനാവാം. അഥവാ തടവുപുള്ളി എന്താണു സംസാരിക്കുന്നത് എന്ന് ഈ സുഷിരങ്ങളിലൂടെ പുറത്തുനിൽക്കുന്ന വാർഡർക്കു കേൾ ക്കുവാൻ വേണ്ടിയാണെന്നും വരാം. മുൻവശത്തുള്ള അഴിക ളിട്ട വാതിലിന്നു വെളിയിൽ ഒരു വാർഡർ ഏതു നേരവുമുണ്ട് . പുള്ളി എന്തൊക്കെ ചെയ്യുന്നു, എന്തൊക്കെ കാട്ടുന്നു എ ന്നൊക്കെ ശരിക്കും കാണാൻ ഒരു വിഷമവുമില്ല. എന്നിട്ടുമെ ന്തിനുള്ളതാണ് ഈ ഏർപ്പാടെന്നാരറിഞ്ഞു? മുറിയിൽ സാമാ നങ്ങൾ എന്നു പറയാൻ കീൽപുരട്ടിയ രണ്ടു മൺ പാത്രങ്ങൾ (ജെയിൽ ഭാഷയിൽ കൊട്ട) ഒരു മൂലയിൽ വെച്ചിരിക്കുന്നു. ആ മൂലയ്ക്കലുള്ള നിലം മിനുത്തുവെളുത്തതാണ് . വൃത്ത ത്തിൻെറ ചതുർത്ഥാംശം പോലെ. വെൻറിലേറ്ററുള്ള ചുവരിനു വെളിയിൽ ഒരു വീതിയുള്ള നിരത്ത് — പക്ക. ആ നിരത്ത് വൃത്താകാരത്തിൽ ജെയിലിലെ വാർഡുകളെയെല്ലാം ചുറ്റി വളഞ്ഞു കിടക്കുന്നു. ഈ നിരത്തിനപ്പുറം ജെയിൽ ആസ്പത്രി യുടെ മതിൽ. എത്രയെത്ര ആളുകളാണ് ഈ നിരത്തിലൂടെ വരുന്നതും പോകുന്നതും! തടവുപുള്ളികൾ, വാർഡർമാർ, ഡോക്ടർമാർ, കമ്പൗണ്ടർമാർ, കൺട്രാക്ടർമാർ, മേസ്ത്രിമാർ പിന്നെ ആഫീസർമാർ. അങ്ങനെ എത്രയെത്ര ജനം! പകൽ നേരത്ത് ആൾത്തിരക്കുള്ള നഗരപ്രാന്തത്തിലെ നിരത്താ ണെന്നു തോന്നും. ഈ വിശാലമായ പൂർണിയാ സെൻട്രൽ ജെയിലിന്നു നഗരത്തെക്കാൾ എന്താണൊരു കുറവ് ? സാധാ രണ ഇവിടെ രണ്ടായിരത്തി അഞ്ഞൂറു തടവുപുള്ളികൾ ഉണ്ടായിരിക്കും. ഇപ്പോഴോ? മെയ് മാസം, 1943ൽ നാലായിര ത്തിഅഞ്ഞൂറു പുള്ളികൾ. എന്തുകൊണ്ടാണ് ഇതിലേറെ പെരുകാത്തത് എന്നേ അത്ഭുതപ്പെടാനുള്ളു. ആഹാരം കിട്ടി യില്ലെങ്കിൽ പെരുവഴിയിൽ ചത്തുമലച്ചു കിടക്കും. എന്നാലും നമ്മുടെ നാട്ടുകാർ തങ്ങളെ ജെയിലിലെത്തിക്കുന്ന വല്ലതും

ചെയ്തു പോയെന്നുവരില്ല. ഒരു തവണ 'ഇൻക്വിലാബ് സിന്ദാബാദ് ' മുദ്രാവാക്യം വിളിച്ചു പറയുന്നു, അല്ലെങ്കിൽ ഏതെങ്കിലും ഒരു പലഹാരക്കടയിൽനിന്ന് വല്ലതും ഒരു പിടി വാരിയെടുക്കുന്നുവെങ്കിൽ അഞ്ചാറുമാസത്തെ ജയിൽശിക്ഷ യും തലപൂഴ്ത്താൻ ഒരിടവും കിട്ടും — പിന്നെയെന്തിനു പട്ടിണി കിടന്നു ചാകാൻ നോക്കുന്നു?. നാലായിരത്തിഅഞ്ഞൂറ് ! ഏതെങ്കിലും ഒരു നഗരത്തിൽ അയ്യായിരം പേർ അധിവസി ക്കുന്നുവെങ്കിൽ അത് മുനിസിപ്പാലിറ്റിയായി പരിഗണിക്ക പ്പെടുന്നു. ജയിലും ഒരു കുട്ടി നഗരംതന്നെ. ഈ നഗരത്തിന് "ലൗഹഗ്രാഡ് ' എന്നു പേർകൊടുത്താലെങ്ങിനെ? ശബ്ദ ത്തിന്റെ മുഴക്കം കൊണ്ട് ശരിക്കും 'ലെനിൻഗ്രാഡ് ' പോലെ യിരിക്കും കേൾക്കുമ്പോൾ. ഇരുമ്പുതകിടിന്റെ സുഷിര ങ്ങളിലേക്കു ഞാൻ ചെവിയോർത്തുകൊണ്ടിരിക്കാറുണ്ട് . മനു ഷ്യരുടെ കൺഠസ്വരം എത്ര മധുരമായി തോന്നുന്നു! ജയിൽ പോളിറ്റിക്സ് , ജയിലിന്നു പുറത്തുള്ള പോളിറ്റിക്സ് — ഇവടെയിരുന്നുകൊണ്ട് എല്ലാം അറിയാൻ കഴിയുന്നു. സൂ പ്രണ്ടും ജയിലർസാറും തമ്മിൽ സ്വരച്ചേർച്ചയില്ല. ഹെഡ്ജ മാദാറിനെ (ജമാദാർ — ഇൻസ്പെക്ടർക്കു കീഴെയുള്ള ഉദ്യോ ഗസ്ഥൻ) ജയിലർ താങ്കൾ എന്നോ നിങ്ങൾ എന്നോ വിളി ക്കുന്നത് , ജപ്പാൻകാരുടെ യുദ്ധതന്ത്രം, തടവുപുള്ളികളുടെ എണ്ണം പെരുകിയതുകൊണ്ട് എത്രപേരെ വിട്ടയയ്ക്കാൻ പോകുന്നു എന്നത്, ബർമയിലെ ജയിൽസ്റ്റാഫ് ഒറ്റക്കെട്ടായി ബിഹാരികളായ ജയിൽ ജീവനക്കാരെ അകപ്പെടുത്തുവാൻ ഗൂഢാലോചന നടത്തുന്നത് — അങ്ങനെ എത്രയെത്ര വാർത്ത കൾ ചെവിയിൽപെടുന്നു. അന്നൊരു ദിവസം രാഷ്ട്രീയത്തട വുകാരെ ലാത്തിച്ചാർജ്ജുചെയ്തശേഷം സ്ട്രെച്ചർ എത്ര തവണ ആസ്പത്രിയിൽ വന്നിട്ടുപോയി എന്നതിന്റെ കണക്ക് ഇവിടെയിരുന്നുകൊണ്ടുതന്നെ ഞാൻ കൂട്ടി. ഇരുമ്പിന്റെ ഝനത്ഝനനിനാദം കേട്ടാൽത്തന്നെ ആ പോകുന്ന തടവു പുള്ളിക്ക് 'ബാർ ഫെറ്റേഴ്സ് ' ശിക്ഷ കിട്ടിയിരിക്കുന്നുവെന്നു മനസ്സിലാകുന്നു. അയാൾ ഒരു സമയം ജയിലധികാരികളിലാ രെങ്കിലുമൊരുവന്റെ കൽപന അനുസരിച്ചിട്ടുണ്ടാവില്ല.

ഹൗ, കൊതുക് . സന്ധ്യയായാൽപിന്നെ പൊറുതിയു ണ്ടോ? അന്നൊരു ദിവസം സൂപ്രണ്ടുവന്നു ചോദിക്കയുണ്ടാ യി. വല്ലതും ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ പറയാം. അതാ

യത് ആവശ്യപ്പെടുന്നത് അനുവദനീയമാണെന്നുണ്ടെങ്കിൽ തരാം. കുട്ടിക്കാലം തൊട്ടേ കേട്ടിട്ടുള്ളതാണ് . കഴുവിലേറ്റാൻ ശിക്ഷിക്കപ്പെട്ടിട്ടുള്ളവരോട് ഇങ്ങനെ ചോദിക്കുക പതിവുണ്ട് . അധികം പുള്ളികളും നല്ലനല്ല ഭക്ഷണസാധനങ്ങൾ ആവശ്യപ്പെടുന്നു. പുതിയതായി എത്തിയിരിക്കുന്ന ഈ സൂപ്രണ്ട് , ഞാനും അങ്ങനെ വല്ലതും അപേക്ഷിക്കുമെന്നായിരുന്നോ പ്രത്യാശിച്ചിരുന്നത് ? ഒരു കൊതുകുവല വേണമെന്നു പറയാൻ നന്നേ കൊതി തോന്നി. കുറച്ചുദിവസമെങ്കിലും ശല്യം കൂടാതെ ഒരിടത്തു കിടക്കാമല്ലോ. എന്നാൽ പറയാൻ പുറപ്പെട്ടപ്പോൾ വയ്യ എന്നു തോന്നി. ആത്മാഭിമാനത്തിന് ഉടവുതട്ടുന്നപോലെ. ഞാൻ പറഞ്ഞു– നന്ദി. എനിക്കിവിടെ പരമസുഖമാണ് . യാതൊരു വസ്തുവും ആവശ്യമില്ല. വാർഡർ പിന്നീട് എന്നോടു പറയുകയുണ്ടായി. 'ഒറീസ്സക്കാരായ രണ്ടു 'സുരാജി' (സ്വാതന്ത്ര്യസമരഭടന്മാർ) സാറന്മാർക്ക് ഈ ജയിലിൽ വെച്ചുതന്നെയാണ് വധശിക്ഷ ലഭിച്ചത് ; ഒരാൾ സാറു കിടക്കുന്ന ഇതേ സെല്ലിൽ ത്തന്നെയായിരുന്നു, രണ്ടാമൻ രണ്ടാം നമ്പറിൽ, അവർ ഒരു ധ്വരയെ കൊന്നു – ജീവനോടെ. അഞ്ചു കൊല്ലം മുമ്പ് . തൂക്കിക്കൊലയ്ക്കു തലേ ദിവസം രണ്ടുപേരും കുറെയേറെ കോഴിമുട്ട പൊരിച്ചുതിന്നു. പിന്നെ രാത്രി മുഴുവൻ 'ഇങ്ക്വിലാബ് സിന്ദാബാദ് ' എന്ന് വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. അവസാനനിമിഷംവരെ അവരതു മതിയാക്കിയില്ല. ആ രാത്രി ഒറ്റ തടവുപുള്ളിയും ഒരു പോള കണ്ണടയ്ക്കുകയുണ്ടായില്ല. സാറും ആവശ്യമുള്ളതു ചോദിച്ചു വാങ്ങാതിരുന്നതെന്തേ?'

വാർഡർ പറഞ്ഞതിൽ അവിശ്വാസം തോന്നിയില്ല. എന്നാൽ ഉപദേശം ഇഷ്ടമായില്ല. ഈ വാർഡർമാർ പഠിപ്പില്ലാത്തവരാണ് . തക്കംകിട്ടിയാൽ കക്കും. തടവുകാരോടു ദമ കാണിക്കും. ദുർബല ഹൃദയരാണ് തടവുകാരെങ്കിൽ ഉപദ്രവിക്കും. എന്നാൽ ഉറച്ചവർക്കു വഴങ്ങിക്കൊടുക്കും. ഇവറ്റ സരളസ്വഭാവക്കാരാകുന്നു. കാര്യം കാണാനുള്ള കുറുക്കുവഴി അറിയില്ല. സൗമനസ്യം ഇവർക്കറിയില്ല. ശിഷ്ടാചാരത്തിൻെറ പേരിൽ സൂപ്രണ്ടു തുടങ്ങിയവർ എന്നോട് തൂക്കിക്കൊലയെപ്പറ്റിയോ അതുമായി ബന്ധപ്പെട്ട എന്തിനെയെങ്കിലും പറ്റിയോ സംസാരിക്കാറില്ല. എന്നാൽ ഈ വാർഡർമാർ രണ്ടുമൂന്നു

കാര്യങ്ങൾ പറഞ്ഞു കഴിഞ്ഞാൽ പിന്നെ തൂക്കിക്കൊലയെപ്പറ്റി തുടങ്ങും സംസാരം. ആദ്യമാദ്യം അതുകേൾക്കുമ്പോൾ ഉള്ളം ഒന്നു കിടുങ്ങുന്നപോലെ തോന്നിയിരുന്നു. താൻ ദുർബലനാകുന്നതുപോലെ തോന്നിക്കൊണ്ടിരുന്നു. എന്തോ ഒരു അന്യമനസ്കത പോലെ. കഴുമരത്തിൻെറ കാഴ്ച എൻെറ മനസ്സിൽ ചുറ്റിത്തിരിയുവാൻ തുടങ്ങുന്നു. ഒരു സമയം എൻെറ മരണശിക്ഷ റദ്ദാക്കിയേക്കാം എന്നോർത്ത് മനസ്സിനെ സാന്ത്വനപ്പെടുത്തുവാൻ നോക്കുന്നു. കുറച്ചു ദിവസത്തിനകം തന്നെ ഇതൊക്കെ ശീലമായി. ഇപ്പോൾ ഈ വക വർത്തമാനം കേട്ടാൽ ഒന്നും തോന്നാറില്ല. സെല്ലിനു പടിഞ്ഞാറുഭാഗത്താണ് കഴുമരം. വാർഡർമാർ വന്നു പറയും— 'ഇന്ന് കഴുമരത്തിൻെറ ചവിട്ടുപടിയിൽ കറുപ്പുചായം പുരട്ടി. ഇന്ന് എൻെറ തൂക്കമുള്ള മണ്ണുനിറച്ച ഒരു ചാക്ക് തൂക്കി ചരടിൻെറ ശക്തി പരീക്ഷിച്ചു നോക്കി' ഇങ്ങനെ പലതും.

എൻെറ മനോഗതിയും ഒട്ടുകൊള്ളാം. കറുപ്പുനിറമെന്നു കേട്ടപ്പോൾ വിചാരിച്ചു കീലാണെന്ന് . വാർഡറോടു തിരക്കി, 'ടാറാണോ? ചരട് എന്തിൻേറതാണ് . ചണത്തിൻേറതോ?' എനിക്ക് എൻെറ മനസ്സിനെത്തന്നെ പരിഹസിക്കുവാൻ തോന്നിപ്പോവുകയാണ് . ചരട് എന്തിൻേറതാണെന്നറിഞ്ഞിട്ട് എനിക്കെന്തു വേണം? സ്വന്തം മനസ്സിൻെറ ഈ അത്ഭുതഗതി ഞാൻ ശ്രദ്ധിക്കാറുണ്ട് . വേണ്ടതിലല്ല, വേണ്ടാത്തതിലാണ് എൻെറ ശ്രദ്ധ. പരീക്ഷയ്ക്കുമുമ്പ് എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം കാണുന്നു. എന്നാൽ എൻെറയീ ചോദ്യങ്ങൾ തയ്യാറായില്ലെങ്കിൽത്തന്നെ എൻെറ മനസ്സ് അവയെ സംബന്ധിച്ച തുച്ഛകാര്യങ്ങളിൽ പതിഞ്ഞെന്നുവരാം. ജ്യാമിതിയുടെ അത്യാവശ്യമായ തിയറത്തെ അപേക്ഷിച്ച് പ്രയോജനമില്ലാത്ത എക്സ്ട്രയിലാണ് ഏറെ ശ്രദ്ധ പതിയുന്നത് . അത്യാവശ്യ വിഷയങ്ങൾ പിന്നീടു പഠിക്കാതെ പററില്ല, അതുകൊണ്ട് തൽക്കാലം ആനുഷംഗികങ്ങളാകട്ടെ എന്ന് കൊല്ലാരംഭത്തിൽ തോന്നിയിരുന്നു. ഫലമോ , അവസാനം വേണ്ടതു പഠിക്കയുണ്ടായില്ല.

കാശീവിദ്യാപീഠത്തിൽ പഠിക്കുന്ന നാളുകളിലെ ഒരു രാത്രിയുണ്ടായതോർക്കയാണ് . ഞാനും സകലദേവും രാത്രിയിരുന്നു വായിക്കുന്നു. ഒരു ചൊട്ടു പൊടി മൂക്കിനകത്താ

ക്കിയിട്ട് അർദ്ധരാത്രി നേരത്ത് അയാൾ എന്നെ 'ആജ് ' (ഒരു ദിനപത്രം) ന്റെ മുഖപ്രസംഗം വായിച്ചു കേൾപ്പിക്കാൻ തുടങ്ങി... കാശിവിദ്യാപീഠത്തിൽ പഠിക്കുന്ന കാലത്ത് പോലീസ് ഒരു രാഷ്ട്രീയ കൊലപാതകത്തിൽ സംശയിച്ച് അറസ്ററു ചെയ്തപ്പോൾ ഞാൻ കഴുമരത്തെപ്പററി ചിന്തിക്കുക പതിവായിരുന്നു. പിന്നീട് തെളിവില്ലെന്ന കാരണത്താൽ ഞാൻ മുക്തനായി. സത്യത്തിൽ അതിൽ എനിക്കു പങ്കില്ലായിരുന്നു. എന്നാൽ കഴുവിലേറേണ്ടിവരുമെന്നോർത്ത് ഭയപ്പെട്ടു. ഇപ്പോഴാകട്ടെ ശരിക്കും കഴുവിലേററി കൊല്ലാൻ ശിക്ഷിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാവാം ഭയം കുറഞ്ഞു പോയിരിക്കുന്നു. ഭയം അകന്നു നിൽക്കുമ്പോഴാണ് അധികം. ജയിലിൽ വരാത്തവന് ജയിലെന്നു കേട്ടാൽ നടുക്കമാണ് . ചെന്നുപെട്ടാലോ, ഭയം പോയ്പോകുന്നു.

ഹൗ! കൊതുകുകൾ വല്ലാതെ ശല്യപ്പെടുത്തുന്നു. എന്തുകൊണ്ടെന്നറിഞ്ഞില്ല, നമ്മുടെ ഗാന്ധിയാശ്രമത്തിലെ കൊതുകുകൾ ഇതിലുമുറക്കെ മൂളുന്നു. അവററയ്ക്കു വലിപ്പവും കൂടുതലാണ് എന്നാൽ അവററ കടിച്ചാൽ ഇത്ര നീററൽ തോന്നിയിരുന്നില്ല. നീലുവുണ്ടായിരുന്നെങ്കിൽ അയാൾ എന്നെ പരിഹസിച്ചുകൊണ്ടു പറയും — ഇവററ ആശ്രമത്തിലെ അന്തേവാസികളല്ലേ? അഹിംസാത്മക രീതിയിൽ ചോര കുടിക്കുവാൻ പരിശീലനം നൽകപ്പെട്ടവ. അമ്മ, ചുണ്ടോളമെത്തിയ ചിരിയടക്കി കോപം വരുത്തിക്കൊണ്ടു പറയും — 'ഭേഷ് ! കൊള്ളാം. നിറുത്ത് എന്നിട്ടു സ്ഥലം വിട് .' അമ്മയുടെ ആ സമയത്തെ മുഖം ഞാൻ ഓർക്കുകയാണ് . കൺകോണുകളിൽ ഈരണ്ട് ചുളിവുകൾ വീണിരിക്കുന്നു... അമ്മയുടെ മനസ്സിൽ എപ്പോഴും ഭയമാണ് . നീലു അച്ഛനെ വേദനിപ്പിക്കുന്ന വല്ലതും വിളിച്ചു പറഞ്ഞേക്കുമോ? അങ്ങനെ വല്ലതും വിളിച്ചു പറഞ്ഞാൽത്തന്നെ അച്ഛന്റെ കാതോളം അതെത്താതിരിക്കുവാൻ അമ്മ ശ്രമിക്കുന്നത് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട് . നീലു എന്തും തുറന്നുപറയുന്ന പ്രകൃതമാണ് . ഇതുകാരണം അയാൾ പലപ്പോഴും കുഴപ്പത്തിൽ പെട്ടിട്ടുണ്ട് . എന്നാൽ അന്യർ താൻ പറയുന്നതിനെപ്പററിയെന്തു വിചാരിക്കുന്നു, അത് അവരെ അതൃപ്തിപ്പെടുത്തുന്നുണ്ടോ എന്നു ചിന്തിക്കുന്ന കാര്യത്തിൽ അയാൾ എന്നും ഉപേക്ഷയേ കാണിച്ചിട്ടുള്ളു. സൂക്ഷ്മങ്ങളായ കാര്യങ്ങൾ അയാളിൽ പ്രതികരണ

മുണ്ടാക്കുന്നില്ല. അയാളുടെ മനസ്സും വീക്ഷണവും സ്ഥൂലമാണ് , അയാൾ ശക്തി പ്രയോഗത്തെപ്പററിയേ ചിന്തിക്കാറുള്ളൂ. അയാളുടെ കൈകൾക്ക് പേനയും തൂവലുമല്ല ചേർച്ച, ഉരുക്കുകൊണ്ടുള്ള വാളാണ് , പരശുരാമൻെറ മഴുപോലെ നിഷ്കരുണവും കർമ്മവും. നീലു ഒരിക്കൽ തനിക്ക് കവിത തീരെ ഇഷ്ടമില്ലെന്നു പറയുകയുണ്ടായി. 'നിനക്ക് ഇഷ്ടപ്പെടുന്ന കവിത ഞാനെഴുതു'മെന്ന് ഞാനന്ന് അയാളോടു പറഞ്ഞു. ഞാൻ തൊഴിലാളി മുതലാളി വർഗസമരങ്ങളെപ്പററി ഒരുഗ്രൻ കവിത രചിച്ചു— ഭാവഗീതശൈലയിൽ. അത് അയാൾക്കു വളരെ പിടിച്ചു. കവിത ഓർക്കുന്നില്ല. ഒരുവരി പോലും. നീലു അതു ഫ്രെയിം ചെയ്യിച്ച് ആശ്രമത്തിൽ തൂക്കിയിട്ടുണ്ട് — അമ്മയുടെ മുറിയിൽ.

ഞാനോർക്കുകയാണ് — അമ്മ വരാന്തയിൽ ഇരിക്കുന്നു. തലയാട്ടിക്കൊണ്ട് നീലുവിൻെറ നേരെ നോക്കി നാവ് പല്ലുകൾക്കടിയിൽ മുട്ടിച്ച് ഒരു ശബ്ദമുണ്ടാക്കി. ഡിക് ! എന്നിട്ടു പറഞ്ഞു, 'മരിച്ചാലും മാറില്ല സ്വഭാവം'. നീലു കണ്ണുകൾ എൻെറ നേർക്കു തിരിച്ചു. ആ നോട്ടത്തിന്നർത്ഥം, 'ഏട്ടാ, ഇനി....' എന്നത്രേ. രണ്ടുപേരും പ്രതീക്ഷിച്ച വിധംതന്നെ അമ്മ ഒരു സംസ്കൃതശ്ലോകത്തിൻെറ വരിചൊല്ലി, 'അംഗാര ശതധൗതേന മലിനശ്ച നമുഞ്ചതി'. ഞങ്ങൾ രണ്ടുപേരും പൊട്ടിച്ചിരിച്ചുപോയി. അമ്മ 'മലിനശ്ച' എന്നു കന്മഷമേതുമില്ലാതെയാണു പറഞ്ഞത് . ഞങ്ങളുടെ ചിരി കണ്ടിട്ട് തെറ്റു പറ്റിയെന്ന് അമ്മയ്ക്കു മനസ്സിലായി. അമ്മ പറഞ്ഞു, 'ഒരു വസ്തു ഓർമ്മ നിൽക്കുന്നില്ല.' നീലു പറഞ്ഞു, 'എന്നാൽ ചൊല്ലിക്കേൾപ്പിക്കണമെന്ന് എന്തിനാണിത്ര നിർബന്ധം?' അമ്മ വരുത്തുന്ന തെറ്റുകൾ ഞങ്ങൾക്കു കാണാപ്പാഠമാണ് . നീലുവാണ് ഇതു ചൂണ്ടിക്കാണിച്ചുതന്നത് . ഇല്ലെങ്കിൽ ഞാൻ ശ്രദ്ധിക്കുമെന്നു തോന്നുന്നില്ല. അമ്മ 'ദയാ—ദാക്ഷിണാത്യം' എന്നേ പറയൂ. ഞാൻ ഒരു ദിവസം ദയാ—ദാക്ഷിണ്യം എന്നു തിരുത്തിക്കൊടുത്തുനോക്കി. എന്നിട്ടും അമ്മ പറയുമ്പോൾ അതു മറക്കുന്നു. തിരുത്തിക്കൊടുക്കുമ്പോൾ അമ്മ പകയ്ക്കുന്നു. അതു കാരണം ഞാൻ തെറ്റുതിരുത്താൻ പുറപ്പെട്ടിരുന്നില്ല. എന്നാൽ നീലുവിന് ഈ വശം ശരിക്കും മനസ്സിലാക്കാൻ കഴിഞ്ഞില്ല. മറ്റുള്ളവരുടെ ദൗർബല്യത്തിൽ, ചേഷ്ടകളിൽ പരിഹസിക്കുവാനുള്ള വക അവൻ കണ്ടെത്തുന്നു. ഇതു

മറ്റുള്ളവരുടെ ഹൃദയത്തെ മുറിപ്പെടുത്തുന്നുവെന്ന വിചാരമേ അയാൾക്കില്ല. ബാബുജി (അച്ഛൻ)യുമായി ഞങ്ങൾ എന്നും അകന്നകന്നേ നിന്നിട്ടുള്ളു. പ്രവർത്തനത്തെപ്പറ്റിയല്ലാതെ മറ്റെന്തെങ്കിലും അങ്ങനെ സംസാരിക്ക പതിവില്ലായിരുന്നു. അതിനാൽ ബാബുജിയും ആശ്രമത്തിലെ മറ്റുള്ളവരും ആഹാരം കഴിച്ചുകഴിഞ്ഞാൽ അമ്മയോടൊപ്പമാണ് ഞാനും നീലുവും ഉണ്ണുവാനിരിക്കുക പതിവ് . അമ്മയ്ക്ക് ഭക്ഷണത്തിനോടൊപ്പം കുറച്ചു പാലുമില്ലെങ്കിൽ പറ്റില്ല. അമ്മയ്ക്ക് ജീവിതത്തിൽ 'ആസക്തി ' എന്നു പറയാൻ ഇതൊന്നേയുള്ളു. ആശ്രമവാസികൾ തന്നെയുണ്ട് അസംഖ്യം. പിന്നെ സമയമെന്നോ അസമയമെന്നോ ഇല്ലാതെ അതിഥികളുടെ വരവ് . ഒരു ദിവസവുമില്ല ഇതിന്നിളവ് . അതുകാരണം അധിക ദിവസവും പാലില്ലാതെവരും. വളരെ കുറച്ചേ ഉള്ളുവെങ്കിൽ അമ്മ അത് എനിക്കും നീലുവിനും തരും. ഞങ്ങൾ ഒരു പാത്രത്തിൽ കുറച്ചുവീതം പകർന്ന് അമ്മയ്ക്കായിവെയ്ക്കും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നീലു പറയാറുണ്ട് , 'പാലില്ലെങ്കിൽ അമ്മയ്ക്ക് ഊണു നേരെയാവില്ല'. ആ പറഞ്ഞതിൽ പ്രത്യേകിച്ചൊന്നുമില്ല. പക്ഷേ അമ്മയുടെ മുഖം വിളർക്കും. തൻെറ ദൗർബല്യം കണ്ടുപിടിക്കപ്പെട്ടാലെന്നപോലെ. നീലു എന്തെല്ലാം കണ്ടെത്തുന്നു— ഇതു മാത്രം കണ്ണിൽപ്പെടില്ല.

അമ്മയ്ക്ക് അസുഖം വരുമ്പോൾ അസുഖം നല്ലപോലെയുണ്ടെന്നു പറഞ്ഞാൽമതി, സന്തോഷമാവും. അതിനാൽ വേണമെന്നുവെച്ചുതന്നെ നെറ്റിയിൽ കൈവെച്ച് ഹായ് എന്തൊരു ചൂട് — ദോശക്കല്ലുപോലെ എന്നു പറയാറുണ്ടായിരുന്നു. നീലു അവിടെയുണ്ടെങ്കിൽ ചിരിച്ചട്ടഹസിച്ച് മുറിയാകെ കിടുകിടെ വിറപ്പിച്ചിരുന്നു.

'എനിക്ക് ഒന്നും ആവശ്യമില്ല' എന്ന് അന്നു സൂപ്രണ്ടിനോടു പറഞ്ഞശേഷം മനസ്സിൽ എന്തെന്നില്ലാത്ത സംതൃപ്തി തോന്നി. സംതൃപ്തി മാത്രമല്ല, അഭിമാനവും. സൂപ്രണ്ട് സായ്‌വ് ഒററയ്ക്കല്ല വരുന്നത് . കൂടെ ജയിലർ, ഡോക്ടർ, അസിസ്ററൻറ് ജയിലർ, ജമാദാർ, കുറെ അംഗ രക്ഷകർ, വാർഡർമാർ, മേററുകൾ, എല്ലാവരും — പിന്നെയൊരാളുടെ കാര്യം വിട്ടു— ഒരു സിക്കു തടവുകാരൻ, കാക്കി രാജഛത്രവുമേന്തിക്കൊണ്ട് സായ്‌വിനൊപ്പം ഓടിയോടി നടക്കുന്നു.

വാസ്തവത്തിൽ പ്രബലപ്രതാപിയായ സൂപ്രണ്ട് , ജയിലെന്ന സാമ്രാജ്യത്തിലെ ഏകച്ഛത്രാധിപതിയാകുന്നു. അന്ന് അയാ ളുടെ ചോദ്യത്തിനു മറുപടി കൊടുത്തശേഷം ആരുടെയും മുഖത്തു നോക്കുവാൻ വയ്യെന്നു തോന്നി. അവരിൽ ഞാൻ പറഞ്ഞതിൻെറ പ്രതികരണമെന്തെന്ന് എനിക്ക് അറിയണ മെന്നാഗ്രഹമുണ്ടായിരുന്നുവെങ്കിലും എല്ലാം ആകെക്കുഴഞ്ഞ പോലെ. നാടകത്തിലെ വിശിഷ്ടനായകനാണ് താനെന്നു തോന്നി. കുട്ടിക്കാലത്ത് സന്തോഷേട്ടൻ പറയാറുള്ള സ്വദേശി പ്രസ്ഥാനക്കാരുടെ കഥകൾ കേൾക്കുമ്പോൾ മിഴികൾ നിറ യാറുണ്ടായിരുന്നു. രക്തസാക്ഷികളായ ആ വീരരുടെ സ്മരണ മുമ്പിൽ സാകാരമായി പ്രത്യക്ഷപ്പെടുന്നു. 'എന്നെ ഇനി ബുദ്ധിമുട്ടിക്കാതിരിക്കൂ, സമാധാനപൂർവ്വം മരിക്കാൻ വിടൂ'. വെടിയുണ്ടയേററു മരിക്കാൻ തുടങ്ങുന്ന ആ രക്ത സാക്ഷിയുടെ ഈ വാക്കുകളെ ഞാൻ എൻെറ മറുപടിയോടു തുലനം ചെയ്തുനോക്കി. ഈ വാക്കുകൾ ഓർക്കുമ്പോൾ എൻെറ കണ്ണുകൾ അശ്രുപൂരിതങ്ങളാകുന്നു. എൻെറ വാക്കു കൾ ഇക്കൂട്ടരിൽ യാതൊരു പ്രതികരണവും ഉണ്ടാക്കി യിട്ടുണ്ടാവില്ലേ? ഒരുപക്ഷേ ഉണ്ടാവില്ല. ഇവർ നിത്യവും കാണുന്നുണ്ട് ഇതൊക്കെ. ഇവർ പ്രായമായവരാണ് . ലോകമറിയുന്നവർ. ബാലന്മാരെപ്പോലെ ഭാവുകരല്ല. ജനം പ്രശംസിക്കട്ടെ, എൻെറ കഥകൾ പറയട്ടെ എന്നു ഞാനാഗ്ര ഹിക്കുന്നപോലെ തോന്നുന്നു. ഇതെൻെറ ഹൃദയ ദൗർബല്യ മാണ് . രാഷ്ട്രത്തിൻെറ ഭാവിയെക്കാൾ എൻെറ പേരിൻെറ ഭാവിയെപ്പററിയാണ് എനിക്കു ശ്രദ്ധയെന്നുതന്നെ സംശയിച്ചു പോകുന്നു. സത്യമെന്താണ് ? ഒററദിവസവും ഞാൻ എൻെറ ജീവിതത്തെ കേവലങ്ങളായ കാര്യങ്ങളിൽ വ്യാപരിപ്പിക്കയു ണ്ടായിട്ടില്ല. രാഷ്ട്രത്തിനുവേണ്ടി ഉചിതമെന്നു തോന്നിയ ഒരു കാര്യവും ചെയ്യാൻ മടി കാണിച്ചിട്ടില്ല. എൻെറ വ്യക്തി പരമായ സുഖത്തെയോ ഭാവിയെയോ പററി ചിന്തിച്ചിട്ടില്ല. ഇതിനു പകരമായി നാട്ടുകാർ എന്നെ പ്രശംസിച്ചുകൊണ്ട് ഒരു വാക്കെങ്കിലും പറയട്ടെ എന്നുള്ള എൻെറ ആഗ്രഹം അനുചിതമാണോ? ജയിൽ ഡോക്ടർ നിശ്ചയമായും അയാളുടെ വീട്ടിൽച്ചെന്ന് ഇതെപ്പററി സംസാരിച്ചു കാണും. അസിസ്ററൻറ് ജയിലർ അപ്പോൾത്തന്നെ അപ്പർ ഡിവിഷൻ തടവുകാരുടെ വാർഡിലെത്തി ഈ സംഭവം വർണിച്ചിട്ടുണ്ടാ വും. ബാബുജിയും അതേ വാർഡിലുണ്ട് . അദ്ദേഹത്തിൻെറ

ചെവിയിലും ഈ വാർത്ത പെടും. അദ്ദേഹം നിർവികാര നാണ്. മുഖത്തുനോക്കി അകത്തെ ഭാവം ഗ്രഹിക്കുക അസാധ്യം. ഒററക്കിരുന്നു ചർക്കയിൽ നൂൽ നൂററു കൊണ്ടിരിക്കയാവും. കൺകോണിൽ പൊടിഞ്ഞ രണ്ടുതുള്ളി കണ്ണീർ, നൂൽ കാണാൻ വയ്യാതാക്കും. ഇല്ല, ബാബുജി അത്രയ്ക്കു വ്യാകുലനാകുമെന്ന് പ്രതീക്ഷിച്ചുകൂടാ. ഒരുപക്ഷേ അൽപം അന്യമനസ്കനായേക്കാം. ചർക്ക തിരിക്കുന്നതിലുള്ള ഏകാഗ്രത ഒന്നു ശിഥിലമായേക്കാം. നൂൽ ഒന്നുരണ്ടു വട്ടം കൂടുതൽ പൊട്ടിയെന്നും വന്നേക്കാം. പ്രതീക്ഷിച്ചിരുന്ന വിധം ഉള്ള ഭാവം ജയിൽ സ്റ്റാഫിൻെറ മനസ്സിൽ ഉണർത്താൻ കഴിഞ്ഞില്ലെന്ന് തോന്നുന്നു. ഉറപ്പിച്ചു പറയാൻ കഴിഞ്ഞില്ല. കണ്ണുകൾ കുനിച്ചു കളഞ്ഞു. എൻെറ മനസ്സ് സരളമല്ലെന്ന് അവർ ധരിച്ചിരിക്കണം. എൻെറ ഹാവഭാവങ്ങൾ ഗവൺമെൻറിനോടുള്ള വിരോധം പ്രദർശിപ്പിക്കുന്നതായി വ്യാഖ്യാനിച്ചിരിക്കണം. അവർ നിത്യവും കള്ളന്മാരുടെയും കവർച്ചക്കാരുടെയും കൊലപാതകികളുടെയും നടുവിലാണു പ്രവർത്തിക്കുന്നത്. അതുകാരണം അവരുടെ മനസ്സിലെ ഭാവുകതയും കോമളഭാവനകളും ശുഷ്കിച്ചുപോവുകയാണ്. രാഷ്ട്രീയത്തടവുകാരെ അവർ കള്ളന്മാരിൽനിന്നും കവർച്ചക്കാരിൽനിന്നും വേർപെട്ടുകാണുന്നില്ല. അവരുടെ പെരുമാററത്തിൽ അൽപം വ്യത്യാസം കാണുന്നുണ്ടെങ്കിൽത്തന്നെ അത് കുഴപ്പം കൂടാതെ കഴിക്കുന്നതിനോ സ്വാർത്ഥം നേടിയെടുക്കുന്നതിനോ വേണ്ടി ആണ്. ഡിവിഷൻ ത്രീയിലെ സെക്യൂരിറ്റിതടവുകാർ സുഖമില്ലെന്നു പറയുമ്പോൾ അവരെ കണ്ടമാനം തട്ടിക്കേറുകയും 'ശോധനയില്ല, മരുന്നു വേണം'. എന്നു പറയുമ്പോൾ 'ബട്ട്, ഡോൺട് എക്സ്പെക്ട് ദഹി' — അതായത് തൈരു കിട്ടുമെന്നു വിചാരിച്ച് ഈ രോഗം ക്ഷണിച്ചു വരുത്തിയതാണെങ്കിൽ നിരാശപ്പെടേണ്ടിവരും — എന്നു പറയുകയും ചെയ്യുന്ന അതേ ഡോക്ടർ ഉയർന്ന ക്ലാസുകളിലെ രാഷ്ട്രീയത്തടവുകാരുടെ മുമ്പിൽ 'നനഞ്ഞപൂച്ച'യായി നിൽക്കുന്നു. രണ്ടു കൊല്ലം മുമ്പുണ്ടായതെന്താണ്? വ്യക്തിസത്യാഗ്രഹകാലത്ത് ജയിലിലെ ഇതേ ജീവനക്കാർ കോൺഗ്രസ് നേതാക്കളുടെ ചുററുപാടും കാര്യമുണ്ടായിട്ടും ഇല്ലാതെയും ഉഴന്നുനടക്കുന്നതായും മുഖസ്തുതി ചെയ്യുന്നതായും കാണപ്പെട്ടു. ബിഹാറിൽ വീണ്ടും കോൺഗ്രസ് മന്ത്രിസഭ വരുമെന്നായിരുന്നു അവരുടെ ഉറച്ച വിശ്വാസം. ഇപ്പോഴോ?....

ഈ ജയിലിലെ ജീവനക്കാരെ അന്ന് എനിക്ക് തന്റെ സംഭാഷണത്താലും പെരുമാറ്റത്താലും സ്വാധീനിക്കാൻ കഴിയുകയുണ്ടായോ? അതിനു പകരം നാടകീയമായ മട്ടിൽ ഉച്ച സ്വരത്തിൽ — 'ഹും! ചെരുപ്പുകൊണ്ടു പൂജകഴിഞ്ഞിട്ടുള്ള പശുദാനം. നിങ്ങളിൽനിന്ന് എനിക്ക് യാതൊരുതരത്തിലുള്ള ദയയും ആവശ്യമില്ല'. എന്നാണു ഞാൻ പറഞ്ഞത് , അല്ലെങ്കിൽ ഇതുപോലെയുള്ളമറ്റെന്തെങ്കിലും ആണ് പറഞ്ഞിരുന്നതെങ്കിൽ അവരിൽ അത് പ്രതികരണമുണ്ടാക്കുമായിരുന്നു. നിശ്ചയമായും നാടകീയമായി തോന്നിയേക്കും. എങ്കിലും ഞാനാശിച്ച ഫലം ഉണ്ടാകുമായിരുന്നുവെന്നതിൽ സംശയമില്ല. രണ്ടാം നമ്പർ വാർഡിൽ ഒക്ടോബറിൽ നടന്ന ലാത്തിച്ചാർജിനു ശേഷം തലപൊട്ടിയ ശുകദേവൻ ചെയ്ത പ്രസംഗം ഓർക്കുന്നു — കിടന്നുകൊണ്ട് ശ്വാസംവിടാതെ തിയേറ്ററിലെ മരണരംഗത്തിലെന്നപോലെ — 'നിങ്ങൾക്കു നാണമെന്നതു ലവലേശം പോലുമില്ലേ?' എന്നാണ് തുടക്കം. ഇപ്പോഴും ചെവികളിൽ വ്യക്തമായും മുഴങ്ങുന്നു. സമ്മാനദാനച്ചടങ്ങുസമയം സ്കൂളിൽ വെച്ച് ഞാൻ അന്നൊരിക്കൽ 'മേഘനാദവധം' കാവ്യത്തിലെ ചില വരികൾ അഭിനയത്തോടൊപ്പം കാണാതെ ചൊല്ലുകയുണ്ടായി. ഹെഡ്മാസ്റ്റർ കാളീബാബുവാണ് പഠിപ്പിച്ചു തന്നത് . "ഇവിടം വരെ കൊടും കൈകുത്തി പറയണം. പിന്നെ കിടന്ന് കണ്ണടച്ച് മെല്ലെ ഒറ്റ ശ്വാസത്തിൽ— നിന്റെയീ കളങ്കം തുടച്ചു നീക്കാൻ ഈ ലോകത്തിലാരുണ്ടെടാ കളങ്കീ!" ശുകദേവന്റെ പ്രസംഗം അന്നത്തെ പരിസരവുമായി തികച്ചും പൊരുത്തപ്പെടുന്നില്ല. എന്നാൽ ആ തരക്കേട് വളരെകുറച്ചു പേർ മാത്രമേ ശ്രദ്ധിക്കയുണ്ടായുള്ളുവെന്നു ഞാൻ കണ്ടു.

'ബാബു! വിജൈ ഖൈൽ — വാ?' അതായത് ഭക്ഷണം കഴിഞ്ഞോ?

എന്റെ ചിന്ത മുറിഞ്ഞു. നോക്കിയപ്പോൾ കണ്ടതു വാർഡറെ. വാക്കുകളിൽ സഹതാപത്തിന്റെ ഗന്ധമുള്ളതു പോലെ. പുറത്ത് വിളക്കുകൊണ്ടുവന്നുവെച്ചിരിക്കുന്നു. അതു ശ്രദ്ധിക്കയുണ്ടായില്ല. വിളക്ക് സെല്ലിനകത്തുവെച്ചാലെന്താണു തരക്കേടെന്ന് മനസ്സിലാവുന്നില്ല. മണ്ണെണ്ണ കോരിയൊഴിച്ച് ആത്മഹത്യ ചെയ്യുക അത്ര സുഖമുള്ള കാര്യമല്ല. എന്നിട്ടും അവർക്ക് സെല്ലിൽ വെയ്ക്കാൻ ധൈര്യമില്ല. ഉണ്ടാകാനും

തരമില്ല. എത്രയോ അനുഭവങ്ങളെ അടിസ്ഥാനമാക്കി ഉണ്ടാക്കിയ നിയമങ്ങൾ. കഴിഞ്ഞ കൊല്ലത്തെ ജയിൽ മ്യൂട്ടിനി പരാജയപ്പെട്ടത് ഇതേ വിധം ഒറ്റനോട്ടത്തിൽ അപഹാസ്യമെന്നു തോന്നുന്ന ഒരു നിയമം മൂലമാണ് . ഗേറ്റിലെ വാർഡറെ തല്ലി വീഴ്ത്തി തടവുകാർ താക്കോൽകൂട്ടം കൈയ്ക്കലൊക്കിയിരുന്നു. എന്നാൽ താക്കോൽ വളയത്തിലുണ്ടായിരുന്ന ഇരുനൂറിലധികം താക്കോലുകളിൽ ഏറിയവയും വേണ്ടാത്തവയായിരുന്നു. താക്കോൽ കൂട്ടത്തിൽ വളരെയേറെ വേണ്ടാത്ത താക്കോൽ തൂക്കിയിടുകയെന്നത് ജയിൽ നിയമത്തിൽ പെടുന്നു. അതുകാരണം തടവുകാർക്ക് താക്കോൽ കൂട്ടം കിട്ടിയെങ്കിലും ഏതാണു താക്കോലെന്നു കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. അതിനുള്ള ശ്രമത്തിൽ അഞ്ചു മിനിട്ടു കടന്നുപോയി. അപ്പോഴേയ്ക്ക് പ്രാന്തനടി (അലാറം) തുടങ്ങി. തോക്ക് , പട്ടാളം, ശിപ്പായി എല്ലാമോടിയെത്തി — എന്നിട്ട് ......

ശിപ്പായിയുടെ ചോദ്യത്തിനുത്തരം പറയാതെ ചോദിച്ചു, മണിയെത്രയായി?

അയാൾ പറഞ്ഞു, 'ഊഴം മാറ്റത്തിനു സമയമായി'. അതായത് അയാളുടെ സ്ഥാനത്ത് നൈറ്റ് ഡ്യൂട്ടിക്കാരൻ വാർഡർ എത്തിപ്പോയി.

സെൻട്രൽ ടവറിൽ എത്ര തടവുകാരെ അകത്താക്കി, ഇന്ന് എത്ര പുതിയ തടവുകാർ എത്തിയിരിക്കുന്നു, എന്തു ചെലുവ് — എന്നുവെച്ചാൽ എത്രപേർ വിമുക്തരായി — എന്നെല്ലാം കൂട്ടിയും കിഴിച്ചും നോക്കിയിട്ട് ആകെ എണ്ണം ശരിപ്പെടുന്നില്ലേ എന്നെല്ലാം രേഖപ്പെടുത്തുകയാണ് . ശിപ്പായി ഇനിയും ചോദ്യം മറന്നില്ലെന്നുതോന്നുന്നു. വീണ്ടും ചോദ്യം — 'ആഹാരം കഴിഞ്ഞോ?'

ഞാൻ ഊണു കഴിച്ചിട്ടില്ല. ഇതയാൾ കണ്ടിരിക്കുന്നു. ഞാൻ പറഞ്ഞു, 'ഇല്ല, വിശക്കുന്നില്ല'. അയാൾ പറഞ്ഞു, 'തൈരുണ്ട് . അൽപം ആഹാരം കഴിക്കൂ' താഴെക്കിട തടവുപുള്ളികൾക്ക് ആഴ്ചയിൽ ഒരു ദിവസം തൈരു നൽകപ്പെടുന്നു. പിച്ചളത്തളികയിൽ വെണ്ണനീക്കിയതൈര് — അതിനു കരിഞ്ഞപോലുള്ള ഒരു നാറ്റം. കോൺഗ്രസ് മന്ത്രിസഭ ഉണ്ടാ

ക്കിവെച്ച നിയമം — മൂന്നാം ക്ലാസ് തടവുകാർക്ക് എന്നും കളിയാക്കാൻ ഒരു വിഷയം. ലക്ഷ്യം കോൺഗ്രസ്സിലെ ഉന്നതാധികാരികൾ. അവർ എല്ലാ രാഷ്ട്രീയത്തടവുകാരെയും ഒരേ ക്ലാസ്സിൽ എന്തുകൊണ്ടു പെടുത്തിയില്ല? ഈ ഉയർന്ന ക്ലാസ്സ് — താഴ്ന്ന ക്ലാസ് എന്ന രാഷ്ട്രീയത്തടവുകാരുടെ തരംതിരിവിന് എന്തർത്ഥം? ഉയർന്ന ക്ലാസുകാർക്ക് പത്തണ ഭക്ഷണ ച്ചെലവ് . താഴ്ന്നവർക്ക് മൂന്നരയണ. ഇവർക്കു രണ്ടു കൂട്ടർക്കുമിടയ്ക്ക് ഒരു ക്ലാസ്സ് കൂടിയുണ്ടാക്കിയിരുന്നുവെങ്കിലോ? താഴെ ക്ലാസുകാർക്ക് സ്വന്തം പൈസ ചെലവാക്കാനനുവാദം നൽകിയിരുന്നുവെങ്കിൽ എന്തായിരുന്നു തരക്കേട് ? പുറത്തുനിന്ന് അവർക്കു ഭക്ഷണത്തിനു വല്ലതും കൊണ്ടുവരികയും അവർക്കതു കിട്ടുകയും ചെയ്തിരുന്നെങ്കിൽ അധികാരസ്ഥന്മാർക്ക് എന്തു മഹാനഷ്ടമാണു സംഭവിക്കുക? മാസത്തിൽ രണ്ടോ മൂന്നോ കത്തെഴുതുവാൻ അനുവദിച്ചാൽ ഏതു പുരാണമാണ് അശുദ്ധമാവുക? സ്വന്തം കാശിനു രണ്ടോമൂന്നോ സിഗരറ്റു വാങ്ങി വലിക്കാൻ സമ്മതിച്ചാൽ അവർക്കെന്തുണ്ടു ചേതം? ഇങ്ങനെ എത്രയെത്ര പരാതികൾ!

സെൻട്രൽ ടവറിൽനിന്ന് ജലദമന്ത്രസ്വരത്തിൽ രാഗമുയർന്നു— ബോലോ രേ ഏക് നമ്പർ! ബോലോ രേ ദോ നമ്പർ! ബോലോ രേ തീൻ നമ്പർ! ബോലോ രേ ചാർ നമ്പർ! ബോലോ രേ പാഞ്ച് നമ്പർ! ബോലോ രേ ഛേ നമ്പർ! ബോലോ രേ നയാമോൽ! ബോലോ രേ ഔരത് കിതാ *

എല്ലാ വാർഡിൽനിന്നും മറുപടി കിട്ടിയില്ല. എൻെറ സെല്ലോളം ആ വിളി എത്തിയില്ലെന്നും വരാം. ടവറിൻെറ മുകളിൽനിന്നു വിളിച്ചുചോദിക്കുന്ന ശിപ്പായി എല്ലാ വാർഡിൽനിന്നുമുത്തരം കിട്ടുമെന്ന് ആശിച്ചിട്ടുമുണ്ടാവില്ല. അയാളുടെ പണി മെഷീനിൻേറതു കണക്കെയാകുന്നു. ഗ്രാമഫോൺ എന്നപോലെ ഒരിക്കൽ വിളിച്ചു ചോദിക്കുക. എവിടെ എത്ര തടവുകാരെ അകത്താക്കിയടച്ചുവെന്ന് ഓരോ വാർഡിൽ നിന്നും ചോദ്യത്തോടൊപ്പം ഉത്തരം ലഭിക്കേണ്ടതാണ് . ടവറിനു താഴെയുള്ള ഉദ്യോഗസ്ഥന്മാർ അതിൻെറ എണ്ണം നേരത്തെത്തന്നെ കൂട്ടിയിട്ടിട്ടുണ്ട് . ഈ വിളിച്ചു ചോദിക്കൽ

---

* നയാമോൽ = സെഗ്രിഗേഷൻ വാർഡ് . ഔരത് കിതാ = സ്ത്രീകളുടെ വാർഡ്

ഒരു പതിവ് നിയമം. എല്ലാ വാർഡർമാരും മേററുകളും 'സ ഹ്ര' (കാവൽ)കളും ഇത് ധരിച്ചിട്ടുണ്ട്. അതിനാൽ മറുപടി പറയുകയെന്ന വൃഥാ ശ്രമത്തിന് അവരാരും ഒരുങ്ങാറില്ല. ടൺ—ടൺ എന്നു മണിയടിച്ചു. എണ്ണം ശരി. ഒമ്പതടിച്ചു. നാള ത്തെ 'ഗിൻതീമിലാൻ' (തടവുകാരുടെ ടോട്ടൽ ശരിപ്പെടുത്തൽ) കേൾക്കാൻ യോഗമില്ല. ടവറിന്നുപരിയുള്ള ബൾബ് അഞ്ഞൂറു പവറിൻേറതാവും. ബ്ലാക്ക് ഔട്ട് കാരണം കറുപ്പു തുണി കൊണ്ടു മൂടിയിരിക്കുന്നു. അതിൻെറ നേരെ ചുവട്ടിൽ പനമ്പു കൊണ്ടുള്ള ഒരു വലിയ കുട. വാർഡനെ വെയിൽ, മഴ, മുതലായവയുടെ ശല്യത്തിൽനിന്നു രക്ഷിക്കുവാൻ. ബ്ലാക്ക് ഔട്ടു പ്രമാണിച്ചുതന്നെ ടവറിൽ കറുപ്പുചായം പൊത്തിയി രിക്കുന്നു. എന്നാൽ ആ കുടയുടെ മുകളിൽ വീണ് നാലുഭാഗ ത്തേയ്ക്കും ഒഴുകുന്ന പ്രകാശത്തിലേയ്ക്ക് ഏറെനേരം നോ ക്കിയിരിക്കുവാൻ കഴിയുന്നില്ല. ആ കുട ബ്ലാക്ക് ഔട്ടിനുള്ള ശ്ര മം പരാജയപ്പെടുത്തുന്നു. ടവറും കുടയും കാണുമ്പോൾ കാ ശിയിലെ അഹല്യാബായിഘാട്ട് ഓർത്തുപോകുന്നു. ഘാട്ടിലെ ആ 'ഗുംബജി'ൽ ആയിരുന്നു ഞങ്ങൾ നിത്യവും ഒത്തു കൂടി യിരുന്നത് . സിദ്ധേശ്വർ ശുകുൽ അവിടെനിന്നും ഒരു ദിവസം കാറിത്തുപ്പി. തുടർന്നുണ്ടായ കുഴപ്പങ്ങൾ ഓർക്കുക വയ്യ. സിദ്ധേശ്വർ നല്ല ചങ്കൂററക്കാരനായിരുന്നു. അയാൾക്കു മരി ക്കാൻ ഒരു ഭയവുമില്ല. അയാൾ എത്ര നിസ്സാരഭാവത്തിലാ ണെന്നോ കഴുമരത്തിനെപ്പററി സംസാരിച്ചിരുന്നത് . കേട്ടിട്ട് എനിക്ക് ഉള്ളം കിടുകിടുത്തിരുന്നു. അവർ എന്നെ അവരുടെ സംഘത്തിൽ പങ്കാളിയാക്കാൻ ശ്രമിച്ചിരുന്നു. പക്ഷേ എനിക്ക് അവരുടെ ആഗ്രഹം പൂരിപ്പിക്കാൻ സാധിച്ചില്ല. മനസ്സിൽ തപ്പിനോക്കുമ്പോൾ അവരുടെ പരിപാടികളുമായി യോജിക്കു വാൻ കഴിയാഞ്ഞിട്ടല്ല അവരുടെ ആഗ്രഹത്തിനു വഴങ്ങാതിരു ന്നത് ; ധൈര്യക്കുറവു കൊണ്ടാണ് എന്ന് ചിലപ്പോൾ തോ ന്നാറുണ്ട് . ഇന്ന് ആ ഭയമെല്ലാം എവിടെപ്പോയി? പ്രായമാകു ന്തോറും മനുഷ്യർക്കു മരണഭീതി ഏറിയേറി വരുമെന്നു കേട്ടി ട്ടുണ്ട് . എനിക്കീ നിയമം ബാധകമല്ലായിരിക്കുമോ? ഇപ്പോൾ സിദ്ധേശ്വറിനെ കാണുകയാണെങ്കിൽ എന്തെല്ലാം വർത്തമാന ങ്ങൾ പറയാമായിരുന്നു! വളരെ നാളുകൾ കഴിഞ്ഞ് രാംഗഢ് കോൺഗ്രസ്സിൽ വെച്ചാണ് അയാളെ ഒരിക്കൽ കണ്ടത് . കോൺഗ്രസ്സ് മിനിസ്ററിക്കാലത്ത് അയാൾ ബറേലി ജയി ലിൽനിന്നു വിമുക്തനായി— മെയിൽ കൊള്ളക്കുററത്തിനു

ശിക്ഷിക്കപ്പെട്ടവനായിരുന്നു. ലക്നൗവിന്നടുത്തുള്ള ആ സ്ഥലത്തിൻെറ പേർ ഓർക്കുന്നില്ല. പിസ്രാഹ എന്നോ മറേറാ ആണ് പേർ.

പുതിയ ശിപ്പായി എപ്പോഴെത്തി, അറിയില്ല. അയാൾ 'ബാബുജി, ബീഡി വേണോ?' എന്നു ചോദിച്ചപ്പോഴാണ് ഓർത്തത് .

ഇന്ന് ഈ വാർഡർമാർ പോലും എന്നോടടുക്കുവാൻ ആഗ്രഹിക്കുന്നു. എനിക്കു വല്ല ഉപകാരവും ചെയ്തു തരാനായെങ്കിൽ, എന്നെ സന്തോഷിപ്പിക്കുവാൻ കഴിഞ്ഞെങ്കിൽ... ഈ സഹാനുഭൂതി സ്വയം ഉണ്ടായതാണ് , ഇതിൽ കൃത്രിമത്വം ഇല്ല. അവരുടെ സഹാനുഭൂതി പ്രേരിതമായ ദാനം സ്വീകരിക്കാതിരിക്കുന്നതിൽ അവർ ദുഃഖിതരാണ് എന്നു തോന്നി.

വാർഡർ പരുങ്ങലോടെ വന്ന് അയാളുടെ ഡ്യൂട്ടി നിർവഹിച്ചു. താഴ് ഒന്നു ശക്തിയോടെ പിടിച്ചു വലിച്ച് 'ഖടാങ്ങ് ' എന്നു ശബ്ദമുണ്ടാക്കി. പിന്നെ ഇരുമ്പഴി വാതിൽ പിടിച്ചു കുലുക്കി. ഇതൊക്കെ അയാൾ നേരത്തെ ചെയ്യേണ്ടതായിരുന്നു. ആദ്യത്തെ കാവൽക്കാരൻ ചുമതല ഒഴിയും മുമ്പുതന്നെ എന്നർത്ഥം. വാതിൽ ശരിയ്ക്കടച്ചിട്ടുണ്ടോ? താഴ് പൂട്ടിയിട്ടുണ്ടോ? തനിക്കു മുമ്പുണ്ടായിരുന്ന കാവൽക്കാരനെ സ്വാധീനിച്ച് താഴ് പൂട്ടാതെ പൂട്ടിയ മട്ടിൽ വെച്ചിരിക്കയാണോ? തടവുപുള്ളി ജയിൽ ചാടിപ്പോയാൽ തനിക്കു മുമ്പുണ്ടായിരുന്ന വാർഡർക്ക് ഉത്തരം പറയണ്ട. കാരണം പുതിയ വാർഡറെ എല്ലാം വേണ്ടവിധം ധരിപ്പിച്ചശേഷമേ പഴയവൻ ചുമതല ഒഴിയുന്നുള്ളൂ. എന്നാൽ ആദ്യത്തെ വാർഡർ പോയിക്കഴിഞ്ഞിരിക്കുന്നു. വീട്ടിലേയ്ക്കു തിരിച്ചുപോവുന്ന കാള— അതുവരെ നിൽക്കാൻ ക്ഷമയില്ല. ഇതിൽ അയാളെ കുററം പറഞ്ഞിട്ടു കാര്യമില്ല. പകലത്രയും തുടർച്ചയായി എട്ടു മണിക്കൂർ നേരത്തെ ഡ്യൂട്ടി...

വാർഡർ അൽപം നിരാശനായിരിക്കുന്നു എന്നുവെച്ച് ഞാനയാളോടു സംസാരിച്ചു. ഞാൻ ചോദിച്ചു, 'അപ്പുറത്തുള്ള ഡിഗ്രികളിലെ (സെല്ല്) പണി കഴിഞ്ഞിട്ടാണോ വന്നിരിക്കുന്നത് ?'

അയാൾ പറഞ്ഞു, 'അതെ സാറേ! പത്ത് , ഒൻപത് , ഏഴ് , മൂന്ന് , പിന്നെ ഒന്ന് . ഈ അഞ്ചു ഡിഗ്രികളിലാണ് തടവുപുള്ളികൾ ഉള്ളത് . ഇന്ന് പത്താംനമ്പർ തൊട്ടുതുടങ്ങി. വാർഡ് ശിപ്പായി പുറത്തെവിടെയോ ഇരുന്നു സൊള്ളുകയാണ് . എനിക്കും മൂന്നാംനമ്പർ സെല്ലിലെ ശിപ്പായിക്കുമാണ് എണ്ണിനോക്കാനുള്ള ചുമതല മുഴുവൻ.'

കണ്ടംഡ് സെല്ലിൽ അഞ്ചു തടവുകാർ. ജയിൽ ഭാഷയിൽ ഇതിനു തൂക്കുമരസെല്ലെന്നു പേർ. കണ്ടംഡ് സെല്ലെന്നു കേൾക്കുമ്പോൾ ആദ്യം തോന്നിയിരുന്നത് ഇഞ്ചിനീയറിങ്ങ് വിഭാഗക്കാർ കണ്ടം ചെയ്തത് എന്നാണ് . ഇത് കണ്ടംഡ് പ്രിസനർക്കുള്ളതാകയാൽ ഈ പേർ പതിഞ്ഞു. ആദ്യം ഇതത്ര ഗൗനിച്ചെന്നു വരില്ല. ഒമ്പതും പത്തും സെല്ലുകളിൽ ബോംബു കേസിലെ രണ്ടു പ്രതികൾ— അണ്ടർട്രയൽ. അവരെ എന്തിനിവിടെ പാർപ്പിച്ചു, ആർക്കറിയാം. തൂക്കുമരസെല്ലിൽ പെട്ട ഇരുപതെണ്ണത്തെ കൂടാതെ ഈ ജയിലിൽ പിന്നെയുമുണ്ട് നാൽപതമ്പതു സെല്ലുകൾ. എന്നിട്ടും അവരെ ഇവിടെ പാർപ്പിച്ചതെന്തിന് എന്നു പറയാൻ പ്രയാസം. ഒരുപക്ഷേ ഇവർ കുററം ഏററുപറയുമെന്നു പ്രതീക്ഷിച്ചാവാം. അപ്പോൾ മററു രാഷ്ട്രീയത്തടവുകാരുമായി സമ്പർക്കം വെക്കുവാൻ ഇട കൊടുക്കരുതല്ലോ. ഏഴാം നമ്പറിൽ ഒരു ഭ്രാന്തനാണുള്ളത് . അവൻ പിച്ചും പേയും പറഞ്ഞുകൊണ്ടിരിക്കുന്നു. വാർഡറെക്കാണുമ്പോൾ കണ്ടമാനം തെറി പറയുന്നു. ഒമ്പതും പത്തും സെല്ലുകളുടെ വാതിൽ പകലൊക്കെ തുറന്നു കിടക്കുന്നു. ചില ദിവസം ഉച്ചയ്ക്ക് എന്റെ സെല്ലിലെ സ്പെഷൽ വാർഡർക്ക് ബീഡിയും പഞ്ചസാരയും മറ്റും കൊടുത്ത് എന്നോട് കുറച്ചുനേരം വർത്തമാനം പറയുന്നു. വൈകുന്നേരം അവരുടെ സെല്ലുകളിലെ വാതിലടയ്ക്കുമ്പോൾ അവർ സ്വന്തം സെല്ലുകളിലിരുന്ന് ഭ്രാന്തനെ കലശലുകൂട്ടും. അയാളുടെ പേർ പറഞ്ഞു വിളിച്ചാൽ മതി, അസഭ്യം തുടങ്ങുകയായി. വാർഡർ പറയുന്നു, ഈ മനുഷ്യൻ ഭ്രാന്തനാണെന്നു നടിക്കയാണ് ; ഇങ്ങനെ ഒത്തിരി പേരെ അയാൾ കണ്ടിട്ടുണ്ട് എന്ന് . സർക്കാർ അത്ര വിഡ്ഢിയല്ല. വിടുതൽ കിട്ടുക അത്ര എളുപ്പമല്ല... മൂന്നാം നമ്പറിൽ കിടക്കുന്നത് ഒരു കൊലപാതകക്കുറ്റം ചെയ്തവൻ — സ്വന്തം സഹോദരനെ കൊന്നു. അത് അറപ്പിക്കുന്ന ഒരു കഥയാണ് . അയാളുടെ കുടുംബ

ജീവിതത്തിൻെറ കളങ്ക പങ്കിലവും കദനപൂർണവുമായ കഥ അയാളുടെ ഭാര്യ സാക്ഷിക്കൂട്ടിൽ നിന്നുകൊണ്ടു ജഡ്ജിയെ പറഞ്ഞു കേൾപ്പിക്കുകയുണ്ടായി. ഹൈക്കോർട്ടിൽ അപ്പീൽ കൊടുത്തു. അപ്പീൽ തള്ളിക്കളഞ്ഞു. ആ പ്രതി രാപകൽ സീതാരാം സീതാരാമെന്നു ജപിക്കുന്നു; കീർത്തനങ്ങൾ പാടുന്നു.

വാർഡർ എന്നെ കുററവാളിയെന്നു വിളിക്കുന്നത് എനിക്കിഷ്ടപ്പെടാറില്ല. ഇതിലും നല്ല ഭാഷ ഉപയോഗിക്കേണ്ടതാണെന്നു തോന്നി. കുട്ടിക്കാലം തൊട്ടേ ലഭിച്ച വിദ്യാഭ്യാസവും വിശ്വാസവും സംസ്കാരവും എന്നിൽ പതിപ്പിച്ചിട്ടുള്ള മുദ്രകൾ മായ്ച്ചാൽ പോകാത്തവയാണ്. സത്യംതന്നെ. വാർഡർ പറഞ്ഞതു ശരിയല്ലേ? എന്നെ അപരാധിയെന്നു തന്നെയല്ലേ പറയേണ്ടത് ? ഇന്ന് ഞാൻ തന്നെയാകുന്നു ജയിലിലെ ഏററവും വലിയ അപരാധി? ഉടൻതന്നെ കഴുവിലേററാൻ പോകുന്ന അപരാധിയെയാണ് ഒന്നാംനമ്പർ സെല്ലിൽ കിടത്തുന്നത്. ഒന്നാംനമ്പർ സെല്ലിന്നപ്പുറത്ത് ഒരു വാതിൽ. കഴുവിലേററാറാകുമ്പോൾ മാത്രമേ ആ വാതിൽ തുറക്കൂ. അതിലൂടെയാണ് അപരാധിയെ കഴുമരച്ചോട്ടിലേക്കു കൊണ്ടു പോകുന്നത്. മററു സമയങ്ങളിൽ വാതിൽ അടഞ്ഞുകിടക്കുന്നു. ആ അന്തിമ മുഹൂർത്തത്തിനു മുമ്പായി വാതിൽ ഒന്നു നോക്കുവാൻ ആഗ്രഹിക്കുന്നു. അതിൻെറ താഴിനു തുരുമ്പു പിടിച്ചിട്ടുണ്ടോ? എനിക്കും മരണത്തിനുമിടയ്ക്കുള്ള ഒരേ ഒരു വ്യവധാനം ഈ വാതിലാണ്. എന്നിട്ടും എന്നെ അപരാധിയെന്നു വിളിക്കുന്നതു കേൾക്കുമ്പോൾ വല്ലാതെ തോന്നുന്നു. ബോംബു കേസുകാരായ ആ തടവുപുള്ളികളെയും വാർഡർ അപരാധിയെന്നു വിളിച്ചല്ലോ, എന്നിട്ടും ചാഞ്ചല്യം തോന്നിയില്ല. 'ബോംബു കേസ് കുററവാളികൾ' എന്നു പറയുന്നതു കേട്ട് എൻെറ ചെവി തഴമ്പിച്ചതാവാം കാരണം. ആ വാക്കുകൾ ദേശസേവകൻെറ സ്വദേശസ്നേഹത്തിൻേറതായ ഒട്ടേറെ സ്മരണകൾ ഉൾക്കൊള്ളുന്നു—ചുരുങ്ങിയത് എൻെറ മനസ്സിലെങ്കിലും. എന്നാലും മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട തടവുപുള്ളിയെന്നു കേൾക്കുമ്പോൾ സാധാരണ കൊലയാളികളുടെ ഓർമ്മ ഉണരുന്നു. ആ വാക്കിനോടൊപ്പം അവരുടെ ചിത്രം എൻെറ മനസ്സിൽ ഒട്ടിനിൽക്കുന്നു. അപരാധിയെന്നു പറഞ്ഞ് വാർഡർ എന്നെ അവരുടെ കൂ

ട്ടത്തിൽ ഉൾപ്പെടുത്തുകയാണ് ചെയ്യുന്നതെന്നു തോന്നുന്നു. അതുകൊണ്ടാകണം ആ വാക്കിനോട് അനിഷ്ടവും എതിർപ്പും. മനസ്സു വേദനിക്കുന്നു. ഒരു വാർഡറുടെ ദൃഷ്ടിയിൽ ഞാൻ ആരാധ്യനായ ഒരു ദേശസേവകനല്ല. ഞാൻ അയാളിൽനിന്നു പ്രശംസ പ്രതീക്ഷിക്കുന്നു. വാക്കാലേ വേണ്ട; ഞാൻ ചെയ്തിട്ടുള്ള ത്യാഗങ്ങൾക്ക് ഹാവഭാവങ്ങളെകൊണ്ടെങ്കിലും. ഞാൻ പ്രാണനെ ബലികൊടുക്കുന്നു. ഇതിനിവർ കൃതജ്ഞരാകേണ്ടതാണ് . അതിനുപകരം അവർ സഹാനുഭൂതിയാണ് കാണിക്കുന്നത് . രക്തസാക്ഷിയോടുള്ള സഹാനുഭൂതിയല്ല. ഈ ലീലാമയമായ ലോകത്തെ ഇനി എതാനും മണിക്കൂറുകൾ മാത്രം ഉപയോഗിക്കുന്നതിനു വിധിക്കപ്പെട്ട ഒരു ഭാഗ്യഹീനനോടു തോന്നുന്ന കരുണ.

ചിറ്റമ്മയെ ഓർക്കുകയാണ് . ചിറ്റമ്മയെ പടിഞ്ഞാട്ടുള്ള (ഉത്തർപ്രദേശ്) വണ്ടികയറ്റി യാത്രയാക്കുവാൻ ഗൗഹാട്ടി സ്റ്റേഷനിൽ പോയതായിരുന്നു. ചിറ്റമ്മയുടെ മുടി ചെറുതാക്കി മുറിച്ചത് . ഉടുത്തിരുന്നത് കാവിവസ്ത്രം. കഴുത്തിൽ തുളസിമാല. കുടുംബവുമായി വിശേഷിച്ചു ബന്ധങ്ങളൊന്നുമില്ല. ഏതോ മഠത്തിലോ ആശ്രമത്തിലോ താമസം. നവദീപിൽ നിന്നു വൃന്ദാവനത്തിലേക്കുള്ള യാത്ര. ഒപ്പം ഒട്ടേറെ സാമാനങ്ങൾ — കടലസ്സഞ്ചി, പൊതിക്കാത്ത നാളികേരം, ഛെന (പിരിഞ്ഞ പാലിൻെറ വെള്ളം ഊറ്റിക്കളഞ്ഞിട്ടവശേഷിക്കുന്നഭാഗം) കൊണ്ടുണ്ടാക്കിയ പലഹാരത്തിൻെറ ടിൻ, കഴുകിയുണക്കിയ എള്ള് . ഇതെല്ലാം ഗുരുസഹോദരന്മാർക്കും സഹോദരിമാർക്കും കാഴ്ചവെയ്ക്കാൻ കൊണ്ടുപോകുന്ന സാധാനങ്ങളിൽ പെടുന്നു. അവ വണ്ടിയിൽ' കയറ്റുവാൻ സഹായിക്കുന്നതിനാണ് ഞാൻ. ചിറ്റമ്മ വണ്ടിയിൽ കയറി. ഞാൻ സാമാനങ്ങൾ കൂലിക്കാരൻെറ തലയിൽ നിന്നിറക്കി വണ്ടിയിൽ വെച്ചു. ചിറ്റമ്മ ചോദിച്ചു, 'എല്ലാമായില്ലേ?' ഞാൻ ഓരോന്നായി എണ്ണി ബോധ്യപ്പെടുത്തി. ആകെ ഇരുപത്തൊന്നു വക. അപ്പോഴേയ്ക്കു നിമിഷത്തിനകം ചിറ്റമ്മയുടെ കണ്ണുകൾ നിറഞ്ഞു. ഞാൻ പകച്ചുപോയി. അറിയാതെ ഞാൻ വല്ല അപരാധവും ചെയ്തുപോയോ? ചിറ്റമ്മ തന്നെ കാര്യം വിശദീകരിച്ചു— പട്ടുതുണിയിൽ പൊതിഞ്ഞ സ്വർഗസ്ഥനായ ഗുരുദേവൻെറ എണ്ണച്ചായ ചിത്രത്തെ ഞാൻ 'വക' എന്നു പറഞ്ഞു. അന്ന് ചിറ്റമ്മയുടെ ഈ

മനോഭാവം എനിക്കു വിചിത്രമായി തോന്നി. എന്നിട്ടിന്ന് അപരാധിയെന്ന് എന്നെ വിളിക്കുന്നതു കേട്ടിട്ട് എന്നിലുണർന്ന മനോഭാവമോർത്ത് ഞാൻ ചകിതനാവുകയാണ്. കഴുമരമേറാൻ പോകുന്ന അപരാധിയെ വേറെ വല്ലതും പറഞ്ഞു വിളിച്ചെങ്കിലേ ആശ്ചര്യം തോന്നാനുള്ളു.

'കഴുമരത്തിന്റെ മഞ്ചം' — ഈ വാക്കിനെയും രക്തസാക്ഷികളുടെ സ്മരണ സുഗന്ധവത്താക്കിയിരിക്കുന്നു. എന്നാൽ അതിനെ ചവിട്ടു പലക എന്നു പറയുമ്പോൾ ഒരു കൊലപാതകിയുടെ ഓർമ്മയാണുണ്ടാവുക. എല്ലാത്തിലും വലിയ ആശ്ചര്യം. മനോനേത്രങ്ങൾ ഒരു ശവം ജിംനാസ്റ്റിക്കിന്റെ ഹൊറിസോണ്ടൽ ബാറിൽ തൂങ്ങുന്നതായി കാണുന്നു. അവശങ്ങളായ രണ്ടു കാലുകൾ ആലംബമെന്യേ ചുറ്റിത്തിരിഞ്ഞു കൊണ്ടു തൂങ്ങുന്നു. മെല്ലെ മെല്ലെ, ഒരേ ഗതിയിൽ. വടക്ക് , വടക്കു കിഴക്ക് , കിഴക്ക് , കിഴക്കു തെക്ക് , തെക്ക് , തെക്കു പടിഞ്ഞാറ് — ഏതോ ഒരു ഇംഗ്ലീഷ് നോവലിൽ വായിച്ച ഒരു ദൃശ്യം! വാർഡർ താൻ പത്താം നമ്പർ സെല്ലിൽ നിന്നാണു ഡ്യൂട്ടി തുടങ്ങിയതെന്നു പറയുകയുണ്ടായി. അതായത് ഇന്ന് പതിനൊന്നു തൊട്ട് ഇരുപതു വരെയുള്ള സെല്ലുകൾ കാലിയാണ്. ജയിൽ നിയമങ്ങളും അച്ചടക്കവും ലംഘിക്കുന്ന തടവുകാരെ സാധാരണ സെല്ലിനകത്താക്കുന്നു. കുറെനാൾ ഏകാന്ത തടവ് — അതാണു ശിക്ഷ. ഏതാനും ദിവസത്തെ ഏകാന്ത വാസം എങ്ങനെ ശിക്ഷയാവുന്നുവെന്നാണു മനസ്സിലാകാത്തത് . വാർഡറുടെ കലപില കൂട്ടലിൽ നിന്ന് ഒഴിഞ്ഞ് കുറെ നാൾ ഏകാന്തവാസം നയിക്കുന്നത് അത്ര ചീത്തയാണെന്നു പറഞ്ഞു കൂടാ. ആ സെല്ലുകൾ ധാരാളമായി ഉപയോഗിച്ചു പോരുന്നുമുണ്ട് . ഇന്നെന്തേ അതൊക്കെ ഒഴിഞ്ഞു കിടക്കാൻ? ഇതു പതിവില്ലാത്തതാണല്ലോ. അവരെ വേണമെന്നുവെച്ച് മാറ്റി പാർപ്പിച്ചതാവാം. ഒരു പക്ഷേ സൂപ്രണ്ട് അവരുടെ ശിക്ഷ ഇളവു ചെയ്തു കൊടുത്തതുമാവാം. ഇന്നത്തെ രാത്രി കണ്ടംഡ് സെല്ലുകളിൽ കഴിയുന്നതും കുറച്ചാളുകൾ മാത്രമായാൽ അത്രയും നല്ലതാണെന്നു വിചാരിച്ചിട്ടായെന്നുമാകാം. അവരിവിടെത്തന്നെ കിടന്നാൽ അതുകൊണ്ട് മോശമായ വല്ല പ്രതികരണവുമുണ്ടായാലോ? അതുകൊണ്ട് മാറ്റാവുന്നവരെ മുഴുവൻ സെല്ലുകളിൽ നിന്ന് ഒഴിവാക്കി കൊണ്ടു

പോയി. കർത്താവിൻെറ ഇച്ഛയനുസരിച്ചാണല്ലോ കർമ്മം. പതിമൂന്നാം നമ്പരിലെ കുഷ്ഠരോഗിയായ തടവു കാരനേയും ജനറൽ വാർഡിലേക്കു കൊണ്ടുപോയെന്നോ? ഓരോ സൂപ്രണ്ടിനും ഓരോ ജാതി കമ്പം. മേജർ ഫിലിപ്സിനെ കണ്ടിട്ടുണ്ട് . അയാൾ സ്ത്രീകളുടെ ചിത്രമുള്ള ഒറ്റ പുസ്തകവും ജയിലിൽ കടത്താൻ അനുവദിക്കയില്ല. അയാൾ മനോരോഗ വിദഗ്ദ്ധനാണത്രേ. അയാളുടെ വിചാരം, കുറെ നാൾ ജയിലിൽ കിടക്കുന്നവർ സ്ത്രീ ദേഹം ചിത്രത്തിൽ കാണുമ്പോൾ അവരുടെ മനസ്സിൽ പലതരം പ്രതികരണങ്ങൾ ഉണ്ടാകുമെന്നാണ് . അന്നൊരിക്കൽ ഇതേ കാര്യത്തെ ചൊല്ലി ഹസാരീബാഗ് ജയിലിൽ രാംഖേലാവനദ്ദേഹവുമായി ഇയാൾ ഇടഞ്ഞുവത്രേ. അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ട 'റായൽ അക്കാഡമി'യുടെ പുതിയ പ്രസിദ്ധീകരണത്തിലെ പത്തു പന്ത്രണ്ടു പേജുകൾ കത്രിച്ചു കളഞ്ഞിരിക്കുന്നതായി കൈയിൽ കിട്ടിയപ്പോൾ കണ്ടു. ആ ചിത്രങ്ങൾ കണ്ടാൽ എന്തു പ്രതികരണമാണ് ഉള്ളിൽ ഉണ്ടാകുമായിരുന്നതെന്ന് ഞങ്ങൾക്കു കാണാൻ കഴിഞ്ഞില്ല. എന്നാൽ അവ കിട്ടാതിരുന്നതിനാലുള്ള പ്രതികരണം പെട്ടെന്ന് ഞങ്ങൾക്കു പ്രത്യക്ഷമായിത്തന്നെ കാണാൻ കഴിഞ്ഞു. ഫിലിപ്സ് സായ്‌വിനും കഴിഞ്ഞു. അതിൻെറ ഫലമായി രാംഖേലാവന് പതിന്നാലു ദിവസം കണ്ടംഡ് സെല്ലിൽ കഴിഞ്ഞു കൂടേണ്ടിവന്നു.

സഹിച്ചുകൂടാത്ത ചൂട് . സെല്ലിൽ കാറ്റിനു കടക്കാൻ വഴിയില്ല. വൈശാഖമാസം (ഏപ്രിൽ —മെയ്) കഴിഞ്ഞു. അതിനാൽ സെല്ലിനു പുറത്തും ഇത്രതന്നെ ചൂടുണ്ടായിരിക്കും. ഇരുമ്പഴികൾ പിടിച്ച് നിലത്ത് ഇരിക്കട്ടെ. പുറത്തുനിന്ന് കുറച്ചെങ്കിലും കുളിരുകിട്ടിയാലായല്ലോ. സെല്ലിൽ കെട്ടി നിൽക്കുന്ന കാറ്റു കാരണം തലയ്ക്കു കനം വെച്ചപോലെ. ഈ സമയം അഴികൾക്കിടയിലൂടെ മുഖവും മൂക്കും ആവോളം പുറത്തേക്കു നീട്ടിയാൽ പുറത്തെ തുറന്ന വായു ശ്വസിക്കുവാൻ കഴിയുന്നതുകൊണ്ട് ഈ തലക്കനം അൽപം കുറയുമെന്നു ഞാൻ കണ്ടിട്ടുണ്ട് . മുമ്പൊക്കെ ഈ പീഡ അസഹ്യമായിത്തോന്നിയിരുന്നു. ഈയിടെ കുറച്ചു നാളായി കുളിക്കുന്ന സമയം വാർഡർ ലേശം കടുകെണ്ണ തരാൻ തുടങ്ങിയിരിക്കുന്നു. ഒരു വെണ്ണ ടിന്നിൽ ഈ എണ്ണ അയാൾ എവിടന്നു സമ്പാദിച്ചുവോ ആവോ! മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവനോടുള്ള

ഈ അനുകമ്പ ആദ്യം സ്വീകരിക്കേണ്ടതില്ല എന്നു വിചാരിച്ചതായിരുന്നു. എന്നാൽ ഒന്നും പറയാതെ കൈയിൽ ഒഴിച്ചു തന്നപ്പോൾ വേണ്ടെന്നു പറഞ്ഞില്ല. ഒരു പക്ഷേ തലവേദനയെ വിചാരിച്ചാവാം, അല്ലെങ്കിൽ ഒന്നും മിണ്ടാതെ വാർഡർ എണ്ണ ഒഴിച്ചുതന്നതുകൊണ്ട് . മിതഭാഷണവുമായി അയാൾക്ക് ഒരു ബന്ധവുമില്ല. പകൽ എട്ടുമണിക്കൂർ ഡ്യൂട്ടി. രാത്രി രണ്ടു മണിക്കൂർ. രസവൈചിത്ര്യങ്ങൾക്കു വകയില്ലാത്ത ജീവിതം . അതിനാൽ ഡ്യൂട്ടിസമയത്തു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അതിൽ ഏകരസത്വത്തിന്റെ ചുവയുണ്ടെന്നു തോന്നും. അയാൾ ഒരക്ഷരം പോലും ഉരിയാടാതെ കൈയിൽ എണ്ണ ഒഴിച്ചുതന്നു. ഇത്രയും കടുകെണ്ണ അയാൾ ഉപേക്ഷിച്ചു. ആശ്ചര്യം തന്നെ! ജയിലിൽ കിട്ടാവുന്നിടത്തോളം സാധനങ്ങൾ ഇവർ ഒളിച്ചുകടത്തുന്നു. തുണികൾ, അലക്കു സോപ്പ് , പുഴുങ്ങലരി, കടല, ഉരുളക്കിഴങ്ങ്, കയറ്, ആണി, റാന്തലിന്റെ തിരിയടപ്പ് തുടങ്ങിയുള്ള ഒറ്റവസ്തുവും അവർ കടത്താതെയില്ല. ഉയർന്ന ക്ലാസിലുള്ള രാഷ്ട്രീയത്തടവുകാരുടെ ചായക്കോപ്പ തൊട്ട് തോർത്തു വരെ ഒറ്റരാത്രി കൊണ്ടു് അദൃശ്യമാകുന്നു. വാർഡർ മാരൊഴികെ മറ്റെല്ലാവരും താഴിട്ടു പൂട്ടിയ മുറികൾക്കകത്തിരിക്കുന്ന സമയത്താണിതൊക്കെ. കള്ളന്മാർ തടവറയിൽ, എന്നിട്ടുമില്ല മോഷണത്തിനന്തം. അപ്രകാരമെല്ലാമുള്ള വാർഡർമാരിൽ ഒരുവനായ ഇയാളുടെ ഔദാര്യം എന്നെ വിഹ്വലനാക്കി. ആ ഭ്രാന്തൻ തടവു പുള്ളിയെക്കൊണ്ട് ഒരു ദിവസം എന്റെ വസ്ത്രങ്ങൾ അലക്കിച്ചപ്പോൾ ഈ വിഹ്വലത ഒന്നു കൂടി ഇരട്ടിയായി. കുളിച്ച് , ഉണങ്ങിയ നിക്കർ ഇടേണ്ട താമസം അയാൾ എന്നെ പിടിച്ചു സെല്ലിനത്താക്കി. വിരോധം പറയാൻ പോലും ഇടകിട്ടിയില്ല. പിന്നെ തന്റെ ഹാഫ് പാന്റിന്റെ ബെൽറ്റ് ഒന്നയച്ച് പിൻപുറത്തു കൈയിട്ട് ഒരു ബീഡി പുറത്തെടുത്തു. ആ ബീഡി ഭ്രാന്തനു കൊടുത്തു തന്റെ തീപ്പെട്ടിതന്നെയുരച്ചു ബീഡി കൊളുത്തിക്കൊടുത്തു. ഇത് എന്റെ വസ്ത്രം അലക്കിച്ചതിനുള്ള പ്രതിഫലമാണെന്നു മനസ്സിലായി. ഒന്നും മിണ്ടാതെ വല്ലതും ചെയ്തുതരുമ്പോൾ വേണ്ടെന്നു പറയുന്നതിനെങ്ങനെ മനസ്സുവരും? വാർഡർ എന്റെ ത്യാഗത്തിനെയും ദേശഭക്തിയെയും പറ്റി ബോധവാനാണെന്നു തോന്നി. ഇയാൾ മറ്റു വാർഡർമാരെപ്പോലെയല്ല. മനസ്സിന്റെ ഭാരം തെല്ലു ലഘുവായപോലെ. അതിനുശേഷം കുറെ നാളായി അതേ

വാർഡർ തന്നെയാണ് ഡ്യൂട്ടിക്കു പകൽ നേരം വരുന്നതെന്നു ഞാൻ കണ്ടു.

നമ്മുടെ പാർട്ടിയിലെ ചന്ദ്രിമ തലയിൽ എണ്ണ പുരട്ടാറില്ല. എണ്ണ തേച്ചാൽ തൻെറ തലയ്ക്കു ചൂടുപിടിക്കുമെന്നാണ് അയാൾ പറയുന്നത് . കുറുകിയ ദേഹമുള്ള കൊച്ചു മനുഷ്യൻ. സരള സ്വഭാവി, തളരാത്ത പ്രവർത്തകൻ. വല്ലവർക്കും ഉപകാരം ചെയ്തു കൊടുക്കാൻ കഴിഞ്ഞാൽ അയാൾ പരമ സംതൃപ്തി അനുഭവിക്കുന്നു. രണ്ടാം നമ്പർ വാർഡിൽ രാപ്പകലില്ലാതെ ചക്രം പോലെ ചുറ്റി നടക്കുന്നു. തലയിൽ നിറയെ എണ്ണമയമില്ലാത്ത പരുക്കൻ ചപ്രമുടി. 1932 ൽ മിലിക് ഗംജ് കോൺഗ്രസ് ആശ്രമത്തിൽ "ജബ് തി ഉഡാർ" സമയത്ത് സൈക്കിൾ പമ്പുകൊണ്ട് അയാളുടെ ചെവികളിൽ കാറ്റടിച്ചു കേറ്റിയെന്നു തോന്നുന്നു. അന്നു തൊട്ട് അയാൾക്കു ചെവി കേട്ടുകൂടാ. ഇന്നുരാവിലെ അയാൾ രണ്ടാം വാർഡിൽ അനുശോചന യോഗത്തിനു വട്ടം കൂട്ടുന്നത് ഇവിടെ നിന്നു കൊണ്ടുതന്നെ ഞാൻ കണ്ടു. മൗനാനുശോചനം. അധ്യക്ഷൻ രാമഭജൻ ബാബു. അധ്യക്ഷനോടൊപ്പം എല്ലാവരും രണ്ടു മിനിറ്റ് എഴുന്നേറ്റുനിന്നു. പിന്നെ പതുക്കെ ഇരുന്നു. ചിതറിക്കിടന്നിരുന്ന മെഴുക്കുമയമില്ലാത്ത മുടിയുടെ ഇഴക്കെട്ടുകളെ ചെവികൾക്കു പിറകിലേയ്ക്ക് മാടിയൊതുക്കി അയാൾ. അയാളുടെ മുടി സിംഹത്തിൻെറ സടപോലെയിരുന്നു. രണ്ടു കൈകളിലും വിലങ്ങു വെച്ച് തടവുപുള്ളിയെ നിറുത്തിയാലെന്നപോലെ നിന്നുകൊണ്ട് അയാൾ ആരംഭിച്ചു– 'പ്രിയപ്പെട്ട അടിമസ്സഹോദരന്മാരെ! ഇന്ന് .....' നാലു ഭാഗത്തു നിന്നും അടക്കിപ്പിടിച്ച സംസാരം. അവർ ചന്ദ്രിമയോട് മതിയാക്കുവാൻ പറയുകയായിരുന്നു. ഒരു പക്ഷേ ജയിലധികാരികളുടെ ചെവിയോളം ഈ മീറ്റിങ്ങിൻെറ വാർത്ത എത്തിക്കഴിഞ്ഞിരിക്കും. ഇനി ലാത്തിച്ചാർജ്ജിന് ഏറെനേരം വേണ്ടിവരില്ല. 'നമ്മളിൽ തന്നെയുണ്ടാവും. എത്രയെങ്കിലും സി.ഐ.ഡി.കൾ' 'അനുശോചന യോഗത്തിൽ പ്രസംഗം പതിവുണ്ടോ?' 'പൊട്ടനാണ് പറഞ്ഞാൽ കേട്ടിട്ടുവേണ്ടേ?' പക്ഷേ ചന്ദ്രിമ എന്നെപ്പറ്റി, പറഞ്ഞുകൊണ്ടിരുന്നത് തുടരുകയാണ് . എൻെറ ദേശഭക്തിയെപ്പറ്റി, എൻെറ ത്യാഗത്തെപ്പറ്റി, അയാളോട് എനിക്കുള്ള ചങ്ങാത്തത്തെപ്പറ്റി. അപ്പർ ഡിവിഷൻ വാർഡിൽ താമസിക്കുന്ന എൻെറ പിതാവായ മാസ്റ്റർ

അദ്ദേഹത്തോടുള്ള സമവേദനയെപ്പറ്റി. ഔരത് കിതയിലുള്ള ദേവീജി—ബിലു ബാബുവിന്റെ അമ്മ—അവര്‍ക്ക് ഈ ആഘാതം സഹിക്കുന്നതിനു ശക്തി പ്രദാനം ചെയ്യണമെന്ന ആശംസ, ശ്രോതാക്കളുടെ കര്‍ത്തവ്യം എന്നിവയെപ്പറ്റിയും ഈ രാഷ്ട്രീയ കുടുംബം ഭാരതത്തിനു മുമ്പില്‍ വെച്ച ഉദാഹരണത്തെപ്പറ്റിയും അയാള്‍ പ്രസംഗം തുടര്‍ന്നു. ഒന്നില്‍നിന്നു മറ്റൊന്നായി മുഴങ്ങി കേള്‍ക്കുന്ന കാര്യങ്ങള്‍. കണ്‍കോണുകളില്‍ നനവു കാണുന്നു. എല്ലാവരും കൂടി അയാളെ പിടിച്ചിരുത്തി. മരിക്കുന്നവരോടുള്ള ബഹുമാനാര്‍ത്ഥം ആദരാഞ്ജലിയര്‍പ്പിച്ചുകൊണ്ട് അന്ന് ഉപവാസമനുഷ്ഠിക്കണമെന്ന് യോഗം തീരുമാനിച്ചു. ചന്ദ്രിമ എന്നും ഉപവാസത്തിനെതിരായിരുന്നു. രാഷ്ട്രീയ കാര്യങ്ങള്‍ക്ക് ഉപവാസം കൊണ്ട് യാതൊരു പ്രയോജനവുമില്ല എന്നാണ് അയാളുടെ പാര്‍ട്ടിക്കാരുടെ സിദ്ധാന്തം. ചില സംശയാലുക്കളെ അയാള്‍ ഉപദേശിച്ചു— ഈ ഉപവാസം പാപത്തിന്റെ പ്രായശ്ചിത്തമായിട്ടല്ല അനുഷ്ഠിക്കുന്നത് . ശത്രുക്കളുടെ ഹൃദയ പരിവര്‍ത്തനത്തിനുള്ളതുമല്ല. ബിലുബാബുവിന്റെ അന്തസ്സിനെ മനസ്സില്‍ കണ്ടുകൊണ്ട് ദേശസ്നേഹികളെപ്പോലെ നാമിതില്‍ പങ്കുകൊള്ളുകതന്നെ വേണം.

ഇതുകഴിഞ്ഞ് രണ്ടാം നമ്പര്‍ വാര്‍ഡിന്റെ അരയാല്‍ ചുവട്ടില്‍ കോണ്‍ഗ്രസ് സോഷ്യലിസ്റ്റു പാര്‍ട്ടിയുടെ ഒരു യോഗം ചേര്‍ന്നു. ഗോരേ സിംഗ് പ്രസംഗം തുടങ്ങി, 'ഓരോ വസ്തുവിനെയും ഓബ്ജക്ടീവ്ലി നോക്കിക്കാണണം..... ഓരോ മാര്‍ക്സിസ്റ്റിന്റെയും കര്‍ത്തവ്യമാണത് ....' പിന്നെയും എന്തൊക്കെയോ പറഞ്ഞു. രാഷ്ട്രീയ സമരത്തില്‍ സ്വന്തം പാര്‍ട്ടി വഹിച്ച പങ്കില്‍ അവര്‍ അഭിമാനിതരാണ് . എന്നാല്‍ ഒരു കോമ്റേഡിന്റെ മരണത്തില്‍ അവര്‍ ശോകവിഹ്വലരല്ല. ഇതുകൊണ്ട് പാര്‍ട്ടിക്കു തീരാനഷ്ടം നേരിട്ടുവെന്നൊന്നും അവര്‍ കാണുന്നില്ല. എത്രയെത്ര പേര്‍ വരും, പോകും. ഏതെല്ലാം തരത്തിലുള്ള സാമൂഹ്യവും കൗടുംബികവുമായ ദൃഢ ബന്ധങ്ങളെ പൊട്ടിച്ചുകളഞ്ഞിട്ടാണ് അവര്‍ രാഷ്ട്രീയ രംഗത്തേക്കു വന്നിരിക്കുന്നത് . തങ്ങളുടെ ആദര്‍ശങ്ങള്‍ക്കു വേണ്ടി പ്രാണത്യാഗം ചെയ്യുന്നതിന് അവര്‍ മടിച്ചു നില്‍ക്കുകയില്ല. തങ്ങളുടെ ജീവന് അവര്‍ ഒരു വിലയും കല്‍പിക്കുന്നില്ല. അതേപോലെ മറ്റുള്ളവരുടെ പ്രാണനെ

ഓർത്തും അവർക്കു വേദനയില്ല. കോമ്റേഡ് ഭോല പിന്നിലിരുന്നു ചിരിക്കയാണ് . രാഷ്ട്രീയത്തടവുകാരിൽ ഞാൻ അത്ഭുതകരമായ ഒരു വസ്തുത കണ്ടിട്ടുണ്ട് . നാടിനു വേണ്ടി സ്വന്തം സ്വാർത്ഥവും ഭാവിയും എല്ലാം ബലികൊടുത്ത, രാഷ്ട്രത്തിനുവേണ്ടി ചിരിച്ചു കൊണ്ട് മരണത്തെ പുണരാൻ തയ്യാറായ ചില രാഷ്ട്രീയ പ്രവർത്തകർ ജയിലിൽ തുച്ഛമായ സ്വാർത്ഥത്തിനു വേണ്ടി ജഘന്യവും നീചവുമായ മനോഭാവം പ്രകടമാക്കുന്നു. കോമ്റേഡ് ഭോല വധശിക്ഷയിൽ നിന്ന് ഇളവു കിട്ടിയവനാണ് . എന്നാൽ പല കുറ്റങ്ങൾക്കായി അയാൾക്ക് പതിമൂന്നു കൊല്ലത്തെ ജയിൽ ശിക്ഷ വിധിച്ചു. നല്ല രസികനായ മനുഷ്യൻ. സദാ മുഖത്തു മന്ദഹാസം. ഏറ്റവു മധികം പ്രയാസമുള്ള പ്രവർത്തനത്തിനാണ് അയാൾക്ക് ഏറെ സന്തോഷം. ബാലന്മാരെപ്പോലെ സരളനും പതറാത്ത വനുമായ ആ ദേശസേവകന് ചിന്തിക്കാനുള്ള കഴിവ് കമ്മിയാണ് . എന്നാൽ കൽപന അനുസരിക്കുന്ന കാര്യത്തിൽ ഒരു കൂസലുമില്ല. ഈ കോമ്റേഡിനെയും, ഞാൻ രണ്ടാം നമ്പർ വാർഡിലായിരുന്ന കാലത്ത് , പരിപ്പിലിടുന്ന ഉപ്പിനു വേണ്ടി കമലേശ്വർ പ്രസാദിന്റെ തല തല്ലിപ്പൊളിക്കാൻ പുറപ്പെട്ടവരുടെ കൂട്ടത്തിൽ കണ്ടിട്ടുണ്ട് .

രാഷ്ട്രീയ ത്തടവുകാരുടെ ഈ ദൗർബല്യങ്ങൾ നിത്യവും ജയിലധികാരികൾ ശ്രദ്ധിക്കുന്നു. അതിനാൽ നാട്ടുകാർ ബഹു മാനിക്കുന്ന രാഷ്ട്രീയ പ്രവർത്തകരെ ജയിലധികാരികൾക്ക് എങ്ങനെ ആദരിക്കുവാൻ തോന്നും? അതുകൊണ്ടായിരി ക്കണം നാട്ടുകാരുടെ പ്രശംസയെക്കാൾ അധികം ഇവരിൽ നിന്നു കിട്ടുന്ന പ്രശംസയ്ക്കായി ഞാൻ കൊതിക്കുന്നത്. ജ യിലർ ഒരു ദിവസം സുപ്രണ്ടിനോടു പറയുന്നതുകേട്ടു — 'ഒമ്പതും പത്തും നമ്പർ സെല്ലുകളിൽ കിടക്കുന്ന പുള്ളികൾ മര്യാദക്കാരാണ്. ദേ നെവർ ഗ്രൗസ് ആൻറ് ഗ്രംബൽ' അവരുടെ പ്രശംസയുടെ അളവുകോൽ ഇതാണ്: അന്ന് സൂപ്രണ്ട് എനിക്കു വല്ലതും ആവശ്യമുണ്ടോ എന്നു ചോദിച്ച പ്പോൾ ജയിലർ അദ്ദേഹം ഒരു നോട്ടുബുക്കു നിവർത്തി പേനയെടുത്തു പിടിച്ചുകൊണ്ട് എനിക്കാവശ്യമുള്ള വസ്തു ക്കൾ എഴുതാൻ ഉഷാറായി നിന്നു. ഞാൻ ആ ശുദ്ധനെ നിരാ ശനാക്കി. സെല്ലിനു പുറത്ത് വെച്ചിട്ടുള്ള മൺകൂജയ്ക്കരികി ലായിരുന്നു അന്നു ജയിലർ നിന്നത്.

സെല്ലിനു പുറത്ത് വാതി ലിനു മുമ്പിൽ ഒരു കൂജയുണ്ട്. വെള്ളമാണതിൽ. ഇത് പ്പ് നെ ആത്മഹത്യയിൽ നിന്നു തടയുന്നതിന് പുറത്തുവെച്ചതല്ല. സെല്ലുകളിലെ എല്ലാ തടവുകാരുടെയും ആവശ്യം നിർവ്വ ഹിക്കുന്നത് ഈ കൂജയിലെ വെള്ളമാണ് — ഒമ്പതും പത്തും നമ്പർ സെല്ലുകളിലൊഴികെയുള്ളവർ ദാഹിക്കുമ്പോൾ വാർ ഡറെ വിളിക്കുന്നു. അല്ലെങ്കിൽ മണിയടിക്കുന്നു. വാർഡർ സന്മനസ്സുള്ളപ്പോൾ സൗകര്യംപോലെ എഴുന്നേറ്റു വെള്ളം കൊടുക്കും. വെള്ളം ആവശ്യപ്പെട്ടാൽ ഉടനെതന്നെ ആർക്കും കിട്ടാറില്ല. വളരെ പേർ ഒന്നിച്ചു താണുംകേണും അപേക്ഷിക്കു മ്പോഴായിരിക്കും വാർഡർ പതുക്കെ എഴുന്നേൽക്കുന്നത്. ഒന്നാം നമ്പർ സെല്ലിനോട് ആദരവ് അധികമാണ് . അതു കൊണ്ടാണ് കൂജ എന്റെ സെല്ലിന്റെ മുമ്പിൽ സ്ഥാപിച്ചിരി ക്കുന്നത് . കൂജയുടെ കുഴൽ സെല്ലിന്റെ അഴികൾക്കിടയി ലൂടെ അകത്തേക്കു തിരിച്ചു വെച്ച് ഞാൻ ഗ്ലാസിൽ വെള്ളം പകർന്നു. കഴിയുന്നതും വെള്ളം അഴികൾക്കുപുറത്തേക്കു ഒഴിക്കണമെന്ന ഉദ്ദേശത്തോടെ മുഖം കഴുകി. കണ്ണും മുഖവും കത്തുകയായിരുന്നു. സെല്ലിൽ ചാലില്ല. വാതിലിന്റെ ചോട്ടിൽ കൂടെ വേണം വെള്ളം പുറത്തേക്കൊഴുകാൻ. മുഖം കഴു കുന്ന സമയം വെള്ളം അകത്തുതന്നെയായിരുന്നു വീണത ധികവും. കുലുക്കുഴിഞ്ഞ് പുറത്തേക്കു തുപ്പി. മതിലും നില വും ഒന്നിച്ചു ചേരുന്നിടത്തുള്ള ആ ചെറിയ മരത്തിലേക്ക് . ഇങ്ങനെ ദിവസവും ഞാൻ ആ മരം നനയ്ക്കാറുണ്ടു് — കുലു ക്കുഴിയുമ്പോഴെല്ലാം — അത് എവിടത്തോളം നീട്ടിത്തുപ്പാമെ ന്നു നോക്കുമ്പോഴെല്ലാം. പൊതുവേ അങ്ങനെയൊരു ധാരണ ഉണ്ടായി എന്നേ പറയേണ്ടു. നിന്നും ഇരുന്നും ചുണ്ടുകളുടെ പിടുത്തം മാറ്റിയും മറിച്ചും എത്രയോ തവണ ഞാൻ എന്നോടു തന്നെ മത്സരിച്ചു നോക്കിയിരിക്കുന്നു — ആദ്യത്തെ റെക്കോഡ് തകർക്കാൻ പ്രയത്നിച്ചിരിക്കുന്നു. ഉച്ചയ്ക്ക് സിമന്റിട്ട തറ ചുട്ടുപഴുത്ത ചപ്പാത്തിക്കല്ലുപോലെ പുകയുമ്പോൾ കുലു ക്കുഴിയുന്നു, തുപ്പുന്നു. പിന്നെ ഒന്ന് രണ്ട് എന്ന് എണ്ണിത്തുട ങ്ങുന്നു— എത്രനേരം കൊണ്ട് വെള്ളം ഉണങ്ങുന്നു എന്നറി യാൻ. എന്തുമരമാണ്, ആർക്കറിയാം? ഇലകൾക്കു ചെമ്പുനിറം. കാഴ്ചയ്ക്ക് വേപ്പിലപോലെ. റാന്തൽ മുമ്പിൽ തന്നെയിരി ക്കുന്നു. അതുകൊണ്ട് മരം നന്നായി കാണാം. മരമാവില്ല, വല്ല ലതയുമാവും — മതിലിൽ പറ്റിപ്പിടിച്ചിരിക്കുന്നു. റാന്ത

ലിന്റെ വെളിച്ചത്തിൽ അതിന്റെ മഞ്ഞപ്പൂക്കൾ കാണാൻ വിഷമം. അതിന്റെ ഒരു ജിജീവിഷ നോക്കൂ. മതിലിൽ എവിടെയോ ചെറിയ ഒരു വിള്ളലുണ്ട് . അതിലൂടെയാണത് ജീവനശക്തി വലിച്ചെടുക്കുന്നത് . ഞാൻ ഇല്ലാതായാലും അതു വലിച്ചെടുക്കും. എന്റെ കുലുക്കുഴിഞ്ഞ വെള്ളം തന്നെ വേണമെന്ന് അതിനു നിർബന്ധമില്ല. അതു കണ്ടാലറിയാം അതിന്റെ ഇല പറിച്ചെടുത്താൽ ഞെട്ടിൽനിന്ന് പാൽപോലെ ചാറ ഒഴുകും. കുരുടുപാല് അഥവാ 'ഖീരുയീ' എന്നു നമ്മളൊക്കെ പറയാറുള്ള മരത്തിന്റെ ചാറും ഇതേവിധമിരിക്കും. വലിയമ്മായി ആ ചാറ് എന്റെ കഴുത്തിനു താഴെ ഉണ്ടായ ഒരു വ്രണത്തിന്മേൽ പുരട്ടുകയുണ്ടായിട്ടുണ്ട് , വ്രണം പൊട്ടുവാൻ. അതിനുശേഷം ദുർഗയേട്ടത്തിയുടെ കളിവീട്ടിൽ കത്തിച്ചുവെയ്ക്കുവാൻ ഒരു മൺചെരാതിൽ ഞാനും നീലുവും കൂടി എത്രയോ തവണ ആ ചാറ് ശേഖരിച്ചിട്ടുണ്ട് .

ദുർഗയേടത്തിയുടെ അനുജത്തി ടേപ്പി, ചളിപുരണ്ട ഫ്രോക്ക് ധരിച്ചുകൊണ്ടങ്ങനെ നടക്കും. മിടഞ്ഞിട്ട മുടി. ഞാനും നീലുവും അവളെ ആശ്രമത്തിനരികിൽ ഗംഗാ– ദാർജിലിങ് റോഡ്‌വക്കത്തു നിൽക്കുന്ന റബ്ബർ മരത്തിന്റെ ചോട്ടിലേക്കു കൂട്ടിക്കൊണ്ടുപോയിട്ടുണ്ട് – മരത്തിൽ നിന്നും റബ്ബർ വെട്ടിയെടുക്കുന്നത് എങ്ങനെയാണെന്നു കാട്ടിക്കൊടുക്കുവാൻ. ഞാൻ ഒരു മരത്തിൽക്കയറി കത്തികൊണ്ട് തടിയിൽ നിന്നും തോൽ വേർപെടുത്തി. ടപ് –ടപ് എന്നു പാൽപോലത്തെ ചാറ് ഇറ്റിറ്റു വീഴുവാൻ തുടങ്ങും. നീലു ടേപ്പുവിനെ അതിന്റെ ചോട്ടിൽ പിടിച്ചു നിർത്തി. മോളിലേക്കു നോക്കരുതെന്നു മുന്നറിയിപ്പു കൊടുത്തു. അവളുടെ തലയിൽ ഇറേയ്സർ തയ്യാറാക്കാൻ പോകയാണത്രേ! പിന്നീട് ടേപ്പിയുടെ വിതുമ്മി വിതുമ്മിയുള്ള ആ കരച്ചിൽ! ഹൗ! റബ്ബർ ചാറ് തലയിൽ ഉറഞ്ഞ് മുടി ജടപോലയാക്കി. അന്ന് ഞങ്ങൾ രണ്ടു സഹോദരന്മാർക്കും അമ്മയിൽനിന്നു കിട്ടിയ പ്രഹരം! അച്ഛൻ എവിടേക്കോ പോയിരിക്കയായിരുന്നു. അതു കഴിഞ്ഞു രണ്ടു മാസത്തിനകം ടേപ്പി നമ്മെയെല്ലാം വിട്ടുപോയ്ക്കളഞ്ഞു. എനിക്കും നീലുവിനും ഉണ്ടായ അസഹ്യമായ മനോവ്യഥ പറയാനരുത് . ആശ്രമത്തിലെ അശോക മരച്ചോട്ടിലിരുന്ന് തലയിൽ റബ്ബർ വീണതുകൊണ്ടുതന്നെയാണ് അവൾക്ക് ഡിഫ്ത്തേറിയ പിടിപെട്ടതെന്ന് വിധിച്ചു. കാർതിക്

ഡോക്ടർ ടേപ്പിയുടെ തൊണ്ടകീറി റബറിന്റെ ചാറ് പുറത്തെടുക്കുകയുണ്ടായെന്ന് നീലു ആരോ പറഞ്ഞു കേട്ടറിഞ്ഞുവത്രെ. അമ്മ അന്ന് ദുർഗയേടത്തിയുടെ വീട്ടിലെ കുട്ടികളെയെല്ലാം ആശ്രമത്തിലേക്കു കൂട്ടിക്കൊണ്ടുവന്നു. ടേപ്പിയുടെ അനുജൻ മോംദാ—ഇക്കൊല്ലം അയാൾ വക്കീലായി—അന്ന് എത്ര കൊച്ചുകുട്ടിയായിരുന്നു. അമ്മയുടെ അടുത്താണ് അന്ന് മോംദ ഉറങ്ങിയത് . രാത്രി വീട്ടിൽ പോകണമെന്നു പറഞ്ഞ് എത്ര കരഞ്ഞു!

വാതിൽക്കൽ ഇരിക്കാൻ വയ്യാതായിരിക്കുന്നു. അവിടം നനഞ്ഞിരിക്കുന്നു. നീലവരയുള്ള നിക്കർ കൊണ്ട് വെള്ളം തുടച്ചു കളഞ്ഞു. ഇനി നിക്കറിൽ ചളി പുരണ്ടാലും സാരമില്ല. നാളെ ഇതു ധരിക്കേണ്ടതില്ലല്ലോ. ഒമ്പതു വർഷം മുമ്പ് ഉണ്ടായ ഭൂകമ്പത്തിൽ ഇവിടെ നിലത്ത് വിള്ളലുകൾ ഉണ്ടായി. ഇന്നും അത് അതേപടി കിടന്നുകൊണ്ട് പി.ഡബ്ല്യൂ.ഡി.ക്കാരുടെ ജാഗരൂകത വിളിച്ചറിയിക്കുന്നു. ഒന്നാം നമ്പർ സെല്ലിൽ കിടക്കുന്നവനെപ്പറ്റി എന്തുണ്ടു ചിന്തിക്കാൻ? ഈ മുറി കഴുമരത്തിന്റെ നന്നേ അടുത്താണ് . തൂക്കിക്കൊല ഏറെ താമസിയാതെ നടത്താൻ വിധിക്കപ്പെട്ടവനെയാണ് ഈ മുറിയിൽ കൊണ്ടുവന്നിടുക. നാലായിരത്തി അഞ്ഞൂറു ജയിൽപ്പുള്ളികളുള്ളതിൽ എനിക്കാണ് ഈ മുറിക്ക് ഏറ്റവുമധികം അവകാശം. പി.ഡബ്ലിയു.ഡി. വിഭാഗക്കാരുടെ വിചാരം ശരിയാണ്.. ഈർപ്പം കൊണ്ട് വാതം പിടിക്കാൻ ആവശ്യമുള്ളത്ര ദിവസം ഈ മുറിയിൽ വരുന്നവർക്ക് കിടക്കേണ്ട യോഗം വരില്ല. ഒരുവന്റെ പൊട്ടഭാഗ്യത്തിന് അയാളുടെ 'മെർസി പെറ്റീഷൻ' അനുവദിച്ചാലോ, പിന്നെയീരോഗം ഒരു രോഗമായി കണക്കാക്കേണ്ടതുതന്നെയില്ല. എന്നാൽ ഈ നനഞ്ഞ നിലത്തിരുന്നാൽ ആരോഗ്യം തകരാറിലായേക്കുമെന്ന് ഇന്നു ഞാൻ ഭയപ്പെടുകയാണ് . ഒരു കഥ വായിച്ചിട്ടുണ്ട് . ഒരു മനുഷ്യൻ ആത്മഹത്യ ചെയ്യുവാൻ പോകുകയായിരുന്നു. വിഷക്കുപ്പി വായയോടടുപ്പിച്ചു. ഇതുകണ്ട അയാളുടെ ചങ്ങാതി കൈത്തോക്ക് നേരെചൂണ്ടിക്കൊണ്ടു പറഞ്ഞു— എടാ വലിച്ചെറിയ് ആ കുപ്പി! ഇല്ലെങ്കിൽ വെടിവെയ്ക്കും. അയാളുടെ കൈയിൽ നിന്ന് കുപ്പി വഴുതി വീണു. മനസ്സിന്റെ ഈദൃശഗതി ആർക്കു മനസ്സിലാക്കാൻ കഴിയും?

ഭൂകമ്പം കഴിഞ്ഞ് നിലം നന്നാക്കുന്ന സമയം പി.

ഡബ്ലിയു.ഡി. ക്കാരുടെ കണ്ണിൽ ഈ കുഴി പെട്ടില്ലെന്നു വരാം. ഇഞ്ചിനീയറെ കുറ്റപ്പെടുത്താൻ വയ്യ. അത്രവേഗം കണ്ടെ ത്തുകയില്ല. അതിന്റെയടുത്തെങ്ങാനും വെള്ളം വീണാൽ ആ കുഴിയിലേക്കാണ് ഒഴുകുക. അതു നിറയുമ്പോൾ അവിടെ അങ്ങനെയൊന്നുണ്ടെന്ന് അറിയാറാവുന്നു. അന്ന് ഭൂകമ്പ സമയത്ത് എന്തെല്ലാം വിലക്ഷണതകളാണുണ്ടായത്! 1934 ലെ ഭൂകമ്പത്തെപ്പറ്റിയാണു പറയുന്നത്. ഗവൺമെൻറ് പാട്നാക്യാമ്പ് ജയിലിൽനിന്ന് എല്ലാ രാഷ്ട്രീയ തടവു കാരെയും വിട്ടു — ഭൂകമ്പ പീഡിതരായവർക്ക് ആശ്വാസന പടികളിൽ സഹായിക്കാൻ. നീലു 1932 ൽ തന്നെ വിമോചിത നായിരുന്നു. ബാബുജിയും അമ്മയും ജയിലിൽ തന്നെ. നീലു അമ്മായിയുടെ വീട്ടിൽ താമസിച്ചു പഠിക്കുന്നു. ഞങ്ങൾ ബി.എൻ.ഡബ്ലിയു. തീവണ്ടിയിൽ സഞ്ചരിക്കുകയായിരുന്നു. ഓരോ സ്റ്റേഷനിലും കാണാമായിരുന്നു ഭൂകമ്പത്തിന്റെ വിധ്വംസലീലകൾ. ഒരു സ്റ്റേഷനിൽ ഞങ്ങൾക്കു തങ്ങേണ്ടി വന്നു. പാലം തകർന്നു കിടക്കയാണ്. പുഴ കടക്കണമെങ്കിൽ തോണി വേണം. ഗവൺമെൻറ് വകയായി മുമ്മൂന്നണ ക്ഷേണച്ചെലവു കിട്ടി. പുഴവക്കത്തുവെച്ചു വില്ക്കുന്ന തൈരു കാരനുമായി, നന്നാലുപൈസയ്ക്ക് ആർക്ക് എത്ര വേണമെ ങ്കിലും കുടിക്കാവുന്നിടത്തോളം കുടിക്കാമെന്ന് ഒരു കരാറിലെത്തി. നഗേന്ദ്രസിംഹ് നാലഞ്ചുസേർ അകത്താക്കി— മധുരമിടാതെ, ചുകന്ന നിറമുള്ള 'മഹുവ' തൈർ. മടിയിൽ പൈസയില്ല. കാഠാഗോലറോഡ് റെയിൽവേ സ്റ്റേഷനിൽ നിന്നങ്ങോട്ട് പൂർണിയ വരെ ചിവിട്ടിപ്പിടിച്ചു നടക്കേണ്ടിവരും. ഗൈംജെസ് — ദാർജിലിങ് റോഡിൽ എത്ര വലിയ വലിയ വിള്ളലുകൾ! ഹർദയിലെ പാലവും തകർന്നിരുന്നു. അവിട ത്തെ അങ്ങാടിയിലെത്തിയതോടെ കാൽ തളർന്നു. ദുബേജി കോൺഗ്രസ് പ്രവർത്തകനായിരുന്നു. അയാളുടെ കടയിൽ കയറിച്ചെന്നപ്പോൾ അയാളുടെ പത്നി ഓടി അകത്തേക്കു പോയി. ഏറെ താമസിയാതെ 'പർനാം' എന്നു പറഞ്ഞു കൊണ്ട് തിരിച്ചുവന്നു. മിൽസാരി മാറ്റി ഖദർസാരി ഉടുത്തു വന്നരിക്കുന്നുവെന്നു ഞാൻ കണ്ടു. ഇത്ര പ്രായമായിട്ടും കാണാൻ സുന്ദരി. വളവില്ലാത്ത ദേഹം, മൂക്ക് തത്തച്ചുണ്ടു പോലെ. എല്ലാത്തിലും ഉപരി മുഖത്ത് പ്രകടമാകുന്ന ആഭിജാത്യം ആ വൃദ്ധയെ ശ്രീയുള്ളവളാക്കുന്നു. ദുബേജി യുടെ പത്നിയും ദുബേജിയും നൽകിയ ആ സൽകാരം!

പാലിൽ അവൽ നനച്ച് തൈരു ചേർത്തുണ്ടാക്കിയ പദാർത്ഥം, ചിരിച്ചു നേരമ്പോക്കു പറഞ്ഞുകൊണ്ട് ഞങ്ങളെല്ലാവരും തൃപ്തിയാവോളം ഭക്ഷിച്ചു. ദൂബേജിയായിരുന്നു നേരമ്പോക്കിനു ലക്ഷ്യം. അദ്ദേഹത്തിൻെറ ഭോജപുരിഭാഷയെ അനുകരിക്കാൻ ഞങ്ങൾ ശ്രമിക്കുകയായിരുന്നു. ദൂബേജി അക്ഷരങ്ങൾ മാറ്റിമറിച്ചാണു പറയുക. ഈ നേരമ്പോക്കിൽ ആ ദമ്പതികളും പങ്കുകൊണ്ടു. നെരിപ്പോടിൻെറ ചുറ്റുമിരുന്ന് , രാത്രി വളരെ നേരം ചെല്ലും വരെ ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. ദൂബേയുടെ പത്നി ഉപ്പുസത്യാഗ്രഹസമയത്ത് ജയിലിൽ പോവുകയുണ്ടായിട്ടുണ്ട് . എന്നാൽ എന്തുകൊണ്ടോ, ദൂബേജിയെ ജയിലിൽ അടച്ചില്ല. പ്രായാധിക്യം വിചാരിച്ചിട്ടാവാം. അന്നുതൊട്ട് താനാണ് ദൂബേജിയേക്കാൾ കേമത്തിയെന്നാണ് പത്നിയുടെ നാട്യം. ദൂബേജി എന്നോട് ഇതേപ്പറ്റിയെല്ലാം പരാതി പറഞ്ഞു. ആ ദമ്പതിമാരുടെ മനസ്സ് നേർവഴിക്കുള്ളതായിരുന്നു. അവരുടെ സ്വത്തെല്ലാം കോൺഗ്രസ്സിനു കൊടുത്തു. എല്ലാവരും കിടന്നു. ഞങ്ങൾ ഉറങ്ങിയെന്നാണ് അവർ വിചാരിച്ചത് . ഉറക്കത്തിനു തടസ്സം വരരുതെന്നു വെച്ച് സാവധാനം ഞങ്ങൾ പുതച്ചിരുന്ന കമ്പിളിക്കു മീതെ മറ്റൊന്നു കൂടി പുതപ്പിച്ചു. അവിടന്നു പുറപ്പെട്ടനേരം പ്രൈമറി സ്കൂളിൻെറ അരികിലേക്ക് കൂട്ടിക്കൊണ്ടുപോയി രഹസ്യമായിപറഞ്ഞു, 'എൻെറ ഒരപേക്ഷ സാധിപ്പിക്കാതെ പറ്റില്ല. ഞങ്ങൾക്കു സന്താനങ്ങളില്ല. നിങ്ങളെ എന്നോ തൊട്ട് —ഒരിത്രയുമുള്ളകാലം തൊട്ടുതന്നെ— ഞാൻ കണ്ടുവരികയാണ് . മാസ്റ്ററദ്ദേഹത്തിൻെറ മകൻ ഞങ്ങൾക്കും സ്വന്തം മകനെപ്പോലെ തന്നെ. നിങ്ങൾ ബംഗാളികളാണ് ബിലു ബാബു! ഞങ്ങൾ പാവങ്ങൾ. ഞങ്ങൾക്കുവേണ്ടി ഒരു ഭാരം നിങ്ങൾ ഏൽക്കണം. എനിക്കു കുറച്ചു നിലമുണ്ട് . അതിൽ നിന്നു കിട്ടുന്ന ആദായം ഞാൻ കോൺഗ്രസ്സിനു വേണ്ടി ചെലവാക്കുന്നു. ഞങ്ങൾ ആ സ്വത്ത് എഴുതിവെയ്ക്കുവാൻ വിചാരിക്കയാണ് . ഞങ്ങളുടെ കാലശേഷം അത് മഹാത്മജിയുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കണം. ഇനി ഞങ്ങൾക്കു ജീവിതം എത്ര നാളെയ്ക്ക് ?' അദ്ദേഹത്തിനു ഞാൻ വാക്കു കൊടുത്തു. ദൂബേ പത്നി ഇപ്പോഴും വർണ കടലാസ്സു പതിച്ച രഥത്തിൽ ഇരിക്കുന്ന ശ്രീരാമൻെറ പ്രതിമയ്ക്കു മുമ്പിൽ ഇരുന്ന് നിലവിളക്കിൻെറ വെളിച്ചത്തിൽ തക്ലി തിരിക്കുന്നുണ്ടാവും.

അവിടന്ന് , പിറ്റേന്നാൾ നേരം ഉച്ചയായി, പൂർണിയയിൽ എത്തിയപ്പോൾ. ഗാന്ധി ആശ്രമം ഗവൺമെൻറ് ജപ്തി ചെയ്തു. എങ്കിലും അവിടേക്കു തന്നെ നടന്നു. അകലെ നിന്നുതന്നെ കണ്ടു—ഡിസ്ട്രിക്ട് കോൺഗ്രസ് ഓഫീസി ന്നരികിലുള്ള ശിംശിപ വൃക്ഷം മഞ്ഞ കലർന്ന തവിട്ടു നിറമുള്ള വിഗ്നോലിയപ്പൂക്കൾ നിറഞ്ഞുനിൽക്കുന്നു. അന്നു ഞാൻ തന്നെയായിരുന്നു ആ ലത ആ മരത്തിൽ പടർത്തിയത് . മുമ്പ് ധ്വജസ്തംഭത്തിലെ പതാക ദൂരെ നിന്നുതന്നെ കാണാൻ കഴിയുമായിരുന്നു. ഇപ്പോഴതില്ല. നീന്തിക്കൊണ്ടിരിക്കുന്ന മേഘങ്ങളുടെ പശ്ചാത്തലത്തിൽ വിഗ്നോലിയപ്പൂക്കൾ തിങ്ങി നിൽക്കുന്ന ശിംശിപ വൃക്ഷം രാഷ്ട്രീയ പതാകയ്ക്കു പകരം നിൽക്കുകയാണ് —വെള്ള, ചുകപ്പ് , പച്ച — മൂന്നു നിറം. ആശ്രമഭവനം വൈക്കോൽ മേഞ്ഞതാണ് . ഞങ്ങളുടെ പുരയുടെ വേലി പൊളിഞ്ഞു കിടക്കുന്നു. ട്യൂബ് വെല്ലിൻെറ മുകൾഭാഗം കാണ്മാനില്ല. എസ് .ഡി.ഒ. അദ്ദേഹം സീൽവെച്ച വാതിലിൻെറ താഴ് എവിടെ? ബെഞ്ചുകളും അലമാരിയു മൊഴികെ മുറിയിൽ മറ്റൊന്നുമില്ല. ചെറുചെറു സാധന ങ്ങളെല്ലാം കിട്ടിയവർ കിട്ടിയവർ കടത്തി. അടുക്കളവാതി ലിൻെറ രണ്ടു കതകുകളും ആരോ ഊരിക്കൊണ്ടുപോയി. മഹാത്മാജിയുടെ ചിത്രം മോഷ്ടിക്കപ്പെട്ടിരിക്കുന്നു. കുഞ്ഞേ ടത്തി നൂൽകൊണ്ട് ഒരു മൂങ്ങയെ ഉണ്ടാക്കി ഫ്രെയിം ചെയ്യിച്ചു വെച്ചിരുന്നതും തഥൈവ. സഹദേവൻെറ പെങ്ങൾ സര സ്വതി കൊച്ചുന്നാൾ കാർപെറ്റിൽ "അൺടച്ചബിലിറ്റി ഈസ് എ സിൻ" എന്നു തുന്നിയിരുന്നു, 'സിൻ'—ൻെറ എൻ സെഡ് പോലെ തോന്നിയിരുന്നു. അതും അവിടെയില്ല. ഞാനെഴുതിയ കവിത നീലു ബോർഡിൽ ഒട്ടിച്ചുവച്ചിരുന്നത് സുരക്ഷിത മായിരിക്കുന്നു. അതിൻെറ കൈപ്പട മായാൻ തുടങ്ങിയിരി ക്കുന്നു. ഞാൻ രബി ബാബുവിൻെറ ഒരു ചിത്രം വരച്ചു ബോർഡിൽ ഒട്ടിച്ചിരുന്നു. അതും ആർക്കും വേണ്ട. അത് ഫ്രെയിം ചെയ്യിക്കാതിരുന്നതുകൊണ്ടാവാം ആർക്കും വേണ്ടാ തായത് . പൂച്ചെടികൾ ഒന്നും ഒഴിവാക്കിയിട്ടില്ല. റോസും വെ ള്ളയും നിറമുള്ള 'മിൻക'പ്പൂക്കൾ മുറ്റം നിറഞ്ഞു നിൽക്കുന്നു. ഇവ ആടും പശുവും തിന്നുകയില്ലെന്നു തോന്നുന്നു. നടു വിൽ രണ്ടുമൂന്ന് ആവണക്കിൻചെടികൾ തലയുയർത്തി നിൽ ക്കുന്നു. ആഭിജാത്യമില്ലാത്ത മിൻകപ്പൂക്കളുടെ താന്തോന്നി ത്തത്തിനെ താക്കീതു ചെയ്യുന്നപോലെ. പട്ടുപുഴുക്കളെ

വളർത്താൻ വെച്ചിരുന്ന മുറി തകർന്നുവീണിരിക്കുന്നു. കാളവണ്ടിയുടെ രണ്ടു ചക്രവും ആരുരികൊണ്ടുപോയോ? എണ്ണയാട്ടുപുര കുതിർന്നു വീണിട്ടില്ല. പക്ഷേ അവിടെ തുവരപോലുള്ള ഏതോ ചെടികൾ തിങ്ങി മുളച്ചു നിൽക്കുന്നു. കടന്നു ചെല്ലാൻ വയ്യ. ലൈബ്രറിപ്പുസ്തകങ്ങൾ ഒന്നു പോലും ബാക്കിയില്ല. ഹാളിൽ ചപ്പും ചവറും തന്നെ. അവിടെ ആടുകളെയും പശുക്കളെയും കൊണ്ടുവന്നു കെട്ടാറുള്ളതിൻെറ ലക്ഷണമുണ്ട് . ഈ ദുർദിനത്തിലും ആശ്രമത്തിൻെറ അയൽക്കാർ കോൺഗ്രസ് ഭവനം മറന്നില്ലല്ലോ. മനസ്സ് വിഷാദമഗ്നമായി. ആശ്രമത്തിൽ നിന്നിറങ്ങി അമ്മായി യുടെ പുരയുടെ പടിവാതിൽ കടന്നുചെന്നു. ഇത് അച്ഛൻെറ ആത്മസുഹൃത്തിൻെറ ഭവനമാണ് . ഭവനത്തിനു നേരെ മുമ്പിൽ തന്നെ ഒരു പന്തലുണ്ടായിരുന്നു. അതിൻെറ വാതിൽക്കൽത്തന്നെ ഒരു വെളുത്ത ആട് മോന്തയുയർത്തി, അതിൽ തന്നെലയിച്ച് , ലതകൾ തുന്നിപ്പിടിപ്പിച്ചിട്ടുള്ള ഒരു ടേബിൾ ക്ലോത്ത് ചവയ്ക്കുകയായിരുന്നു. എന്നെ കണ്ടിട്ട് വീട്ടിലുണ്ടായിരുന്നവരെല്ലാം ഓടിയെത്തി. അവർ മുറ്റത്ത് ഭൂകമ്പം മൂലം ഉണ്ടായ വിള്ളലിലേക്ക് സൂക്ഷിച്ചു നോക്കുകയായിരുന്നു, നിലത്തു കമിഴ്ന്നു കിടന്ന് . അവിടെ എന്തു ചെയ്യുകയായിരുന്നുവെന്ന് ഞാൻ ചോദിച്ചു. അവിടെക്കൂടെ നോക്കിയാൽ അമേരിക്ക കാണാമെന്ന് കൊച്ചമ്മാവൻ പറഞ്ഞത്രേ. ഒരു വൃദ്ധ അകത്തേക്കു വിളിച്ചു പറഞ്ഞു കൊണ്ടോടി, 'വല്യമ്മേ, നോക്കൂ ആരാണീ വന്നിരിക്കുന്നതെന്ന് ' അമ്മായിയും കുഞ്ഞേടത്തിയും ഭക്ഷണത്തിനിരിക്കുകയായിരുന്നു. 'എവിടെ എൻെറ കുഞ്ഞേടത്തി' എന്നു ചോദിച്ചു കൊണ്ട് അകത്തേക്കു ചെന്നപ്പോൾ അവർ ഭക്ഷണം മതിയാക്കി എഴുന്നേറ്റു വന്നു. അമ്മായിയുടെ വലതുകൈ എച്ചിലായിരുന്നു. ഇടത്തേ കൈകൊണ്ടു കൂട്ടിപ്പിടിച്ചു തഴുകി. നീലുവും അവിടെ ഉണ്ടായിരുന്നു. കണ്ണുതിരുമ്മിക്കൊണ്ട് പുറത്തേക്കു വന്നു. അമ്മായിക്കു ഇനി ഇന്നത്തെ ഊണ് ഊർധ്വം. ഇനി അവരുടെ കിണ്ണത്തിലിരുന്ന് അതൊക്കെ അകത്തേക്കു ചെലുത്തിക്കോ എന്നു പറഞ്ഞ് നീലു ഉറക്കെ ചിരിച്ചു. കുഞ്ഞേടത്തി പറഞ്ഞു, 'കണ്ടില്ലേ എൻെറ ഊണു കഴിയാറായി.' അവരുടെ മുഖത്ത് കപടക്രോധഭാവം. അമ്മായി നീലുവിനെ ശാസിച്ചു, 'നീ ആ വീണു കിടക്കുന്ന മുറിയിൽ കിടന്നുറങ്ങി ഇല്ലേ? ചതഞ്ഞരഞ്ഞു ചാവാനാണോ മോഹം? നിന്നെക്കൊണ്ടു ഞാൻ തോറ്റു. ഇനി നിന്നെ ഞാനി

വിടെ വെച്ചു കൊണ്ടിരിക്കാൻ വിചാരിക്കുന്നില്ല. അമ്മാവന്റെ അടുക്കലേക്ക് അയച്ചേക്കാം. എന്തൊരു വികൃതിത്തം. ഇന്ന ലെയും അവിടെത്തന്നെയാണു കിടന്നതെന്നോ!' പിന്നെ പലതും സംസാരിച്ചു. പല കഥകളും പറഞ്ഞു. നീലു പറഞ്ഞ തുതന്നെ അവസാനം ഫലിച്ചു. എനിക്ക് അമ്മായിയുടെ ഇലയിൽ തന്നെ ഉണ്ണേണ്ടിവന്നു. അമ്മായിയുടെ വീട് ഞങ്ങൾ ക്കു സ്വന്തം വീടുപോലെ തന്നെയായിരുന്നു. അമ്മായിയുടെ വീട് ഞങ്ങൾക്കെപ്പോഴും 'ആ വീട് ' ആയിരുന്നു.

അമ്മായിയെ ഓർക്കുകയാണ് . മേൽനിരയിലെ രണ്ടു പല്ലുകൾ പുറത്തേക്കുന്തിനിൽക്കുന്നു. രണ്ടു പുരികങ്ങൾക്കും മധ്യേ നെറ്റിയിൽ പച്ചകുത്തിയിരിക്കുന്നു. നെറുകയിൽ എള്ളും അരിയും പ്രായത്തിലുള്ള മുടി. കൊച്ചു മുഖം. മുഖത്തു ചിരിവറ്റിയ നേരമില്ല. ചിരിക്കുമ്പോൾ താഴ്നിരയിലെ രണ്ടു പല്ലുകൾ നടുവിൽ നിന്ന് കൊഴിഞ്ഞുപോയിട്ടുള്ളതു കാണാം. ഉടുക്കുന്നതു വെള്ളപ്പട്ടുസാരി. മുഖത്തും ഹാവഭാവാദിക ളിലും സാധാരണ കാണാൻ കഴിയാത്ത ഒരു മാതൃത്വ ഗൗരവം. റാഫേലിന്റെ മാതൃമൂർത്തി അതിഗംഭീരമാകുന്നു. എന്തോ ഒരു സങ്കുചിതമായ ഭാവം. സർവാംഗങ്ങളിലും സ്വച്ഛന്ദ മായൊരു വശ്യതയുടെയും ഗതിയുടെയും അഭാവം, ആസ്പ ത്രിയിലെ നഴ്സുകളെയും, മേട്രനുകളെയും പോലെ ഒട്ടിച്ചു വെച്ച ഗാംഭീര്യം നിറഞ്ഞത് . എന്നാൽ അമ്മായിയുടേതാ കട്ടെ നാടൻ പ്രതിമാ നിർമ്മാതാക്കൾ ആലേഖനം ചെയ്ത യശോമതിയുടെ (യശോദ) ചിത്രംപോലെ. തിളക്കവും വിള ക്കവുമില്ല, എന്നാൽ ഉള്ളിൽ തട്ടുന്നത് . എന്റെ അമ്മയ്ക്ക് എന്നോടും നീലുവിനോടുമുള്ള അതേ മനോഭാവം തന്നെ യാണ് അമ്മായിക്ക് ആ ചുറ്റുവട്ടത്തുള്ള എല്ലാ കുട്ടികളോ ടുമുള്ളത് . ഇവിടെ എല്ലാവർക്കുമായി വാതിൽ തുറന്നിട്ടിരി ക്കുന്നു. എന്നാൽ അവരിലെല്ലാം മുമ്പിൽ എനിക്കാണു സ്ഥാനമെന്ന് ഞാൻ അഭിമാനിക്കാറുണ്ട് . അമ്മായി എന്നോ ടു പക്ഷപാതം കാണിക്കുന്നുവെന്നു പറഞ്ഞ് നീലുവും മറ്റും അവരെ കലശലു കൂട്ടാറുണ്ട് . ആരെയും കാണാതെ എനി ക്കു പലഹാരങ്ങളും മറ്റും എടുത്തു സൂക്ഷിക്കുന്നുവെന്ന് പരാതിപ്പെടാറുണ്ട് . ഞാൻ ജയിലിലായിരുന്ന സമയം അമ്മാ യിക്ക് ഒരിക്കൽ സുഖമില്ലാതായി. ആ സമയം അവർ തന്റെ സ്വത്തെല്ലാം എനിക്കെഴുതിവെയ്ക്കണമെന്ന് ആഗ്രഹം പ്രക

ടിപ്പിച്ചുവത്രെ. സ്വന്തമെന്നു പറയാൻ ഒരു പഴയ തലയിണയുറയിൽ ഇരുപത്താറു രൂപയും ഒരു കലം നെയ്യും ആണ് ഉണ്ടായിരുന്നതെന്ന് വെളിവായി—പലപ്പോഴായി സ്വരൂപിച്ചു വെച്ചത് . നീലു നല്ല രസമായി ഇതൊക്കെ വിവരിച്ചു പറഞ്ഞ് പലപ്പോഴും അമ്മായിയെ കളിയാക്കിയിരുന്നു.

അമ്മായിയുടെ സഹോദരന്റെ പൗത്രിയുടെ കല്യാണത്തിന് ഒരിക്കൽ അവരെ കൂട്ടിക്കൊണ്ട് അവരുടെ ഗ്രാമത്തിൽ പോകയുണ്ടായി. പബ്ന ഡിസ്ട്രിക്ടിൽ യമുനാനദീതീരത്ത് അമ്മായിയോടൊപ്പം നാടുനടന്നു കാണാൻ പോയി. അവരുടെ കവിരാജേട്ടന്റെ അന്യം നിന്ന പുര, ഗ്രാമത്തലവന്റെ തകർന്ന ബംഗ്ലാവ് , അദ്ദേഹത്തിന്റെ പേരു പറഞ്ഞാൽ ഉണങ്ങിയ മരത്തിൽ കൂടി പൂക്കൾ വിടരുകയും നരിയും ആടും ഒറ്റക്കടവിൽ വെള്ളം കുടിക്കുകയും ചെയ്തിരുന്നു. അത്രയ്ക്കു പ്രതാപിയായിരുന്ന ഭൈരവമുഖിയയുടെ പഴയ ഭവനം. അങ്ങനെ എത്രയെത്ര സ്ഥാനങ്ങൾ! ഒന്നും എനിക്ക് പുത്തൻ കാഴ്ചയായി തോന്നിയില്ല. അത്രയേറെത്തവണ അമ്മായി ഇതേപ്പറ്റിയെല്ലാം എന്നോട് കുട്ടിക്കാലം തൊട്ടേ പറഞ്ഞിരുന്നു. ഇതിനുശേഷം ഈജമച്ചിറവക്കത്തുകൂടെ നടക്കുമ്പോൾ അമ്മായി ചൂണ്ടിക്കാണിച്ചു പറഞ്ഞു, 'ഇവിടെയാണ് നവദ്വീപ് ഡോക്ടർ സൈക്കിളിൽ നിന്നു വീണത് . അന്ന് ഈ ജില്ലയിൽ ഒരേയൊരു സൈക്കിളേ ഉണ്ടായിരുന്നുള്ളൂ. ചുറ്റുപാടുമുള്ളവർ സൈക്കിൾ കാണുവാൻ വന്നപ്പോഴുണ്ട് , മൂപ്പർ പരിഭ്രമിച്ച് ഒറ്റ വീഴ്ച. ഹതാ കിടക്ക്ണു!,' ഞാൻ ചോദിച്ചു. 'അമ്മായി! എന്നോട് പറഞ്ഞിട്ടുള്ളത് 'ഫെറിഫണ്ട് ' നിരത്തിൽ വെച്ചാണെന്നാണല്ലോ?' അമ്മായി പറഞ്ഞു, 'പറഞ്ഞില്ലേ, ഈ വഴിചെന്നു മുട്ടുന്നത് ആ നിരത്തിൽ തന്നെ. പിന്നെയൊരു കാര്യം. എന്നെ അമ്മായി, അമ്മായി എന്നുള്ള നിന്റെ വിളി എനിക്കൊരു ലേശവും പിടിക്കുന്നില്ലട്ടോ. എന്നെ അമ്മയെന്നു വിളിച്ചാലെന്താ നിനക്ക്?' ഞാൻ ആകെ പകച്ചുപോയി. മുഖത്തേക്കു നോക്കി. ഉത്സുകമായ ഭാവത്തോടെ കണ്ണുകളിൽ ജിജ്ഞാസ നിറച്ചുകൊണ്ട് എന്റെ മറുപടി കേൾക്കുവാൻ എന്നെ ഉറ്റു നോക്കി നിൽക്കുന്നു അവർ. ഗാഢസ്നേഹം കലർന്ന മാതൃത്വത്തിന്റെ ജ്യോതിസ്സിൽ അവരുടെ മുഖം തിളങ്ങുകയായിരുന്നു. ആ ചോദ്യം അത്രയ്ക്ക് അപ്രത്യാശിതമായിരുന്നതിനാൽ വായിൽനിന്ന് ഒരു

മറുപടി വരുവാൻ കുറച്ചു താമസം നേരിട്ടു. ഒന്നാലോചിച്ചിട്ടു പറഞ്ഞു, 'അമ്മായി തന്നെ അമ്മയെന്നു വെച്ചാൽ രണ്ടുപേരും ഒന്നുതന്നെയല്ലേ?' എന്റെ ഈ മറുപടി അവരെ അന്ധാളിപ്പിച്ചുകളഞ്ഞുവെന്നു ഞാൻ കണ്ടു. അപരാധിനിയെപ്പോലെ പറഞ്ഞു, 'നിനക്ക് അമ്മയുണ്ട് . ഞാൻ നിന്നോട് അങ്ങനെയൊരു കാര്യം പറഞ്ഞത് അന്യായമായിപ്പോയി'. അവരുടെ നോട്ടം ചിറയ്ക്കപ്പുറത്തേക്കായിരുന്നു. വിശേഷിച്ചൊരു വസ്തുവിലും അത് ഉറച്ചിരുന്നില്ല.

അന്നുതൊട്ട് മറ്റാരുമില്ലാത്ത സമയമാണെങ്കിൽ അമ്മായിയെ അമ്മ എന്നു വിളിച്ചു തുടങ്ങി. ഇതെല്ലാവർക്കും അറിയാമായിരുന്നുവെങ്കിലും കൊച്ചുനാൾ തൊട്ടേ ഈ അമ്മായിയെന്ന വിളി ശീലിച്ചുപോയിരുന്നില്ലേ? അതുകൊണ്ട് എല്ലാവരുടേയും മുന്നിൽ വെച്ച് അമ്മയെന്നു വിളിക്കാൻ ഒരു ശങ്ക. നവദീപ് ഡോക്ടർ വീണയിടം കാട്ടിത്തരാൻ പുറപ്പെട്ട സമയം നോക്കി അമ്മായിക്ക് എന്റെ അമ്മയാകാനെന്തേ മോഹമുദിച്ചു എന്ന് ഇന്നോളം എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

കുറെ നാൾ കഴിഞ്ഞിട്ടൊരു ദിവസം. ഭയപ്പെട്ടിരുന്നതു തന്നെ സംഭവിച്ചു. അമ്മായിയെ അമ്മയെന്നു വിളിക്കുന്നതു അമ്മയ്ക്കു പിടിക്കുന്നില്ല. ഞാനും നീലുവും അടുക്കളയിൽ ഭക്ഷണത്തിനിരിക്കുന്നു. അമ്മ വിളമ്പിത്തരുന്നു. വിളമ്പിക്കഴിഞ്ഞാൽ ഞങ്ങളോടൊപ്പം ഉണ്ണാനിരിക്കും. പെട്ടെന്നു ഞാൻ പറഞ്ഞു, 'അമ്മേ! അമ്മായി എത്ര അസ്സലായിട്ട് എളളുകറി ഉണ്ടാക്കുമെന്നോ?' അമ്മ കോപിച്ചു, 'എന്നാൽ നിങ്ങൾ അവിടെത്തന്നെ പോയി തിന്നോ? ഇങ്ങോട്ടെന്തിനു കെട്ടിയെടുക്കുന്നു?' പറഞ്ഞതെന്ത്? അതിനുകിട്ടിയ മറുപടി എന്ത് ? അമ്മ സ്വതേ മധുരഭാഷിണിയാണ്. അവരുടെ ഭാഷയിൽ വന്ന ഈ ആകസ്മികമായ പാരുഷ്യം എന്നെ അന്ധാളിപ്പിച്ചുകളഞ്ഞു. നീലു പെട്ടെന്നു വിളിച്ചു പറഞ്ഞു, 'ഞാനിന്ന് അമ്മയോടു പറഞ്ഞു. ഏട്ടൻ അമ്മായിയെ അമ്മയെന്നാണു വിളിക്കുന്നതെന്ന് . അമ്മയ്ക്ക് അതാണിത്ര അരിശം. അമ്മ ഏട്ടനെ നിങ്ങൾ എന്നു പറഞ്ഞു. കണ്ടില്ലേ?' നേരുതന്നെ. കോപം വന്നാൽ അമ്മ എന്നെ നിങ്ങളെന്നു വിളിക്കുക് പതിവാണ് . ഈ കുരുത്തംകെട്ട നീലു! അവനെന്തൊരു കഴുതയാണെന്നു

നോക്കൂ. അവനിക്കാര്യം എന്നെ നേരത്തെ അറിയിക്കാമാ യിരുന്നില്ലേ? അമ്മയുടെ ഇരു കണ്ണുകളും നനഞ്ഞു. അവർ അതു മറയ്ക്കുവാൻ അടുക്കളയിൽ നിന്നു പുറത്തേക്കു പോയി. ഞാൻ വലിയ അപരാധം ചെയ്തുപോയെന്ന് എനി ക്കു തോന്നി.

അമ്മയുടെ വാർഡിന്ന് 'ഔരത് കിതാ' (സ്ത്രീകളുടെ വിഭാഗം) എന്നു പേർ. ഇന്ന് അവർക്ക് ഉറക്കം വരില്ല. അവർ കൊതുകുവല വലിച്ചിട്ട് അതിനകത്തിരുന്നു ജപി ക്കുകയാവും. മനസ്സിനു വിഷമം അനുഭവപ്പെടുന്ന സമയ ത്താണ് അമ്മ ജപത്തിനിരിക്കുക എന്ന് ഞാൻ കണ്ടറിഞ്ഞി ട്ടുണ്ട് . കഴിഞ്ഞകൊല്ലമാദ്യം നീലു ദേവലിയിൽ കിടപ്പിലായ പ്പോഴത്തെ കാര്യമാണു പറഞ്ഞു കൊണ്ടുവരുന്നത് . പെട്ടെ ന്നു വാർത്ത—അജ്മേർ ആശുപത്രിയിൽ നീലുവിന് അപ്പൻഡി സൈറ്റിസ് ഓപ്പറേഷൻ. അന്നു പുലരുംവരെ അമ്മ പൂജാ മുറിയിൽ ഇരുന്നു. രാത്രി ഏതാണ്ട് പതിനൊന്നു മണിക്ക് ഒരു തവണ എന്റെ മുറിയിൽ വരികയുണ്ടായി. കണ്ണാടി ക്കരികിലും റേക്കിലിരിക്കുന്ന കുപ്പികൾക്കിടയിലും അവർ തപ്പാൻ തുടങ്ങി.. അമ്മ നീലുവിന്റെ സുഖക്കേടിനെപ്പറ്റി എ ന്തോ എന്നോടു ചോദിക്കാനാണു വന്നതെന്ന് എനിക്കു തോ ന്നി. പക്ഷേ അവർക്കു ധൈര്യം മതിയായില്ല. ഞാൻ സുഖ ക്കേടിന്റെ ഗൗരവത്തെപ്പറ്റിയോ അഥവാ ഭേദമാകുന്നതിനെ പ്പറ്റിയോ ആശങ്ക പ്രകടിപ്പിച്ചാലോ എന്നോർത്തിട്ടുള്ളതായി രുന്നു ഈ അധൈര്യം. ഒരു സമയം ജപം കൊണ്ട് മനസ്സിനു പൂർണ ബലം കിട്ടിയില്ലായിരിക്കാം. അമ്മ വിചാരിച്ചത് എന്റെ നോട്ടം പുസ്തകത്തിലേക്കാണ്, ഞാനമ്മയെ കാണുന്നില്ല എന്നാണ് . അവർ അതിഭക്തിയോടെ ചുവരിൽ തൂക്കിയിരുന്ന മഹാത്മജിയുടെ ചിത്രത്തിനു മുമ്പിൽ പ്രണമിക്കുന്നതാണ് ഞാൻ പിന്നെ കണ്ടത് . അഴയിൽ ഇട്ടിരിക്കുന്ന തന്റെ സാരി കൾ പിന്നെ അവർ മടക്കിവെയ്ക്കുവാൻ തുടങ്ങി. അപ്പോഴേ ക്കു ഞാൻ പറഞ്ഞു,'അമ്മേ, അപ്പൻഡിസൈറ്റിസ് ഓപ്പറേ ഷൻ എളുപ്പമാണ് . എല്ലാവരും സുഖപ്പെടാറുണ്ട് . ബിലാത്തി യിൽ നല്ല തടിക്കെട്ടുള്ള ചെറുപ്പക്കാർ പോലും ഈ രോഗമാ ണെന്നു സംശയം തോന്നിയാൽ പോയി ഓപ്പൺ ചെയ്യിക്കും. അമ്മയുടെ അപ്പോഴത്തെ നാട്യം കണ്ടാൽ താനിതൊന്നും കേൾക്കാനല്ല ഇവിടെ വന്നത് എന്നു തോന്നും. അമ്മ പോയി

പൂജാമുറിയിലിരുന്ന് വീണ്ടും ജപം തുടങ്ങി.

ടവറിൻെറ മുകളിൽനിന്ന് ഒരു വാർഡർ നിർത്താതെ വിളിച്ചു പറയുന്നു ബോലോരേ നയാഗോൽ (സെഗ്രഗേഷൻ വാർഡ്) ബോലോരേ ജുംലിൻ! (ജുവനയിൽ വാർഡ്) ... രാത്രി അത്രയൊന്നുമായിട്ടില്ല ! എന്നാൽ ഇതിനിടെ തന്നെ ഭൂരിപക്ഷം വാർഡർമാരും അവരവരുടെ ഉത്തരവാദിത്വ ത്തിൻെറ ഭാരം ഊരിയെറിയുവാനുള്ള വെമ്പലോടെ മറുപടി പറയുവാൻ തുടങ്ങി. വാർഡർ പാട്ടിൻെറ ഈണത്തിൽ ആവർത്തിക്കുന്നു– ബോലോരേ! . . . . ബോലോരേ പാംച് നമ്പർ എന്ന് വാർഡർ വിളിക്കുന്നതിന് എനിക്കു പതിനാറു വരെ എണ്ണുന്നതിനു വേണ്ട സമയം വേണ്ടിവന്നു. ഒരു ദിവസം ഒരു വാർഡർ തന്നെ എന്നോടു പറഞ്ഞതെന്താണെ ന്നോ? പാട്ടിൻെറ മട്ടിൽ പറഞ്ഞാൽ വിഷമം കുറയും, തൊണ്ട യടയുമെന്നു പേടിക്കാനുമില്ല. ഓരോ വാർഡിലും നാലു വലിയവലിയ ഹാളുകൾ. താഴത്തേ നിലയിൽ രണ്ട് , മുകളിൽ രണ്ട് . ജയിൽ ഭാഷയിൽ ഈ ഹാളുകൾക്ക് 'ഖടാൽ' എന്നു പേർ. അഞ്ചാം നമ്പർ വാർഡിൻെറ ആദ്യത്തെ ഹാളിൽനിന്നു മറുപടി വന്നു– പൊളിഞ്ഞ മുളയിൽ നിന്നെന്നപോലെ പരു ക്കു പറ്റിയ സ്വരത്തിൽ – പാംച് നമ്പർ! പഹലാ ഖടാൽ, ജമാ ഏക്സൗസത്താവൻ! മുജ്രിം, താലാബത്തീ ഠീക് ഹൈ (അഞ്ചാം നമ്പർ, ഒന്നാം ഹാൾ, ആകെ ഒരുനൂറ്റി അൻപത്തി യേഴ് ! കുറ്റവാളികൾ, താഴ് , വിളക്ക് എല്ലാം ശരി) ഒച്ച കേട്ടാ ലറിയാം ഇപ്പറയുന്ന മനുഷ്യൻെറ താടിയിൽ അരിയുമെള്ളും പോലുള്ള കുറ്റിരോമങ്ങൾ ഉണ്ട് . ഉറച്ച കർത്തവ്യനിഷ്ഠൻ, തലയിൽ നീലത്തൊപ്പി ഇതെല്ലാമാണുള്ളതെന്ന്. അതായത് തവണക്കാരൻ! അന്നദാതാവായ ഗവൺമെൻറിൽ നിന്ന് മാസംതോറും നാലണ ശമ്പളമെന്ന കണക്കിന് അയാളുടെ പേരിൽ കെട്ടിവെയ്ക്കപ്പെടുന്നു. ഇതിനു പകരം അയാൾ രാത്രി രണ്ടു മണിക്കൂർ ഉറക്കമിളച്ച് കാവൽ നിൽക്കുന്നു. ഗവൺമെൻറിൻെറ ഉപ്പുതിന്നുന്നു. പണിക്കുപേക്ഷ കാണി ക്കുന്നതെന്തിന് ? അഞ്ചാം നമ്പറിലെ മറ്റു ഖടാലകളിൽനിന്നെ ത്തിയ മറുപടി ഇത്രതന്നെ വ്യക്തമായില്ല. അവർ മുഴുവൻ പറഞ്ഞതുമില്ല. ഹോ... ഓ...ഓ.. ഹേ എന്നു പറയുകയാ ണെന്നു തോന്നി. ആളുകളാരുമില്ലാത്ത രാത്രി നേരം ഗ്രാമ ത്തിൽ കാവൽനിൽക്കുന്ന ശിപ്പായിയുടെ വിളിപോലെ പാ

ട്ടിന്റെ രാഗത്തിൽ പറയുന്നതിനുള്ള ശ്രമമില്ല. ഒരു വിധം തൊണ്ടയുടെ ഭാരം ഇറക്കിവെയ്ക്കാനെന്നപോലെ. ഇവർ വെള്ളത്തൊപ്പിക്കാരായ മേറ്റുകളാണ് തീർച്ച. അതായത് പാറാവുനിൽക്കുന്ന പഴകിയ തടവുകാർ. മാസപ്പടി ഇവർക്ക് എട്ടണയാണു കിട്ടുന്നത് . പക്ഷേ ഇക്കൂട്ടർ ജയിലിൽ കിടന്നു കൊണ്ട് കുറെയേറെ കണ്ടും അനുഭവിച്ചും കഴിഞ്ഞിട്ടുള്ളവ രാണ് . അവർ സ്വന്തം ഡ്യൂട്ടി കൃത്യമായി ചെയ്താൽ കുറ്റം ഇളവുചെയ്തു കിട്ടുമെന്ന ധാരണ അവർക്കില്ല. ഹെഡ്ജ മാദാരെ എങ്ങനെയാണു കാക്കപിടിക്കേണ്ടതെന്ന് അവർ ക്കറിയാം. ഒരു മേറ്റെന്നു പറഞ്ഞാൽ ചില്ലറക്കാരനല്ല. അവരു ടെ കീഴിൽ എത്രയെത്ര തടവുപുള്ളികൾ. ഇവരെയൊക്കെ പിടിച്ചുനിർത്തണമെന്നുണ്ടെങ്കിൽ ജയിൽ ജോലിക്കാരോടും ജയിലിലെ "ലായോടും ചട്ട"ത്തോടും ഒരുതരം ഉപേക്ഷ, കണ്ടില്ല കേട്ടില്ല എന്ന നാട്യം കൂടിയേ കഴിയൂ.

ബോലോരേ നയാഗോൽ! (സെഗ്രിഗേഷൻ വാർഡ്) അയാൾ ബോലോരേ പറയുന്ന സമയം ഇനി അഞ്ചാം നമ്പറിനു ശേഷം ആറാം നമ്പർ പറയുമോ അഥവാ നയാഗോൽ എന്നു പറയുമോ എന്നു ഞാൻ ചെവിയോർത്തുകൊണ്ട് നിൽക്കുക യായിരുന്നു. അതുകൊണ്ടുതന്നെയറിയാം വാർഡർ തവണ മാറിവന്നവനോ അല്ലയോ എന്ന് . ആറാം നമ്പറിന് ഇനി യൊരു പേർ കൂടിയുണ്ട് – ഭാമൂലി കിത! ഈ വാർഡിൽ ജീവ പര്യന്തക്കാർ കിടക്കുന്നു. ഈ വാർഡിലെ തടവുകാർ മറ്റു വാർഡുകളിലെ തടവുകാരെ 'മത്തങ്ങക്കള്ളന്മാരെ'ന്നു പറ ഞ്ഞു പരിഹസിക്കുന്നു. അവരെ ഇക്കൂട്ടർ അറപ്പോടെയാണു നോക്കുന്നത് . അതായത് അവറ്റ എന്തൊക്കെയോ ചിലതു മോട്ടിച്ചിട്ടാണു ജയിൽ കയറിയിരിക്കുന്നത് . ഈ ഭാമൂലികളെ വാർഡർമാർ അത്ര അടുപ്പിക്കാറില്ല, പഴയ വാർഡർമാരുമായി ഇവർ ചെറിയ ഒരു ഇടപാടൊക്കെ ഉറപ്പിച്ചിട്ടുണ്ട് . അവർ ടവറിൽ ആണെങ്കിൽ ഇക്കൂട്ടർക്ക് രാത്രി മുഴുവൻ സുഖമായി ഉറങ്ങാൻ കഴിയും. മേറ്റ് — കാവൽക്കാരന്റെ 'അലപ്ര'കളിൽ നിന്നും അവരുടെ ആളെണ്ണലിൽ നിന്നും മോചനം കിട്ടും. പാവങ്ങൾ പകലത്രയും ജയിൽ വർക്ക്ഷോപ്പിൽ പണിയെ ടുക്കുകതന്നെയാണ് . കൂർക്കം വലിച്ചുറങ്ങാൻ അൽപം അവസരം കിട്ടാതിരുന്നാൽ എങ്ങനെ ചെയ്യും എല്ലുനുറങ്ങും പടിയുള്ള അധ്വാനം? അതും ജീവിതമത്രയും. പുതിയ

വാർഡറാണെങ്കിൽ കൂസലില്ലാതെ ബോലോരേ ചെനമ്പർ എന്നു തൊള്ളതുറക്കാൻ തുടങ്ങും. രണ്ടാം നമ്പറിൽ നിന്ന് നാലാം നമ്പർ വാർഡിലേക്കു നോക്കിയാൽ റെയിൽവേപ്ലാറ്റ് ഫാം പോലെ തോന്നും. ഏതോ ഒരു രാജാവദ്ദേഹത്തിന്റെ ദാനമാണ് ഈ വാർഡ് . ദാനത്തിനർഹനായ പാത്രം അതിന്റെ ലക്ഷ്യം, അതിനായി തിരഞ്ഞെടുത്ത വിഷയം എല്ലാത്തിലും അസാധാരണമായ വിവേചന ബുദ്ധി രാജാവു പ്രദർശിപ്പിച്ചിരിക്കുന്നുവെന്നു സമ്മതിച്ചുകൊടുക്കാതെ വയ്യ. ഈ ദാനംകൊണ്ട് രാജാവിന്റെ ഏതെങ്കിലും ആകാംക്ഷ പൂർണമായോ എന്നു നിശ്ചയമില്ല. എന്നാൽ ഈ വാർഡിൽ താമസിക്കുന്നവർ അദ്ദേഹത്തിന് ഹാർദ്ദമായ നന്ദി പറയുന്നുണ്ടാവും. ഈ ഭാമൂലികൾ അതായത് ലൈഫർമാർ അത്ര മോശക്കാരാണെന്നു പറഞ്ഞുകൂടാ. തനിക്കള്ളന്മാരുടെ നീചത്വമോ പിച്ചത്തരമോ ഇവർക്കില്ല. ഇവർ ജയിലിനെ വീടായി കണക്കാക്കുന്നു. ചിലർ വാർഡിന്റെ മുറ്റത്ത് തുളസി നട്ടിരിക്കുന്നു. വേറെ ചിലർ മുറ്റം അടിച്ചു മെഴുകി ഇരിക്കുവാൻ സ്വൽപം സ്ഥലം ഉണ്ടാക്കിയിരിക്കുന്നു. നിരവധി പേർക്കുണ്ട് അവരവരുടേതായ പൊതീനയുടെയും മുളകിന്റെയും കൃഷി. അവർക്ക് ഈ ചെടികളോട് എന്തൊരു മമത! സ്നേഹം, പ്രേമം, സന്താനവാത്സല്യം തുടങ്ങിയവയുടെ സ്വാഭാവികമായ സംപ്രേരണ അവർ ഈ ചെടികളിൽ പകർന്നുകൊടുക്കുന്നു.

ഹസാരീബാഗ് ജയിലിലെ വില്യംസ് എന്നു പേരായ ആ പറങ്കി ജയിൽ വിട്ടുപോകുന്ന ദിവസത്തെ ഒരു കരച്ചിൽ! പതിന്നാലു കൊല്ലമാണ് അയാൾ ജയിലിൽ കഴിച്ചുകൂട്ടിയത് . അയാൾ നട്ട പേരമരം എത്ര വളർന്നു കഴിഞ്ഞിരിക്കുന്നു. അയാൾ തന്നെ നട്ടുവളർത്തിയ ഗുലാബ് ജാമുൻമരത്തിൽ പൗഡർ പഫുപോലുള്ള പൂക്കൾ നിറഞ്ഞിരിക്കുന്നു. ആലിന്റെ ചുവട്ടിൽ അയാൾ ഒരു തിണ്ണ പണിതു— ഇരിക്കാൻ. അയാൾ പുറപ്പെട്ടപ്പോൾ സൂപ്രണ്ടും പി. ഡബ്ലിയു.ഡി. ഇഞ്ചിനീയരും തമ്മിൽ എന്തൊക്കെയോ തർക്കം നടന്നു. അയാൾ ആ സാധനങ്ങളിലേക്കു തിരിഞ്ഞു തിരിഞ്ഞു നോക്കി ഉറക്കെ കരയുന്നു. പ്രൗഢനായ ഒരു മനുഷ്യൻ ഇങ്ങനെ കരയുന്നത് ആദ്യമായിട്ടാണു ഞാൻ കണ്ടത് . സ്വന്തം ബന്ധുക്കളെയും മറ്റും കാണുന്നതിലുള്ള സന്തോഷത്തേക്കാൾ ഈ ചെടികളെയും

ജയിൽ സഹജീവികളെയും വിട്ടുപോകേണ്ടതിലുള്ള സങ്കട മായിരുന്നു അയാൾക്ക് അധികം.

ഒരേ മട്ടിൽ വളരെ നേരം കുത്തിയിരുന്നതുകൊണ്ട് വലതുകാൽ അവശമാകുന്നതുപോലെ. മുറിയിൽ ചിലവട്ടം ഒന്നു നടന്നു. കാലിന്റെ തരിച്ചുകയറ്റം പോക്കാൻ വാതിൽ ക്കലെ അഴികൾ പിടിച്ചുകൊണ്ട് ചെരിഞ്ഞിരിക്കുമ്പോൾ താ നറിയാതെതന്നെ വലത്തോട്ടു ഭാരംകൊടുത്തുകൊണ്ടിരിക്കു ന്നതായി ഞാൻ കാണുന്നു. വലതുകൈകൊണ്ട് അഴി പിടി ച്ചിരിക്കുന്നതായും. അറിയാതെപോലും ഇടതുതോൾ അഴി യിൽ ചേർത്ത് ഇടത്തോട്ടു ഭാരമാക്കി ഇരിക്കുകയേ പതിവില്ല.

അന്നു ഞങ്ങളൊക്കെ എത്ര കൊച്ചുങ്ങളായിരുന്നു! സ്കൂളിൽ പോയിത്തുടങ്ങിയിരുന്നില്ല. ബോർഡിങ്ങിന്നടുത്തു തന്നെ ഹെഡ്മാസ്റ്ററുടെ ക്വാർട്ടേഴ്സ് . അച്ഛൻ സ്കൂളിൽ പോയിരിക്കുന്നു. അമ്മ ഇരുന്ന് അടയ്ക്ക വെട്ടുന്നു. ഞാനും നീലുവും തമ്മിൽ തർക്കം:— നീലു പറയുകയാണ് , "അമ്മയുടെ വലത്തേ മടി എന്റേത്, ഏട്ടൻ വേണമെങ്കിൽ മടിയുടെ ഇടതു വശത്ത് ഇരുന്നോളൂ." ഇടതുവശത്ത് ഇരിക്കുന്നത് എനിക്ക് അപമാനമായിത്തോന്നി. രണ്ടു പേരും അമ്മയുടെ വലതു ഭാ ഗത്തെ മടിയിൽ കൈവച്ചുകൊണ്ട് അവകാശം സ്ഥാപിക്കു ന്ന ശ്രമത്തിലാണ്. ഈ പിടിവലിക്കിടയിൽ നീലുവിന്റെ കാൽ തട്ടി അടയ്ക്ക വെട്ടിവെയ്ക്കാനുള്ള ചൂരൽപാത്രം തെറിച്ചു വീണു. അമ്മ പടേ പടേ എന്നു രണ്ടടി എന്റെ പുറത്തു വച്ചു തന്നു. "എടാ വയസ്സൻ കുട്ടി! നിനക്കു നാണമില്ലേ? വളരുന്തോ റും നിന്റെയോരോ ഗുണഗണങ്ങൾ ഏറിയേറി വരിക യാണല്ലോ!"

ഞാൻ പറഞ്ഞു, "അടയ്ക്ക ഞാനാണോ നിലത്തിട്ടത് ?"

"പിന്നെയും തർക്കുത്തരം! അനുജനു വലത്തേ മടി വേ ണമെന്നു വാശിപിടിച്ചാൽ നിനക്കും അതുതന്നെ വേണമെന്നു പിടിവാശി. വലത്തേ മടി നീലുവിന്റേതാണ് . ഒന്നു തെറ്റിയി രുന്നെങ്കിൽ അടയ്ക്കാക്കത്തി കൊണ്ട് എന്റെ കൈ മുറിഞ്ഞു പോകുമായിരുന്നു."

ക്രോധവും ലജ്ജയും അപമാനവും കാരണം എന്റെ കണ്ണുകൾ നിറഞ്ഞു. ഞാൻ ഞരങ്ങി നീങ്ങി മുഖം വീർപ്പിച്ചിരുന്നു കളഞ്ഞു. നീലു കുറെക്കഴിഞ്ഞ് എണീറ്റു പോയി. അവകാശം പറയാൻ ആളില്ലാതായതുകൊണ്ട് അവന്റെ പൂതി പോലെ കാര്യം സാധിച്ചുവല്ലോ. അമ്മ ഇടങ്കണ്ണിട്ട് വളരെ നേരമായി എന്നെ നോക്കുന്നു. ഇതു ഞാൻ കാണുന്നുണ്ടായിരുന്നു. അവർ അടയ്ക്കവെട്ടി ചൂരൽക്കൊട്ടയിലാക്കിയെടുത്ത് ചുവരലമാരിയിൽ വെച്ച് എന്റെ അടുക്കൽ വന്നു പറഞ്ഞു, "നീയിത്ര വിഡ്ഢിയായല്ലോ. ഇടത്തേ മടിയാണ് നല്ലത് . നീ കണ്ടിട്ടില്ലേ? ഗോകർണം കൊണ്ടു പാൽ കൊടുക്കുന്നത് വലത്തെ കൈകൊണ്ടാണ് . ആ സമയം കുട്ടിയെ എവിടെയാണ് കിടത്തുന്നത്? ഇടത്തേ മടിയിൽ. നീ വലത്തെ മടിയിലും കിടന്നിട്ടുണ്ടല്ലോ. ഇനിത്തൊട്ട് ഇടത്തേതു നിനക്ക് . എണീക്കൂ, ചെന്നു നോക്കൂ; ആ ദുഷ്ടൻ എവിടേക്കു പൊയ്ക്കളഞ്ഞെന്ന് ." ഈ യുക്തി എന്നെ ഉത്തരം മുട്ടിച്ചുകളഞ്ഞു.

ഇടത്തേ കാലിന്റെ അവശത നീങ്ങി. ഞാൻ അകത്തു ചുറ്റി നടക്കുന്നതു കണ്ട് വാർഡർ എന്റെ അരികിലേക്കു നീങ്ങി. എന്താണ് എന്റെ ആലോചന, ഈ അർധരാത്രി പെട്ടെന്നെന്താണൊരു നടത്തത്തിന്റെ വട്ടം എന്ന് അറിയാനാവാം. സാറിന്റെ മനസ്സിനു നില തെറ്റിയിരിക്കുന്നുവെന്നു വിചാരിക്കുന്നുണ്ടോ ആവോ? ഇന്നത്തെ ദിവസം മനസ്സിനു സ്വസ്ഥത ഉണ്ടാകാനും വഴിയില്ലല്ലോ. അഴിക്കപ്പുറം നിന്നുകൊണ്ട് വാർഡർ എന്നെ നോക്കുകയാണ് . മൃഗശാലയിലെ ഏതോ കാട്ടുജീവിയെയെന്നപോലെ.

മൃഗശാലയോർക്കുന്നു. എന്റെ ചങ്ങാതി നീരേശന്റെ ഇളയമ്മ തീർത്ഥാടനത്തിനു പുറപ്പെട്ടു, കാശിക്ക് . അകന്ന ബന്ധത്തിലുള്ള ഇളയമ്മ. ഏതോ ജമീന്ദാരിന്റെ രണ്ടാം വേളി. അവർ ഏറെക്കഴിയും മുമ്പുതന്നെ വിധവയായി. അവരോടൊപ്പം അവരുടെ അച്ഛനും അമ്മയും. പേർ ഇളയമ്മ എന്നാണ് . പക്ഷേ അത്ഭുതമതല്ല, നന്നേ ചെറുപ്പം. നീരേശനും ഞാനും കൂടി അവരെ കാശിയിലെ കാഴ്ചപ്പുറങ്ങളെല്ലാം ഉത്സാഹ പൂർവ്വം നടന്നു കാട്ടി. രാജാവിന്റെ മൃഗശാലയിൽ പോയി. നരിക്കൂടിന്റെ മുമ്പിൽ നിൽക്കുകയാ

യിരുന്നു. രണ്ടു കാൽകളും മുമ്പോട്ടു നീട്ടി നരി ഉഗ്രമായൊന്ന ലറി. അതിൻെറ മുഖഭാവം കോട്ടുവായിടുന്നവിധം കാണപ്പെട്ടു. നീരേശൻെറ ഇളയമ്മ 'അയ്യോ' എന്നു കരഞ്ഞുകൊണ്ട് എന്നെ കെട്ടിപ്പിടിച്ചു — പേടിച്ചു പോയിരിക്കണം. ഏതാനും നിമിഷത്തേക്കു മാത്രം. സംഭവം ഒരു പക്ഷേ നീരേശനും മറ്റും കണ്ടുകാണുകയില്ല. കണ്ടാൽത്തന്നെ ഭംഗിയായില്ല എന്നു തോന്നേണ്ട ഒന്നുമുണ്ടായതുമില്ല. എന്നാൽ ആ തുച്ഛമായ വിനാഴികയിൽ കയറിപ്പിടിച്ച് ഞാൻ എന്തെല്ലാം കിനാവുകൾ കരുപ്പിടിപ്പിച്ചുവെന്നോ! നീരേശൻ വിളിക്കുന്നപോലെതന്നെ ഞാനും ഇളയമ്മയുടെ അമ്മയെ ചിറ്റമ്മ എന്നു വിളിച്ചു. കാശിയിൽ നീരേശനോടൊപ്പം അവരുടെ പാർപ്പിടത്തിൽ പോയി — അടുക്കളയിൽ ഇളയമ്മ ഭക്ഷണം പാകം ചെയ്യുന്നിടത്ത്. വിശേഷിച്ചു വല്ലതും സംസാരിക്കാൻ സൗകര്യം പോരാ. നഗരത്തിലെ വിദ്യാഭ്യാസം സിദ്ധിച്ച യുവാവിനോട് വല്ലതും പറയാൻ പുറപ്പെട്ടിട്ട് എന്തൊക്കെയാണാവോ പുറത്തേക്കു വരിക എന്നു പേടി. ഞാൻ കയറിച്ചെന്ന ഉടൻ അവർ പറഞ്ഞു, എൻെറ തകർന്ന പുരയിൽ അമ്പിളിയുടെ നിലാവ്! എന്താലോചിച്ചിട്ടാണ് അവർ ഇങ്ങനെ പറഞ്ഞത്? ഒന്നും മനസ്സിലായില്ല. അതു കഴിഞ്ഞ് ചട്ടുകം കൈയിലെടുത്തുകൊണ്ട് അമളി പിണഞ്ഞപോലെ ഒന്നു പരുങ്ങിനിന്നു. മുഖത്ത് അർത്ഥഹീനമായ ഒരു ചിരിയുടെ ഭാവം. പിന്നെ കുറെനാൾ ഞങ്ങൾ അവരുടെ പിറകേ നടന്നു. ഇളയമ്മയുടെ അച്ഛന് കടകളായ കടകളെല്ലാം കയറിയിറങ്ങി നാലുതരത്തിലുള്ള നാലു ടോർച്ച് വാങ്ങി. ബസാറിലേക്കിറങ്ങിയാൽ ഇതു പോലുള്ള എന്തെങ്കിലും വാങ്ങാനുണ്ടാവും അങ്ങോർക്ക്. ആ നല്ല മനുഷ്യൻെറ സംസാരം ഗ്രാമ്യവും അസംസ്കൃതവുമാണ്. മകളുടെ രക്ഷകർത്താവ്. ജാമാതാവ് അന്തരിച്ചതുകൊണ്ട് സ്വത്തിൻെറ മേൽനോട്ടം വഹിക്കുന്നു. ഏക സന്താനമാണു വിധവയായത്. എങ്കിലും അത്രയൊന്നും ദുഃഖിക്കുന്നില്ല എന്നാണു തോന്നുന്നത്. മറിച്ച് തൻെറ ദാരിദ്ര്യം കാരണം കഴിഞ്ഞ നാളുകളിൽ സാധിപ്പിക്കാൻ കഴിയാതെപോയ പല മോഹങ്ങളും സാധിപ്പിക്കാനുള്ള അവസരം ലഭിച്ചതുകൊണ്ട് സംതൃപ്തനാണോ എന്നു പോലും സംശയം തോന്നാം. മകളെ മാത്രമേ അൽപം ഭയമുള്ളൂ. കാശിയിൽ വെച്ച് ഇളയമ്മയുടെ അമ്മ കിടപ്പിലായി. അസുഖം ബാധിച്ചതോടെ എൻെറ കൈകൊണ്ടു കൊടുത്താലേ മരുന്നു കുടിക്കുള്ളൂ എന്നൊരു

വാശി. നിത്യവും കാശിവിശ്വനാഥന്റെ പണ്ഡയുടെ അവിടെ നിന്ന് ഇളനീർ കൊണ്ടുവരും — രോഗിണിക്ക് . അകത്തേക്കു കാൽവെയ്ക്കുമ്പോഴേക്ക് ഇളയമ്മ പറയും, 'ഇതാ, സന്ന്യാസി എത്തി. അമ്മക്കിനി ശ്വാസം നേരെ വീഴും.' അന്ന് ഒരു കൃഷ്ണ സാധനയുടെ കമ്പം എന്റെ തലയിൽ കടന്നുകൂടുകയുണ്ടായി. ഞാൻ അന്നു ബാബർകട്ട് മുടിയാണു വെച്ചിരുന്നത് . താടിയും മീശയും മുളച്ചു തുടങ്ങിയിരുന്നുവെങ്കിലും ഷേവിങ് തുടങ്ങിയിരുന്നില്ല. അതിനാണ് ഇളയമ്മ എന്നെ സന്ന്യാസിയാക്കിയത് . അവരെ ഓർക്കുമ്പോൾത്തന്നെ അവർ മുമ്പിൽ വന്നു നിൽക്കുന്നപോലെ. ഉടുക്കുന്നതു നീലാംബരിസ്സാരി, കൈകളിൽ ബോംബെക്കാരുടെ പിരിയൻ വള, കഴുത്തിൽ തടിയൻ ചെയിൻ. വാത്സല്യം കാരണം അമ്മ അവരെ വിധവ വേഷം കെട്ടാനനുവദിച്ചിട്ടുണ്ടാവില്ല. അവരുടെ കറുപ്പുനിറത്തിന് പച്ചക്കരയൻ നീലാംബരി ലേശവും ചേരില്ല. ഒരു വെറും സാധാരണ ഗ്രാമീണ ഗൃഹസ്ഥ കുടുംബത്തിലെ സന്തതിയായിരുന്നു ഇളയമ്മ. എടുത്തുപറയത്തക്ക രൂപഗുണങ്ങൾ അവർക്കില്ല. എന്നാൽ എന്നെ ആകർഷിച്ചത് അവരുടെ രൂപത്തിന്റെ സ്നിഗ്ധതയായിരുന്നു. വശീകരിക്കുന്ന പെരുമാറ്റം, പിന്നെ വർത്തമാനത്തിലുള്ള ആത്മാർത്ഥത. അവർ നാട്ടിലേക്കു മടങ്ങിയപ്പോൾ ഞാനും നീരേശനും സ്റ്റേഷനിൽ യാത്രയാക്കാൻ ചെന്നു. വഴിക്ക് ഇളയമ്മയുടെ അച്ഛനും നീരേശനും കാശിയിലെ പേരെടുത്ത 'ജരദ' വാങ്ങാൻ പോയി ഞാൻ പ്ലാറ്റ്ഫോമിൽ നിന്നു. എന്റെ രണ്ടു കൈകളും തീവണ്ടിമുറിയുടെ ജനലിൽ. ഇളയമ്മ എന്റെ കൈയിൽ കൈവെച്ച് ജനലിന്നരികിൽ. അവരുടെ കണ്ണുകൾ നിറഞ്ഞു. എനിക്ക് അവരുടെ നേരെ നോക്കാൻ കഴിഞ്ഞില്ല. അവർ എന്നോട് മന്ദം ചോദിച്ചു, സന്യാസി, ഒരു ദിവസം എന്റെ വീട്ടിലേക്കു വരികയില്ലേ? ഞാൻ അവർക്കു വാക്കുകൊടുക്കുകയുണ്ടായി. വാക്കുപാലിക്കണമെന്ന വിചാരം വളരെ നാൾ ഉണ്ടായിരുന്നു. അവർ പോയതിൽ പിന്നെ എന്തെന്നില്ലാത്ത ശൂന്യത അനുഭവപ്പെട്ടു. ഒന്നിനുമുത്സാഹമില്ലായ്മ. മനസ്സ് ചുറ്റിനടന്ന് ഒരേ മുഖത്തിൽ തങ്ങിനിൽക്കുന്നു. പലവട്ടം എഴുത്തു പ്രതീക്ഷിച്ച് പോസ്റ്റാഫീസുവരെ പോകയുമുണ്ടായി.

പിന്നെ ഞാനറിയാതെ തന്നെ ആ നീലാംബരി സാരി,

ബോംബെ പിരിയൻ വള മുതലായവ, എന്നോ സ്മരണപട ത്തിൽ നിന്നു മാഞ്ഞുപോയി. നാലഞ്ചുവർഷം മുമ്പ് പഴയ കത്തുകൾ കത്തിച്ചു കളയുന്നേരത്ത് നീലക്കടലാസിൽ എഴു തിയ കത്തിലെ രണ്ടു വരികൾ വായിച്ചപ്പോൾ അതിലെ അ സംസ്കൃതഭാവം എന്തൊക്കെയോ തോന്നിച്ചു. “സന്ന്യാസീ, കല്യാണത്തിന് എന്നെ ക്ഷണിക്കാതെ ഒഴിഞ്ഞുകളയരുത് . സദ്യക്കു ഞാൻ വയർ കാലിയാക്കിവെച്ചിരിക്കയാണ് ”! “വയർ കാലിയാക്കുക” എന്ന പ്രയോഗം അരോചകമെന്നു തോന്നി ക്കുന്ന ഒന്നാണ് . കത്തുകളിൽ ഇങ്ങനെയൊക്കെയെഴുതുക— അതോർക്കുമ്പോൾ അവജ്ഞയും അവഗണനയും തോ ന്നുന്നു.

ഖട് ഖട് ഖട് ! സിമൻറിട്ട മുറ്റത്ത് ഭാരിച്ച മിലിട്ടറി ബൂട്ട്സിൻെറ ശബ്ദം. മൂന്നു പുതിയ സിപ്പായികൾ വന്നു. മുൻ വാർഡറിൽനിന്നു ചാർജെടുത്ത് താഴു ശരിയല്ലേ എന്നു നോക്കി. ഒരു സെല്ലിൻെറയും മുമ്പിൽനിന്ന് ഏറെയൊച്ച കൂട്ടിയില്ല. സെല്ലിലെ ഒറ്റ തടവുപുള്ളിയും ഉറങ്ങിയിട്ടില്ല എന്നു മനസ്സിലായി. ഉറങ്ങിയിരുന്നെങ്കിൽ വാർഡർ ഉണർ ത്താതെ വിടില്ല. ഡ്യൂട്ടി മാറുമ്പോൾ ഓരോ വാർഡറും എല്ലാ സെല്ലിൻെറയും വാതിൽക്കൽ ചെന്നു വിളിക്കുന്നു — തടവു കാരൻ ചത്തോ ജീവിച്ചിരിപ്പുണ്ടോ എന്നറിയണമല്ലോ. ആരെ ങ്കിലും വാതിൽക്കൽത്തന്നെ ഇരിക്കുന്നുണ്ടെങ്കിൽ, അഥവാ ചുമച്ചോ മറ്റേതെങ്കിലും വഴിക്കോ ജീവനോടെയുണ്ട് എന്നറി യിച്ചാൽ അയാളുടെ പേർ വിളിക്കുന്നില്ല. ഉറങ്ങിപ്പോയാൽ രക്ഷയില്ല. സെല്ലിലെ പുള്ളി, അവനു രണ്ടുമണിക്കൂറിലേറെ ഉറക്കത്തിൻെറ ആവശ്യമെന്ത് ? ചോദിച്ചാൽ പറയും, അതാണു നിയമം സർ! ആരെങ്കിലും ബോധം കെട്ടുകിടപ്പാണെ ങ്കിൽ അഥവാ ദണ്ണം പിടിച്ച് നാവിറങ്ങിക്കിടക്കയാണെങ്കിൽ വിളിക്കാതെ എങ്ങനെയറിയാനാണ് ? ‘ഡാക്കട്ടറെ വിവര മറിയിക്കുന്നതെങ്ങനെ?’ നേരു പറഞ്ഞാൽ അതുകൊണ്ട് സെൽനിവാസികൾക്ക് ഒരു ശല്യവുമില്ല. കൊതുക് , മൂട്ട, എറുമ്പ്, രാപ്പകലുള്ള കുത്തിയിരിപ്പ് , വേണ്ടാത്ത വിചാരങ്ങൾ ഇങ്ങനെ പല ജാതി കാരണങ്ങളാൽ സെല്ലിലെ പ്രജകൾക്ക് സാധാരണ ജീവിതത്തിൽ സ്വാഭാവികമായി ലഭ്യമാകുന്ന അന്തം വിട്ട ഉറക്കത്തിനെവിടെ ഭാഗ്യം?

പത്താം നമ്പർ സെല്ലിൽനിന്ന് പാട്ടിൻെറ ചരണങ്ങൾ

കേട്ടുതുടങ്ങുന്നു.

ശഹീദോം കീ ടോലീ നികലീ—

ടോലി

ടോലി (ബാച്) എന്നു കേൾക്കുമ്പോൾ പാട്ന ക്യാമ്പ് ജെയിലിലെ 1932 ലെ സേവാദൾ ആണോർത്തുപോകുന്നത് . ഞാനും നീലുവും ട്രെയ്നിങ് എടുക്കുവാൻ തീരുമാനിച്ചു. ആദ്യത്തെ ദിവസം കവാത്ത് അവസാനിച്ച ഉടൻ നീലു എന്നോടു ചോദിച്ചു, 'എന്താണീ ടോലി ഏട്ടാ?' പല ഭടന്മാർ ചേർന്നതാണ് ഒരു ടോലി എന്നു ഞാൻ പറഞ്ഞു. ഭടന്മാരെന്നു വെച്ചാൽ പ്രൈവറ്റ് . ടോലീനായക് എന്നു പറഞ്ഞാൽ എൻ. സി. ഒ. നീലു അസഹിഷ്ണുതയോടെ പറഞ്ഞു, 'ഇതെല്ലാം ഇന്നു തേംദുൽകർ വേണ്ടപോലെ വിസ്തരിച്ചു പഠിപ്പിച്ചുതന്നു. പക്ഷേ ഞാൻ ചോദിക്കുന്നത് അതല്ല, ഇക്കൂട്ടർ ഈ ടോലി എന്ന വാക്ക് ഇതിനു തെരഞ്ഞെടുത്തത് എന്തിനാണ് ? വേറെ വാക്കു കിട്ടാഞ്ഞിട്ടോ?' നീലു അന്ന് ആ വാക്കിനെ എത്രമാത്രം കളിയാക്കിയെന്നോ? അന്നുതന്നെ ഉച്ചതിരിഞ്ഞിട്ട് തേംദുൽകർ 'കദംഖോൽ' (സ്റ്റാൻറ് അറ്റ് ഈസ്), 'സാവധാൻ' (അറ്റൻഷൻ) എന്നീ വാക്കുകളെ വിശദീകരിക്കയായിരുന്നു. നീലു ഡ്രിൽ എടുത്തുകൊണ്ടിരിക്കെത്തന്നെ ചിരി തുടങ്ങി. തേംദുൽകർ കോപിച്ചു. അയാൾ ഹുബ്ലിയിൽ ഹർദീകറിൻെറ ക്യാമ്പിൽ ട്രെയ്നിങ് നേടിയിട്ടുള്ളതാണ് . ബോംബെയിൽ ശിബിരം നടത്തിക്കഴിഞ്ഞിരിക്കുന്നു. പ്രാദേശിക കോൺഗ്രസ് കമ്മിറ്റി പ്രസിഡണ്ടിൻെറ പ്രത്യേകാഭ്യർത്ഥന പ്രകാരം മഹാരാഷ്ട്രം വിട്ട് സേവാദൾ പ്രവർത്തനത്തിനെത്തിയിരിക്കുന്നു. സേവാദൾ പ്രവർത്തനം നടത്തി നല്ല തഴക്കമുണ്ട് . എന്നാൽ ഡ്രിൽ സമയത്ത് ഇത്തരം അച്ചടക്കമില്ലായ്മ അയാൾ ആദ്യമായിട്ടാണു കാണുന്നത് . അയാൾക്ക് ഹിന്ദി അത്രയ്ക്കൊക്കെയേ പിടിയുള്ളൂ. കോപംകൊണ്ട് കണ്ണുകൾ ഉരുണ്ടു ചുകന്നു. 'തും കോ ഡംഡാ മിലേഗാ' (നിനക്കടി കിട്ടും) എന്നു പറഞ്ഞുകൊണ്ട് കൈയിലിരുന്ന ലാത്തികൊണ്ട് നീലുവിനെ ഒറ്റക്കുത്ത് . നീലു അയാളുടെ കൈയിൽ നിന്നു ലാത്തി പിടിച്ചുപറ്റിക്കൊണ്ട് അലറി, 'അടിക്കുമോ? അതൊക്കെ അങ്ങു മഹാരാഷ്ട്രത്തിൽ. ഇവിടെ അതൊന്നും നടപ്പില്ല. രാഷ്ട്രഭാഷ പറയാനറിയില്ല. പൂനയെ 'പുണേ' എന്നാണു പറച്ചിൽ. ഹിന്ദിയിൽ സംസാരിക്കാൻ വശമില്ല.' നീലു

തേംദുൽകറിൻെറ കൈ കടന്നു പിടിച്ചു. ആളുകൾ ഒടിയെത്തി. ഒരു തരത്തിൽ കൈ വിടുവിച്ചു. നിമിഷംകൊണ്ട് വാർത്ത ജയിലാകെ പരന്നു. ക്യാമ്പ് ജയിലിൽ അന്ന് നാലായിരത്തി അഞ്ഞൂറോളം തടവുകാരുണ്ടായിരുന്നു. ഏതു വാർഡിൽ ചെന്നാലും ഇതുതന്നെ സംസാരവിഷയം. ജയിലിൻെറ കേന്ദ്രത്തിൽ — അതിന് 'ചൗക്' എന്നാണു പേരിട്ടിരുന്നത് ഞങ്ങൾ — പല സംഘങ്ങളും വന്നുകൂടിയിരിക്കുന്നു. വാർഡർ മാരും രാഷ്ട്രീയത്തടവുകാരുമായി കൂടിക്കലർന്നു. ജയിലിലെ രാഷ്ട്രീയത്തിൽ അവർക്കു കുറച്ചൊന്നുമല്ല ഉത്സാഹം. ഒരാൾ പ്രസംഗശൈലിയിൽ എല്ലാവരെയും സത്യാവസ്ഥ അറിയിച്ചു, 'ബിഹാറിൻെറ ഖ്യാതിക്ക് ഊനം തട്ടും. തേംദുൽകർ പുറം നാട്ടുകാരൻ. അയാൾക്ക് ഈ വിധത്തിലോ ആതിഥ്യം? അ തിനും പുറമേ രാഷ്ട്രഭാഷയെ കളിയാക്കൽ.' പിന്നെ അടുത്തു നിൽക്കുന്ന ശ്രോതാക്കൾ വിശ്വാസഭാജനങ്ങളാണെന്ന് അറി ഞ്ഞ് രഹസ്യമായ എന്തോ ഒന്നു പുറത്തു വിടുകയാണെന്ന നാട്യത്തിൽ പറഞ്ഞു, 'ബംഗാളി തന്നല്ലോ.' അനന്തരം ചുണ്ടു കളുടെ കോണിൽ പുഞ്ചിരിയുടെ രേഖകൾ വിരിയിച്ചു. നിങ്ങൾ ക്കൊക്കെ എല്ലാമറിയാമല്ലോ. എല്ലാം വിസ്തരിച്ചു വിവരിച്ചുത രേണ്ടതിൻെറ ആവശ്യമെന്തുള്ളു എന്നു സൂചിപ്പിച്ചു. നാണ ത്താലും അപമാനത്താലും എൻെറ തല താണു. ഇക്കൂട്ടർക്ക് നീലുവിൻെറ മനോഭാവം അറിഞ്ഞുകൂടാ. അയാളുടെ പെരു മാറ്റത്തിന്ന് ഓരോ അർത്ഥം കെട്ടിച്ചമയ്ക്കുകയാണ് . സൗകര്യ പൂർവമുള്ള അർത്ഥം. സന്ധ്യകഴിഞ്ഞ് വാർഡിൽ നീലുവിനെ കണ്ടു. ഭക്ഷണസമയത്ത് . സൂര്യൻ കടലിൽ താഴും മുമ്പു കഴിയും അത്താഴം. ആ സമയം വിശപ്പുണ്ടാവില്ല. അതു കൊണ്ട് ഞങ്ങൾ റൊട്ടി വാങ്ങി വാർഡിൽ സൂക്ഷിക്കുന്നു. രാത്രി ഭക്ഷിക്കുന്നു, നീലു തന്നെ കാര്യമെടുത്തിട്ട് എൻെറ സങ്കോചം ലഘൂകരിച്ചു. ഉച്ചതിരിഞ്ഞപ്പോഴത്തെ സംഭവം എന്നെ ലജ്ജിതനാക്കിയിരുന്നു. പക്ഷേ നീലുവിന് ഒരു കുലു ക്കവും ഉണ്ടായില്ല. നീലു പറഞ്ഞു, ഡ്രില്ലിലെ ഈ നിർദേശങ്ങൾ ഇംഗ്ലീഷിൽ തന്നെയാക്കിയാൽ എന്തുണ്ട് ചേതം? 'ക്വിക് മാർച്ച് ' 'സ്റ്റാൻറ് അറ്റ് ഈസ് ' എന്നു പറഞ്ഞുപോയാൽ ഭാരതത്തിൻെറ സ്വാതന്ത്ര്യസമ്പാദനം സാധ്യമാവില്ലെന്നോ? മൂപ്പർക്കു ഹിന്ദി നിശ്ചയമില്ല. എന്നാലും ഹിന്ദിയിൽ തന്നെ വേണമെന്ന് വാശി. മാനേഴ്സ് അറിയില്ല പൊണ്ണൻ! ഒരു കാര്യത്തിലും നീലുവിന് അയാചിതമായ ഉപദേശം കൊടു

ക്കാൻ ഞാൻ ഒരുമ്പെട്ടിട്ടില്ല. അയാൾ കാര്യം എടുത്തിട്ടില്ലായിരുന്നുവെങ്കിൽ ഇപ്പോഴും ഞാൻ മിണ്ടാതിരിക്കുകയേ ചെയ്യുമായിരുന്നുള്ളു. മറ്റു തടവുകാർ ഈ സംഭവത്തിൽ കയറിപ്പിടിച്ച് എന്തെല്ലാം പ്രപഞ്ചമാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് ഞാൻ അയാളെ ചുരുക്കത്തിൽ ധരിപ്പിച്ചു. നീലു ശുൺഠിയെടുത്തു. അയാൾ പറഞ്ഞു, 'ഇവറ്റയാണ് സ്വരാജ്യം സമ്പാദിക്കാൻ പോണത് .' ഇതിനുശേഷം അനർഗളം എന്തൊക്കെയോ വിളിച്ചു പറഞ്ഞു. കുറച്ചു സമയത്തിനകം ദേഷ്യമെല്ലാം അജ്ഞാതനായ ഒരു കൂട്ടുകാരനു നേരെ തിരിഞ്ഞിരിക്കുന്നതായി കണ്ടു. അയാൾ തന്റെ ശർക്കര മോഷ്ടിച്ചുതിന്നുവത്രേ. ഞായറാഴ്ചതോറും 'ഞായറാഴ്ച നോമ്പ് ' അനുഷ്ഠിക്കുന്ന രാഷ്ട്രീയത്തടവുകാർക്ക് ചോറിനു പകരം റൊട്ടിയും ശർക്കരയും അല്ലെങ്കിൽ ആറുപൈസയുടെ പഴങ്ങൾ കിട്ടുന്നു. നീലു ശർക്കരയാണു വാങ്ങുക പതിവ് . ഞായറാഴ്ച എന്റെ ചോറ് ഞങ്ങൾ രണ്ടുപേരും കൂടി ഭക്ഷിക്കും. ഈ അസൗകര്യം സ്വീകരിച്ച് ഞങ്ങൾ കിട്ടുന്ന ശർക്കര ലേശം ലേശം തിന്ന് ഒരാഴ്ച വരെ നീട്ടിക്കൊണ്ടുപോവും. ആ ശർക്കരയാണ് മോഷ്ടിക്കപ്പെട്ടത് . അതുകൊണ്ട് നീലുവിന്റെയുള്ളം ചൊടിച്ചതിൽ അത്ഭുതപ്പെടാനില്ല. പക്ഷേ നീലു ഉറക്കെയുറക്കെ എല്ലാ രാഷ്ട്രീയ തടവുകാരെയും അടച്ചുചീത്തപറയുന്നത് എനിക്കു പിടിച്ചില്ല. വിശേഷിച്ചും അന്തരീക്ഷം അനുകൂലമല്ലാതിരിക്കെ. ലോകം മുഴുവൻ തനിക്കെതിരായി തിരിഞ്ഞാലും നീലുവിനെ അയാളുടെ പോക്കിൽനിന്നു പിൻതിരിപ്പിക്കുക സാധ്യമല്ല. ഒരിക്കൽ അയാൾ ഒന്നുറപ്പിച്ചാൽ പിന്നെ ആർക്കും ഇളക്കാൻ കഴിയില്ല. നീലു എപ്പോൾ എന്തു കുരുത്തക്കേടാണാവോ ചെയ്തുവെയ്ക്കുക എന്നായിരുന്നു സദാ എനിക്കു പേടി. ജയിലിലെ ഡറ്റിന്യൂകൾക്ക് സമയം പോക്കാൻ വേണ്ട വക കിട്ടിക്കൊണ്ടിരിക്കണം. ജയിലിന്നു പുറത്തായിരിക്കുമ്പോൾ അവരെ പ്രവർത്തിപ്പിച്ചിരുന്ന അസീമമായ പ്രചോദനത്തിന്റെ പൂർത്തിക്കായി ജയിലിൽ അവർക്ക് നാനാ പ്രകാരത്തിലുള്ള വിഭാഗീയതകളും കക്ഷിവഴക്കുകളും രാഷ്ട്രീയതകളും ആവശ്യമായി വരുന്നു. എന്നാൽ എന്നും പുതിയ പരിപാടികളില്ലാതെ എങ്ങനെ മനസ്സമാധാനം വരും? ഇതു കാരണം നീലു ഇളക്കി വിട്ട ക്ഷോഭം ഏറെ മുന്നോട്ടു നീങ്ങിയില്ല അക്കുറി. പിറ്റേന്ന് ലഘുഭക്ഷണസമയം ആരോ സംഗതി കുത്തിപ്പൊക്കി — നിത്യവും കുതിർത്ത കടലയാണ് കിട്ടുന്നത് .

ഇതിനു പകരം അവലു കിട്ടുന്നുവെങ്കിൽ വളരെ നന്നായിരിക്കും. പോരേ? പറഞ്ഞുനിർത്തുന്നതിനു മുമ്പായി മുദ്രാവാക്യം തയ്യാറായി– "കടലവേണ്ട, അവലുമതി." ജയിലിലുള്ളവർ ഒറ്റ സ്വരത്തിൽ ആർത്തുവിളിച്ചു. അതോടൊപ്പം കിണ്ണത്തിൽ ഗ്ലാസുകൊണ്ടുള്ള താളംപിടുത്തം. ചിലർ ചൂളം വിളിച്ചു, ചിലർ കിണ്ണം അഴികൾക്കിടയിലൂടെ കടത്തിവലിച്ച് ഒച്ചയുണ്ടാക്കി. അതൊരു വിചിത്രശബ്ദമായിത്തോന്നി. വളരെ പേർ കിളിവാതിലിൽ കയറിനിന്നു. രണ്ടുപേർ കിളിവാതിലിലൂടെ ടിൻ മേഞ്ഞ മേൽപ്പുരയിൽ എത്തി. ഏതോ മാന്ത്രികദണ്ഡുകൊണ്ടുള്ള ഉഴിച്ചിലിൽ എല്ലാവർക്കും ഒന്നിച്ച് ഉന്മാദം പിടിപെട്ടപോലെ. ഞാൻ ധീരഗംഭീരരാണെന്നു ധരിച്ചിരുന്ന കൂട്ടർ പോലും ഉത്സാഹാതിരേകം കാരണം തങ്ങളെ അടക്കിനിർത്താൻ കഴിയാത്തവരായി കാണപ്പെട്ടു. ചിലർ ഭ്രാന്തരെപ്പോലെ 'കമ്പിളികമ്പിളി' എന്നാർത്തുകൊണ്ട് വാർഡിന്റെ കോണോടുകോൺ ഓടിക്കളിക്കുന്നു. അവർ ഇങ്ങനെ പറയുന്നതിൽ നിന്ന് ഒരു പുതിയ പരിപാടി ആവിർഭവിച്ചു. പലരും നിമിഷംകൊണ്ട് കുറെയേറെ കമ്പിളികൾ പുറത്തുകൊണ്ടുവന്നു കൂട്ടി, അവ കീറി കഷണമാക്കുവാൻ തുടങ്ങി. ഒരു മനുഷ്യൻ അടുക്കളയിൽ നിന്ന് (മര് ഹ എന്ന ജയിൽ ഭാഷ) ഒരു കടക്കൊള്ളി എടുത്തുകൊണ്ടുവന്ന് കമ്പിളിക്കൂട്ടത്തിലിട്ടു. അതിൽ നിന്ന് കുറേശ്ശെ പുകയും അവലക്ഷണം പിടിച്ച മണവും ഉയർന്നു. രണ്ടു പേർ ഓടിച്ചെന്ന് കടല നനച്ചുവെച്ചിരുന്ന പാത്രം കമിഴ്ത്തി . അടുത്തുള്ള വാർഡർ 'ഭ്രാന്തമണി' (അലാറം) അടിച്ചു തുടങ്ങി. അതുകേട്ട് ജയിലിൽ അതാതു സ്ഥലങ്ങളിൽ നിന്നിരുന്ന വാർഡർമാർ വിസിലടിച്ചു. ഫുട്ബാൾ റെഫറിമാരും ഇഞ്ചിൻ ഡ്രൈവർമാരും തമ്മിൽ ചൂളം വിളി മത്സരം സംഘടിപ്പിച്ചിരിക്കുന്നപോലെ. അസംഖ്യം വിസിലുകളുടെ ഉച്ചവും തീക്ഷ്ണവുമായ ആ ശബ്ദകോലാഹലം ജയിലിന്റെ അന്തരീക്ഷമാകെ മാറ്റിമറിച്ചുകളഞ്ഞു. ടവറിൽ നിന്ന് തുടർച്ചയായ മണിയടി — ടൺ ടൺ ടൺ! ജയിൽ ഗേറ്റിലും അതേപോലുള്ള മണിയടി. പുസ്തകങ്ങളിൽ വായിക്കാറുള്ള കപ്പലപകടങ്ങളുടെ അതേ ദൃശ്യം. ഇപ്പുറത്ത് അത്യുച്ചത്തിലുള്ള ആഹ്വാനം — 'കമ്പിളികൾ കത്തിക്കൊണ്ടിരിക്കട്ടെ' കിണ്ണങ്ങൾ മുഴങ്ങിക്കൊണ്ടിരിക്കട്ടെ, ഉദ്യോഗസ്ഥപ്രഭുത്വം മുടിയട്ടെ!' പിന്നെ മനസ്സിലാകാത്ത വേറെ പലതും. ജയിലധികാരികൾ നിന്നിടത്തുനിന്ന് ധരിച്ചിരുന്ന അതേ വേഷത്തിൽ

തിരക്കിട്ടോടിയെത്തി. ടവറിൽ ഒരു ബോർഡു തൂക്കിയിടപ്പെട്ടു — 'വാർഡ് നമ്പർ 17, 18, 19,' ഗേറ്റിന്നടുത്തു നിന്ന് വാർഡർ മാർ ടവറിലേക്കു മാർച്ചുചെയ്തു. വളരെ പേർക്കും യൂണി ഫോമില്ല. നഗ്ന ദേഹം. വെറും കാൽ. ജയിൽ ഡോക്ടർ ഹരേൻ ബാബു വെറും ബനിയനോടെയാണെത്തിയത്. ടവറിൽ നിന്ന് ഒരു വാർഡർ ഒറ്റ ശ്വാസത്തിൽ വിളിച്ചു പറ ഞ്ഞു— 'പതിനേഴ്, പതിനെട്ട്, പത്തൊമ്പത് നമ്പർ.' കേൾ ക്കേണ്ട താമസം എല്ലാവരും അങ്ങോട്ടു പാഞ്ഞു. ആകപ്പാടെ എല്ലാം കൂടി ഒരു മഹാ പ്രപഞ്ചം. അപ്പോഴേക്ക് ഒരു ഹുംകാരം പോലുള്ള ധ്വനി—'മിലിട്ടറി എത്തിക്കഴിഞ്ഞു—' കൈയിൽ തോക്കുമായി ഒരു സംഘം മിലിട്ടറിക്കാർ ഗേറ്റിനകത്തേക്കു കടന്നു. അവരുടെ ഹാവഭാവങ്ങളിൽ യാതൊരു പരിഭ്രാന്തിയും കണ്ടില്ല. ക്വിക് മാർച്ച് ചെയ്തു കൊണ്ട് അവർ ടവറിൻെറ അരികിലെത്തി. പിന്നെ മൂന്നു വാർഡുകളിലേയും കോമൺ ഗേറ്റിനു മുമ്പിൽ വന്നുനിന്നു. വാർഡിൻെറ ഒരു കോണിൽ കൂവളം അട്ടിയിട്ടിരുന്നു. തലേ ന്നാൾ വാർഡിൻെറ മുമ്പിൽ നിന്നിരുന്ന കൂവളം വെട്ടി ക്കളഞ്ഞിരുന്നു. എല്ലാവരും അതിൽ കയറി നിന്ന് 'ഗാന്ധിജീ കീ ജയ്' എന്നു വിളിച്ചു പറഞ്ഞുകൊണ്ട് കോൺഗ്രസ് കൊടി പറപ്പിക്കുക പതിവായിരുന്നു. കൊടി ജയിലിന്നു പുറത്തു നിൽക്കുന്നവർക്കും കാണാമായിരുന്നു. വളരെ അകലെ നിന്നു തന്നെ. ആ മരം മുറിക്കാൻ കൽപനയായതിന് ഈ സംഗതിയായിരുന്നു കാരണം. നാലു വാർഡർമാർ ആദ്യം ആ കൂവള ശേഖരത്തെ വളഞ്ഞു— ലാത്തിച്ചാർജു സമയം തടവുകാർ വാർഡർമാർക്കെതിരെ കൂവളക്കൊമ്പുകൾ എടുത്തു പെരുമാറാതിരിക്കാനൊരു മുൻകരുതൽ നടപടി. പിന്നെ കുറെ വാർഡർമാരും അവരുടെയൊപ്പം കുറെ 'മേറ്റ്' (കോൺവിക്ട് ഓവർസീയർ)കളും പിന്നെ ഏതാനും ജയിൽ ഉദ്യോഗസ്ഥന്മാരും വാർഡിൽ പ്രവേശിച്ചു. ഏറെ താമസി ച്ചില്ല. തുടങ്ങി ലാത്തിച്ചാർജ്. ജയിൽ ഭാഷയിൽ ലഘുലാത്തി പ്രയോഗം. ഇതിൽ കുറ്റക്കാരെന്നോ അല്ലാത്തവരെന്നോ ഉള്ള വിവേചനമില്ല. സമാധാനപ്രിയരും എതിർപ്പു പ്രകടി പ്പിക്കാത്തവരുമാണ് അടി അധികം കൊള്ളുന്നത്. അടിക്കുന്ന സമയം ശിപ്പായികൾ വായകൊണ്ട് എന്തോ ഒരു ജാതി ശബ്ദം ഉണ്ടാക്കിയിരുന്നു. 'അവിടെ അവിടെ ചിലർ ഓടി ക്കളയുന്നു.' 'ഈ തെമ്മാടിക്കിട്ടൊന്നുകൊടുക്കൂ'—വാർഡർ

മാർ അലറിക്കൊണ്ടിരുന്നു. മേറ്റുകളുടെ ഉത്സാഹത്തിനാണ് എല്ലാത്തിലും കേമത്തം. ഓഫീസർമാർ നിൽക്കുന്ന ദിക്കിലുള്ള തടവുകാർക്കാണ് ഒരു രക്ഷയുമില്ലാത്തത് . കാരണം വാർഡർ മാർ അവരെ തൻെറ കൈവിരുതു കാട്ടുവാൻ വെമ്പുകയാണ് . ചിലർ വീണു. അവർക്കു തലയ്ക്കു പരിക്കുപറ്റിയിട്ടുണ്ടായി രുന്നു. ദർഭംഗക്കാരനായ ഒരു പാവം തടവുകാരൻ ഒരിടത്തി രുന്ന് ജപിക്കുകയായിരുന്നു. അയാളെയും വിട്ടില്ല. അവർ ഞങ്ങൾക്കു നേരെ തിരിഞ്ഞു. എൻെറ ഉള്ളിൽ പരിഭ്രമം കടന്നു കൂടി. അടികൊള്ളും. അതു തീർച്ച . ചെറുക്കാൻ പറ്റില്ല എന്നും അറിയാം. എന്തു ജാതി അടിയാണു തലയിലെഴു തിയിട്ടുള്ളതെന്നു വിചാരിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്ക് ഒരു ലാത്തി എൻെറ നേരെ നീണ്ടു. എപ്പോഴാണു ഞാൻ രണ്ടു കൈകൊണ്ടും തല മറച്ചതെന്നു ഞാൻ തന്നെ അറിഞ്ഞില്ല . കൈയിൽ അടി വീണപ്പോഴാണ് അതറിഞ്ഞത് . ലാത്തി ത്തുമ്പിൽ ഒരു ഇരുമ്പുവളയം ഉണ്ടായിരുന്നു. അതുകൊണ്ടി ട്ടാവാം, കൈയ്ക്കു മുറിവു പറ്റി. രണ്ടുമൂന്നു ലാത്തികൾ കൂടി ഇങ്ങോട്ടു തന്നെ അടുത്തു. നീലു എന്നെ കെട്ടിപ്പിടിച്ചു. അയാൾ പറഞ്ഞു, “തല മറയ്ക്കൂ, വീണ്ടും തല മറയ്ക്കൂ”. നീലുവിൻെറ മേൽ അനവധി ലാത്തികൾ വന്നു വീണു. അയാളുടെ തലയിൽ നിന്നു ചോരയൊലിച്ചു. വാർഡർമാർ മറ്റൊരു വശത്തേക്കു തിരിഞ്ഞു. അവർക്ക് ഒരിടത്തു തന്നെ ഏറെ നേരം നിന്നാൽ പോരല്ലോ. വാർഡിലാകെ എന്തെന്നി ല്ലാത്തൊരു സ്തബ്ധത. പലരും കിടക്കുകയാണ് . അടിയേൽ ക്കാത്ത ഭാഗ്യവാന്മാർ മുറിവേറ്റവർക്കായി വെള്ളം കൊണ്ടു വരുന്നു. ബോധം കെട്ടു കിടക്കുന്നവരുടെ മുഖത്ത് . വെള്ളം തളിക്കുന്നു. ചിലർ നിശ്ചേഷ്ടരായവരെ പത്രം കൊണ്ടോ തോർത്തു കൊണ്ടോ വീശുന്നു. നിസ്സാര പരുക്കു പറ്റിയവർ സ്വയം പ്രാഥമിക ശുശ്രൂഷ നടത്തുന്നു. ജയിൽ ആസ്പത്രിയെ വിശ്വസിച്ചിരുന്നാൽ ഒന്നും നടക്കയില്ല. ഒട്ടും പരുക്കേൽക്കാത്ത കുറെ കൂട്ടർ പരിക്കേറ്റവരുടെ ജനറൽ ഇൻസ്പെക്ഷനിറ ങ്ങിയിരിക്കുന്നു. ഭയങ്കരമായൊരു കൊടുങ്കാറ്റിനുശേഷം ഗ്രാമത്തിനു നേരിട്ട കെടുതികളെ വിലയിരുത്താൻ പുറപ്പെട്ട വരെപ്പോലെ. അപ്പോഴേക്കുമെത്തി മരുന്നും മന്ത്രവുമായി ജയിൽ ഡോക്ടറും കമ്പൗണ്ടറും. അവരുടെ പിന്നാലെ ചില തടവുകാർ സ്ട്രെച്ചറുമായി. വല്ലാത്ത മുറിവുപറ്റിയവരെ ആസ്പത്രിയിലേക്കു കൊണ്ടുപോകണം.

'ബോലോ രേ അസ്പത്താൽ' ആസ്പത്രി പാറാവു കാരന്റെ തൊണ്ട ഇവിടം വരെ കേൾക്കാം. അയാൾ തന്റെ വികൃതമായ തൊണ്ട കൊണ്ട് പ്രകോപനമൊന്നു മില്ലാതെ അലറിവിളിച്ചു. ഒരു പക്ഷേ അയാൾ ഉറക്കം തൂങ്ങുകയായിയിരുന്നു. പെട്ടെന്നു ഞെട്ടിയുണർന്ന് തന്റെ കർത്തവ്യത്തെപ്പറ്റി ബോധവാനായതാവാം. ഈ അലമുറ കൾ കാരണം അസ്പത്രിയിലെ രോഗികൾക്ക് ഉറക്കം വരാതാ യിയെന്നു തോന്നുന്നു. ഒന്നാമത് പാകം നോക്കാനാരുമില്ല. അതും പോരാഞ്ഞിട്ട് രാത്രി ഉറക്കമിളച്ചുകൊണ്ടുള്ള ഈ കുത്തിയിരിപ്പും. ഇതിനുമുമ്പിലത്തെ സൂപ്രണ്ട് ആസ്പത്രി പാറാവുകാരൻ രാത്രി ടവറിൽ നിന്നുള്ള വിളിക്കു മറുപടി പറയേണ്ടതില്ലെന്നു നിയമമുണ്ടാക്കിയിരുന്നു. മെഡിക്കൽ ഗ്രൗണ്ടിൽ തടവുകാർക്ക് പലതരം സൗകര്യങ്ങൾ സൂപ്ര ണ്ടിന് ചെയ്തു കൊടുക്കാനാവുന്നതാണ് . ഈ വിപുലമായ പേഷണ യന്ത്രത്തിനകത്ത് ഈ മെഡിക്കൽ ഗ്രൗണ്ടിന്റെ ഛിദ്രമാർഗത്തിലൂടെ മാത്രമേ ലേശം കാറ്റും വെളിച്ചവും കടന്നെത്തുന്നുള്ളൂ. സഹാനുഭൂതിയുള്ള ജയിൽ ജീവനക്കാർ ഇതിന്റെ മറവിൽ തടവുകാർക്ക് ചില്ലറ സുഖസൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നു. പുതിയ സൂപ്രണ്ട് വന്നപ്പോൾ പാറാവുകാരൻ ഏറ്റു വിളിക്കണമെന്ന പഴയ നിയമം വീണ്ടും കൊണ്ടുവന്നു. സഹാനുഭൂതിയും ശുശ്രൂഷയും കൊതിക്കുന്ന രോഗിയായ തടവുപുള്ളികൾ രോഗശയ്യയിൽ കിടന്നുകൊ ണ്ട് തന്റെ ഭാര്യയെയും സന്താനങ്ങളെയും സ്മരിക്കുന്നു ണ്ടാവില്ലേ? രോഗം വരുമ്പാഴാണ് ജയിലിൽവെച്ച് വീട് അധികമായും ഓർമ്മവരിക. സാധാരണ തടവുകാർക്ക് ജയി ലിനു . പുറത്തായിരിക്കുന്ന സമയം രണ്ടു നേരം ഭക്ഷണം തന്നെ കഷ്ടിയായേ കിട്ടാറുണ്ടാവുള്ളു. ജയിലിൽ മറ്റൊന്നു മില്ലെങ്കിലും രണ്ടുനേരം ഭക്ഷണത്തിന്റെ കാര്യത്തിൽ അനിശ്ചിതത്വം ഉണ്ടാവുകയില്ല. അതുകൊണ്ടെന്ത് ? സുഖ മില്ലാതാകുമ്പോൾ അവർ തങ്ങൾ അസഹായരാണെന്ന് കാ ണുന്നു. ഈ രോഗികളായ തടവുകാരെ അനേകം ചിന്ത കളലട്ടുന്നുണ്ടെങ്കിൽകൂടി, ഇന്ന് എന്നെപ്പറ്റി ഒരിക്കലെങ്കിലും ചിന്തിക്കാതെ വരുമോ? സഹതാപം കൊണ്ടു വേണ്ട, സന്താ സംകൊണ്ടെങ്കിലും എന്റെ തൂക്കിക്കൊലയെപ്പറ്റി നിശ്ചയ മായും ചിന്തിക്കുന്നുണ്ടാവും. ശരിക്കും എന്നെപ്പറ്റിയാവണ മെന്നില്ല. തങ്ങൾക്ക് തീരെ അറിഞ്ഞുകൂടാത്ത കഴുമരം കയ

റാൻ പോകുന്ന കുറ്റവാളിയെപ്പറ്റി—ഒന്നാം നമ്പർ സെല്ലിലെ താമസക്കാരൻ.

ആസ്പത്രിയിലെ രണ്ടാം നില ടി.ബി. രോഗികൾക്കുള്ള താണ് . രണ്ടാം നിലയിൽ തുറന്നരശായ വരാന്തയാണ് . അതുകാരണം കഴുമരം സ്പഷ്ടമായി കാണാൻ കഴിയും അവർക്ക് . ഇന്ന് കഴുമരത്തിൻെറ നാലു ഭാഗത്തും പ്രത്യേ കം വിളക്കുവെയ്പു നടത്തിയിട്ടുണ്ട് . സെൻട്രികൾ അവിടെ റോന്തുചുറ്റുന്നു. ആരെങ്കിലും 'ചില്വാനം' ചെലവുചെയ്ത് വാർഡർമാർ വഴി കഴുമരത്തിൽ വല്ല 'കുസ്രാക്കൊള്ളിയും' വരുത്തിവെച്ചാലോ' ആരറിഞ്ഞു. ടി.ബി. രോഗികൾ ഇവിട ത്തെ ദീപക്കാഴ്ച നോക്കിയിരിക്കയാണ് . ഒരുപക്ഷേ അവരു ടെ പ്രാണൻ കിടന്നു പിടയുകയാവാം. ജീവിക്കുവാൻ മോഹ മുണ്ടെങ്കിലും അവർ ഇഞ്ചിഞ്ചായി മരിക്കുകയാണ് . എന്നിട്ടും തൂക്കാൻ വിധിച്ചവനെക്കാൾ തങ്ങൾ ഭാഗ്യവാന്മാരാണെന്ന് അവർ വിചാരിക്കുന്നു. അവരുടെ നെടുവീർപ്പും അയാചിത മായ കരുണയും തലയിലേറ്റിക്കൊണ്ടുവേണം എനിക്കു യാത്രയാകുവാൻ. തൂക്കിക്കൊല ജയിലിനകത്ത് തൽക്കാ ലത്തേക്ക് ഒരു കോളിളക്കവും വിഷാദവും ഉണ്ടാക്കി ത്തീർക്കും. എന്നാൽ അവരുടെ മരണം ആരെങ്കിലും അറിഞ്ഞെന്നു പോലും വരില്ല. അവരുടെ അടുത്ത ബന്ധു ക്കൾക്ക് ഒരു സർവീസ് കാർഡു കിട്ടും. ആസ്പത്രിയിൽ വെച്ചു മരിച്ചവരുടെ എണ്ണത്തിൽ ഒന്നു പെരുകും. അവരുടെ മരണദിവസം ജയിൽ ഡോക്ടർ ഒരു പക്ഷേ 'രജായി' (പുതപ്പ്)ക്കു പുറത്തു വന്നെന്നു വരില്ല. ആസ്പത്രി വാർ ഡിൻെറ പാറാവുകാരൻ രാത്രി വിളിച്ചറിയിക്കുന്ന സമയം തടവുകാരുടെ ആകെത്തുകയിൽ ഒന്നുകുറച്ചുപറയും; രാത്രിയുടെ നീരവതയെ ശല്യപ്പെടുത്തിക്കൊണ്ട് ടവറിലെ വാർഡറെ തമാശയായി വിവരമറിയിക്കും--ഒരു കുറ്റവാളിക്ക് എന്നെന്നേക്കുമായി മോചനം.

തീവണ്ടിയുടെ ചൂളം കേൾക്കുന്നു. പന്ത്രണ്ട് എപ്പോഴേ അടിച്ചു കഴിഞ്ഞു. വണ്ടി വിട്ടു. സ്റ്റേഷൻ വളരെ അകലെ യാണ് . എന്നിട്ടും പ്ലാറ്റ്ഫാമിലെ കലപില കേൾക്കുന്നതു പോലെ തോന്നുന്നു.

യാത്രക്കാരുടെ തിക്കിത്തിരക്കൽ . 'കൂലി! കൂലി! ഇവിടെ!' രൗതാരാ സ്റ്റേഷനിലെ സ്റ്റേഷൻ മാസ്റ്ററുടെ നിലവിളി– "ബെൽ!ബെൽ!" സിഗ്നലർ മണിയടിക്കുന്നു.

തീവണ്ടിയുടെ ചൂളം ജയിലെന്ന സങ്കീർണലോകത്തിനപ്പുറത്തുള്ള ഉദാരമായ പൃഥിവിയുമായി സമ്പർക്കം സാധ്യമാക്കുന്ന ചരടാകുന്നു. ആത്മാവിനെ ഇത്രയ്ക്കു വിഷാദമയവും ഇത്രയ്ക്കു അസ്വസ്ഥവുമാക്കുന്ന ഒരു കുഴൽ വിളിയുടെ താനം ഒറ്റ വൈഷ്ണവകവിക്കും ഇന്നോളം ഉല്ലേഖനം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. 'കർണ്ണങ്ങളിലൂടെ അകം പൂകി മർമ്മങ്ങളിൽ തറഞ്ഞു നിന്നു' –ഇന്ന് ഇത് ഗീതനിബദ്ധമായ പദവിന്യാസം മാത്രമല്ലാതായി. ഏത് അജ്ഞാതമായ ഊതറിന്റെ പ്രകമ്പനമാണ് , മനസ്സിന്റെ നിശ്ചലതന്ത്രികളെ ഈ വിധം തരംഗിതങ്ങളാക്കുന്നത് ? തുണിമില്ലുകളിലെ പ്രഭാത സമയത്തെ വിസിൽ തൊഴിലാളിച്ചേരിയിൽ തൽക്കാലത്തേക്കൊരു ഇളക്കം ഉണ്ടാക്കിത്തീർക്കും. എന്നാൽ തീവണ്ടിച്ചൂളം തടവുകാരിൽ തീവ്രമായ പ്രകമ്പനം സൃഷ്ടിക്കുന്നു. മനസ്സിൽ എത്രയോ തരളവും മധുരവുമായ സ്മരണകൾ ഉണർത്തുന്നു. എത്രയോ അമൂർത്തങ്ങളായ പ്രാർത്ഥനകൾക്കും വാസനകൾക്കും രൂപം നൽകുന്നു. തീവണ്ടി ഓടിത്തുടങ്ങിയതിന്റെ ആരവം കേൾക്കുന്നു. അകലെ, എത്രയകലേക്കാണതിന്റെ യാത്ര. ഇരുട്ടിൽ ഇരുവശത്തുള്ളതൊന്നും കണ്ടുകൂടാ. കേവലം സീമാഹീനത അനുഭവപ്പെടുന്നു. ഒരു തരത്തിലുള്ള തടസ്സവുമില്ല.

വാർഡർ ഇരുന്നു തൂങ്ങുകയാണ് . എനിക്കു പരിചിതനായിത്തീർന്ന പൂച്ച മെല്ലെ മെല്ലെ എന്റെ അരികിലേക്കു നീങ്ങി നീങ്ങി വരുന്നു. പെട്ടെന്ന് അതു നിന്നു. ഞാൻ വാതിൽക്കൽത്തന്നെയിരിക്കയല്ലേ. അതുകൊണ്ടാവും ധൈര്യക്ഷയം. കിണ്ണം നക്കുവാൻ രാത്രിയും പകലും ഓരോ തവണ വരുന്നു. ആഴ്ചയിൽ ഒരിയ്ക്കൽ സ്വൽപം തൈർ കിട്ടും. ബാക്കി ദിവസങ്ങളിൽ വരുന്നതെന്തിനായിട്ട് ? ജയിൽ വാസം തുടങ്ങിയതിൽ പിന്നെ സസ്യാഹാരവും ശീലിച്ചിരിക്കുന്നു ഇത് . ആശ്രമത്തിൽ സഹദേവന്റെ നായയുണ്ടായിരുന്നു. അതും സസ്യാഹാരമേ ഇഷ്ടപ്പെട്ടിരുന്നുള്ളൂ. എവിടെയാണിപ്പോൾ അത് ? ഒരു സമയം സഹദേവന്റെ ജ്യേഷ്ഠൻ അതിനെ വീട്ടിലേക്കു കൊണ്ടുപോയിട്ടുണ്ടാവും. റാന്തൽ

വെളിച്ചത്തില്‍ പൂച്ചയുടെ നിറം വ്യക്തമായും കാണാം. . നരിയുടേതു പോലെ മഞ്ഞയും കറുപ്പും തവിട്ടും പുള്ളികള്‍. കാണാന്‍ നല്ല ഭംഗി. അന്നൊരു ദിവസം ജയിലറദ്ദേഹം തമാശയ്ക്കു പറയുകയുണ്ടായി, 'എന്തേ? പൂച്ചയോടു ചങ്ങാത്തം കൂടിയോ? പേരിട്ടിരിക്കുന്നതെന്താണ് ?' ഞാന്‍ പറഞ്ഞു, 'അതൊന്നുമില്ല. വെറുതേ വന്നിരിക്കുന്നു'. "എന്നാല്‍ ഇതിനു 'ജോ' എന്ന് പേരിട്ടോളൂ." പിന്നെ തന്റെ രസികത്വത്തില്‍ സ്വയം രസിച്ച് 'ഹോഹോ'യെന്ന് ചിരിച്ചു. ജയിലര്‍ അദ്ദേഹത്തിന്റെ പല്ല് മുത്തുപോലെ വെളുത്തതാണ് . ടൂത്ത് പേസ്റ്റുകാരുടെ പരസ്യത്തിലേതുപോലെ.

ഞാന്‍ എഴുന്നേറ്റ് പൂച്ചയ്ക്കു വഴിമാറിക്കൊടുത്തു. അത് ഒന്നു കുറുങ്ങി. ഇനിയും എന്നില്‍ വിശ്വസിക്കാന്‍ കഴിഞ്ഞിട്ടില്ല അതിന് . കിണ്ണത്തില്‍നിന്ന് ഞാന്‍ കുറച്ചു പച്ചക്കറി കഷ്ണം എടുത്തു. പൂച്ച പച്ചക്കറി തിന്നുമോ? ഒരു കഷ്ണം ഞാന്‍ പൂച്ചയുടെ നേരെ എറിഞ്ഞു. മ്യാഊ വെന്നു കരഞ്ഞു കൊണ്ട് പൂച്ച ഓടിക്കളഞ്ഞു. എന്നാല്‍ ആ കഷ്ണം ഇരുമ്പഴിയില്‍ തട്ടി താഴെ വീണു. പുറത്തേക്കു പോയില്ല.

ഞാനും നീലുവും ആശ്രമത്തില്‍ അമ്മയുടെ മുറിയില്‍ ബഞ്ചിലിരുന്ന് നാരങ്ങ തിന്നുകയായിരുന്നു. രണ്ടുപേരും വാതുവെച്ചു. നാരങ്ങത്തൊണ്ട് ജനലഴികള്‍ക്കിടയിലൂടെ പുറത്തേക്കെറിയണം. അഴിയില്‍ കൊള്ളരുത് . ഹായ് കഷ്ടം! എല്ലാം അഴികളില്‍ കൊണ്ടു. ജനലില്‍ അഴികളെത്രയുണ്ട്! അഴികള്‍ക്കിടയിലെ വിടവുകളോ? എന്നിട്ടും അവയില്‍ത്തന്നെ വേണോ തൊണ്ടു ചെന്നു വീഴുവാന്‍?

മാറിയും മറിഞ്ഞും വീണ്ടും നീലുവിനെപ്പറ്റിത്തന്നെയെന്തുകൊണ്ടാണോര്‍ത്തുപോകുന്നത് ? മറക്കാന്‍ ആഗ്രഹിക്കുന്നതുകൊണ്ടോ? അറിഞ്ഞുകൊണ്ട് മനസാ എത്രയോ തവണ ആവര്‍ത്തിച്ചുകൊണ്ടിരുന്നിട്ടും ഇക്കാര്യം അവബോധമനസ്സിന് സ്വീകരിക്കുവാന്‍ കഴിയുന്നില്ലേ? നേരു തന്നെ, എനിക്കെതിരായി തെളിവു കൊടുത്തിട്ട് അയാള്‍ തന്റെ കര്‍ത്തവ്യം പാലിക്കുക തന്നെയാണു ചെയ്തത് . ഏതൊരു ആത്മാഭിമാനിയും സത്യനിഷ്ഠനുമായ രാഷ്ട്രീയ പ്രവര്‍ത്തകന് ഇതല്ലാതെ വേറെ വഴിയില്ലായിരുന്നു. പക്ഷേ

അതു യുക്തി— നിഷ്ക്രിയമായ ചേതന— ഈ യുക്തിക്ക് കോടതിയിൽ മാത്രമേ വിലയുള്ളുവെന്നു വിചാരിക്കുകയാവാം. പുസ്തകത്തിലച്ചടിച്ച അക്ഷരങ്ങളിലൂടെ അതു കാണുവാൻ ഭംഗിയുണ്ട്. മറ്റെങ്ങുമില്ല അതിനു സ്ഥാനം. ഇല്ലെങ്കിൽ ചുറ്റിത്തിരിഞ്ഞ് എൻെറ സ്മരണ നീലുവിൽ തന്നെ വന്നു തങ്ങാനെന്തു കാരണം? തൻെറ പാർട്ടിയോടുള്ള കൂറു പ്രദർശിപ്പിക്കുവാൻ ഏകോദരനായ സഹോദരനെ കഴുമരത്തിലേറ്റാനുള്ള മാർഗം സുഗമമാക്കുന്നത് ഹൃദയത്തിൻെറ സാധുതയെയോ അതോ മനസ്സിൻെറ വൈകൃതത്തെയോ കാണിക്കുന്നത് ? നീലുവിൻെറ ഈ പെരുമാറ്റത്തെ എന്നിലുള്ള ഞാനെന്ന യാഥാർത്ഥ്യത്തിന് സമർത്ഥിക്കുവാൻ കഴിയുന്നില്ലായിരിക്കാം. അതുകൊണ്ടാകാം എൻെറ പുറംമനസ്സ് പഴയ കാലത്തെ സ്മൃതികളുടെ തേൻ കൊണ്ട് ആ പൊള്ളലിൻെറ നീറ്റൽ സ്നിഗ്ദ്ധമാക്കുവാൻ ശ്രമിക്കുന്നത് .

ഞാൻ വീണ്ടും വാതിൽക്കൽ വന്നിരുന്നു. ഇക്കുറി ഇടതുഭാഗത്തേക്കു ചാഞ്ഞ് വലതുകൈ കൊണ്ട് അഴി പിടിച്ച് വലതുവശത്തേക്കു ചെരിഞ്ഞ് ഇരുന്നാലത്തേതു പോലുള്ള സുഖം, ആശ്വാസം ഇടതുകൈ കൊണ്ട് അഴിതാങ്ങി ഇടത്തോട്ടു ചെരിഞ്ഞിരുന്നാൽ കിട്ടില്ല. നിലം താഴ്ന്നിട്ടുള്ളിടത്താണ് ഇരുന്നത് . വൃദ്ധനായ ഒരാനയുടെ കഴുത്തിൽ പാപ്പാനു പിറകിൽ ഇരുന്നാലത്തെ ഒരനുഭവം. ഈ വിധമുള്ള ലക്കില്ലാത്ത ഭാവനകളാണ് തോന്നിപ്പോകുന്നത് . ലക്കില്ലാത്തതാകുന്നതെങ്ങനെ?

കാഢാഗോലയിലെ ധൻപത് റായ് എന്ന ധനികനായ ഒരു ഗൃഹസ്ഥൻെറ ഭവനത്തിൽ പോകയുണ്ടായി. അയാളുടെ വക ഒരു കവർച്ച സംഘമുണ്ടെന്ന് പോലീസ് ധരിച്ചിരിക്കുന്നു. അയാളുടെ പേരിൽ ബി.എൽ. കേസെടുക്കുന്നതാണത്രേ. കോൺഗ്രസ് മിനിസ്റ്ററി നിലവിലുണ്ടായിരുന്ന കാലം. അയാൾ ഞങ്ങളെ ഒരു മീറ്റിങ്ങിനു വിളിച്ചു വരുത്തിയതായിരുന്നു. ഇൻസ്പെക്ടറെ വിരട്ടുകയെന്നതായിരുന്നു ലക്ഷ്യം. അയാൾ കോൺഗ്രസ്സിൻെറ ആളാണെന്ന് ഇൻസ്പെക്ടറെ ധരിപ്പിക്കുക. യോഗം പൊടിപാറി. ആഹാരാദികൾക്കു ശേഷം അയാൾ പറഞ്ഞു, 'വരിൻ, നായാട്ടിന് ഏർപ്പാടു ചെയ്തിട്ടുണ്ട് .' 'ബബൂൽ' (നല്ല കാതലുള്ള മുൾമരം) മര

ങ്ങളുടെയും കൈതകളുടെയും കാട്ടിൽ ആനപ്പുറത്തു സഞ്ചരിക്കയായിരുന്നു. ഞാൻ പാപ്പാൻെറ തൊട്ടു പിന്നിൽ. വയസ്സനാന — കഴുത്തിനു പിന്നിൽ ഒരു കുഴി പോലെ. ഞാനവിടെ പത്മാസനത്തിലാണിരിപ്പ് . മുൻവശം വലിയ ഒരു ആൽ. ആനയ്ക്ക് പൊടുന്നനെ ആലില തിന്നാൻ മോഹം. തുമ്പിയുയർത്തി ഒരു കൊമ്പ് ഒടിക്കാൻ ശ്രമിച്ചു. പെട്ടെന്ന് എന്തു സംഭവിച്ചെന്നറിഞ്ഞില്ല. എന്നെ ചക്കിലിട്ടു തിരിച്ചു ചമ്മന്തിയാക്കുവാൻ പോകുന്നതായി എനിക്കു തോന്നി. ആന തല പൊക്കിയപ്പോൾ കുഴി ചുങ്ങിപ്പോയി. അതിൽപെട്ട് എൻെറ അരയ്ക്കു കീഴ്പ്പോട്ടുള്ള ഭാഗമാകെ ഞെങ്ങി ഞെരുങ്ങി. ഞാൻ ഇറങ്ങി. കാലുകൾ തീരെ അവശമായിരുന്നു.

എൻെറ സെല്ലിലെ വാർഡർ ചുവരിൽ ചാരിയിരുന്നു മയങ്ങുന്നു. തലപ്പാവ് അഴിച്ച് താഴെ വെച്ചിരിക്കുന്നു. മൂന്നാം നമ്പർ സെല്ലിലെ വാർഡറും ഉറങ്ങുകതന്നെയാവണം. പുറത്ത് ഈ വാർഡിലെ വാർഡറിൻെറ കാൽപെരുമാറ്റം കേൾക്കുന്നു. എല്ലാ സെല്ലുകളും ശാന്തം. ഉറക്കമായിരിക്കാം എല്ലാവരും. ആ ഭ്രാന്തനും ഇന്ന് ഉറക്കമാണെന്നു തോന്നുന്നുവല്ലോ. ബോംബുകേസുകാരായ സാറന്മാർ വിളക്കിനു മുമ്പിലിരുന്നു വായിക്കുകയാവും. ചീവീടുകളുടെ ഝംകാരം മുഴങ്ങുന്നു. എന്നാൽ ഇവറ്റയുടെ സാമൂഹ്യഗാനം ആശ്രമത്തിലെ ചീവീടുകളുടേതുപോലെ ഉശിരുള്ളതല്ല. കുട്ടിക്കാലത്ത് ഹേമന്ത രാത്രികളിൽ ഉറക്കമുണരുന്ന സമയം ചീവീടുകളുടെ 'ഝീഝീ'രവം രഹസ്യാവൃതമായൊരു പ്രമോദഭവനത്തിൻറ ഗോപുരദ്വാരം മുമ്പിൽ തുറന്നുകാട്ടിയിരുന്നു. ഈ ഝംകാരത്തിന് ആ തുടിപ്പില്ല. അത് ഒരു ജാതി എറുമ്പുകളുടെ ശബ്ദമാണെന്നു നീലു പറയാറുണ്ടായിരുന്നു. അയാളോടാർക്കു തർക്കിക്കാനാകും? ജയിലിലെ അന്തരീക്ഷവുമായി ചീവീടിൻെറ രാഗം പൊരുത്തപ്പെടാത്തതുകൊണ്ടു തോന്നുന്നതാകാം. റുട്ടീൻ, ആളെണ്ണൽ, അച്ചടക്കം, മതിൽക്കെട്ട് , നിയമങ്ങൾക്കു വഴങ്ങൽ—ഇതിനിടയിൽ ഇത്തരം വിലാസവിഭ്രമങ്ങൾക്കെന്തു സ്ഥാനം!

ടക് —ടക് എന്നു ചവുട്ടിക്കൊണ്ട് പുതിയ പാറാവുകാർ എത്തി. ഒരു മണിയടിച്ചോ? അവർ മൂന്നു പേരുണ്ടാവും. ഒരാൾ എൻെറ സെല്ലുകാരൻ, രണ്ടാമൻ മൂന്നാം നമ്പർ

സെല്ലുകാരൻ. മൂന്നാമൻ ഈ വാർഡിലെ. ഒരുവൻ എന്റെ സെല്ലിനു മുമ്പിലെത്തി. അയാൾ മെല്ലെ ഉറങ്ങുന്ന വാർഡറുടെ തലപ്പാവെടുത്ത് മാറ്റിവെച്ചു. പിന്നെ വിളിച്ചു– "എഡോ ഹൈദർ! ഇന്ന് ഇവിടെ തന്നെയാണോ ഉറക്കത്തിന്റെ വട്ടം?" അയാൾ പിടഞ്ഞെഴുന്നേറ്റു. ചതിച്ചോ! ജയില റായിരിക്കുമോ? "ആര് ? കിസുൻചന്ദാണല്ലേ? പുതിയ തവണക്കാരൻ എത്തിക്കഴിഞ്ഞു! ഇതാരറിഞ്ഞു! എന്റെ ചങ്ങാതി! തമാശ കളയൂ! എന്റെ തലപ്പാവെവിടെയെടുത്തു മാറ്റി? പറയെഡോ" പുതിയ തവണക്കാരൻ പറഞ്ഞു, "ഇതു കൊള്ളാം, ഞാനെങ്ങനെ അറിയും? ഞാനിതാ വന്നത ല്ലേയുള്ളൂ!" വാർഡർ ആദ്യം വിശ്വസിച്ചില്ല. പിന്നെ പരിഭ്രമം തുടങ്ങി. പണിക്കു ചേർത്തിട്ട് ഏറെയായിട്ടില്ല. വന്ന ഇടയ്ക്കുതന്നെ കേൾക്കാൻ തുടങ്ങിയിട്ടുണ്ട് , ജയിലർ റൗണ്ടിനു വരുമ്പോൾ വാർഡർമാർ ഉറങ്ങുന്നതു കണ്ടാൽ തൽക്കാലം ഒന്നും മിണ്ടില്ല. പതുക്കെ തലപ്പാവെടുത്തു കൊണ്ടു പോവും. പിന്നീടു പിഴയിടും. ഇതാ കഴിഞ്ഞ ആഴ്ച തന്നെ ഹരേ കിസുൻ വാർഡർക്ക് അതു പറ്റി. അയാൾ തുണി ഗുദാ മിലെ ഇൻചാർജ് ബിരിജബിലാസ് എന്ന തടുവുകാരന് ഒന്നര രൂപ കോഴകൊടുത്ത് ഒരു തലപ്പാവു തരമാക്കി. പിറ്റേന്നാൾ പരേഡിന് ജയിലർ സായ്പ് തലപ്പാവു കണ്ടിട്ടു ചോദിച്ചു, 'ഇതെവിടുന്നു നേടിയെടുത്തു?' ആദ്യം ഹരേകിസുൻ ഒന്നും ഏറ്റു പറഞ്ഞില്ല. പിന്നെ തുടർന്നുണ്ടായ ചോദ്യം ചെയ്യലിൽ സത്യം പുറത്തു വന്നു. അയാൾ ഒറ്റയ്ക്കായിരുന്നി ല്ലാ. ബിരിജ ബിലാസും കുടുങ്ങി. മുഖചേഷ്ടകളോടെ ഒന്നു ഞൊടിച്ച് കിസുൻചന്ദ് കഥ പറഞ്ഞവസാനിപ്പിച്ചു. ഹൈ ദറിനു സംഗതി മനസ്സിലായി. അയാൾ തൊപ്പി തിരിച്ചു കിട്ടു വാൻ മുഖസ്തുതി തുടങ്ങി– വേറെ രണ്ടു വാർഡർമാരും സ്ഥലത്തെത്തി. ഹൈദറിന് തലപ്പാവു തിരിച്ചു കിട്ടി. എല്ലാവരും ചേർന്ന് ഒത്തു തീർപ്പിലെത്തി. നാളെ ഉച്ചയ്ക്ക് ഹൈദറിന് ഡ്യൂട്ടി അപ്പർ ഡിവിഷനിലെ രാഷ്ട്രീയത്തടവു കാരുടെ വാർഡിലാണ് . അയാൾ അവിടന്ന് ഒരു ഗ്ലാസ് പാൽ 'സുളുകി' ഹരേ കിസുനിന്നു കൊടുക്കണം. പിന്നെ അവർ ചിരിച്ചു കൊണ്ടു സ്ഥലം വിട്ടു.

അവരുടെ ഈ കർമ്മക്ലാന്തമായ ജീവിതത്തിലുമുണ്ട് സുഖം. ശമ്പളത്തിലുറപ്പ് , ഭാര്യ, പുത്രന്മാർ, കുടുംബം

........യാത്ര കഴിഞ്ഞു മടങ്ങിയതായിരുന്നു. സാരസ്വതിയുടെ നെറുകയിൽ സിന്ദൂരം . കൈയിൽ ശംഖുവള. വാതിൽക്കൽ നിൽക്കുന്നു, ചിരിച്ചുകൊണ്ട് . സലജ്ജമായ ഉൽക്കണ്ഠയോടെ പറഞ്ഞു, "ഇരിക്കൂ, വിശ്രമിക്കൂ, ഒന്നു തണുക്കട്ടെ ദേഹം. അപ്പോഴേക്കു ചായ കൊണ്ടുവരാം." ഞാൻ ഒന്നും പറഞ്ഞില്ല. ചിരിച്ചുകൊണ്ടു പിറകേചെന്ന് അടുക്കളയിൽ ഒരു പലകയിട്ട് ഇരുന്നു. നനഞ്ഞ വിറക് ഊതി കത്തിക്കാനുള്ള പ്രയത്നത്തിൽ ചുകന്നു വിയർത്ത മുഖമണ്ഡലം. കണ്ഠമാനം ചിതറിവീണ മുടി കൊണ്ടു മൂടിപ്പോയി—ഒരു സമയം . . . . . .

എന്നാൽ എന്റെ ജീവിതം കൃച്ഛ്രസാധനയെന്ന ആദർശത്താൽ വാർത്തെടുത്തതാണ്. ഇനി എന്റെ മനസ്സിന്റെ വാസന മറ്റൊരുതരത്തിൽപെട്ടതായിരുന്നാൽപോലും എന്തുണ്ടുപായം? അയലത്തും അകലത്തും ഉള്ളവർ പറയുന്നതു കേട്ടിട്ടുണ്ട് — ബിലുവിനെപ്പോലുള്ളൊരു ചെക്കനെ കിട്ടുക വിഷമമാണ് . എനിക്കു കിട്ടിയ പ്രശംസ ഉറപ്പിക്കുവാനുള്ള ആകാംക്ഷ നിവൃത്തിയുടേതായ മാർഗത്തിൽ നിന്ന് എന്നെ വ്യതിചലിക്കാനനുവദിച്ചില്ല. മനസ്സിലുയർന്ന എത്രയോ ദുർനിവാര്യങ്ങളായ വാസനകളെ ബലപൂർവം അടക്കി നിർത്തി. എന്നാൽ എന്റെ ഭാവധാരയുടെ സബ്ലിമേഷൻ കൊണ്ട് എനിക്ക് വല്ല ഉന്നത നിലവാരത്തിലുമെത്താൻ കഴിഞ്ഞോ? ഇല്ല. അങ്ങനെയായിരുന്നെങ്കിൽ ഇന്ന് മനസ്സിലീ ശങ്ക എന്തുകൊണ്ട് ഉണ്ടാകണം? പലതരത്തിലുള്ള ഭോഗലാലസ മനസ്സിൽ എന്തിന് എത്തിനോക്കുന്നു? . . . . ഒന്നും ചെയ്തു വെച്ചിട്ടു പോകാൻ കഴിഞ്ഞില്ല. ചരിത്രത്തിൽ എന്റെ പേർ അടയാളപ്പെടുത്തിവെയ്ക്കുവാൻ ആയില്ല. ഫുട്ബാൾ മാച്ചിനു ടിക്കറ്റ് വാങ്ങുന്നവരെപ്പോലെ ദേശസേവകരുടെ വളഞ്ഞു പുളഞ്ഞ നീണ്ട ക്യൂവിൽ ഒരുസ്ഥാനം പിടിക്കുന്നതിനുള്ള സുയോഗം മാത്രം കിട്ടി. എന്റെ ചങ്ങാതികൾ അടുത്ത ആഴ്ച തന്നെ ഒരു പക്ഷേ എന്നെ മറന്നേക്കും. ഇപ്പോൾ തന്നെയുണ്ടോ ഓർമ്മ, ആരറിഞ്ഞു? ഒടുക്കം ഞാനെന്തു ചെയ്തു? ഞാൻ അമാനുഷനല്ല. അതിസാധാരണനായ ഒരു മനുഷ്യൻ. മനുഷ്യന്റെ എല്ലാ ദോഷങ്ങളും ദൗർബല്യങ്ങളും എനിക്കുണ്ട്. കീറ്റ്സ് അമ്പതു കൊല്ലം ജീവിച്ചു. ഷെല്ലി മുപ്പതു വയസ്സ് . പിറ്റ് ഇരു

പത്തിമൂന്നാമത്തെ വയസ്സിൽ ഇംഗ്ലണ്ടിലെ പ്രധാന മന്ത്രിയായി. ഞാനോ, മുപ്പത്തഞ്ചാം വയസ്സിൽ വെറും നായയെപ്പോലെ മരിക്കും. ആരും അറിയില്ല, ആരും കേൾക്കില്ല. ആരും രണ്ടു തുള്ളി ചുടുകണ്ണുനീർ പൊഴിക്കില്ല. എന്തെങ്കിലും ചെയ്യാനുദ്ദേശിച്ചെങ്കിലതൊക്കെ പാഴായി. ഈ വിഫല പ്രയത്നങ്ങൾക്കു വിലയില്ല. ഈ ലോകത്തിൽ ഒന്നും വ്യർത്ഥമല്ല, മരുഭൂമിയിൽ മൂടപ്പെട്ട നദിയും പ്രയോജനവത്താണ് എന്നിങ്ങനെ കവികൾ പറയുന്നതെല്ലാം തന്നെ അർത്ഥഹീനം. വൈഫല്യങ്ങളനുഭവിച്ചറിയാത്ത കവികളുടെ ഭാവനാവിലാസങ്ങൾ.

ഒരുപക്ഷേ ഇതു തികച്ചും നിരർത്ഥമല്ലെന്നും വരാം. എന്നെപ്പോലുള്ള രണ്ടു നാലു ജീവികൾക്കെന്തു വില? ജനശക്തിയുടെ യഥാർത്ഥ സ്വരൂപം, കഴിഞ്ഞ ആഗസ്റ്റിൽ കണ്ടു. യുഗയുഗാന്തരങ്ങളായി മഹാശിലയ്ക്കുള്ളിൽ ഉറങ്ങിക്കിടന്നിരുന്ന മഹാശക്തി അറിയാറായി അന്ന് . അതുണർന്നാൽ എന്തെല്ലാം സാധ്യമാണെന്നതിന്റെ ആദ്യത്തെ സ്വാദ് ജനങ്ങളെ ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിൽ എനിക്കുണ്ടായിരുന്ന പങ്ക് നിസ്സാരമല്ല. രാഷ്ട്രീയ പ്രവർത്തകന്റെ മാർഗം കല്ലും മുള്ളും നിറഞ്ഞതും കുണ്ടും കുഴിയും ഇടതൂർന്നതുമാകുന്നു. സിംഹാസനമല്ലെങ്കിൽ കഴുമഞ്ചം. കഴുമരച്ചരട് പ്രതീക്ഷിച്ചാൽ മതി. ബഹുമതിയുടെ രാജകിരീടം കിട്ടിയെന്നും വരാം. ദുരിതങ്ങൾ നിറഞ്ഞ ജീവിതം. അനുദിനം ഇഞ്ചിഞ്ചായി ജീവനശക്തിയും ഉത്സാഹവും ക്ഷയിച്ചുവരുന്നതു കാണേണ്ടിവരും. സ്വയം സന്തൃപ്തിയൊഴികെ മറ്റെന്തെങ്കിലും ആശിച്ചാൽ ഫലം നിരാശയായിരിക്കും. പുഞ്ജീഭൂതമായ ഉപേക്ഷയുടെയും വിഷാദത്തിന്റെയും ഭാരത്താൽ ജീവിതം അസഹ്യമാവും. ഒരടി മുന്നോട്ടുവെക്കണമെന്നു വെച്ചാൽ ആയിരമായിരം പേരുടെ സ്വാർത്ഥത്തിനു ഹാനി സംഭവിക്കും. അവരൊക്കെ ശത്രുക്കളുമാകും. ഏതെങ്കിലും ഒരുവനെ സദാ ബഹുമാനിക്കാം, എന്നാൽ ഓരോ അടിവെയ്പിലും നിങ്ങൾ പത്തു പേരുടെ ഉപഹാസത്തിനും ഉപേക്ഷയ്ക്കും പാത്രമായിരിക്കയാണെന്ന് അനുഭവപ്പെടും. അങ്ങനെയുള്ള ജീവിതത്തിൽ നിന്നു ജയിലിലേക്കുള്ള വരവ് ആശ്വാസത്തോടെ നിശ്വസിച്ചു ജീവിക്കുന്നതിനു സമമാകുന്നു. മരണശിക്ഷ പോലും വരദാനമാകുന്നു. എത്രയെത്ര പേർ— നിരപരാധികൾ— യുദ്ധത്തിൽ മരിക്കുന്നു. എന്തിനെന്നവരുണ്ടോ

അറിഞ്ഞു? എത്രയോ പേർ പട്ടിണികൊണ്ടു മരിക്കുന്നു, ചികിത്സ ലഭിക്കാതെ മരിക്കുന്നു? എന്താണവർ ചെയ്ത പാപം? ജീവിതത്തിൽ അവർക്ക് യാതൊരധികാരവുമില്ല. അതിൻെറ അമോഘമായ നിർദ്ദേശം. നിരത്തിൽ വണ്ടികയറി മരിക്കുന്നതു പോലെ, വയലിൽപാമ്പു കടിച്ചു ചാവുന്നതിനു സമം രാഷ്ട്രീയത്തിൽ മരണശിക്ഷ ഒരു ആകസ്മിക സംഭവ മാകുന്നു. അതിലധികമൊന്നുമല്ല. തൻെറ കക്ഷിയിൽ പെടാ ത്ത ലോകവുമായിട്ടുള്ള സംഘർഷം. എത്രയെത്ര പിൻ തിരിപ്പൻ ശക്തികളുമായിട്ടുള്ളതാണീ സംഘട്ടനം. ഇതിനായി ഒരുങ്ങിത്തന്നെയാണ് ഓരോ രാഷ്ട്രീയ പ്രവർത്തകനും നിലകൊള്ളുന്നത്. എന്നാൽ അകത്തോ? കക്ഷികൾക്കകത്തു ള്ള സംഘട്ടനങ്ങൾ അതിലും ഭയങ്കരമാണ് . കക്ഷിക്കകത്തെ ഗ്രൂപ്പുകൾ തമ്മിലുള്ള സംഘട്ടനം, വ്യക്തിയും വ്യക്തിയും തമ്മിൽ, സ്വാർത്ഥവും സ്വാർത്ഥവും, ജാതിയും ജാതിയും, പ്രദേശവും പ്രദേശവും തമ്മിൽ. മനസ്സു മടുത്തു പോകുന്നു. ഇതെല്ലാം രാഷ്ട്രീയ ചതുരംഗത്തിൻെറ നിയമങ്ങളാണത്രെ, നിഷ്ഠുരവും നിർമ്മമവുമായ നിയമം. ഇവിടെ ദുർബലന്നു സ്ഥാനമില്ല. എല്ലാവരും മുന്നോട്ടു കുതിക്കുന്നു, പിറകിലു ള്ളവർ നിലംപതിക്കട്ടെ, ചത്തു മലക്കട്ടെ, തിരിഞ്ഞു നോക്കേ ണ്ട കാര്യമില്ല.

"കൊതുകു വല്ലാതെ ശല്യപ്പെടുത്തുന്നുണ്ട് അല്ലേ സാറേ!" വാർഡർ ചോദിച്ചു.

"ഉവ്വ് , എന്തേ?"

"ലേശം മണ്ണെണ്ണ മേൽ പുരട്ടിനോക്കൂ. കടുകെണ്ണ ഇപ്പോൾ കിട്ടാൻ വിഷമം. ഇല്ലെങ്കിൽ ശ്രമിച്ചു നോക്കാ മായിരുന്നു."

"ശരി. ഉള്ളതു തരൂ."

കടുകെണ്ണ ഇല്ലാത്തതു നന്നായി. അന്നൊരു ദിവസം കടുകെണ്ണ പുരട്ടി ഉറങ്ങാൻ കിടന്നതായിരുന്നു. കണ്ണൊ ന്നടഞ്ഞപ്പോഴേക്കു ഞെട്ടിയുണർന്നു . മേലാസകലമുണ്ട് പുറ്റുപോലെയെറുമ്പുകൾ. കുരുകുരുന്നനെയുള്ള ചെറിയ എറുമ്പുകൾക്ക് എണ്ണ അമൃതാണ് . വാർഡർ കടലാസു

ചുരുട്ടിയുണ്ടാക്കിയ അടപ്പു തുറന്ന് , അതിൽ നിന്നു തന്നെ കുറച്ചു കടലാസു കീറിയെടുത്തു. അതൊന്നു വലിച്ചു നീളം വെയ്പിച്ച് വിളക്കിലെ മണ്ണെണ്ണയിൽ നനച്ച് എൻെറ കൈയിൽ ഏതാനും തുള്ളി ഇറ്റിച്ചു തന്നു. ഞാൻ അത് മേലാസകലം പുരട്ടി. ഒരു തണുപ്പു പോലെ തോന്നി. യൂഡി കൊളോൻ കണക്കെ. ഡിഗ്ബോയിയിൽ കൊതുകുകളില്ലേ?.......

മേജർ ഗോമസ് പട്ന ക്യാമ്പ് ജയിലിൽ വെച്ചാണതു ചെയ്തത് . മണ്ണെണ്ണ കൊണ്ട് അയാൾ ഒരു ഇമുൽഷൻ തയ്യാറാക്കി. അത്ര വലിയൊരു ജയിൽ, പക്ഷേ ഒറ്റ കൊതുകുമില്ല. സായ്പ് 'ഒരുപ്പോക്കു' കാരനായിരുന്നുവെങ്കിലുമെന്തുവേണ്ടു, വല്ലതിനുമൊക്കെ കൊള്ളാവുന്നവനായിരുന്നു. ഒരു കമ്പക്കാരനെപ്പോലെ. കറുകറുത്ത് നീണ്ട ദേഹം 'ഞാൻ ഇൻഡ്യക്കാരനാണ് ' എന്ന് അവകാശം മുഴക്കും. ഒരിക്കൽ ഒരു ഛരുതൽ തടവുകാരനോടു പറഞ്ഞത്രേ, 'ചെറുപ്പക്കാരാ! നീയും 'സാല'യാണ്. ഞാനും സാല തന്നെ. ഞാൻ എല്ലാ സാലകളോടും മാപ്പു ചോദിക്കുന്നു.' എല്ലാവരേയും ഇഷ്ടൻ ചെറുപ്പക്കാരനെന്നു വിളിക്കുന്നു—ജവാൻമാരെന്ന് .

ഏലേസ്സാ ജവാന്മാരേ, ഏലേസ്സാ! കവൈയഗ്രാമത്തിലെ നൂറുകണക്കിനു ജനങ്ങൾ വലിയവലിയ മരത്തടികൾ ഉരുട്ടിക്കൊണ്ടുവന്ന് നിരത്തിൽ കൂട്ടിയിടുന്നു. ഒരു കളിതമാശയെന്നപോലെ ധംദാഹാ—പൂർണിയ റോഡിൽ മരത്തടികൾ കൊണ്ടൊരു ബാരക്കേഡ് ഉയർന്നു. അദമ്യമായ ഉത്സാഹം അസാധ്യമായതു സാധിച്ചു. ജീവിതത്തിലൊരിക്കലെങ്കിലും വിതയ്ക്കുവാൻ സന്ദർഭം കിട്ടാത്ത കർഷകർ—അവർക്കിന്നെന്തുപററി? ഓരോരുത്തർക്കുമുണ്ട് എന്തെങ്കിലും ഒന്നു പറയാൻ. ഈ ഏതാനും ദിവസങ്ങൾക്കുള്ളിൽ എല്ലാവരുടെ പക്കലും എന്തെങ്കിലും പറയാനുള്ള വക സ്വരൂപിച്ചു കൂട്ടി. കേൾവിക്കാർക്കേ കുറവുണ്ടായിരുന്നുള്ളൂ. വീരഗാഥാനയിൽ വെടിവെയ്പുണ്ടായി. നാൽപത്തേഴു പേർ മരിച്ചു. പരുക്കേറ്റവർക്കു കണക്കില്ല. ഇൻസ്പെക്ടരുടെ പത്നി പറഞ്ഞത്രേ, 'നിങ്ങൾ ഉടൻ രാജിവച്ചില്ലെങ്കിൽ ഞാൻ നിങ്ങൾക്കു ഭക്ഷണം പാകം ചെയ്തു തരില്ല. ഗ്രാമപഞ്ചായത്ത് ഹർഖൂ ഹജാമിന് (ക്ഷുരകൻ) പിഴവിധിച്ചു. അയാൾ ഹെഡ് കോൺസ്റ്ററബിളിനെ ക്ഷൗരം ചെയ്തതിന്. ഹർഖൂ എല്ലാ

വരുടെയും മുമ്പിൽ നിന്ന് കുറ്റം ഏറ്റു പറഞ്ഞു.' അയാൾ പറഞ്ഞു—ഹേഡദ്ദേഹം ഗാന്ധിത്തൊപ്പി വെച്ചു നടക്കുന്നതു കണ്ടു. അങ്ങോർ ഗാന്ധിജിയുടെ കക്ഷിയിൽ ചേർന്നെന്നു ഞാൻ ധരിച്ചു. എനിക്ക് എന്തു ശിക്ഷ കൽപിച്ചാലും അനുഭവിച്ചോളാം. വിരൽ മുറിക്കരുത് എന്നപേക്ഷ. ടാമികളും സൈന്യവും കോശി നദിയുടെ നടുവിൽ സ്റ്റീമറിലാണ് കൂടിയിരിക്കുന്നത് . കരക്കണഞ്ഞ് വല്ലദിക്കിലും രാത്രി കഴിച്ചു കൂട്ടാൻ ചങ്കുറപ്പു പോരാ. ഇങ്ങനെ എത്രയെത്ര വാർത്തകൾ.......

മരത്തടികൾ കൂട്ടിയിട്ട് നല്ലൊരു കൂമ്പാരമായി . ഇനി മിലിട്ടറി ലോറിക്കു വരാൻ കഴിയില്ല. ഇതുവരെ ഓർത്തതേയില്ല. രഹുയുടെ അരികിൽ നിരത്തുവക്കത്ത് വലിയവലിയ ആൽമരങ്ങൾ നിൽപുണ്ട് . "വരിൻ! പുറപ്പെടുവിൻ"— വെട്ടുകത്തി, മഴു, കൈക്കോട്ട് , കഠാരി—കൈയിൽ കിട്ടിയതെന്തും എടുത്തു പുറപ്പെട്ടു. ക്വിക് മാർച്ചല്ല, ഒരോട്ടം — ക്ഷീണിച്ചാലും തളർന്നു നിന്നു കൂടാ. ഹരേശ്വരൻെറ പക്കൽ ഒരു കോൺഗ്രസ് കൊടി. അയാൾക്ക് ഏതാനും മാസം മുമ്പ് കോൺഗ്രസ് സേവാദൾ ട്രെയിനിങ് കിട്ടിയിരുന്നു— ജില്ലാ കോൺഗ്രസ് കമ്മിററി നാട്ടുകാർക്കായി തുടങ്ങിയ ട്രെയിനിങ് ക്യാമ്പിൽ. ഗ്രാമത്തിലെല്ലാവർക്കും അയാളെ ബഹുമാനമാണ് . കുറച്ചു നാളായി അയാൾ പുതിയതായി പഠിച്ചു വന്ന ഒരു യുയുത്സുവിൻേറതായ തട്ടും തടവും ഗ്രാമത്തിൽ പ്രദർശിപ്പിച്ചുവരികയാണ് —വടിപ്പയറ്റ് , സൈക്കിളോട്ടം. അയാൾ പാടിത്തുടങ്ങി—"നൗജവാൻ നികലേ—" കിതച്ചുകൊണ്ടു് വൃദ്ധരും കുട്ടികളും യുവാക്കളും ഏറ്റുപാടിക്കൊണ്ടിരുന്നു.

രഹുവ! രഹുവ ഗ്രാമക്കാരും എത്തി. രണ്ടു മണിക്കൂർ കൊണ്ട് രഹുവ അധ്യായം സമാപിച്ചുകഴിഞ്ഞിരുന്നു. ഇനി എവിടേക്കെങ്കിലും. "—വരിൻ", "പുറപ്പെടിൻ" കൃത്യാനന്ദ സ്റ്റേഷൻ ലക്ഷ്യമാക്കി. മാർഗതടസ്സം സൃഷ്ടിച്ചത് യാതൊരു ക്ഷോഭവും കൂടാതെയാണ് . പോലീസ് സ്റ്റേഷൻ കത്തിച്ചു കളഞ്ഞ ശേഷം ഇതു വെറും കുട്ടിക്കളി പോലെ തോന്നി. ഇത്തവണ കരൈയയിലെയും രഹുവയിലെയും ജനങ്ങൾ ഒന്നിച്ചു കൂടി—ഭൂതമാവേശിച്ചപോലെ, ലഹരിപിടിച്ചുന്മത്ത

രായ മട്ടിൽ. എന്നെ അവർ സൈക്കിളിൽ നിന്നിറങ്ങാൻ സമ്മതിക്കുന്നില്ല. അവർ തന്നെ സൈക്കിൾ ഉന്തിക്കൊണ്ട് എന്നെ നയിക്കും. ഈ ആൾപ്പെരുപ്പത്തിലൂടെ സൈക്കിളിലേറിയുള്ള യാത്ര സാധ്യമാണോ? പക്ഷേ ആർ ആരു പറയുന്നതു കേൾക്കുന്നു. 'ഗാന്ധിജീ കീ ജയ്!' മുൻപിൽ ചളി. 'സാരമില്ല' 'ഭാരത് മാതാ കീ ജയ് ' അവടെക്കൂടെത്തന്നെ സൈക്കിൾ പോകും. "ബോംബെയിൽ നിന്നു പുതുവാർത്ത" എത്രയെത്ര പുതുവാർത്തകൾ! രഹുവക്കാരൻ വിദ്യാർത്ഥി കീശയിൽ നിന്ന് ലിത്തോ ചെയ്ത കടലാസെടുത്ത് പദ്യപാരായണം ചെയ്യുന്ന തരത്തിൽ വായന തുടങ്ങി. കടലാസിൽ വലിയ വലിയ അക്ഷരങ്ങളിൽ എഴുതിയിരിക്കുന്നു—'രാഷ്ട്രത്തിന്റെ ആഹ്വാനം' 'ജിന്നാ സാഹബ് അറസ്റ്റു ചെയ്യപ്പെട്ടു' 'വിജയലക്ഷ്മി പണ്ഡിറ്റിനു നേരെ വെടി' 'മുൻഗേർ ജില്ല മുഴുവൻ സ്വാതന്ത്രമായി'. പിന്നെയും കോളിളക്കം സൃഷ്ടിക്കുന്ന പല വാർത്തകളും. ഇന്ന് അവർക്ക് സംഭവിക്കാവുന്നതോ അല്ലയോ എന്ന വിവേചനം ഇല്ല. എങ്ങനെയുണ്ടാവും? കഴിഞ്ഞ ഏതാനും ദിവസങ്ങൾകൊണ്ട് അവർ അസംഭാവ്യമായ പലതും സംഭാവ്യമാക്കിയവരല്ലേ? ഏതെങ്കിലും സംഭവം അയഥാർത്ഥമാണെന്നു വിചാരിക്കാൻ അവർക്കും കഴിയുന്നില്ല. ജില്ലയിലെ കളക്ടറാഫീസ് കൈയടക്കുന്ന ദിവസം രഹുവാ—കരൈയക്കാരുടെ സംയുക്ത ജാഥയ്ക്കു ആർ നേതൃത്വം നൽകണമെന്നതിനെ ചൊല്ലി അവർക്കിടയിൽ വേണ്ടത്ര തർക്കം നടന്നു. കരൈയയിലെ ഹരേശ്വരനോ രഹുവയിലെ തിലക് ധാരിസിംഹോ? ഹരേശ്വരൻ സേവാദൾ ട്രെയിനിങ് ഉള്ളവനാണ് . അതുകൊണ്ടെന്ത്? ഇനിയും മീശ കുരുത്തിട്ടില്ല. കരൈയക്കാർ പറയുന്നു, അയാൾ 'ബതരു' (പിഞ്ച്) ആണ്. തിലക് ധാരിയോ? അയാൾ മുപ്പത്തിരണ്ടിൽ—അതായത് 1932 ൽ— ജയിലിൽ പോയവനാണ് . ഒരു പക്ഷേ എന്നെ ഈ വഴക്കിൽ മധ്യസ്ഥനാക്കിയേക്കും...........

രഹുവാ ഗ്രാമത്തിലെ നിരത്തിൽ ഒരു വൃദ്ധയും ഏതാനും അർധനഗ്നരായ കുട്ടികളും നിന്നിരുന്നു. അവർ ബാദർ ബഹർഗമിയയുടെ അമ്മയാണെന്നു കേട്ടു. 'മോചി' ജാതിക്കാരി. ഇവർ ഗ്രാമത്തിനകത്തു താമസിക്കുക പതിവില്ല. അതുകൊണ്ടാണ് 'ബഹർ ഗമിയ' എന്നു വിളിക്കുന്നത്. ഒരു കുട്ടിയുടെ കൈയിൽ ഗേംദ (ഒരു തരം മഞ്ഞപ്പൂവ്) കൊണ്ടുള്ള

മാല. ബാദരിൻെറ അമ്മയും കുട്ടികളും ഒരേ സ്വരത്തിൽ പറഞ്ഞു, 'പർനാം' (പ്രണാമം). നേരത്തേകൂട്ടി പഠിപ്പിച്ചുവെച്ചിട്ടുള്ളതാവണം. വൃദ്ധ സങ്കോചത്തോടെ പറഞ്ഞു—"അങ്ങയെ സൽക്കരിക്കാനായില്ല. എങ്ങനെ സാധിക്കും? അങ്ങ് ഏർപ്പെടുത്തിത്തന്ന തുടിയുണ്ട്. അതുകൊണ്ട് ഒരു വിധം കഴിഞ്ഞു. രണ്ടു കൊല്ലമായി കുഴ്ശ പൂഴി വന്നുറഞ്ഞു കൊണ്ടിരിക്കുന്നു." വൃദ്ധയ്ക്കു ധാരാളം സംസാരിക്കാൻ വാസനയുണ്ടെന്നു മനസ്സിലായി. പെട്ടെന്നോർത്തു—എർത് ക്വാക് റിലീഫ് വക കിണറിൻെറ കാര്യം. കോൺഗ്രസ് വളൻറിയർ വിരംചി മക്സൂദൻ സിംഹനോട് അഞ്ചു രൂപ കൈമടക്കു വാങ്ങി 'കാമതിൽ' (ജന്മി സ്വയം കൃഷിയിറക്കുന്ന വയൽ) കിണറുണ്ടാക്കിക്കാമെന്നു വാക്കുകൊടുത്തിരുന്നു വത്രേ. എന്നാൽ ഞാൻ ഇൻസ്പെക്ഷനു ചെന്നപ്പോൾ കിണർ ബാദർ ബഹർഗമിയയുടെ കുടിലിനു മുമ്പിൽ ദംദാഹാ—പൂർണിയ നിരത്തിനരികിൽ ഉണ്ടാക്കിച്ചു കൊടുത്തു.

ഞാൻ പറഞ്ഞു, 'ഒരു ഗ്ലാസ് വെള്ളം തരൂ വല്യമ്മേ! നല്ല തണുത്ത വെള്ളം. നോക്കട്ടെ, വല്യമ്മയുടെ കിണറ്റു വെള്ളം എങ്ങനെയിരിക്കുന്നു.'

ഈ വിചാരിച്ചിരിക്കാത്ത ആവശ്യം കേട്ടപ്പോൾ വൃദ്ധയ്ക്ക് എന്തുവേണ്ടൂവെന്ന് ആലോചിച്ചിട്ടു പിടികിട്ടിയില്ല. മുഖത്ത് ബഹുമാനത്തേക്കാൾ ഭയത്തിൻെറ ചിഹ്നമാണു കണ്ടത്. ആൾക്കൂട്ടത്തിലുണ്ടായിരുന്ന അവരുടെ ഗ്രാമക്കാരെ അവർ പ്രശ്നാത്മക ദൃഷ്ടിയോടെ നോക്കി. ഈ കിണറ്റിലെ വെള്ളം മാസ്റ്ററദ്ദേഹത്തിൻെറ മകൻ കുടിക്കുമെന്നോ? ഗ്രാമത്തിലുള്ളവരാരും ഇതിലെ വെള്ളം കുടിക്കയില്ല. എന്ത് ? അതിലെ വെള്ളം കൊണ്ടുവന്നു കൊടുക്കണമെന്നോ? അവരുടെ തലയ്ക്കു് ഇടിത്തീ വീണപോലെ തോന്നി. തിലക്ധാരിസിംഹ് അവൾക്കു ധൈര്യം കൊടുത്തു കൊണ്ടുപറഞ്ഞു—"ലോട്ട നല്ലപോലെ കഴുകി വെ ള്ളമെടുത്തു കൊണ്ടുവരൂ. ബിലുബാബുവല്ലേ പറയുന്നത് ?" ലോട്ടയിൽ വെള്ളം വന്നു. മൂടുപടമിട്ട ബാദറിൻെറ പത്നി കൂട്ടത്തിൽ ഒരു തേക്കിലയിൽ പൊതിഞ്ഞ് പൊടിപറ്റിയ, വളരെ നാളായി സൂക്ഷിച്ചുവന്ന ലേശം ശർക്കരയും തന്നു. നാണിക്കുന്ന കുട്ടികൾ വായകൊണ്ടു 'വേണ്ട വേണ്ട' എന്നു പറഞ്ഞെങ്കിലും

അവരുടെ ഉള്ളംകൈയിൽ കുറേശ്ശെ നുള്ളിവെച്ചുകൊടുത്തു. ഞാനും ശർക്കരയോടൊപ്പം വെള്ളം കുടിച്ചു. വൃദ്ധ എന്നെ ഇമകൂട്ടാതെ നോക്കിനിന്നു. ഭക്ഷണത്തിനിരിക്കുമ്പോൾ അമ്മ വിശറിയെടുത്തുകൊണ്ട് അരികിൽ വന്നിരിക്കുമ്പോഴത്തേതുപോലിരുന്നു ആ നോട്ടം. എനിക്കു ഭക്ഷണം തരുമ്പോൾ അമ്മ, അമ്മായി, കുട്ടിയേടത്തി, സഹദേവന്റെ അമ്മ, സരസ്വതി—എല്ലാവരുടെയും കണ്ണുകളിൽ ഒരേഭാവമാണു സ്ഫുരിച്ചിരുന്നത് . ആരവമുയർന്നു—'ബോലോ ഗാന്ധി ജി കീ ജയ് ' ഹരേശ്വരൻ പറഞ്ഞു — 'ബാദരിന്റെയമ്മേ, എനിക്കും വേണം വെള്ളം' തൊട്ടിയിൽ വെള്ളമെത്തി. എല്ലാവരും തിക്കിത്തിരക്കി ബഹർഗമിയ തൊട്ട വെള്ളം കുടിച്ചു. ഗ്രാമത്തിനു മുന്നിൽ. സമൂഹത്തിന്റെ ദൃഷ്ടിക്കുമുന്നിൽ. ഈ ലോകത്തിനപ്പുറത്തുള്ള ഇത്തരമൊ'രഹമ്മതി' കാട്ടാനുള്ള ചങ്കുറപ്പ് ഇവർക്കെവിടുന്നുണ്ടായി? എല്ലാവരുടെയും മുഖത്ത് വലിയൊരു 'വീരത്തം' കാട്ടുന്ന ഭാവം. 'ഗാന്ധിജി കീ ജയ് ! ജയ് മഹാത്മാജീ കീ ജയ് !' ഇരമ്പിയുയർന്ന ജയധ്വനികൾക്കിടയിലും അവർ തങ്ങളുടെ ഔദാര്യ പ്രകടനത്തിനാണ് മുൻഗണന നൽകിയത് . ഇവിടെ തന്നെയിങ്ങനെ നിൽക്കാനെവിടെ സമയം? 'നൗജവാൻ നികലെ...' വൃദ്ധയുടെ കൺകോണുകൾ നനഞ്ഞു— കൃതജ്ഞതാധിക്യം കാരണം. ഗ്രാമവാസികളുടെ ഔദാര്യത്തിന് അവൾ നൽകിയ മൂല്യം. മഹാത്മജി അവരുടെ ഗോസായി (പരദേവത)യെക്കാൾ അധികം ജാഗ്രത്താണ് . അവർ അതാണു ചിന്തിച്ചുകൊണ്ടിരുന്നത് . ഭൂകമ്പത്തിനുശേഷം മഹാത്മജിയും ഇതേ നിരത്തിലൂടെയാണ് 'ഹവാഗാഡി'യിൽ (കാറ്) ധംദാഹയിലേക്കു പോയത് . കാറിൽ വളരെ പേർ ഉണ്ടായിരുന്നതുകൊണ്ട് വൃദ്ധയ്ക്ക് മഹാത്മജിയെ തിരിച്ചറിയാൻ തന്നെ കഴിഞ്ഞില്ല. മാസ്റ്ററദ്ദേഹത്തെ തിരിച്ചറിഞ്ഞു. ബാദർ പറയുകയുണ്ടായി, 'മഹാത്മജിയുടെ ദേഹത്തുനിന്ന് ജ്യോതിസ്സ് ചിതറിയിരുന്നു.' ഗാന്ധിജിയെ അവർ നമസ്കരിച്ചു....

ജനത പോവുകയായിരുന്നു. മുമ്പോട്ടു മുമ്പോട്ട് . എന്തിനു തിരിഞ്ഞു നോക്കുന്നു? എത്രയോ ബാദരിന്റെ അമ്മമാർ എത്രയെത്ര സ്ഥലങ്ങളിൽവെച്ച് ഈ വിധം പ്രണമിക്കുന്നു! അതൊക്കെ നോക്കാനെവിടെ സമയം? ഇനിയും എന്തെല്ലാം ചെയ്യാൻ കിടക്കുന്നു! എത്ര വലിയ

ഉത്തരവാദിത്വമാണ് തോളുകളിൽ ? 'ജയ് ബിലുബാബു കീ ജയ്' ഒരാൾ പറഞ്ഞു– 'ബോംബെയിൽ നിന്നു വന്ന ആഹ്വാനം' 'എന്താഹ്വാനം?' പിന്നെ പല കൺഠങ്ങളിൽ നിന്നു മൊന്നിച്ച് – 'ഇൻക്വിലാബ് സിന്ദാബാദ് !' കരൈയയിലെ അപ്പർ പ്രൈമറി സ്കൂളിലെ ഹെഡ്മാസ്റ്റർ ജയാരവങ്ങൾ ക്കിടയ്ക്കു നൃത്തം ചവുട്ടിത്തുടങ്ങി. നഗരസങ്കീർത്തനമാണെ ന്നു തോന്നും. അയാളുടെ തൊണ്ട പൊട്ടിപ്പോയിരുന്നു. ഏക്കക്കാരൻ ചുമയ്ക്കുമ്പോൾ പുറപ്പെടുന്നമാതിരി ശബ്ദ മാണ് മുദ്രാവാക്യങ്ങൾ മുഴുക്കുന്ന സമയം ഉയർന്നിരുന്നത് . എന്നിട്ടും അയാളുടെ ഉത്സാഹത്തിനറുതിയില്ല. വിദ്യാർത്ഥി കൾക്കു മുമ്പിൽ തന്റെ അന്തസ്സു വിടാതെ നോക്കാനുള്ള യാതൊരു പ്രയത്നവുമില്ല. ഒരു മനുഷ്യൻ കൃത്യാനന്ദനഗറിൽ നിന്ന് കുതിരപ്പുറത്തു വരുന്നുണ്ടായിരുന്നു. ഞങ്ങളെക്കണ്ടിട്ട് ഇറങ്ങി. അയാൾ എന്നോടു പറഞ്ഞു. 'നിങ്ങളുടെ അനുജൻ കൃത്യാനന്ദനഗറിൽ എത്തിയിട്ടുണ്ട്. ഹരഖ്ചന്ദ് മാർവാ ഡിയുടെ പാണ്ടികശാലയിൽ മണ്ണെണ്ണവിൽപനയുടെ വില പരിശോധിക്കുവാൻ.' എന്നോട് അയാൾ പിന്നെയൊന്നും പറഞ്ഞില്ല. എന്നാൽ കൂടെയുണ്ടായിരുന്നവരോട് സ്വകാര്യമായി എന്തോ പറയാൻ തുടങ്ങി. ജനങ്ങൾ കാര്യം പുറത്തുവിടാൻ വിചാരിക്കുന്നില്ല എന്നു തോന്നി. കാര്യം മനസ്സിലായി. പീപ്പിൾസ് പ്രൈസ് കണ്ട്രോൾ കമ്മിറ്റി സെക്ര ട്ടറിയാണയാൾ. മണ്ണെണ്ണയുടെ സ്റ്റോക്കോ മറ്റോ പരി ശോധിക്കാൻ വന്നിരിക്കയാണത്രേ. അയാൾ കൃത്യാനന്ദ നഗറിലെ ജനങ്ങളോട് റെയിൽ പാളം വലിച്ചു നീക്കുന്നതിനും, വഴി മുടക്കുന്നതിനും ടെലിഗ്രാഫ് കമ്പി മുറിക്കുന്നതിനും എതിരായി എന്തൊക്കെയോ പറഞ്ഞിരിക്കുന്നു. ജനപ്രവാഹം നീങ്ങിക്കൊണ്ടിരുന്നു. നമ്മുടെ ആദിമ പുരുഷന്മാർ വയറിനു വേണ്ടി ഹതാശമായ മനസ്സോടെ അനിശ്ചിതമായ ലക്ഷ്യ ത്തിലേക്കു നടന്നു നീങ്ങുന്നതുപോലുള്ളതല്ല ഇത് . ഇത് പു തിയ ഒരു ലോകം പ്രതീക്ഷിച്ച് നിശ്ചിതമായ ലക്ഷ്യത്തിലേക്ക് ഉൽഭ്രാന്തമായ ജനതയുടെ മുന്നേറ്റമാണ് . കേവലം ഹോമോ സാപ്പെൻസ് എന്നു പറയുന്നതുകൊണ്ട് കരൈയയിലെ അ ധ്യാപകനെ മുഴുവൻ തിരിച്ചറിയാൻ കഴിയില്ല. കേവലം ബൈലോജിക്കൽ നെസിസിറ്റിയെന്നു പറഞ്ഞാൽ അയാളുടെ ഉത്സാഹത്തിന്റെ മുഴുവൻ വ്യാഖ്യാനമാവുകയില്ല... റയിൽ ലെയിൻ . കൃത്യാനന്ദനഗർ ഗ്രാമം അവിടെ കാണപ്പെടുന്നു ....

അര മണിക്കൂർ കൊണ്ട് ഏതാണ്ട് കാൽ മൈൽ റയിൽപാളം തീരെ അദൃശ്യമായി. പാളവും സ്ലീപ്പറും ഇളക്കിയെടുത്തു തോളിലേററി ജനം പാതയ്ക്കിരുവശവുമുള്ള ചോള വയലുകളിലോ കുളങ്ങളിലോ താഴ്ത്തി. കൃത്യാനന്ദനഗറിലെ രണ്ടു മാന്യർ അവരെ ഈ അപകടം പിടിച്ച കൃത്യത്തിൽ നിന്നും വിരമിപ്പിക്കുവാൻ വന്നിരുന്നു. ജനങ്ങൾ കൂകിയും കളിയാക്കിയും അവരെ തുരത്തി. ഒരു മനുഷ്യൻ ദർഭപ്പുൽക്കതിർ കൊണ്ട് രണ്ടു വള പോലെ ഉണ്ടാക്കി. ചിലർ ഓടി ആ രണ്ടു മാന്യന്മാരെ പിടിച്ചു കൊണ്ടു വന്നു. ഹരിശ്ചന്ദ്രൻ ഓരോന്ന് അവരുടെ കൈയിൽ ഇടുവിച്ചു. എന്നിട്ടു പറഞ്ഞു. "വളയണിഞ്ഞ് 'ദൻസാഘറിൽ' (അടുക്കള) പോയി കുത്തിയിരിക്കിൻ" മറ്റൊരുവൻ പറഞ്ഞു, 'ആഹാ! എത്ര കോമളമായ കൈത്തണ്ടകൾ! ഇതാ രണ്ടെണ്ണവും കൂടി, വളകൾ, ഇത് നിങ്ങളുടെ നീലുസ്സാറിനെ അണിയിച്ചിട്ടു പറഞ്ഞേക്കിൻ, കളക്ടറദ്ദേഹത്തിന്റെ ചിലവാനവും വാങ്ങി ഈ പ്രദേശത്തു നിന്ന് 'ഭിന്നിപ്പു'കൊയ്യാൻ വരണ്ടാന്ന് . കരൈയക്കാർക്കും രഹുവക്കാർക്കും തുരപ്പൻപണിക്കാരോട് എങ്ങനെ പെരുമാറണമെന്നറിയാം. ഓർമ്മയില്ലെങ്കിൽ അങ്ങോരെ ഒന്നോർമ്മപ്പെടുത്തിയേക്കൂ, നീലം കൃഷിക്കാരൻ വിൽസൻ സായ്പിന്റെ ഗതിയെന്തായെന്ന് .' ജനതയുടെ സംയമം ചിറപൊട്ടിയൊഴുകി, ഇപ്പോൾ എന്റെ മുമ്പിൽവെച്ച് നീലുവിനെപറ്റി പറയാൻ "ഉളുപ്പില്ലാ"തായി. റെയിൽലയിനിലെ മരം കൊണ്ടുള്ള കലുങ്കുകളിൽ തീയാളിക്കത്തി. ഇത്ര തടിയൻ മരങ്ങളിൽ എങ്ങനെയാണിത്ര ക്ഷണം തീ പിടിക്കുന്നത് ? അമ്മ അടുപ്പിൽ തീപിടിപ്പിക്കുവാൻ പെടുന്നപാട് ഞാൻ കണ്ടിട്ടുള്ളതാണ് . ചുകന്ന ബനിയനിട്ട ആ രഹുവക്കാരൻ ചെക്കൻ പാതിരിയായി അഭിനയിക്കുകയാണ് . ഇന്നലെ അവരെല്ലാവരും പാതിരി സായ്പിന്റെ ഭവനം ഘെരാവോ ചെയ്യുകയുണ്ടായി. പാതിരി ഏതുസ്വരത്തിലാണ് 'ഗാന്ധിജീ കീ ജയ്' എന്നു പറഞ്ഞതെന്നു കേട്ടപ്പോൾ ചിരിച്ചു ചിരിച്ച് മണ്ണുകപ്പിപ്പോയി. പെട്ടെന്ന് തീവണ്ടിയുടെ ശബ്ദം —അതാ, എഞ്ചിൻ കാണപ്പെടുന്നു. എത്തിക്കഴിഞ്ഞു. മിലിട്ടറിവണ്ടി. ഒപ്പം റെയിൽവേ എഞ്ചിനീയർ. ഓടിക്കോളിൻ! ഓടിക്കോളിൻ! എവിടെ തല പൂഴ്ത്താമെന്നു വെച്ചാൽ അവടേക്ക് . കുണ്ടും കുഴിയും തോടും ചാടിക്കടന്ന് , വയൽ വരമ്പുകൾ താണ്ടി..... നിമിഷംകൊണ്ട് ജനങ്ങളെല്ലാം ചിതറിപ്പോയി. ടോമിഗണ്ണിന്റെ കർക്കശസ്വരം

ചെവിയിൽപെട്ടു. ഞാൻ കൃത്യാനന്ദനഗറിലെ ചോളവയലിൽ കടന്നുകൂടി. കൃത്യാനന്ദനഗറിലേക്ക് വേണമെന്നു വച്ചിട്ടു തന്നെ പോയില്ല. ഗ്രാമീണരുടെ സഹാനുഭൂതിയില്ലങ്കിൽ എന്തിനു പോകുന്നു? ധൃതിയിൽ സൈക്കിൾ റെയിൽ ലയിനിൽ തന്നെ ഇട്ടിട്ടുപോന്നു. ചോളവയൽ! പാതിരിയുടെ താടി ചോളക്കുലയിലെ നാരുപോലെത്തന്നെ. ചെടികളിൽ ചോളക്കതിരുകൾ നിറഞ്ഞു നിൽക്കുന്നു. വയലിലെ സ്നിഗ്ധഗന്ധത്തിൻെറ മാധുര്യത്തിൽ വെടി മരുന്നിൻെറ നാറ്റം കലർന്നിട്ടില്ല.

കേസ് നടന്നു കൊണ്ടിരിക്കുമ്പോൾ ഗവർമെൻറ് വക്കീൽ കളിയാക്കി ചോളവയലിനെ വിവരിച്ചു കൊണ്ടു പറയുകയുണ്ടായി— വെള്ളക്കാർ ചോളവയൽ കണ്ടിട്ടു പറഞ്ഞു: ചോളം ഇൻഡ്യൻ കോൺ അല്ല. നാസി കോൺ ആകുന്നു. ജഡ്ജി ഗാംഭീര്യം വിട്ട് ചിരിക്കാൻ തുടങ്ങി. പേഷ്കാർ ചിരിക്കാൻ തുടങ്ങി. എൻെറ വക്കീൽ ഹരേൻ ബാബുവിനും ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല.... പെറുവിലും ചിലിയിലുമുണ്ടായിരുന്ന സൂര്യക്ഷേത്രങ്ങളിൽ കൃത്രിമ ചോളച്ചെടികൾ ഉണ്ടായിരുന്നു. ചെടിയുടെ തണ്ടും ഇലയും വെള്ളി കൊണ്ട്, കുലയുടെ മണികൾ സ്വർണം കൊണ്ട്.

കൺപോളകൾ തന്ദ്രകൊണ്ടു കൂമ്പിപ്പോകുന്നു. കൈകാലുകൾ ഒന്നു നിവർത്തട്ടെ. ഹൗ! കുത്തിയിരുന്നിട്ട് കൈകാലുകളും ദേഹവും വേദനിക്കുന്നു. കോട്ടുവാ വരുന്നു. ഇന്നും വരില്ലായിരിക്കുമോ ഉറക്കം? എത്രയെത്രപേരെപ്പറ്റി പറഞ്ഞുകേട്ടിരിക്കുന്നു. തൂക്കിക്കൊല്ലുന്നതിൻെറ തലേദിവസം ഒറ്റ രാത്രി കൊണ്ട് അവരുടെ മുടി മുഴുവൻ നരച്ചുപോയത്രേ. എൻേറതും നരച്ചുവോ? ഒരു കണ്ണാടി ഉണ്ടായിരുന്നെങ്കിൽ! കോമറേഡ് ചനർബല്ലി മരിക്കുന്നതിനു തലേദിവസം ഭ്രാന്തനായി. എനിക്കാണെങ്കിൽ ഉറക്കം വരുന്നു. ഭേഷ്!

എൻെറ പക്കൽ ധാരാളം പണമുണ്ടായിരുന്നെങ്കിൽ ഞാൻ ഇന്നു വിൽ എഴുതുമായിരുന്നു. കോടിക്കണക്കിനു രൂപ. അതുകൊണ്ട് മാർക്സിസം പ്രചരിപ്പിക്കാമായിരുന്നു. ഓരോ ഗ്രാമത്തിലും റഷ്യയിലെ ബാലസംഘങ്ങളും കുമാരസംഘങ്ങളും പോലുള്ള സംഘങ്ങൾ സംഘടിപ്പിക്കാം. പക്ഷേ

എവിടന്നാണു പണം? ലോട്ടറി ടിക്കറ്റു വാങ്ങാതെ തന്നെ ലോട്ടറി കിട്ടാനുള്ള സൗകര്യമുണ്ടായിരുന്നുവെങ്കിൽ! അങ്ങനെയാണെങ്കിൽ മാത്രമേ പണം കിട്ടാൻ സാധ്യതയുള്ളൂ. രാഷ്ട്രം നമ്മുടെ കൈയിലായിരുന്നുവെങ്കിൽ പത്തുകൊല്ലം കൊണ്ട് നാട്ടിലെന്തൊക്കെ ചെയ്യാമെന്നു പ്രവൃത്തിയിൽ കാണിച്ചുകൊടുക്കാമായിരുന്നു. കോൺഗ്രസ് പ്രവർത്തകർ ജയിൽ വിമുക്തരാകുമ്പോൾ നിശ്ചയമായും എന്റെ പേരിൽ വല്ല സ്ഥാപനങ്ങളും നിർമ്മിക്കും. ബിലു റോഡ് , ബിലു ആശ്രമം! ഇല്ല, എന്റെ ശരിയായ പേരാണുപയോഗിക്കുക— 'പൂർണ ആശ്രമം!' പക്ഷേ എന്റെ പേർ പൂർണനെന്നാണ് എന്ന് അധികമാർക്കുമറിയില്ല. എല്ലാവർക്കും ബിലുബാബു വിനെയേ അറിയാവൂ. അതിനുശേഷവും എന്തെല്ലാം സംഭ വിക്കാം. പൂർണിയ തന്നെ പൂർണ നഗരമായേക്കാം. സ്റ്റാലിൻ ഗ്രാഡും ഗോർക്കി നഗരവും പോലെ. ബസാറിൽ ബാലമു കുന്ദ് ധർമശാലയുടെ മുക്കിൽ എന്റെ വെണ്ണക്കൽ പ്രതിമ സ്ഥാപിക്കും— പ്രസംഗിക്കുന്ന ഭാവത്തിൽ. കൊല്ലംതോറും ആ ദിവസം ജനം കൂട്ടം കൂട്ടമായി അതിന്റെ ചുവട്ടിൽ എത്തും— എന്റെ സ്മരണയെ ആദരിച്ച് ശ്രദ്ധാഞ്ജലിയർപ്പിക്കാൻ. അടഞ്ഞ കണ്ണുകളുടെ പോളയിൽ ഒരു പച്ച വെളിച്ചം കാണു ന്നു—മയിൽപ്പീലിയുടെ കണ്ണുപോലെ. എന്നാലിത് ഇളകുന്നു. ഇളകുന്ന ശിഖ രക്താഭമാകുന്നു, മഞ്ഞ, പച്ച, നീല, കറുപ്പ് ഇതു ശിഖ തന്നെയാണോ അതോ ? .... ഇരുട്ട് ....

അടുക്കളവരാന്തയിൽ അമ്മായി മാങ്ങനുറുക്കുവാൻ ഇരിക്കുന്നു. ഒരു കൊട്ടയിൽ ഗുലാബ് ഖാസ് മാങ്ങകൾ. മുമ്പിൽ വലിയ ചരുവം. മാങ്ങയുടെ ഞെട്ടു മുറിച്ച് ചരുവ ത്തിലെ വെള്ളത്തിലിടുന്നു. ഞാനും സരസ്വതിയും മുമ്പിൽ തന്നെ പലകയിട്ട് ഇരിക്കുന്നു. അമ്മായി പറഞ്ഞു, ഒരു കിണ്ണത്തിൽ ഇട്ടുതരാം രണ്ടുപേർക്കും കൂടി. തിന്നോളിൻ! മാങ്ങ മുറിച്ചു കിണ്ണത്തിലിട്ടുതന്നു. സരസ്വതി അമ്മായിയോടു പറഞ്ഞു, ഈ മുറിച്ചു കഷണമാക്കിയ മാങ്ങ ഇങ്ങോർക്കു രുചിക്കില്ല. മാങ്ങ അങ്ങനെതന്നെ കിട്ടണം. അമ്മായി പരിഹ സിച്ചു, എന്റെ ദൈവമേ! ഇതിനിടയ്ക്ക് ഇത്രയ്ക്കു മൂത്തോ! ഇതും പറഞ്ഞ് അവർ എനിക്ക് ഒരു മുഴുവൻ മാങ്ങ തന്നു. സ്വർണം പോലത്തെ നിറം. ചുണ്ടിൽ സിന്ദൂരനിറം. ഞാൻ മാങ്ങയുടെ കടയ്ക്കൽ ദ്വാരമുണ്ടാക്കി. ഞെക്കിപ്പിതുക്കി

മാർദവപ്പെടുത്തി. പിന്നെ വലിച്ചു വലിച്ചു കൂടിച്ചു. അമ്മ കിടപ്പുമുറിയുടെ വരാന്തയിൽ നിൽക്കുന്നു. അടുക്കളയിലേക്കു വരണമെന്നുണ്ടു്, പറ്റുന്നില്ല. മുറ്റത്ത് ഒരു വലിയ പാമ്പ്. കറുത്തു മിനുങ്ങുന്ന നിറം. പത്തിവിരിച്ച് ചൊടിച്ചു നിൽക്കുന്നു. അമ്മ വിളിച്ചു കരയുന്നു, 'നീലു, കൊല്ല് ഇതിനെ! വേഗം!' അച്ഛൻ പറഞ്ഞു, 'ഊഹും, കൊല്ലരുത്. കൈകൊട്ടിയാൽ പാട്ടിനു പൊയ്ക്കൊള്ളും' എന്നാൽ നീലുവുണ്ടോ ബാബുജി പറയുന്നതു കേൾക്കുന്നു. അയാൾ ഒരു മൊങ്കൻ വടിയുമായി കൊല്ലാനാഞ്ഞു. പാമ്പ് ഓടിക്കളഞ്ഞു. ഒരു പൊട്ടക്കിണറിലേക്കു പാഞ്ഞു കയറി. പാമ്പല്ലാതായി. അവിടെ കിണററിലെ തേക്കുകൊട്ടയുടെ കയറ്, നീലു കോപം സഹിക്കാതെ കൊട്ടക്കിട്ടുതന്നെ ഒരു വീക്കു കൊടുത്തു. ഭും എന്നൊരൊച്ച.

എന്തിന്റെയോ ഒച്ച കേട്ട് മയക്കം വിട്ടു. തലയ്ക്കൽ തന്നെ ബൂട്ടുകളുടെ ശബ്ദം. ഏ? എന്നെ പിടിച്ചുകൊണ്ടു പോകാൻ ആളെത്തി? വാതിൽ തുറന്ന് അകത്തേക്കു കടന്നു വന്നോ? മേലാസകലം വിയർത്തു കുളിക്കുന്നു. അനങ്ങാതെ ഇളകാതെ കിടക്കുകയാണ്. അതെ. അയാൾ തന്നെ. എത്ര നേരം ഞാനുറങ്ങി? ഇയാൾ വെളുപ്പാൻകാലത്തെ ഊഴക്കാരൻ വാർഡറാണെന്നോ? ഇനിയും പക്ഷികളുടെ ചിലമ്പൽ കേൾക്കുന്നില്ലല്ലോ? വാർഡറോടു ചോദിച്ചാലോ മണിയെത്രയായെന്ന്? എന്തിനു വെറുതെ? സമയമാവുമ്പോൾ അറിയാമല്ലോ. ചോദിച്ചാൽ എന്റെ ദൗർബല്യം കൊണ്ടാണെന്നുധരിക്കും. ഒരു സാധാരണക്കാരൻ വാർഡറുടെ മുമ്പിൽ ജീവിതത്തിന്റെ ഈ അവസാനവിനാഴികയിൽ ചെറുതായിപ്പോകരുതല്ലോ. ആ ഭ്രാന്തനും പുലരാറാവുമ്പോൾ അലറാൻ തുടങ്ങാറുള്ളതാണ്. അതായത് ഇനിയും പുലരാറായിട്ടില്ല. ഈ ലോകത്തിൽ ഇനി രണ്ടു നാഴിക നേരത്തെ ജീവിതം. പുറത്ത് അവസരമുണ്ടായിരുന്നിട്ടും ജീവിതത്തെ ആസ്വദിക്കാൻ കഴിഞ്ഞില്ല. നീണ്ട മുപ്പത്തിയഞ്ചു വർഷങ്ങൾ എങ്ങനെ കടന്നുപോയെന്നറിയില്ല. നിരർത്ഥകമായ ജീവിതത്തിലെ അന്തമറ്റ വിസ്മൃതിയുടെ ഓരോ അടുക്കിലും ഒന്നു രണ്ട് സ്മരണകളുടെ കങ്കാളങ്ങൾ അടിഞ്ഞു കിടക്കുന്നു. അത് എനിക്കല്ലാതെ മറ്റാർക്കും അറിഞ്ഞുകൂടാ. ജീവിക്കുവാൻ കൊതിതോന്നുന്നു. ബാക്കിയുള്ള രണ്ടു നാഴികയുടെ സ്വപ്ന വിലാസങ്ങളിൽ ലോകത്തെ പിഴിഞ്ഞ് ഉപഭോഗത്തിനു

കിട്ടുന്നതെന്തും സംഗ്രഹിക്കുവാൻ തോന്നിപ്പോകുന്നു. ഈ അവസാന നിമിഷത്തിൽ തൂക്കിക്കൊല റദ്ദാക്കിയാലോ? അങ്ങനെ പതിവുണ്ട്. എത്രയോ പേരുടെ കാര്യത്തിൽ അങ്ങനെ സംഭവിച്ചിട്ടുണ്ട്. ആരാച്ചാർ വാളുയർത്തുന്നു. അകലെനിന്ന് അശ്വാരോഹി പാഞ്ഞെത്തുന്നു. 'എഡോ ആരാച്ചാരേ! കൊല്ലരുത്!' എത്രയോ കഥകൾ വായിച്ചിരിക്കുന്നു. പീഥിയസ്, സൈമൺ................

1934 ലെ പോലെ ഇപ്പോഴൊരു ഭൂകമ്പമുണ്ടായാലോ? ജയിലിലെ ചുമരുകൾ തകർന്നു വീഴുക — എന്നാലും ഞാൻ രക്ഷപ്പെടുന്ന കാര്യം സംശയമാണ്. വധശിക്ഷ നടത്താനുള്ളവന് പെട്ടെന്ന് അസുഖമായാലോ? അങ്ങനെ വന്നാൽ മറ്റൊരുത്തനെ കിട്ടാൻ താമസം വരില്ല. എങ്ങാനും ഹൈക്കോർട്ടിൽ നിന്നോ ലോക്കൽ അഡ്വൈസറിൽ നിന്നോ തൂക്കിക്കൊല നിർത്തിവെയ്ക്കാനുള്ള കത്തു വന്നിട്ടുണ്ടായിരിക്കുക, എന്നിട്ട് പൊട്ടഭാഗ്യത്തിന് ആ കത്ത് തുറന്നു നോക്കാതിരുന്നാൽ? ആൾചര്യപ്പെടാനെന്തുള്ളൂ? കുറെനാൾ മുമ്പ് പഞ്ചാബിലങ്ങനെ ഉണ്ടായതാണ്. കത്ത് ജയിലറുടെ കീശയിൽ തന്നെ കിടന്നുപോയി. തൂക്കിക്കൊല്ലപ്പെട്ടുകഴിഞ്ഞപ്പോഴാണത്രേ കത്തിന്റെ കാര്യം ഓർത്തത്. ജീവിക്കുന്നതിലുള്ള ആശ എന്നെ എവിടേയ്ക്കാണ് നയിക്കുന്നത്? ഞാൻ അനിർദിഷ്ടമായ ഒരു ശക്തിയിൽ ഒരിക്കലും വിശ്വസിച്ചിട്ടില്ല. ഇതു മരണഭയമാണോ? ഭയമുണ്ട്, സംശയമില്ല. ഇതാ ഇപ്പോൾ തന്നെ വാർഡറുടെ കാലൊച്ച കേട്ടിട്ട് മനസ്സിലുണ്ടായ ഭാവം ഭയമല്ലാതെന്താണ്? ഉൽകൺഠയുടെ ചരമാനുഭൂതിയിൽ നിന്ന് നിരാശ ജനിക്കുന്നു. എന്റെ മനസ്സിൽ ഇതേ നിരാശയുടെ പ്രതികരണമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ചണനാരു കൊണ്ടുള്ള തടിച്ച ചരട്. കുട്ടിക്കാലത്ത് ഈ ചരടിനെ ഞങ്ങൾ 'ലാക് ലൈൻ' എന്നു പറഞ്ഞിരുന്നു. അതിൽ കുടുക്ക്. കുടുക്കിന്റെ അറ്റത്ത് പിച്ചള കൊണ്ടുള്ള ഒരു ഗോളകം. ചരടിലുടനീളം കൊഴുപ്പു പുരട്ടിയിട്ടങ്ങനെ. താഴെ ഇരുണ്ട ഒരു കുഴി. കാഴ്ചയ്ക്ക് കിണർ തന്നെ. എത്രയുണ്ടാവും ആഴം? ഏറെയുണ്ടാവില്ലായിരിക്കാം. മരപ്പലക തട്ടിനീക്കുമ്പോൾ കിടന്നാടുന്ന കാലുകൾ നിലത്തു മുട്ടരുത്. അതിനുള്ളതാണീ കുഴി. അതുകൊണ്ട് ആഴമേറെയുണ്ടാ

വില്ല. അധികം താഴ്ത്തിയാൽ വെള്ളം വരും. നാലഞ്ചു മുഴം ആഴം കണ്ടേക്കും. എന്നാൽ കുഴിയുടെ ആഴവും കയറിൻെറ നീളവും ഏറുംതോറും കുഴിയിലേക്കു വീഴുന്ന ജഡത്തിന് ഉലച്ചിൽ അധികം തട്ടും. ഈ ഉലച്ചിൽ തന്നെയാണല്ലോ ആവശ്യം. ഇല്ലെങ്കിൽ കഴുത്തിലെ എല്ല് തകരുന്നതെങ്ങിനെ? തൂക്കി ക്കൊലയ്ക്കർത്ഥം വെറും ശ്വാസം മുട്ടി മരിക്കൽ മാത്രമല്ല. അത്ര മതിയെങ്കിൽ കഴുത്തു ഞെക്കിഞെരിച്ചു കൊന്നാൽ പോരേ? ഇത്രയേറെ ആയുധങ്ങളും സാധനസാമഗ്രികളും എന്തിന് ? കുറഞ്ഞ സമയം കൊണ്ട് അൽപം മാത്രം പ്രയത്നം കൊണ്ട് വധിക്കാനാണ് തൂക്കിക്കൊലയെന്ന ശിക്ഷാ സമ്പ്ര ദായം നിലവിൽ വന്നത് . പിച്ചള കൊണ്ടുള്ള ആ ഗോളകം പിൻകഴുത്തിലെ എല്ലിൽ ആഞ്ഞടിക്കും. 'കുട് ' എന്നൊരു ചെറുശബ്ദം. പിന്നെയോ? പിന്നെയെല്ലാം ശാന്തം. ഇല്ല. പെട്ടെന്നെങ്ങനെ ശാന്തമാവും? മനുഷ്യന് ജീവിക്കുവാനെ ന്തൊരാകാംക്ഷ! ഈ ജീവിതാസ്വാദനത്തിനുള്ള ഇച്ഛാ ശക്തിയുടെ പ്രതാഡനത്താൽ അസഹായവും ശിഥിലവുമായ ദേഹം ഒന്നും ചെയ്യുകയില്ലെന്നോ? ഇനി ഇച്ഛാശക്തിയില്ലെ ങ്കിൽത്തന്നെ റിഫ്ലെക്സ് ആക്ഷൻ കൊണ്ടുണ്ടായ ചലന മുണ്ടാകാം. ബലികൊടുക്കുന്ന ആടിൻെറ തല വീണു പിടഞ്ഞു കൊണ്ടേ ഇരിക്കുന്നു — അതിനു ശേഷം കഴുവിലെ കയറിൽ തൂങ്ങുന്നവൻെറ ദേഹം ശൂന്യതയിൽ ഉലയുന്നു. ഇരുട്ടിൽ അങ്ങുമിങ്ങും ആടുന്നു. കയർ അയയ്ക്കുന്നു. കാലുകൾ നിലത്തു മുട്ടുന്നു. ഡോക്ടർ കാലിലെ ഞരമ്പു മുറിക്കുമോ? ആരോ ജീവിച്ചതായി കഥ കേട്ടിട്ടുണ്ട് . അതു കൊണ്ടാണത്രേ ഇത്ര പെരുത്തു മുൻകരുതലുകൾ. ഒക്കെ വെറുതെ പറയുന്ന വ. ഡോക്ടർക്ക് ഈ വക ചുമതലകളൊന്നുമില്ല. ഗവർമെ ൻറു നിയമമനുസരിച്ച് ഡോക്ടർ സന്നിഹിതനായിരിക്കണം. കുറ്റവാളി ചത്തുവെന്ന് പറയണം. മരിക്കും വരെ കഴുമര ത്തിൽ തൂക്കിയിടണമെന്നാണ് ഗവർമെൻറു നിയമത്തിൻെറ ആന്തരാർത്ഥം. അതുകൊണ്ട് ഇതിനുശേഷം ദില്ലിയിലെ സുൽത്താൻെറ 'ബാവഡി' (ചോട്ടിലേക്കിറങ്ങാൻ പടവുകളുള്ള കിണർ) യുടെ ചെറു പതിപ്പുപോലുള്ള പടികളിലൂടെ അയാൾ താഴേക്കിറങ്ങും. ഇത് അങ്ങനെയുമിങ്ങനെയുമുള്ള ഒന്നല്ല. ഒരു ക്ഷണനേരത്തെ ശാരീരിക ശ്രമം കൊണ്ട് എത്ര പേർക്ക് അഞ്ചു രൂപ നേടാൻ കഴിയും? പിന്നെ 'റെമിഷൻ' ഉണ്ടെന്നു മോർക്കണം. പതിവുപോലെ 'പീസ് വർക്ക് ' കൂലി. ശവദേ

ഹം, അല്ലല്ല, ശവദേഹമല്ല ഇപ്പോൾ, ജഡം മുകളിലേക്കു കൊണ്ടു വരപ്പെടുന്നു. ബീഭത്സമായ മുഖം. കണ്ണുകൾ പുറത്തേക്കു തുള്ളി തുറിച്ചിട്ടങ്ങനെ. കമ്പിളി കൊണ്ടു മൂടിയിടപ്പെടുന്നു. ചവിട്ടു പലക തട്ടി നീക്കുന്ന സമയം എത്ര അസഹ്യമായ യാതനയാണുണ്ടാവുക! കണ്ണിൽ വെള്ളം നിറയുകയാണ് . ഛെ! എത്ര നേരത്തെ യാതന? ഒരു സമയം പീഡാനുഭവത്തിനുള്ള ശക്തി തന്നെ അപ്പോഴേക്കു നശിച്ചിരിക്കും. അല്ലെങ്കിൽ മറ്റു പല ചിന്തകളിലേക്കും മനസ്സു തിരിയുന്നതുകൊണ്ട് പീഡയുടെ അനുഭൂതി തന്നെ ഉണ്ടാകാതെ പോകും. വല്ലാതെ മുറിവേറ്റ മനുഷ്യനും യുദ്ധത്തിൽ മത്തു പിടിച്ചിട്ടെന്നപോലെ തൻെറ പണി തുടർന്നുകൊണ്ടേ ഇരിക്കുന്നു. അവനു തൻെറ വേദനയെപ്പറ്റി ചിന്തിക്കാനവസരമെവിടുന്നു കിട്ടുന്നു? ജീവി തത്തെത്തന്നെ ആശിക്കാൻ വകയില്ലെങ്കിൽ ഒരു നിമിഷത്തെ യാതനയെപ്പറ്റി ചിന്തിക്കുന്നതേ വ്യർത്ഥം. മരിക്കുന്നതിൻെറ പൂർവ്വക്ഷണത്തിൽ ജീവിതമാകെ സിനിമചിത്രംപോലെ കൺ മുമ്പിൽ ചുറ്റിത്തിരിയുമെന്നു കേട്ടിട്ടുണ്ട് . എനിക്കിതിൽ വിശ്വാ സം വരുന്നില്ല. മരണശിക്ഷയില്ലാത്ത നാട്ടിലാണ് എന്നെ ശി ക്ഷിച്ചതെങ്കിലോ? എന്നാൽ ജീവപര്യന്തം തടവ് എന്നെ ഈ വൈചിത്ര്യങ്ങൾ നിറഞ്ഞ ലോകത്തിൽനിന്നു വേർപെടുത്തും. പക്ഷെ ജയിലിലുമുണ്ട് ഒരു ഖണ്ഡലോകം. ജയിലിലുമുണ്ട് മഞ്ഞും ചൂടും മഴയും കൊണ്ടുണ്ടാകുന്ന പരിവർത്തനങ്ങൾ.

കാറ്റും ആകാശവും ചന്ദ്രസൂര്യന്മാരും നക്ഷത്രങ്ങളും അവിടെയും സൗന്ദര്യം വാരിവിതറുന്നതിൽ പിശുക്കു കാട്ടു ന്നില്ല. വൈശാഖത്തിൽ കൊടുംകാറ്റിൻെറ ഭ്രാന്തവൃത്തി, ആദ്യത്തെ മഴ കഴിഞ്ഞിട്ടുള്ള മണ്ണിൻെറ പരിമളം, രാത്രി മഴ യുടെ മാദകത്വം നിറഞ്ഞ രിംഝിംരിംഝിം നിസ്വനം. എത്ര യോ സ്മരണകളാൽ പരിപൂർണ്ണമായ ശരദൃതുവിൻെറ സൗ വർണതന്ത്രികളാൽ മെടഞ്ഞ വെയിൽ. യുഗപ്പഴക്കമുള്ള രഹസ്യങ്ങളാലാവൃതമായ നീഹാരിക. ഇവയ്ക്കെല്ലാം ജയി ലിൻെറ ഉയർന്ന മതിലുകൾക്കകത്തും നിരങ്കുശമായ സഞ്ചാര സ്വാതന്ത്ര്യമുണ്ട് . പിന്നെ മനുഷ്യരുടെ മുഖം — കള്ളന്മാരും കഴുത്തറപ്പന്മാരുമാണെങ്കിലാകട്ടെ — മനുഷ്യർ തന്നെയാ ണല്ലോ. അവരുടെ നടുവിൽ ജീവിക്കുന്നത് ഒരു നാരിൽ തൂങ്ങി മരിക്കുന്നതിനെക്കാൾ ഭേദമല്ലേ? അമേരിക്കയിൽ

എങ്ങനെ? വൈദ്യുത പീഠത്തിൽ ഇരുന്നു, നിമിഷം കൊണ്ടു പണിയും കഴിഞ്ഞു. വേദന പേരിനു പോലുമില്ല. എന്നാൽ മരിക്കുന്നതിനു മുമ്പുള്ള പീഡയുണ്ടല്ലോ. അത് ഇവിടത്തെപ്പോലെ തന്നെ അവിടെയും. അവരുടെ മാരണയന്ത്രം കുറച്ചുകൂടെ ഭേദപ്പെട്ടതാണെന്നേയുള്ളൂ. അതേയുള്ളൂ വ്യത്യാസം. തോക്കുകൊണ്ടു ചിലയിടങ്ങളിൽ വധിക്കപ്പെടുന്നു, ചില രാജ്യങ്ങളിൽ വാൾകൊണ്ട് , അല്ലെങ്കിൽ ഗില്ലറ്റിൻ കൊണ്ട് — അവയെക്കാളൊക്കെ ഭേദം തന്നെ നമ്മുടെ നാട്ടിലെ ഏർപ്പാട് . വാളു കൊണ്ടു കഴുത്തറുക്കുക — അതോർക്കുമ്പോൾ തന്നെ മനസ്സു ഞെട്ടുന്നു. അതല്ല, കഴുമരത്തിലേറ്റാൻ വിധിച്ചവനെ മർഫിയ ഇഞ്ചക്ടു ചെയ്ത് അഥവാ ക്ലോറോഫാം മണപ്പിച്ച് കൊന്നാലോ, അതുകൊണ്ടെന്താണൊരു നഷ്ടം ഗവർമെൻറിനു വരാനുള്ളത് ? അതുകൊണ്ട് ആ മനുഷ്യന് ശാരീരിക പീഡനങ്ങളിൽനിന്നും മാനസികദുശ്ചിന്തകളിൽ നിന്നും മുക്തി കിട്ടുന്നു. ആ മനുഷ്യനെ സമൂഹത്തിൽ നിന്ന് അകറ്റാനാണു രാഷ്ട്രം ലക്ഷ്യം വെച്ചിരിക്കുന്നതെങ്കിൽ ബോധം കെടുത്തിയശേഷം കഴുവിലേറ്റുവാനാണ് വ്യവസ്ഥ വേണ്ടത് . എല്ലാത്തിലും നല്ലത് പൊട്ടാസിയം സൈനയ്ഡ് ആകുന്നു — ക്ഷണം കൊണ്ടു കഴിയും കഥയെല്ലാം.

നീലു കോളേജ് ലാബറട്ടറിയിൽ നിന്ന് കുറച്ച് എടുത്തുകൊണ്ടു വരികയുണ്ടായി ഒരിക്കൽ. ആ വസ്തുവിനെപ്പറ്റി എന്തെല്ലാം ചർച്ചകൾ നടന്നു. എന്തെല്ലാം മനസ്സിൽ കണ്ടു! ചെറു റബ്ബർ കാപ്സുൽസിൽ നിറച്ച് വായിലിട്ടു നടക്കുന്നതാണ് ഏറ്റവുമധികം നല്ലത് . അങ്ങനെയുറപ്പിച്ചു. അറസ്റ്റു ചെയ്താലും കൂട്ടാക്കാനില്ല. തോന്നുമ്പോൾ കാപ്സുൽസിൽ പല്ലു കൊണ്ടൊരു തുള വരുത്തൂ. അന്നു വിചാരിച്ചപോലെ, തീരുമാനിച്ചപോലെ ചെയ്തിരുന്നുവെങ്കിൽ ഇന്ന് ഇത്തരത്തിലുള്ള മാനസികമായ ദുശ്ചിന്തക്കിടവരികയില്ലായിരുന്നു. എന്നാൽ എനിക്ക് ഈ സാധനത്തിൻെറ ആവശ്യം വരുമെന്ന് ഓർത്തിരുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ വെളുപ്പിന് ബൂട്ടുകളുടെ ശബ്ദം കേട്ടു കൂടുമ്പോൾത്തന്നെ കാപ്സുൽ ചവച്ചിറക്കുമായിരുന്നു. ആരാച്ചാരായ തടവുകാരൻ നിരാശപ്പെട്ടുപോയേനെ. സൂപ്രണ്ടും വിചാരിക്കുമായിരുന്നു, ഇതെന്തൊരു തൊന്തരവാണപ്പാ! ഇനി ഒരായിരം തരത്തിലുള്ള ഡിപ്പാർട്ടുമെൻറൽ കത്തിടപാടുകളുടെ കുഴപ്പങ്ങളിൽ കുടുങ്ങേണ്ടി

വരുമല്ലോ എന്ന്. എല്ലാവരും വിചാരിക്കുക ഭയം മൂലം ഹൃദയഗതി നിലച്ചുപോയെന്നാവും. ഇല്ല, പോസ്റ്റുമാർട്ടം ഏതായാലും നടക്കും. അപ്പോൾ പൊട്ടാസിയം സൈനയ്ഡിൻെറ കള്ളി പുറത്താവും.

പക്ഷേ പൊട്ടാസിയം സൈനയ്ഡ് തിന്നുന്നതും അത്ര എളുപ്പമല്ല. അന്ന് എനിക്കു തിന്നുവാൻ കഴിഞ്ഞില്ല. ഡിസ്പെപ്സിയ പിടിച്ച് അവശനായിത്തീർന്നിരുന്നു. വൈകിട്ട് നിത്യവും ഫുട്ബോൾ മാച്ച് കാണാൻ പോകാറുണ്ടായിരുന്നു. ഒരു ദിവസം കണ്ടു, ജിതേനേട്ടൻ എസ് .ഡി.ഒ സായ്പിനെയുണ്ടു വിളിക്കുന്നു. 'കം അപ് ' രണ്ടു പേരും കാറിൽ കയറി നിന്ന് കളി കാണാൻ തുടങ്ങി. രണ്ടു പേരും പരസ്പരം തോളിൽ കൈവച്ചു കൊണ്ടാണു നിൽപ് . പെട്ടെന്ന് എൻെറ മനസ്സിനെ ഒരു തരം നിരാശ ബാധിച്ചു. തൻെറ ദൗർബല്യം, തുച്ഛത, തൻെറ ഓജസ്സില്ലായ്മ ഇവ എന്നെ ഇടക്കിടയ്ക്ക് കുത്തി നോവിച്ചുകൊണ്ടിരുന്നു. ജിതേനിനെപ്പോലുള്ള പ്രസരിപ്പ് എനിക്കില്ലാതെ പോയതെന്തുകൊണ്ട്? എനിക്ക് ജിതേനേട്ടനോട് അസൂയ തോന്നിയില്ല. എസ്.ഡി.ഒ സായ്പിനോടു ചങ്ങാത്തത്തിനും എനിക്ക് കൊതിയുണ്ടായിരുന്നില്ല. എന്നിട്ടും എന്താണു മനസ്സിനൊരവസാദം? ക്ഷണത്തിൽ ജീവിതത്തോട് വീതരാഗത എന്തിന്. എന്താണു ജീവിച്ചിട്ടൊരു കാര്യം. ഈ അധഃപതിച്ച സ്ഥിതിയെക്കാൾ ചാവുകയാണു ഭേദം. ഒക്കെ തീരുമാനിച്ചു. അന്നു രാത്രി തന്നെ പൊട്ടാസിയം സൈനയ്ഡ് തിന്നും എന്നുറച്ചു. അങ്ങനെ രാത്രിയുറക്കമിളച്ചിരുന്ന് ജില്ലാ കോൺഗ്രസ് ഓഫീസിലെ വലിയ മണി അടിക്കുന്നതും കേട്ടു കൊണ്ടു കിടന്നു. തിന്മാനുള്ള മുഹൂർത്തം വന്നപ്പോൾ തോന്നി, ഇന്നു വേണ്ട എന്ന് . 'ലേഡീസ് ഓഫ്ടർനൂൺ' ബിസ്കറ്റു തിന്നാൻ വല്ലാത്ത കൊതി തോന്നുന്നു. നാളെ ഈ കൊതി ശമിപ്പിച്ചശേഷം ആലോചിക്കാം മരിക്കേണ്ട കാര്യം. പിറ്റേന്നാളേക്ക് മനോഗതി മാറി. അതിനുശേഷം ഇതേപ്പറ്റി ചിന്തിക്കുമ്പോഴെല്ലാം ഹാസ്യകഥ പോലെ തോന്നി. എന്നാൽ ഇന്ന് സൈനയ്ഡ് ഉണ്ടായിരുന്നുവെങ്കിൽ തിന്നുമായിരുന്നു തീർച്ച. ഇത് സ്വേച്ഛയാ ആത്മഹത്യ ചെയ്യലല്ല. മറ്റൊരാപത്തിൽ നിന്നു രക്ഷപ്പെടലാണ് . സൈനയ്ഡ് കുപ്പി ചെറുനാരകച്ചോട്ടിൽ കുഴിച്ചിട്ടിരുന്നു. എന്തു തോന്നിയിട്ടോ കുപ്പി ബദാം നിറത്തിലുള്ള ഒരു

കാലുറയിൽ പൊതിയുകയുണ്ടായി, കുഴിച്ചിടുംമുമ്പ് . ഇപ്പോഴും അത് അവിടെത്തന്നെ കാണും, നിശ്ചയം.

ചെറുനാരകത്തിൻെറ താഴത്തെ കവരങ്ങൾ മണ്ണിൽ മൂടിയിട്ടിരിക്കും — ഒടിച്ചെടുക്കുന്നതിനായിട്ട് . ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിറ്റിക്കാർ വരുന്നവർവരുന്നവർ അതുമുറിച്ചെടുത്തുകൊണ്ടു പോകാറുണ്ടായിരുന്നു. നീലുവിന് ഭക്ഷണത്തിന് ചെറുനാരങ്ങ എന്നും വേണം. പരിപ്പുകറിയിൽ രണ്ടുമൂന്നു തുള്ളി നാരങ്ങനീർ ഇറ്റിച്ചില്ലെങ്കിൽ അയാൾക്കു പിടിക്കില്ല. ആശ്രമത്തിൽ മീൻ കറിയുണ്ടാക്കില്ല. അതുകൊണ്ട് വലിയ മീനുള്ള ദിവസം അമ്മായി ഞങ്ങളെ ഉണ്ണാൻ ക്ഷണിക്കും. അവിടെയും നീലുവിൻെറ കീശയിൽ നാരങ്ങയുണ്ടായിരിക്കും. അമ്മായി നാരങ്ങകുരുതിയിട്ടില്ലെങ്കിലോ! ആ വീട്ടിലെ കുട്ടികൾക്കുകൂടി ഈ രഹസ്യമറിയാം. ചിലർ നീലുവമ്മാവൻെറ കീശ പരുതും. ചിലർ ഓടിച്ചെന്ന് നീലുവമ്മാവൻെറ കീശയിൽനാരങ്ങയുണ്ടെന്ന് അമ്മായിയെ വിളിച്ചറിയിക്കും. അമ്മായി അടുക്കളയിൽ നിന്നിറങ്ങിവന്നു ചോദിക്കും, "അല്ലാ, എന്തെഡോ മാഛ് പായ് തുരീ (ഒരു തരം മത്സ്യക്കറി) എത്തിക്കഴിഞ്ഞോ?" കുറെനാൾ മുമ്പു നടന്ന സംഭവം. അമ്മായിയുടെ വരാന്തയിൽ വരിവരിയായി പലകയിട്ടിരിക്കുന്നു. മുമ്പിൽ ചോറിൻെറ പാത്രം. ഞാൻ, നീലു, ജിതേനേട്ടൻ, ഘേംട എല്ലാവരുമുണ്ട് ഭക്ഷണത്തിന് . "അല്ലാ, മാഛ് പായ്തുരിയുണ്ടല്ലോ" എന്നു പറഞ്ഞുകൊണ്ട് നീലു പലകയിലിരിക്കാൻ പുറപ്പെട്ടതും പലക നിരങ്ങിപ്പോയതുകൊണ്ട് നീലു വീണതും ഒന്നിച്ചു കഴിഞ്ഞു. ചോറ്റു പാത്രം തട്ടിമറിഞ്ഞു. എല്ലാം കുട്ടിച്ചോറായി. അന്ന് അമ്മായിയിട്ട പേരാണ് മാഛ് പായ്തുരി. ഇതിൽ ഉണ്ടായിരുന്ന പരിഹാസച്ചുവ ഇന്നില്ല. പ്രയോഗം മാത്രം ബാക്കി. എന്നിട്ട് അമ്മായി പറയും ബാരീന്ദരിൻെറ മോനേ, കീശയിൽ ചെറുനാരങ്ങയുണ്ടല്ലേ? താ, മുറിച്ചുതാരാം.

അതേ നീലു, ആ ഇത്തിരിപ്പോന്ന ഹാഫ് പാൻറുകാരൻ, മാഛ് പായ്തുരിയെന്ന ബിരുദധാരി, എന്നെ ജ്യേഷ്ഠാ എന്നു വിളിക്കുമ്പോൾ ഗദ്ഗദപ്പെടാറുള്ളവൻ. അയാൾ എന്നോട് ഇങ്ങനെ പെരുമാറിയല്ലോ. ഇത് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല. അയാളുടെ മനസ്സിന് ഇത്രയ്ക്കു ഘൃണ്യമായ പരിവർത്തനം — ഛെ, എന്താണിത് ? ഞാൻ എന്താണീ

ചിന്തിക്കുന്നത്? ഇല്ല, നീലുവിനെ എനിക്കു തന്നെ ശരിക്കും മ നസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ പുറത്തുള്ളവരാണോ അയാ ളെ മനസ്സിലാക്കുക? അന്ന് പല സ്ഥലങ്ങളിലും ഗ്രാമത്തിൽ ഉ പദ്രവമുണ്ടാക്കുന്നവരെ നാൽക്കൂട്ടപ്പെരുവഴിയിൽ വെച്ച് തൂ ക്കിക്കൊല്ലുക പതിവായിരുന്നത്രേ. ജനങ്ങൾ എപ്പോഴും തങ്ങൾ ക്കുണ്ടാകുന്ന ഹാനിയെപ്പറ്റിമാത്രമേ ചിന്തിച്ചിരുന്നുള്ളൂ. അതേ കാഴ്ചപ്പാടിലൂടെ ഗ്രാമത്തിൽ ദ്രോഹം ചെയ്യുന്നവരോടു പകരം വീട്ടിയിരുന്നു. എന്നാൽ നീലുവിൻെറ വീക്ഷണത്തിലൂടെ വേണം ഞാൻ എല്ലാ സംഭവങ്ങളും കാണുവാൻ. അന്ന് നീലു കാണാൻ വന്ന ദിവസം ഈ കമ്പിളിയിലാണ് ഇരുന്നത് . എൻെറ നേരെ ഉള്ളുതുറന്ന് സ്വാതന്ത്ര്യത്തോടെ നോക്കാൻ പോലും അയാൾക്കു കഴിഞ്ഞിരുന്നില്ല. അയാളുടെ മുഖത്തും കണ്ണുകളിലും അപരാധിയുടേതായ ഭാവം എന്തുകൊണ്ട് ? എവിടെയോ പിഴ പിണഞ്ഞു പോയിട്ടുണ്ട്. ഇല്ലെങ്കിൽ അയാ ളുടെ ഈ കുൺഠയ്ക്കെന്തൊണു ഹേതു? വിവേകത്തിൻെറ ദംശനമോ? അതോ അനുതാപം മാത്രമോ? നീലു എന്നോട് എന്തോ പറയാൻ വിചാരിക്കുന്നുണ്ടായിരുന്നു. എന്തായിരു ന്നുവെന്നും എനിക്കറിയാം. എന്നാൽ അക്കാര്യമെടുത്തിടു വാൻ ഞാൻ ഇട കെടുത്തില്ല. കൊടുത്തിരുന്നെങ്കിൽ എൻെറ സംയമത്തിൻെറ ചിറ തകർന്നുപോകുമായിരുന്നു. നീലു കാ ണാൻ വന്നിരുന്നത് അയാളുടെ ജ്യേഷ്ഠനെയാണ് . അയാ ളുടെ പ്രതിദ്വന്ദിയായ രാഷ്ട്രീയ പാർട്ടിയുടെ സ്ഥലത്തെ നേതാവായ ബിലുബാബുവിനെയല്ല. അന്ന് എൻെറ മാനസി ക സംഘർഷം അയാളുടെ മുമ്പിൽ പ്രകടമാവുകയുണ്ടായില്ല. അതു ഭാഗ്യം. എനിക്കൊരു പ്രത്യേകതയുണ്ട് . പെട്ടെന്നു വല്ലതിനും കണ്ണിൽ വെള്ളം നിറയും. അതായിരുന്നു പേടി മുഴുവൻ. എന്തുമാവട്ടെ, ഒരു വിധം ഒന്നുമൊന്നും കൂടാതെ കൂടിക്കാഴ്ച അവസാനിച്ചു. അയാൾ പോകുംമുമ്പായി ഞാൻ തകർന്നില്ല. അയാൾ ആവേശാവിഷ്ടനാവുകയായിരുന്നു. പോകുന്ന സമയം അയാൾ രണ്ടു കൈകൊണ്ടും എൻെറ വലതു കൈ അമർത്തി — ഒരു നിമിഷം. നേർത്തൊരു വിറയ ലോടുകൂടിയ കൈകൾ കൊണ്ടുള്ള ഹിമശീതളസ്പർശം ഞാനിപ്പോഴും അനുഭവിക്കുന്നപോലെ തോന്നുകയാണ് . അയാളോട് അമ്മയെ കാണണമെന്നു പറഞ്ഞിരുന്നു. കണ്ടോ ആവോ? അമ്മയെയാണു പേടി. അമ്മയുടെ ഒരു മകൻ ഇല്ലാ തായി. കണ്ണുകളടച്ച് അമ്മയെ ഓർക്കുവാൻ ശ്രമിച്ചു.

അമ്മ ചോറിനോടൊപ്പം ജൽപായി (പുളിരസമുള്ള അമ്പഴങ്ങ കൊണ്ടുള്ള അച്ചാറ്) കൂട്ടുകയായിരുന്നു. മുൻഭാഗത്തുള്ള മുടി നര കലർന്നത് . കറുത്ത മുടിയാണ് അധികം. സീമന്തരേഖയിലെ ചില മുടികൾ പൊഴിഞ്ഞു പോയതുകൊണ്ട് സീമന്തരേഖയ്ക്കു വീതി കൂടിയിരിക്കുന്നു. അതിൽ വീതിയുള്ള സിന്ദൂരരേഖ. അതിനു പുറകിൽ ഖദർസാരിയുടെ ചുകന്ന കര കാണാം. കഴുത്തിലും കാതിലും പണ്ടമൊന്നുമില്ല. അർധനിമീലിതമായ കണ്ണുകളുടെ കോണിൽ ചുളിവുകൾ. ചിലതു തടിച്ചവ, ബാക്കി മുടിനാരുപോലെ. മൂക്കിൻെറ താഴെ നിന്നുള്ള രണ്ടു ചർമ്മരേഖ ചുണ്ടിൻെറ രണ്ടു കോണുകളോളം എത്തിയിരിക്കുന്നു. തിളങ്ങുന്ന വെളുപ്പു നിറത്തിൽ ഈ വരകൾ ഉള്ളതിലുമേറെ ആഴമുള്ളതായി തോന്നിക്കുന്നു. അമ്മ രണ്ടു ചുണ്ടുകളും കൂർപ്പിച്ച് നുണയുവാൻ തുടങ്ങി. കഴുത്തിലെ നളികയുടെ കമ്പനം പുറത്തേക്കു കാണാം. നാവുകൊണ്ട് അമ്മ 'ടക് ' എന്നു ശബ്ദിച്ചു. രണ്ടു ചുണ്ടുകളും തുറന്നപ്പോൾ താഴത്തെ വരിയിൽ ഒരു പല്ല് ഇല്ലെന്നു കാണാറായി. അതിൻെറ വിടവിലൂടെ ഉമിനീർ നിറഞ്ഞ നാവു കാണാം. "നിങ്ങളെഴുന്നേറ്റോളിൻ! എഴുന്നോറ്റാളാൻ ഉം!" ഞങ്ങൾ എഴുന്നേറ്റില്ല.

അമ്മായിക്കുമില്ല താഴത്തെ നിരയിൽ ഒരു പല്ല് . ഉണ്ടാവുന്നതെങ്ങനെ? ഇരുപത്തിനാലു മണിക്കൂറുമെന്നു പറഞ്ഞപോലെ പല്ലിനു താഴെ ചുണ്ടുകൾക്കകത്ത് ചുണ്ണാമ്പു പുരട്ടിയ 'ജരദ' കിടപ്പുണ്ടാവും. ജനങ്ങൾ വെറ്റിലയോടൊപ്പമാണ് 'ജരദ' ചേർത്തു മുറുക്കുന്നത് . ഒരൊഴിവില്ലാതെ ജരദ മാത്രം തിന്നുന്ന മറ്റൊരുവനെ ഞാൻ കണ്ടിട്ടില്ല. അമ്മായി ഇപ്പോഴെന്തു ചെയ്യുകയാവും? ഈ രാത്രി അവർക്ക് ഉറക്കം വരുമോ? മഞ്ഞായാലും മഴയായാലും നിത്യവും മൂന്നു മണിക്ക് എഴുന്നേറ്റു മെത്തയിൽ ഇരുന്ന് മാലയിൽ ജപം തുടങ്ങുന്നു. ഉണർന്നാൽ ആദ്യം റാന്തലിൻെറ തിരി നീട്ടി ജനലിൽ വെയ്ക്കുന്നു. അതിൻെറ പ്രകാശം ചുവരിലുള്ള രാധാകൃഷ്ണൻെറ ചിത്രത്തിൽ പതിക്കുന്നു. പിന്നെ കണ്ണട വെച്ച് ചിത്രത്തിലേക്കുതന്നെ നോക്കിയിരിക്കുന്നു. ഗുരുദേവൻ അങ്ങനെയായിരിക്കാം ഉപദേശിച്ചിരിക്കുന്നത് . വട്ടമുഖം. അമ്മ ഒരിക്കൽ ഉപമിച്ചു പറഞ്ഞു, ടിന്നുകളിൽ കാണാറുള്ള കരണ്ടിപോലെ. മുഖത്ത് ഏതാനും വസൂരിക്കലകൾ. നെറ്റി

യിൽ പച്ചകുത്തിയ പൊട്ട്. കഴുത്തിൽ മാല. ജപത്തിനിടയ്ക്ക് അടുത്തുള്ള ജനലിലൂടെ ജരദ നീർ പുറത്തേക്കു തുപ്പുന്നു. ആ അവസരമുപയോഗിച്ച് ആകാശത്തേക്ക് ഒരു നോട്ടമിടുന്നു — പുലരാനെന്തു താമസമുണ്ട് എന്നറിയാൻ. അപ്പോഴേക്ക് പുറത്ത് കിണറ്റു വക്കത്തു നിന്ന് തൊട്ടി കിണറ്റിൽ മുങ്ങുന്നതിന്റെ ശബ്ദം കേൾക്കാകുന്നു. ടോല (ഫിർക്ക)യിലെ മോദിരാമദേവ് എന്നും നേരം പുലരാൻ കാത്തു നിൽക്കാതെ വെള്ളം കോരാൻ കിണറ്റു വക്കത്തു വരുന്നു. ചിറ്റമ്മക്കിതാണു സമയം. ബേലീ! എടീ ബേലീ! ഇന്ന് നീ എണീക്കാൻ ഭാവമില്ലേ? കുഞ്ഞേടത്തി പിടച്ചെഴുന്നേൽക്കുന്നു.

കുട്ടിക്കാലത്ത് രാവിലെ നീലുവിനെ പിടിച്ചു കുലുക്കി ഉണർത്തുമ്പോൾ അയാൾ പറഞ്ഞിരുന്നു, "വേണ്ടാട്ടോ ഏട്ടാ, പറഞ്ഞേക്കാം." എന്നിട്ടു തിരിഞ്ഞു കിടന്നു വീണ്ടും ഉറക്കം. വീണ്ടും കുലുക്കിയാൽ വീണ്ടും — "തുടങ്ങിയോ പിന്നെയും? ശല്യം!" ഇത്തവണ ശബ്ദം ഒന്നുകൂടി കനക്കും. പിന്നെ പിറുപിറുത്തു കൊണ്ട് എഴുന്നേറ്റിരിക്കും. അമ്മ പറയും, "വെളുപ്പിന് എണീക്കുമ്പേഴേക്കു തുടങ്ങി വിഷം ഊതി ജപിച്ചിറക്കൽ." നീലുവിന്റെ മുഖം ഓർക്കാൻ നോക്കുകയാണ് . ഓർമ്മ വരുന്നേയില്ല. ഇടക്കിടയ്ക്ക് നീലുവിന്റെ മുഖം മുമ്പിൽ വന്നു നിൽക്കാറുണ്ട് . എന്നാൽ ഇപ്പോഴൊന്ന് ഓർക്കാൻ ശ്രമിച്ചു നോക്കുകയാണ് — അവസാന നിമിഷങ്ങളിൽ സ്വൽപം ആത്മ സംതൃപ്തിക്കു വേണ്ടി. പക്ഷേ എവിടെ? നീലുവിന്റെ മുഖം ഓർക്കാൻ ശ്രമിക്കുന്തോറും മനസ്സിൽ നിഴലിക്കുന്നത് ഗനൗരി മഹ്തോവിന്റെ മുഖമാണ് . മൊട്ടത്തല, പതിഞ്ഞ മൂക്ക് . ബുൾഡോഗ് പോലത്തെ മുഖം. ഒരു ചെവിയുടെ മുകൾഭാഗം തുളച്ചിട്ടിരിക്കുന്ന സ്വർണറിങ്ങ് .

ദേഹം 'സർ—സർ' എന്നാവുന്നു. പുലരാറാവുമ്പോഴത്തെ കാറ്റിന് നല്ല തണുപ്പ് . ഇനി രണ്ടു മണിക്കൂർ കൂടിയേ സെല്ല് തണുക്കുന്നതായി തോന്നൂ. ഭ്രാന്തന്റെ കൂട്ടവും വിളിയും തുടങ്ങി. മൂന്നാം നമ്പർകാരൻ എപ്പോഴാണ് ഭജനം ആരംഭിച്ചത് ? അതത്ര ശ്രദ്ധിച്ചില്ല.

ആലിൽ രാത്രി കഴിച്ചുകൂട്ടുന്ന കാക്കകൾ 'കാവ് കാവ് ' എന്നൊന്നാക്കി മിണ്ടാതായി. ഇനിയും നേരം വെളുത്തിട്ടില്ല

എന്നു വിചാരിച്ചിട്ടാവും. സമയം കണക്കാക്കുന്നതിൽ പിഴ പറ്റി, കുറച്ചു നേരത്തേയായിപ്പോയി. എനിക്കിനി എത്ര നേരത്തെ ഇടയുണ്ട് ? എനിക്കിനി നിമിഷങ്ങൾക്കെന്തു വില? ചലച്ചിത്രമാണെങ്കിൽ ഇങ്ങനെ കാണിക്കുമായിരുന്നു — പൂഴി കൊണ്ടുള്ള ഒരു ഘടികാരം — ഡമരുപോലെ മുകൾ പകുതിയിലെ പൂഴി തീർന്ന മട്ടായി. ടപ് — ടപ് എന്ന് വിരാമമില്ലാതെ പൂഴിത്തരികൾ വീണു കൊണ്ടിരിക്കുകയാണ് . അല്ലെങ്കിൽ വിളക്കിലെ എണ്ണ വറ്റിക്കഴിഞ്ഞതായി കാണിക്കും. ഒരു പക്ഷേ ഘടികാരത്തിന്റെ സൂചി നീങ്ങിക്കൊണ്ടിരിക്കുന്നുണ്ടാവും. ഞാനെന്ന ഘടികാരവും അതിന്റെ മട്ടിന് അതേ ചട്ടപ്പടി നടക്കന്നുണ്ടാവും. കുളിർകാറ്റ് , ഭ്രാന്തന്റെ അലർച്ച, മൂന്നാം നമ്പർ കിരന്റെ ഭജനഗാനം — ഇനി വേണ്ടത് ആകാശത്തിൽ അൽപം വെള്ളകീറുക മാത്രം. ശുക്രനക്ഷത്രം ഞാൻ വേർതിരിച്ചു കാണുന്നു. എല്ലാത്തിലും രൂഢമായ ഒരു വാസ്തവം, എന്റെ വാർഡർ സായ്പ് സെല്ലിന്റെ മുറ്റത്ത് ചളിക്കുണ്ടിന്റെ കന്മതിലിലിരുന്ന് ഉറക്കം തൂങ്ങുന്നു.

ഇപ്പോൾ ബിലുവുണ്ട് . കുറെക്കഴിഞ്ഞാൽ ഉണ്ടാവില്ല. രക്തമജ്ജാദികളെക്കൊണ്ടുണ്ടായ സുഖദുഃഖ സമ്പൂർണനായ ബിലു എന്നു പേരായ ഒന്നും തന്നെയില്ലാതാവുകയാണ് . ഞാൻ ഗവർമെൻറ് സ്റ്റാറ്റിസ്റ്റിക്സിൽ ഒരു വെറും സംഖ്യ. അസംഖ്യം സംഖ്യകളിൽ ഒന്നു കുറയുകയോ കൂടുകയോ ചെയ്താലെന്തുണ്ട് ചേതവും ലാഭവും? വൈജ്ഞാനികമായ പാരെലെക്സ് അഥവാ ഇൻസ്ട്രുമെൻറൽ എറർ (ദൃഷ്ടിവിഭ്രമം അല്ലെങ്കിൽ യന്ത്രപ്രമാദം) എന്നു പറഞ്ഞ് നൂറ്റിക്കു കുറെ സംഖ്യ കണക്കാക്കാതെ വിടുന്നു. വ്യാപാരത്തിൽ 'കാണാച്ചെലവ് ' എന്നൊരിനമുണ്ട് . ഞാനൊരുപക്ഷേ അതിൽപ്പെടും. ഭാരതസർക്കാർ കണക്കു കൂട്ടന്ന സമയം പൂർണിയ ജയിലിലെ 1109 നമ്പർ കാരനായ മരണ ശിക്ഷയ്ക്കു വിധിക്കപ്പെട്ടവൻ, തൂക്കിക്കൊന്ന തുകയിൽ നൂറ്റിക്ക് ഒരു ദശമലവം ഭഗ്നാംശം വർദ്ധിപ്പിച്ചേക്കാം. സർക്കാർ റിപ്പോർട്ടിൽ അത്രമാത്രം അച്ചടിമഷിയുടെ ചെലവ്. എന്റെ ജീവിതത്തിന്റെ വില അത്രയ്ക്കേയുള്ളു. രാഷ്ട്രീയ ചരിത്രത്തിൽ ബിലു ബാബുവിന്റെ സംഭാവന.

കാളവണ്ടിയിലെ ചർർ—മർർ ശബ്ദം പോലെയുള്ള ഒരു

ശബ്ദം. ഒരു സമയം വാർഡിന്റെ വാതിൽ തുറക്കുന്ന ശബ്ദമാവാം. അപ്പോൾ? അതെ, അതു തന്നെ. വിചാരിച്ചതു തന്നെ. സെല്ലിന്റെ സിമന്റിട്ട അങ്കണത്തിൽ ഒന്നിച്ച് അനേകം ചെരുപ്പുകളുടെ ശബ്ദം. എത്രപേരാണ് വന്നു കൊണ്ടിരിക്കുന്നത്! സൈനികരുടെ ഒരു കമ്പനിയുടെ ചെരുപ്പുകളുടെ പ്രതിധ്വനി കൊണ്ട് ഒരു പാലം തന്നെ തകർന്നേക്കാമെന്നു കേട്ടിട്ടുണ്ട്. നേരുതന്നെ. എത്ര ഉച്ചത്തിലുള്ള ശബ്ദം! ആ കാലടി ശബ്ദത്തോടൊപ്പം ഹൃദയം തുടിക്കുന്നു. ആ ശബ്ദം വ്യക്തമായും കേൾക്കുന്നു. രാം മോഹൻഢാകിക്കുപോലും നവമീ പൂജനാൾ രാത്രി ശബ്ദസ്പന്ദനങ്ങളെ ഈ വിധം തരംഗിതമാക്കാൻ കഴിഞ്ഞിട്ടില്ല. ദേഹമാകെ വിറയ്ക്കുന്നു. നിശ്വാസത്തിന് ഊക്കു കൂടുന്നു. കൺമുന്നിൽ എന്തിന്റേതോ ആയ ഒരു പടുത വന്നു വീണപോലെ. തലയോടിനകം തണുത്തു രിക്തമായപോലെ തോന്നുന്നു. ഒരിക്കൽ എന്റെ വലതു കൈവിരൽ സൈക്കിളിന്റെ സ്പോക്കിൽ കുടുങ്ങി മുറിയുകയുണ്ടായി. ചോര നിൽക്കാനുള്ള ഭാവമേ ഇല്ല. അന്നു ചോര കണ്ടിട്ട് ഇതുപോലെതന്നെ തലയ്ക്കകത്ത് ഢിം ഢിം എന്നുണ്ടാവുകയുണ്ടായി. നെറ്റിയിലും മൂക്കിനു താഴെയും വിയർപ്പു പൊടിഞ്ഞു. എന്തുകൊണ്ടോ എഴുന്നേറ്റു നിൽക്കുവാൻ തോന്നി. അഴികളിൽ പിടിച്ചുനിൽക്കുവാൻ ശ്രമിച്ചു. കൈകാലുകൾ വല്ലാതെ വിറയ്ക്കുന്നു. നിൽക്കാനാവുന്നില്ല. കാലുകൾക്കു തളർച്ച ബാധിച്ചപോലെ. അന്നൊരിക്കൽ ടൈഫോയ്ഡ് പിടിച്ചു മാറി, ആദ്യമായി കട്ടിലിൽ നിന്ന് ഇറങ്ങിയപ്പോഴും ഇതേ അനുഭവമുണ്ടായി. വാർഡർ എഴുന്നേറ്റു നിന്ന് തലപ്പാവു ശരിക്കും വെച്ചു. ഭ്രാന്തൻ എന്തൊക്കെയോ വിളിച്ചു പറയുന്നു. മൂന്നാം നമ്പറുകാരൻ ഭജനം നിർത്തിയില്ല. ചെരുപ്പുകളുടെ ശബ്ദം അടുത്തെത്തി — ഒന്നുകൂടി, ഒന്നുകൂടിയടുത്തു. വയറ് തീരെ രിക്തമായപോലെ, അതിൽ മഞ്ഞുകട്ടിപോലുള്ള തണുപ്പ്. ഒരു തവണ കാർണിവലിന്റെ കറങ്ങും തൊട്ടിലിലിരുന്നപ്പോൾ അത് മുകളിൽ നിന്നു താഴേക്കു കറങ്ങുന്ന സമയത്തു് വയറിനകത്ത് ഇതേ അനുഭവമാണ് ഉണ്ടായത്. നാവ് വരണ്ട് മണൽപോലെ പരുപരുത്ത് തൊണ്ടയിലേക്കിറങ്ങിപ്പോകുന്നപോലെ.

സരസ്വതി! അമ്മ! അമ്മായി! നീലു — നീലു നീയെന്താണീ ചെയ്തത് ? ഇരുമ്പു കൊണ്ടുള്ള ഹൊറൈസൊൻറൽ ബാറിൽ എന്റെ മൃതദേഹം തൂങ്ങിക്കിടക്കുന്നു. രണ്ടു കാലുകളും ശൂന്യതയിൽ കിടന്നാടുന്നു. വടക്ക് , വടക്കു — കിഴക്ക് , കിഴക്ക് , കിഴക്കു — തെക്ക് , തെക്ക് ....

അതാ, ബൂട്ടുകളുടെ ശബ്ദം ഇപ്പോൾ ഞാനിരിക്കുന്നിടത്തേക്കു തന്നെ വരുന്നു. എന്റെ വാർഡർ വാർഡിന്റെ മുറ്റത്തേക്ക് എത്തി നോക്കുന്നു. പെട്ടെന്ന് മൂന്നാം നമ്പറിലെ ഭജനം നിലയ്ക്കുന്നു. ഉദ്വേഗം കാരണം എന്റെ ശ്രവണ ശക്തിയും ലോപിച്ചുപോയോ? ഇല്ല. മൂകന്റെ കൊഞ്ഞൽ പോലുള്ള ഒരു ശബ്ദം ചെവിയിലെത്തുന്നുണ്ട് . വളരെയധികം കരുണവും, കാതരവും, അസഹായവുമായ ആർത്ത നാദം.

ആര് ? എന്തിന് ?

ഇപ്പോൾ! ഇപ്പോൾ — അസംഖ്യം ചെരുപ്പുകളുടെ ശബ്ദം മാത്രമല്ല, ഗൗരീശങ്കരശിഖരം തകർന്നു വീഴുന്നു — വൈശാഖമാസത്തെ കൊടുങ്കാറ്റിന്റെ ചപലത — വീണ്ടും അലർച്ച, മേഘാവൃതമായ ആകാശത്തിന്റെ മാറു പിളർത്തുന്ന ആർത്തനാദം — 'അറ്റൻഷൻ' — കാൽചുവട്ടിലെ ഭൂമി പിളർന്നു തുണ്ടം തുണ്ടമാകുന്നു — താഴത്തേക്ക് — ഒന്നുകൂടി ആഴത്തിലേക്ക് — അതലമായ അന്ധകാരത്തിൽ.

"വിളക്കു മുമ്പിൽ കാട്ടൂ." ഏതാനും വികൃതാംഗരായ പ്രേതങ്ങളുടെ നിഴൽ മെല്ലെമെല്ലെ ചെറുതായിച്ചെറുതായി റാന്തലിന്റെ വെളിച്ചത്തിൽ അദൃശ്യമായി. റാന്തലുകൾ ഇങ്ങോട്ടു തന്നെ — അനേകായിരം ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ഭ്രമണ പഥത്തിൽ നിന്നൂർന്ന് എന്റെ നേർക്കു പാഞ്ഞെത്തുന്നു. ഓരോ രോമകൂപത്തിലും പ്രതീക്ഷിച്ചിരുന്ന ത്രാസത്തിന്റെ അവബോധം, ഓരോ ഞരമ്പിലും കൊടുങ്കാറ്റിന്റെ വിക്ഷോഭം — ആ ആന്ദോളനം കൺമിഴികളിലൂടെ പൊട്ടിപ്പുറപ്പെടുവാൻ ഭാവിക്കുന്നു. ആ വിക്ഷോഭത്തിൽ ഇനി നിൽക്കാനരുതെന്നായി, അഴികളെ കഠിനമായ മുഷ്ടികൾ കൊണ്ട് ആവോളം മുറുകെ പിടിച്ചു.

അപ്പർ ഡിവിഷൻ വാർഡ്

രാഷ്ട്ര വ്യോമത്തിൽ മിന്നും ദിവ്യജ്യോതിസ്സായുള്ള
രാഷ്ട്രീയ പതാകയ്ക്കായ് നമസ്തേ നമോനമഃ

സന്ധ്യക്കു പതിവുള്ള കീർത്തനവും പാട്ടും അവസാനിച്ചു. വാർഡർ വാതിലടയ്ക്കുന്നതിനിടയ്ക്ക് എന്തൊക്കെയോ പിറുപുറുക്കയാണ് . കേൾവിക്കാരന്റെ സ്ഥാനത്ത് മററൊരു വാർഡർ നിൽക്കുന്നു.

"ഒരു ബാബു ഇവിടെയാണെന്നുവെച്ചാൽ മററൊരു ബാബു അവിടെ. ഒരുത്തനെ പിടിച്ചുകൊണ്ടുവന്ന് അകത്താക്കുമ്പോൾ കാണാം മററൊരു വിദ്വാൻ പുറത്തേക്കിറങ്ങിയതാ പോണു. ചിലർ കക്കൂസിൽ പോയി കുത്തിയിരിക്കും. മററു ചിലർക്ക് പൂജയ്ക്കുള്ള സമയമാണ് അത് . ഒരു കൂട്ടർ പറയും "ഒററ മിനിട്ടു കൂടി ശിപ്പായിജി, മററൊരു കൂട്ടർ—ശീട്ടിന്റെ ഈ കൈ കൂടി കഴിഞ്ഞോട്ടെ ശിപ്പായി സായ്പേ" ഫുദ്ദൻ ബാബുവിന്റെ നടത്തം അവസാനിക്കാത്തതാണ് . വാതിലടയ്ക്കാൻ വന്നു നിൽക്കുന്നതു കണ്ടാലുമില്ല ഒരു കൂസലും. ദഹനം വരാൻ ഇത്രയൊക്കെ നടക്കണമെന്നുണ്ടെങ്കിൽ തീറ്റ ഒന്നു കുറയ്ക്കുകയല്ലേ വേണ്ടത്? പുരയിൽ എന്താണു തിന്നിരുന്നതെന്ന് ആർക്കും അറിയില്ലെന്നാണു വിചാരം. ഇവിടെ അപ്പർ ഡിവിഷൻ കിട്ടിയിരിക്കുന്നു. എന്നുവെച്ച് വയററിൽ കാററിനും വെള്ളത്തിനും കടക്കാൻ ഇത്തിരി സ്ഥലവും വിട്ടുകൊടുക്കുകയില്ലെന്നോ?'

'രാഷ്ട്രവ്യോമത്തിൽ' എന്ന ഗാനത്തിന്റെ സ്വരം മേഹർചന്ദജിക്കു മാത്രമേ അറിയാവൂ. ഞങ്ങൾ ഏററുപാടുന്നുവെന്നു മാത്രം. ഇവിടെ ഈ ഗാനത്തിന് 'പ്രാർത്ഥന' എന്നാണു

പേരിട്ടിരിക്കുന്നത് . പ്രാർത്ഥനയ്ക്കുമുമ്പായി വിളക്കുകളുടെ തിരി താഴ്ത്തിവെയ്ക്കും. ദിവസവും ഈ ഗാനത്തിൻെറ ഒരു വരി അദ്ദേഹം മറന്നുപോകുന്നു. ആ സമയം റാന്തലിൻെറ തിരി അൽപം നീട്ടി കീശയിൽ നിന്ന് ആശ്രമ ഭജനാവലി പുറത്തേക്കെടുക്കുന്നു. എത്ര നാളായി പാടിവരുന്നു. അദ്ദേഹത്തെ മോചിപ്പിക്കുന്ന ദിവസം അടുത്തിരിക്കുന്നു. എന്നിട്ടും ആ വരി ഇന്നോളം കാണാപ്പാഠമായിട്ടില്ല. വളരെ പേർക്ക് കാണാതെ ചൊല്ലാറായി. പക്ഷേ എല്ലാവർക്കും നേരമ്പോക്കു കാണാനാണ് രസം. ഗാനത്തിൻെറ ആ വരിയിലെത്തുമ്പോഴേക്ക് റാന്തലിൻെറ തിരി നീട്ടാൻ കൈ നീളുന്നേരം അമർത്തിപ്പിടിച്ച ചിരികൊണ്ട് മുറി നിറയുന്ന കഥ മേഹർചന്ദജി അറിയാറേയില്ല. ഞാൻ അന്നൊരു ദിവസം ആ വരി ചൊല്ലിക്കൊടുക്കാൻ ഉത്സാഹിച്ചതായിരുന്നു. അത് അദ്ദേഹത്തിനത്ര പിടിച്ചില്ല എന്നു കണ്ടു. പിന്നെ അതിനു മുതിർന്നിട്ടില്ല.

ഈ ഏർപ്പാടു നന്നായി. ലോക്കപ്പിനോടൊപ്പം തന്നെ പ്രാർത്ഥനയും ഭജനവും സമാപിക്കുന്നു. മുമ്പൊക്കെ വാതിലടച്ച ശേഷമാണ് പ്രാർത്ഥന തുടങ്ങുക. എന്നാൽ സോഷ്യലിസ്റ്റു പാർട്ടിയിലെ വളരെ പേർക്ക് ഇതിഷ്ടമാകാറില്ലെന്നു കണ്ടു. ആ സെറ്റിൽപെട്ട ബ്രഹ്മദേവനും ശിവപൂജനനും ഒരു ദിവസം പ്രാർത്ഥന സമയത്ത് മത്സരിച്ച് അപസ്വരത്തിൽ മറ്റൊരു പാട്ടു പാടാനാരംഭിച്ചു. ഞങ്ങളുടെ പാട്ട് അവരെ ഇത്രയക്ക് ശുൺഠി പിടിപ്പിക്കുന്നുണ്ടെന്ന് ആദ്യം അറിഞ്ഞിരുന്നില്ല. അന്നുതൊട്ട് ഒരുവിധം പറഞ്ഞു വഴിപ്പെടുത്തി ലോക്കപ്പിനു മുമ്പായി ഗാനം സമാപിക്കുംവിധം പ്രാർത്ഥനാസമയം നേരത്തേയാക്കി. മേഹർചന്ദും സദാശിവനും എന്തായാലും വാശിക്കു വിടില്ലെന്നു വാദിച്ചു നിന്നതായിരുന്നു. അവർ തർക്കിച്ചു, “നമ്മൾ വഴങ്ങിക്കൊടുക്കുകയോ? ഇക്കൂട്ടർ രാത്രി പന്ത്രണ്ടടിക്കുംവരെ മൂക്കിനു നേരെ ബീഡി വലിച്ചു പുകവിടുന്നു, ലക്ഷ്മീകാന്തൻെറ മാർക്സ് ക്ലാസിലെ ലക്ചർ കാരണം ഞങ്ങളുടെ ഉറക്കം തകരാറാവുന്നു. ഇതിനൊക്കെ ഞങ്ങൾ വല്ലതും പറയാറുണ്ടോ? മാസ്റ്റർ സാഹബ് ! അങ്ങ് ഇതിനുമാത്രം ഞങ്ങളെ ഉപദേശിക്കരുത് . അവരെ തണുപ്പിക്കുവാൻ അത്രയ്ക്കൊന്നും ബുദ്ധിമുട്ടേണ്ടതില്ല”. ഞാൻ വളരെയേറെ ഉപദേശിച്ചു. “വാസ്തവത്തിൽ അവർക്ക് അസൗകര്യമുണ്ടെന്നു തോന്നുന്നുവെങ്കിൽ അത്തരം പണി

ചെയ്യാനെന്തിനു പോകുന്നു? അവർ എന്തു വേണമെങ്കിലും കാട്ടട്ടെ, നമ്മളെന്തിനു സ്വന്തം കർത്തവ്യത്തിൽനിന്നും പുറം തിരിയണം? അവർ ചെറുപ്പക്കാർ. നിങ്ങളുടെ ആദർശം മഹാത്മാഗാന്ധി കാണിച്ചുതന്ന മാർഗമാകുന്നു. അതെത്ര മഹത്തായതാണ് ? അതിൽനിന്നു താഴോട്ടിറങ്ങുകയോ?" ഇങ്ങനെ പലതും പറഞ്ഞപ്പോൾ ഉള്ളുകൊണ്ട് അത്ര സമ്മതമായിട്ടില്ലെങ്കിലും അവർ സമ്മതിച്ചു. അന്നുതൊട്ട് വാതിലടയ്ക്കുന്നതിനു മുമ്പു കഴിയും നമ്മുടെ പ്രാർത്ഥന. അവരൊക്കെ ഇപ്പോഴും കുട്ടികളെപ്പോലെയാണ് . സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ. അന്നൊരു ദിവസം വോളി കളിക്കുമ്പോൾ കോമറേഡ് മാധോറാം കോമറേഡ് മുരളീ മിസറിന്റെ നെഞ്ചത്തു കയറിയിരുന്ന് കഴുത്തു ഞെക്കുന്നതു കണ്ടു. ആഹാരത്തിന്റെ കാര്യത്തിൽ ഇപ്പോഴും കിച്ചൻ മാനേജരോടു വക്കാണത്തിനു ചെല്ലുന്നു. ഇന്ന് ഇയാൾ അയാളോടു ശണ്ഠ, നാളെ മറ്റൊരാളോട് ഏറ്റുമുട്ടൽ. ഇതൊക്കെ എന്നും നടക്കുന്നു. കുന്നിപോലുള്ള പിള്ളേർ! അവരുടെ ഗുണദോഷങ്ങളെപ്പറ്റി നമ്മൾ വിമർശിക്കാനോ? മൂന്ന് ദശകളേയും കടന്ന് നാലാമത്തേതിലെത്തിയിരിക്കുന്നു. ഇനിയും നമ്മുടെ മനോവൃത്തികളെ നിയന്ത്രിക്കാനായില്ല. അവരോ, വെറും കുട്ടികൾ. അവരുടെ കുറ്റങ്ങളും കുറവുകളും പരിഗണിക്കാനാണു പുറപ്പാടെങ്കിൽ നമ്മൾ ഈ വഴിക്കിറങ്ങാതിരിക്കയത്രേ ചെയ്യേണ്ടിയിരുന്നത് . ബിലുവും ആ പാർട്ടിയിലെ മെമ്പറാണ് . ആ പാർട്ടിയിലെ ഓരോ മെമ്പറും എനിക്ക് ബിലുവിനു സമം തന്നെ.

'ഇന്നു രാത്രിയെങ്കിലും ബിലുവിന്റെ അടുക്കൽ കഴിച്ചുകൂട്ടാൻ കഴിഞ്ഞിരുന്നെങ്കിൽ. വേണ്ട, ഒന്നിച്ചല്ലാത്തത് ഒരു തരത്തിൽ നന്നായി. അങ്ങനെയായിരുന്നെങ്കിൽ ഞങ്ങൾ രണ്ടുപേരും തകരുമായിരുന്നു. എന്നാലും അവസാന വിനാഴിക വരെ ഓരോന്നു പറഞ്ഞു കൊണ്ടിരിക്കാമായിരുന്നു. ഒരു പക്ഷേ തപ്പിയിട്ടു വാക്കുകൾ കിട്ടിയില്ല എന്നും വരാം. മക്കൾ എന്നോട് അനാവശ്യമായി ഒന്നുംതന്നെ സംസാരിക്കാറില്ല. എന്റെ മുമ്പിലെത്തിയാൽ ബിലുവിനു സങ്കോചം പോലെ. ഒരു പരുങ്ങൽ. പ്രസരിപ്പ് അയാൾക്ക് എന്നും കുറവായിട്ടേ കണ്ടിട്ടുള്ളു. ഒരു നാണം കുണുങ്ങി. അതെന്റെ ഉപദേശത്തിൽ വന്നിട്ടുള്ള കുറവു കൊണ്ടുണ്ടായതാണ് . ഞാൻ അ

വരെ അങ്ങനെയാണു വളർത്തിയത് . അതുകൊണ്ട് അങ്ങനെയായി. പഠിപ്പിച്ചതിലുള്ള കുറവുകൊണ്ടാണ് ബിലു ഇങ്ങനെയായതെങ്കിൽ നീലുവങ്ങനെയാകാതിരുന്നതോ? ബിലു ഇംഗ്ളീഷ് കോളേജിലല്ല പഠിച്ചത് . അതുകൊണ്ടുണ്ടായ 'ഇൻഫിരിയാരിറ്റി കോംപ്ലക്സ് ' ആയിരിക്കുമോ? നീലു കോളേജിൽ പഠിച്ചവനാണ് , അയാൾക്ക് ആ കോംപ്ലക്സ് ഇല്ല. മക്കളുടെ പുറമേയുള്ള പെരുമാറ്റമെങ്ങനെയോ? പറയാൻ പറ്റില്ല. എന്നാൽ അവർക്കും എനിക്കും തമ്മിലുള്ള വിടവിനുത്തരവാദി ഞാൻ തന്നെയാണ് . അവരെ തുറന്ന മനസ്സോടെ ഞാൻ സമീപിച്ചിട്ടില്ല. മടിയിലോ തോളിലോ ഇരുത്തി ലാളിച്ചില്ല. കുട്ടികളോട് സ്നേഹം പ്രദർശിപ്പിച്ചാൽ അവരെ അച്ചടക്കത്തോടെ നിർത്തുക സാധ്യമല്ലെന്നായിരുന്നു എൻെറ ധാരണ. അവരോടു വർത്തമാനം കുറച്ചാൽ അവർ ഭയന്ന് വേണ്ടാത്തതിനു പോവില്ല. അവരോടു വിട്ടുവീഴ്ച കാണിച്ചാൽ അവർ തലയിൽ കയറും. ഇക്കാര്യത്തിൽ ഞാൻ ഒരിക്കലും ആരു പറഞ്ഞതും കേൾക്കാറില്ല. സ്ക്കൂൾ മാസ്റ്ററായിരുന്നല്ലോ ഞാൻ. സ്വഭാവം കാരണമായിട്ടായാലും അല്ലെങ്കിൽ മറ്റെന്തുകൊണ്ടായാലും ലോകത്തെ ഓരോ പ്രശ്നത്തെയും അധ്യാപക വിദ്യാർത്ഥി ബന്ധം വെച്ചു വീക്ഷിച്ചു. അതിനാൽ തന്നെ രാഷ്ടീയത്തിലും വലിയവരെ ഗുരുക്കന്മാരായി കരുതുന്നു. ചെറിയവരെ ശിഷ്യന്മാരായി കാണുന്നു. എനിക്ക് ഒരിക്കലും കോമറേഡ് ആകാൻ സാധിച്ചില്ല. ജിതേൻ കുട്ടിയായിരുന്ന കാലത്ത് അയാൾ ഏതു നേരവും യദുവേട്ടൻെറ കൂടെത്തന്നെയായിരുന്നു. അച്ഛൻെറ തടിയൻ വടിയുമേന്തി നല്ല മേദസ്സുള്ള കുട്ടി മുമ്പേ മുമ്പേ നടക്കും — അങ്ങാടിയിലായാലും ചന്തയിലായാലും ഊണിനായാലും സദ്യക്കായാലും സർവത്ര. അന്ന് അച്ഛനോടൊപ്പം ഞങ്ങളുടെ സന്ധ്യ തോറുമുള്ള സുഹൃത് സമ്മേളനത്തിനു വന്ന് വളരെയടുത്തു പരിചയപ്പെടുകയുണ്ടായി. മറ്റുള്ളവരുടെ കുട്ടികളെ ലാളിക്കുക, അവർക്കായി ലോസെഞ്ചസ് കൊണ്ടുവന്നു കീശയിൽ ഇട്ടു കൊടുക്കുക—സ്വന്തം കുട്ടികളോടുള്ള പെരുമാറ്റത്തിൽ നിന്നുള്ള ഈ വ്യത്യാസം ബിലുവിൻെറ അമ്മയും അസംഗതമെന്നു വിചാരിച്ചിരുന്നു. ബിലുവിൻെറ അമ്മ കുറച്ചേ സംസാരിക്കാറുള്ളു. എന്നാൽ അന്നൊരിക്കൽ അവൾ തുറന്നു തന്നെ പറയുന്നതു കേട്ടു, 'സ്വന്തം മക്കളെയും ഒന്നു തിരിഞ്ഞു നോക്കിയിരുന്നെങ്കിൽ' ഒന്നു ചിരിച്ചിട്ട് അന്ന് മനസ്സിനു തോന്നിയ

ആശയക്കുഴപ്പം തുടച്ചുനീക്കി. എന്നാൽ അന്നുതൊട്ടുതന്നെ മക്കളുമായിട്ട് അടുത്ത ബന്ധം വെച്ചിരുന്നെങ്കിൽ അവരുമായി വാത്സല്യബന്ധം സാധ്യമാകുമായിരുന്നു. പേടിയുടേയും ഒളിക്കലിൻെറയും ബന്ധമല്ല. അമ്മയിൽനിന്നു മാത്രമാണ് നീലുവിനും ബിലുവിനും ലാളനയും വാത്സല്യവും ലഭ്യമായത് . ഒന്നിച്ചു ഭക്ഷണം, ഇരിപ്പ് , മനോഗതങ്ങൾ കൈ മാറൽ — കുട്ടിക്കാലം തൊട്ട് ഇന്നോളം എല്ലാം തന്നെ അതേപടി തുടരുന്നു. മക്കളെപ്പറ്റിയോർക്കുമ്പോൾ ആദ്യം നീലുവിനെയാണോർക്കുന്നത് . അതിനു ശേഷമേ ബിലുവിനെ ഓർക്കാറുള്ളു. ബിലുവാണ് മൂത്തവൻ, പക്ഷേ ബിലുവിൻെറ പേർ ആദ്യമല്ല ഓർക്കുക. കാർത്തികനെയും ഗണേശനെയും പോലെ. എന്തു പണിയും തുടങ്ങുംമുമ്പ് ഗണേശൻെറ പേർ. ആദ്യം ഗണേശനെ പറഞ്ഞിട്ടു പിന്നെ കാർത്തികനെ (കാർത്തികേയൻ) പറയുകയാണെങ്കിൽ കാർത്തിക — ഗണേശന്മാർ എന്നു വേണം പറയുക. ഒറ്റശ്വാസത്തിൽ രണ്ടുപേരും പറയുക പ്രയാസം.

സദാശിവൻ എൻെറ കൊതുകുവല നിവർത്തിയിടാൻ വന്നിരിക്കുന്നു. ഞാൻ ജപിക്കാനാരിക്കാൻ പോകയാണെന്നു വിചാരിച്ചു കാണും. നശിച്ച കൊതുകുകൾ കാരണം കൊതുകുവല കൂടാതെ ജപത്തിനിരിക്കാൻ കഴിയുകയില്ല. അവറ്റ വന്നു കടിച്ചാൽ മനസ്സിനേകാഗ്രത തെറ്റും. രാത്രി ഉറങ്ങാൻ കൊതുകുവല കെട്ടാറില്ല. ഈ ദേഹംകൊണ്ട് ആകാവുന്നത്ര സഹിക്കണം. കൊതുകുകടി സഹിക്കുവാൻ വേണ്ടത്ര സഹിഷ്ണുത ഇല്ലെന്നു വരികിൽ, ഇത്രപോലും കൃച്ഛ്രസാധനയ്ക്കുവേണ്ട ധൈര്യമില്ലെങ്കിൽ, വലിയ കാര്യങ്ങൾ വല്ലതും ചെയ്യാൻ നമ്മെക്കൊണ്ടാവുമോ? കൊതുകുവലയില്ലാത്തതുകൊണ്ട് ബിലു എത്രയേറെ ബുദ്ധിമുട്ടുന്നുണ്ടാവും! ഞാൻ ആംഗ്യത്താൽ വല കെട്ടേണ്ടെന്ന് അയാളോടു പറഞ്ഞു. ഇന്ന് തിങ്കളാഴ്ചയാണ് . എനിക്കു മൗനവ്രതമാണ് . മഹാത്മജി ആത്മശുദ്ധിക്കായി മൗനവ്രതമാചരിക്കുന്നു. അദ്ദേഹം നല്ലതെന്നു വിചാരിക്കുന്നത് നമുക്കും ചെയ്യാതിരിക്കാൻ പറ്റുമോ? തിങ്കളാഴ്ച സന്ധ്യയ്ക്കു മുമ്പായി പൂജ കഴിഞ്ഞിട്ട് ഉപവാസവ്രതം അവസാനിപ്പിക്കുന്നു. ഊണു കഴിഞ്ഞ് സംസാരിക്കാൻ തുടങ്ങുന്നു. ഇതു കണ്ടിട്ട് സദാശിവ് എൻെറ പൂജയ്ക്കു വേണ്ടത് ഒരുക്കാൻ വന്നിരിക്കയാണ് . നല്ല

വനാണ്, സദാ—ശിവൻ തന്നെ. ഏതാനും കൊല്ലം മുമ്പ് അയാൾ വസ്ത്രസ്വാവലംബത്തിന്റെ പ്രതിജ്ഞാപത്രത്തിൽ ഒപ്പിട്ടവനാണ് . അന്നുതൊട്ട് ആയിരം ഗജം നൂൽ അയാൾ ഒറ്റ ദിവസത്തിൽ നൂൽക്കുന്നു.

അപ്പർ ഡിവിഷൻ വാർഡ് . വളരെ വലിയ ഹാൾ. ഇപ്പോൾ മുപ്പത്തിനാലു തടവുകാരുണ്ട് . പത്തൊൻപതു കരുതൽ തടവുകാർ. ബാക്കി രാഷ്ട്രീയത്തടവുകാർ. ഇവരിൽ ചിലരെ ശിക്ഷിച്ചു കഴിഞ്ഞു. ചിലരുടെ കേസുകൾ വിചാരണാധീനം. എന്റെ സീറ്റ് നടുവിലുള്ള വാതിലിന്നരികിൽ. മുറിയുടെ നടുക്കു കൂടിയാണ് വരാനുംപോകാനുമുള്ള വഴി വിട്ടിരിക്കുന്നത് . ഇരുവശവും ചുവരോടു ചേർന്ന് നിരനിരയായി കട്ടിലുകൾ. അവയിൽ കൊതുകുവല കെട്ടിയിട്ടുണ്ട് . ഓരോ കട്ടിലിന്നരികിലും മേശകൾ, ഓരോ കസേര, പുസ്തകങ്ങൾ വെയ്ക്കുവാൻ ഷെൽഫ് . മിക്ക കട്ടിലുകളുടെയും താഴെ കമ്പിളി വിരിച്ചിരിക്കുന്നു. മേശകളിൽ ടേബിൾ ക്ലോത്തുകൾ. അതിൽ കണ്ണാടി, ചീപ്പ് മറ്റു പലതും. ഇരുമ്പഴി വാതിലുകൾ, പൂട്ടും താക്കോലും, പിന്നെ വാർഡർ. ഇയാൾ കണ്ണിൽപെടാതിരുന്നാൽ ഇത് ജയിലാണെന്നു തോന്നുകയില്ല. വിദ്യാർത്ഥികളുടെ ഹോസ്റ്റലാണെന്നു തോന്നും. കഴിഞ്ഞ ആഗസ്റ്റിൽ ഹരിഹർജിയേയും അയാളുടെ 'ബിണ്ണക്കൻ' അച്ഛനേയും വിചാരണാധീനരായ തടവുകാരെന്ന നിലയ്ക്ക് ഇവിടേക്കു കൊണ്ടുവരികയുണ്ടായി. അന്നു ഹരിഹർ വിചാരിച്ചത് തന്നെ ധർമശാലയിൽ കൊണ്ടുവന്ന് വിട്ടിരിക്കുന്നുവെന്നാണത്രേ. ഇനി ഇവിടന്ന് ജയിലിലേക്കു കൊണ്ടുപോകും. വൃദ്ധൻ ഒരിക്കൽ മകനോടു ചോദിക്കയും ചെയ്തു. ഇനി എന്നാണ് ജയിലിലേക്കു കൊണ്ടുപോവുക മോനേ? കുറേ നാൾ കഴിഞ്ഞപ്പോൾ പോലീസുകാർ അദ്ദേഹത്തെ വിട്ടു. 1921—22 ൽ എന്നെ പാർപ്പിച്ച ജയിലും ഇതും തമ്മിൽ വലിയ അന്തരമുണ്ട് . അന്ന് ഞാൻ സാധാരണ തടവുകാരനായിരുന്നു. ഓരോ തടവുകാരനും പണി നിർബന്ധം. എന്തെല്ലാം കുഴപ്പങ്ങളാണെന്നോ! എവിടേക്കെങ്കിലും പോവുകയാണെങ്കിൽ പെട്ടെന്നു മേറ്റിന്റെ കർക്കശ സ്വരം കേൾക്കാം, ഈ രണ്ടുപേർ ഫയൽ പാലിച്ചു കൊണ്ടു നടക്കുവിൻ! കക്കൂസിൽ പോകുമ്പോൾ ക്യൂ നിന്നു വേണം പോകാൻ. എല്ലാവരുടെ കൈയിലും ഇരുമ്പു പാത്രം. തീനും കുടിയും

എല്ലാം ആ പാത്രത്തിൽത്തന്നെ. തൊട്ടതിനൊക്കെ ബാർ ഫെട്ടേഴ്സ് , കൂച്ചു വിലങ്ങ് , സയിക് ക്ലാത്ത് തുടങ്ങിയ ശിക്ഷാ നടപടികൾ. അതുമായി ഇന്നത്തെ നില താരതമ്യപ്പെടുത്താവുന്നതാണോ? സഞ്ചാരത്തിനും, ആഹാരാദികൾക്കും താമസസൗകര്യങ്ങൾക്കും അതുപോലുള്ള മറ്റു സാധാരണ അധികാരങ്ങൾക്കുംവേണ്ടി എത്രയെത്ര ത്യാഗങ്ങൾ വേണ്ടി വന്നു. മറക്കപ്പെട്ട എത്രയെത്ര രക്തസാക്ഷികളുടെ ആത്മ ബലി കൊണ്ടു നേടിയ സൗകര്യങ്ങൾ! പക്ഷേ ഇവരുടെ മനോഗതിയാണ് അത്ഭുതം. എനിക്ക് അപ്പർ ഡിവിഷൻ തന്നു. എന്റെ ഭാര്യക്കും അപ്പർ ഡിവിഷൻ. മക്കൾക്കു ഡിവിഷൻ ത്രീ.

ചർക്കയെടുത്തിരിക്കുകതന്നെ. മനസ്സിന്റെ അസ്വാസ്ഥ്യം ശമിപ്പിക്കുവാൻ ചർക്കപോലെ മറ്റൊന്നില്ല. കുറച്ചു നേരം ഏകാഗ്രതയോടെ ചർക്ക തിരിക്കുന്നതായാൽ സ്നായുവിന്റെ ഉത്തേജനം ശാന്തമാകുന്നതായിട്ടാണ് അനുഭവം. ഡോക്ടർമാർ ചിരിച്ചോട്ടെ, സോഷ്യലിസ്റ്റുകൾ വിശ്വസിക്കാതിരുന്നോട്ടെ, എനിക്കു നേരിട്ടനുഭവപ്പെട്ടിട്ടുള്ളതാണിത് . ചർക്ക തിരിക്കാനിരുന്നു. സദാശിവ് എന്തോ പറയാൻ വിചാരിക്കയാണ് . ഇല്ലെങ്കിൽ എന്തിനാണിങ്ങനെ നിന്നു കളഞ്ഞത് ? എന്താണു വേണ്ടതെന്ന് കണ്ണുകൊണ്ടു ചോദിച്ചു. അയാൾ വിക്കി വിക്കി പറഞ്ഞു, 'ഞങ്ങളിൽ പലരും സൂത്രയജ്ഞത്തിനു ഭാവിക്കയാണ് . അതുകൊണ്ട് ഇവിടേക്ക് അസൗകര്യമൊന്നും ഇല്ലല്ലോ?' കണ്ണുകൊണ്ടു തന്നെ ആയിക്കോളാൻ അനുവദിച്ചു. ഇന്നത്തെ ഈ ചെറുപ്പക്കാരിൽ ഇത്രയെങ്കിലുമുണ്ടല്ലോ ഫോർമാലിറ്റി! അത്ഭുതം തന്നെ. ഒന്നിച്ചിരുന്നു ചർക്ക തിരിക്കുക, ഇത് സന്തോഷാവഹമായ കാര്യമാണ് . നിങ്ങൾക്ക് ഇങ്ങനെ സുബുദ്ധിയുണ്ടായാൽ ഞങ്ങൾ രക്ഷപ്പെട്ടു. ഇതിൽ എന്റെ അഭിപ്രായമറിയാനെന്തിരിക്കുന്നു? ഇതുതന്നെയാണ് എന്റെയും ആഗ്രഹം. നിങ്ങളെയായിരുന്നു ഭയം. നിങ്ങളെ തങ്ങളുടെ ഗ്രൂപ്പിൽ ചേർക്കുവാൻ സോഷ്യലിസ്റ്റുകാർ സദാ ലാക്കു നോക്കിയിരിക്കുന്നു. നിങ്ങളെ എങ്ങനെ വിശ്വസിക്കുവാൻ തോന്നും? സന്ധ്യക്കെന്നപോലെ രാവിലെയും വേണം പ്രാർത്ഥന എന്ന പ്രസ്താവന കൊണ്ടു വന്നതു കാരണം അന്ന് ഇക്കൂട്ടരുടെ മുമ്പിൽ എങ്ങനെ ഇളിഭ്യനാകേണ്ടിവന്നു! പിന്നിൽനിന്നുകൊണ്ട് മെഹർ ചന്ദു

കൂടി ഇങ്ങനെ പറയുന്നതു കേട്ടു, 'പത്തണയുടെ ഭക്ഷണ ച്ചെലവ് —അതുകൊണ്ടു രണ്ടു നേരവും പ്രാർത്ഥന നടത്താൻ ശേഷി പോരാ. റേഷൻ ഇരട്ടിയാക്കട്ടെ, എന്നിട്ടാകാം രണ്ടു നേരവും സാമൂഹിക പ്രാർത്ഥന. സാധനങ്ങൾക്കു വിലകൂടി യിരിക്കുന്നു. അതുകൊണ്ട് വേഗംതന്നെ ഭക്ഷണച്ചെലവ് പന്ത്രണ്ടണയാവുമെന്നു കേട്ടു. കൂട്ടിക്കിട്ടിയാൽ ആഴ്ചയിൽ ഒരു ദിവസം പ്രഭാത പ്രാർത്ഥന വേണ മെങ്കിലാകാം.' പറഞ്ഞിട്ട് ഹീ ഹീ എന്നുചിരിച്ചു. സാറേ! പ്രാർത്ഥിക്കേണ്ടെങ്കിൽ വേണ്ട, പക്ഷേ പ്രാർത്ഥനയെ കളി യാക്കുന്നതിൽ നാണം ലേശവുമില്ലല്ലോ. നിങ്ങൾ ഗാന്ധിജി യുടെ ശിഷ്യരാണ് , സത്യാഗ്രഹികളാണ് , നാസ്തികരല്ല. നി ങ്ങളും പ്രാർത്ഥനയെ ഇങ്ങനെ പരിഹസിക്കുന്നുവെങ്കിൽ സോഷ്യലിസ്റ്റുകളെ എങ്ങനെ കുറ്റപ്പെടുത്തും?

സദാശിവനും മെഹർ ചന്ദും വരിവരിയായി കമ്പിളികൾ വിരിച്ചു. എൻെറ സീറ്റ് വാർഡിന്ന് നടുവിൽ തന്നെ. ഹാളി ലേക്കു കടന്നാൽ ഉടൻ വലതുഭാഗത്ത് മഹാത്മജിയുടെ ഭക്തഗണങ്ങൾ താമസിക്കുന്നു, അതായത് കോൺഗ്രസ്സി ൻെറ ഭൂരിപക്ഷ ഗ്രൂപ്പ് . അവരെ കൂടാതെ അവിടെ ഒരു കമ്യൂണിസ്റ്റുണ്ട് , ഒരു കിസാൻ സഭക്കാരനുണ്ട് . ഇവരെ രണ്ടുപേരെയും ഗവർമെൻറ് എന്തിനാണു തടഞ്ഞുവെച്ചിരി ക്കുന്നതെന്ന് ഇവർക്കുതന്നെ അറിയില്ല. ഇവർ ഹൃദയപൂർവ്വം യുദ്ധത്തിൽ ഗവർമെൻറിനെ സഹായിക്കാനാഗ്രഹിക്കുന്നു. മുറിയുടെ വലതുവശത്ത് സോഷ്യലിസ്റ്റുകളും ഫോർവേഡ് ബ്ലോക്കുകാരും. നടുവിൽ ഞാൻ. ബഫർ സീറ്റുകളുടെ ഈ വ്യവസ്ഥ ജയിലിൻെറ വകയല്ല. അവരവരുടെ സൗകര്യമ നുസരിച്ച് വളരെ നാളത്തെ തിരിമറികളുടെ ഫലമായി അ ങ്ങനെ വന്നുഭവിച്ചതാണ് . എൻെറ ഇരിപ്പിടത്തിനരികിൽത്ത ന്നെ വാർഡിൽ പ്രവേശിക്കുന്നതിനുള്ള വാതിൽ. വാതിലിന്ന രികിൽ കുറച്ചിടം ഒഴിഞ്ഞു കിടക്കുന്നു. ഇത് നടവഴിയിലാ ണുള്ളത് . എന്നിട്ടും അതിനു നേരെ മുകളിൽ പ്രാവുകൾ കൂടുകൂട്ടിയിരിക്കുന്നു. അതുകൊണ്ടവിടെ ആരുമില്ല. അവിടെ കമ്പിളി വിരിച്ച് എല്ലാവരും ചർക്ക മുമ്പിൽവെച്ച് ഇരുന്നു. രാമചന്ദ്രൻ, കിശൻദേവ് , ഹരിഹർ, രാംദേനി, സദാശിവ് , രാംശരൺ, ഭൂഷൺപ്രസാദ് , രാംലോചൻ, മെഹർചന്ദ് , മിക്ക പേരുകളോടും രാം എന്ന വാക്കു ചേർന്നിരിക്കുന്നു. രാംദേനി

യൊഴികെ മറ്റെല്ലാവരുടെയും മുമ്പിൽ യർവാദാ ചക്രമാണു ള്ളത് . രാംദേനി ചർക്ക തിരിക്കാൻ പഠിച്ചതു ജയിലിൽ വന്ന തിൽപ്പിന്നെയായിരുന്നു. റെമിഷൻ കൊതിച്ച് , സ്റ്റേഷനാ ക്രമണം, കച്ചേരി കൊള്ളിവെപ്പ് എന്നീ അപരാധങ്ങൾക്ക് പന്ത്രണ്ടു കൊല്ലത്തെ ജയിൽ ശിക്ഷ അനുഭവിക്കുന്നു. ജയി ലിൽ ചർക്കയിൽ നൂൽനൂൽക്കുന്ന പണിയാണ് അയാൾക്കു കിട്ടിയിരിക്കുന്നത് . അതിനാൽ അയാൾക്കു മുന്നിൽ ജയിലിൽ നിന്നു കിട്ടിയ കൂറ്റൻ ബിഹാറിച്ചർക്കയിരിക്കുന്നു. അത് രണ്ടു പേർക്കുള്ള സ്ഥലം മുടക്കുന്നു. താൻ ജയിലിലെ ജോലി ചെ യ്യാൻ തയ്യാറാണെന്ന് രാംദേനി ആദ്യം സൂപ്രണ്ടിനോടു പറ ഞ്ഞപ്പോൾ എല്ലാവരും അയാളെ ബോയിക്കോട്ട് ചെയ്യാനാ ലോചിച്ചു. രാഷ്ട്രീയത്തടവുകാരൻ പണിയെടുക്കുകയോ? കുറെ നാളായിട്ട് വീണ്ടും എല്ലാവരും അയാളോടു സംസാരി ക്കാൻ തുടങ്ങി. അവർ ചർക്കയുമായി നിരന്നിരുന്നപ്പോൾ ഇട തു വശത്തുള്ള ഒരു സീറ്റിൽനിന്ന് ആരോ വായ്കൊണ്ട് ചർ ക്കയുടെ ശബ്ദമുണ്ടാക്കി. രണ്ടു മൂന്നു പേർ ചിരിച്ചു. അത് സുഖലാലല്ലാതെ മറ്റാരാകാനാണ് ? അല്ലല്ല, സുഖലാലല്ല; കോമ റേഡ് സുഖലാൽ! വേറൊരു പിണ്ണാക്കും ഓർമ്മ വരുന്നില്ല. ചെക്കന് ശബ്ദമനുകരിക്കുവാനും കാരിക്കേച്ചറിനും നല്ല സമർത്ഥ്യം.

രണ്ടു റാന്തലിൻെറ വെളിച്ചം മതിയാകുമോ ഇത്രയും പേർക്ക് ചർക്ക തിരിച്ചു നൂലെടുക്കുവാൻ? പക്ഷേ എണ്ണ എവിടുന്നു കിട്ടും? യുദ്ധം കാരണം ഉള്ള എണ്ണ തന്നെ കുറ ഞ്ഞിരിക്കുന്നു. ഓരോരുത്തനും കാൽ സേർ വീതം. ഇതു കാരണം പലരും കൂടി ഒരു റാന്തൽ കത്തിക്കുന്നു. വാർഡിനു വെളിയിൽ വൈദ്യുതി വിളക്കു കത്തുന്നു. വാർഡിനകത്തും കുറച്ചു ബൾബുകൾ ഉണ്ടായാൽ എന്താണാവോ ഒരു തരക്കേട് . ഗവർമെൻറ് എതുവഴിക്കൊക്കെയാണു ചിന്തി ക്കുന്നത് , ആരറിഞ്ഞു? വൈദ്യുതി വിളക്കുണ്ടായാൽ തടവു കാർക്ക് ആത്മഹത്യ എളുപ്പമാണെന്നോ മറ്റോ ആകണം ധാ രണ, ആത്മഹത്യക്കുള്ള പ്രേരണ അപ്പോഴേ ലഭിക്കുകയു ള്ളുവെന്ന് . അതുകൊണ്ടാണ് ജയിലിലെ കിണറുകളെല്ലാം നല്ല ഉറപ്പായ തടികൾകൊണ്ടു മൂടിക്കളഞ്ഞത് . എപ്പോൾ ഏതു തടവുകാരൻ കിണറ്റിൽ ചാടി ചത്തു എന്നതിന് എത്ര യെങ്കിലും ഉദാഹരണങ്ങൾ ഉണ്ട് . ഇതാ അന്നു കഴിഞ്ഞൊരു

കാര്യം— പലർക്കും വേസിലറി ഡിസൻട്രി പിടിച്ചപ്പോൾ ഞാൻ ഡോക്ടറോടു പറഞ്ഞു. 'വാർഡിൽ ഒരു കുപ്പി ഇലക്ട്രോ ലിറ്റിക് ക്ലോറിൻ അനുവദിച്ചാൽ നന്നായിരുന്നു. കുടിനീരിൽ എല്ലാവർക്കും അതു കലർത്താമല്ലോ. ഞാൻ അതിനു വേണ്ട ഒത്താശ ചെയ്യാം.' ഡോക്ടർ അദ്ദേഹം കൈകൂപ്പി പറഞ്ഞു, 'ക്ഷമിക്കണം, സർ, എന്നോട് അതുമാത്രം പറയരുത്. പെൻഷനാകാൻ മൂന്നുകൊല്ലം മാത്രമേ ബാക്കിയുള്ളു. ഇതിനിടെ രണ്ടു തവണ ഡിപ്പാർട്ടുമെൻറൽ ആക്ഷൻ എടുത്തു കഴിഞ്ഞിരിക്കുന്നു എൻെറ പേരിൽ. ഒരിക്കൽ ഒരു വിദ്വാൻ മാലിഷ് ചെയ്യാനുള്ള മരുന്നിൻെറ ഒരു കുപ്പി മുഴുവൻ കുടിച്ചു കളഞ്ഞു. മറ്റൊരുവൻ ഫിനായിൽ തട്ടി. എന്നോട് വിശദീകരണം ആവശ്യപ്പെട്ടു,— 'ഒരു തടവുകാരന് ഇത്രയേറെ ഫിനായിൽ എവിടുന്നു കിട്ടുന്നു? തടവുപുള്ളിയായ സ്വീപ്പർക്ക് വേണമെന്നുണ്ടെങ്കിൽ ഒരു തടവുകാരന് ഒരു കുപ്പി ഫിനായിൽ കൊടുക്കാൻ പറ്റില്ലെന്നു തോന്നും ഇതു കേട്ടാൽ.'

ഇത്രയേറെ ചർക്കകളുടെ ഒന്നിച്ചുള്ള ശബ്ദം കേൾക്കാൻ നല്ല രസമുണ്ട്. വളരെ ഉയരത്തിൽനിന്ന് വിമാനത്തിൻെറ ശബ്ദം കേൾക്കുന്നതുപോലെ. സ്വർണം വിളയുന്ന ഭാരതം വാർത്തെടുക്കുന്നതിനുള്ള മാർഗത്തിൽ ഞാൻ ഒറ്റയ്ക്കുള്ള പഥികനല്ല എന്ന കാര്യം ഓർമിപ്പിക്കുന്നു. ഇതു വെറും ഏതാനും ഗജം, ഏതാനും മുഴം നൂൽനൂൽക്കുക മാത്രമല്ല. ഇപ്പോൾ ചർക്കയിൽ പ്രാണപ്രതിഷ്ഠ തന്നെ സംഭവിച്ചിരിക്കുന്നു. ഇത് രാമരാജ്യം തിരിച്ചുകൊണ്ടു വരുന്നതിനുള്ള ഒരേ ഒരു അസ്ത്രമാകുന്നു. രാമരാജ്യം പ്രേമരാജ്യമായിരിക്കും, ചൈതന്യത്തിൻേറതായ രാജ്യം. ജനങ്ങൾ ഈർഷ്യയും ദ്വേഷവും മറക്കും. അധ്വാനിക്കുക, സുഖമായി തിന്നുക, കുടിക്കുക, പുലരുക—ആർക്കുമില്ല ഒന്നിൻെറയും കുറവ്. എല്ലാവരുടെയും തൊഴുത്തിൽ പശു, പത്തായത്തിൽ ധാന്യം, എത്ര ഗജം നൂൽനൂൽക്കുന്നുവോ അത്രയ്ക്ക് സ്വരാജ്യത്തിൻെറ സമീപത്തേക്കെത്തും. ഒരുവൻ അന്യനെ സഹായിക്കുന്നു. ധനികൻ ദരിദ്രന് തൻെറ സ്വത്തുവാരിക്കോരികൊടുക്കുന്നു. തങ്ങളുടെ ആവശ്യങ്ങൾക്കായി ഗ്രാമം പുറംദിക്കുകളിലേക്ക് ഉറ്റു നോക്കുന്നില്ല. പാവങ്ങളെ ചൂഷണം ചെയ്യുന്നതിനുള്ള എല്ലാ മാർഗങ്ങളും അടയുന്നു. ആരുടെയും മുഖം നോക്കേ

ണ്ടതില്ലെങ്കിൽ പിന്നെ ചൂഷണം എങ്ങനെ നടക്കും? ഞങ്ങൾ ചിന്തിക്കുന്നപോലെ തന്നെ വളരെപേർ ചിന്തിക്കുന്നുണ്ടെന്ന് 'സൂത്രയജ്ഞം' ഓർമിപ്പിക്കുന്നു. ഞങ്ങളുടെ രാഷ്ട്രീയ പാർട്ടി വിട്ടിട്ടു പോകയാണ് ആളുകൾ കൂട്ടംകൂട്ടമായി. വല്ലതും മനസ്സിലാക്കിയിട്ടായാലും അല്ലെങ്കിലും അതിൽ വിശ്വസിച്ചാലും ഇല്ലെങ്കിലും സോഷ്യലിസ്റ്റാകുന്നത് ഒരു ഫാഷനായിത്തീർന്നിരിക്കുന്നു. നീലുവിനെയും ബിലുവിനെയും തന്നെ എടുക്കൂ. ഇവിടെ 1930—32ൽ എത്രയെത്ര നൂൽനൂറ്റു, എന്തെല്ലാം കാര്യങ്ങൾ! ഇത്ര ഉയർന്ന ആദർശങ്ങളോടുകൂടിയ പാർട്ടി വിട്ടു പോകുമെന്നു ചിന്തിക്കാൻ പോലും കഴിഞ്ഞില്ല. അന്തരത്തിലാണ് അവരെ വളർത്തിയെടുത്തിരുന്നത് . ഇപ്പോഴും എന്റെ അഭിപ്രായക്കാരായിട്ടുള്ളവർ എന്നെ വിട്ടിട്ടു പോകയാണെങ്കിൽ എനിക്ക് എന്റെ അഭിപ്രായത്തിൽ അവിശ്വാസം തോന്നുകയില്ലേ? സ്വന്തം നാടിന്റേതായ വേദം, പുരാണം, ഋഷികൾ, മുനികൾ, ചരിത്രം എല്ലാംപോയി. എല്ലാവരുടെയും നോട്ടം റഷ്യയിലേക്ക് . എന്തോ, റഷ്യ സ്വന്തം രാഷ്ട്രത്തേക്കാൾ ഉപരിയാണോ? ലോകചരിത്രം ഞങ്ങളും പഠിച്ചിട്ടുണ്ട് . മാജിനി, ഗാരിബാൾഡി, വാഷിങ്ടൺ, കോസുത് എന്നിവരുടെ അനശ്വര കഥകൾ നമ്മിലും രോമാഞ്ചമുളവാക്കുന്നു. അവരുടെ കീർത്തിയിൽ നിന്നുണ്ടായ പ്രചോദനമാണ് വിദ്യാർത്ഥി ജീവിതത്തിൽ എന്നെ അനുപ്രാണിതനാക്കിയത് . എന്നാൽ അതുകൊണ്ടെന്ത് ? ശിവാജിയുടെ അഭിമാനാവഹങ്ങളായ കഥകൾ നാം മറക്കുകയോ? വിവേകാനന്ദന്റെ വാണി വിട്ട് നാം മാർക്സിന്റെ വചനങ്ങളിൽ കുടുങ്ങുകയോ? സ്റ്റാലിനെ മഹാത്മജിയെക്കാൾ മഹാനായിക്കരുതാൻ വയ്യ എനിക്ക് . വിദേശികളായ മനീഷികളുടെ കൃതികൾ വായിക്കണോ? വായിച്ചോളൂ. ഞങ്ങളും ബേൻഥം, സ്പെൻസർ, മിൽ തുടങ്ങിയവരെ വായിച്ചിട്ടില്ലേ? എന്നുവെച്ച് ഇന്ത്യയിലുള്ളവരെ മറക്കണമെന്നോ? ബിലു ആദ്യം കോൺഗ്രസ്സ് സോഷ്യലിസ്റ്റു പാർട്ടിയിൽ ചേർന്നപ്പോൾത്തന്നെ നേർവഴിക്കു കൊണ്ടുവരാൻ ശ്രമിച്ചിരുന്നെങ്കിൽ ഇന്ന് ഈ നില വരികയില്ലായിരുന്നു. ബിലുവിനെ പിടിച്ചു നിർത്താൻ കഴിഞ്ഞിരുന്നെങ്കിൽ നീലുവും പിടിവിട്ടു പോകയില്ലായിരുന്നു. ചെവി പിടിച്ചു വലിച്ചാൽ തല പോരുന്നു. ജ്യേഷ്ഠൻ ചെയ്യുന്നതിനെ അനുജൻ അനുസരിക്കുന്നു. അതു നന്നായാലും കൊള്ളാം ചീത്തയായാലും കൊള്ളാം. മനസ്സിലാകട്ടെ, ആകാതിരിക്കട്ടെ.

എന്നാൽ ബലാൽക്കാരമായി ആരെയെങ്കിലും ഏതെങ്കിലും സിദ്ധാന്തത്തിൽ പിടിച്ചുനിർത്താൻ കഴിയുമോ? വിശേഷിച്ചും തീരെ ബുദ്ധിഹീനരല്ലാത്തവരെ? ബിലു പ്രായപൂർത്തി വന്ന വനാണ് ? അയാളെ ശാസിക്കയോ? ഇല്ല, എൻെറ അഭിപ്രാ യത്തോടു യോജിക്കുന്നില്ല. എന്നുവെച്ച് ? അയാളുടെ വ്യക്തി ത്വത്തെ അത്രപോലും മാനിക്കാൻ കഴിയുന്നില്ലെങ്കിൽ ഞ ങ്ങളുടെ മാർഗത്തിൻെറ സംയമവും സഹനശീലതയും എ വിടെയെത്തും? അവർ വിവരമില്ലാത്തവരല്ല. എനിക്ക് അ വരെ പറഞ്ഞു ധരിപ്പിക്കാവുന്ന കാര്യങ്ങൾ അവർക്കുതന്നെ സ്വയം പര്യാലോചിച്ചു നോക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ലേ? അവർ എൻെറ സിദ്ധാന്തങ്ങളുടേതായ അന്തരീക്ഷത്തിൽ മുമ്പ് ആശ്രമത്തിൽ ഉണ്ടായിരുന്നവരാണ് . അവർക്ക് ഈ വിഷയത്തെപ്പറ്റി സൂക്ഷ്മമായ ഭേദാഭേദജ്ഞാനവുമുണ്ട് . ഈ വിഷയങ്ങളെപ്പറ്റിയുള്ള ചർച്ചകൾ എത്രയോ തവണ എത്രയോ സ്ഥലങ്ങളിൽ വെച്ച് കേട്ടു കഴിഞ്ഞിരിക്കുന്നു. ബിലുവാകട്ടെ മൂന്നു മാസം സബർമതി ആശ്രമത്തിലും കഴിച്ചു കൂട്ടിയിടുണ്ട് . മഹാത്മജിയുടെ പദധൂളി അണിയാനുള്ള ഭാഗ്യം ബിലുവിനും നീലുവിനും കിട്ടി. പൂർണിയ ആശ്രമത്തിൽ വെച്ച് മഹാത്മജിയോടൊപ്പംനിന്ന് ഫോട്ടോ എടുപ്പിച്ചിട്ടുണ്ട് . അൽപ ദിവസത്തേക്കാണെങ്കിലും മഹാത്മജിയുടെ സമ്പർക്കം ഉണ്ടായതുകൊണ്ട് അദ്ദേഹത്തിൻെറ സ്വാധീനത്തിൽ വന്നി ട്ടുള്ളവരോട് വല്ലതും പറയുന്നത് എൻെറ ധൃഷ്ടതയായി രിക്കും. ഞാൻ ഗവൺമെൻറു സ്കൂളിലെ ഹെഡ്മാസ്റ്റർസ്ഥാ നം രാജിവെച്ചുപോന്ന സമയം ആരെങ്കിലും ഉപദേശിച്ചത് അനുസരിക്കുകയുണ്ടായോ? സകലരുമെന്നപോലെ വിരോ ധം പറഞ്ഞു. ഡി.പി.ഐ. എൻെറ രാജിക്കത്തു പിടിച്ചു വെച്ച് എന്നെ വിളിപ്പിച്ചു, രാജി പിൻവലിപ്പിക്കുന്നതിന് . പാട്നയിൽ സായ്പിൻെറ ബംഗ്ലാവിൽ ചെന്നു. സായ്പിൻെറ അറ്റൻറർപോലും എൻെറ രാജി വാർത്ത അറിഞ്ഞിരിക്കുന്ന തായി കണ്ടു. മറ്റു ദിവസങ്ങളിൽ സായ്പിനെ കാണാൻ ചെന്നാൽ വിസിറ്റിംഗ് കാർഡ് കൊണ്ടുപോയി സായ്പിന്നു കൊടുക്കുന്നതിന് അറ്റൻററെ മുഖസ്തുതി പറയേണ്ടിവന്നി രുന്നു. ബഖ്ശിൽ കൊടുക്കേണ്ടിവന്നിരുന്നു. ഓർഡർലി കണ്ടഭാവം നടിച്ചിരുന്നില്ല. ഇത്തവണ ചെന്നപ്പോൾ അയാൾ തല കുനിച്ച് , കാൽ തൊട്ട് തലയിൽവെച്ചു; “മാസ്റ്റർ സർ അവിടുന്ന് സ്വരാജിൽ ചേർന്നെന്നു കേട്ടു.” എന്നെ പ്രണമി

ച്ചിട്ട് എനിക്കുവേണ്ടി എന്തോ ചെയ്യാനുണ്ടെന്നറിഞ്ഞ് കൃതജ്ഞത കൊണ്ടു ഗദ്ഗദകണ്ഠനായി പറഞ്ഞു. 'സ്വരാജിയായി നിങ്ങളുടെയൊക്കെ സേവനം ചെയ്യണമെന്നാണ് എന്റെ മനസ്സിലെ മോഹം. മോൻ അടുത്ത കൊല്ലം മിഡിൽ പരീക്ഷക്കിരിക്കും. പിന്നെ സായ്പിനോടു പറഞ്ഞ് ഞാൻ ഒരു ജോലി കൊടുപ്പിക്കും. എന്നിട്ടുവേണം എനിക്ക് സ്വരാജിൽ ചേരാൻ.' ഞാൻ ഡി.പി.ഐയുടെ കണ്ണിൽ നല്ല പിള്ളയായിരുന്നു. ബി. ടി. ക്കു പഠിക്കുന്ന സമയം ഞങ്ങളുടെ പ്രിൻസിപ്പാളായിരുന്നു. സായ്പ് എന്നെ കൈപിടിച്ചിരുത്തി. ഗുരുശിഷ്യസ്വരത്തിൽ തന്നെയായിരുന്നു സംഭാഷണം. മേലധികാരിയും കീഴ്ജീവനക്കാരനും തമ്മിൽ വേണ്ട വിധത്തിലല്ല സംസാരിച്ചത് . പോരുന്ന സമയം കൂടി സായ്പ് പറഞ്ഞു, 'തെറ്റാണീ ചെയ്യുന്നത് . ഒന്നുകൂടി ആലോചിച്ചു നോക്കൂ.' ഞാൻ പറഞ്ഞു, 'ഇതുവരെ ചെയ്തതു തെറ്റായിരുന്നു. ഇനിയിതു തുടരാൻ ഭാവമില്ല.' അയൽക്കാരൻ മിത്തിർ ബാബു കാളീഭവനത്തിനു പിന്നിലുള്ള ഇഷ്ടികച്ചൂളയ്ക്കരികിലേക്കു നീങ്ങിനിന്നിട്ടു വളരെ വേദനയോടെ ഉപദേശിച്ചു, 'എന്തിനീ വേണ്ടാത്തതിലൊക്കെ ചെന്നു ചാടുന്നു? കല്യാണം കഴിച്ചു, കുട്ടികളുമായി. ഇതൊന്നും തന്നെയാലോചിക്കാതെ എടുത്തു ചാടുന്നതു നന്നോ? ഭാരതത്തിലെല്ലായിടത്തും സ്വരാജ്യം വരികയാണെങ്കിൽ പൂർണിയയിലും വരാതിരിക്കില്ല. ഇവിടം ഒഴിവാക്കിക്കൊണ്ടൊരു സ്വരാജുണ്ടോ? ആരെല്ലാം എന്തെല്ലാം അഭിപ്രായങ്ങൾ പറഞ്ഞു. ഞാൻ ആരെങ്കിലും പറഞ്ഞതു കേൾക്കാൻ നിന്നോ? ഈ വഴിക്കു തിരിക്കുമ്പോൾ ആരോടെങ്കിലും ആലോചിച്ച് അഭിപ്രായമാരാഞ്ഞോ? പേരിന് ബിലു വിന്റെ അമ്മയോടുമാത്രം ചോദിച്ചു. അതും ശരിക്കുള്ള ഒരു അഭിപ്രായമാരായലായിരുന്നില്ല. തന്റെ സങ്കൽപം ഉറപ്പിച്ച ശേഷം അതറിയിക്ക മാത്രം. അവൾ ഇതിനെ അങ്ങനെയായിട്ടാണോ എടുത്തതെന്നു പറയുക വയ്യ. അവൾ പറഞ്ഞു, 'നിങ്ങൾ ഉചിതമെന്നു വിചാരിക്കുന്നതു ചെയ്യൂ.' സ്ത്രീയുടെ അഭിപ്രായം. ഞാൻ ആരോടും അഭിപ്രായമാരാഞ്ഞ് ഒന്നും ചെയ്തില്ല. നല്ലതെന്നു തോന്നിയതു ചെയ്തു. പിന്നെ ബിലു എന്റെ അഭിപ്രായമനുസരിച്ചെന്തിനു നടക്കുന്നു?

ഒരു ചർക്കയിൽനിന്ന് കാളവണ്ടിയിൽനിന്നെന്നപോലെ

'കേംച് കേംച് ' എന്ന ഘോഷം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആ ശബ്ദത്തിൻെറ അവസാനം കാണാത്ത പുനരാവൃത്തി ചെവിക്കു കർക്കശമായി തോന്നുന്നു. സിമൻറിട്ട നിലത്ത് ഏ തെങ്കിലും ധാതുകൊണ്ടുള്ള പാത്രം ഇട്ടു വലിച്ചാൽ ഇതേ വിധം അസഹ്യമായിത്തോന്നും. പഴുത്ത വ്രണത്തിന്മേൽ ആ രോ സാൻറ് പേപ്പറിട്ടുരയ്ക്കുന്നപോലെ. ജയിലിൽ പോകുന്ന തിനുമുമ്പ് ഞാൻ എൻെറ ഈ സ്നായവ ദൗർബല്യം ശ്രദ്ധിക്കുകയുണ്ടായിട്ടില്ല. എൻെറ ശക്തമായ സ്നായു മ ണ്ഡലം എളുപ്പം നിലതെറ്റുന്നതല്ലെന്നു ഞാൻ അഭിമാനിച്ചി രുന്നു. ഇപ്പോൾ ജയിലിൽ വന്നശേഷം എന്താണീ സംഭവി ച്ചത് ? തീർച്ചയായും രാംദേനിയുടെ ചർക്കയിൽനിന്നുതന്നെ യാണ് ഈ ആരവം. എൻെറ കൈയിലെ നൂലിൽ നിന്നു കണ്ണുതെറ്റിച്ച് ഞാൻ രാംദേനിയുടെ ചർക്ക നോക്കി. രാംദേനി അതു കണ്ടു. അയാൾ എഴുന്നേറ്റു. തൻെറ സീറ്റിനു നേരെ കുതിച്ചു. എല്ലാവരും അയാളെ നോക്കാൻ തുടങ്ങി. എന്തൊരു മര്യാദയില്ലായ്മ എന്നു വിചാരിക്കാൻ തുടങ്ങുകയാണോ? സാമൂഹിക സൂത്രയജ്ഞത്തിൽനിന്ന് ഇങ്ങനെ എഴുന്നേറ്റു പോകയോ? രാംദേനി മടങ്ങിവന്നു. കൈയിൽ ഒരു എണ്ണ ക്കുപ്പി. അയാൾ തുള്ളി തുള്ളിയായി ചർക്കയിൽ എണ്ണവീഴ്ത്തി. പിന്നെ തുടങ്ങി വീണ്ടും നൂൽനൂൽപ്പ് . അയാൾ നൂൽക്കുന്ന തിനിടയ്ക്ക് എന്നെ നോക്കുന്നത് എല്ലാവരും കണ്ടു. എൻെറ മുഖത്ത് വല്ല പരിവർത്തനവും വന്നോ എന്നാണോ നോക്കു ന്നത് ? കുറെ നാളായി എൻെറ മനസ്സിൽ നടന്നുകൊണ്ടിരി ക്കുന്ന സംഘർഷത്തിൻെറയും സംശയത്തിൻെറയും മുദ്ര ഇക്കൂട്ടർ എൻെറ കണ്ണിലും മുഖത്തും കണ്ടുപിടിച്ചുവെന്നോ? മനോഭാവം മറയ്ക്കാനാരെക്കൊണ്ടാവും? ഈ വേനൽക്കാ ലത്ത് ഉപവസിക്കുന്നതുകൊണ്ട് എൻെറ മുഖം വരണ്ടിരി ക്കുന്നപോലെ തോന്നുന്നുണ്ടാകാം. ഇല്ല, എത്രയെത്ര നാളു കളായി എല്ലാ തിങ്കളാഴ്ചയ്ക്കുമുള്ള ഈ ഉപവാസം. ഉപവാസംകൊണ്ട് ഒന്നും സംഭവിച്ചിട്ടില്ല. ഇവരുടെ സമ വേദനയുടെ മൂല്യം കൊടുത്തു തീർക്കാനാവില്ല. അൽപ നേരത്തെക്കെങ്കിലും ഞാൻ മനസ്സിൻെറ അശാന്തി മറക്കട്ടെ എന്നു വിചാരിച്ച് ഇവർ ചർക്കയെടുത്തുവെച്ച് തുടങ്ങിയ താണ് . എല്ലാവരും ഒന്നിച്ച് എൻെറ ഹൃദയഭാരം താങ്ങി അ തിനെ ലഘൂകരിക്കാനുള്ള ശ്രമം.

തലയിൽ ചുരുണ്ടിരുണ്ട മുടി. തെളിഞ്ഞ നിറം. കുറ

ഞൊന്നു സ്ത്രൈണത തോന്നിക്കുന്ന നീണ്ട മുഖം, നേർത്ത ചിബുകം, കറുത്ത കണ്ണുകളിൽ ഭാവുകത്വം നിറഞ്ഞ ദൃഷ്ടികൾ. ഞാൻ ബിലുവിനെ നോക്കുമ്പോൾ അയാൾ തലകുനിച്ചു കളയുന്നു.

എന്നാൽ ആ കണ്ണുകളിലും ഞാൻ വജ്രജ്വാല പറക്കുന്നതു കണ്ടിട്ടുണ്ട് . ഞാൻ ജോലി രാജിവെയ്ക്കുന്നതിന് ഏതാനും ദിവസം മുമ്പുള്ള കാര്യം—ഹൈസ്കൂളിന്നരികിൽ തന്നെ പ്ലാന്റേഴ്സ് ക്ലബ് . രണ്ടു പുരയിടങ്ങളുടെയും നടുക്ക് കമ്പിവേലി. ക്ലബിൽ ഏതോ ചാരിറ്റി മേളയോ മറ്റോ നടക്കുകയായിരുന്നു. സ്ത്രീകൾ പല ജാതി ഷോപ്പുകൾ തുറന്നുവെച്ചിരുന്നു. ബിലുവും നീലുവും കമ്പിയിലിരുന്നു സായ്പന്മാരുടെയും മദാമ്മമാരുടെയും ഉത്സവം കാണുകയായിരുന്നു. നീലു കുട്ടിയായിരുന്നു. ബിലു അയാളെ കമ്പിയിത പിടിച്ചു നിർത്തിയിരിക്കുന്നു. പെട്ടെന്നാണു കണ്ടത് — കാത്ഡാകോഠിക്കാരി പെരിൻ സായ്പ് എന്റെ ക്വാർട്ടേഴ്സിന്റെ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. കൈയിൽ വടി, നോട്ടം ഉഗ്രം. എന്നോടു പറഞ്ഞു, ‘ലേഡീസ് സ്റ്റാൾ തുറന്നിരിക്കുന്നു. പുരയിടത്തിന്റെ വേലിക്കലിരുന്ന് കുട്ടികൾ രാപ്പകൽ എന്താണിത്ര നോക്കിക്കൊണ്ടിരിക്കാനുള്ളത് ? യൂസി ഹെഡ്മാസ്റ്റർ, നിങ്ങൾ ഇതവസാനിപ്പിച്ചെല്ലെങ്കിൽ ഈ കാടത്തം നിർത്താനുള്ള വഴി ഞങ്ങൾക്കു തന്നെ നോക്കേണ്ടിവരും. കമ്പിവേലിയിൽ ഇരിക്കുന്ന ബിലുവിനെ വടി കൊണ്ടു ചൂണ്ടിക്കാട്ടിയിട്ട് വന്ന ഭാവത്തിൽ തന്നെ മടങ്ങി. ഞാൻ ബിലുവിനെ വിളിച്ചു പറഞ്ഞു, ‘അങ്ങോട്ടു പോകണ്ട! എന്നെ കണ്ടാൽ തലകുനിക്കാറുള്ള ബിലുവിന്റെ കണ്ണിൽ അന്നു ഞാൻ ആദ്യമായി പൗരുഷത്തിന്റെ ലക്ഷണം കണ്ടു. തീപ്പൊരി ചിതറുന്ന കണ്ണുകളോടെ ബിലു എന്നെ നോക്കി. “എന്തേ? അവിടെ പോയാലെന്തുണ്ടു കുറ്റം?” എന്നോട് എന്തെന്നു ചോദിക്കുന്നു. എന്നോട് വിശദീകരണം ആവശ്യപ്പെടുന്നു? ചെവി പിടിച്ചു തിരിച്ചുകൊണ്ട് ഞാൻ വീട്ടിനകത്തേയ്ക്കാക്കി. അയാളുടെ അമ്മ അടുക്കളയിലായിരുന്നു, ‘നിന്റെ ഗുണവാനായ മോനെ ഒന്നു നോക്ക് . അവന്റെ കുരുത്തക്കേട് . സായ്പിനോടു വഴക്കിട്ടാൽ പണി ബാക്കിയുണ്ടാവുമോ?’

ഇതിനുശേഷം ഞാൻ എന്റെ മുറിയുടെ വാരന്തയിലി

രുന്ന് ബിലു അമ്മയോടു തർക്കിക്കുന്നതു കേട്ടു, 'എന്തേ? ഞങ്ങളുടെ പുരയിടത്തിലിരുന്നു കൊണ്ടായിരുന്നില്ലേ സായ്പിന്റെ കൂത്താട്ടങ്ങൾ കണ്ടത് ?'

അന്നു രാത്രി ബിലു ഉണ്ടില്ല. കോപിച്ചിട്ടോ അതോ പരിഭവിച്ചിട്ടോ എന്നറിയില്ല. അർധരാത്രി ബിലുവിന്റെ അമ്മ എന്നെ വിളിച്ചുണർത്തി—ബിലു കിടക്കയിലില്ല, എവിടെപ്പോയി? ഒന്നു നോക്കു. വേലക്കാരും സ്ക്കൂളിലെ വാച്ചറും ഞാനും വിളക്കും വടിയുമായി പുറപ്പെട്ടു. ബിലുവിന്റെ അമ്മ ഉറക്കെ കരയുന്നതിനിടയ്ക്ക് എന്നെ പ്രാകാൻ തുടങ്ങി. ഇത്രപോന്ന ഒരു കുട്ടി മദാമ്മമാരുടെ കളികണ്ടുവെന്നുവെച്ച് മദാമ്മമാർക്കപമാനമാവുന്നതെങ്ങിനെ?' ബിലുവിനെ ഒരു ദിക്കിലും കണ്ടില്ല. ഒടുവിൽ ബോർഡിങ്ങിലെ ഒരു കുട്ടി കണ്ടു പിടിച്ചു. പകൽ ബിലു നീലുവിനോടൊപ്പം മദാമ്മമാരുടെ കൂത്ത് കണ്ടുകൊണ്ടിരുന്ന സ്ഥലത്തുതന്നെയുണ്ട് അയാൾ ഇരിക്കുന്നു. മേളയിലെ ദീപാവലി എപ്പോഴേ കെട്ടടങ്ങിക്കഴിഞ്ഞിരുന്നു. എന്നാൽ ഞാൻ ശാസിച്ചതിന്റെ അനൗചിത്യം തെളിയ്ക്കാനായി, തന്റെ ഖണ്ഡിക്കാനാകാത്ത യുക്തിക്കും പ്രവൃത്തിക്കും തമ്മിൽ പൊരുത്തം വരുത്തുന്നതിനായി ആ ഹേമന്ത രാത്രിയിൽ ഇരുട്ടത്ത് ഒറ്റയ്ക്ക് അവിടെ ചെന്നിരിക്കയായിരുന്നു. ദേഹത്ത് വാഴയിലത്തളിർ നിറമുള്ള ഒരു കമ്പിളിപ്പുതപ്പല്ലാതെ മറ്റൊന്നുമില്ല. വെറും കാൽ. കൈകാലുകൾ മഞ്ഞുപോലെ മരവിച്ചുപോയിരിക്കുന്നു.

നിർബന്ധപൂർവ്വം ബിലുവിനെക്കൊണ്ട് ഒരു കാര്യവും ചെയ്യിക്കാൻ നോക്കേണ്ട. അയാളെ വഞ്ചിച്ചോ, മുഖസ്തുതി ചെയ്തോ അഥവാ അയാളുടെ കോമളമായ ഹൃദയത്തെ വശീകരിച്ചോ അയാളെക്കൊണ്ട് ആർക്കും എന്തും നേടാം. എന്നാൽ ലേശം ബലപ്രയോഗത്തിനു മുതിർന്നാൽ അയാൾ ചൊടിച്ചു നിൽക്കും. നിമിഷം കൊണ്ട് അയാളുടെ സ്വഭാവികമായ നമനീയത എവിടെ പോയ്ക്കളയുന്നു! കുട്ടിക്കാലം തൊട്ടേ കണ്ടുവരുന്നതാണ് ഈ സ്വഭാവം. പത്തിരുപതു വർഷം മുമ്പുണ്ടായ ഒരു സംഭവം — നീലുവിന്റെ അമ്മയുടെ ഉച്ചത്തിലുള്ള ശബ്ദം കേട്ട് ഞാൻ ഡിസ്ട്രിക്ട് കോൺഗ്രസ് ഓഫീസിൽനിന്ന് വീട്ടിലേക്കു ചെന്നു. അപ്പോൾ ബിലുവിന്റെ അമ്മ പറയുന്നതുകേട്ടു, 'പറയ് , വേഗമാകട്ടെ! നീ

നിശ്ചയമായും മുസ്ലിമിന്റെ തുപ്പൽ നക്കി. എന്നിട്ടും ചോദിച്ചിട്ടു മിണ്ടാതിരിക്കണോ?' അകത്തേക്കു കടന്നപ്പോൾ ബിലുവിന്റെ അമ്മ ചട്ടുകം ഓങ്ങിക്കൊണ്ട് ബിലുവിനെ ഭീക്ഷണിപ്പെടുത്തുന്നതു കണ്ടു. അവളുടെ ഒരു കൈയിൽ കുഴലൊടിഞ്ഞ ചായക്കിണ്ടി. അതിലാണ് ഗോതമ്പു റവ സൂക്ഷിക്കുന്നത് . കോപം കാരണം അതു താഴെ വെയ്ക്കാൻ മറന്നിരിക്കുന്നു. സംഭവമെല്ലാം പറഞ്ഞുകേട്ടു. നീലുവും ബിലുവും ബഹ്ബൂർ മുഖ്താറിന്റെ തൊടിയിൽ ലന്തപ്പഴം പറിക്കാൻ പോയി. അവിടെ വെച്ച് മുഖ്താറിന്റെ അളിയൻ അവരെ പിടികൂടി. അവൻ ലന്തയില ഓരോന്ന് രണ്ടുപേർക്കും കൊടുത്ത് അതിൽ തുപ്പുവാൻ പറഞ്ഞു. എന്നിട്ടതു നക്കി ഇനി ഇങ്ങനെ ലന്തപ്പഴം തിന്നുവാൻ വരില്ലെന്നു സത്യം ചെയ്യുവാൻ കൽപിച്ചു. അങ്ങനെ ചെയ്തില്ലെങ്കിൽ അടിക്കുമെന്നും മാസ്റ്റർ അദ്ദേഹത്തോടു പറഞ്ഞു കൊടുക്കുമെന്നും ഭീഷണിപ്പെടുത്തി. നീലു പേടിച്ച് തുപ്പൽ നക്കി. ബിലു കൂട്ടാക്കിയില്ല. അവൻ എന്തൊക്കെയോ വായിൽ തോന്നിയതു പറഞ്ഞ് രണ്ടുപേരേയും വിട്ടു. എന്നാൽ ബഹ്ബൂർ കാക്കയുടെ മകൾ ചെന്ന് ബിലുവും മററും അവളുടെ കെട്ടിയവനെ ചീത്ത പറഞ്ഞപമാനിച്ചെന്ന് പരാതി പറഞ്ഞു. അതിൽ നിന്നാണ് കള്ളി വെളിച്ചത്തായത് . ബിലുവിന്റെ അമ്മ ഇനിയും യഥാർത്ഥ പ്രശ്നത്തെ—അതായത് മോഷ്ടിക്കാൻ ചെന്നതും അപമാനിച്ചതും—സ്പർശിച്ചു കഴിഞ്ഞിട്ടില്ല. അവർക്കു പ്രധാന വിഷയം മറെറാന്നായിരുന്നു. ഇപ്പോൾ അതിന്മേലാണ് കേസു വിസ്താരം നടക്കുന്നത് . നീലു നക്കിയ തുപ്പൽ നീലുവിന്റെ തന്നെയാണോ അതോ മുഖ്താറിന്റെ ജാമാതാവിന്റേതോ? അതാണറിയേണ്ടത് .

!

ഞെട്ടിപ്പോയി. ഹാ! ഹാ! ഹാ!! ഹാളാകെ വിറപ്പിച്ചു കൊണ്ട് ഇത്രയേറെ ചർക്കകളുടെ ഒന്നിച്ചുള്ള ഘർഘറ ധ്വനികളെ മറികടന്ന് ചിരിയുടെ പൂക്കുററി. എന്റെ വലതു വശത്ത് രണ്ടു സീററുകൾ കഴിഞ്ഞ് ജനൽകർട്ടനും കിടക്ക വിരിയും കൊണ്ടു വളച്ചുവെച്ച് ഒരു മുറി പോലെയാക്കിയെടുത്തിട്ടുണ്ട് . അതിലാണ് സോഷ്യലിസ്റ്റു പാർട്ടിയുടെ 'ക്യാപിററൽ' ക്ലാസ്സ്. ഫോർവേഡ് ബ്ലോക്കിലെ നാലു പേർ അതിൽ ചേർന്നിട്ടില്ല. പകൽനേരം അവരൊക്കെ ഒന്നിച്ചിരുന്ന് എന്തെല്ലാമോ സോഷ്യലിസ്റ്റു പുസ്തകങ്ങൾ വായിക്കുന്നു. 'ക്യാപിററൽ' വായി

ക്കുന്നുവെങ്കിൽ അതിൽ ഇത്ര ചിരിക്കാനെന്തിരിക്കുന്നു? ഈ വേനൽച്ചൂടിൽ ചുറ്റും തുണികൊണ്ടു മറച്ചിരിക്കേണ്ടതിൻെറ ആവശ്യവും എന്ത് ? ഇക്കാലത്തെ കുട്ടികളുടെ കഥയെല്ലാം വളരെ വിചിത്രമാണ് . മറയുടെ മുകളിലൂടെ പുകച്ചുരുളുകൾ ഉയരുന്നു. അക്കൂട്ടർ സിഗരറ്റു വലിക്കാനുള്ള സൗകര്യം കാണാനായിരിക്കുമോ മറയ്ക്കകത്തിരിക്കുന്നത് ? അതാവില്ല. ഇന്ന് ഇതിൻെറയാവശ്യമെന്തിരിക്കുന്നു? സിഗരറ്റോ ചുരുട്ടോ വലിക്കാനൊരു മറയുടെ സഹായം ഇന്ന് ആവശ്യമില്ല. അവരുടെ സംഘത്തിലെ കോമറേഡ് ബനാറസി— ബിലുവിനെക്കാൾഎത്ര ചെറിയതാണയാൾ ബിലുവിൻെറ ശിഷ്യൻ. എന്നോട് ബിലുവിനെപറ്റി സംസാരിക്കാറുണ്ട് . ചുണ്ടിൻെറ ഒരറ്റത്ത് ഒരു സിഗരററുമുണ്ടായിരിക്കും. എല്ലാവരും ജയിലാഫീസിലെ പേഴ്സനൽ അക്കൗണ്ടിൽ നിന്നു രൂപ കടം വാങ്ങുന്നു. എന്നിട്ട് —

"നിങ്ങൾ എത്ര പേരുണ്ട് ?"

അതായത് മണി പതിനൊന്ന് . പുതിയ വാർഡർ വന്നിരിക്കുന്നു. മറയുടെ ഇടയിൽ കൂടെ ഒരുത്തൻ വാർഡറെ കണ്ടിട്ടു പറഞ്ഞു— "പോകു കിടന്നു കൂവാതെ". മറ്റൊരുവൻ പറഞ്ഞു— "ഈ വാർഡിൽ ഏഴര തടവുകാരാണുള്ളത് ." വാർഡർ ശുൺഠിപിടിച്ച് എന്തൊക്കെയോ പിറുപിറുത്തുകൊണ്ടു കടന്നുപോയി. അയാൾ പറയുന്നതു കേട്ടു, "ഹും! റൊട്ടിയും മുട്ടയും അടിക്കുന്നു. എന്നിട്ടു വന്നിരിക്കയാണ് ഈ മാന്യന്മാർ മഹാത്മജിപ്പണിയെടുക്കുവാൻ ജയിലിലേക്ക് ."

മറയ്ക്കകത്തുനിന്ന് ആരോ വിളിച്ചു പറഞ്ഞു—"ബൈജ്നാഥ് , എണീറ്റുവാ! ഈ റാസ്കിളിൻെറ തലയിൽ കമിഴ്ത്ത് ആ മൺകൂജയിലെ വെള്ളമെല്ലാം."

എല്ലാവരും ഉറക്കെ ചിരിച്ചു. കോമറേഡ് ബൈജ്നാഥ് ഒരു ഗ്ലാസ്സ് വെള്ളമെടുത്ത് മറയ്ക്കകത്തുനിന്നു പുറത്തു പ്രത്യക്ഷപ്പെട്ടു. ചടച്ച് കൂട്ടിപ്പിണച്ച കയറു പോലെ ദേഹം. പൈജാമയാണു വേഷം. ഒരു കുപ്പായവും. കുപ്പായത്തിൻെറ കോളർ പൊക്കിവെച്ചിട്ടങ്ങനെ. എല്ലാ സോഷ്യലിസ്റ്റുകളുടെ കാര്യത്തിലും കണ്ടിട്ടുള്ളതാണ് . തുണി ഗുദാമിലെ തടവുകാരൻ തുന്നക്കാരനെക്കൊണ്ട് ബീഡി കൊടുത്തു കൊടുത്ത് ഇതേ മാതിരിയുള്ള കുപ്പായങ്ങൾ തുന്നിക്കുന്നു. ഇത്ര ഉ

ഷ്ണമുണ്ടായിട്ടും ഇവർക്ക് കുപ്പായമിടാതെ വയ്യ. ഇവർ തന്നെയാണത്രേ ലോകത്തിൽ അധ്വാനിക്കുന്നവരുടെ ഭരണം കൊണ്ടുവരാൻ പോകുന്നവർ.

എല്ലാവരും ചർക്ക തിരിക്കുന്നതു നിർത്തി. തക്ലിയും ജൂനിയും ഒക്കെ ശരിപ്പെടുത്തി എഴുന്നേൽക്കാനുള്ള വട്ടമായി. തുടർച്ചയായി രണ്ടു മണിക്കൂർ എല്ലാവർക്കും ചർക്കയിൽ നൂൽനൂൽക്കാൻ കഴിയുമോ? വ്യക്തി സത്യാഗ്രഹക്കാലത്ത് ഹസാരീബാഗ് ജയിലിൽ ഗാന്ധിജയന്തിയുടെ അന്ന് തുടർച്ചയായി എട്ടുമണിക്കൂർ നൂൽനൂറ്റതുകൊണ്ട് എനിക്കു കിഡ്നിയിൽ കുഴപ്പം നേരിട്ടു. അതുമുതൽ ഏറെ നേരം നൂൽനൂൽക്കാനിരിക്കാറില്ല. അസുഖം വേറെ വല്ല കാരണത്താലും ഉണ്ടായതാവാൻ വയ്യായ്കയില്ല. എന്നാൽ ജയിൽ ഡോക്ടറുടെ അഭിപ്രായം ഏറെ നേരം ഒരിടത്തു തന്നെ കുത്തിയിരുന്നതു കൊണ്ടാണെന്നായിരുന്നു. ഡോക്ടർമാരുടെ അഭിപ്രായത്തെപ്പററി ഒന്നും പറയാൻ പാടില്ല. എല്ലാവരും അവരവരുടെ സീററിലേക്കുപോയി. സദാശിവനും മെഹർചന്ദും അവിടെ ത്തന്നെ നിന്നു.

മെഹർചന്ദ് പറഞ്ഞു, "മാസ്ററർ സാഹബ് ! ഭക്ഷണം വല്ലതും കഴിക്കു. പകലൊക്കെ ഉപവാസമായിരുന്നില്ലേ? അവിടെ മേശപ്പുറത്ത് ഭക്ഷണം അടച്ചുവെച്ചിട്ടുണ്ട് . രണ്ടു ചപ്പാത്തിയെങ്കിലും."

ഞാൻ കടലാസിൽ എഴുതിക്കൊടുത്തു, 'ഈ വല്ലാത്ത ഉഷ്ണം തോന്നുന്ന സമയത്ത് ഭക്ഷണം കഴിക്കാൻ തീരെ തോന്നുന്നില്ല.' മെഹർചന്ദ് പറഞ്ഞു, എന്നാൽ കുറച്ചു തൈരാവട്ടെ. എൻെറ വീട്ടിൽ നിന്ന് തൈർ കൊടുത്തയച്ചിട്ടുണ്ട് . വീട്ടിൽ പോറ്റുന്ന പശുവിൻെറ പാൽ. ഇല്ലെങ്കിൽ ഞാൻ പറയില്ലായിരുന്നു. ഇവിടന്ന് ഗാന്ധിസേവാസംഘം മെമ്പറാണല്ലോ. എരുമപ്പാലും തൈരും കുടിക്കാറില്ലെന്നറിയാം. അതുകാരണം ഇവിടേക്ക് ജയിലിലെ പാലും മോരും കുടിക്കാൻ തോന്നാറില്ല. ഭാഗ്യത്തിന് ഇന്ന് എൻെറ വീട്ടുകാർ കൊടുത്തയച്ചിരിക്കുന്ന സ്ഥിതിക്ക് അത് അൽപമാകട്ടെ. ഇല്ലെങ്കിൽ എനിക്ക് വ്യസനം തോന്നും.

നാടകീയ ഭാവത്തിൽ മെഹർചന്ദ് കൈകൂപ്പിനിന്നു,

'എൻെറ ഈ അപേക്ഷ സ്വീകരിക്കതന്നെ വേണം മാസ്റ്റർ സാഹബ് , എൻെറ ഫാദർ തന്നെയാണ് തൈർ കൊണ്ടു വന്നത് ....' വീണ്ടും ഫാദർ എന്നു പറയുന്നു! ബിഹാറിൽ ആരെങ്കിലും രണ്ടക്ഷരം ഇംഗ്ലീഷു പഠിച്ചുപോയാൽ പിന്നെ അമ്മ, അച്ഛൻ, സഹോദരി എന്നു പറയാറില്ല. ആരെങ്കിലും മുടിവടിച്ചു കാണപ്പെട്ടാൽ കാരണം ചോദിച്ചോളു. മറുപടി— 'മദറിൻെറ ഡത്ത് കാരണം' ഇക്കൂട്ടർ ഇംഗ്ലീഷ് വാക്കുകൾ തൊട്ടതിനൊക്കെ പറയുമെന്നു ധരിച്ചുപോകണ്ട. അച്ഛൻ, അമ്മ, പെങ്ങൾ എന്നീ വാക്കുകൾ സ്വന്തം ഭാഷയിൽ പറയാൻ മാത്രം ഒരു സങ്കോചം.

'മാസ്ററർ സാഹബ് ഈ തൈർ രുചിച്ചു നോക്കട്ടെ' എന്ന് ഫാദർ പ്രത്യേകം പറഞ്ഞിട്ടുപോയി. ചാണക വറളി കത്തിച്ചു തിളപ്പിച്ച പാലിൻെറ ഫസ്ററ് ക്ലാസ്സ് തൈർ. വയ്യ എന്നു പറയാൻ എങ്ങനെ തോന്നും, ഇങ്ങനെ വന്നപേക്ഷി ച്ചാൽ? അൽപമെങ്കിലും കുടിച്ചില്ലെങ്കിൽ ഇയാൾ വല്ലാതെ വ്യസനിക്കും. ആംഗ്യം കൊണ്ട് ഞാൻ സമ്മതിച്ചു. അത്രയ്ക്കു നിർബന്ധബുദ്ധിക്കാരൻ. അവിടെ നിന്നു ചെവി കരണ്ടു കൊണ്ടിരിക്കും. മെഹർചന്ദും സദാശിവനും കണ്ണുകൊണ്ട് എന്തോ കൈമാറി. ഓഹോ! അപ്പോൾ സദാശിവനാണ് മെഹർചന്ദിനെ എൻെറ പിറകേ വിട്ടതല്ലേ? അയാൾക്കു നേ രിട്ടു പറയാൻ ധൈര്യമില്ലാഞ്ഞിട്ട്. സമ്മതിക്കുന്നതുവരെ അ വിടന്നു മാററരുതെന്നു പറഞ്ഞു തിരുകി വിട്ടതാവണം. മെഹർ ചന്ദ് ചർക്കയെടുക്കി പെട്ടിയിൽ വെച്ചു അടച്ചു നീക്കിവെച്ചു. പിന്നെ കമ്പിളികൾ മടക്കി ഒരു മൂലയിലിട്ടു. തോർത്തും കട്ടിലിന്നടിയിൽ നിന്ന് മെതിയടിയും എടുത്ത് എൻെറ മുമ്പിൽ നിരത്തി. എനിക്ക് എൻെറ മക്കളിൽ നിന്നുപോലും ഇത്രയ്ക്കു സേവനം ലഭ്യമായിട്ടില്ല. വല്ലപ്പോഴും ആഗ്രഹിച്ചതായും ഓർ ക്കുന്നില്ല. ജോലി രാജി വെയ്ക്കുന്നതിനു മുമ്പൊക്കെ ഒഴി വുദിവസങ്ങളിൽ നീലുവും ബിലുവും വെയിലത്ത് കളിക്കാൻ പോകരുതെന്നുവെച്ച് , മുടി നരയ്ക്കും വെയിൽ കൊണ്ടാ ലെന്നു പറയാറുണ്ടായിരുന്നു.

1927 നുശേഷം ആരിൽ നിന്നും ഒരു സേവനവും സ്വീക രിക്കാതിരിക്കാൻ നിഷ്കർഷിച്ചു. ഇതിൽ ബിലുവിൻെറ അമ്മ എത്ര കരഞ്ഞു. എന്തെല്ലാം പരിഭവം പറഞ്ഞു! ഈ ഒരു ജോ

ഡി പുതിയ മെതിയടി നാലഞ്ചു മാസം മുമ്പ് രാമചരിത്തർ ജിയാണ് എനിക്കു സമ്മാനിച്ചത് . വേണ്ട എന്നു പറയാൻ മനസ്സുവന്നില്ല. സാധനം എനിക്കു നന്നെ പിടിക്കുകയും ചെയ്തു. പിന്നീട് ബിസുൻ ദേവ് രാമചരിത്തറിനോടു ചോദിക്കുന്നതു കേട്ടു, 'ബെൽട്ടിങ്ങിനുള്ള തോൽ എത്രയ്ക്കു സമ്പാദിച്ചു? ' രാമചരിത്തർ പറഞ്ഞു— തോൽ നാലു ബീടിക്കും മരം ആറു ബീടിക്കും! ബിസുൻദേവ് അന്തം വിട്ട മട്ടിൽചോദിച്ചു, 'ഇത്രയ്ക്ക് പ്രിയമോ? പത്തു ബീടിക്ക് കമ്പിളി കിട്ടുമല്ലോ. നിങ്ങളൊക്കെയാണ് മാർക്കറ്റ് വഷളാക്കുന്നത് ' അതു ശരി. ഇത്രയ്ക്കു വീതിയും ഭംഗിയുമുള്ള പുത്തൻ രീതിക്കാരൻ ബെൽട്ട് — ഇതു ജയിൽ ഫാക്ടറിയിലെ കമ്പിളിയന്ത്രത്തിൽ പണിത ബെൽട്ടിങ്ങാണ് . മര്യാദകേടാവുമല്ലോ എന്നുവെച്ച് ഞാൻ മെതിയടി മടക്കി കൊടുത്തില്ല. എന്നാൽ ഇന്നോളം അതുപയോഗിച്ചതുമില്ല. കട്ടിൽ ചോട്ടിൽ ഇട്ടു. സദാശിവ് വീണ്ടും അതു പുറത്തേക്കെടുത്തു. സ്വന്തം നയവും സിദ്ധാന്തവും സംരക്ഷിച്ചു കൊണ്ടു ജീവിക്കാൻ നിവൃത്തിയില്ലാത്തവരുമായിട്ടാണു സംസർഗംവേണ്ടി വന്നിരിക്കുന്നത് . മെതിയടി കാൽ കൊണ്ടു തട്ടി കട്ടിലിനു താഴേക്കു തന്നെ നീക്കിവെച്ചു. വെള്ളം വെച്ചിരിക്കുന്ന ഡ്രമ്മിനരികിൽ ചെന്ന് കൈകാൽ കഴുകി. സദാശിവ് തോർത്ത് കൈയിൽ തന്നു. ഡ്രമ്മിനരികിലത്തെ സീറ്റ് ദാസ്ജിയുടേതാണ്. അയാൾ കൂർക്കം വലിക്കുന്നു. ഓരോ തവണയും നിശ്വസിക്കുമ്പോൾ കാറ്റ് വായിലൂടെയാണു ബഹിർഗമിക്കുന്നത് . അതുകാരണം ചുണ്ട് വിറയ്ക്കുന്നു. ഫ ർ ർ ർ ർ ർ ർ എന്ന ശബ്ദം ഉണ്ടാകുന്നു.

പുല്ലുതിന്നുന്ന സമയം കുതുരയും ഇടക്കിടയ്ക്ക് ഇങ്ങനെയൊരു ശബ്ദം ഉണ്ടാക്കാറുണ്ട് . ആ ശുദ്ധൻ സന്ധ്യയ്ക്കു തന്നെ തലചായ്ക്കും, കിടന്ന നിമിഷം ഉറക്കം പിടിക്കും. എണീക്കുന്നത് രാത്രി രണ്ടു മണിക്ക് , ഈ ഉഷ്ണക്കാലത്ത് എങ്ങനെയാണ് എട്ടു മണിക്കുതന്നെ ഉറങ്ങുവാൻ കഴിയുക? രാമായണത്തിലും മഹാഭാരത്തിലും ഇച്ഛാ മൃത്യുവിനെപ്പറ്റി പറഞ്ഞിട്ടുണ്ട് . എന്നാൽ ഇച്ഛാ—നിദ്ര അതും കുറഞ്ഞ സാധന കൊണ്ടൊന്നും സാധ്യമല്ല. സന്ധ്യക്കു ശേഷം ഹാളിൽ പ്രാർത്ഥന നടക്കുന്നു. എന്തൊരു ബഹളവും ഘോഷവുമായിരിക്കും? അതുകൊണ്ടൊന്നും മൂപ്പർക്ക് ഒരു കൂട്ടവുമില്ല.

എൻെറ കട്ടിലിന്നരികിൽ മെഹർചന്ദ് തൈർ സർവത്ത്

ഉണ്ടാക്കുന്നു. അയാൾ ചോദിച്ചു, 'ശർക്കര ഇടട്ടെ? അതോ ചക്കര മതിയോ? എന്റെ കൈയിൽ ഉണ്ട് കുറച്ച് '. ഞാൻ ശർക്കര മതിയെന്നു പറഞ്ഞു. ഒരു ലോട്ട സർവത്ത് തയ്യാറായി. സദാശിവ് കമ്പിളി വിരിച്ചു. അതിനുമുമ്പിൽ വെള്ളം തളിച്ച് ലോട്ടയും ഗ്ലാസും വെച്ചു. ഞാൻ അലൂമിനിയം ഗ്ലാസിൽ സർവത്ത് പകർന്നു. തൈരാണു തന്നത് , സർവത്ത് എന്നു പറഞ്ഞുകൂടാ. നേർത്ത തൈർ. ജയിലിലെ ഗ്ലാസുകളും വിചിത്രങ്ങളാണ് . വെള്ളം കുടിക്കുമ്പോൾ മേൽ വീഴാതെ പോവില്ല. ധാരാളം മധുരം ചേർത്തിരിക്കുന്നു.

മെഹർചന്ദ് കഥ കേൾപ്പിക്കുവാൻ തുടങ്ങി, "രാവിലെ ഇൻറർവ്യൂ ഉണ്ടായിരുന്നേ! രണ്ടു ചരുവം തൈരും ഒരു കലം ലഡ്ഡുവും കൊണ്ടുവന്നിരുന്നതാണ്. ഓഫീസ്കാർക്ക് തൈരു കുടിക്കാൻ കൊതിയായിട്ടോ എന്തോ ! ജയിലർ ജമാദാരിനോടു പറഞ്ഞു, കോലിട്ട് ചരുവത്തിന്റെ അടി വരെ നോക്ക് , തൈരല്ലാതെ വേറെ വല്ലതുമുണ്ടോന്ന് . അതു കഴിഞ്ഞിട്ടെടുത്തു വെയ്ക്ക് . ഡോക്ടർ അദ്ദേഹം വന്നിട്ട് പാസ്സാക്കും! ജയിലർക്ക് എന്നോടെന്താണിത്ര കലി ആവോ? മററാരുടെ നേരേയും ഇങ്ങനെ പതിവില്ലാന്നേ! ജമാദാരിന് നാലു ലഡ്ഡു പൊതിഞ്ഞു കൈയിൽ വെച്ചുകൊടുത്തിട്ട് ചുമ്മാ കലവും ചരുവങ്ങളുമെടുത്തുകൊണ്ട് ഇങ്ങോട്ട് പോന്നു.'

ഇതിനു ശേഷം എന്തോ ഓർത്തിട്ട് പറഞ്ഞു— 'ലഡ്ഡു പഞ്ചസാര ചേർത്തതല്ലേ? അതുകൊണ്ട് ഇവിടെക്കു തരുന്നില്ല. ഒരു ഗ്ലാസുകൂടി തരട്ടെ മാസ്ററർ സാഹബ് !' ഞാൻ വേണ്ടെന്നു പറഞ്ഞു. ഒരു ഗ്ലാസ് തന്നെ ചെല്ലുന്നില്ല, എന്നിട്ടാണ് ഒന്നുകൂടി. വായ കഴുകി വീണ്ടും വന്നിരുന്നു കമ്പിളിയിൽ. മെഹർചന്ദ് ഗ്ലാസു കൊണ്ട് ലോട്ട കൊട്ടി ശബ്ദമുണ്ടാക്കിക്കൊണ്ടു വിളിച്ചു പറയാൻ തുടങ്ങി— 'വരിൻ വരിൻ!' ശർബത് കുടിക്കേണ്ടവരൊക്കെ വേഗം വരിൻ! ബിസുൻ ദേവനൊഴികെ മററാരും സർവത്ത് വാങ്ങിയില്ല. പഞ്ചസാര ചേർത്തതായിരുന്നെങ്കിൽ വല്ലവരും വാങ്ങിക്കുടിക്കുമായിരുന്നു. ബിസുൻദേവ് അര സേർ ആട്ടമാവു കൊണ്ടുള്ള ചപ്പാത്തി തിന്നുന്നവനാണ് . പ്രായം കുറവ് . ഒന്നാന്തരം ആരോഗ്യം. എന്നിട്ടും രണ്ടുനേരത്തെ ഭക്ഷണം കഴിഞ്ഞ് ഒരു ലോട്ട തൈരോ? ഈ വാർഡിലെ ആർക്കും വേണ്ട ശർക്കര

സർവത്ത് . ബിലുവോ? മൂന്നാം ക്ലാസുകാർ കുറച്ചു ശർക്കര, ഒരു മുളക് , ഒരു ഉള്ളി ഇവ കിട്ടിയാൽ തന്നെ സംതൃപ്തരാകുന്നു. സ്കാർവി പ്രതിരോധകമെന്ന നിലയ്ക്ക് അവർക്ക് ആഴ്ചയിൽ രണ്ടു ദിവസം അച്ചാർ കിട്ടുന്നു, ഈ ലക്ഷ്വറി സാധനം കിട്ടുന്ന ദിവസം ചോറുണ്ടാൽ വയറു നിറയുകതന്നെയില്ല. അച്ചാർ കൂട്ടിത്തന്നെ കിട്ടിയ ചോറെല്ലാം തിന്നു തീർക്കും. പരിപ്പു കൂട്ടിയുണ്ണാൻ ചോറെവിടെ? വളരെ കഷ്ടപ്പെട്ടു സമ്പാദിച്ച പരിപ്പിലെ മുളക് വെറുതെ വലിച്ചെറിയേണ്ടിവരും എന്നു തോന്നുന്നു. ബിലുവിന് രണ്ടു നേരം ചോറുണ്ടിട്ടാണു ശീലം. ഇവിടെ അതുകിട്ടുന്നുണ്ടോ, ആരറിഞ്ഞു? ജയിൽ കോഡനുസരിച്ച് രണ്ടു നേരത്തെ അരിഭക്ഷണത്തിന് 'ബംഗാൾ ഡയറ്റ് ' എന്നാണു പേർ. അതു കിട്ടാത്തവർക്ക് വൈകുന്നേരം ചപ്പാത്തി എന്നു പറയപ്പെടുന്ന ഈരണ്ടെണ്ണം കിട്ടും. ഈ പകുതി വെന്ത് ദഹനക്കേടുണ്ടാക്കുന്ന ഖാദ്യപദാർത്ഥം ഉൾക്കൊള്ളുവാൻ ഭീമനോ ഭവാനിക്കോ ഗോബർ ഫയൽവാനോ സാധിച്ചാലായി. സാധാരണക്കാരനായ ബംഗാളിയെക്കൊണ്ട് ഇതിനാവില്ല. അയാളെ ഓർത്തിട്ടാണ് ഇത്തവണ ജയിലിൽ വന്നിട്ട് പാലും പഴവും എല്ലാം ഉപേക്ഷിച്ചതെന്ന് ബിലു അറിഞ്ഞുവെങ്കിൽ എന്നു ഞാൻ ആശിക്കുകയാണ് . കൊതുകുവലയിട്ട് ഉറങ്ങുന്നില്ല. ബിലു ഇതറിഞ്ഞാൽ മനസ്സിന് അൽപം സംതൃപ്തി തോന്നുമായിരുന്നു. അച്ഛൻ തന്നെയോർത്ത് ഇത്രയേറെ ചിന്തിതനാണെന്ന് അയാൾ അറിയുമായിരുന്നു. ബിലുവിന് മരണശിക്ഷ കിട്ടിയിരുന്നില്ലെങ്കിൽ ഈ സമയം ഈ വിധം നാലുപാടും തുണിയിട്ടു മറച്ചതിനകത്തിരുന്ന് തന്റെ പാർട്ടിക്കാരെ 'ക്യാപിറ്റൽ' പഠിപ്പിക്കുമായിരുന്നു. ബിലുവിവിടെയുണ്ടെങ്കിൽ കോമറേഡ് ലക്ഷ്മി ചതുർവേദിക്ക് ആശാൻ സ്ഥാനം കിട്ടുകയില്ലായിരുന്നു. മനിഹാരീഘാട്ടിൽ അന്നൊരിക്കൽ അക്കൂട്ടരുടെ സമര ട്രെയിനിങ്ങ് ക്യാമ്പ് നടന്നപ്പോൾ അതിന്റെ അധ്യക്ഷൻ ബിലുവായിരുന്നു. കോമറേഡ് ബനാറസിയും അന്നൊരു ദിവസം ചുരുട്ടു വലിച്ചുകൊണ്ട് എന്നോടു പറയുകയായിരുന്നു, "നമ്മുടെ ഗ്രൂപ്പിൽ ബിലുബാബുവിനെപ്പോലെ പഠിപ്പിക്കാൻ വേറെയാരുമില്ല. അതുകൊണ്ട് അന്ന് സോൻപൂരിൽ നമ്മുടെ പ്രാദേശിക സമര ക്യാമ്പു തുറന്നപ്പോൾ ബിലുവിനെയാണ് "ഡയലറ്റിക്കൽ മെറ്റീരിയലിസം" പഠിപ്പിക്കാൻ ഏൽപിച്ചത് . ഓപ്പർച്ച്യൂണിസ്റ്റുകളെ വിട്ടുകളഞ്ഞ്

യഥാർത്ഥ പ്രവർത്തകരുടെ കാര്യമെടുക്കുകയാണെങ്കിൽ നമ്മുടെ ഗ്രൂപ്പിലെ ഇൻറലക്ച്വൽമാരിൽ ബിലുബാബുവിനാണു പ്രഥമ സ്ഥാനം. അതെ, ബിലുബാബു അത്ര മിലിട്ടൻറ് അല്ല. അതുകൊണ്ട് പാർട്ടിയുടെ അത്യുന്നതസ്ഥാനത്ത് എത്താൻ കഴിഞ്ഞില്ല.'' പിന്നെയും എന്തൊക്കെയോ പറഞ്ഞു, കോമറേഡ് ബനാറസി. എല്ലാം ഓർമ്മവെയ്ക്കുന്നതു വിഷമം. പറയുന്നതിനിടയ്ക്ക് നമുക്ക് അർത്ഥം മനസ്സിലാകാത്ത പല പദങ്ങളും അയാൾ പ്രയോഗിക്കുന്നു. അയാളോടു സംസാരിക്കാൻ തന്നെ പററുന്നില്ല. അവരുടെ അച്ഛനമ്മമാരോടും മററും ഇതേ മട്ടിലാണ് അവരുടെ സംസാരമെങ്കിൽ അവർക്കെന്തൊണാവോ മനസ്സിലാവുക. ഒരു കഥ പറഞ്ഞുകേട്ടിട്ടില്ലേ? ഇംഗ്ലീഷ് പഠിച്ചിരുന്ന ഒരു വിദ്വാൻ ഇനി താൻ അച്ഛനമ്മമാരോടും മറ്റും ഇംഗ്ലീഷിലല്ലാതെ സംസാരിക്കയില്ലെന്ന് ഉറപ്പിച്ചു. ഇതിനുശേഷം അയാൾ കിടപ്പിലായി വെള്ളം കുടിക്കാതെ മരിച്ചു. കാരണം അയാളുടെ അമ്മയ്ക്ക് 'വാട്ടർ' എന്ന വാക്കിനർത്ഥം അറിഞ്ഞുകൂടായിരുന്നുവത്രേ. അങ്ങനെയൊക്കെ സംഭവിക്കും. ഇല്ലാതെ വരുമോ? ബിലുവും അവരുടെ പാർട്ടിക്കാരനാണ് . എന്നാൽ അയാൾ ഈ വിധം സംസാരിക്കുന്നത് എൻെറ ചെവിയിൽ പെട്ടിട്ടില്ല. തൻെറ പാർട്ടിയിൽ എന്താണു സംസാരിക്കാറുള്ളതെന്ന് എനിക്കറിയില്ല. വീട്ടിൽ അസ്വാഭാവികമായ കമ്യൂണിസ്ററ് നിഘണ്ടു പദങ്ങൾ ഉപയോഗിക്കുന്നതായി ഒരിക്കലും കേൾക്കാനിടയായിട്ടില്ല. അയാളെ പൈജാമയും പൊക്കിവെച്ച കോളറുമായും ഒരിക്കലും കണ്ടിട്ടില്ല. ദേഹത്തുനിന്നു പുകയില മണവും അനുഭവപ്പെടാറില്ല. നിങ്ങളുടെ ഭാഷയിൽ ഉള്ള 'മിലിട്ടൻറ് ' എന്ന വാക്കിനും ഒരു പക്ഷേ എനിക്ക് അർത്ഥം മനസ്സിലായിട്ടില്ല എന്നു വരാം—നാടിനു വേണ്ടി ഇന്നു രാത്രി കഴുമരമേറുന്നവനെ നിങ്ങൾ മിലിട്ടൻറ് അല്ല എന്നു പറയുന്നു. അയാളെങ്ങിനെ മിലിട്ടൻറാകുന്നു, ആ ഉണങ്ങിച്ചുങ്ങി ഈന്തപ്പന പോലത്തെ ബൈജനാഥൻ! കുറച്ചുമുമ്പ് വാർഡറുടെ മേൽ വെള്ളം കോരിയൊഴിക്കാൻ ഗ്ലാസുമായി പുറപ്പെട്ട അതേ മനുഷ്യനാണ് മിലിട്ടൻറ് . ഛെ! എന്തൊക്കെയാണു വിചാരിച്ചു പോകുന്നത് ? ബിലു മിലിട്ടൻറായാലേ എനിക്കഭിമാനിക്കാൻ വകയുള്ളൂവെന്നോ! മഹാത്മജീ, എൻെറ പ്രണാമം സ്വീകരിച്ചാലും. ബനാറസി പറഞ്ഞതുതന്നെയാവും ശരി. ബിലു എൻെറ ചിറകുകളുടെ തണലിൽ, ആശ്രമത്തിൻെറ

അന്തരീക്ഷത്തിലാണു വളർന്നത് . അയാൾ മിലിട്ടൻറാകാതിരിക്കയെന്നതു തന്നെ സ്വഭാവികം. സദാശിവ് എൻെറ ടേബിളിൽ കാൽ തൂക്കിയിട്ട് ഇരിക്കുന്നു. എന്നെത്തന്നെ സൂക്ഷിച്ചു നോക്കുന്നു. ഞാൻ എന്തിനാണു നമസ്കരിച്ചതെന്നാവും ആലോചന. ഇതിന് അയാൾ എന്തെങ്കിലുമൊരർത്ഥം കെട്ടിച്ചമയ്ക്കും.

'ബിസുൻദേവ ബാബൂ ബിസുൻദേവ ബാബൂ'

ഇടതുവശത്ത് രണ്ടുമൂന്നു സീറ്റു കഴിഞ്ഞാൽ ബിസുൻദേവിൻെറ സീറ്റ് . ഒരു വാർഡർ ബിസുൻ ദേവിൻെറ സീററിനരികിലുള്ള ജനലിനപ്പുറത്തു നിന്നു വിളിക്കുന്നു. പുറത്ത് ബിസുൻ ദേവിൻെറ വക വമ്പിച്ച ബിസിനസ്സുകൾ നടക്കുന്നുണ്ട് . വ്യവസായ പ്രമുഖനാണ് . ഢേംകി (ഒരുതരം നാടൻ നെല്ലുകുത്തു യന്ത്രം) സ്വർഗ്ഗത്തിൽ ചെന്നാലും നെല്ലു കുത്തുന്നു എന്നാണു പഴമൊഴി. ബിസുൻദേവ് ജയിലിലും തുടങ്ങിവെച്ചിരിക്കുന്നു വലിയ വ്യവസായം. അയാൾ ഞങ്ങളുടെ കിച്ചൻ മാനേജരാണ് . ജയിൽ കൺട്രാക്ടർമാരുമായി അടുത്ത പരിചയക്കാരൻ. ഈ വാർഡർ അയാളുടെയും കൺട്രാക്ടർമാരുടെയും ഇടപാടുകളുടെ നടുക്കണ്ണി. വാർത്തകളെത്തിക്കുന്നു, കൊള്ളൽ കൊടുക്കൽനടത്തുന്നു. ജയിൽ കൺട്രാക്ടർമാർക്ക് ദിവസേന നിൾചയിച്ചിട്ടുള്ള റേഷൻ റിക്വസിഷനിൽ കുറെ കുറച്ചേ അവർ നൽകുന്നുള്ളൂ. എല്ലാം കിട്ടി ബോധിച്ചുവെന്ന് മാനേജരെക്കൊണ്ട് അവർ കടലാസ് ഒപ്പടിച്ചു വാങ്ങുന്നു. രാത്രിനേരം ഈ വാർഡർ വന്ന് റേഷനിൽ പെടാത്ത ചില വസ്തുക്കൾ കൊടുത്തിട്ടു പോകുന്നു. ജയിൽ അധികാരികൾക്ക് ഇക്കാര്യം അറിയാം. ഇതു നിർത്തുന്നതിന് ഗോഡൗണിൽനിന്ന് ഷെഡ്യൂൾ പ്രകാരമുള്ള സാധനങ്ങൾ കൊടുപ്പിക്കാൻ പലതവണയും ശ്രമിച്ചുനോക്കി. എന്നാൽ ഈ യുദ്ധകാലത്ത് നിത്യവും അതനുസരിച്ച് സാധനങ്ങൾ നൽകുക അസാധ്യം. കൊടുത്തില്ലെങ്കിൽ പടയാവും. അപ്പർ ഡിവിഷൻ തടവുകാർ നിരാഹാരം തുടങ്ങും. ലോക്ക് അപ് ചെയ്യാനും വിസമ്മതിച്ചേക്കും. ബലാൽക്കാരം പ്രയോഗിച്ചും ലാത്തിച്ചാർജ്ജു നടത്തിയും തൽക്കാലത്തേക്കു സമാധാനം പുനഃസ്ഥാപിക്കാമെന്നു വെയ്ക്കുക. എന്നാൽ രണ്ടുമൂന്നു തവണ ഇങ്ങനെയായാൽ ജയിൽസൂപ്രണ്ടിനും ജയിലർക്കും ടാക്ററ്ഫുൾ അല്ല എന്ന ചീത്തപ്പേരുണ്ടാകും; ഏറെ താമസി

യാതെ സ്ഥലം മാററത്തിൻെറ ആർഡറും. മർദ്ദിച്ച് അമർച്ച ചെയ്യാമെന്നുവെച്ചാൽ സെക്യൂരിട്ടി തടവുകാരുള്ളതു കൊണ്ട് അതിനും സാധ്യതയില്ല. ജില്ലാ മജിസ്ട്രേട്ടിൻെറ ആർഡറില്ലാതെ അവരെ ലാത്തിചാർജ്ജു ചെയ്തുകൂടാ. ജയിലിൽ സ്ഥലക്കുറവുള്ളതുകൊണ്ട് അവരെ വേറെ പാർപ്പിക്കാൻ നിവൃത്തിയില്ല. ഇതൊക്കെയാലോചിച്ച് ജയിലധികാരികൾ 'ഗഡ' ഒഴിവാക്കാൻ നോക്കുന്നു. കുറച്ചൊക്കെ കണ്ടിട്ടും കണ്ടില്ലെന്നു നടിച്ചാൽ അതു സാധിക്കുമെന്നുണ്ടെങ്കിൽ നടക്കട്ടെ, വെറുതെയെന്തിനു ക്ഷോഭം സൃഷ്ടിക്കുന്നു? ഇതുമൂലം കൺട്രാക്ടർമാരിൽ നിന്നു തങ്ങൾക്കു കിട്ടേണ്ടതിനു വെട്ടിക്കുറവൊന്നും വരുന്നില്ലല്ലോ. ഇതുകാരണം ബിസുൻദേവിന് എളുപ്പമായി. ബിസുൻ ദേവും വാർഡറും സ്വരം താഴ്ത്തി എന്തൊക്കെയോ പറയുന്നു. ഒന്നും മനസ്സിലാവുന്നില്ല. പൊടുന്നനെ ബിസുൻദേവ് പറഞ്ഞു, 'സിപാഹിജി, ലേശം സർവത്തിൻെറ സ്വാദു നോക്കണോ?', വാർഡർ പറഞ്ഞു, 'തരൂ.' ഗ്ലാസ് ജനലഴികൾക്കിടയിലൂടെ പുറത്തേക്കു കടക്കുന്നില്ല. "നിൽക്കൂ, ഞാൻ കിണ്ണം കൊണ്ടുവരാം" ബിസുൻദേവ് ചായക്കിണ്ണത്തിൽ വാർഡർക്കു സർബത്ത് കൊടുത്തു. പെട്ടെന്ന് അയാൾക്ക് ശർക്കരസർവത്ത് കുടിക്കാനൊരാഗ്രഹം ഉദിച്ചതെന്തുകാരണത്താലാണെന്ന് ഇപ്പോൾ മനസ്സിലായി. വാർഡർ പോയി. അയാൾക്ക് വേറെവല്ല വാർഡിലുമായിരിക്കും ഡ്യൂട്ടി.

ഭൂഷൺജിയും കൊതുകുവലക്കകത്തു കിടന്ന് ഉറക്കമായി എന്നാണു വിചാരിച്ചത് . ബിസുൻദേവ്ജിയുടെ തൊട്ടടുത്തു തന്നെ സീറ്റ് . അയാൾ കൊതുകുവലയ്ക്കുള്ളിൽ നിന്നു ചോദിച്ചു, "എന്തു 'തിക്ഡ'മാണ് ഇഷ്ടാ ചെയ്യുന്നത് ?' നിയമത്തിനു പുറത്തുള്ള തിരിമറികൾക്ക് ഇക്കൂട്ടർ 'തിക്ഡം' എന്നാണു പേരിട്ടിരിക്കുന്നത് . വാസ്തവത്തിൽ ഈ വാക്കിന് ഒരർത്ഥവുമില്ല. ജയിലിൽവച്ചു സൃഷ്ടിച്ച ഒരു വാക്ക്. ബിസുൻദേവ് ദിവസവും ബീഡി വരുത്തുന്നു. പകൽ മേറ്റിൻെറ കൈവശം ജയിലിലെ ഫാക്ടറിയിൽ അത് വിൽക്കാൻ കൊടുക്കുന്നു. അവിടെ സാധാരണ തടവുകാർ പാക്കറ്റിനു പത്തു പൈസ വെച്ച് വാങ്ങുന്നു. ബിസുൻദേവ്ജിക്ക് ഇതിൽ നിന്നു നല്ല ലാഭം കിട്ടി വരുന്നു. മെസ്സിലെ മെമ്പർമാരിൽ വല്ല കുഴപ്പവും സൃഷ്ടിക്കുവാൻ കഴിവുള്ളവർക്ക് വാസനയെ

ണ്ണയോ അതുപോലെയുള്ള മറ്റ് അത്യാവശ്യവസ്തുക്കളോ വരുത്തിക്കൊടുക്കുന്നു — അവരുടെ വായ മൂടിക്കെട്ടാൻ അതൊക്കെ മതി. കൂടാതെ ജയിൽ ഗോഡൗണിലെ തടവുകാരുമായിട്ടും ചില ഇടപാടുകൾ ചെയ്തു വെച്ചിരിക്കുന്നു. രണ്ടു കെട്ട് ബീഡിക്ക് ഒരു ഗ്ലാസ് നെയ്യ്, ഒരു കെട്ടിന് ഒരു സേർ പഞ്ചസാര. ബീഡിയാണ് ജയിലിലെ ലീഗൽ ടെൻഡർ നാണയം. ഭൂഷൺജി ബിസുൻദേവ്ജിയോടു പറഞ്ഞു, "സഹോദരാ, എനിക്ക് ഒരു കെട്ടു ബീഡി തരൂ. മഞ്ഞുകാലം കഴിഞ്ഞതിൽ പിന്നെ എൻെറ ചുടുതുണികൾ ഒന്നലക്കിച്ചില്ല. നാളെ അത് ഡോബി കമാൻററിലയയ്ക്കണം, ഇസ്ത്രി ഇടുവിയ്ക്കാൻ. പിന്നെ നാളെ എനിക്കായി കൺട്രാക്ടർമാരോട് ഫൗണ്ടൻ പെന്നിനു മഷികൊണ്ടു വരാൻ പറയണം." പിന്നെയൊന്നു ചിരിച്ചു കൊണ്ടു പറഞ്ഞു, "ഞാനില്ലേ സഹോദരാ! ഢപട്ടാനന്ദൻെറ സെറ്റുകാരനാകുന്നു!" ഈ ഢപട്ടാനന്ദനെന്ന വാക്കിന് ഒരു ചരിത്രമുണ്ട്. ബിസുൻദേവ്ജി ഒരു പാട്ടുണ്ടാക്കിയിരുന്നു. പാട്ട് ശരിക്കോർക്കുന്നില്ല. അർത്ഥമേതാണ്ടിങ്ങനെയാണ് — ജയിലിലെ എല്ലാ രാഷ്ട്രീയത്തടവുകാരും സിദ്ധന്മാരാണ്. അവരെ മൂന്നായി തരം തിരിക്കാം. ആദ്യത്തേത് 'ജുഗാഡാനന്ദൻ'. ഇതിൽപ്പെട്ട തടവുകാർ ബീഡിയും പൈസയും കോഴ കൊടുത്തും, മേനിവാക്കുകൾ പറഞ്ഞും ജയിൽ ഡോക്ടറെ സ്തുതിച്ചും പലപ്പോഴും ജയിലധികാരികളോടു വഴക്കിട്ടും പലതരം സാധനങ്ങൾ തരമാക്കുന്നു. ഇവർക്ക് ലഹരി സാധനങ്ങൾ തൊട്ട് ഇങ്ങോട്ട് ഒന്നിനും പഞ്ഞമില്ല. ഏതു സമയവും 'ജുഗാഡി' (തരമാക്കൽ)ന്നു തക്കം പാർത്തിരിക്കുന്നു. രണ്ടാമത്തവർ 'ഢപട്ടാനന്ദ്.' ഇക്കൂട്ടർ പൊതുവേ നോക്കിയാൽ അനങ്ങാതെ, ഇളകാതെയിരിക്കയാണെന്നു തോന്നും. മുഖത്തും കണ്ണിലും നിസ്പൃഹതയുടേതായ ഭാവം വരുത്താൻ ശ്രമിക്കുന്നു. എന്നാൽ ഉയർന്ന മരത്തിൽ കഴുകൻ ധ്യാനിച്ചിരിക്കും പോലെ ഇരയിലാണ് സദാ ലക്ഷ്യം. ജുഗാഡാനന്ദന്മാരിൽ ആര് എന്തൊക്കെ ചെയ്യുന്നുവെന്നവർ അറിയുന്നു. ജുഗാഡാനന്ദ് എന്തെങ്കിലും തരമാക്കുന്ന അതേ നിമിഷം മുമ്പിൽ പ്രത്യക്ഷപ്പെടുന്നു, അതിലൊരു പങ്കു പറ്റുന്നു. തിരിമറി ചെയ്യവേ പിടിക്കപ്പെട്ടാൽ കുഴപ്പമുണ്ട്. എന്നാൽ ഢപട്ടാനന്ദമതത്തിൽ ചേർന്നാൽ കുഴപ്പം പേടിക്കാനില്ല. പക്ഷേ ഒന്നുണ്ട്, ജുഗാഡാനന്ദന്മാർക്ക് കിട്ടുന്നതിനേക്കാൾ കുറഞ്ഞ പങ്കേ ഇവർക്കു

വിധിച്ചിട്ടുള്ളു. മനസ്സിലെങ്കിലും ജുഗാഡാനന്ദന്മാർക്ക് ഇവരുടെ കൈയിൽ വല്ലതും വെച്ചു കൊടുക്കാതെ നിവൃത്തിയില്ല. കുഴപ്പം സൃഷ്ടിക്കുന്നവരെ ശാന്തരാക്കണമല്ലോ. ഇനിയൊരു തരം രാഷ്ട്രീയത്തടവുകാർ ബാക്കിയുണ്ട്. മൂന്നാമത്തെ ഇനത്തിൽപ്പെടുന്ന ഇവർക്ക് 'ബേകുഫാനന്ദ'നെന്നു (ബേകുഫ് — വിഡ്ഢി) ആ ഗാനത്തിൽ പേരിട്ടിരിക്കുന്നു. ഇവരാണ് എണ്ണം കൊണ്ടധികം. തരമാക്കാനും തരമാക്കുന്ന വസ്തുക്കളുടെ പങ്കു പറ്റുന്നതിനും ഇവർക്ക് ആഗ്രഹത്തിന് ഒരു കുറവുമില്ല. ആഗ്രഹം കൊണ്ടെന്തു ഫലം? സാധിക്കുകയും വേണ്ടേ? അവർക്കു പേടി. പിടിക്കപ്പെട്ടില്ലെങ്കിൽ വേണ്ട, ആളുകൾ പരസ്പരം കുശു കുശുത്തു തുടങ്ങാതിരിക്കില്ല. തൊണ്ടിസഹിതം പിടിക്കപ്പെട്ടാലോ, ചീത്തപ്പേര് ! ചീത്തപ്പേര് ! അതിനാൽ ഈ ഝപട്ടാനന്ദന്മാരിൽ നിന്ന് അകന്നു നിന്ന് അവരെ വിമർശിക്കയാണ് ബുദ്ധിമാന്മാർക്കു ഭൂഷണം.

കലപില കൂട്ടിക്കൊണ്ട് ആളുകൾ വലതുവശത്തെ തുണിമറയ്ക്കകത്തു നിന്ന് പുറത്തേക്കു വന്നു. ക്ലാസു കഴിഞ്ഞു വെന്നർത്ഥം. പകലത്രയും കിടക്കുന്നു സമയം. എങ്കിലും ഇവർക്കു പഠിപ്പെല്ലാം രാത്രി തന്നെ വേണം. രാവിലെ എട്ടു മണിവരെ കിടന്ന കിടപ്പുതന്നെ. എന്നാൽ ഒന്നു കാണുമ്പോൾ സന്തോഷം തോന്നുന്നു. രാഷ്ട്രീയത്തിലേക്കു കടന്നിട്ടും ഇവർ എഴുത്തും വായനയും വേണ്ടെന്നു വെച്ചിട്ടില്ല. മാസ്റ്ററായിരുന്നല്ലോ ഞാൻ. അതുകൊണ്ട് കുട്ടികൾ എഴുത്തും വായനയും നടത്തുന്നതു കാണുമ്പോൾ സന്തോഷത്തിനതിരില്ല. സോഷ്യലിസ്റ്റുകൾക്കും, ഫോർവേഡ് ബ്ലോക്കുകാർക്കും, കമ്യൂണിസ്റ്റുകൾക്കും, കിസാൻ സഭക്കാർക്കും വായനയിൽ ഉത്സാഹം കാണുന്നു. ഇവരുമായി തൻെറ മാർഗം സ്വീകരിച്ചിരിക്കുന്നവരെ താരതമ്യപ്പെടുത്തി നോക്കുമ്പോൾ അത്ഭുതം തോന്നുന്നു. ഫോർവേഡ് ബ്ലോക്കുകാരായി ഇവിടെ മൂന്നു പേരേയുള്ളു. എന്നാൽ അവരും പണം ചെലവാക്കി സെൻസർ ചെയ്യാത്ത മാർക്സിസ്റ്റു സാഹിത്യങ്ങൾ വരുത്തുന്നു. കമ്യൂണിസ്റ്റുകാരും അതുമിതുമായി പല പുസ്തകങ്ങളും ആവശ്യപ്പെട്ടുകൊണ്ടേ ഇരിക്കുന്നു. ഇവരെപ്പോലെ വാച്ചിൽ നോക്കി ഞങ്ങൾ ക്ലാസ്സെടുക്കാൻ ശ്രമിച്ചാൽ പഠിക്കുന്നവരെ കിട്ടുകയില്ല. ഇതിനൊരു ഉത്തമമായ ഉദാഹരണം കണ്ടു കഴിഞ്ഞു. സദാശിവൻെറ ആഗ്രഹവും ഉത്സാഹ

വും അനുസരിച്ച് ശീതകാലത്ത് കൂവളച്ചോട്ടിലിരുന്നു 'രചനാത്മക പരിപാടി' ക്ലാസ് തുടങ്ങി. ആദ്യത്തെ ആഴ്ച ഏതാനും പേരെ പഠിപ്പിക്കാൻ കിട്ടി. ഇതിനുശേഷം കുറഞ്ഞു കുറഞ്ഞ് മൂന്നുപേർ ബാക്കിയായി — സദാശിവനും രാംശരണനും ദാസും. അതേ സമയം സി. എസ് . പി. യുടെ റഷ്യൻ വിപ്ലവ ക്ലാസിൽ കാണുന്നതെന്താണ് ? ക്ലാസിൽ ഇരിക്കാൻ ഇടം പോരാ. ഞങ്ങളുടെ ഗ്രൂപ്പിലുള്ളവരിൽ ചിലരെയും അവിടെ ചെന്നിരിക്കുന്നതു കാണുന്നു. ഇത് അസ്വാഭാവികമല്ല. കാരണം ബിലുവിൻെറ ഗ്രൂപ്പിൻെറ നയവും കാര്യപരിപാടിയും ഇന്നത്തെ ജനങ്ങളുടെ ചിന്താഗതിക്കനുകൂലമാണ് . അതുകൊണ്ട് അവരുടെ മാർഗം സാധാരണക്കാരെ ആകർഷിക്കുന്നു. ഞങ്ങളുടേതാകട്ടെ അഹിംസയുടെയും അപരിഗ്രഹത്തിൻെറയും അടിസ്ഥാനത്തിൽ ഉറച്ചു നിൽക്കുന്ന മാനവമനസ്സാണ് . അതുകൊണ്ടാണ് സാധാരണക്കാരെ അവരുടെ മാർഗം ആകർഷിക്കുന്നത് .

നീലുവിനും ബിലുവിനും വായനയിൽ എന്തൊരുത്സാഹമായിരുന്നു! ഞങ്ങളുടെ കക്ഷിക്കാർക്കോ? പറയാതിരിക്കയാണു ഭേദം. ഞാൻ വല്ല പുസ്തകവും നിവർത്തിയാൽ മതി ചോദ്യം തുടങ്ങും, "മാസ്റ്റർ സാഹബ് , വല്ല പരീക്ഷയ്ക്കുമിരിക്കാൻ ഭാവമുണ്ടോ?" നമ്മുടെ രാമചന്ദറിന്നും ഹരിഹറിന്നും വല്ലതുമൊക്കെ വായിക്കണമെന്നുണ്ട് . രാമചന്ദർ ജലചികിത്സയ്ക്കുള്ള പുസ്തകങ്ങൾ വായിക്കുന്നു. ഹരിഹർ ആസനപ്രാണായാമങ്ങളെ സംബന്ധിച്ചവ. ഇക്കൂട്ടരുടെ അഭിപ്രായത്തിൽ ഗാന്ധിജിയുടെ മാർഗത്തിൽ വിശ്വസിക്കുന്നവർക്ക് വായിച്ചും പഠിച്ചും ഇനി എന്തൊരറിവാണു നേടാൻ ബാക്കിയുള്ളത് ? നീലു വെറുതെയാണോ ഞങ്ങളെ കളിയാക്കുന്നത് ? ഞാൻ ടൂറിനു പോകാനൊരുങ്ങുമ്പോൾ ബിലുവിൻെറ അമ്മ എൻെറ സൂട്ട്കേസിൽ വേണ്ട സാധനങ്ങളെല്ലാം എടുത്തു വെയ്ക്കുന്നതു കണ്ടിട്ട് നീലു പരിഹാസ സ്വരത്തിൽ പറയുന്നത് എത്രയോ തവണ കേട്ടിരിക്കുന്നു, "അമ്മേ, 'സർവോദയ'ത്തിൻെറ പഴയ ഫയലുകളും എടുത്തുവെച്ചില്ലേ പെട്ടിയിൽ?" ലഘു—ഗുരുജ്ഞാനം നീലുവിനു പണ്ടേ കമ്മിയാണ് . ഇക്കാര്യത്തിൽ ബിലുവുമായി ആകാശ—പാതാള വ്യത്യാസമാണുള്ളത് . നീലു കടുത്ത സ്വഭാവക്കാരനാണ് . ശുണ്ഠി കയറിയാൽ പിന്നെ ബോധമില്ല.

.....വീട്ടിൽ ചെന്നപ്പോൾ ഒരു ദിവസം കാണുകയുണ്ടായി— ബിലുവിൻെറ അമ്മ അടുക്കളയിറയത്താണ്. ബിലുവും നീലുവും അൽപം വിട്ട് ഇരിക്കുന്നു. രണ്ടുപേരും തമ്മിൽ ഒരു ബന്ധവുമില്ലാത്തപോലെ. ബിലുവിൻെറ അമ്മയും ബിലുവും കരയുന്നു. നീലു ചൂലിൻെറ ഈർക്കലിയെടുത്ത് നിലത്ത് എന്തോ എഴുതുകയോ കണക്കു കൂട്ടുകയോ ആണ്. അടുത്തു തന്നെ ഒരു അരിവാൾ. അരികിലേക്കു ചെന്നപ്പോൾ ബിലുവിൻെറ അമ്മ പുടവയ്ക്കുള്ളിൽ എന്തോ മറയ്ക്കാനുള്ള ശ്രമം. ഞാൻ ചോദിച്ചപ്പോൾ സംഗതി മനസ്സിലായി. ബിലുവിൻെറ കൈകൊണ്ട് മഷിക്കുപ്പി മറിഞ്ഞ് നീലുവിൻെറ 'റബർ കളിപ്പാട്ടം' എന്ന പുസ്തകത്തിൻെറ പുറം പേജ് വൃത്തി കേടായി. അതിൽ ചൂടായി നീലു ബിലുവിൻെറ മാർസഡൻ ചരിത്ര പുസ്തകം അരിവാൾ കൊണ്ട് കൊത്തിയരിഞ്ഞിട്ടു. വല്ലാത്ത കുട്ടി. അവരുടെ അമ്മയും അവരെ ലാളിച്ചു വഷളാക്കി. കുട്ടികൾ വേണ്ടാത്തതു കാട്ടിയാൽ എന്നോടു പറയുകയോ വേണ്ടത് അതോ ഒളിച്ചു വെക്കയോ?

'എന്തെഡോ സദാശിവ്, ഭൂമിഹാർ— രാജപുത് ജാതി മഹാസഭ പിരിഞ്ഞോ? കോമറേഡ് വൈദ്യനാഥ് സദാശിവനെ കളിയാക്കി. സൂത്രയജ്ഞമായിരുന്നു ലക്ഷ്യം. ബീഹാറിലെ ഇടതു പക്ഷപാർട്ടിക്കാർ, അതായത് സോഷ്യലിസ്റ്റുകളും കമ്യൂണിസ്റ്റുകളും ഫോർവേഡ് ബ്ലോക്കുകാരും കിസാൻ സഭക്കാരും വലതു പക്ഷക്കാരെ ബീഹാർ പ്രാദേശിക കോൺഗ്രസ് ഭൂമിഹാരന്മാരുടെയും (ബ്രാഹ്മണരാണെന്നവകാശപ്പെടുന്ന ഒരു ഹിന്ദു ജാതി) ക്ഷത്രിയന്മാരുടെയും പരസ്പര വൈരത്തിൻെറ കളിയരങ്ങാണെന്നു പറഞ്ഞ് കളിയാക്കുന്നു. പ്രാദേശിക കോൺഗ്രസ്സിൽ കക്ഷിപിടുത്തമല്ല ഉള്ളത് —അവിടെ ജാതികളും വ്യക്തികളും തമ്മിലുള്ള തൊഴുത്തിൽ കുത്താണ്. ഇതു വളരെയേറെ ശരിയുമാണ്. ജയിലിലുമിതു കാണാം. രാം ശരൺജിയും ഹരിഹർജിയും ജാതിയുടെ അടിസ്ഥാനത്തിൽ കൊച്ചു കൊച്ച് ഉപസംഘടനകൾ ഉണ്ടാക്കാനുള്ള ശ്രമത്തിലാണ്. ജയിലിൽ നിന്നിറങ്ങിയാലും തങ്ങളുടെ ലീഡർഷിപ്പിന് ഊനം തട്ടരുതല്ലോ. നമ്മുടെ നാടിന് എന്നെങ്കിലും കിട്ടുമോ സ്വരാജ്? ചിലപ്പോൾ അറച്ചുപോകയാണ്. നീലു—ബിലുമാരുടെ പാർട്ടി പറയുന്നതെല്ലാം തെറ്റാണെന്നു

പറയുന്നില്ല. പക്ഷേ കുറച്ചു നേരം മുമ്പു നടത്തിയ സൂത്ര യജ്ഞത്തിൽ എവിടെയാണു കണ്ടത് കക്ഷിവഴക്ക് ? അതു മായിട്ടിതിന് എന്തു ബന്ധം? സമ്മതിച്ചു– സദാശിവ് നിങ്ങളു ടെ സമവയസ്കാനാണ് . എന്നാൽ അയാൾ എന്റെ മുമ്പിൽ വന്നിരിക്കുമ്പോൾ അതിനർത്ഥം എന്നെയും കുത്തിക്കുത്തി പറയാമെന്നാണോ? പ്രായത്തിനും വല്ലതും പരിഗണന നൽ കുന്നുവെങ്കിൽ എന്താണൊരു മഹാബദ്ധം പിണയാനുള്ളത് ?

സദാശിവ് ചുട്ട മറുപടി പറഞ്ഞു, "ഒന്നു മിണ്ടാതിരിക്ക വിടെ ലാൽ ദസിയാ! ചൊല്ലു കേട്ടിട്ടുണ്ട് ; ബ്രാഹ്മണരെ കാലു കഴുകിച്ചൂട്ടിയും, രാജപുത്തിനെ ബാബുസാഹബ് എന്നു പറഞ്ഞും കായസ്ഥന് രൂപ കൊടുത്തും മറ്റെല്ലാ ജാതി ക്കാർക്കും നല്ല തൊഴി കൊടുത്തും വിചാരിച്ചതെന്തും സാധി പ്പിക്കാമെന്ന് . കുറച്ചു പണം കിട്ടിയാൽ പാർട്ടി വിടാൻ ഒരു കൂസലുമില്ല. കായസ്ഥന്മാരായ നിങ്ങളെ എനിക്കറിഞ്ഞു കൂടെ?"

ബൈജനാഥ് കായസ്ഥനാണ് . മിഥിലയിലെ കായ സ്ഥാന്മാരുടെ സർനെയിം സാധാരണ ലാൽ എന്നോ ദാസ് എന്നോ ആയിരിക്കും. അതിനാൽ സാധാരണക്കാർ കായ സ്ഥരെ 'ലാൽദസിയ' എന്നു വിളിക്കുന്നു. ജന്മിമാരുടെ കാര്യ സ്ഥൻ, ഗുമസ്തൻ, പാട്ടാളി തുടങ്ങിയവരുടെ പണി ഇവരുടെ കുത്തകയാണ് . അതിനാൽ പാവപ്പെട്ട കർഷകർക്കിടയിൽ ഇവർക്ക് സ്ഥാനമില്ല. അതുകാരണം 'ലാൽ ദസിയ' എന്ന വാക്കിനർത്ഥം ഇപ്പോൾ കായസ്ഥരെന്നല്ലാതായി. അതിന്റെ യോഗരൂഢാർത്ഥമായ ലോഭികളായ പാട്ടാളികളുടെ മനോ വൃത്തിക്കാരായ ജീവികൾ എന്നായി.

ബൈജനാഥ് പറഞ്ഞു – 'മറ്റൊരു ചൊല്ലു കേട്ടിട്ടില്ലേ? ഇടയൻ കണ്ട പുല്ലിന്റെയും ബ്രാഹ്മണൻ കണ്ട തൈരിന്റെ യും ഗതി ഒന്നുതന്നെ'.

സദാശിവ് ഭൂമിഹാർ ബ്രാഹ്മണനാണ് . അയാൾ പറഞ്ഞു, 'അതു സമ്മതിച്ചു തരുന്നു. കണ്ടില്ലേ മാസ്റ്റർ സാഹിബിനു ഞാൻ കൊടുത്ത തൈര് അദ്ദേഹം കുടിച്ചു. കായസ്ഥന്മാർ പഴഞ്ചൊല്ലിൽ പതിരില്ല എന്നു സമ്മതിക്കാൻ

തയ്യാറില്ല. അവിടന്നാണു തർക്കം തുടങ്ങുന്നത് .' ഇതു കഴിഞ്ഞ് സദാശിവ് ടേബിളിൽ നിന്നിറങ്ങി ബൈജനാഥന്റെ അരികിലേക്ക് ചെന്ന് എന്തോ സ്വകാര്യം പറഞ്ഞു. എന്താണിവർക്ക് പെട്ടന്നു സ്വകാര്യം പറയാൻ കിട്ടിയ ഒരു വിഷയം? ഇന്ന് ബൈജനാഥിന്റെ പാർട്ടിനേതാവായ ഒരു കോമറേഡിന് കഴുമരമേറേണ്ടിവന്നിരിക്കുന്നു. പക്ഷേ ഇവരുടെ പ്രവൃത്തികളിൽ യാതൊരു വൈലക്ഷണ്യവും കാണ്മാനില്ല. മറയ്ക്കകത്തിരുന്നുള്ള പതിവു ക്ലാസുകൾ, ചിരി, ഇടക്കിടക്ക് വാല്യൂ , ലേബർ പവർ, സർപ്ലസ് വാല്യൂ, എന്ന വാക്കുകൾ — എല്ലാം പതിവു പോലെ കേൾക്കപ്പെടുന്നു. എന്റെ ഇടതു വശത്തു താമസിക്കുന്നവരുടെ ജീവിതവും പഴയപടി തന്നെ. എങ്ങും ഒരു പോറൽ പോലും ഏറ്റിട്ടില്ല. അല്ല എല്ലാവർക്കും അനുഭവപ്പെട്ടിട്ടുണ്ടെന്നു തന്നെ തോന്നുന്നു. ഇല്ലെങ്കിൽ ദാസ്ജിയൊഴികെ മറ്റെല്ലാവരും ഉറങ്ങാതിരിക്കുന്നതെന്തു കൊണ്ട് ? ഭൂഷൺജിയും ബിസുൻദേവജിയും കൊതുകുവലയ്ക്കകത്തു കയറിക്കിടപ്പായെങ്കിലും ഉറങ്ങിയിട്ടില്ല. കുറച്ചു മുമ്പുകൂടി അവരുടെ വർത്തമാനം കേട്ടതല്ലേ? നിരവധി സീറ്റുകളിൽ കൊതുകുവല കെട്ടിയിട്ടുണ്ട്. ദൂരത്തോളം നോട്ടമെത്തുന്നില്ല. പക്ഷേ ശബ്ദം ഇവിടെയോളമെത്തുന്നുണ്ട് . ഓസ്കർ വൈൽഡിന്റെ 'ബാലെ ഓഫ് റീഡിങ്ങ് ഗോളി'ലെ (തൂക്കിക്കൊല നാളത്തെ രാത്രിയിലെ) ചില വരികൾ ഓർത്തു പോകുന്നു.

ബട്ട് ദയർ ഈസ് നോ സ്ലീപ്
വെൻ മെൻ മസ്റ്റ് വീപ്
ഹു നെവർ ബട്ട് ഹാവ് വെപ്ട്
സോ വീ ദി ഫൂൾ ദ ഫ്രോഡ് , ദ നേവ്
ദാറ്റ് എൻറ്ലസ് വിജിൽ കെപ്ട്
ആൻറ് ത്രൂ ഈച്ച് ബ്രെയിൻ
ആൻറ് ഹെഡ്സ് ഓഫ് പെൻ
അനദേഴ്സ് ടറർ ക്രെപ്ട് ,

ഇനിയത്തെ വരികൾ ഓർക്കുന്നില്ല. പഠിപ്പിക്കൽ വേണ്ടെന്നു വെച്ചിട്ട് നാളെത്രയോ ആയി. ഇപ്പോഴത്തെ കാര്യമാണോ? ഈ ചില വരികൾ ഓർക്കുന്നു വെന്നതു തന്നെ അത്ഭുതം, ഇപ്പോഴാണ് ഓർക്കുവാൻ ശ്രമിക്കുന്നത് . എല്ലാം ഇപ്പോഴോർക്കയില്ല. പിന്നൊരിക്കൽ പ്രതീക്ഷിച്ചിരിക്കാത്ത

വിധം അനവസരത്തിൽ ഓർമ്മവരും, ഇവരൊക്കെ ഭീതി മൂലമാണോ ഉണർന്നിരിക്കുന്നത് ? ഒരു സമയം സഹതാപം കൊണ്ടാവും. അല്ല, ഈ ഉറക്കമിളപ്പ് സ്വേച്ഛയാ അല്ല. ശ്രമിച്ചിട്ടും ഇവർക്ക് ഉറക്കം വരുന്നില്ല. നേരമ്പോക്കു പറഞ്ഞ് ഇവർ ഹൃദയഭാരം കുറയ്ക്കാൻ നോക്കുന്നു. എൻെറ മനസ്സും ശാന്തമാണ് . എൻെറ മക്കളെ ഞാൻ വേണ്ടത്ര ഗാഢമായി സ്നേഹിക്കുന്നില്ലായിരിക്കാം. ഇല്ലെങ്കിൽ എൻെറ മനസ്സിന് ചാഞ്ചാട്ടമില്ലാത്തതെന്തേ? ബൈജനഥൻെറ സീറ്റിനരികിൽ അയാളും സദാശിവനും കൂടി കുറെ കസേരകൾ കൊണ്ടുവന്നിടുന്നു. രാത്രി ഈ അസമയത്ത് എന്താണിതിൻെറ ആവശ്യം? പിന്നെ സദാശിവ് വന്ന് എൻെറ കട്ടലിൽ ഇരുന്നു. ഞാൻ താഴെ കമ്പിളയിലാണിരിക്കുന്നത് . ബൈജ് നാഥ് , ലക്ഷ്മീ ചതുർവേദി , രാമപ്രകാശ് , ഗിരിധർ, എല്ലാവരും കസേരകളിൽ ഇരുന്നു. ഇവർ രാത്രി മുഴുവൻ ഉറക്കമിളയ്ക്കാനോ ഭാവം? ബില്ലുവിനുമുണ്ട് രാത്രി മുഴുക്കെ ഇരുന്നു വായിക്കുന്ന പ്രകൃതം. എത്രതവണ തടഞ്ഞിരിക്കുന്നു! ഇപ്പോൾ ബില്ലു എന്തു ചെയ്യുകയാവും? ഒരു സമയം ഭ്രാന്തനെപ്പോലെ സെല്ലിൽ നടക്കുകയാവും അയാൾക്ക് ഒരിക്കലെങ്കിലും അച്ഛനെ ഓർമ്മവരില്ലേ? അയാൾ ഭയമുള്ള കൂട്ടത്തിലല്ല. എന്നാൽ അയാൾ ചർക്ക തിരിക്ക പതിവില്ല. ദൈവവിശ്വാസവുമില്ല. ഇന്നു രാത്രി ഇതിലേതെങ്കിലുമൊന്നുണ്ടായിരുന്നു വെങ്കിൽ അയാൾക്ക് എന്തൊരു മനോബലം ലഭിക്കുമായിരുന്നു! സ്ക്കൂളിലെ സംസ്കൃത പണ്ഡിതർ ജയിലിലെ റിലീജി യസ് ഇൻസ്ട്രക്ടർ ആണ് , ഞായറാഴ്ച ജയിലിലെ ഹിന്ദു തടവുകാർക്ക് ഉപദേശം നൽകുവാൻ വരുന്നു. ഞാൻ ഹെഡ്മാസ്റ്ററായിരിക്കെതന്നെ സ്കൂളിൽ വന്നവൻ— ആ ബന്ധത്തിൽ ഒരു ദിവസം എന്നെ കാണാൻ വരികയുണ്ടായി. ബില്ലു അയാളുടെ ശിഷ്യൻ. അയാൾ ദുഃഖത്തോടെ പറയുക യുണ്ടായി. ഞാൻ ബില്ലുവിൻെറ സെല്ലിൽ പോകയുണ്ടായി. അപ്പോൾ ബില്ലു പറഞ്ഞു, മതോപദേശം ആവശ്യമില്ല. പക്ഷേ ബില്ലു എൻെറ കാൽതൊട്ടു വണങ്ങാൻ മറന്നില്ല. ബില്ലു അ ത്തരത്തിൽപെട്ട കുട്ടിയല്ല. ഈശ്വരനെ വിശ്വാസിച്ചാൽ കമ്യൂ ണിസ്റ്റാവാൻ സാധിക്കയില്ലേ സത്യത്തിൽ ? കാവിയുടുക്കുന്ന സ്വാമിജിമാരൊക്കെ അവരുടെ പ്രവർത്തകന്മാരാണ് . അവരും ദൈവത്തിൽ വിശ്വസിക്കുന്നില്ലെന്നോ? അന്നൊരു ദിവസം

അസിസ്റ്റൻറ് ജയിലർക്ക് ഞാൻ ഒരു പോക്കറ്റ് ഗീത കൊടുക്കയുണ്ടായി . ബിലുവിനു കൊടുക്കാൻ. പിറ്റേന്ന് ആ പുസ്തകം എനിക്കു തിരിച്ചു തന്നിട്ടു പോകുമ്പോൾ പറഞ്ഞു— “നിങ്ങളുടെ മകൻ പറയുന്നു, ഈ പുസ്തകം വേണ്ട. വേറെ നല്ല പുസ്തകങ്ങൾ വല്ലതും തന്നാൽ വായിക്കാം.” എൻെറ പക്കൽ വേറെ പുസ്തകങ്ങൾ ഉണ്ടായിരുന്നു. ഞാൻ അതു കൊണ്ടു പോയി കൊടുക്കാൻ അപേക്ഷിച്ചു. അസിസ്റ്റൻറ് ജയിലർ പറഞ്ഞു— ‘ എനിക്ക് മത ഗ്രന്ഥങ്ങൾ കൊടുക്കാനേ അധികാരമുള്ളൂ. ഡിവിഷൻ ത്രീ കണ്ടംഡ് പ്രിസനർക്ക് മറ്റു പുസ്തകങ്ങൾ കൊടുക്കണമെങ്കിൽ സൂപ്രണ്ടിൻെറ അനുവാദം വേണം. സായ്പ് നല്ലവനും ലീനിയൻറുമാണ് . —അങ്ങോർ ചോദിച്ചതുമാണ് നിങ്ങളുടെ മകനോട് , വല്ലതും വേണമോ എന്ന് . തനിക്കൊന്നും വേണ്ട എന്നായിരുന്നു മറുപടി.’

ശരിയാണ് പറഞ്ഞത് . ബിലുവിൽ നിന്ന് അങ്ങനെയുള്ള മറുപടി മാത്രമേ പ്രതീക്ഷിക്കാനാവൂ. അയാൾ അവസാന നിമിഷം വരെ തലയുയർത്തിപ്പിടിക്കും. എൻെറ പേർ ഉജ്ജ്വലമാക്കിക്കൊണ്ട് , എല്ലാ അപകർഷതകളെയും ചവിട്ടി മാറ്റി , അഭിമാനത്തിൽ തിളങ്ങുന്ന മുഖവുമായി, ഒന്നിനെയും കൂസാതുള്ള ചിരിയോടെ നോൺമിലിട്ടൻറായ ബിലു യാത്രയാവും.

കഴിഞ്ഞ ലോകയുദ്ധത്തിനു ശേഷമുള്ള ഒരു കാർട്ടൂൺ ഓർക്കുന്നു. ‘പഞ്ച് ’ മാസികയിൽ വന്നത് . രണ്ടു വൃദ്ധരായ ലാർഡുകൾ തങ്ങൾ ലാളിച്ചു പാലിച്ച മേദോബഹുളമായ ദേഹം ഒരു അരിസ്റ്റോക്രാട്ടിക് ക്ലബിലെ തടിച്ച കുഷനുള്ള സോഫയിൽ നിക്ഷേപിച്ച് ഇരിക്കുന്നു. ചുണ്ടിൽ ചുരുട്ട് . മേശപ്പുറത്ത് കുപ്പികൾ ഗ്ലാസുകൾ. രണ്ടു പേരും മത്സരിച്ചെന്നതുപോലെ സംഭാഷണം ചെയ്യുന്നു. അവരുടെ മക്കൾ യുദ്ധത്തിൽ കൊല്ലപ്പെട്ടു. രണ്ടു പേർക്കുമില്ല ഇതിൽ ദുഃഖം. ഒരാൾ മറ്റേയാളെ തോൽപിച്ചേ അടങ്ങൂ എന്ന വാശിയിൽ കുട്ടികളുടെ മരണമാണ് സംഭാഷണവിഷയമെങ്കിലും അവർക്ക് അത് ഗൗണമായ വിഷയമായിത്തീർന്നിരുന്നു. ഇതാരാലോചിക്കും . എൻെറ ഊറ്റം കൊള്ളലും അതേപോലെ ഹാസ്യാസ്പദമാണ് . ഏതൊരുവനുവേണ്ടി ഞാൻ പിതൃകർത്തവ്യം പാലിച്ചില്ലയോ അയാൾ ചെയ്ത ത്യാഗം

കൊണ്ടു നേടിയ അഭിമാനത്തിൽ പങ്കാളിയാകാൻ എനിക്ക് സങ്കോചം തോന്നുന്നില്ല. ഞാൻ ഈ മാർഗം സ്വീകരിച്ചില്ലായിരുന്നു വെങ്കിൽ ബിലുവിന് ഈ ഗതി വരുമായിരുന്നുവോ? എൻെറ അച്ഛനെപ്പോലെ ഞാനും ഗവർമെൻറ് ജീവനക്കാരനായിരുന്നു., എൻെറ മകനും മറ്റു മക്കളെപ്പോലെ പഠിച്ചു പണം സമ്പാദിക്കുമായിരുന്നു, വിവാഹം കഴിച്ചു പുത്രകളത്രാദികളോടൊപ്പം ഗൃഹസ്ഥജീവിതം നയിക്കുമായിരുന്നു. അയലത്തെ മിത്തിർ ബാബു പറഞ്ഞതു സത്യം തന്നെ , വിവാഹം ചെയ്ത് കുട്ടികൾ കൂടിയായാൽ ആർക്കും സ്വേച്ഛാനുസാരം ജീവിക്കുവാനധികാരമില്ല. ആ ദശയിൽ അവൻെറ ജീവിതം അവൻേറതു മാത്രമല്ലല്ലോ. അതിൽ വേറെ പലർക്കുമുണ്ട് അധികാരം. എനിക്കങ്ങനെയായിരുന്നില്ല, ആകുമായിരുന്നുമില്ല. പണമുള്ളവർ ആ സ്ഥിതിയിൽ ഭാര്യക്കും കുഞ്ഞുങ്ങൾക്കുമായി നേരത്തേകൂട്ടിത്തന്നെ വല്ല ഏർപ്പാടുകളും ചെയ്തുവെയ്ക്കുന്നു, എന്നാൽ അതോടെ തീർന്നോ കർത്തവ്യം? അതുകൊണ്ട് കുഞ്ഞുങ്ങൾക്കു സുഖമായിക്കഴിയാമായിരിക്കാം. സുഖമായിക്കഴിയുക മാത്രമോ ലോകത്തിൽ അഭികാമ്യമായത് ? ഗൃഹസ്ഥ ജീവിതത്തിൽ മധുരമായ ഒരു ബന്ധനം പരസ്പരം രൂപം കൊള്ളുന്നതിനു വിലയില്ലേ? രാജ്യവും ഐശ്വര്യവുമൊക്കെ ഇട്ടെറിഞ്ഞു പോയ സിദ്ധാർത്ഥൻ പത്നിയോടും പുത്രനോടും നീതി കാട്ടിയോ?

ബിലുവിനെ ഇംഗ്ളിഷ് കോളേജിൽ പഠിപ്പിച്ചില്ല. അയാളുടെ അമ്മയുടെ നിർബന്ധം കാരണം മെട്രിക് വരെ ഹൈസ്ക്കൂളിൽ പഠിപ്പിച്ചു. എൻെറ ആഗ്രഹം പോലെനടന്നിരുന്നെങ്കിൽ ഇംഗ്ലീഷ് സ്കൂളിൽ ഇത്രതന്നെ പഠിക്കയില്ലായിരുന്നു. അയാളെ ബിഹാർ വിദ്യാപീഠത്തിൽ അയക്കാനായിരുന്നു മോഹം. ബിലു ഇംഗ്ലീഷ് സ്കൂളിൽ പഠിച്ചിരുന്നതുകൊണ്ട് എനിക്ക് സഹപ്രവർത്തകരിൽ നിന്ന് പലതും കേൾക്കേണ്ടിവന്നിരുന്നു. മഹാത്മജി ഞങ്ങളുടെ ആശ്രമത്തിലെഴുന്നള്ളിയപ്പോൾ ജായസ് വാൽജിയുടെ പത്നി ഈ വിവരം അദ്ദേഹത്തിനും ഓതിക്കൊടുക്കയുണ്ടായി. ആ മാന്യസ്ത്രീയുടെ തലയ്ക്ക് അൽപമെന്തോ തകരാറുണ്ട് . എന്നാൽ അവർ സ്വമനസ്സാലെയാണ് ഇതൊക്കെ മഹാത്മജിയോട് പറഞ്ഞതെന്നു തോന്നുന്നില്ല. എൻെറ തന്നെ ഹിതൈഷിയായ ഏതോ സഹപ്രവർത്തകൻെറ നിർദ്ദേശമനുസരിച്ച് ചെയ്തതാ

ണ് . മഹാത്മജി ആ സമയം ഇതേപ്പറ്റി ഒന്നും പറഞ്ഞില്ല. "ഇത്ര വലിയൊരു രാജ്യത്ത് എല്ലാത്തരം ആളുകളും ഉണ്ടാവും. എൻെറ മക്കളും എന്നെ കുറ്റപ്പെടുത്തുകയാണ് . "ഇത്രമാത്രം പറഞ്ഞ് അദ്ദേഹം ആ ചർച്ച അവസാനിപ്പിച്ചു. എൻെറ തല ലജ്ജ കൊണ്ടു കുനിഞ്ഞു . ഈ അഭിപ്രായ പ്രകടനത്തിൻെറ ഉഗ്രത ബിലുവിനും അയാളുടെ അമ്മയ്ക്കും ശരിക്കും അനുഭവപ്പെട്ടു. അതുകാരണം മെട്രിക് പാസ്സാ യപ്പോൾ ഇനി കാശി വിദ്യാപീഠത്തിൽ പഠിച്ചാൽമതിയെ ന്ന് ബിലുവിനും തോന്നി. അയാളുടെ അമ്മയ്ക്കും തോന്നി, ഇംഗ്ളീഷ് കോളേജിൽ പഠിപ്പിക്കുന്നതൊക്കെ അയാൾ അവിടെയും പഠിച്ചു. നീലു ബി. എ. പാസ്സായി, എന്നുവെച്ച് അയാൾക്കു ബിലുവിനെക്കാൾ അറിവു് കുടുതലുണ്ടോ? ബിലുവിനൊപ്പം പഠിച്ച കുട്ടികളൊക്കെ ബി.എ.യും. എം. എ. യുമായി. പിന്നെയെന്തിനാണ് അവർ ബിലുവിൻെറ അടുക്കൽ പഠിക്കാൻ പോയിരുന്നത് ? ഇതൊക്കെയായാലും ആളുകൾ വിദ്യപീഠത്തിൻെറ ശാസ്ത്രീ എന്ന ഡിഗ്രി പേരിനൊടൊപ്പം ചേർക്കുന്നില്ല എന്നു കാണുന്നു. ബിലു പാസ്സായെന്നു കത്തു വന്നു ദിവസം ഞാൻ ബിലുവിൻെറ അമ്മയെ വിവരമറിയാക്കാൻ പോയി. ഇന്നുതൊട്ട് ബിലുവിൻെറ പേർ പൂർണചന്ദ്രശാസ്ത്രീയെന്നാണ് എന്നു ഞാൻ പറഞ്ഞു. ബിലുവിൻെറ അമ്മ ഉത്സാഹം കാണിക്കുമെന്നായിരുന്നു , വിചാരം . എന്നാൽ അവൾ ഒന്നും മിണ്ടാതെ വട ഉണ്ടാക്കിക്കൊണ്ടിരുന്നു, തലയും കുനിച്ചിരുന്ന്. ഇതിനുശേഷവും പല തവണ കണ്ടിട്ടുള്ളതാണ് – പഠിപ്പിൻെറ വർത്തമാനമെടുത്തിട്ടാൽ ബിലുവിൻെറ അമ്മ ഒഴിഞ്ഞുകളയും.. ഇതൊക്കെ കാരണം ബിലുവിന് ഇൻഫിരിയോരിറ്റി കോംപ്ലകസ് വന്നു കൂടിയിരുന്നു. അയാൾക്കു വേണ്ടത്ര വിദ്യാഭ്യാസം നൽകിയില്ല എന്നതാണ് ബിലുവിൻെറ അമ്മയുടെയും വിചാരം. മകൻ കാരണമല്ല പല തിരിപ്പിലും പെട്ട ഞാൻ കാരണം . നേരു തന്നെ. ബിലുവിനെപ്പോലുള്ളവർക്ക് ഉയർന്ന വിദ്യാഭ്യാസം ലഭിച്ചാൽ പ്രൊഫസറോ സൈൻറിസ്റ്റോ ആകാം. പുതിയ പുതിയ കണ്ടുപിടിത്തം കൊണ്ട് ലോകമെങ്ങും പ്രശസ്തനാകാം. എന്നാൽ ഞാനോ? അയാളെ എന്തൊരു പരിതഃസ്ഥിതിയിലാണു കൊണ്ടുവന്നു കുടുക്കിയത് ! ജയിലിലുമില്ല സുഖവും സമാധാനവും. അയാൾ വളർന്നിട്ടുള്ളത് മരണശിക്ഷ ഒരു സാധാരണ അനിഷ്ടസംഭവം മാത്രമായിക്കാണുന്ന ചുറ്റുപാടിലാണ് . എന്നാൽ ബിലു വിഡ്ഢിയല്ല. വിവേചന

ബുദ്ധിയുണ്ട് . വലുതായപ്പോൾ അയാൾ സ്വന്തം മാർഗം തെരഞ്ഞെടുത്തു. ഇതിലേറെ എന്തുണ്ടു ചെയ്യാൻ?

ഞെട്ടിപ്പോയി — ഇങ്ങിനെയാരെങ്കിലും വാതിൽക്കൽ മുട്ടാറുണ്ടോ? എഡോ, വാതിൽ കുറ്റിയിട്ടിട്ടുണ്ടോ എന്നു നോക്കേണ്ട പണിയല്ലേ നിങ്ങൾക്കുള്ളൂ? ഇതിനിത്ര ശക്തി പ്രയോഗം വേണോ? അടുത്ത സീറ്റിൽ നിന്ന് ആരോ വിളിച്ചു പറഞ്ഞു— 'പൊളിക്ക് ! പൊളിച്ചിട് !' മറ്റൊരു കൊതുകുവലയ്ക്കുള്ളിൽ നിന്ന് ശബ്ദം കേട്ടു — 'എന്നാൽ പിന്നെ പൊറുതിയായി.'

അപ്പോൾ രാത്രി ഒരു മണിക്കാരൻ വാർഡർ വന്നുവല്ലേ? വാർഡർ എന്നെത്തന്നെ നോക്കുന്നു. വലിയ വലിയ നരച്ച മീശ. വലിയ മുഖം. മുഖത്തേക്കു നോക്കിയപ്പോൾ എന്നെ തൊഴുതു. പിന്നെ അപ്പുറത്തിരിക്കുന്ന ബൈജ്നാഥ് പ്രഭൃതികളുടെ നേരെ തിരിഞ്ഞു— 'നമസ്തേ! എല്ലാവർക്കും സുഖമല്ലേ?'

ലക്ഷ്മീ ചതുർദേവി പറഞ്ഞു— 'അല്ലാ, സിംഹജീ ഏറെ നാളായല്ലോ നിങ്ങളെ ഡ്യൂട്ടിക്കു കണ്ടിട്ട് ? എന്താണു സംഗതി?'

'ഒരാഴ്ച ലീവെടുത്തു. ഇന്നലെ തിരിച്ചെത്തി. യുദ്ധവാർത്തകളെന്തൊക്കെ?'

'അതു പറയാൻ ഞങ്ങളോ? നിങ്ങളല്ലേ പുറത്തുള്ളവർ? നിങ്ങൾ ഞങ്ങളോടു പറയണം. നേരെ മറിച്ചാണല്ലോ എന്നിട്ടു ചോദിക്കുന്നത് .'

'സാറന്മാർ ഇംഗ്ലീഷ് പത്രങ്ങൾ വായിക്കുന്നവരല്ലേ? അതുകൊണ്ടു ചോദിച്ചതാണ് ? ഇതിനുശേഷം വാർഡർ തുടങ്ങി — യുദ്ധത്തിൻെറ, നഗരത്തിൻെറ, തൻെറ, നാടിൻെറ, മഹാത്മജിയുടെ എല്ലാം നിരവധി വർത്തമാനങ്ങൾ — ബഹുവിചിത്രങ്ങൾ. ഗുഡ്സ് വണ്ടിയിൽ കയറ്റി ഒട്ടേറെ കഴുകന്മാരെയും പരുന്തുകളെയും യുദ്ധക്കളത്തിലേക്കു കൊണ്ടുപോകുന്നു. മഹാത്മജി ഉപവാസം തുടങ്ങിയ ദിവസം എന്തുകൊണ്ടാണാവോ, വൈസ്രോയിയുടെ ബംഗ്ലാവിൻെറ മച്ച് പൊടുന്നനെ 'ഫട് ' എന്നൊരു പൊട്ട് . മഹാത്മജിയോട് ഇടഞ്ഞ

തിന് അന്നൊരിക്കൽ രാജകോട്ടിലെ ദിവാന് എന്തു സംഭ വിച്ചുവെന്നറിയാമോ— അങ്ങനെയങ്ങനെ എന്തെല്ലാം നാട്ടു വർത്തമാനങ്ങൾ! ഈ വൃത്താന്തങ്ങൾ പറഞ്ഞു കേൾപ്പിക്കാൻ അയാൾ വെമ്പിക്കൊണ്ടിരിക്കയായിരുന്നു. അയാളുടെ ആദ്യ ത്തെ ചോദ്യം ഇതിന്റെ മുഖവുരയായിരുന്നു. പിന്നെ അയാ ൾ ബൈജ്നാഥന്റെ ജനലിന്നരികിൽ ഇരുപ്പുറപ്പിച്ചു, വിസ്തരി ച്ചുള്ള ഒരു ബഡായി പറച്ചിലിന് . മറ്റു നാളുകളിൽ രാത്രി ഡ്യൂട്ടിക്ക് ആരും ഉറങ്ങാതിരിക്കുക പതിവില്ല. അപ്പോളൊക്കെ എന്തെന്നില്ലാത്ത ഏകാകിത്വം തോന്നുന്നു. ഉറക്കം തൂങ്ങിയും ഇടിച്ച പുകല തിന്നും, കാവൽക്കാരെ ഉണർന്നിരിക്കാൻ വിളിച്ചു ണർത്തിച്ചും, ഒന്നെണീറ്റു നടന്നും ഒക്കെ നോക്കിയാലും രണ്ടു മണിക്കൂർ തീരില്ലെന്ന് ഒരു തോന്നൽ. അവരുടെ വെടി പറ ച്ചിലിൽ വാർഡർ ഇരിക്കുന്നത് ബൈജ്നാഥിന് അത്ര രസി ച്ചില്ലെന്നു തോന്നുന്നു.

ബൈജ്നാഥ് പറഞ്ഞു—“സിംഹജീ! നിങ്ങൾ ദ്വാപര ത്തിൽ കിസുൻജിയെയും കിസുൻജിയുടെ അമ്മയെയും ജയി ലിലിട്ടടച്ചു. ഇന്ന് ജയിലിലടച്ചിരിക്കുന്നത് മഹാത്മജിയെയും അദ്ദേഹത്തിന്റെ ശിഷ്യരെയും.”

‘തലയിലെഴുത്ത് തുടച്ചാൽ പോകുമോ? പക്ഷേ കിസുൻ ജിയെ എത്രനാൾ ജയിലിലിട്ടടച്ചു? നിങ്ങൾക്കൊക്കെ എത്ര നാൾ ഇവിടെ കഴിഞ്ഞുകൂടേണ്ടിവരുമെന്നതിന് വല്ല കണക്കു മുണ്ടോ? ഈ നശിച്ച യുദ്ധം എന്നെങ്കിലും അവസാനിക്കുന്ന ലക്ഷണവുമില്ല.’

ബൈജ്നാഥ് പ്രഭൃതികൾ ആർത്തുചിരിച്ചു. സിംഹജി യെ അവർ കുടുക്കിക്കളഞ്ഞിരിക്കുന്നു. ‘രാധാകിസൻ’ എന്നു കേൾക്കുമ്പോൾത്തന്നെ സിംഹജിക്കു ശുൺഠി പിടിക്കുന്നു. ഉടൻ പറയുന്നു, ‘ബോലോ സീതാറാം’. ഇന്ന് ഓർക്കാപ്പുറ ത്ത് അയാൾ തന്നെ കിസുൻജിയുടെ പേർ പറഞ്ഞു. നാണം കൊണ്ടുള്ള വിഡ്ഢിച്ചിരിയോടെ, രണ്ടു കൈകളും ചേർത്ത് ഒരിക്കൽ കൊട്ടി, അയാൾ അവിടന്ന് ഓടിപ്പൊയ്ക്കളഞ്ഞു. ബൈജ്നാഥും മറ്റും വിളിച്ചു, “നിൽക്കൂ സിംഹജീ! പറയട്ടെ, ഞങ്ങളെ മോചിപ്പിക്കുന്ന വാർത്ത” ആരിതു കേൾക്കാൻ നിൽ ക്കുന്നു. അയാൾ വാർഡിന്റെ മറ്റേ അറ്റത്ത് എത്തിക്കഴി ഞ്ഞിരുന്നു. വാർഡർമാരുടെയെല്ലാം കൈയിൽ റാന്തലു

ണ്ടായിരിക്കും. സിംഹജി അയാളുടെ റാന്തൽ ജനലിന്നരികിൽ നിന്നെടുക്കാതെയാണു പോയത് . കോമറേഡ് ഗിരിധർ ജന ലഴികൾക്കിടയിലൂടെ അയാളുടെ റാന്തലിലെ മണ്ണെണ്ണ ഒരു ചായക്കോപ്പയിൽ ഊറ്റിയെടുത്തു. യുദ്ധക്കാലം — മണ്ണെണ്ണ യ്ക്കു വലിയ ക്ഷാമം. അവർ മോചിപ്പിക്കുന്നതിനെപ്പറ്റി സം സാരിക്കുന്നു. ഹോം മെമ്പറിൻെറ സ്റ്റേറ്റ്മെൻറിലെ സ്വരം, ആമറി പാർലമെൻറിൽ എന്തു പറഞ്ഞു, ഏതേതു കോൺഗ്ര സ് പ്രവർത്തകരെ വിട്ടു എന്നിവയുടെ പശ്ചാത്തലത്തിൽ സർക്കാരിൻെറ മനോഭാവത്തിൽവല്ല മാറ്റവും വന്നിട്ടുണ്ടോ എന്ന് ഊഹിക്കുകയും അനുമാനിക്കുകയും തർക്കിക്കുക യുമാണവർ. ജയിലിൽ വന്നാൽ ആശ്വസിക്കുന്നു. എന്നാൽ കുറച്ചു നാൾക്കകം ജയിൽ ജീവിതം വൈവിധ്യമില്ലാത്തതായി ത്തീരുന്നു. പിന്നെ രാപ്പകൽ മോചനത്തിനെപ്പറ്റിയുള്ള ചിന്ത തന്നെ. പത്രങ്ങളിൽ അതിനെ പിന്താങ്ങുന്നതോ എതിർക്കു ന്നതോ ആയ യുക്തികൾ തേടുന്നു. ഫുദ്ദൻബാബു സ്വയം വിടുതലിന്നുള്ള യുക്തികൾ ശേഖരിക്കുന്നതിൻെറ കുത്തക ഏറ്റെടുത്തിരിക്കുന്നു. പത്രം വായിച്ചുകഴിഞ്ഞാൽ അയാളുടെ ചുറ്റും എന്തൊരു തെരക്കാണെന്നോ! ബിസുൻദേവജി ഇതിന് തുളസീ ദാസൻെറ പദ്യത്തിൻെറ ഒരു പാരഡി ഉണ്ടാക്കിയി ട്ടുണ്ട് . ദിവസവും ഒരു മേറ്റ് പത്രക്കെട്ടുമായി എത്തുമ്പോൾ ആരെങ്കിലുമൊരാൾ ആ പദ്യം ചൊല്ലും.

തുളസീ ഡൂംഡത് ജേൽമേം
വഹ്ബഢിയാ അഖ്ബാർ
ജിസ്മേം ചർചാ സുലഹ് കീ
കർതീ ഹോ സർക്കാർ

പോട്ടെ, ഇന്നില്ലെങ്കിൽ വേണ്ട, എന്നെങ്കിലും എല്ലാവരും മുക്തരാവും.. പക്ഷേ ബിലുവോ? ബിലുവിനെ ഒന്നിച്ചു കൊ ണ്ടുപോകാൻ കഴിയുകയില്ല. ഞാൻ വൃദ്ധനായി. എനിക്ക് ഇനിയും എത്ര നാളത്തെ ജീവിതം? പക്ഷെ ബിലുവിന് എന്തുണ്ട് പ്രായം?ജീവിതം അയാളുടെ മുമ്പിൽ നീണ്ടു കിടക്കു ന്നു. ഞാൻ മടങ്ങിപ്പോവും, ബിലുവില്ല. ബിലുവിനെ കല്യാണം കഴിപ്പിച്ചിരുന്നുവെങ്കിൽ അയാൾ ഗാന്ധിജിയുടെ ശിഷ്യനാകു മായിരുന്നു. വിവാഹത്തിനുശേഷം ജീവിതത്തിൻെറ ഉദ്ദണ്ഡത അവസാനിക്കുന്നു. ചുമതലാബോധം വരുന്നു. അങ്ങനെയാ യാൽ ബിലു കമ്യൂണിസത്തിൻെറ അപകടം നിറഞ്ഞ വഴിക്കു

തിരിക്കുകയില്ലായിരുന്നു. 'സർവോദയ'ത്തിൽ കാക്കാ കാലേൽക്കർ തന്റെ ലേഖനത്തിൽ നേരമ്പോക്കായിട്ടായാലും പറഞ്ഞതു സത്യമാണ്. അദ്ദേഹം പറയുന്നു, കോൺഗ്രസ്സുകാരിൽ വിവാഹം കഴിഞ്ഞവർ വളരെ ശാന്തരാണ്. എന്നാൽ അവിവാഹിതരോ വിഭാര്യരോ ആയവർ ആക്രമണകാരികളെപ്പോലെയാണ്. ജവഹർലാൽ, സുഭാഷ് ബോസ്, വല്ലഭ് ഭായിപട്ടേൽ — ആർക്കും ശാന്തമായ മസ്തിഷ്കത്തോടെ ഒന്നിനെപ്പറ്റിയും ചിന്തിക്കാൻ കഴിയുന്നില്ല. ഇല്ല, കമ്യൂണിസ്റ്റു പാർട്ടിയിൽ ചേർന്നില്ലെങ്കിലും ബിലുവിനെ രക്ഷിക്കാൻ കഴിഞ്ഞെന്നു വരില്ല. ഈ പ്രസ്ഥാനത്തിൽ എത്രയോ പേർ കൊല്ലപ്പെട്ടു — മഹാത്മജിയുടെ ശിഷ്യരിൽത്തന്നെ ദൈനിക ജീവിതത്തിൽ രാഷ്ട്രീയവുമായി ബന്ധമില്ലാത്ത എത്രയോ പേർ ഹിംസാത്മക പ്രവർത്തനം നടത്തി. ജനനവും മരണവും ആരുടെയും സ്വന്തം കൈപ്പിടിയിലല്ല.

സരസ്വതിയെ ബിലു വിവാഹം ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായേനെ? രണ്ടു പേർക്കും സുഖമാകുമായിരുന്നു. സരസ്വതി നല്ലവളാണ്. ആഗസ്റ്റിൽ പോലീസ് അവളെ പിടിച്ചു. രണ്ടു മൂന്നു മാസം കഴിഞ്ഞ് തെളിവില്ലെന്നു പറഞ്ഞ് വിട്ടു. അവൾ ജനുവരി 26ന് സ്വാതന്ത്ര്യദിനത്തിൽ വീണ്ടും ജയിലിൽ വന്നിരിക്കുന്നു. അവളെ വിവാഹം ചെയ്തിരുന്നെങ്കിൽ രണ്ടുപേർക്കും രാഷ്ട്രീയത്തിൽ പങ്കെടുത്തുകൊണ്ട് കുടുംബം ഭരിക്കാമായിരുന്നു. ലെനിനും വിവാഹിതനായിരുന്നല്ലോ.

കപിൽദേവും അയാളുടെ അമ്മയും വിവാഹത്തിന്റെ കാര്യം എടുത്തിടുകയുണ്ടായി. അയാളുടെ വംശത്തിനു എന്തോ കുഴപ്പമുണ്ടത്രെ. ഇല്ലായിരുന്നെങ്കിൽ ആ വിദ്യാഭ്യാസമില്ലാത്ത ഭൂമിഹാർ ബ്രാഹ്മണകുടുംബം ബംഗാളിയുടെ തറവാട്ടിലേക്കു 'പെൺകൊട'യ്ക്കാലോചിക്കുമെന്നു വിചാരിക്കുന്നുണ്ടോ? എനിക്ക് ഇതിൽ ഒരു വിരോധവുമില്ലായിരുന്നു. ബിലുവിന്റെ അമ്മയാണ് സമ്മതിക്കാതിരുന്നത്. ബിലുവിന്റെ അഭിപ്രായം അന്വേഷിക്കതന്നെ ഉണ്ടായില്ല. ഇന്നത്തെ ചെറുപ്പക്കാർ— ആദ്യമേ ഞാൻ അയാളോടു ചോദിക്കേണ്ടതായിരുന്നു. പക്ഷേ ബിലുവിന്റെ അമ്മയ്ക്കു 'പിടുത്ത'മല്ല എന്നാണെങ്കിൽ സംഗതി വെറുതെ നീട്ടിക്കൊണ്ടുപോ

യിട്ടെന്തു കാര്യം? വളരെ നാൾ മുമ്പ് ബിലുവിൻെറ അമ്മ പറഞ്ഞിട്ടുണ്ടായിരുന്നു— രാഷ്ട്രീയ പ്രവർത്തകർ വിവാഹം കഴിക്കരുതെന്നാണത്രെ ബിലുവിൻെറ അഭിപ്രായം. സരസ്വതിയുമായി ഒരു പക്ഷേ യോജിക്കുമായിരുന്നു. ഇക്കാലത്തെ ഇടത്തരം കുടുംബത്തിൽപെട്ട ബംഗാളിപ്പെൺകുട്ടികളെക്കാൾ അധികം സരസ്വതി പ്രയോജനപ്പെടും. അവളുടെ ആരോഗ്യത്തിനും കുറവില്ല. കണ്ടാലും ഉണ്ട് മുഖശ്രീ. എത്ര ക്ഷണമവൾ വളർന്നു വലുതായി. കപിൽദേവിന് എന്നുമുണ്ടാവും കളക്ടറേറ്റിൽ വല്ല കേസും കൂട്ടവും. കച്ചേരിയാവശ്യത്തിനു വരുമ്പോൾ താമസം ആശ്രമത്തിൽത്തന്നെ. വരുമ്പോഴൊക്കെ സരസ്വതിയെയും കൂട്ടിക്കൊണ്ടുവരുന്നു. ഇതാ ഇന്നലെയെന്നു പറഞ്ഞപോലെ ഒരു റോസ് നിറത്തിലുള്ള സാരിയുടുത്ത് ചുറുചുറുക്കുള്ള അവൾ ഗുലാബ് ബാഗിലെ മേള കാണുവാൻ അച്ഛൻെറ കൂടെ കാളവണ്ടിയിൽ വന്നിറങ്ങുകയുണ്ടായി. ഞങ്ങളുടെ കുടുംബത്തിലെ പെൺകിടാങ്ങൾ ഈ പ്രായത്തിൽ ഫ്രോക് ധരിക്കുന്നു. അടുക്കളത്തളത്തിൽ വെച്ച് ബിലുവിൻെറ അമ്മ അവൾക്ക് ഭക്ഷണം വിളമ്പിക്കൊടുത്തു. തളികയിൽ നിന്ന് പാൽ ഒന്നു മൊത്തിക്കുടിക്കേണ്ട താമസം അവൾ വിങ്ങിപ്പൊട്ടിക്കരയുവാൻ തുടങ്ങി. എന്തിനാണീ കരച്ചിലെന്ന് എത്ര ചോദിച്ചിട്ടും പറയാൻ ഭാവമില്ല. ഒടുവിൽ സഹദേവൻ വന്ന് നല്ല വാക്കു പറഞ്ഞും ശകാരിച്ചും കരച്ചിലിൻെറ കാരണം ഒരു വിധം വെളിയിൽ കൊണ്ടുവന്നു. അവൾക്ക് എരുമപ്പാൽ കുടിച്ചാണത്രെ ശീലം— പശുവിൻ പാലിന് ഒരു സ്വാദും തോന്നുന്നില്ല. കുടിക്കാൻ രുചിതോന്നുന്നില്ല... വിവാഹം നടന്നില്ല, നന്നായി. നടന്നിരുന്നെങ്കിലോ, ഭാഗ്യഹീനന്മാരുടെ എണ്ണം കൂടും അത്രതന്നെ. എൻെറ ഭാരം കൂടുകയേ ചെയ്യൂ. ഞാൻ ഒന്നു കൂടി കുടുങ്ങും. ഞാനും എത്ര നാൾ ജീവിക്കുവാൻ പോകുന്നു? നീലു പിന്നെയും ഉണ്ടാവും. നീലു ഉണ്ടായിട്ടെന്തു ഫലം? ഇല്ലാത്ത ഫലം തന്നെ. അയാളെക്കൊണ്ടു വല്ല കാര്യവും നടത്താമെന്നുവെച്ചാൽ മുടങ്ങിയതു തന്നെ. അയാളെപ്പോലൊരു മനോരാജ്യക്കാരനും ഉത്തരവാദിത്വബോധമില്ലാത്തവനും.. ബിലുവിനെക്കൊണ്ടു മാത്രമേ അയാളെ ഒന്നു പിടിച്ചു നിർത്താൻ കഴിഞ്ഞിരുന്നുള്ളൂ. മറ്റുള്ളവർ മനുഷ്യരാണെന്ന വിചാരം തന്നെയില്ല അയാൾക്ക് . ആരു പറഞ്ഞാലും കേട്ടെന്നു നടിക്കില്ല. കുട്ടിക്കാലം തൊട്ടേ അയാൾ അനുസരണയില്ലാത്തവനാണ് . വലുതായപ്പോൾ

ശാന്തനും ഗംഭീരനുമായി. കുട്ടിക്കാലത്ത് എന്തൊരു കുസൃതി യായിരുന്നു. എന്നും എന്തെങ്കിലും ഒരു ചേട്ടത്തം കാട്ടും.

അന്നൊരിക്കൽ ദുർഗാബാബുവിന്റെ ഒരു താറാവിനെ പിടിച്ച് പൊരിക്കുകയായിരുന്നു, ആശ്രമത്തിനു പടിഞ്ഞാ റുവശമുള്ള മുളങ്കൂട്ടത്തിനടുത്തുവെച്ച് . ദുർഗാബാബു ഓടി വന്നു പരാതി പറഞ്ഞു. ഞാൻ നീലുവിനെ അന്വേഷിച്ചു ചെന്നു. ദുർഗാബാബുവിന്റെ മകനുമുണ്ട് കൂടെ. അവനാ ണ് വിവരം വീട്ടിലറിയിച്ചത് . മുളങ്കൂട്ടത്തിൽനിന്ന് കുറ്റവാളി തൊണ്ടിസഹിതം പിടിക്കപ്പെട്ടു. കൂട്ടത്തിൽ അയലത്തുള്ള വേറെ പല കുട്ടികളും ഉണ്ടായിരുന്നു. ആശ്ചര്യമെന്താണെന്നു വെച്ചാൽ അവരിൽ ദുർഗാബാബുവിന്റെ ഇളയ മകൻ നീരു വുമുണ്ടായിരുന്നു. താറാവിനെ കൊന്നതിനെപ്പറ്റി ചോദിച്ച പ്പോൾ നീലു നിർഭയം പറഞ്ഞു, ഉവ്വ് ഞങ്ങളെല്ലാവരും കൂടി യാണു പിടിച്ചുകൊന്നത് . ഇതു പറയാൻ ഒരുങ്ങിനിന്നപോ ലെ. നീരു കത്തി കൊണ്ടുവന്നു. നീലു കശാപ്പു ചെയ്തു. മുറിക്കുംമുമ്പ് എല്ലാവരും തന്നെ തൊട്ടു നിൽക്കണമെന്ന് നീലു നിബന്ധന വെച്ചു. നീലു കഴുത്തു വെട്ടിയപ്പോൾ നീരു നീലുവിന്റെ പുറംതൊട്ടുനിന്നു. നീരുവിന്റെ പുറംതൊട്ടു കൊണ്ട് മറ്റൊരുവൻ. അങ്ങനെ കുട്ടികൾ തീവണ്ടി കളിക്കാൻ നിൽക്കുന്നതുപോലെ അവർ നിന്നു. അത്രയ്ക്കു സൂത്ര വിദ്യകളാണ് നീലുവിന്റെ മസ്തിഷ്കത്തിൽ. നീലവിന്റെ ബലിഷ്ഠമായ ഋജുദേഹം, ഭാവുകതാഹീനമായ മുഖം— ബിലു വിന്റെ മുമ്പിൽ അതു നിറം കെട്ടുപോകുന്നു. ഈയിടെ നീലുവാണ് ബിലുവിനേക്കാൾ മൂത്തവനെന്നു കണ്ടാൽ തോ ന്നിപ്പോകും. അയാൾ വിചാരിച്ചതു ചെയ്യാതെ അടങ്ങുകയില്ല. അയാളുടെ അദമ്യമായ സാഹസത്തിനു മുന്നിൽ ഏതു ബാധ യും വിപത്തും തുച്ഛം. നീലുവിനോടു വല്ലതും പറയാൻ പേടിപോലെ തോന്നും. അയാൾക്കു പറയുന്നിടത്ത് ഒരു നിയന്ത്രണവുമില്ല. എന്നാൽ ബിലുവിനോട് വല്ലതും പറയു ന്നതിനുമുമ്പ് അയാളുടെ ഭാവുകമായ ഹൃദയത്തിനു മുറിവേ ൽക്കുമോ എന്ന് ആലോചിക്കേണ്ടിവരുന്നു. ബിലു വായ തുറന്ന് ഒന്നും പറയുകയില്ല. പക്ഷേ അയാളുടെ കണ്ണുകൾ നിറയും. നീലുവോ? അയാൾ എന്റെ മനസ്സു വേദനിപ്പിക്കാൻ തക്കം കിട്ടിയാൽ വിടുകയില്ല. നീലുവിനെ കോളേജിൽ പഠി പ്പിക്കേണ്ട കാര്യം ആലോചനയ്ക്കു വന്നപ്പോൾ ഞാൻ വിരോ

ധം പറഞ്ഞില്ല. കാരണം നീലു അതിനാഗ്രഹിച്ചിരുന്നുവെന്നു മാത്രമല്ല, അയാളുടെ അമ്മയ്ക്കും ബിലുവിനും അതുതന്നെ യായിരുന്നു മോഹം. ബിലുവിനെ കാശീ വിദ്യാപീഠത്തിൽ പഠിപ്പിച്ചതിൽ അവൾ സന്തുഷ്ടയല്ല. കാശീ വിദ്യാപീഠത്തി ലേത് പഠിപ്പായിത്തന്നെ അവൾ കരുതുന്നില്ല. എല്ലാം ഉറപ്പി ച്ചു. ഇതിനിടെ നീലു പ്രഖ്യാപിച്ചു, ഞാൻ ഗാന്ധി സേവാസംഘ ത്തിൻെറ പൈസകൊണ്ടു പഠിക്കുന്നതല്ല. ഇങ്ങനെയും ഒരുവനു തോന്നാമോ? ജോലിചെയ്യുന്ന സമയത്തെ സമ്പാദ്യ മെടുത്തു ചെലവു ചെയ്തുചെയ്ത് അതേതാണ്ടവസാനിച്ച മട്ടായി. ഞാൻ എൻെറ പണം മുടക്കിയാണ് ആശ്രമം സ്ഥാ പിച്ചത് . അതിനു വേണ്ടി വന്നു പണം. രണ്ടുമൂന്നു തവണ പിഴകെട്ടേണ്ടിവന്നു. തൊള്ളായിരം രൂപ അങ്ങിനെയും പോ യി. കോൺഗ്രസ് അനുഭാവികൾ സഹായിക്കാൻ മുന്നോട്ടു വന്നു. ഞാൻ സ്വീകരിച്ചില്ല. മറ്റാശ്രമങ്ങളിലെന്ന പോലെ പണപ്പിരിവ് ഇവിടെ പാടില്ലെന്ന് തുടക്കത്തിലേ വിരോധി ച്ചിരുന്നു. പിരിവു നടത്തുന്നതുകൊണ്ടു ആത്മാഭിമാനത്തിനു ഹാനി തട്ടുമെന്നപോലെതന്നെ നിഷ്പക്ഷവും നിർഭീകവു മായ പ്രവർത്തനം അസാധ്യവും ആകും. പണമില്ലാത്തതു കൊണ്ട് കുടുംബം തകർച്ചയിലേക്കു നീങ്ങിക്കൊണ്ടിരിക്കെ യാണ് ഗാന്ധിസേവാസംഘത്തിൽനിന്ന് എനിക്ക് എഴുപത്ത ഞ്ചു രൂപ തരുന്നതാണെന്ന് വിവരം കിട്ടയത് . ഒരു പക്ഷേ മഹാത്മജിക്ക് വിവരമെല്ലാം മനസ്സിലായിരിക്കും. ഈ തുക കിട്ടിയിരുന്നില്ലെങ്കിൽ ആശ്രമത്തിൽ നിന്നുള്ള വരവു കൊണ്ടു ജീവിക്കേണ്ടിവരുമായിരുന്നു. എന്തുണ്ട് ആശ്രമത്തിനു വര വ് ? രണ്ടു കാളവണ്ടികൾ വാടകക്കിട്ടിട്ടുണ്ട് . രണ്ട് എണ്ണയാട്ടു ചക്കുകൾ, ഏതാനും പത്രങ്ങളുടെ ഏജൻസിയും. വരവിന് ഇതേയുള്ളു മാർഗം. തേനീച്ച വളർത്തു കൊണ്ടും പട്ടുനൂൽ പ്പുഴുക്കളെക്കൊണ്ടും ആശ്രമത്തിന് വിശേഷിച്ചൊരു വരവും ഇല്ല. അതെ, അടുക്കളത്തോട്ടത്തിൽ നിന്ന് ആശ്രമവാസി കൾക്കു വേണ്ട പച്ചക്കറികൾ ലഭ്യമാകുന്നുണ്ട് . ഇത്രയൊക്കെ ചെയ്തിട്ടും വളൻറിയർമാർക്കു വേണ്ട ആഹാരത്തിനും വ സ്ത്രത്തിനും ആവശ്യമായ ധനം കഷ്ടിയാണ് . ഇതിനും പുറമേ എൻെറ വീട്ടു ചെലവു കൂടി ആശ്രമത്തിൻെറ കണക്കിൽ എങ്ങനെ നടക്കും? ആശ്രമം വക വായനശാലയും വാരികയും എങ്ങനെ നടത്തും? ജില്ലാ കോൺഗ്രസ്സിൻെറ മറ്റു ചെലവു കളുമായി ആശ്രമത്തിന് ബന്ധമൊന്നുമില്ല, ശരി തന്നെ. എന്നെ

ഇത്ര വലിയ ദുർചിന്തകളിൽനിന്നു രക്ഷിച്ചത് ഗാന്ധിസേവാസംഘത്തിന്റെ ആ മാസപ്പടി മാത്രമാണ്. ആ പണം വാങ്ങുന്നത് അപമാനജനകമാണെന്ന് എന്റെ ബുദ്ധിക്കു പോലും തോന്നിയില്ല. ഈ രൂപ തരുന്നത് ഏതു സ്ഥാപനവുമാകട്ടെ, ഇത് ഏതു കോടീശ്വരന്റെ ദാനവുമാകട്ടെ, ഇത് മഹാത്മജിയുടെ ആശീർവാദമായിട്ടേ ഞാൻ കണക്കാക്കുന്നുള്ളു. അദ്ദേഹത്തിന്റെ ശിഷ്യന് ഞെരുക്കം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു, എന്നു വിചാരിച്ച് അദ്ദേഹം ഇങ്ങനെയൊരു ഏർപ്പാടു ചെയ്തതാണ്. ഗാന്ധിസേവാസംഘം തരുന്ന പണം കൊണ്ടു ഞാൻ കോളേജിൽ പഠിക്കയില്ല എന്നു ബിലു പറയുകയുണ്ടായോ? ജായസ് പാൽജിയുടെ സഹോദരിയുമായി ബാപ്പുജി അന്നു സംസാരിക്കുകയുണ്ടായി. എല്ലാവർക്കും അത് ഓർമ്മയുള്ളതാണ്. നിർബന്ധിക്കാൻ നിവൃത്തിയില്ല. ബിലുവും ബിലുവിന്റെ അമ്മയും നീലുവിനെ പിൻതാങ്ങുന്നതായിക്കണ്ടു. എന്റെ വീക്ഷണത്തിലൂടെ കാണുവാൻ ആരും തയ്യാറായില്ല. എന്റെയും എന്റെ കുടുംബത്തിന്റെയും ഇടയ്ക്കുള്ള വിടവ് ഒരു സ്ഥലത്തെത്തുമ്പോൾ ഇത്രയ്ക്കാഴമേറിയതാണെന്ന് ഞാൻ മുമ്പൊന്നും ധരിച്ചിരുന്നില്ല. ബിലുവിന്റെ അമ്മയുടെ ശക്തിയെ ഞാൻ ഉത്സാഹത്തോടുകൂടിയ അനുമതിയായി കരുതിയത് തെറ്റായിപ്പോയി. മക്കൾ മറ്റൊരു രാഷ്ട്രീയമാർഗം സ്വീകരിച്ചതിന്റെ അടിയിലും ഇതേ അന്തർദ്വന്ദ്വം ഉണ്ടായിരിക്കാം. ഇതിനുശേഷം നീലു കോളേജിൽ പഠിച്ചു. എന്നോട് ഒറ്റ പൈസപോലും വാങ്ങാതെതന്നെ. കോളേജ് ചെലവ് ബിലുവാണ് കൊടുത്തത്. ബിഹാർ ഭൂകമ്പ റിലീഫ് നടപടി കോൺഗ്രസ് പ്രവർത്തകരിലാണ് അർപ്പിച്ചത്. ഈ പ്രവർത്തനത്തിൽ ബിലുവായിരുന്നു പൂർണിയ ഡിസ്ട്രിക്ടിലെ അക്കൗണ്ടന്റ്. അതിൽനിന്നു കിട്ടിയ പ്രതിഫലം അയാൾ നീലുവിനു പഠിക്കാൻ കൊടുത്തു. ജ്യേഷ്ഠന്റെ പണം വാങ്ങുവാൻ നീലുവിനു സങ്കോചം തോന്നിയില്ല. എന്റേതു വാങ്ങാനേയുള്ളു സങ്കോചം. എന്റെ ജീവിതത്തിൽ ഇത്ര വലിയൊരു ആഘാതം എനിക്ക് വേറെയാരിൽനിന്നെങ്കിലും ഏറ്റിട്ടുണ്ടോ എന്നു സംശയമാണ്. എന്നാൽ ഒരു കാര്യം എനിക്കു നന്നായിട്ടറിയാം. പഠിപ്പൊഴികെ മറ്റെന്തു രംഗത്തായാലും നീലു മുന്നിട്ടു നിൽക്കും. ബിലു പഠിപ്പിക്കുവാനല്ലാതെ മറ്റു യാതൊരു തുറയിലും വിജയിക്കയുമില്ല. ഈ കൈകളിൽനിന്ന് എത്രയെത്ര വിദ്യാർ

ത്഼ഥികൾ പുറത്തു വന്നു! അങ്ങനെയുള്ള എനിക്ക് ഇതൊട്ടു മറിയില്ലെന്നോ? പക്ഷേ നീലൂ, സ്വന്തം ജ്യേഷ്ഠനെതിരെ നീ മൊഴികൊടുത്തതിന്റെ രഹസ്യമാണ് എനിക്കു മനസ്സിലാകാത്തത് . നിന്റെ പാർട്ടി അങ്ങനെ നിർദ്ദേശിച്ചുവെന്നാണെങ്കിൽ എനിക്കൊന്നും പറയാനില്ല. മഹാത്മജിയുടെ നിർദ്ദേശമുണ്ടായാൽ ഞാൻ എന്റെ സർവ്വസ്വവും ഉപേക്ഷിക്കുവാൻ തയ്യാറാണ് . എന്നാൽ ഒരു രാഷ്ട്രീയപ്പാർട്ടിക്ക് ഇങ്ങനെ ഒരു നിർദ്ദേശം നൽകാൻ കഴിയുമോ? നീലുവിന്റെയും ബില്ലുവിന്റെയും പാർട്ടികളുടെ ലക്ഷ്യം ഒന്നുതന്നെ. പരിപാടിയിൽ ഒരു സമയം വ്യത്യാസം കണ്ടേക്കും. അതിന്റെ പരിണാമം ഇത്രത്തോളമാവാമോ? ജനങ്ങളുടെ അഭിപ്രായത്തിനു വില കൽപിക്കേണ്ട പാർട്ടികൾ മറ്റു പാർട്ടിക്കാരെ അവരുടെ തെറ്റു ധരിപ്പിച്ചുകൊടുക്കുക, അവരെ നേർവഴിക്കു കൊണ്ടു വരിക അതാണു വേണ്ടത് . നീലു! നീ നിർദ്ദേശം മനസ്സിലാക്കുന്നതിൽ വലുതായ തെറ്റു വരുത്തിയിരിക്കുന്നു. ഈ തെറ്റു വിതച്ചതു നീ കൊയ്യുകതന്നെ വേണം. എനിക്കു നിങ്ങളുടെയൊക്കെ ഫാർമുലയിലുള്ള യുക്തി മനസ്സിലാക്കാൻ കഴിയുന്നില്ല. സമ്മതിക്കുന്നു. എന്നാൽ എന്റെ സാധാരണ ബുദ്ധിക്കു മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളം ഇതു ശരിയോ തെറ്റോ എന്ന് സ്വന്തം പാർട്ടിയിലെ നേതാക്കന്മാരോടോ, സ്ഥലത്തുള്ളവരോടോ ചോദിച്ചു നോക്കാമായിരുന്നല്ലോ? ഇനി അതുകൊണ്ടെന്തു പ്രയോജനം? അന്യായവും നഷ്ടവും സംഭവിക്കാനുള്ളതു സംഭവിച്ചു. ജീവിതമത്രയും ഈ തെറ്റ് നിന്നെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കും. അനുതാപത്തിന്റെ തീനാളങ്ങൾ നിന്നെ ദഹിപ്പിക്കും. എന്നാൽ പോലും നിന്റെ ചെയ്തികൾക്കു പ്രായശ്ചിത്തമാവില്ല. ഛെ! ഞാൻ എന്റെ മകനെ ശപിക്കയോ? ഇല്ല നീലു! നീ നിന്റെ തെറ്റ് ഒരിക്കലും മനസ്സിലാക്കരുത് . നിന്റെ പാർട്ടിയുടെ നിർദേശം തന്നെയാണ് ശരിയെന്നു തന്നെയിരിക്കട്ടെ. അതിന്റെ താങ്ങിലാണല്ലോ നീ ഇന്നും നിലകൊള്ളുന്നത് . നിനക്ക് എത്രയേറെ മനോബലമുണ്ടെന്നിരുന്നാലും തന്റെ യുക്തിയുടെ ഔചിത്യത്തിൽ സന്ദേഹം ജനിക്കുന്ന മാത്രയിൽ നീ തളർന്നുപോകും. നിന്റെ ജ്യേഷ്ഠൻ എന്നുവെച്ചാൽ നിനക്കെന്തായിരുന്നുവെന്ന് എനിക്കു നല്ല നിശ്ചയമുണ്ട് .

'സാറേ!'

കണ്ണുതുറന്നു നോക്കി. ഖേദൻലാൽജിയുണ്ട് മുമ്പിൽ

നിൽക്കുന്നു.

'ഉറക്കം വരുന്നില്ലായിരിക്കും?'

ഇയാൾ ഇവിടെ വന്നിരിക്കാഞ്ഞാൽ നന്നായിരുന്നു. ഇരുന്നാൽ തുടങ്ങുകയായി നിർത്താതെയുള്ള വർത്തമാനം. എന്തിനാണീ നല്ല മനുഷ്യൻ കാര്യമില്ലാതെ ഇങ്ങനെ വായിൽ നാവിട്ടടിക്കുന്നതാവോ? അയാൾക്കു മൂന്നുണ്ട് മക്കൾ — സ്വരാജ് പ്രസാദ് , സ്വതന്ത്രപ്രസാദ് , പിന്നെ സംഗഠൻ പ്രസാദ് . വിചിത്രമായ പേരുകൾ. എൻെറ മക്കളുടെ പേരിനു പ്രത്യേകതയൊന്നുമില്ല. അത്രയൊന്നും ചിന്തിച്ചിട്ടല്ല പേരിട്ടത് . അച്ഛൻ ബിലുവിനെ ബലായി എന്നു വിളിച്ചു. ബലായി പിന്നെ ബിലുവായി. നീലുവിനെ അച്ഛൻ കണ്ടിട്ടില്ല. നീലു ജനിച്ച ഇടയ്ക്കാണ് അച്ഛൻ മരിച്ചത് . ആലോചിച്ച് ഒരു പേരിടുക കുഴപ്പം പിടിച്ച പണി തന്നെ. വേദൻലാൽജി രണ്ടാമത്തെ മകന് കത്തെഴുതിയിട്ടുണ്ടായിരുന്നു. അതിൽ മറ്റു രണ്ടു മക്കളുടെയും പേരുണ്ടായിരുന്നു. ജയിൽ സി. ഐ. ഡി. ആ കത്ത് ഒരിക്കലും പാസ്സാക്കുവാൻ സമ്മതിച്ചില്ല. കോഡുവഴി എന്തോ വിവരമറിയിക്കുന്നതായി അയാൾ ധരിച്ചു. അതു മുതൽ അയാളും സി. ഐ.ഡി.യും തമ്മിൽ വഴക്കാണ് . കാര്യം പറഞ്ഞു ശരിക്കും ധരിപ്പിച്ചാൽ നേരെയാക്കാവുന്നതേയുള്ളു. അതിനല്ല ഭാവം. രണ്ടുപേരും പിടിച്ചിടത്തു നിന്നു. വേദൻലാൽ ഇളയ മകനും ഒരു കത്തയച്ചു. അതും ഈ പിടിവാശി കാരണം മിനിഞ്ഞാന്ന് തിരിച്ചുവന്നു. കത്തിൽ ഇങ്ങനെയൊരു വാക്യമുണ്ടായിരുന്നു, നിങ്ങൾക്ക് എൻെറ കത്തു കിട്ടാതിരിക്കുന്നതിന് ഞാൻ വിചാരിച്ചാൽ നിവൃത്തിയില്ല. എന്നാൽ ഈ കത്ത് ഒരു മരമൂങ്ങയുടെ അപ്പനും തടഞ്ഞുവെയ്ക്കുക സാധ്യമല്ല, അതാണു മടങ്ങിവന്നത് . ഒപ്പം സി. ഐ. ഡി.യുടെ കുറിപ്പ് — ഈ തടവുകാരൻ തൻെറ അച്ഛനെപ്പറ്റി ചിലതു കത്തിൽ പറഞ്ഞിരിക്കുന്നു. ഇതു സംശയമുണ്ടാക്കുന്നു. അതിനാൽ പാസ്സാക്കാൻ വയ്യ.

അല്ല, വേദൻലാൽജി എണീറ്റു പോകാൻ തുടങ്ങുകയായോ? ഞാൻ ഇപ്പോൾ മാത്രം കമ്പിളിയിൽ ക്ഷണിച്ചിരുത്തിയതല്ലേ ഉള്ളു. ഞാൻ സംസാരിക്കാൻ പുറപ്പെടാതിരുന്നതുകൊണ്ടായിരിക്കും. ആ നല്ല മനുഷ്യൻ എന്താണാവോ ധരിച്ചിരിക്കുക. ചെന്നു ബൈദ്യനാഥൻെറ കസേരയിൽ ഇരു

ന്നുവല്ലോ, ബൈദ്യനാഥനും കൂട്ടരും ഉറങ്ങിക്കാണും. ഉറങ്ങാതിരിക്കുന്നത് സുരജ് ബല്ലി ബാബുവും ഹരിഹരനും രാമശരണനും. ഒരു സമയം അവർ ഊഴമിട്ട് ഉറങ്ങാതിരിക്കയാവും. എല്ലാവരും തന്നെ ഉണർന്നിരിക്കയാവും. ഊഴമിട്ട് നന്നാലു പേർ എന്റെ സീറ്റിനരികിൽ വന്നിരിക്കുന്നു. അതുകൊണ്ടാവും കുറച്ചുമുമ്പ് ബൈദ്യനാഥനെയും കൂട്ടരെയും അവിടെ വന്നിരിക്കുന്നതു കണ്ടത്. സദാശിവനും ബൈദ്യനാഥനും തമ്മിൽ നടന്ന രഹസ്യ സംഭാഷണം ഇതിനു വേണ്ടിയുള്ളതായിരുന്നു. ഇപ്പോൾ പിടികിട്ടി. ഇവർ എന്നിൽ കണ്ണുവെക്കുവാൻ വിചാരിക്കുന്നു. എനിക്കു കാവലിരിക്കുന്നു— ഞാൻ വല്ലതും ചെയ്തുകളഞ്ഞാലോ? അവർ വിചാരിക്കുന്നവിധത്തിലുള്ള അശാന്തിയൊന്നും എനിക്കില്ല എന്ന് ഇവരെ ആരുണ്ട് ബോധ്യപ്പെടുത്തുവാൻ? കുട്ടികളോട് അത്രകണ്ട് ആകർഷണമുണ്ടായിരുന്നുവെങ്കിൽ ബിലുവിന് ഇന്ന് ഈ ഗതി വരുമായിരുന്നില്ല. സദാശിവ് എവിടെ പൊയ്ക്കളഞ്ഞു? എന്റെ കട്ടിലിൽ ഇരുന്നിരുന്നല്ലോ? അതു ശരി, എന്റെ കിടക്കയിൽ ഉറങ്ങിക്കിടപ്പാണ് . ഉറക്കം വന്നിട്ടാവും. അയ്യോ! കൊതുകുകൾ അയാളെ തിന്നുന്നുവല്ലോ. കൊതുകുവല ഇടട്ടെ. ഞാൻ എഴുന്നേൽക്കുന്നതുകണ്ടിട്ട് സൂരജ് ബല്ലി ബാലുവും ഹരിഹരനും ഓടിയെത്തി. 'എന്തേ, എന്താണു സംഗതി? ആവട്ടെ, ഞങ്ങളിട്ടുതരാം കൊതുകുവല, അവിടെയിരുന്നോളൂ' ശബ്ദം കേട്ട് സദാശിവൻ ഉണർന്ന് എണീറ്റു. പാവം വല്ലാതെ പരിഭ്രമിച്ചു പോയി. ഛെ! ഈ കോലാഹലത്തിനു ഞാനാണു കാരണക്കാരൻ. ഞാൻ വീണ്ടും കമ്പിളിവിരിപ്പിൽ വന്നിരുന്നു.

'ഇരിക്കൂ സൂരജ് ബല്ലി ബാബു!'

സൂരജ് ബല്ലി ബാബു കമ്പിളിയിൽ ഇരുന്നു. കാണാൻ കൊള്ളാവുന്ന മനുഷ്യൻ, ഗൗരവസ്വഭാവം. കഴിഞ്ഞ ആഗസ്റ്റ് സമരക്കാലത്ത് ഒരു മകൻ പോലീസ് വെടിയേറ്റു മരിക്കുകയുണ്ടായി. പത്തുവയസ്സുള്ള മകൻ. അച്ഛനെ അറസ്റ്റു ചെയ്ത് സ്റ്റേഷനിലേക്കു കൊണ്ടുപോയപ്പോൾ ജനങ്ങൾ കൂട്ടം കൂട്ടമായി സ്റ്റേഷനിലേക്ക് ജാഥപോയി. ഡിസ്ട്രിക്ട് തലസ്ഥാനത്തേക്കു പോകുംമുമ്പ് അച്ഛനെ ഒരു നോക്കു കാണുവാൻ മകനും ചെന്നു. വീട്ടിൽ അമ്മൂമ്മ തല്ലിയലച്ചു കരച്ചിൽ. അമ്മ ജനൽപ്പടിക്കൽ നോക്കിനിൽക്കുന്നു. മകന് രസമാണു തോന്നിയത്. 'ജയ് സൂരജ് ബല്ലി കീ ജയ്'

അസംഖ്യം ജനങ്ങളുടെ നാവിൻ തുമ്പത്ത് തൻെറ അച്ഛ ൻെറ പേർ. എല്ലാവരും അച്ഛനെ വാഴ്ത്തുന്നു. ബോംബെ യിൽ മഹാത്മജിയുടെ മീറ്റിങ്ങ് നടന്നു. ഇന്നു രാവിലെയാണ് അച്ഛൻ എല്ലാവരേയും മഹാത്മജി അറസ്റ്റു ചെയ്യപ്പെട്ട വിവരം അറിയിച്ചത് . പോലീസുകാരോട് അയാൾക്ക് അമ ർഷം തോന്നി. അച്ഛനോട് അനുചിതമായി പെരുമാറുമോ എന്നായിരുന്നു പേടി. ജയിലെന്നു കേട്ടാൽ ആദ്യം അയാൾക്കു ഭയമായിരുന്നു. എന്നാൽ കഴിഞ്ഞ തവണ വ്യക്തി സത്യാഗ്രഹ കാലത്ത് അച്ഛൻ ജയിലിൽ പോകുന്ന സമയം എത്രമാത്രം പൂമാലകളായിരുന്നു കഴുത്തിൽ! അമ്മൂമ്മ ആദ്യം പറഞ്ഞ തെന്താണെന്നോ— നിൻെറ അച്ഛൻ “യുദ്ധത്തിനു പണം കൊടുക്കരുത് , സഹായിക്കരുത് ” എന്നു വിളിച്ചു പറയാൻ തുടങ്ങുമ്പോൾത്തന്നെ പോലീസ് ലാത്തി വീശിയടിച്ച് അച്ഛ നെ കൊല്ലും. എന്നാൽ അതിനുപകരം അയാൾ കണ്ടതെന്താ ണ് ? ഇൻസ്പെക്ടർ—അത്ര വലിയ ഒരു പോലീസ് ഓഫീസർ—അച്ഛനെ ക്ഷണിച്ചു കൊണ്ടുപോയി സൽക്ക രിച്ചു. കുറെ മാസങ്ങൾക്കുശേഷം അച്ഛൻ മടങ്ങിവന്നപ്പോൾ പെട്ടിയിൽ എന്തെല്ലാം വസ്തുക്കളാണു കൊണ്ടുവന്ന തെന്നോ! സോപ്പ് , പെൻസിൽ, വരയിട്ട കോപ്പിബുക്ക് . ജയിലിൽ ഷേവ് ചെയ്യാൻ കൊടുത്ത ബ്ലേഡ് കൊണ്ട് അയാൾ കത്തിയുണ്ടാക്കി. അതേ പെട്ടിയിൽ അയാൾ ബിലാ ത്തി ടൂത്ത് പേസ്റ്റു കണ്ടു. മുത്തച്ഛൻ മുടി പറ്റെ വെട്ടി ച്ചിരുന്നു. പത്തു പന്ത്രണ്ടു ദിവസം കഴിഞ്ഞപ്പോൾ അങ്ങേരുടെ മുടി എങ്ങനെയിരുന്നുവെന്നുവെച്ചാൽ അതുപോലെ തന്നെ ഈ പേസ്റ്റും. റബ്ബർപോലുള്ള സാധനമാണതിൽ, അതു വായിലിട്ടു പല്ലു തേയ്ക്കണം. കൊച്ചനിയത്തി എന്തൊരു വി ഡ്ഢി. അവളുടെ കവിളിൽ അതൽപം ഒന്നു തൊട്ടാൽ മതി അലറിക്കരയാൻ തുടങ്ങും. കുട്ടിക്കാലത്ത് തന്നെയും മുത്ത ച്ഛൻ ഇതേപോലെ താടിയിട്ടുരയ്ക്കുമെന്നു പറഞ്ഞു ഭയപ്പെടുത്തിയിരുന്നു. സ്റ്റേഷനിൽ കമ്പിവേലിയ്ക്കടുത്ത് അപാരമായ ആൾക്കൂട്ടം. സ്റ്റേഷൻെറ മേൽപുര കാണാൻ തന്നെ ഞെരുക്കം, പിന്നെയല്ലേ അച്ഛനെ കാണൽ. തെരക്ക് വേലിപൊളിച്ച് അകത്തേക്കു കുതിച്ചു. തിക്കിൽപ്പെട്ട് അയാ ളും സ്വയം മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു. ‘സുരജ് ബല്ലി കീ ജയ്’ എന്തിനാണിവരെല്ലാം സ്റ്റേഷനിലേക്കു ഓടിക്കയറു ന്നത് ? അതിനുശേഷം.......

അതിൻെറ പിറ്റേന്നാൾ സൂരജ് ബല്ലി ബാബുവിനെ ലോക്കപ്പിൽനിന്നു പുറത്തേക്കു കൊണ്ടുപോയി. ആശുപത്രിയിലേക്കാണെന്ന് മനസ്സിലായി. അവരുടെ അതിദയ എന്നു പറയാം. അവസാനം കാണാൻ സമ്മതിച്ചു. കുറെ നേരം ശ്മശാനത്തിൽ നിൽക്കാനും അനുവദിച്ചു. മകൻെറ ഇടതു കാൽ മുട്ടിനുവെച്ചു മുറച്ചു കളയേണ്ടിവന്നു. സിവിൽ സർജൻ കുട്ടി ജീവിക്കുന്ന കാര്യം സംശയമാണെന്ന് അപ്പോഴാണു തോന്നിയത് .... പിറ്റേ ദിവസം സൂരജ് ബാബു ഞങ്ങളുടെ കൂട്ടത്തിലേക്കു വന്നപ്പോൾ അയാളുടെ മുമ്പിലേക്കു ചെല്ലാൻ തന്നെ തോന്നി, എന്തെന്നില്ലാത്ത വല്ലായ്മ. ആ മൗനഗംഭീരനായ മനുഷ്യനെ എങ്ങനെ സാന്ത്വനപ്പെടുത്തും? അന്നു ഞാൻ ഇതേ വിധം അയാളുടെ അടുക്കൽചെന്ന് ഇരിക്കയുണ്ടായി— 'ഇരിക്കൂ' വളരെ നിമിഷങ്ങൾക്കുശേഷമാണ് ഇത്രയും പറഞ്ഞത് . വളരെ നേരമതേ ഇരിപ്പിരുന്നശേഷം പറഞ്ഞു, കുറച്ചു നേരത്തേക്കു മകനു ബോധം വീണു. എൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു, ഹൗ! വല്ലാത്ത ചൂട് , അല്ലേ അച്ഛാ! അതുകഴിഞ്ഞ് രണ്ടു മണിക്കൂറിനകം എല്ലാം അവസാനിച്ചു. അല്ലാ, എൻെറ കൺകോണുകൾ നനഞ്ഞിരിക്കുന്നു. ഇല്ലില്ല, സൂരജ്ബല്ലി ബാബുവിനോടു തോന്നിയ സഹതാപം കൊണ്ടുണ്ടായതാണ് ഇത് . ബിലുവിൻെറ കാര്യം ഓർത്തിട്ടല്ല. സൂരജ് ബല്ലി ബാബുവിൻെറ കണ്ണും നനഞ്ഞിരിക്കുനു. ആരെങ്കിലും കരയുന്നതു കാണുമ്പോൾ അരികിലിരിക്കുന്നവനും നിയന്ത്രണം വിട്ടുപോകുന്നു. ഛീ ഛീ! എന്നെ ഇത്രയ്ക്കുപോലും നിയന്ത്രിക്കാൻ കഴിയുന്നില്ലല്ലോ. എനിക്കു ഇത്ര സഹനശക്തിയില്ലാതെ പോയി. മഹാത്മജീ! എൻെറ മനസ്സിനു ബലം തരൂ! സൂരജ്ബല്ലി ബാബുവിനു മാത്രമേ എൻെറ മാനസികാവസ്ഥ അറിയാൻ കഴിയൂ. അയാളുടെ സഹാനുഭൂതി....

ആരാണ് വരാന്തയിലൂടെ ഓടി വരുന്നത് ! വാർഡർ സിംഹജി ജനൽപടിയിൽനിന്ന് റാന്തൽ പൊക്കിയെടുത്തു. അയാൾ വല്ലാതെ കിതയ്ക്കുന്നു. പിന്നെ ഗൗരവത്തോടെ മറ്റൊരു വശത്തേക്കു പോയി. ഒന്നു രണ്ടു മിനിട്ടു കഴിഞ്ഞ് വാർഡിൻെറ പുറം വാതിൽക്കൽ വന്നു നിന്നു ജാഫർ സായ്പ് - അസിസ്റ്റൻറ് ജയിലർ ചിരിച്ചുകൊണ്ട് ഞങ്ങളെയൊക്കെ വന്ദിച്ചു. പിന്നെ ഒന്നും പറയാതെ യാത്രയായി. രാത്രിയിലെ റൗണ്ടിന് വന്നതാണ് . ഓരോ ദിവസം അസി

സ്റ്റൻറ് ജയിലർമാരിൽ ഓരോരുത്തർക്കാണു ഡ്യൂട്ടി. ഇതിനാണ് വാർഡർ പരിഭ്രമം കാണിച്ചത്.

ശരി, ദാഹകർമ്മത്തിന് സൂരജ്ബല്ലിയെ അനുവദിച്ച പോലെ എന്നെയും അനുവദിക്കുമോ? അതുണ്ടാവില്ല. അങ്ങനെയാണെങ്കിൽ നേരത്തേ അറിവു തരുമായിരുന്നു. എന്നിരുന്നെങ്കിൽ ബിലുവിൻെറ മുഖം അവസാനമായി ഒന്നു കാണാമായിരുന്നു. കാണാനെന്തുണ്ട്. ഒരു പക്ഷേ അങ്ങോട്ടു നോക്കാൻ തന്നെ വിഷമം തോന്നും. വേണ്ട, വേണ്ട, ബിലുവിൻെറ സുന്ദരമായ മുഖമാണ് എൻെറ മനസ്സിലുള്ളത്. ആ മുഖമാണ് ശരിയായത്. സ്വതേ എനിക്കാറിയാവുന്നതും കണ്ടിട്ടുള്ളതുമായ മുഖം തന്നെ മനസ്സിലിരിക്കട്ടെ, എന്ത് എങ്ങനെയൊക്കെ കാണേണ്ടിവന്നേക്കുമാവോ! എന്നാലും നാളെ ഒന്നു പുറത്തിറങ്ങാൻ കഴിഞ്ഞാൽ നീലുവിനെ കാണാൻ കഴിയും. ഇപ്പോൾതന്നെ അയാളെ ഒന്നു കാണേണ്ടതാവശ്യമാണ്. ഇപ്പോഴത്തെ അയാളുടെ മനസ്സിൻെറ ഒരു സ്ഥിതി—ഒടുവിൽ അയാൾ വല്ലതുമൊക്കെ ചെയ്തുപോകുമോ എന്നാണെനിക്കു പേടി. ഒരാൾ പോയി. ഇനിയുള്ളവൻെറ ഗതിയെന്തോ ദൈവമേ! എനിക്കുവേരേണ്ടതു വന്നു— വിചാരം മുഴുവൻ ബിലുവിൻെറ അമ്മയെ ഓർത്തിട്ടാണ്. അവൾ നിശ്ചയമായും ഊണുമുറക്കവും വേണ്ടെന്നുവെച്ചിട്ടുണ്ടാവും. ജയിലിനുള്ളിലുള്ള ഏതു വാർത്തയും പരക്കുവാൻ ഏറെ താമസം വേണ്ട. അവൾക്കു എല്ലാ വാർത്തയും കിട്ടിക്കാണും. നീലു മൊഴികൊടുത്തതും അറിഞ്ഞിട്ടുണ്ടാവും. അവൾക്കെങ്ങിനെ സഹിക്കാനാവും ഈ ആഘാതം? രാഷ്ട്രീയത്തിൻെറ ദുർഗമമായ മാർഗം അവൾ തന്നിഷ്ടപ്രകാരം വരിച്ചതല്ല. വെള്ളപ്പൊക്കത്തിലൊലിക്കുന്നപോലെ ഒലിച്ചു പോന്നു. അത്രതന്നെ. അവളുടെ സ്വതേയുള്ള മണ്ഡലം കുടുംബഭരണമാണ്. സുഖവും സമാധാനവും തികഞ്ഞവീട്, എത്രയും കാര്യമായി സ്വന്തം കൈയാലേ രൂപപ്പെടുത്തിയെടുത്തത്. വീടിൻെറ നാൽച്ചുവരുകൾക്കകത്തേക്ക് പുറത്തെ പ്രക്ഷോഭങ്ങൾ പ്രവേശിക്കില്ല. അലഭ്യമായ വിശാല ലോകത്തെ സീമിതവും പ്രത്യക്ഷവും നിശ്ചിതവുമാക്കുന്ന നാൽചുമരുകൾ അതാണവളാഗ്രഹിക്കുന്ന വീട്. 'അവിടെ നിന്ന് ഞാൻ തന്നെയാണ് അവളെ ബലമായി, അസ്പഷ്ടമായ ലക്ഷ്യത്തോടുകൂടിയ മുള്ളു നിറഞ്ഞ വഴിയിലേക്കു വലിച്ചുകൊണ്ടു വന്നത്. അവളോട് തുറന്നു പറയാതിരുന്നാൽ അവൾക്കു സഹിക്കാനാ

വുമോ? ബിലുവിൻെറ അമ്മ വളരെയേറെ സഹിച്ചിട്ടുള്ളവ ളാണ് . പക്ഷേ സഹനത്തിനുമുണ്ട് അതിർത്തി. അവളെ നാളെ ദഹനസമയത്ത് അവിടെ ചെല്ലാൻ സമ്മതിക്കുമോ? സമ്മതിക്കണ്ട. അതാണു നല്ലത് . അധികാരികൾ അവളെയും പോകാനനുവദിച്ചെന്നു വരില്ല. ശവദേഹം പട്ടാള ലോറിയി ലാവും ഏറ്റിക്കൊണ്ടുപോവുക. വളരെ ബഹുമാനത്തോടെ ദാഹകർമ്മം സൂപ്രണ്ട് ജയിലിലെ ബ്രഹ്മണവാർഡറന്മാരെ കൊണ്ടു ചെയ്യിച്ചെന്നും വരാം. ജയിലിനു ചുറ്റും ഇന്ന് ആയുധധാരികളായ ശിപ്പായികൾ എത്രയുണ്ടാവും? അവർ ജയിൽ മതിൽ കെട്ടിനു ചുറ്റും പാറാവു ചുറ്റുന്നുണ്ടാവും. ഇത്രയൊക്കെ മുൻകരുതലിൻെറ ഒരാവശ്യവുമില്ല. അ നാവശ്യമാണ് ഈ അധ്വാനം. ജയിലിനകത്ത് ഒരു തരത്തി ലുള്ള ക്ഷോഭവുമില്ല. ഒരുലേശം പോലുമില്ല ഇളക്കം. സകല തും പതിവുപടി നടക്കുന്നു.... പ്രഭാതത്തിൽ ജയിൽ ഗേറ്റിൽ നല്ല തിരക്കു കാണും. നിരോധനം ലംഘിച്ചും ചിലർ അനു ശോചനയോഗം ചേരും. നഗരത്തിൽ ഹർത്താലും ഉണ്ടാ യേക്കും. എന്നാലതുകൊണ്ടൊക്കെ എനിക്കു നേരിട്ട നഷ്ടം നികത്താനാവില്ലല്ലോ. ബിലുവിൻെറ അമ്മയെ ആശ്വസിപ്പി ക്കുവാൻ പോലുമില്ല ആരും. അവളുടെ അനുജത്തി താമ സിക്കുന്നതു വൃന്ദാവനിൽ. ഈലോകത്തോട് ഒരു പറ്റുമില്ലാ ത്ത ഒരു സ്ത്രീ. സഹോദരിയോടും മക്കളോടും അത്ര അടു ത്ത പരിചയം തന്നെയില്ല. ബിലുവിൻെറ അമ്മാവൻ ഗവർ മ്മെൻറു ജോലിക്കാരൻ. സ്വതേ അകന്നാണു നില്പ് . വിജ യദശമിക്ക് പതിവുള്ള അങ്ങേരുടെ ശുഭാശംസക്കത്തുകളും വരാറില്ല. അതിനൊക്കെ പുറമേയാണ് ഇപ്പോഴത്തെ ഈ സ്ഥിതി. ഇപ്പോൾ സ്വന്തം ജോലി സുരക്ഷിതമാക്കിവെയ്ക്കാ നുള്ള വിചാരം കാരണം ബന്ധുവാണെന്നു പറയാൻ തന്നെ മടിക്കും. നീലുവിനും ബിലുവിനും അമ്മാവൻെറ വീട്ടിൽ പോകാൻ ഒട്ടുമില്ല മോഹം. വലുതായശേഷം ഒരിക്കൽ ഒന്നു പോകയുണ്ടായി. ഏറെവൈകാതെ തിരിച്ചെത്തി. എന്താണി ത്ര വേഗം പോന്നതെന്നു പെട്ടെന്നു മനസ്സിലായില്ല. കുറെ കഴിഞ്ഞപ്പോൾ അറിഞ്ഞു, അവരുടെ അമ്മാവൻ എനിക്കെ തിരെ ആക്ഷേപം മുഴക്കുകയും ഞാൻ 'പെർഫെക്റ്റ് വെഗ് ബോണ്ട് ' ആണെന്നു മുദ്രകുത്തുകയും ചെയ്തത്രേ. അവർ ക്ക് എന്നെയപമാനിച്ചതു സഹിച്ചില്ല. നേരുതന്നെ. അയാളുടെ ദൃഷ്ടിയിൽ ഞാൻ വെഗ് ബോണ്ട് അല്ലാതെ ആരാണ് ?

ലോകത്തിൽ എനിക്ക് തീരെ ഉത്തരവാദിത്വബോധമില്ല. സമ്പാദിക്കുന്നില്ല. കെട്ടിയിരിപ്പില്ല. ചുമ്മാ കലശൽകൂട്ടിക്കൊണ്ടു നടക്കുന്നു. കണക്കുകൂട്ടി കാര്യം നോക്കുന്നവർക്ക് ഞാൻ വെഗ്ബോണ്ടല്ലാതെ ആർ ? എന്നെ അവരൊക്കെ ഒരു പ്രാന്തൻ എന്നാണു വെച്ചിട്ടുള്ളത് . അൽപം ബഹുമാനവും ഒക്കെ വെച്ചുപറയുമ്പോൾ ബെഗ്ബോണ്ട് എന്നാക്കും. പഴയ കാലത്ത് ബിലാത്തിയിലുണ്ടായിരുന്നല്ലോ 'വേഗ്രൻസികൾ'. ഞാനവരുടെ കൂട്ടത്തിൽപെടും. ഇവിടെ ഇപ്പോൾതന്നെ ഞങ്ങളെ എത്ര അനായാസമായിട്ടാണ് ശിക്ഷിച്ചിരിക്കുന്നത് . ബി.എൽ.കേസിൽ 1921—22 കാലത്ത് വലിയ വലിയ കോൺഗ്രസ് നേതാക്കന്മാർക്ക് ബി.എൽ. കേസിനാണു ശിക്ഷ കിട്ടിയത് ... കുട്ടികൾ! അവരുടെ ഒരു ഭാവുകത്വം നോക്കൂ. ഞാനായിരുന്നെങ്കിൽ ചിരിച്ച് , പോട്ടെ എന്നുവെയ്ക്കുമായിരുന്നു. നീലുവിന്റെ കാര്യമെടുക്കൂ. അയാൾ വീട്ടിൽ എങ്ങനെയാണ് അച്ഛനെ ബഹുമാനിക്കുന്നതെന്ന് എല്ലവാർക്കുമറിയാം. എന്നാൽ പുറമേ ആരെങ്കിലും അച്ഛനെപ്പറ്റി അങ്ങനെയുമിങ്ങനെയുമൊക്കെ പറഞ്ഞാൽ പിന്നെ രക്ഷയില്ല. ഒന്നു ഞാനിപ്പോഴും പറയുന്നു, അയാൾക്ക് എന്റെ മുമ്പിൽ വെച്ച് ഒന്നും പറയാൻ മാത്രമുള്ള അവിനയമില്ല. എന്റെ നേരെ നോക്കി ഒരു തർക്കുത്തരവും ഇന്നോളം പറഞ്ഞിട്ടില്ല.

ചെല്ലട്ടെ, മുഖമൊന്നു കഴുകിക്കളയാം. ഇരുന്നിരുന്ന് പുറവും നടുവും നോവാൻ തുടങ്ങിയിരിക്കുന്നു. സ്വന്തം ശരീരത്തെ തിരിഞ്ഞു നോക്കാത്തവരെ ശരീരം തന്നെ ഓർമ്മിപ്പിക്കുന്നു. എഴുന്നേറ്റ ഉടൻ സൂരജ് ബല്ലി ബാബു ചോദിച്ചു, 'എന്തേ? എവിടേക്ക് ?'

'ഡ്രമ്മിനടുത്തേക്ക് , മുഖം കഴുകണം.'

ഒരു വിമാനത്തിന്റെ ശബ്ദം ചെവികളിലലച്ചു. ഇവയുടെ പറക്കലിന് ഒരു വിരാമവുമില്ല. നിരവധി പേർ യുദ്ധത്തിൽ മരിച്ചുകൊണ്ടിരിക്കെ ഒരു ജീവനെപ്പറ്റി ഓർക്കാൻ ആർ കിടക്കുന്നു! എന്റെ കണ്ണിൽ ബിലു എന്റെ മകൻ. അവർക്കോ? യുദ്ധസമയത്ത് മറ്റു കാര്യങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ സാധാരണ അളവുകോൽ പറ്റില്ലല്ലോ. ഇന്ന് സാധാരണക്കാരനായ പൗരൻ എല്ലും ഇറച്ചിയും ചേർന്ന ഉടലോടുകൂടിയ വിമവകി

യായ മനുഷ്യനല്ല. ഇന്ന് അവനെ തിരിച്ചറിയുന്നത് ഐഡന്റിറ്റി കാർഡിലാണ് . റേഷൻ കാർഡു നമ്പറിലൂടെയാണ് . പടവെട്ടുന്ന സൈനികരുടെ കഥ പോകട്ടെ. സാധാരണക്കാർ പോലും സ്വാഭാവിക ജീവിതം മറന്നു പോയിരിക്കുന്നു. മുമ്പ് ഒരു വിമാനം പോയാൽ തലപൊക്കി നോക്കാത്തവരില്ല. ഇന്ന് ഒന്നിച്ച് എത്ര ബോംബറു വിമാനങ്ങൾ തലയ്ക്കു മുകളിലൂടെ ചീറിപ്പാഞ്ഞാലും ആരുമനങ്ങില്ല. കൽക്കത്തയിൽ ബോംബേറു നടന്നപ്പോൾ ഇതേ ഉപേക്ഷാഭാവത്തോടെയായിരിക്കുമോ കണ്ടത് ? അവർക്കൊരു പരിഭ്രമവുമില്ലേ? ആളുകൾക്ക് ഇപ്പോൾ ബിലുവിനെപ്പറ്റി ചിന്തിക്കാൻ അവസരമില്ല. ജനങ്ങൾ തന്നെ ചിന്തിക്കാൾ ഭാവമില്ലെങ്കിൽ ഗവർമെൻറിനെന്തു തലവേദന? ബിലുവിൻെറ പാർട്ടി പറയുന്നതു നേരാണ് — ഹൃദയ പരിവർത്തനം ആർക്കു വരുത്താൻ? ഹൃദയമുണ്ടായിട്ടുവേണ്ടേ പരിവർത്തനം? എന്നാൽ എത്രയധികം ഹിംസയെ ആശ്രയിക്കുന്നുവോ അത്രയും വിരോധികളുടെ മർദ്ദനവും ശക്തമാകുമെന്നു പറയുന്നതും ശരിയാണ് . അത്രയ്ക്കു മർദ്ദനം സഹിക്കുവാനുള്ള ശക്തി നാട്ടുകാർക്കുണ്ടോ? ലക്ഷ്യത്തിലേക്കെത്തുവാനുള്ള ആകാംക്ഷ എത്ര തീവ്രമാണെന്നറിയുന്നത് നാടിനുവേണ്ടി എത്രത്തോളം ബലിദാനങ്ങൾക്കു തയ്യാറുണ്ട് എന്ന് അളന്നു നോക്കിയത്രേ. ഇതാണു ബിലുവും കൂട്ടരും ചിന്തിച്ചു നോക്കാത്തത് . എടുത്തുചാട്ടത്തിനുമുമ്പ് തൻെറ കഴിവിനെപ്പറ്റിയും ചിന്തിച്ചേ പറ്റൂ. മുഖം കഴുകിത്തുടച്ചു, തോർത്തുകൊണ്ട് . അല്ലാ, ദാസ്ജിയും എഴുന്നേറ്റല്ലോ? എൻെറ കൈയും മുഖവും, കഴുകലിൻെറയും കുലുക്കുഴിഞ്ഞതിൻെറയും ഒക്കെ ശബ്ദമായിരിക്കുമോ അയാളെ ഉണർത്തിയത് ? ഇല്ല, മൂന്നു മണിയടിച്ചു കാണും. ആ നല്ല മനുഷ്യൻ നിത്യവും മൂന്നു മണിക്കെഴുന്നേൽക്കുന്നു. എഴുന്നേറ്റ് മഞ്ഞായാലും മഴയായാലും അരമണിക്കൂർ ടബ്ബിൽ ഇരിക്കുന്നു. വളരെ പണം ചെലവാക്കി ജയിൽ ഫാക്ടറിയിൽ നിന്ന് ജലചികിത്സയ്ക്കുള്ള ടബ് ഉണ്ടാക്കിച്ചിരിക്കുന്നു... കാഴ്ചയ്ക്കു ഈസിചെയർ പോലെ. അതിൽ കഴുത്തോളം മുങ്ങി വായകൊണ്ട് ഒരു ശബ്ദമുണ്ടാക്കുന്നു. കിണ്ടിയുടെ മുരലിൽ കൂടെ വെള്ളം വരുമ്പോഴുള്ളപോലെ. കിടക്കയിലെ വിരിപ്പും മറ്റും നിവർത്തിയിട്ട് മറയുണ്ടാക്കിയിരിക്കുന്നു. കുളി കഴിഞ്ഞാൽ ശീർഷാസനം. അര മണിക്കൂർ തലകുത്തി കാൽ മേലോട്ടു നിവർത്തിപ്പിടിച്ച് അനങ്ങാതെയങ്ങനെ. മൂക്കിൽ

കൂടിയും വായിൽകൂടിയും ചോര വന്നാലോ എന്നാണെൻെറ ഭയം.

സീറ്റിലേക്കു തന്നെ മടങ്ങി. സൂരജ് ബല്ലി ബാബു ഇരിക്കുക തന്നെയാണ് ബിലു ഈ സമയം എന്തു ചെയ്യുകയാവും? പേടിച്ചരണ്ട് സെല്ലിനകത്ത് ഉഴന്നുനടക്കുകയാവാം. അയാൾ എന്നെ ഓർക്കുമോ? കഷ്ടം! അവസാന നിമിഷങ്ങളിൽ എന്നെപ്പറ്റി എന്തു ചിന്തിക്കുന്നുവെന്ന് അറിയാൻ കഴിഞ്ഞെങ്കിൽ! നീലുവിൽ അയാൾ കുറ്റം ചാരുകയില്ല. അയാൾക്കു മാപ്പുകൊടുക്കും. എനിക്കിത് ഉറപ്പിച്ചു പറയാൻ കഴിയും. ഈ സമയം അയാളുടെ മനോദിശ എന്തായിരിക്കുമെന്ന് ഈശ്വരനു മാത്രമേ അറിയാവൂ. ഒരു പക്ഷേ ഭ്രാന്തനെപ്പോലെ ആയിത്തീർന്നിരിക്കാം. തൻെറ ചിതറിക്കിടക്കുന്ന മുടി പിച്ചിച്ചീന്തുന്നുണ്ടാവാം. ഇരുമ്പഴികളിൽ തലയിട്ടടിക്കുന്നുണ്ടാവാം. കുട്ടികളെപ്പോലെ വാർഡറോട് വാതിൽ തുറന്നു കൊടുക്കാൻ കേഴുന്നുണ്ടാവും. ഇല്ലില്ല, ബില്ലു അങ്ങനെ ചെയ്യുകയോ? അസഹ്യമായ മാനസികവ്യഥകൊണ്ട് ഹൃദയം തകർന്നാലും അയാൾ മുഖത്ത് ആ ഭാവം സ്ഫുരിപ്പിക്കാതെ നിൽക്കും. എൻെറ ആദർശങ്ങൾക്ക് അവമതി വരുത്താതിരിക്കാൻ അയാൾ അവസാനം വരെ ശ്രമിക്കും. സൂപ്രണ്ടിനെ കാണിക്കുവാൻ വേണ്ടി അന്തിമശ്വാസം വരെ മുഖത്തു ചിരി വരുത്തിക്കൊണ്ടിരിക്കും. ജയിലറോട് വല്ലതും തമാശ പറയും. പടവിൽകൂടെ ശവമഞ്ചത്തിലേക്കു കയറുന്നേരം ഓഫീസർമാർക്ക് നന്ദി പറയും. ഇത്ര സുന്ദരമായ പ്രഭാതത്തിൽ ശുക്രനക്ഷത്രത്തെ സാക്ഷി നിർത്തിക്കൊണ്ട് തന്നെ തൂക്കിക്കൊല്ലുന്നുവെന്ന വകയ്ക്ക് . ദൗർബല്യം പ്രകടിപ്പിച്ച് തൻെറ പാർട്ടിക്കു കളങ്കം വരുത്തിത്തീർക്കുകയില്ല. എൻെറ മകനാണ് , എൻെറ മൂത്ത മകൻ. എനിക്കറിയില്ലേ അയാളെ?

എല്ലാവരും ബിലുവിനെ സ്നേഹിക്കുന്നതു വെറുതെയാണെന്നോ? ഹർദക്കാരി ദുബേയിൽ ഉണ്ട് . ബിലുവിൻെറ പേർ കേട്ടാൽ മതി ഗദ്ഗദപ്പെടുകയായി. സഹദേവൻെറ അമ്മയ്ക്ക് ബിലുവെന്നു കേട്ടാൽ ഭ്രാന്തുപോലെയാണ് ജിതേനിൻെറ അമ്മയുടെ കാര്യം പറയുകയേ വേണ്ട. ബിലുവും സ്നേഹിക്കപ്പെടുവാൻ ഉഴറുന്നവനാണ് . ജിതേനിൻെറ അമ്മ സ്വന്തം വീട്ടുകാരെപ്പോലെതന്നെ. മറ്റു ചില സ്വൽപ പരിമിതങ്ങളായ സ്ഥാനങ്ങളിൽനിന്നുപോലും തന്നിൽ

സ്നേഹം ചൊരിയുന്നതിന്റെ സൂചന കിട്ടിയാൽ അയാൾ ആ ഉറവിനെ ഉറപ്പിച്ചു വെക്കുവാൻ പ്രയത്നിക്കുന്നു. ചില സ്ഥലത്ത് ഹോലി കഴിഞ്ഞാൽ വന്ദിക്കുവാൻ പോവും. ചിലർക്ക് ആശ്രമത്തിൽനിന്നും ചെറുനാരങ്ങ കൊടുത്തയക്കും. ചില കുട്ടികളെ പഠിപ്പിക്കുവാനുള്ള ഏർപ്പാടു ചെയ്തു കൊടുക്കും. ഈ വക പ്രവർത്തനങ്ങൾക്ക് ഒരവസാനവുമില്ല. ഇത്തരം സ്നേഹങ്ങൾക്ക് വിശേഷിച്ച് ഒരു ഭാരവുമില്ല, ആവശ്യങ്ങളില്ല; ഒരിടത്തും അത്ര ഉറപ്പുള്ള ബന്ധനങ്ങളുമില്ല. ഇത് സ്നേഹിക്കുന്നതിനുള്ള ലഹരിയാണ്. വീട്ടിൽ അമ്മയുടെ സ്നേഹം, അതു കഴിഞ്ഞിട്ടു കിട്ടുന്ന പുറംവരായ്ക. അതുകൊണ്ടാണ് അതിനിത്ര ആസ്വാദ്യത. എന്നാൽ നീലുവിന് ആ വക ഉപദ്രവമൊന്നുമില്ല. സ്നേഹം അവകാശപ്പെടാവുന്ന വിധം മധുരമായി സംസാരിക്കാനും അയാൾക്കറിയില്ല. അയാൾ തൻകാര്യത്തിൽ മത്തുപിടിച്ചു നടക്കുന്നു. സ്വന്തം അഭിപ്രായമാണ് ശരിയെന്നും സത്യമെന്നും വിചാരിച്ച് ബലമായി അതിനെ വ്യക്തമാക്കുന്നതിൽ മുഴുകിയവൻ. സ്നേഹത്തിന്റെ കടം കൊടുത്തുതീർക്കുവാൻ നിർവഹിക്കേണ്ട കർത്തവ്യങ്ങൾക്കായി സമയം കളയാൻ നീലുവിനെ കിട്ടില്ല. ആ സമയംകൊണ്ട് അവരെ വിമർശിക്കുന്നതിലാണ് അയാൾ ആനന്ദം കാണുന്നത്. ബിലുവോ? അയാൾക്ക് ജനങ്ങളെ മയക്കുവാൻ കഴിയുന്നു. അയാളുടെ മുത്തച്ഛനേയും മയക്കിക്കളഞ്ഞിരുന്നു. അദ്ദേഹം സ്വർഗം പൂകി, അതുകൊണ്ടു പറയാൻ പാടില്ലാത്തതാണ് — അദ്ദേഹത്തിന് കോപം അൽപം കൂടുതലായിരുന്നു. എത്രയോ തവണ കണ്ടിട്ടുള്ളതാണ്. ഉണ്ണാനിരിക്കുമ്പോൾ കറികൾ പിടിക്കില്ല. ഗ്ലാസ്സെടുത്ത് ഒരേറു കൊടുത്ത് എണീറ്റു പോകും. 'റെച്ച്ഡ് ഡയറ്റ്' എന്നു പറഞ്ഞ്. ഒന്നും കഴിക്കാതെ ജോലിക്കുപോകും. അമ്മയ്ക്ക് അന്നു മുഴുവൻ പട്ടിണി. ചായ പിടിച്ചില്ലെങ്കിലും ഇതൊക്കെത്തന്നെ കഥ. ഇതൊക്കെ എത്രയോ തവണ ആവർത്തിച്ചു കണ്ടിരിക്കുന്നു, പ്രായമായതോടെ മുൻകോപം ഇരട്ടിച്ചു. അവസാനകാലത്ത് ചെറിയൊരു ഭ്രാന്തിന്റെ മട്ട്. രണ്ടു കാലും ഇളക്കാൻ വയ്യെന്നായി. നിവൃത്തിയില്ലാതെ അദ്ദേഹത്തിന് കാശിവിട്ട് പൂർണിയയിൽവന്നു താമസമാക്കേണ്ടിവന്നു. ദേഹം ക്ഷീണിക്കുന്തോറും ശുൺഠി കൂടികൂടി വന്നു, ആ സമയത്തായിരുന്നു ബിലു പിറന്നത്. രാവും പകലും ഇത്തിരി പോന്ന ബാലനെ മടിയിൽവെച്ച്

ഇരിപ്പു തുടങ്ങി. തീരെ നടക്കാനരുത് . ഈസിചെയറിൽ കിടക്കുകയേ ഉള്ളു. പക്ഷേ ബലായി (ബിലു)യെ കണ്ണിൽനിന്നു മറയുവാൻ സമ്മതിക്കില്ല. അയൽക്കാരും മറ്റുമായ സ്ത്രീകൾ വന്നാൽ പറയും, ഇവർ നരഭോജികളാണ് . ബിലുവിനെ മയക്കാൻ വന്നിരിക്കുന്നു. ബിലുവിന്റെ അമ്മയെ ഇതിനായി എത്ര ചീത്ത പറഞ്ഞിരിക്കുന്നു. ഒടുവിൽ കട്ടിലിൽ കിടപ്പായപ്പോൾ മുഴുഭ്രാന്തായി. കട്ടിലിന്റെ നാലുവശത്തും മരം കൊണ്ട് ഫ്രെയിം ഉണ്ടാക്കിച്ചു. ഉരുണ്ടു നിലത്തു വീഴാതിരിക്കാൻ. നാവു മിക്കവാറും ഇളക്കവെയ്യന്നായി. കണ്ണടഞ്ഞാണു കിടപ്പ് . ബോധവും കുറഞ്ഞുകുറഞ്ഞാണു വരുന്നത് . ദേഷ്യം മാത്രം കുറയുന്നില്ല. എന്നെയും ബിലുവിന്റെ അമ്മയെയും കടിച്ചും മാന്തിയും ബുദ്ധിമുട്ടിക്കും. ചോറു കൊടുത്താൽ വിരൽ കടിക്കും. ഈ അവസരത്തിൽ പോലും ബിലുവിനെ അരികിൽ പിടിച്ചിരുത്തിയാൽ പിന്നെ കോപം പറപറക്കും. കോപം കാരണം കുട്ടികളെപ്പോലെ കിടക്കയിൽ കിടന്ന് ഉരുളുകയാണെന്നു വിചാരിച്ചോളൂ. ബിലുവിന്റെ കോമളങ്ങളായ കൈകൾ കവിളിൽ വെച്ചാൽ മതി, മന്ത്രം ജപിച്ചു മയക്കിയ പാമ്പിനെപ്പോലെ ശാന്തനാകും. ഒരിക്കൽ കണ്ണടച്ചു കിടക്കുകയായിരുന്നു. ഞങ്ങൾ ഒരുപാടു വിളിച്ചു കണ്ണു തുറക്കാൻ ഭാവമില്ല. പറയുംതോറും വികൃതിക്കുട്ടികളെപ്പോലെ വാശിയേറുകയേ ഉള്ളു. അപ്പോൾ ബിലുവിനോടു പറഞ്ഞു, ബിലുമോനെ! ഒന്നുവിളിക്കൂ മുത്തച്ഛനെ. അത്ഭുതം! ആ അർദ്ധബോധാവസ്ഥയിലും ബിലുവാണു വിളിക്കുന്നതെന്നു തിരിച്ചറിഞ്ഞു. കൈകൊണ്ട് ബിലുവിനെ തപ്പുവാൻ തുടങ്ങി. പിന്നെ കണ്ണുതുറന്നു. അച്ഛന്റെ ജീവിതമവസാനിച്ച അന്നുകൂടി അവസാന നിമിഷങ്ങളിൽ 'ബാബുജി, ബിലു വിളിക്കുന്നു, ബലായി, എന്നു പറഞ്ഞപ്പോൾ ബിലുവിന്റെ പേർ കേട്ട് കണ്ണുയർത്തി നോക്കുമെന്ന് ഒരു ക്ഷീണിച്ച ആശ ഉണ്ടായിരുന്നു. എന്നാൽ അച്ഛൻ എല്ലാ വിളികൾക്കുമപ്പുറത്തെത്തിയിരുന്നു. ബിലുവിന്റെ ബുദ്ധിയും അതിശയിപ്പിക്കുന്നതുതന്നെ. അന്ന് പ്രായമെന്നു പറയുവാൻ എത്രയുണ്ടായിരുന്നു? അത്രപോന്ന ബാലൻകൂടി, തനിക്കല്ലാതെ മുത്തച്ഛനെ വശത്താക്കാൻ കഴികയില്ലെന്നു മനസ്സിലാക്കിയിരുന്നു. മുത്തച്ഛന്നു ഭക്ഷണം കൊടുക്കാൻ, അല്ലെങ്കിൽ ശാന്തനാക്കാൻ തന്റെ സഹായം ആവശ്യമായിരിക്കുന്നുവെന്ന് വിളികൊണ്ടുതന്നെ അയാൾ മനസ്സിലാക്കിക്കളഞ്ഞിരു

ന്നു. ആ സമയം അയാൾ ഉപേക്ഷയോ ഗൗരവമോ നടി ക്കും. അമ്മയെക്കൊണ്ട് സ്വല്പം സേവ പറയിക്കാനുള്ള അടവാണിത് ... ബിലുവിനു വീണ്ടും തന്റെ മുത്തച്ഛനെ കാണാൻ കഴിയുമോ? അച്ഛാ! തനിക്കു പ്രിയപ്പെട്ട ബലായി യെ ഒടുവിൽ ഈ വിധം തന്റെയരികിലേയ്ക്കു വിളിച്ചു കൊണ്ടുപോയല്ലോ.

മനസ്സിന് ഒരു സമാധാനവുമില്ല—മുറിയിൽ ഇത്രയേറെ ആളുകൾ! എല്ലാവരും ഉണർന്നിരിക്കതന്നെയാണ് . പുറത്തു വാർഡർ. അകത്തെ വർത്തമാനം ഒന്നു പതുക്കെയായിട്ടു ണ്ടെങ്കിലും നിലച്ചിട്ടില്ല. ദാസ്ജി കുളിക്കുന്നതിന്റെ ശബ്ദം കേൾക്കുന്നു. അകം പൊതുവെ ശാന്തം, പുറത്ത് നായയുടെ മോങ്ങൽ. എന്നിട്ടും അന്തരീക്ഷത്തിൽ ഒരു വിങ്ങിപ്പിടിച്ച ഭാവം.

അഴികൾക്കിടയിലൂടെ വെളിച്ചം വാരന്തയിൽ വീഴുന്നു. സാരിയുടുത്തുകൊണ്ട് അതാരാണ് . ഇല്ലില്ല, അവിടെ വിറകു കൂട്ടിയിട്ടിരിക്കുന്നു. അതിൽ വെളിച്ചം വീണതുകൊണ്ട് തോന്നി യതാണ് . ബിസുൻദേവ്ജി മെസ്സിലെ വിറകുപോലും വളരെ നിഷ്കർഷയോടെ മാത്രമേ സൂക്ഷിക്കാറുള്ളു. ജയിലിൽ സംയമത്തിന്റേതായ ഈ പ്രവണത എല്ലാവർക്കും കാണു ന്നു. കീറിയ കുപ്പായം, പഴയ മെതിയടി, ഒന്നും കളയാൻ പാടി ല്ല. ജയിലിൽ താമസിക്കണം. എന്നാലേ ഈ മനോഭാവം ജ നിക്കൂ. വിറകുകെട്ടു കണ്ടിട്ട് പെട്ടെന്നെന്തേ ഇങ്ങനെ തോ ന്നാൻ? ആശ്രമത്തിലെ അടുക്കള വരാന്തയിൽ കീറിയ വിറകും ചാണകവറളിയും കൂട്ടിയിട്ടിരിക്കും. അകത്ത് ബിലുവിന്റെ അമ്മ ഭക്ഷണം പാകപ്പെടുത്തുന്നു. ബിലുവിന് എവിടെയെ ങ്കിലും പോകാനുണ്ടാകും. ഭക്ഷണം കഴിച്ചിട്ട് . അയാൾ ഭക്ഷ ണത്തിനിരുന്നു. വളരെ വേഗമാണു ഭക്ഷണം, ചവയ്ക്കാനു മില്ല ഇട... ചിതറിക്കിടക്കുന്ന രൂക്ഷമായ മുടി. ജയിലിനെ മുഷി ഞ്ഞു നീലവരയുള്ള ഷർട്ട്, ട്രൗസർ, ക്ഷീണിച്ചു വിളർത്ത നിറം.

ഭഗവാനേ! ഗാന്ധിജീ! അങ്ങയുടെ പേർ ജപിച്ചിട്ടും മനസ്സിനു ബലം കിട്ടുന്നില്ല. ചർക്കയെടുത്ത് ഇരിക്കുക തന്നെ വീണ്ടും. അതാണെന്റെ അവസാനത്തെ തുണ. അന്ധന്റെ കൈയിലെ വടി, എന്റെ ജപമാല!..... തിബത്തിൽ 'യർവാദാ

ചർക്ക' പോലുള്ള ഒന്നു കറക്കിക്കൊണ്ടാണത്രേ അവിടുത്തുകാർ നാമ സങ്കീർത്തനം നടത്തുന്നത് . പെട്ടെന്നു സൂരജ് ബല്ലി ബാബുവിൽ ദൃഷ്ടി പതിഞ്ഞു. പാവം ചിന്തിതനായി എൻെറ മുഖത്തേയ്ക്കുതന്നെ നോക്കിയിരിക്കുന്നു. എൻെറ കണ്ണുകളിലും മുഖത്തും പെരുമാറ്റത്തിലും എന്തോ പ്രത്യേകത കണ്ടിട്ടാവും തീർച്ച. പുനി വളരെ മോശം. ഇടയ്ക്കിടയ്ക്ക് നൂൽ പൊട്ടിപ്പോകുന്നു. മറുനാട്ടിൽവെച്ച് മനുഷ്യന് എന്തെങ്കിലും അസുഖം തോന്നിയാൽ പരിഭ്രമം പറയാനില്ല. വീട്ടുകാരെ കാണാൻ കൊതിയാവും. വീട്ടുകാരിയുടെ മനസ്സിരുത്തിയുള്ള ശുശ്രൂഷയ്ക്കായി മനസ്സു വെമ്പുന്നു. ഇന്നത്തെപ്പോലൊരു ദിവസത്തിൽ ബിലുവിന് വീട്ടുകാരായി ആരെയും തന്നെ തൻെറ അരികിൽ കിട്ടില്ല. അവരോട് എന്തെല്ലാം പറയാനുണ്ടാകുമായിരുന്നു. കുട്ടികൾക്ക് നിസ്സാരമായ ഒര സുഖമുണ്ടായാൽ മതി, ബിലുവിൻെറ അമ്മ ഊണുമുറക്കവും വേണ്ടെന്നുവയ്ക്കും. രാപ്പകൽ രോഗിയുടെ അരികിൽ ഇരിക്കും. വിശറിയെടുത്തു വീശിക്കൊണ്ടിരിക്കും. പറഞ്ഞാലും താഴെ വയ്ക്കില്ല. സുഖക്കേടു മാറിയാൽ പിന്നെ പഥ്യാപഥ്യവിചാരം. പനി വിട്ടാൽ പിറ്റേന്നാൾ ലേശം ജൂസ് , പിന്നത്തെ ദിവസം പാലും റൊട്ടിയും, അടുത്ത നാൾ ചപ്പാത്തി. ഇതിനു ശേഷം ചോറ് . പനിപിടിച്ചുപോയാൽ ഈ നിയമങ്ങൾക്ക് അണുവളവ് വ്യത്യാസം വരികയില്ലെന്ന് രണ്ടു മക്കൾക്കുമറിയാം. എന്നാൽ ബിലുവിൻെറ അമ്മയ്ക്ക് ബിലുവിൻെറ അന്തിമ നിമിഷങ്ങളിൽപോലും അയാളുടെ അടുക്കൽ ഇരിക്കാൻ കഴിയുന്നില്ല. ഇങ്ങനെയൊരു ഗതി വരുത്തിയതു ഞാൻ തന്നെ. പല മൃഗങ്ങളും സ്വന്തം കുട്ടിയെ തിന്നുമെന്നു കേട്ടിരിക്കുന്നു. ഞാനും അവരിൽപ്പെടുമോ? വീണ്ടും പൊട്ടി ചരട് . ഞാൻ വളരെ നേർമിച്ചു നൂൽക്കുകയാണെന്നതു കൊണ്ട് പൊട്ടുന്നതാവാം. ഊഹം, ഇതിലും മുഴുത്തതായാൽ പരവതാനി തുന്നാനേ കൊള്ളൂ.

നേപ്പാളിൽ ഒരുത്തനു പകരം വേറൊരാൾ രാജകോപത്തിനുള്ള ശിക്ഷ അനുഭവിച്ചാൽ മതിയെന്നു കേട്ടിട്ടുണ്ട് . സത്യമാണോ എന്തോ! വലിയ വലിയ പണക്കാർ തങ്ങൾക്കു പകരം തങ്ങളുടെ വേലക്കാരെയും മറ്റും ജയിലിലയയ്ക്കാറുണ്ടത്രേ കഷ്ടം! ഇവിടെ അങ്ങനെ നിയമം ഉണ്ടായിരുന്നെങ്കിൽ! എന്നാൽ ബിലുവിനു പകരം ഞാൻ പോയാലും.........

ചിലർ മറ്റുള്ളവരുടെ രോഗം ഏറ്റെടുത്തതായി പല പല കഥകളിലും കേട്ടിട്ടുണ്ട്. ഹുമയൂൺ മരണ ശയ്യയിലായിരുന്നപ്പോൾ ബാബർ അങ്ങനെ ചെയ്കയുണ്ടായത്രേ. യുദ്ധ സമയത്ത് പിടിച്ചുവെയ്ക്കുന്ന കരുതൽ തടവുകാരിൽ ഒരുത്തൻെറ ജീവനു പകരം മറ്റൊരുത്തൻേറതെന്നു പറയുന്നതിലെന്താണു തെറ്റ് ?

വീണ്ടും ചരടുപൊട്ടി. പഞ്ഞി പഴയതായിരിക്കുമോ? ഇങ്ങനെ പൊട്ടിത്തുടങ്ങിയാൽ ചർക്കയിൽ നൂൽ നൂൽക്കുവാൻ പറ്റുമോ? ഈ പുനി കൊണ്ടു മുമ്പും നൂറ്റിട്ടുണ്ട്. അപ്പോൾ പൊട്ടിയിട്ടില്ലല്ലോ. അതല്ല, എൻെറ കൈവിറച്ചിട്ടാണ്. പഞ്ഞി വേണ്ട പോലെ പിടിക്കാനും വലിക്കാനും കഴിയുന്നില്ല. കണ്ണിൻെറ കൃഷ്ണമണികളും തുള്ളുന്നു. നൂൽവ്യക്തമായി കാണാൻ കഴിയുന്നില്ല. എണ്ണതീരാൻ തുടങ്ങിയിരിക്കാം. കണ്ണിൻെറ കാഴ്ച എത്ര നാൾ നിൽക്കും. അല്ല, ഞാൻ വെറുതെ എന്നെ തെറ്റിദ്ധരിക്കയാണ്. എൻെറ ഇപ്പോഴത്തെ മാനസികാവസ്ഥയിൽ നൂൽനൂൽക്കുക അസാധ്യം..... സോറാബ് —റസ്റ്റം കഥ ചരിത്രപരമായ സത്യമല്ല. തികച്ചും സാങ്കൽപികം. അച്ഛനും മകനും പരസ്പരം ഇങ്ങനെയാവുമോ? എന്തുകൊണ്ടു വയ്യ. ലോകത്തിൽ നടക്കവെയ്യാത്തതായി ഒന്നും തന്നെയില്ല. സിംഹാസനത്തിനുവേണ്ടി അച്ഛനും മകനും തമ്മിൽ യുദ്ധം—ഇതാണു ലോകത്തിലെ സാധാരണ രീതി. എന്നാൽ എനിക്കെന്തുകൊണ്ടാണ് ഇങ്ങനെ ഒരു ശിക്ഷ അനുഭവിക്കേണ്ടിവന്നിരിക്കുന്നത് ? സിക്ക് ഗുരു ബന്ദയ്ക്ക് ശിക്ഷ അനുഭവിക്കേണ്ടിവന്നു—സ്വന്തം കയ്യാലേ സ്വന്തം പുത്രനെ കൊല്ലേണ്ടിവന്നു. ഹൗ! എത്ര ചോര! ഹൃദയത്തിൽനിന്ന് പൂക്കുറ്റി പോലെ ചോര ചിതറുന്നു.

സൂരജ് ബല്ലി ബാബു ചോദിച്ചു. 'എന്താണു പറയാൻ ഭാവിച്ചത് ?'

ഒന്നു വല്ലാതായിട്ടു പറഞ്ഞു— "ഇല്ല, ഒന്നും പറയാൻ വിചാരിച്ചില്ല." ഒരു പക്ഷേ അന്യമനസ്കതയോടെ അവസാന വാക്യം കുറച്ചുറക്കെ പറഞ്ഞുപേയോ? സൂരജ് ബല്ലി അൽപം നിർത്തിനിർത്തി പറഞ്ഞു—"ചർക്ക തിരിക്കുന്നതിന് ഒട്ടും...... ഏതും...എന്നുവെച്ചാൽ... എന്നാൽ മതിയാക്കുകയല്ലേ നല്ലത് ?"

"ഇല്ല മുറയ്ക്കു നടക്കുന്നുണ്ടല്ലോ."

എന്തോ അബദ്ധം കാണിച്ചു പിടിക്കപ്പെട്ടതുപോലെ തോന്നി. മറുപടിക്കു വാക്ക് ഇടറുന്നു. ആ നിസ്സാരകാര്യത്തെ ഒരു വിധം അവസാനിപ്പിച്ച് ചർക്കയിൽ മനസ്സിരുത്തിയാൽ രക്ഷപ്പെട്ടു. പുനിയുടെ നൂൽ വരുന്ന ഭാഗത്ത് കണ്ണുതറപ്പിച്ചിരുന്നു. കണ്ണ് മറ്റെങ്ങും തിരിയാതിരിക്കാൻ. കണ്ണുനീർ പൊട്ടിപ്പുറപ്പെടുന്നു. രാത്രി ഉറങ്ങിയില്ലല്ലൊ, അതുകൊണ്ടാവും നിശ്ചയം. മറ്റു കാരണമൊന്നുമില്ല. രാത്രി ഉറങ്ങാതിരുന്നാലാണ് കണ്ണിന് എരിച്ചിൽ. മഹാത്മജി! എന്റെ മനസ്സിനു ബലം തരൂ. സംയമനത്തിന്റെ സേതു ഇനി ഉറച്ചുനിൽക്കുമെന്നു തോന്നുന്നില്ല. ഇപ്പോൾ എന്നെ നിലയ്ക്കു നിർത്തുവാൻ കഴിയുന്നില്ല.

സൂരജ് ബല്ലി ബാബു വിളിച്ചു — 'മാസ്റ്റർ സാഹബ് ! ഓ മാസ്റ്റർ സാഹബ് ! ആ ശബ്ദം അകലെ നിന്നെത്തുന്നതു പോലെ തോന്നി. മയക്കത്തിൽ ദൂരെ നിന്നെത്തുന്ന തീവണ്ടിയുടെ ശബ്ദം പോലെ. സൂരജ് ബല്ലി വിളിക്കുന്നുവെന്ന് മനസ്സിലായി. എന്നാൽ വിളി കേൾക്കാൻ ഉത്സാഹം തോന്നുന്നില്ല. അയാൾ എന്റെ പുറത്തുകൈവച്ചു. സഹതാപാർദ്രമായ ആ കരസ്പർശം അനുഭവിച്ചതോടെ എനിക്ക് എന്നെ പിടിച്ചു നിർത്താൻ വയ്യാതായി. 'ബിലു! ബിലു!' ചർക്കയും നൂലും പിടിവിട്ട് സൂരജ്ബല്ലി ബാബുവിന്റെ കൈ മുറുകെ പിടിച്ചു. രണ്ടുപേരും മൗനം. അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നു. കസേരയിൽ ഇരുന്നിരുന്നവരും എഴുന്നേറ്റു. ഛീ! എന്താണു കാട്ടിയത് . ആളുകൾ ഓടിക്കൂടിയല്ലോ. വേഗം കൈവിട്ട് ചർക്ക തിരിക്കുവാൻ ശ്രമിച്ചു. വ്യർത്ഥമായി. സദാശിവൻ വീശുവാൻ തുടങ്ങി. ഉറങ്ങിയതായിരുന്നു. എപ്പോഴാണുണർന്നത് ? ഞാൻ ബോധംകെട്ടു വീണേക്കുമെന്നാണോ ഇവർ വിചാരിക്കുന്നത് ? സദാശിവനോടു പറഞ്ഞു: 'തണുത്ത കാറ്റ് അല്ലാതെതന്നെ കിട്ടുന്നുണ്ട് . വീശണമെന്നില്ല.' പക്ഷേ ആരുണ്ടു കേൾക്കാൻ?

കുറച്ചു കഴിഞ്ഞപ്പോൾ സൂരജ്ബല്ലി ബാബു ചോദിച്ചു, 'ഗീത വായിക്കട്ടെ? കേൾക്കണോ?'

എത്ര ആത്മാർത്ഥമായ മധുരവാക്ക് ! വേണ്ട എന്നു പറയുന്ന പ്രശ്നമേ ഇല്ല. 'വായിക്കൂ' എന്നുപറഞ്ഞു വീണ്ടും

ചർക്ക തിരിക്കാൻ തുടങ്ങി. അയാൾ ഗീതാ പാരായണം തുടങ്ങി. എന്റെ അരികിൽ വന്നിരുന്നുള്ള ഈ ഗീത വായന എന്തിനായിട്ടെന്ന് എനിക്കു മനസ്സിലായി. എനിക്കു മനോബലം വളർത്താനല്ല, സഹതാപം കൊണ്ടല്ല, എന്റെ വേണ്ടാത്ത ചിന്തകൾ ഇല്ലാതാക്കാനല്ല, മറച്ച് ശവം നീക്കം ചെയ്യുന്നതിനുള്ള മിലിട്ടറി ലോറി, ഡോക്ടറുടെയും മജിസ്ട്രേട്ടിന്റെയും കാർ എന്നിവയുടെ ശബ്ദം എന്റെ ചെവിയിൽ പെടാതിരിക്കാൻ. ഇതിനു മുമ്പുണ്ടായ ഓരോ തൂക്കിക്കൊല ദിവസവും ഭയമിശ്രിതമായ ഉൽക്കണ്ഠയോടെ ഞങ്ങൾ ഈ ശബ്ദം ശ്രദ്ധിച്ചിട്ടുണ്ട് . കാറിന്റെ ഉഗ്രമായ ഹോറണടി ഞങ്ങളുടെ സ്നായുക്കളെയാകെ ഉലച്ചു കളഞ്ഞു. ഇതിനു ശേഷം വാർഡിൽ പരന്ന നിശ്ശബ്ദതയിൽ ഹൃദയത്തുടിപ്പു പോലും കേൾക്കാമെന്നായി. പിന്നെ രാവവസാനിക്കില്ലെന്നു തോന്നി. നേരം പുലരുകയെന്നത് ഉണ്ടാവില്ലേ എന്നു സംശയിച്ചു. പിന്നെ മിലിട്ടറി ലോറിയുടെ ശബ്ദം കേൾക്കുമ്പോൾ ലോറിയിൽ ശവം പുറത്തേക്കു തിരികെക്കൊണ്ടുപോകുന്നു എന്നു ധരിക്കും. ഇതുകഴിഞ്ഞ് ഒമ്പതു തവണ മണിയടിക്കും. തടവു പുള്ളികളെ ഉണർത്താൻ. തൂക്കിക്കൊല നടക്കുന്ന ദിവസം ഒറ്റ തടവുകാരനും ഉറങ്ങിയിട്ടുണ്ടാവില്ല. എന്നാലും നിയമത്തിനു നീക്കുപോക്കരുതല്ലോ. ഇതിനുശേഷം വെളുപ്പിനുള്ള രണ്ടു മണി. പതിവുള്ള 'എണ്ണമൊത്തു നോംഷലി'നുള്ളത് . ആ ശബ്ദം രാത്രിയുണ്ടായിരുന്ന തടവുകാരൊക്കെ പുലർന്നപ്പോഴും ഉണ്ടെന്നറിയിക്കുന്നു. ഒറ്റ എണ്ണം പോലും കൂടിയിട്ടുമില്ല, കുറഞ്ഞിട്ടുമില്ല. ഓരോ വാർഡനും അവരവരുടെ വാർഡിലുള്ള തടുവുകാരുടെ എണ്ണം വാച്ച് ടവറിൽ അറിയിക്കുന്നു. രാത്രിയിലെ സംഖ്യയുമായി ഒത്തെങ്കിൽ രണ്ടു തവണ മണിയടിച്ച് ആ അചിന്തനീയമായ വൃത്താന്തം നാലു ഭാഗത്തേക്കും പ്രസാരണം ചെയ്യപ്പെടുന്നു. ജയിലർ ജമാദാരിനെ താക്കോൽ ഏൽപിക്കുന്നു. എല്ലാ വാർഡുകളുടെയും വാതിൽ തുറക്കുന്നു. എറുമ്പു നിരപോലെ തടവുകാർ പുറത്തേക്കിറങ്ങുന്നു. 'ഡബിൾ ഫയൽ' 'ഡബിൾ ഫയൽ'. അനുസരിച്ചാൽ ശിക്ഷയിൽനിന്ന് ഒരു ദിവസത്തെ ഇളവ് . പുത്തൻ ഉണർവ്വോടെ ദുർവഹവും ദുരതിക്രമവുമായ ഒരു ദിവസം കുറച്ചു കിട്ടുവാനായി വീണ്ടും ഒരുമ്പെട്ടിറങ്ങുന്നു. ഓരോ മണിക്കൂറും അവനെ ഓർമ്മിപ്പിക്കുന്നു. ഇരുപത്തിനാലു മണിക്കൂറു കൂടുമ്പോഴാണ് ഒരു ദിവസമാകുന്നത് . ഒരു

ദിവസം കുറഞ്ഞു കിട്ടി. ഇനി ഇത്ര ദിവസങ്ങൾ ബാക്കി?

ഇവർ എന്നെ ഓർമ്മിപ്പിക്കാതെ നോക്കുകയാണ് . പക്ഷേ ഈ സമയം ബിലുവിനെപ്പറ്റി ഓർക്കാതെ പോവുമോ? ഈ സമയം എന്തു ചെയ്താലാവും അന്യമനസ്കത കൈവരുക? അതുണ്ടായാലേ ജീവിതം സാധ്യമാവു. ഭഗവാൻെറ അനന്ത കൃപ എന്നുവേണം പറയാൻ—ഒരേ സമയം ഒന്നിലേറെ കാര്യങ്ങൾ ചിന്തിക്കാൻ വയ്യ. ബിലു അവസാന നിമിഷങ്ങളിൽ തൻെറ മരണത്തെയൊഴിച്ചു മറ്റു വല്ലതിനെപ്പറ്റിയും ചിന്തിക്കയാണെങ്കിൽ മനസ്സിൻെറ അശാന്തിയും ത്രാസവും ഇല്ലാതാവും. ഒരു സമയം വേദന തന്നെ അറിയില്ല. ദൈവമേ! ഞാൻ നിന്നോട് ഒന്നും യാചിച്ചിട്ടില്ല. ഇന്ന് ഈ കഠിനമായ ആപത് സന്ധിയിൽ എൻെറ എല്ലാ സിദ്ധാന്തങ്ങളെയും ജലാഞ്ജലി ചെയ്ത് എൻെറ മനോരഥം അറിയിക്കാതെ വയ്യാതായിരിക്കുന്നു. ഭഗവാൻ! അവസാന നിമിഷങ്ങളിൽ ബിലുവിന് മറ്റു കാര്യങ്ങളെപ്പറ്റിയുള്ള ഓർമ്മ പ്രദാനം ചെയ്യേണമേ! അതിനുള്ള ശേഷി നൽകണം. അവസാന നിമിഷങ്ങൾക്കുമുമ്പുതന്നെ അയാൾക്കു മരണ ഭീതി കാരണം ഇഞ്ചിഞ്ചായി മരിക്കേണ്ട ഗതി വരുത്തരുത് . ടെലിപ്പതി ഉള്ളതുതന്നെയാണോ? എൻെറ മനസ്സിലെ ഇച്ഛയും മോഹവും ബിലുവിൻെറ അടുക്കലെത്തുന്നുണ്ടോ? ബിലൂ, നോക്കൂ മോനേ, നിനക്കുവേണ്ടി നിൻെറ അച്ഛൻ ഇന്ന് ഈശ്വരൻെറ മുന്നിൽ ചെറിയവനായിരിക്കുന്നു.

സൂരജ്ബല്ലി ബാബു ഗീത വായിക്കുന്നു. വളരെയധികം പരിചയമുള്ള ശ്ലോകങ്ങൾ കേട്ടിട്ടും കേൾക്കാൻ കഴിയാത്ത പോലെ തോന്നുന്നു. കേട്ടിട്ടും ഒന്നും മനസ്സിലാകാത്തപോലെ. ശബ്ദതരംഗങ്ങൾ ചെവിയോളം എത്തുന്നു. എന്നാൽ മനസ്സിലും മസ്തിഷ്കത്തിലും ഒരു ചേതനയേയും ഉണർത്തുന്നില്ല. യുദ്ധത്തിൻെറ വിശാലഭൂമിയിൽ നിന്നുകൊണ്ടുള്ള ഗീതയുടെ സന്ദേശം ദ്വാപരയുഗത്തിൽ മാത്രമേ സാധ്യമാകു. ഞാൻ അർജുനനല്ല. നമുക്കു ഗീതയുടെ രഹസ്യമെന്തറിയാം? നാസ്തികനായ ബിലു ഗീത തിരിച്ചയച്ചുവെങ്കിലും അതേ ഗീതയിലെ കർമയോഗിയുടെ മൂലമന്ത്രം അയാൾ മനസ്സിലാക്കിയിരിക്കുന്നു. പ്രവർത്തനത്തിൽ സദാ മുഴുകുന്നു. നീലു? അയാളും എന്തിലാണ് പിറകിൽ? അയാളുടെ കഠിനമായ കർത്തവ്യബോധത്തിനു മുന്നിൽ സ്നേഹവും പ്രേമവും മമതയും ജ

നാഭിപ്രായവും സ്വന്തം പ്രിയപ്പെട്ട ജ്യേഷ്ഠനും എല്ലാം തുച്ഛമായി. എന്നിട്ടു ഞാൻ അവർ നാസ്തികരാണെന്നു ധരിച്ചിരിക്കുന്നു. ഈശ്വരവിശ്വാസം ഞങ്ങളുടെ മനസ്സിനു ബലം തരുന്നു. എന്നാൽ ഈശ്വരനിലുള്ള അവിശ്വാസം ഇവർക്കു ദൗർബല്യം വരുത്തിയിട്ടില്ല. മറ്റുള്ളവരുടെ പതനത്തിനു കാര്യമായ വസ്തുക്കൾ താന്ത്രികരായ സാധകർക്ക് സിദ്ധി പ്രദായികളാണത്രേ.

എൻ്റ ! ഞെട്ടിപ്പോയി. പഞ്ഞി നിലത്തു വീണു പോയി കൈയിൽനിന്ന്. ചർക്കയുടെ ഘർഘരത്തെയും ഗീതാപാരായണത്തിൻെറ ഏകതാളത്തിലുള്ള സ്വരത്തെയും ഭേദിച്ച് മറ്റു സകല ശബ്ദങ്ങളെയും മുക്കിക്കൊണ്ട് ലോറിയുടെ ഹാറൺ മുഴങ്ങി. പിന്നെ കാർ വന്നു നിന്ന ശബ്ദം. ആ ലോറി എൻെറ നെഞ്ചിലൂടെ കടന്നു പോയപോലെ. അതിനെ പിടിച്ചു വലിച്ചു നിർത്താൻ കഴിഞ്ഞിരുന്നെങ്കിൽ, ശാരീരിക ബലം കൊണ്ട് , എത്ര ശക്തിയുണ്ടെന്നുവെച്ചാൽ അതൊക്കെ പ്രയോഗിച്ച് —കോൺക്രീറ്റിട്ട നിരത്തിലൂടെ എന്നെ വലിച്ചിഴയ്ക്കുന്നു. ലോറിയുടെ ചക്രത്തെ തടയുവാൻ മാത്രം എനിക്കു ശക്തിയുണ്ടോ? ലോറിനിന്നു. എൻെറ ഹൃദയത്തുടിപ്പിനോടു ചേർന്ന് കാറിൻെറ ഇഞ്ചിൻ ശബ്ദിക്കുന്നു. ഏതോ ക്രുദ്ധനായ ഹിംസ്രമൃഗത്തെപ്പോലെ ചീറുന്നു. സഹദേവൻ എൻെറ പുറം തടവുന്നു. എല്ലവാരും ചുറ്റും വന്നു നിന്നു. വണ്ടി ദേഹത്തു കയറിയാൽ ജനം വന്നു വളഞ്ഞു നിൽക്കുന്ന വിധം.

സദാശിവൻ പറഞ്ഞു, "വരിൻ! എല്ലാവരും ചേർന്ന് പ്രാർത്ഥിക്കുക." എല്ലാവരും അവിടെത്തന്നെ ഇരുന്നു. ബൈജനാഥൻെറ പാർട്ടിക്കാർ, ഫോർവേഡ് ബ്ലോക്കുകാർ, കിസാൻ സഭക്കാരനായ ആ യുവാവ് , കമ്യൂണിസ്റ്റ് പാർട്ടിക്കാരനായ ആ പയ്യൻ—ബാക്കിയുള്ളവരെല്ലാംതന്നെയുണ്ട്. മെഹർ ചന്ദ്ജി 'രാഷ്ട്ര ഗാന് കീ ദിവ്യജ്യോതി' ആരംഭിച്ചു. ഇന്ന് ആർക്കുമില്ല പ്രാർത്ഥനയോടു വിരോധം. ഒളിയമ്പെയ്തുകൊണ്ട് പാട്ടിനെ കളിയാക്കുന്നില്ല. മെഹർചന്ദ്ജിക്ക് ഓർമ്മയില്ലാത്ത വരി എല്ലാവരും നേരത്തേതന്നെ ഒ[illegible]ച്ചു ചൊല്ലി. അദ്ദേഹത്തിന് കീശയിൽനിന്ന് കടലാസെടുക്കേ[illegible] സന്ദർഭം തന്നെ ഉണ്ടാക്കിയില്ല. എല്ലാവരും ആത്മാർത്ഥതയോടെ തൊണ്ടതുറന്നു പാടുന്നു. മജിസ്ട്രേട്ടിൻെറയും ഡോക്ടറുടെയും [illegible]ാറിൻെറ ശ

ബ്ദം ഇപ്പോൾ കേട്ടുകൂടാ— അത്ര ഉറക്കെ. ഇതേ ഉദ്ദേശത്തോടെയാണു പ്രാർത്ഥിച്ചിരുന്നത് . മെഹർ ചന്ദജിയുടേത് അവസാനിച്ചപ്പോൾ സദാശിവൻ എടുത്തു—രഘുപതി രാഘവ രാജാറാം—

മഹാത്മജിയുടെ പ്രിയപ്പെട്ട കീർത്തനം. എത്ര മധുരവും നിത്യനൂതനവുമാണ് . അതിന്റെ സ്വരം! ബിലുവിന്റെ പാർട്ടിക്കാർക്കുമില്ല ഇന്നു കീർത്തനം ചൊല്ലുന്നതിൽ എതിർപ്പ് . ആദ്യത്തെ ഗീതം രാഷ്ട്രപതാകയുടേതായിരുന്നു, ശരി. എന്നാൽ ഇത് അങ്ങനെയല്ല. ബിലുവിന്റെ അവസാന വിനാഴികയിൽ അയാളുടെ ആത്മാവിന്റെ മംഗളകാമനയ്ക്കായി, ബിലുവിന്റെ അച്ഛന്റെ മനസ്സമാധാനത്തിനായി, അവർ തങ്ങളുടെ സിദ്ധാന്തത്തെ അൽപം നമനീയമാക്കി. ബിലുവിന്റെ പാർട്ടി—അവർ എന്തെങ്കിലും ചെയ്യാതിരിക്കുമെന്നോ? ഇപ്പോൾ നീലു ഇവിടെയുണ്ടെങ്കിൽ പ്രാർത്ഥനയിൽ പങ്കെടുക്കുമായിരുന്നോ? ഒരിക്കലുമില്ല. അയാൾ തകർന്നെന്നുവരാം. കുനിയുകയില്ല. പണ്ട് നീലുവും ബിലുവും ആശ്രമത്തിൽ ഈ ഭജനം എത്ര ഭംഗിയായി ചൊല്ലിയിരുന്നു! മഹാത്മജിയുടെ മുമ്പിലും പാടി. മാനസോദ്വേഗത്തെ അമർത്തുവാൻ ഇവർ അസ്വാഭാവികമാംവിധം ഉറക്കെ പാടുകയാണ് . ഇപ്പോഴൊന്നും പാട്ടു നിർത്തുകയില്ലെന്നു തീരുമാനിച്ചു. കഴിവുള്ളിടത്തോളം പാടിക്കൊണ്ടിരിക്കും. മഞ്ചത്തിന്റെ ചവിട്ടുപടികളിലൂടെ ബിലു കയറിപ്പോകുന്നു.. ആഹാ! ബിലുവിന്റെ നഗ്നമായ കാൽ പടിയിൽ മുട്ടിയോ! എത്ര ദുർബലനായിരിക്കുന്നു. കഴുത്തു നേർത്ത് പറവയുടെതുപോലെ. മൂക്കു കഠാരി സമമായിരിക്കുന്നു. താഴെ ഇരുൾ. കയറിൽ ഉലച്ചിൽ— ബിലു! ബിലു പോയാലെന്തു സംഭവിക്കാൻ? എനിക്ക് ഇത്രയേറെ ബിലുമാരെ തന്നിരിക്കുന്നു. ഈശ്വരാ! മഹാത്മജീ! ബിലുവിന്റെ അമ്മയ്ക്ക് ഈ ആഘാതം സഹിക്കാനുള്ള ശക്തി നൽകൂ, ബിലുവിന്റെ മനസ്സിനു ബലം നൽകൂ. ബിലുവിന്റെ ആത്മാവിനു ശാന്തി പ്രദാനം ചെയ്യൂ. ഭജന നടക്കുകയാണ് –

രഘുപതി രാഘവ രാജാരാം
പതീതപാവന സീതാരാം
ജയരഘുനന്ദന ജയഘനശ്യാം
ജാനകീ വല്ലഭ സീതാരാം.
ഉറക്കെ –ഒന്നുകൂടിയുച്ചത്തിൽ!

ഔരത് കിതാ

സരസ്വതി പോയി. അതായത് വാതിൽ അടയ്ക്കേണ്ട സമയമായി. അതെ, അതുതന്നെ. ലൂസി ജമാദാരിനിയുടെ ഒച്ച കേട്ടു തുടങ്ങി. സരസ്വതി പതുക്കെ തല തടവിത്തന്നു. നല്ല സുഖം തോന്നി. അവളുടെ വിരലുകൾക്കു നല്ല മാർദവം. രണ്ടു ഞരമ്പുകളെയും അമർത്തിയമർത്തി തിരുമ്മുന്നു. പിന്നെ വിരലുകൾ മെല്ലെമെല്ലെ പുരികങ്ങളുടെ മുകളിലൂടെ മൂക്കിന്റെ അറ്റം വരെ കൊണ്ടുവരുന്നു. ഞരമ്പുകൾ 'ടപ് ടപ് ' എന്നു തുടിക്കുന്നത് അതോടെ നിലയ്ക്കുന്നു. തലയ്ക്കകത്ത് എന്തോ ഉറഞ്ഞുകിടക്കുന്നതുപോലെ – കനപ്പെട്ട ഒന്ന് . പറഞ്ഞ സമയം കൊണ്ട് അതും ഉരുകിപ്പോയി എന്നു തോന്നി. ജമാദാരിനിയുണ്ടോ അവളെ ഒരു മിനിട്ടു നേരമെങ്കിലും അധികമിരിക്കുവാൻ വിടുന്നു! എന്നോടു സംസാരിക്കുമ്പോൾ കുറച്ചെങ്കിലും ഒരു ബഹുമാനം കാട്ടുന്നുണ്ട് . എന്നാൽ സരസ്വതി 'സി' ക്ലാസുകാരിയാണ് . അവളുടെ വാർഡ് വേറെ. അവളെ ഇത്ര നേരമെങ്കിലും ഇവിടെയിരിക്കാൻ അനുവദിച്ചതുതന്നെ വലിയ കാര്യം. പാവം! അവൾ വീണ്ടും എന്തിനു ജയിലിലേക്കുതന്നെ വന്നു എന്ന് എനിക്കറിയാം. എന്നെ മറച്ചുപിടിക്കാൻ അവളെക്കൊണ്ടാവില്ല. നേരത്തെ ഇതൊക്കെ അറിയാമായിരുന്നെങ്കിൽ സഹദേവന്റെ അമ്മ ആലോചനയ്ക്കുവന്നപ്പോൾത്തന്നെ ഞാൻ സമ്മതിക്കുമായിരുന്നു. പിന്നെ എന്റെ ബിലുവിന് ഈ ഗതി വരികയില്ലായിരുന്നു. പക്ഷേ എങ്ങനെയാണു സമ്മതിക്കുക? ഭഗവാൻ ഇങ്ങനെയാണോ എന്നെ പടച്ചുവിട്ടത് ? 'ഭാഗ്യം കെട്ടവൻ ചെല്ലുന്ന ദിക്കിലെ സമുദ്രമൊക്കെ വറ്റുന്നു' എന്നു പറഞ്ഞ കൂട്ടത്തിലായി എന്റെ അവസ്ഥ. സരസ്വതിയുടെ ഭാഗ്യത്തിനു തീപിടിച്ചു. വിവാഹം നടന്നാലും ഒരു പക്ഷേ തീപിടിക്കുമായിരുന്നു. ഞാൻ ബിലുവിന്റെ അഭിപ്രായം ആരാഞ്ഞതുതന്നെയില്ല. പെൺകുട്ടി

നാലാന്തരം വരെയേ പഠിച്ചിട്ടുള്ളു. ഇന്നത്തെ ചെറുപ്പക്കാർക്ക് ഇതിഷ്ടമാവുമോ? ഞാൻ സഹദേവൻെറ അമ്മയോട് ഇതൽപം സൂചിപ്പിക്കയും ചെയ്തു. സഹദേവൻെറ അമ്മ ഒന്നും പറഞ്ഞില്ല. എന്നെ മിഴിച്ചു മിഴിച്ചു നോക്കിക്കൊണ്ടിരുന്നു. എന്നാൽ പിന്നീട് സഹദേവൻ എനിക്കു മറുപടി തരാതിരുന്നില്ല. അയാൾ പറഞ്ഞു, 'ഞങ്ങളൊക്കെ കൃഷിക്കാരും പാടത്തു പണിക്കാരുമാണ് . മിഡിൽ സ്കൂൾവരെ പഠിച്ചിട്ടില്ലാത്ത ഞങ്ങളുടെ സഹോദരി സരോജിനി നായുഡുവിനെപ്പോലെയോ വിജയലക്ഷ്മി പണ്ഡിറ്റിനെപ്പോലെയോ വിദുഷിയാകുമോ? ബിലുബാബുവിനും എത്രത്തോളമുണ്ട് പഠിപ്പ് ? വിദ്യാപീഠക്കാരുടെ ശാസ്ത്രി മാത്രമല്ലേ?' സഹദേവൻ കാഴ്ചയിൽ തന്നിൽത്തന്നെ ഒളിക്കാൻ നോക്കുന്ന ഒരു തണുപ്പൻ മട്ടുകാരനാണ് . എന്നാൽ രണ്ടുവാക്കു തറപ്പിച്ചു പറയേണ്ട സന്ദർഭം വരുമ്പോൾ തറയ്ക്കുന്ന വിധമാണു സംസാരിക്കുക. എൻെറ മകൻെറ വിവാഹം എനിക്കിഷ്ടമുള്ളിടത്തു നടത്തിക്കും. ഇല്ലാത്തിടത്തില്ല. ഇതിനെന്താണിത്രയ്ക്കൊക്കെ പറയാനുള്ളത് ? രണ്ടു പേർക്കും തമ്മിൽ ചേർച്ചയില്ല, അതുകൊണ്ടു ഞാൻ സമ്മതിച്ചില്ല. ബിഹാരികളും ബംഗാളികളും എവിടെയാണു ചേരുക? എവിടെയെങ്ങനെയാണെന്നുവെച്ചാൽ അവിടെയങ്ങനെയുള്ളവർക്കാണു ചേർച്ച. ഒരു മരത്തിൻെറ തോൽ മറ്റൊന്നിൽ ഒട്ടിച്ചാൽ പറ്റിയിരിക്കുമോ? ഞാൻ പറയും സരസ്വതിയെന്ന് . അവർ പറയും സരോസതി. സരസ്വതിക്ക് 'ശുക്തോ' (അവിലുപോലുള്ള കറി) ഉണ്ടാക്കാൻ അറിയാമോ? ഗോകുൽ പീഠയുടെ പേർ കേട്ടിട്ടുണ്ടോ? ബിലുവിന് തുവരക്കറി ഇഷ്ടമേ അല്ല. അവർക്കോ തുവരപ്പരിപ്പല്ലാതെ മറ്റൊന്നും വേണ്ടേ വേണ്ട. അവർ മസ്സൂറിപ്പരിപ്പ് പ്രസവിച്ചുകിടക്കുന്ന സമയം മാത്രമേ ഭക്ഷിക്കൂ. ഒരു ദിവസം ബഹുമിയാജിക്ക് 'ഡാംടാ — ചച്ചഡി' (ചീരക്കോല് കടുകു ചേർത്തു ചമച്ച കറി) ഉണ്ടാക്കിക്കൊടുക്കയുണ്ടായി. അവൾക്ക് അതു രുചിക്കാനൊരു മോഹം. അവൾ കോലെടുത്തു വലിച്ചുകുടിച്ച് വലിച്ചെറിയാൻ തുടങ്ങി. ചവയ്ക്കാനറിഞ്ഞുകൂടായിരിക്കും. ബംഗാളി സംസാരിക്കാൻ നല്ല വാസന. ഇവർക്ക് എന്തെങ്കിലും നല്ലൊരു മധുര പലഹാരം ഉണ്ടാക്കാനറിയാമോ? ജയിലിൽ കാണുന്നതല്ലേ? ഇവരുടെ നാട്ടിലാണ് ഇന്നോളം ജീവിച്ചത് . ഇനിയറിയാൻ ബാക്കിയൊന്നുമില്ല. മിഠായിവർഗത്തിൽ ഒരു 'പൂഅ' ഉണ്ട് . അതാണ് പൂജക്കായാലും ഭക്ഷണത്തിനാ

യാലും എല്ലാത്തിനും. വെള്ളത്തിൽ കുറച്ച് അരിമാവു കലക്കി, ലേശം ശർക്കര ചേർത്തെന്നു വരുത്തി വല്ലപാടും എണ്ണയിലിട്ടെടുക്കുക. തീർന്നു, നിങ്ങടെ 'പൂഅ'യായി. ചാറിലിട്ടുവെയ്ക്കലില്ല, ഒരു 'പിണ്ണാക്കു'മില്ല. രണ്ടു സാധനങ്ങൾ ചേർത്ത് കറിയുണ്ടാക്കിക്കോളു. അവർ ഞെട്ടും. ഇങ്ങനെയുള്ളവരുടെ പെണ്ണിനെയാണിപ്പോൾ ബിലുവിനു കല്യാണത്തിനു നിശ്ചയിക്കാൻ പോണത് ! ഇത് ഒന്നോ രണ്ടോ ദിവസത്തെ കാര്യമല്ല. ജീവിതമത്രയും വെളുത്തുള്ളിയും കുരുമുളകും തിന്നു കിടക്കാൻ കഴിയുമോ ഒരു ബങ്കാളിപ്പയ്യന് ? എന്നാലും സരസ്വതിയെ എനിക്കു പിടിച്ചു. എൻെറ മകൻെറ വധുവാക്കാൻ കഴിഞ്ഞില്ല, എന്നുവെച്ച് കണ്ണിനു നേരെ കണ്ടുകൂടാ എന്നർത്ഥമില്ല. കുട്ടിക്കാലംതൊട്ടേ കാണുന്നു. കപിൽദേവിൻെറ കൂടെ വന്ന് എത്രയോ ദിവസം എത്രയോ തവണ ആശ്രമത്തിൽ താമസിച്ചിരിക്കുന്നു. ബിലുവിനെയും നീലുവിനെയും പോലെ സഹദേവനെയും എൻെറ കൈകൊണ്ടു തന്നെയാണു രൂപപ്പെടുത്തിയത് എന്നു പറഞ്ഞാലും തെറ്റില്ല. പ്രായവും എത്രയായി? അന്നൊക്കെ ഈ പെൺകുട്ടി ഒരു കടുകുമണിയോളമേ ഉണ്ടായിരുന്നുള്ളു.

എൻെറ അടുക്കളയുമ്മറത്ത് പാരിജാതപ്പൂകൊണ്ടു നിറം പിടിപ്പിച്ച ഖദർസാരിയുടുത്ത് ആ മര്യാദക്കാരി പെൺകുട്ടി മുള പിടിച്ച് കറങ്ങുകയാണ് , മുടിയെവിടെ, വേണിയെവിടെ ചേലാഞ്ചലമെവിടെ? ബോബോ എന്നു പറഞ്ഞുകൊണ്ടു ചക്രംതിരിയുകതന്നെ. ഞാൻ പറഞ്ഞു, ഒന്നു നിർത്തു. തല ചുറ്റും, മനംപുരട്ടും, പക്ഷെ ആര് ആരുപറഞ്ഞതു കേൾക്കണു? സരസ്വതിയുടെ സ്കൂൾ: ബെരിവെരി ബാഡ് , വെരി ബാഡ് ടീച്ചർ. ~~'ഫൂൾ'~~ എന്നു പറഞ്ഞുകൊണ്ട് ബിലു വരാന്തയിൽ വന്നു. എന്നിട്ടുമുണ്ടോ പെണ്ണിൻെറ ആട്ടം നിക്കുണു. ചുറ്റിക്കറക്കത്തിനിടയ്ക്കുതന്നെ ബിലുവിൻെറ പറച്ചിലിന്നുത്തരം.

"മ്യേഉ മ്യേഉ കൂ

ബില്ലീഭൈയ്യാ താങ്ക്യൂ"

സ്വരം ചേർത്ത് ബിലു: "മുർഗേഭൈയ്യാ കീ ടാംഗ് ഖാതീ ഹോ?"

ഇപ്പോൾ പെണ്ണിൻെറ കറക്കം നിലച്ചു. വരാന്തയിൽ

ഇരുന്ന ഞാൻ ചിരിച്ചു ചിരിച്ചു മണ്ണുകപ്പി.

ആരോഗ്യം അസ്സലാണവളുടെ. കഴിച്ചുകൂട്ടാമായിരുന്നു അവളെക്കൊണ്ട് . ബംഗാളി ഗൃഹസ്ഥൻെറ മകൾ വരികയാണെങ്കിൽ ആശ്രമത്തിലെ ഗൃഹഭരണം നടത്താൻ കഴിയുമോ? ആശ്രമമെന്നു പറഞ്ഞാലോ, ഹോട്ടൽ തന്നെ. വ്യവഹാരക്കാരായ ആൾക്കാർ നഗരത്തിലേക്കു വന്നാൽ താമസം ആശ്രമത്തിൽ. മീറ്റിങ്ങുകൾ അങ്ങനെ നടന്നുകൊണ്ടേ ഇരിക്കും. സമയമെന്നില്ല ,അസമയമെന്നില്ല, രാത്രിയില്ല, അർധരാത്രിയില്ല. ആൾക്കാരുടെ വരവിനുണ്ടോ ഒരു വിരാമം? ഞാനായതുകൊണ്ട് എല്ലാം കൊണ്ടുനടന്നു. വേറെ വല്ലവരുമായിരുന്നെങ്കിൽ കരഞ്ഞുകരഞ്ഞു ചാവും. അത്രതന്നെ. അതാണുണ്ടാവുക. സരസ്വതിയുടെ കൈകൊണ്ടു ചമച്ച ഭക്ഷണം കഴിച്ചാൽ പക്ഷേ ബിലുവിൻെറ വയർ ഒരു ദിവസവും നിറയുകയുണ്ടാവില്ല. എൻെറ മോൻ ബിലുവിന് പച്ചക്കറികൾ വലിയ ഇഷ്ടമാണ് . ഇരുന്നുകൊണ്ടങ്ങനെ തിന്നുന്നു. ചോറെത്രയാണെന്നു വെച്ചാൽ പച്ചക്കറിയും അത്രതന്നെ. അതുകൊണ്ടുതന്നെയാണ് ഈ എല്ലിന്നിത്ര ഉറപ്പ് . ഇല്ലായിരുന്നുവെങ്കിൽ ഊണിനോടുള്ള ഒരു സമീപനം ഉണ്ടല്ലോ, പറവയെപ്പോലെ കൊത്തിക്കൊത്തി ഒരിത്ര ചോറ് സരസ്വതിയോ? അക്കൂട്ടർക്ക് പച്ചക്കറി തിന്നുന്ന സ്വഭാവമുണ്ടോ? അവരിൽ ലക്ഷപ്രഭുക്കളായവർക്ക് തങ്ങൾ ചോറിൻെറ കൂടെ രണ്ടു മൂന്നു പച്ചക്കറികൾ കൂട്ടുന്നുണ്ടെന്നാണ് അഭിമാനം. ചേരിയിലുള്ളവർക്ക് അതൊരു സംസാരവിഷയവുമാണ് . സാധാരണ ഗൃഹസ്ഥന്മാരുടെയവിടെ, വക്കുയർന്ന പിച്ചളക്കിണ്ണത്തിൽ ചോറ് , നടുവു കുഴിച്ച് തൊട്ടി നിറയെ പരിപ്പുകറി, കിണ്ണത്തിൻെറ ഒരു കോണിൽ 'നമോനമ' എന്നു പറയുന്ന മട്ടിൽ ചന്ദനപ്പൊട്ടു പോലെ ഒരിത്ര പച്ചക്കറി. മുഖം കൂർപ്പിച്ചുകൊണ്ട് അതൊക്കെ ചെലുത്തി എഴുന്നേൽക്കുന്നു. കപിൽദേവനും സഹദേവനും ഓരോ ലോട്ട പച്ചവെള്ളം അനുപാനം.

പിന്നെയും ഇതാര് ? എന്തിനാണെൻെറ കാലിൽ പിടിയും വലിയും? ആരാണെടീ! മൻചനിയയോ? ആരു പറഞ്ഞു കാലിൽ എണ്ണ പുരട്ടാൻ? സംശയമെന്തിന് ബഹുരിയാജി തന്നെയാവും. അല്ലാതാരാ, അല്ലേ? അവൾ പോയി എല്ലാവർക്കുമൊപ്പം ഇരിക്കുന്നുണ്ടാവും, രാമായണവായനയ്ക്ക് . എ

ന്നിട്ട് എന്നെ ശല്യപ്പെടുത്തുവാൻ ഇങ്ങോട്ടയച്ചിരിക്കുന്നു. രാമായണവായന പൊടിപൊടിക്കുന്നുണ്ടെന്നു തോന്നുന്നു. ബഹുരിയാജി വായിക്കുന്നു, ബാക്കി പതിനാറു പേർ ഏറ്റു ചൊല്ലുന്നു. ചെവിയടയ്ക്കുന്നുവല്ലോ. ഞങ്ങളുടെ അവിടെ യൊക്കെയാണെങ്കിൽ ഒരാൾ രാമയണോ മഹാഭാരതോ വായിക്കുന്നു, പിന്നുള്ളവർ കേട്ടുകൊണ്ടിരിക്കുന്നു. ഏറിയാൽ 'ഹു—ഹാ' എന്നു പറഞ്ഞെന്നു വരും. ഇവറ്റയുടെ എല്ലാറ്റിനു മുണ്ടല്ലോ ചന്തം. 'അപ്പോഴേ' എടി മൻചനിയാ, ആരാണു നിന്നോട് എണ്ണ പുരട്ടാൻ കൽപിച്ചത് ?'

"സരസോതി പോകുമ്പോൾ പറഞ്ഞേൽപിച്ചിട്ടു പോയി, കുറെ നാളായി പിത്തം ബാധിച്ചിട്ട് , അമ്മയുടെ കൈയിനും കാലിനും എരിച്ചിൽ തുടങ്ങിയിട്ടുണ്ട്, അതോണ്ട് ഉള്ളങ്കൈയിലും കാലിലും കുറച്ച് എണ്ണ പുരട്ടി തടവണംന്ന് . മായീജി, നിങ്ങൾ ശുൺഠിയെടുക്കും എന്നു പേടിച്ച് ഇതുവരെ പുരട്ടിയില്ല. വാതിൽക്കൽ ഇരിക്കയായിരുന്നു ദാ, ഇപ്പോൾ ജമാദാരിനി വന്ന് എന്റെ നേരെ കയർത്തിട്ടു പോയതേയു ള്ളു. അവർ പറയുകയാണ് ഇപ്പോഴേ ഉറങ്ങാൻ വട്ടം കൂട്ടി ത്തുടങ്ങി, അല്ലേ? മായീജിയുടെ പാകം നോക്കുകയാണ് നിന്റെയും ഗൽക്കട്ടിയുടെയും ഡ്യൂട്ടി. ഇപ്പോൾ തന്നെ വാതിൽ ക്കൽ വന്നിരിപ്പായോ? അർധരാത്രി വരെ നീ ഉണർന്നിരി ക്കണം. പിന്നെ ഗൽക്കട്ടി എന്ന് . ഇതും പറഞ്ഞ് ആയമ്മ പട പടാന്നങ്ങടു പോയി. സർക്കാരു ജയിലിലിട്ടിരിക്കുന്നു. ഇവിടെ നിങ്ങളൊക്കെ പറയുന്നതെന്താന്നുവെച്ചാൽ അതു കേൾക്കുക തന്നെ. വലിയ പാപം ചെയ്തിട്ടുള്ളവളാണ് ഞാൻ. ഇല്ലെ ങ്കിൽ ബ്രാഹ്മണനു പിറന്ന ഈയുള്ളവൾക്ക് കണ്ടവരുടെ കഴൽ തിരുമ്മേണ്ട യോഗം വരുമോ? ആയമ്മ കൽപിച്ചിട്ടു കാലു തിരുമ്മാൻ വന്നപ്പോൾ മായിജീ, നിങ്ങൾക്കരിശം..."

മൻചനിയയ്ക്ക് മുപ്പതു വയസ്സു കാണും. സീക്ലാസ്സിലെ വെറും തടവുകാരി. കണ്ടാൽ മുഖശ്രീയുണ്ട് . ബ്രാഹ്മണത്തറ വാട്ടിലെ ബാലവിധവ. കുറെനാൾ മുമ്പ് ഒരു ഉണ്ണി പിറന്നു. താമസിയാതെതന്നെ ഉണ്ണിയുടെ ശവം ഇല്ലിക്കൂട്ടത്തിനിടയിൽ ഒരു കലത്തിൽനിന്നും കണ്ടുകിട്ടി. കുട്ടിയുടെ കഴുത്തിൽ വിരൽ പാടുകൾ. ആഹാ! വെണ്ണപോലെ മൃദുവായ ഗളനാ ളത്തിൽ ചോര കട്ടപിടിച്ചു കരിവാളിച്ചു കിടക്കുന്നു. ഒരിത്രയു

ളള ചോരക്കുഞ്ഞ് ! ഈ കുറ്റത്തിന് മൻചനിയയ്ക്ക് പത്തു കൊല്ലത്തെ തടവുകിട്ടി. അവളുടെ അമ്മയ്ക്കു രണ്ടു കൊല്ലം. നന്നായി, അസ്സലായി. നീ അമ്മയാണ് . ഒരു കുഞ്ഞിനെ വയറ്റിൽ ചുമന്നു. ആ കുഞ്ഞ് ശരിക്ക് ഒന്നു കരയാൻ തന്നെ പഠിച്ചില്ല. നീയൊരമ്മയായിട്ട് ആ കുഞ്ഞിനെ ഇങ്ങനെ കാട്ടിയല്ലോ. നിന്നെപ്പോലുള്ള തള്ളമാരെ മുട്ടുകളിലും നെറ്റിയിലും ആണിയടിച്ചുതറച്ച് ഉമിത്തീയിൽ പുഴ്ത്തിപ്പുഴ്ത്തി കൊല്ലണം. ഇല്ലില്ല, അവൾ ഒരിക്കലും ഇങ്ങനെ ചെയ്തിട്ടുണ്ടാവില്ല. ഒരു സമയം അവൾ അന്നേരം ബോധശൂന്യയായിട്ടുണ്ടാവും. അവളുടെ തള്ളയാവും ഈ ചതി ചെയ്തത് . അവൾ ചോരകുടിക്കുന്ന ഒരു ചുടലഭദ്രകാളിയാണ് . എന്നിട്ടവൾക്കു കിട്ടിയതോ? രണ്ടു കൊല്ലം തടവ് . കോടതിക്കും നിയമത്തിനും എന്താ വയ്യാതുളളത് ? അങ്ങനെയായിരുന്നെങ്കിൽ എൻെറ ബിലുവിന് ഇന്ന് ഇങ്ങനെയൊരു ശിക്ഷ ഉണ്ടാവുമോ? ബിലു ആരെയും കൊന്നില്ല, ആരേയും കൊല്ലാൻ മുതിർന്നതുമില്ല. ബിലു കോൺഗ്രസ്സിനുവേണ്ടി പ്രവർത്തിച്ചു. അതിനു ജയിലിലിട്ടോളൂ, പിഴയിട്ടോളൂ. അതല്ല, തൂക്കിക്കൊല്ലൽ! ഭഗവാൻ ഇത്ര വലിയ അന്യായം സഹിക്കുമോ?

"മായിജീ, ഉള്ളം കാലിൽ കുറച്ച് എണ്ണ പുരട്ടട്ടെ?" ആഹാ, ശല്യപ്പെടുത്താതിരിക്ക് . പറയണ കേട്ടിട്ടില്ലേ കുനിന്മേൽ കുരു. ഞാൻ ഉള്ളം കത്തൽ കൊണ്ടുതന്നെ ഇവിടെ മരിക്കാൻ തുടങ്ങുന്നു. എന്നിട്ടെല്ലാം കൂടി എൻെറ പിറകേ വിടാതെ കൂടിയിരിക്കുന്നു. എന്നെ ബുദ്ധിമുട്ടിക്കാതെ പോ! ഞാൻ സമാധാനമായി ഒറ്റക്കിവിടെയിരുന്നോട്ടെ. ഇരുപത്തിനാലു മണിക്കൂറും ഇരുപത്തഞ്ചു പേരെന്ന പറഞ്ഞ കണക്കിന് എന്നെ വളഞ്ഞിരുന്ന് മേള കൂടുന്നു. എന്നെ തുളസിത്തറച്ചോട്ടിൽ ഇറക്കിവച്ചപോലെ. രാമായണവായന കണ്ടപ്പോൾ കുറച്ചു നേരത്തേക്ക് സ്വൈരമായല്ലോ എന്നു തോന്നി. അതില്ല, ഇതാ അപ്പോഴേക്ക് ഒരുത്തി വന്നു തുടങ്ങിയിരിക്കുന്നു 'മാവേലി വായന' മൻചനിയ തോരാതെ തുടങ്ങി. "മായീജീ, ഇന്നു രാവിലെ നിങ്ങൾ ബോധംകെട്ടു വീണപ്പോ ഡോക്ടർ വന്നിരുന്നു. അങ്ങേരു പറഞ്ഞിട്ടുപോയതെന്താന്നു കേക്കണോ? മായീജി മൂന്നു ദിവസമായി ശുദ്ധോപവാസം തുടങ്ങിയിട്ട് . നാളെയും ഇതു തുടരുകയാന്നുച്ചാ ബലമായി ഭക്ഷണം കൊടുക്കുംന്ന് . സൂചി കുത്തും, പിന്നെ മൂക്കിൽ കുഴലിറക്കി

കോഴിമുട്ട തീറ്റിക്കും"

'അതേടീ, അതെ, എനിക്കിപ്പോൾ ഭക്ഷണമാണു വലുത് . എടീ, ഞാൻ തിന്നില്ലെങ്കിൽ എന്നെ തീറ്റിച്ചുകളയാമെന്ന ഊറ്റം ആർക്കുണ്ട് ?'

"നിങ്ങൾക്കിക്കൂട്ടരെ അറിയില്ല മായീജി! നർമദാബെന്നിൻെറ കിടക്കകെട്ടുന്ന സഞ്ചിയില്ലേ, അതുപോലെ തുകൽ കൊണ്ടുളള ഒന്ന് കട്ടിലിൽ കെട്ടാൻ അവരുടെ കൈയിലുണ്ട് . ഒട്ടേറെ ജമാദാരിനിമാർചേർന്ന് കേറി വട്ടംപിടിച്ച് മായിജിയെ അതിൽ കിടത്തും. പിന്നെ കിടക്കകെട്ടുന്നവിധം തന്നെ മായീജിയുടെ തലയും കാലും ചേർത്തുകെട്ടും. മെത്തയിട്ട കട്ടിലിനോടു ചേർത്ത് ."

"എടീ, എനിക്ക് എറക്കാൻ മനസ്സില്ലെങ്കിലോ? അവരെറക്കിയാൽ മതിയോ? പോ പോ! ഏറെ തൊളളതുറക്കണ്ട."

വിഷയം മറപ്പിക്കാൻ നോക്കിയാലും മറക്കില്ലെന്നുവെച്ചാലെന്തു ചെയ്യും? മൻചനിയ തന്നോടെന്നപോലെ തുടർന്നു — 'ഹാരീൻ മദൈയ ഡോമിനില്ലേ,മായിജിക്കവനെ അറിയാം. അവൻെറ മൂക്കിൽ വ്രണം. ഇടയ്ക്കൊക്കെ ചോര വരുന്നു. അവൻ കഴിഞ്ഞകൊല്ലം, അവരൊക്കെ വരുംമുമ്പ് ഉപവാസം നടത്തി. അവന് കക്കൂസ് 'സഫൈയാ' (വൃത്തിയാക്കൽ) കമാൻറിൽ പണികൊടുത്തവകയ്ക്ക് . അവൻ പറഞ്ഞു, 'ഞങ്ങൾ രാജാ ഹരിശ്ചന്ദ്രൻെറ വംശത്തിലുളളവരാണ് . ഞങ്ങളുടെ ജാതിയാൽ ഞങ്ങൾക്കെന്തൊരു അന്തസ്സാണ് ! ഞങ്ങൾക്ക് മലം ചുമക്കാമോ? ഞങ്ങൾ ശവം തൊടുകയില്ല. ഗട്ടർ വൃത്തിയാക്കുന്നവർക്കൊപ്പം പംക്തിഭോജനമില്ല, അവൻ ഇതും പറഞ്ഞു— ഇവിടെ മലം നീക്കം ചെയ്യുന്ന പണി സദാസന്താലന്മാരാണു ചെയ്യുക, അതിനുശേഷം അവനെ കോഴിമുട്ടസർവത്ത് എത്രനാളാണു ബലമായി കുടിപ്പിച്ചതെന്നോ! പക്ഷേ കുടിപ്പിച്ചതുകൊണ്ടെന്ത് ? അവൻെറ സംസ്കാരം നന്ന് . ഡോക്ടർമാർ മൊട്ടയാണെന്ന കാര്യം മിണ്ടിയില്ല. എന്നിട്ടും ഛർദ്ദി തുടങ്ങി. അവസാനം ഡോക്ടർമാർ കൊമ്പുകുത്തി. സായ്പ് മലം കമാൻറിൽനിന്ന് മാറ്റാൻ കൽപനയായി. മഹാത്മജിക്ക് സർക്കാരിനെ ജയിക്കാൻ കഴിയുന്നില്ല. എന്നാൽ അവൻ ഏതാനുംനാളുകൾക്കകം സർക്കാരിനെ ശിരപ്പെടുത്തി

ക്കളഞ്ഞു. കര്‍ക്കടരദ്ദേഹം വന്ന് സൂപ്രണ്ട് അദ്ദേഹത്തെ കശക്കിക്കളഞ്ഞു. ചമായിൻ ജമാദാരിനിയാണ് ഒരു ദിവസം എൻറടുത്തു വന്ന് നടന്നതൊക്കെ പറഞ്ഞത് . ഒരു ബാധ ഒഴിവായി. പക്ഷേ അന്നുതൊട്ട് തുടങ്ങി മൂക്കിൽനിന്നു ചോരയൊലിപ്പ് .

കഴുമരത്തിൽ തൂങ്ങുമ്പോൾ വായിൽനിന്നും മൂക്കിൽ നിന്നും ചോര വരുമോ? മൻചനിയയോട് ചോദിച്ചുനോക്കണം. അവൾ കുഞ്ഞിൻെറ കഴുത്തു ഞെരിച്ചപ്പോൾ പിഞ്ചുകുഞ്ഞിൻെറ മൂക്കിൽനിന്നും വായിൽനിന്നും ചോരവന്നിരുന്നോ? വേണ്ട, ഒരമ്മ മറ്റൊരു അമ്മയോട് ഇങ്ങനെയൊക്കെ ചോദിക്കാമോ? ഈ പാപകർമ്മം അവൾ തന്നെയാണു ചെയ്തിട്ടുണ്ടാവുകയെങ്കിൽ അവൾക്ക് കൃത്യസമയം ഓമനക്കുഞ്ഞിൻെറ മുഖത്തേക്കു നോക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല.

......ദുർഗയുടെ ആ കൊച്ചുമകനെന്താണു സംഭവിച്ചത് . എൻെറ മടിയിൽ കിടന്നുതന്നെ എല്ലാം അവസാനിച്ചു. പനി പിടിച്ചു പിടിച്ച് എല്ലിൻകോലമായിത്തീർന്നിരുന്നു. പെട്ടെന്നാണ് ദുർഗയുടെ അമ്മ വിളിച്ചുകൊണ്ടുപോയത് . ഞാൻ അടുപ്പത്തുനിന്നു കറിയിറക്കിവെച്ച് ഓടിച്ചെന്നു. ദുർഗയുടെ അമ്മ, എന്തു കാര്യമായാലും പേടിച്ചരണ്ടുപോകും. തല്ലിയലച്ചു കരഞ്ഞ് അവൾ ടോലയിലുള്ളവരെയൊക്കെ ഞെട്ടിച്ചുകളഞ്ഞു. ശ്ശെടാ! ആ പിഞ്ചോമനയെ ഭഗവാൻ വിളിച്ചുകൊണ്ടു പോകാൻ പോണു. രണ്ടു വിനാഴിക അതിൻെറ അടുക്കൽ ഇരിക്കുക, അതില്ല. എന്നോടു പറഞ്ഞു, ‘അതുമാത്രം എന്നെക്കൊണ്ടാവില്ല, ചേച്ചീ! എനിക്കു പേടിയാവണു.’ ഞാൻ ചെന്നു നോക്കി. പേടിച്ചു വിറങ്ങലിച്ച് ദുർഗയുണ്ട് അരികിലിരിക്കുന്നു. കുഞ്ഞിൻെറ സ്ഥിതി ഇപ്പോഴോ പിന്നെയോ എന്ന് . ഞാൻ കുഞ്ഞിനെ എൻെറ മടിയിലെടുത്തുകിടത്തി. കഴുത്തിൽ നിന്ന് കുറുങ്ങുന്ന ശബ്ദം. കൺമിഴിയുടെ വെള്ള കാണാമായിരുന്നു. പാവം വലിച്ചുവലിച്ചു ശ്വാസമുൾക്കൊള്ളുവാൻ നോക്കുന്നു. വിഷമം കാരണം കൈകാലുകളും മുഖവും കരിനീലച്ചു. ഇത്തിരി പോന്ന കുഞ്ഞ് ! ജീവിക്കാനുള്ള പ്രയത്നം നോക്കു. ഇതിനു ശേഷം എൻെറ മടിയിൽ കിടന്നുതന്നെ എല്ലാ പ്രയത്നങ്ങളും അവസാനിച്ചു. മരുന്നിൻെറ കാര്യം പോകട്ടെ, ഒരു തുള്ളി വെള്ളം പോലും തൊണ്ടയിൽനിന്നു

താഴോട്ടിറങ്ങിയില്ല. എന്നാൽ ആശ്ചര്യമെന്താണെന്നു വെച്ചാൽ അവസാനം കുട്ടിയുടെ വായിൽ നിന്നും മൂക്കിൽ നിന്നും ചോരയൊലിച്ച് എൻെറ തുണിയും മറ്റും നാശമായി. ഞാനിങ്ങനെയൊന്നും മുമ്പു കണ്ടിട്ടില്ല. ദുർഗയുടെയമ്മ തല്ലിയലച്ചു ഭൂമികുലുക്കി. ദുർഗ ചേഷ്ടയറ്റ് ഇരുന്നുപോയി. ആ സമയത്തുണ്ട് ടോപ്പിയുടെ തള്ള ചോദിക്കാൻ സമയം കണ്ടിരിക്കുന്നു, 'അതല്ലാ ദുർഗേ, കുഞ്ഞുമോൻ പപ്പായയും പനഞ്ചക്കരയും തിന്നുകയുണ്ടായി, ഇല്ലേ?'

ബിലു പിറന്ന നേരത്ത് നല്ല ഉരുണ്ടു കൊഴുത്തവനായിരുന്നു. എടുത്തുവെച്ചാൽ മടിനിറഞ്ഞിരിക്കും. ഈറ്റില്ലത്തിലായിരുന്നപ്പോൾ ഹെഡ് പണ്ഡിറ്റിൻെറ പത്നി കാണാൻ വന്നു. രുക്മിണി വയറ്റാട്ടി കുഞ്ഞിൻെറ കവിളിൽ ഒരിത്ര പോന്ന പൊട്ട് കൺമഷി കൊണ്ടു തൊടുവിച്ചു. എന്നിട്ടു പറഞ്ഞു, ഈ പണ്ഡിതായിനി (പണ്ഡിതപത്നി) മാരെ നിങ്ങൾക്കറിയില്ല. ഇവറ്റ പിശാചുക്കളെക്കാൾ ഭയങ്കരികളാണ് . ഇവറ്റയുടെ വിഷദൃഷ്ടി വീഴുന്നിടം ചാമ്പലായതുതന്നെ. കവിളിൽ മഷി പുരട്ടിയില്ലെങ്കിൽ കണ്ടോളൂ, കുട്ടി ക്രമത്തിൽ ഉണങ്ങിയുണങ്ങി നാരുപോലെയാവും. വൃദ്ധവയറ്റാട്ടി അന്നൊക്കെ എന്നെ ഏതുനേരവും പിടിച്ചൊരിടത്തിരുത്തിയിരുന്നു. അതുപാടില്ല, ഇതുപാടില്ല എന്നൊക്കെ പറഞ്ഞ് . എന്തു ചെയ്യാൻ പോയാലും മുന്നറിയിപ്പുതരും. ശരി എൻെറ സാറേ, അങ്ങനെതന്നെ, ബിലു പിറന്നത് വിജയദശമിയുടെ അന്ന്. പണ്ഡിതായിനി വന്നത് പൂജയുടെ അവധി കഴിഞ്ഞിട്ട് . മുമ്പ് അവൾ ഗ്രാമത്തിൽത്തന്നെയായിരുന്നു താമസം. പൂജയവധി കഴിഞ്ഞ് ആദ്യമായിട്ടായിരുന്നു കുടുംബസഹിതം ഇവിടെ താമസം തുടങ്ങിയത് . പണ്ഡിതരുടെ പത്നിക്ക് , ബിലുവിന് ഇരുപതു ദിവസത്തെ പ്രായമേ ഉള്ളൂ എന്നു പറഞ്ഞിട്ടു വിശ്വാസം വരണ്ടേ? ബിലുവിൻെറ കൈയും കാലും അവൾ മിഴിച്ചുമിഴിച്ചു നോക്കിക്കൊണ്ടിരുന്നു. വയറ്റാട്ടിയോ പിറുപിറുത്തുകൊണ്ട് കുഞ്ഞിനെ തുണി കൊണ്ടു മറച്ചുകൊണ്ടുമിരുന്നു.

അതു കഴിഞ്ഞ് അന്നൊരിക്കൽ ഡബിൾ ന്യൂമോണിയ പിടിച്ചപ്പോൾ ബിലുവിൻെറ ദേഹമുടഞ്ഞുപോയി. അന്ന് ബിലുവിന് വയസ്സ് രണ്ടര. അന്നു 'ഠാക്കുർ' (ശ്വശുരൻ) കിടപ്പിലായിക്കഴിഞ്ഞിരുന്നു. കാൽ രണ്ടും അവശമായിത്തീർന്നി

രുന്നു. അതേ സമയത്താണ് ബിലുവിൻെറ അസുഖം. കാർത്തികയോടു കാർത്തിക രണ്ടു വർഷം, ആഗ്രഹായണം, പൗഷം, മാഘം, ഫാൽഗുനം, ചൈത്രം. രണ്ടു കൊല്ലവും അഞ്ചു മാസവും. ബിലുവിനു വയസ്സ് രണ്ടു കൊല്ലവും അഞ്ചു മാസവും. മാസക്കണക്കും ദിവസക്കണക്കും ഒന്നും എനിക്കു കൂട്ടുവാനറിയില്ല. അറിയാനും വഴിയില്ല. ടേപ്പിയുടെ അമ്മയുണ്ടായിരുന്നെങ്കിൽ എൻെറ ഈ കണക്കുകൂട്ടലിൽ തീർച്ചയായും കുറ്റം കണ്ടുപിടിക്കും. അവളുടെ മുമ്പിലിരുന്ന് വല്ലതും പറയാൻ വല്ല നിവൃത്തിയുമുണ്ടോ? അതിനു മാത്രം കൊതിക്കണ്ട. ആദ്യദിവസം ബിലുവിൻെറ നെറ്റിയിൽ ഒരു കാച്ചിലു പോലെ തോന്നിയപ്പോൾത്തന്നെ എനിക്കുള്ളിൽ തീയായി. ഹൗ, പുലരും വരെയുള്ള ആ കരച്ചിലും പിടച്ചിലും. അടുത്ത മുറിയിൽ കിടന്നുകൊണ്ടുള്ള ശ്വശുരൻെറ കയർക്കലും കോപവും. കുട്ടിയെ സമാധാനിപ്പിക്കാനുള്ള വിഷമം. ബിലുവിൻെറ മുത്തച്ഛൻെറ കലിതുള്ളൽ. ഒടുവിൽ പൊറുതിമുട്ടി ഡോക്ടർക്ക് ആളെ വിട്ടു. ഡോക്ടർസാറ് പറഞ്ഞയച്ചു, രാത്രി വരാൻ പറ്റില്ലെന്ന് . ഇതു കേട്ടപ്പോൾ ശ്വശുരനുണ്ടായ ഒരു ദേഷ്യം. ശ്വശുരൻ പറഞ്ഞു, ഗവർമെൻറിനെ ആക്ഷേപം ബോധിപ്പിച്ച് ഞാനാ മനുഷ്യൻെറ ജോലി തുലച്ചുകളയും. രാത്രി ഒരു മണിവരെ സീതാപതിയുടെ കടയിലിരുന്നു ചൂതുകളി, എന്നിട്ടു രോഗി മരിക്കാറായാലും നോക്കാൻ പോകാൻ മനസ്സില്ലാത്രേ. ഇപ്പോൾ മഞ്ഞുകാലമല്ല, മഴക്കാലവുമല്ല, ഇവറ്റയൊക്കെ ഘാതകരാണ് . ഡോക്ടരല്ല പിടിച്ചുപറിക്കാർ, തീവെട്ടിക്കൊള്ളക്കാർ. ശ്വശുരന് കിടന്ന ദിക്കിൽനിന്ന് എഴുന്നേൽക്കാനരുത് . റിപ്പോർട്ടെഴുതുവാൻ അങ്ങോരുടെ അടുക്കൽ ഒരു വിളക്കും കടലാസും പേനയും എടുത്തുവെച്ച് അങ്ങോരെ മിണ്ടാതിരുത്തിയിട്ടു ഞാൻ പോന്നു. സ്കൂളിലെ വാച്ച്മാൻ നഹ്നകുവിനെ വീണ്ടും ഡോക്ടരുടെ അടുക്കലേക്കു വിട്ടു. അലീബഖ്ശിൻെറ സംപനി (കുതിരവണ്ടി പോലുള്ള കാളവണ്ടി) തന്നത്താൻ ഓടിച്ച് ആ രാത്രിതന്നെ നഹ്നകു ഡോക്ടരെ കൂട്ടിക്കൊണ്ടുവന്നു. ഹർഗോവിന് ഡോക്ടർ ചുണ്ടുകോട്ടുന്നതു കണ്ടപ്പോൾ കുഞ്ഞിൻെറ രോഗം അപകടനിലയിലാണെന്ന് എനിക്കു മനസ്സിലായി. പിന്നെ കുറെ ദിവസത്തേക്ക് യമനും മനുഷ്യനും തമ്മിൽ ഒരു വടം വലി തന്നെ നടന്നു. ഒരു ദിവസം എല്ലാം കഴിഞ്ഞെന്നു തന്നെ വിചാരിച്ചതായിരുന്നു. അന്നാണ് ആദ്യമായി കസ്തൂരിയുടെ വീര്യം ഞാൻ അറി

ഞതൽ . കൈകാലുകൾ മഞ്ഞുകട്ട പോലെയായി. ഡോക്ടർ നാഡിയിൽ പിടിച്ച് മുഖം കനപ്പിച്ച് ഇരിക്കുന്നു. മരുന്ന് എന്നു പറഞ്ഞാൽ പോരാ. നോക്കിനിൽക്കെ കൈകാലുകൾ വിയർത്തുനനഞ്ഞു. തലയണയും കിടക്കയും ഈറൻ. ആ ചേഷ്ടയറ്റുകിടക്കുന്ന ഇത്തിരിപോന്ന കുഞ്ഞിനെ തുടയ്ക്കുക. യെന്നു വെച്ചാൽ ചില്ലറക്കാര്യമാണോ? പുറമേ മാറിലും പുറത്തും പോൾടിസിൻെറ ഭാരം. രാവിലെ ഡോക്ടർ പോയപ്പോൾ പറഞ്ഞു, നിങ്ങളുടെ കുട്ടിക്കു പുനർജന്മം നൽകിയിരിക്കുന്നു. പറഞ്ഞതിൽ ഒട്ടുമില്ല അതിശയോക്തി. ഡോക്ടർ ഹർഗോവിന്ദബാബു ധന്യനാണ് . എന്നാൽ കസ്തൂരി കൊടുത്തതു കാരണം കുട്ടൻെറ മേൽ ഒരു മാസത്തേക്ക് എരിപൊരി തന്നെ. തിരിഞ്ഞും പിടഞ്ഞും കിടന്നു. പുലരുംവരെ വലിച്ചു വീശുന്ന പങ്കയ്ക്ക് ഏർപ്പാടുചെയ്തു. എന്തുമാവട്ടെ, ഒടുക്കം കുഞ്ഞു രക്ഷപ്പെട്ടു. എണീറ്റു നടക്കാറായി. പക്ഷേ അന്നു തകർന്ന ആരോഗ്യം പിന്നെ വീണ്ടുകിട്ടുകയുണ്ടായോ? ദേഹം പുഷ്ടിപ്പെട്ടില്ല. എന്നും എന്തെങ്കിലും അസുഖം. പണക്കാരുടെ കുടുംബമായിരുന്നെങ്കിൽ പെട്ടിയിൽ മുന്തിരിങ്ങ അടച്ചു സൂക്ഷിക്കുന്നതുപോലെ പോറ്റിപ്പുലർത്തിക്കൊണ്ടുവരാമായിരുന്നു. തലയിലെഴുത്തിൻെറ വലുപ്പം. ഒറ്റ ദിവസമെങ്കിലും അതുപോലെ ലാളനയേറ്റ് നല്ല വസ്തുക്കൾ തിന്നാൻ യോഗമുണ്ടായിട്ടില്ല. ഹർഗോവിന്ദബാബു എന്തിനാണ് അയാളെ രക്ഷിച്ചത് , എന്തിന് വളരാൻ വിട്ടു? ഹേ ഭഗവാൻ! അയാളെ തിരിച്ചെടുക്കാനായിരുന്നു മോഹമെങ്കിൽ അന്നുതന്നെ ആകാമായിരുന്നില്ലേ? എൻെറ കൊതി എന്തിനു വളർത്തി? ഇവ്വണ്ണം, രാക്ഷസനെപ്പോലെ പിടിച്ചുകൊണ്ടുപോകുന്നത് ശരിയാണോ? എന്തെല്ലാം പാപങ്ങളാണാവോ ഞാൻ ചെയ്തിട്ടുള്ളത് . ദൈവമേ, എൻെറ പാപങ്ങൾക്ക് എന്തു ശിക്ഷ വേണമെങ്കിലും എനിക്കു തന്നോളൂ, അയാളെ എന്തിനു ശിക്ഷിക്കുന്നു? അന്നുതന്നെ അയാൾ കഴിഞ്ഞു പോയിരുന്നെങ്കിൽ എൻെറ മടിയിൽ നീലുവിനെ കണ്ടുകൊണ്ട് അയാളെ ഞാൻ മറന്നു പോകുമായിരുന്നില്ലേ? വെറും ഒരു കുട്ടി മാത്രമല്ല, അയാളുടെ ഒരായിരം തരത്തിലുള്ള രൂപങ്ങൾ, ഹാവഭാവങ്ങൾ, വർത്തമാനങ്ങൾ എല്ലാം മനസ്സിലേക്കു തള്ളിവരുന്നു. എത്രയെത്ര ഓർമ്മകൾ, എത്രയെത്ര ചില്ലറ സംഭവങ്ങൾ, ഓമനത്തങ്ങൾ, കളി, ചിരി — ഓരോന്നിൻെറയും ചിത്രങ്ങൾ സദാനേരവും കൺമുന്നിൽ തത്തിക്കളിക്കുന്നു. അവസാന

മില്ലാത്ത ഈ ചിത്രങ്ങൾ വാരിക്കൂട്ടി ഒരിടത്തു ചുരുണ്ടുകിടക്കു വാൻ കൊതി തോന്നുന്നു. സാധിക്കുമെങ്കിൽ കരളിൽ നിറച്ചു വെയ്ക്കുവാൻ. ബിലുവിനെത്തന്നെ എനിക്കു കരളിൽ കിട്ടിയ പോലെ തോന്നുന്നു. അയാളെ സ്പർശിക്കുന്നു, മേൽ തട വുന്നു, പിടിച്ചുവെയ്ക്കുന്നു. അയാളെ വിടാൻ ഭാവമില്ല, അമ്മ യുടെ മാറിൽനിന്ന് കുഞ്ഞിനെ വലിച്ചെടുത്തു മാറ്റുവാൻ ആർക്കുണ്ട് ചങ്കൂറ്റം?

ഉറക്കെയാർത്തുകൊണ്ട് ഇക്കൂട്ടർ രാമായണത്തിന്റെ 'ആരതി' (ദീപാരാധന) തുടങ്ങിയല്ലോ. രാമായണ വായന കഴിഞ്ഞെന്നർത്ഥം. ഇക്കൂട്ടർ 'ആരതി' എന്നല്ല പറയുക, 'ആർ ത്തി' ആ സമയത്ത് എന്തൊരാർപ്പും വിളിയുമാണ് . ജയിലിൽ വന്നശേഷം മാസത്തിൽ മുപ്പതു ദിവസവുമുള്ള ഈ ബഹളം കേട്ടുകേട്ടു തീരെ മടുത്തു.

ആരതീഗീതം പാടുന്നു. എല്ലാ വാക്കുകളും മനസ്സിലാവു ന്നില്ല.

രണ്ടു കൈയും കൂട്ടിയടിച്ച് എല്ലാവരും നമസ്കരിച്ചു. എല്ലാവരും എഴുന്നേറ്റു. ലൂസിജമാദാരിനിയും ചമാരിൻ ജമാ ദാരിനിയും രാമായണവായന നടന്നിടത്ത് പുറത്തേ വരാ ന്തയിൽ ജനലിന്നരികിൽ കൈകൂപ്പി നിൽക്കുന്നു.

ലൂസി സന്താലിൻ ക്രിസ്ത്യനാണ് . പക്ഷേ ഭഗവന്നാമ ത്തിനുണ്ടോ ജാതിവാചകം? അവൾ വലിയ ഭക്തയാണ് . 'ആരതി ശ്രീരാമായൺ ജീ കീ! കീരതിലലിതകലിത സിയ്പീ കീ!' പല്ലവിയുടെ ഈ വരികൾ അവൾക്കു കാണാപ്പാഠമാണ് . ജയാരവത്തിനിടയ്ക്കും പല്ലവി പാടുമ്പോഴും അവളും പുറത്തു നിന്നുകൊണ്ട് അലറുന്നതിൽ പിന്നോക്കം നിൽക്കാറില്ല. .... പരുന്തിന്റെ ജാതി തൊണ്ടയുള്ള ഒരുവളുണ്ട് . പേർ സന്ധ്യാ ദേവി. രാമായണവായന സമയം അവളുടെ തൊണ്ടയാണ് എല്ലാത്തിനുമുപരി കേൾക്കപ്പെടുക. അവളുടെ മൂക്കും ഏതാ ണ്ട് പരുന്തിന്റെ മാതിരിതന്നെ. അതുകൊണ്ട് എല്ലാവരും 'ഗരുഡജീ' എന്നു കളിയാക്കി വിളിക്കാൻ തുടങ്ങി. ആരതി സമയത്ത് 'ഗരുഡ് കേ ഹീ കീ' എന്നിടത്തെത്തുമ്പോൾ അവ ളുടെ സ്വരം സപ്തമത്തിലെത്തുന്നു. ഇപ്പോൾ ആളുകൾ അവളുടെ പേർ മറന്നു. ജമാദാരിനിമാരും ഗരുഡജീ എന്നു പറഞ്ഞേ വിളിക്കാറുള്ളു. ആദ്യമാദ്യം അവൾ ശുൺഠിയെടു

ത്തിരുന്നു. ഇപ്പോൾ കേട്ടു ശീലമായി. ലൂസിജമാദാരിനി ഒരു ദിവസം തുണി ഗുദാമിൽനിന്ന് ഗരുഡജിയുടെ പേരിൽ സാരി കൊണ്ടുവന്നു. ഹൗ! അന്നത്തെ ഒരു പ്രപഞ്ചം! ജയിലിൽ നിന്നു വല്ലതും വാങ്ങുമ്പോൾ കൈയൊപ്പിടാനുള്ള പുസ്തക ത്തിൽ നോക്കി. എഴുതിയിരിക്കുന്നു ഗരുഡജി — ഒരു സാരി. പിന്നത്തെ ഘോഷം പറയേണ്ട. ആ മാന്യസ്ത്രീ കരച്ചിലും പിഴിച്ചിലുമായി. തീറ്റയില്ല, കുടിയില്ല. ജമാദാരിനി തന്നെ അപ മാനിച്ചിരിക്കുന്നുവെന്ന് ജയിലർക്ക് കത്തെഴുതി. ലൂസി തട വുകാർക്ക് ബീഡിയും വാസനപ്പുകലയും വിൽക്കുന്നുവെന്നും കൂട്ടത്തിൽ വെച്ചുവീക്കി. ലൂസിയുടെ സ്ഥിതി പരുങ്ങലിൽ. ജയിലർ അവസാനം ഗരുഡജിയുടെ അടുക്കൽ അവളെ ക്കൊണ്ടു മാപ്പുപറയിച്ചു. എന്നിട്ടേ കോപം നിലച്ചുള്ളു. എ ന്നാലും പേരിനു മാറ്റം വന്നില്ല.

ബിലു കുട്ടിക്കാലത്ത് എന്നെ എത്രയോ തവണ രാമായ ണവും മഹാഭാരതവും വായിച്ചു കേൾപ്പിച്ചിരിക്കുന്നു. മോർ ണിങ് സ്ക്കൂൾ കാലത്തും വേനലൊഴിവിനും പൊരിയുന്ന വെയിലത്ത് ടേപിയുടെയമ്മ, ദുർഗയുടെ അമ്മ, എന്നിവരും ജിതേനിൻെറ അമ്മയും ചേച്ചിയും ബിലുവിൻെറ വായന കേൾക്കാൻ ആശ്രമത്തിൽ വന്നിരുന്നു. ബിലുവിന് രാമായണം വായിക്കാനല്ല ഇഷ്ടം. മഹാഭാരതമാണ് ഇഷ്ടം. പക്ഷേ ജിതേനിൻെറ അമ്മ വന്നാലുടൻ പറയും. എഡോ ബാരി ന്ദറിൻെറ മോനേ! നിന്നോടു പറഞ്ഞില്ലേ ഞങ്ങൾ പുണ്യവാ ന്മാരല്ലാ, ഞങ്ങൾക്കു കാശീനാഥനെ കേൾക്കണ്ട. രാമായണം എടുത്തുകൊണ്ടു വാ! രാമായണം പോലെ വരില്ല മഹാഭാര തം! ബിലു പറയും, ഒന്നു നിക്കു അമ്മായി, ഇതുകൂടി ഒന്നു തീർത്തോട്ടെ. പിന്നെ തലയും ദേഹവും ഇളക്കിക്കൊണ്ട് ബിലു വായന തുടങ്ങും— കോംദേ യജ്ഞസേനീ, തിതില് അവനീ നയനേർ — അനീർഅന്ധരേ, (യജ്ഞസേനി കരയാൻ തുടങ്ങി. നയനനീരംകൊണ്ട് ഭൂമിനനഞ്ഞു) ബിലുവിൻെറ ക ണ്ണുകളും നനയുന്നു. ഈ ഭാഗം വായിക്കുമ്പോഴൊക്കെ ഇ ങ്ങനെയാണ് . ഈ സമയം ടേപിയുടെ അമ്മ പറയുന്നു, ആ ഹാ, വിജയദശമിനാളല്ലേ പിറന്നത് . അതുകൊണ്ട് മോൻെറ പ്രകൃതം വർഷക്കാലത്തിൻേറതായി. നേരാണ് . വായിക്കു മ്പോൾ എത്രയെത്ര ഘട്ടങ്ങളിലാണ് ബിലുവിൻെറ കണ്ണുകൾ നിറയുന്നത് ! പ്രായമായ സ്ത്രീകൾ, കുട്ടികൾക്കു തള്ളമാരായ

വർ ഷഷ്ഠീവ്രതവും തിങ്കളാഴ്ച നോമ്പും നോൽക്കുന്നു. ധർമ്മഗ്രന്ഥങ്ങൾ വായിക്കുമ്പോൾ ഞങ്ങൾക്കുണ്ടോ കണ്ണിൽ ഒരു തരിയെങ്കിലും വെള്ളം പൊടിയുന്നു? ബിലു മുഖം മറച്ചു തിരിച്ചുപിടിച്ച് കണ്ണീർ ഒളിപ്പിക്കാൻ ശ്രമിക്കുന്നു. നീലു കുറച്ച കലെ കമിഴ്ന്നു കിടന്നുകൊണ്ട് എല്ലാം കാണുന്നു, വിളിച്ചു പറയുന്നു, അമ്മേ, നോക്കു, ഏട്ടൻ എന്താണു കാട്ടുന്നതെന്ന് ? ജിതേനിന്റെ അമ്മ നീലുവിനെ തട്ടിക്കേറി മിണ്ടാതാക്കുന്നു. അവൾ പറയുന്നു, അടുക്കളക്കോണിലെ കലം പോലെയാണ് . എന്നിട്ടും തനിക്കെല്ലാമറിയാമെന്നു നാട്യവും. ഒന്നു ചുമ്മാതിരിക്കെഡോ, അവടെ, എന്നാൽ നീലുവിനെ മിണ്ടാതിരുത്താനൊക്കുമോ? അയാൾ ചിരിച്ചും അട്ടഹസിച്ചും വീടു കീഴ്മേൽ മറിക്കും. നഹ്നകു മഹാഭാരതം ബൈൻറുചെയ്യിച്ചുകൊണ്ടു വരികയുണ്ടായി — സ്കൂളിലെ ബുക് ബൈണ്ടരെക്കൊണ്ടു ചെയ്യിച്ചു. അതിന്റെ ആദ്യത്തെ ഏടിൽ ബിലുവിന്റെ കൈയക്ഷരത്തിൽ രണ്ടു വരികൾ — 'എന്റെ സ്വന്തം അമ്മയ്ക്ക് മകൻ ബിലു,' മ്ലേച്ഛന്മാർ മഹാഭാരതത്തെ പാണ്ഡിത്യപ്രകടനമെന്നു പറഞ്ഞ് ആക്ഷേപിക്കാറുണ്ട് . ദുർഗയുടെ അമ്മ പറഞ്ഞു, 'ബിലുവിന് ഒരു ഉച്ചിക്കുടുമ്മ കൂടി വേണം. മഹാഭാരതം വായിക്കുമ്പോൾ കുടുമ കിടന്നാടും. എഡോ സങ്ക്രാന്തി ബ്രാഹ്മണാ! ഇങ്ങനെ തലയിട്ടാട്ടി വായിക്കണോ?' നാണം കൊണ്ട് ബിലുവിനു നേരെ നോക്കാൻ കഴിയുന്നില്ല. അപ്പുറത്ത് നീലുവിന്റെ ചീൽക്കാരം, 'ഉച്ചിക്കുടുമ്മ പിടിച്ചു വലിക്കും പറന്നു പോകും ബർദ്വാനിൽ, ജിതേനിന്റെ അമ്മ പറയും, അതേ ചേച്ചി, ഇനി ബിലുവിനെ ഉപനയനം കഴിച്ചു വിടു.'

അതെ, ഭഗവാനിൽ ബിലുവിനുണ്ടായിരുന്ന ആ ഭക്തി മുതിർന്നതോടെ അലിഞ്ഞു പോയി, കർപ്പൂരം പോലെ. ബിലുവിന്റെയും നീലുവിന്റെയും. ഒരു കാലത്ത് പൂണുനൂലിടാഞ്ഞിട്ട് ജീവിക്കാൻ വയ്യ എന്നുപോലും തോന്നിയിരുന്നു. പലപ്പോഴും ബിലു പറഞ്ഞിരുന്നു, 'ഉപനയനം കഴിക്കാൻ നിങ്ങളാരും ഭാവമില്ലേ? ഒമ്പതാം വയസ്സിൽത്തന്നെ വേണ്ടതാണ് ഉപനയനം. ഇക്കൊല്ലം ഉപനയനത്തിന് ഒരു ദിവസമേ മുഹൂർത്തമുള്ളു, ഉപനയനം കഴിഞ്ഞിട്ടും കണ്ടിരുന്നു, സന്ധ്യാവന്ദനം, ഗായത്രി, പൂജ, ഏകാദശിവ്രതം എല്ലാം മുറപോലെ. എത്ര ദിവസങ്ങളോളം ഭക്ഷണസമയത്ത് സംസാരിക്കാറേ

പതിവില്ലെന്നോ! ചന്തയിൽ നിന്നു വാങ്ങിയതൊന്നും തിന്നില്ല. ഒരിടത്തും സദ്യക്കു പോവില്ല. എന്തൊരു നിഷ്ഠ! എന്തൊരു ശുദ്ധം! കുട്ടിക്കാലം തൊട്ടേ ഉണ്ടായിരുന്നു പൂജയ്ക്കും പാരായണത്തിനും വാസന. എത്രയെത്ര ശ്ലോകങ്ങളാണ് , സ്തോത്രങ്ങളാണ് കാണാപ്പാഠംന്നോ! നാലു വയസ്സിൽ തന്നെ ശ്രീകൃഷ്ണന്റെ സഹസ്രനാമം. പിന്നെ 'ദേവി സുരേശ്വരി ഭഗവതി ഗംഗേ' എന്ന സ്തോത്രം ഇരുന്ന ഇരുപ്പിൽ ചൊല്ലും. ഇതാ, അന്നത്തെ ഒരു സംഭവം. ഉപനയനം കഴിഞ്ഞ കൊല്ലം. ഞാൻ അടുക്കളയിൽ ആയിരുന്നു. രണ്ടു സഹോദരന്മാരും ഉറക്കമുറിയിൽ കിടക്ക നാനാവിധമാക്കിക്കൊണ്ടിരിക്കുന്നു. തലേണ കൊണ്ടു ദുര്യോധനന്റെ ഊരുഭംഗം നടത്തുന്നു. അപ്പോഴേക്ക് പെട്ടെന്ന് ബിലുവിന്റെ അലർച്ച 'അമ്മേ, വേഗം വരൂ, വേഗം വേഗം!' എന്തു പറ്റി? കയ്യോ കാലോ ഒടിച്ചോ? പാമ്പോ തേളോ കയറിവന്നോ? അമ്മയുടെ കരൾ! ടപ് ടപ് എന്നു തുടിച്ചുതുടങ്ങി. അടുപ്പത്തിരുന്ന കറി അടുപ്പത്തുതന്നെ ഇരുന്നു. വീഴുമോ, ചാവുമോ ഞാൻ? ചെന്നു നോക്കി — നീലു കിടക്കയിൽ അനങ്ങാതിരിക്കുന്നു — ക്ഷുരകന്റെ മുമ്പിൽ ചെന്നിരിക്കുംപോലെ തലകുനിച്ച് . ബിലു നീലുവിനെ പിടിച്ചിരിക്കുന്നു. രണ്ടു പേരും പേടിച്ചരണ്ടിരിക്കുന്നു. ഒരു കൈയിൽ ബിലു എന്തോ പിടിച്ചിട്ടുണ്ട് മുറുകെ. ഞാൻ ചെന്ന ഉടൻ കാണിച്ചുതന്നു — നീലുവിന്റെ കൈയിൽ പൂർണേശ്വരിയമ്മയുടെ യന്ത്രവും ഒരു രുദ്രാക്ഷവും മുറിഞ്ഞ ഒരു കടുക്കക്കഷണവും ഉണ്ടായിരുന്നു. കെട്ടിയിരുന്ന ചരടു പൊട്ടിപ്പോയിരിക്കുന്നു. ഈ യന്ത്രം കൈയിൽ ഇല്ലെങ്കിൽ ഒരടിപോലും വെയ്ക്കാൻ പാടില്ല എന്ന് ബിലുവിനറിയാം. നടന്നാൽ നീലുവിന് അമംഗളം നേരിടും. ബിലു പറഞ്ഞു, 'അമ്മേ, വേഗം ഒരു ചരടു പിരിച്ചുകൊണ്ടുവരൂ.' വീണ്ടും യന്ത്രം കെട്ടിയശേഷമേ രണ്ടു വിരുതന്മാരും കിടക്കയിൽ നിന്ന് ഇറങ്ങിയുള്ളൂ.

അന്നൊരിക്കൽ മഹാത്മജിയുടെ ടൂറുസമയത്ത് മാൻസാഹിപാലത്തിൽ ഞങ്ങളുടെ കാർ എത്തിയ സമയം മുമ്പിൽ തന്നെയുണ്ട് പൊടിയിൽ കുളിച്ചുനിക്കുന്നു രണ്ടു നഗരായ കുട്ടികൾ. കാറു കണ്ടപ്പോൾ അവർ ഭയന്നു പോയിരുന്നു. എന്തുവേണ്ടുവെന്നറിയാതെ പരിഭ്രമിച്ച് അങ്ങോട്ടുമിങ്ങോട്ടും ഓട്ടം തുടങ്ങി. പിന്നെ രണ്ടുപേരും കെട്ടിപ്പിടിച്ച് നടുനിരത്തിൽ

കിടന്നുകളഞ്ഞു. ഭഗവൽകൃപ കൊണ്ട് രണ്ടുപേരുടെയും പ്രാണൻ രക്ഷപ്പെട്ടു. എന്നാൽ വണ്ടിയിൽ നിന്നിറങ്ങി അവരെ എഴുന്നേൽപിക്കുവാൻ നോക്കുമ്പോഴല്ലേ സംഗതി അറിയുന്നത് ! അവർ പേടിച്ചു നീലിച്ചുപോയിരിക്കുന്നു. കണ്ണു തുറക്കുന്നുതന്നെയില്ല. നീലുവിനെയും ബിലുവിനെയും ആ സമയം ഓർത്തുപോയ ഞാൻ കരഞ്ഞുപോയി. അവരെ വീട്ടിലെത്തിച്ചശേഷമേ ശ്വാസം നേരെ വീണുള്ളു. അല്പം തെറ്റിയിരുന്നെങ്കിൽ എന്തൊക്കെ സംഭവിക്കാമായിരുന്നു. ഇതിൽ പിന്നെ എന്റെ മക്കളെ രണ്ടു പേരെയും ഒന്നിച്ചോർക്കുമ്പോഴൊക്കെ പൊടിപുരണ്ടു, സഹായമറ്റ ആ രണ്ടു കിടാങ്ങളെയും ഓർക്കാറുണ്ട് .

ഭഗവാനേ! ബിലുവിനും നീലുവിനും നിന്നോടെന്തൊരു ഭക്തിയായിരുന്നു! ആ ഭക്തി എന്തിനു തട്ടിപ്പറിച്ചു? ബിലു ആദ്യമായി ആശ്രമത്തിലെ ഭജനയ്ക്കു പങ്കെടുക്കാതിരുന്നപ്പോൾ ഞാനോർത്തു വല്ല തലവേദനയോ മറ്റോ ആയിരിക്കുമെന്ന്. ചോദിച്ചപ്പോൾ അസുഖമൊന്നുമില്ലെന്നു പറഞ്ഞു. മേൽ തൊട്ടുനോക്കി. പനിയും മറ്റുമില്ല. അപ്പോൾ? എന്തു പറ്റി? പിന്നെ കാര്യം മനസ്സിലായപ്പോൾ തലയ്ക്കടിച്ചുപോയി. ബിലു ഇങ്ങനെ തുടങ്ങിയാൽ ലോകത്തിലിനി എന്തുണ്ടു സംഭവിക്ക വയ്യാതെ? ഇത് നീലു പൂണൂൽ വലിച്ചെറിഞ്ഞതുപോലുള്ള ഒരു സംഭവമല്ല. നീലു തുമ്പുപോലുമില്ലാത്തോൻ. അയാൾ ഒരു പോക്കാണ് . അയാളുടെ തലയ്ക്കു ചൂടാവുമ്പോൾ ഞാൻ വിചാരിക്കും, ഇവൻ കണ്ണുരുട്ടിക്കാണിക്കാൻ വന്നിരിക്കയാണെന്ന്. എടാ, ഞാൻ നിന്റെ വയറ്റിൽ നിന്നല്ല പിറന്നത് . നീ എന്റെ വയറ്റിൽ നിന്നാണ് . നിന്റെ ഓരോ ഞരമ്പും ഞാനല്ലെങ്കിൽ പിന്നെ ആരാനുമാണോ തിരിച്ചറിയുന്നത് ? നീ ഇന്നു കലമ്പുന്നു, നാളെ നിന്റെ തല തണുക്കും. നിന്റെ ഈ കഥയില്ലായ്മ കൊച്ചുനാൾ തൊട്ടേ കണ്ടു വരുന്നതല്ലേ? കുട്ടിക്കാലത്ത് പല വ്യഞ്ജനക്കടകളിൽ നിന്നു വലിച്ചെറിയുന്ന കടലാസുകുമ്പിളിൽ കാൽ തൊട്ടാൽ മതി ഉടൻ നീ നമസ്കരിച്ചിരുന്നു. അറിയാതെ പഞ്ചാംഗം കവച്ചുവെച്ചുപോയാൽ എൻറടുക്കൽ വന്ന് പാപം ഏറ്റു പറയും. അറിയാതെ ചെയ്തതിൽ അപരാധമില്ല എന്ന് എന്നെക്കൊണ്ടു പറയിക്കയാണ് ആവശ്യം. ഒരു ദിവസം ഉണ്ടായത് ഇതാണ് . ഞാൻ അടുക്കളപ്പണി കഴിഞ്ഞ് സിൽക്കുഷാൾ കാരത്തിലിട്ടു തിളപ്പി

ക്കയായിരുന്നു. അപ്പോൾ ബിലു വിളിച്ചു, 'അമ്മേ, നീലു കാട്ടുന്നതു നോക്കൂ' കുട്ടികളുടെ പരീക്ഷ കഴിഞ്ഞു. വായിക്കേണ്ട ഭാരമില്ല. നീലുവിന്നു പുതിയ വല്ല കുസൃതിയും തലയിൽ ഉദിച്ചിരിക്കും. ചെന്നു നോക്കി. സരസ്വതീദേവിയുടെ ചിത്രം ഫ്രെയിമിൽ നിന്നെടുത്തു നിലത്തുവെച്ച് , നീലു വീട്ടിലുള്ള ചെരുപ്പെല്ലാം എടുത്തുകൊണ്ടു വന്ന് അതിന്മേൽ നിരത്തുന്നു. നീലുവോ ഈ ചെയ്യുന്നത് ? അവൻ പരീക്ഷയ്ക്കു പോകുവാൻ പുറപ്പെടുമ്പോൾ സരസ്വതീ ദേവിയെ നമസ്കരിച്ചശേഷമാണ് എന്നെ നമസ്കരിക്കുക. ഈ പടം തന്നെയാണു സരസ്വതീ പൂജയ്ക്കും വെയ്ക്കുന്നത് . ചന്ദനം ഇപ്പോഴും അതിൽ പറ്റിയിരിപ്പുണ്ട് . 'എടാ ഭോഷാ, പിശാചേ, നിനക്കെന്താണിങ്ങനെ ഒരു ദുഷ്ടബുദ്ധി തോന്നാൻ?' ബിലു പറഞ്ഞു, 'കണക്കിനു ഫെയിലായ ദേഷ്യം പോക്കാനാണമ്മേ ഈ വികൃതി കാട്ടുന്നത് .' എന്തൊരു ദുഷ്ടവിചാരം. കണക്കിൽ തോറ്റാൽ ഇങ്ങനെയൊക്കെയാണോ കാട്ടുക? പഠിച്ചില്ല, കളിച്ചു നടന്നു. തോൽക്കാതിരിക്കുമോ? എത്ര തവണ പറഞ്ഞതാണ് . അങ്ങോരുടെ അടുക്കൽ ചെന്നിരുന്ന് കണക്കു ചെയ്യാൻ. അപ്പോൾ ആ വിരുതൻ പറഞ്ഞതെന്താണെന്നോ. പഠിച്ചാലേ പാസ്സാവുള്ളുവെങ്കിൽ സരസ്വതിയുടെ മുഖസ്തുതിക്കു പോകുന്നതൊക്കെ എന്തിന് ? പഠിക്കാത്ത പിള്ളേരെ പാസാക്കാത്ത ദേവിയെന്തുദേവി? ഇതും പറഞ്ഞ് അവൻ ഒരു മൂലക്കൽ മുഖം വീർപ്പിച്ചിരുന്നു. ബിലു ചെരുപ്പു മാറ്റി, പടത്തിൽ ഗംഗാജലം തളിച്ച് വീണ്ടും ചുവരിൽ തൂക്കി. ഞാൻ അഞ്ചു പൈസ സരസ്വതീദേവിക്ക് ഉഴിഞ്ഞിട്ടു. ഈ വിഢ്ഢിയുടെ ദേഷ്യം മാറുമ്പോൾ അവനെക്കൊണ്ടുതന്നെ സരസ്വതീ ദേവിക്കു വഴിപാടു കഴിപ്പിക്കാൻ. നീലുവിൻെറ ഇത്തരം കൃത്തുകൾ ഓർക്കാൻ തന്നെ കൊള്ളില്ല. എന്നാൽ ബിലു ഭജനത്തിനു പോകാതിരിക്കുക, ദേവന്മാരോടും ബ്രാഹ്മണരോടും ഭക്തി കാട്ടാതിരിക്കുക — ഇതെന്നെ വല്ലാതെ ആധിപിടിപ്പിച്ചു. എൻെറ ബിലുവിന് ദേവനിൽ വിശ്വാസമുണ്ടായിരുന്നു. കുട്ടിക്കാലത്ത് ലക്ഷ്മീപൂജക്കാലത്ത് അയാൾ എന്നെക്കൊണ്ട് പമ്പരത്തിലും ഗോലിയിലും ലക്ഷ്മീദേവിയുടെ കാലിൻെറ കോലം കുത്തിക്കാറുണ്ടായിരുന്നു. അങ്ങനെ ചെയ്തില്ലെങ്കിൽ എവിടുന്നുണ്ടാവും ധാരാളം പമ്പരങ്ങളും ഗോലികളും? അങ്ങനെയുള്ള ബിലുവാണ് ഇങ്ങനെയായിത്തീർന്നത് . അതും എൻെറ കൺവെട്ടത്തുവെച്ച് . ഞാൻ എപ്പോഴും ഭഗവാനോടു പറ

യാറുണ്ട് , 'നീ ബിലുവിനെ എന്താണീ കാണിച്ചത് ഭഗവാനെ' അവരുടെ അച്ഛൻെറ കാതോളം ഈ വിവരം എത്താതിരിക്കാൻ ഞാനെത്ര ശ്രമിച്ചു. എന്നാൽ കീർത്തനത്തിനു ചെല്ലാറില്ല എന്ന് എത്ര നാൾ മറച്ചു പിടിക്കാനാവും? ഞാൻ ആരും കാണാതെ ബിലുവിനു കുടിക്കാനുള്ള വെള്ളത്തിൽ പൂർണ്ണേശ്വരിയുടെ ഖഡ്ഗം കഴുകിയ വെള്ളത്തിൽ തീർത്ഥം ചേർത്ത് പ്രാർത്ഥിച്ചു, "അമ്മേ, ഉണ്ണിയുടെ കുറ്റം പൊറുക്കണം" അങ്ങോരും എന്തൊരു മനുഷ്യനാണ് ? സാറേ, നിങ്ങൾ അവൻെറ അച്ഛനാണ് . തെറ്റു ചെയ്താൽ ഉപദേശിക്കണം. നിങ്ങൾ ഉപദേശിച്ചാൽ അവൻെറ ഏ൦ത്തം നിൽക്കും. പക്ഷേ അങ്ങോർ വായ തുറന്ന് ഒരക്ഷരം മിണ്ടിപ്പോയെന്നുവരില്ല. ഉണ്ണികളെ നേർവഴിക്കാക്കേണ്ട കുത്തക എനിക്കാണെന്നാണു ഭാവം. ഇതാണങ്ങോരുടെ മാതിരി.

ഹായ് ! പിന്നെയും വന്നോ ബുദ്ധിമുട്ടിക്കാൻ. ഇങ്ങനെയുള്ളവറ്റയെ കാണുമ്പോൾ എനിക്ക് എങ്ങുമില്ലാത്ത ദേഷ്യം വരുന്നു. ഇതിവരോടു പറയാൻ പാടുണ്ടോ, ഉപദേശിക്കാൻ നിവൃത്തിയുണ്ടോ?.......

കമലാ ദേവി വന്ന് എൻെറ നാഡി പരിശോധിച്ചു. എടീ, നിനക്കു നാഡി നോക്കാനെന്തുണ്ടിത്ര വിവരം? എനിക്കിതൊന്നും അറിയാൻ വയ്യെന്നാവും വിചാരം. ഭർത്താവ് ഡിസ്റ്റ്രിക്ട് ബോർഡ് ഡോക്ടരാണ് . അതുകൊണ്ട് എനിക്കുമറിയാം കുറച്ചൊക്കെ വൈദ്യം എന്നു പ്രദർശിപ്പിക്കാനാണിതൊക്കെ. വേണ്ടാതുള്ള ഈ നാട്യമെന്തിനായിട്ട് ? എൻെറ അങ്ങോരു മാസ്റ്ററായിരുന്നു. എന്നുവെച്ച് ഞാൻ പണ്ഡിതയാണെന്ന് ഒരു ദിവസവും നടിച്ചിട്ടില്ല. അങ്ങോർക്ക് കോൺഗ്രസ്സിനെപ്പറ്റി എന്തെല്ലാമോരോന്നറിയാം. അതൊക്കെ തനിക്കുമറിയാമെന്ന് ഞാനും നടിക്കാൻ തുടങ്ങിയാലോ?

കമലാദേവി ചോദിക്കയാണ് , 'ഇപ്പോഴെങ്ങനെയിരിക്കുന്നു?' കോപം അടിമുടി ആളിക്കത്തി. എന്നെയോർത്ത് നിങ്ങളൊക്കെ വ്യാകുലരാണ്, എനിക്കറിയാം. പിന്നെയെന്തിനായിട്ടീ മട്ട് ? ദേഷ്യം കൊണ്ടുണ്ടായ നീറ്റലോടെ പറഞ്ഞു, 'നിങ്ങൾ വിചാരിക്കുന്നതിന് ഇനിയും കുറെയേറെ താമസമുണ്ട് . എല്ലാം ഇട്ടെറിഞ്ഞ് വേഗം യാത്രയാകാൻ വേണ്ട

ഭാഗ്യത്തോടെയല്ല ഈ ലോകത്തിൽ പിറന്നത് . അങ്ങനെ യായാൽ കാര്യം കുറെ നടന്നതുതന്നെ. എൻെറ കുടുംബ ക്കാരെ മുഴുവൻ തിന്നിട്ടല്ലാതെ ഞാൻ ഈ ലോകത്തുനിന്ന് അനങ്ങിപ്പോവില്ല.'

കമലാദേവി നാഡി പരിശോധിച്ചു. അവളുടെ കൈ അയഞ്ഞു. എൻെറ കൈ 'ടപ്' എന്നു കിടക്കയിലേക്കു വീ ണു. ഒരു തരുതരിപ്പ് . ഹൗ, പോയി, പോയി. എന്തൊരു വേ ദന കൈയിന് . നെറ്റിയിൽ, വലത്തെ ചെവിയുടെ പിറകിൽ, നെറ്റിയുടെയുള്ള് അവശമാകുന്നപോലെ. തലയണയിൽ നിന്ന് തലപൊക്കുമ്പോൾ ഇടതുവശത്ത് എന്തോ കിഴിഞ്ഞു പോയപോലെ. വീണ്ടും വീണുപോകുന്നു. ഏതു സമയവും ചെവികളിൽ ചീവീടു ചിലയ്ക്കുന്നപോലെ. കമലാദേവിയെ കണക്കിനുകേൾപ്പിച്ചു. ഈ ഊറ്റമൊക്കെ രാമായണവായന കേൾക്കാനെത്തുന്നവരോടു മതി. അവർ നിൻെറ പ്രസംഗം കേൾക്കുക മാത്രമല്ല വാ പൊളിച്ചു വിഴുങ്ങുകയും ചെയ്യും. അവരിൽ ചിലർക്ക് യാതൊന്നും അറിയില്ല, ഒന്നും മനസ്സിലാവു കയുമില്ല. അനസൂയാജിക്ക് അന്നു ചായയുണ്ടാക്കി കൊടുക്ക യുണ്ടായി. അവൾ പറഞ്ഞു, 'ജലദോഷം സഹിച്ചുകൂടാ. ഉപ്പും ഇഞ്ചിയും ചേർത്ത് കുറച്ചു ചായ ഉണ്ടാക്കിത്തരുമോ?' ചായ വാങ്ങിയത് സ്വന്തം ലോട്ടയിൽ. എന്നിട്ട് ചുണ്ടുതൊടീക്കാതെ വെള്ളം കുടിക്കുന്ന മാതിരി പൊക്കി വായിലേക്കൊഴിച്ചു. അപ്പൊഴോ? നാവും വായും പൊള്ളി, ഏകാകാരം. ചായ ഉണ്ടാക്കിക്കൊടുത്താലും കുടിക്കാനറിയാത്തവൾ. എന്നിട്ടാ ണവൾക്ക് പഠിപ്പിൻെറ ഊറ്റം. ഇവറ്റ എല്ലാം ഒരേ കിടയാണ് . ഇനിയൊരു സരളാദേവിയില്ലേ? അവൾക്ക് ബുദ്ധിയെന്നു പറയുന്നത് ഒരു ലേശമെങ്കിലും ഉണ്ടായിരുന്നെങ്കിൽ. അവളു ടെ വീട് രുപൗലി സ്റ്റേഷനിൽപെട്ട ബുഢ് ഹിയാധൻകട്ട ഗ്രാമത്തിലാണ് . വലിയ ഗ്രാമം. എത്ര വലിയതാണെന്നു കാ ണിക്കുവാൻ അന്നൊരു ദിവസം പറയുകയായിരുന്നു, ഗ്രാമ ത്തിൽ ഉദ്യോഗസ്ഥന്മാരും മേലുദ്യോഗസ്ഥന്മാരും, ഇൻ സ്പെക്ടരും പോലീസും കോളറയുടെ ഡോക്ടരും ഒക്കെ വന്നു പൊയ്ക്കൊണ്ടിരിക്കുമെന്ന് . വളർന്നു വരുന്ന ഗ്രാമം. അവിടത്തെ നായ്ക്കൾ പോലും ഇപ്പോഴിതൊക്കെ അറിഞ്ഞി രിക്കുന്നു. ഹാഫ്പാൻറു ധരിച്ചുവരുന്നവരെ കണ്ടാൽ ഇപ്പോൾ അവ കുരയ്ക്കാറില്ല. നിൻെറ ഗ്രാമം മഹാക്ഷേമം തന്നെ. ബു

ദ്ധി അതിലും കേമം. ഇതൊക്കെ വെച്ചുകൊണ്ടാണ് കമലാ ദേവി നേതാവായിരിക്കുന്നത് , സംഘങ്ങളുണ്ടാക്കുന്നത് . അസംബ്ലിമെമ്പറാണ് . ഇല്ല, അവൾക്ക് ഇംഗ്ലീഷ് അറിയില്ല. കൈപൊക്കലല്ലാതെ അവിടെ മറ്റെന്തു പണിയാണവൾ ചെയ്യുന്നതാവോ. നർമദാ ബെൻ അന്നൊരു ദിവസം എന്നോടു പറഞ്ഞു, ബിഹാറിൽ വിദ്യാഭ്യാസമുള്ള സ്ത്രീകൾ കോൺഗ്രസ്സിൽ വരരുതെന്നാണ് കമലാദേവിയാഗ്രഹിക്കുന്നത് . വന്നാൽ അവളുടെ സ്ഥാനം പോവും. അതുകൊണ്ട് അവൾ വിഡ്ഢികളെ സംഘടിപ്പിക്കുന്നു. നേരാണെന്നാണു തോന്നുന്നത് . ടിൻ പാലിനെ അവൾ 'മോമിനിന്റെ പാൽ' (മദാമ്മപ്പാൽ) എന്നു പറയുന്നു. ടിൻ വെണ്ണ ഇവിടെയാർക്കും കൊടുക്കുന്നില്ല. അതിൽ മുട്ട ചേർത്തിട്ടുണ്ടെന്നാണ് അവൾ തട്ടിവിടുന്നത് . അതാണത്രേ മഞ്ഞ നിറം. വേണ്ടാതെ ആരു പോണു അവളോടു വക്കാണത്തിന് ?....

അല്ലാ, കമലാ ദേവി വിമ്മിവിമ്മിക്കരയുന്നുവല്ലോ. ഛി! ഞാനെന്താണീ ചെയ്തത് ? എണീറ്റു ഞാൻ കമലാ ദേവിയുടെ കൈ പിടിച്ചു.

'കമലേ, എനിക്കു നിന്റെ അമ്മയുടെ പ്രായമുണ്ട് . എനിക്കു തെറ്റു പറ്റി. സാരമാക്കരുത് . ഞാനിപ്പോൾ പഴയ ഞാനാണോ? ഇപ്പോഴെന്റെ തല നിലയ്ക്കല്ല നിൽക്കുന്നത് . എന്തോ പറയാൻ പോയിട്ട് എന്തൊക്കെയോ പറഞ്ഞു പോയി.' അവളുടെ തല തടവി. കണ്ണുനീർ തുടച്ചു. അവൾ ചിരിക്കാൻ ശ്രമം നടത്തി.

ഞാൻ ചോദിച്ചു, 'എനിക്കു മാപ്പു തന്നല്ലോ ഇല്ലേ?'

'നിങ്ങളെന്തൊക്കെയാണു പറയുന്നത് . കിടന്നോളൂ.'

ഇതും പറഞ്ഞ് അവൾ എന്നെ കിടക്കയിൽ പിടിച്ചു കിടത്തി. അവളുടെ കണ്ണുകളിൽ എന്നെയോർത്തു വേദനയും സഹാനുഭൂതിയും പ്രകടമായിരുന്നു. മകൾ അമ്മയെ ശുശ്രൂഷിക്കുന്നപോലെതന്നെ. എനിക്കു മകളില്ല. ബിലുവും നീലുവുമാണ് എനിക്കെല്ലാം. ഒരു മകളുണ്ടായിരുന്നെങ്കിൽ. മകൾക്കു വേണ്ടിയുള്ള മോഹം മകനെക്കൊണ്ടു നിവൃത്തിക്കാവുന്നതാണോ? ഇപ്പോഴും മകളുടെ കാര്യം ഓർക്കുന്നു— അതു

കൊണ്ടുതന്നെയാണ് ബിലു എന്റെ മകളാണെന്ന് എനിക്കു തോന്നിപ്പോകുന്നത് . നീലു മകനും. ബിലുവിന്റെ സ്വഭാവം പെൺകുട്ടികളുടേതുപോലെതന്നെ. പെരുമാറ്റം അതേപടി വിനയാന്വിതം. പെൺകുട്ടികളെപ്പോലെ തന്നെ എന്തും സഹിക്കുന്ന സ്വഭാവം, അതുപോലെതന്നെ ചെറിയതായെ ന്തെങ്കിലുമുണ്ടായാൽ കണ്ണിൽ വെള്ളം നിറയുന്നു. കണ്ടില്ലേ, കമലാദേവിയോട് ഞാനെത്ര പരുഷം പറഞ്ഞു. ബിലു വല്ല പ്പോഴും കോപം ഭാവിച്ചിട്ടുണ്ടോ? അവൾക്ക് വേണമെങ്കിൽ തിരിച്ചടിക്കാമായിരുന്നു. അവളുടെ നാവിന് ലഗാനൊന്നുമില്ല. അന്നൊരു ദിവസം ആഹാരഗുദാമിലെ അസിസ്റ്റൻറ് ജയിലറെ കരയിച്ചു വിട്ടു. ഈ മുറിയിലുള്ള ഓരോരുത്തരും എന്നെ എന്തുമാത്രം സ്നേഹിക്കുന്നു! എന്നെപ്പറ്റി എന്തൊരു വിചാരം? എത്ര പാകം നോക്കുന്നു! ഞാൻ നീരസം ഭാവി ക്കുന്നു, തോന്നിയതൊക്കെ പറയുന്നു. ഞാനിങ്ങനെ യായിരുന്നില്ല. ജീവിതത്തിൽ ആരോടും ഞാൻ കലഹിച്ചിട്ടില്ല. ജയിലിൽ എന്റെ സ്വഭാവമാകെ മാറിയപോലെയായിരി ക്കുന്നു. ഇപ്പോഴെന്റെ വായിനും നാക്കിനും യാതൊരു നിയന്ത്രണവുമില്ല. കമല എന്നെ വീശുന്നു.

അവൾ പറഞ്ഞു — കുറച്ചു പഞ്ചാരസർവത്തു തരട്ടെ, കുടിക്കണോ? 'വേണ്ട?' ഞാനൽപം മധുരിപ്പിച്ചു സംസാരി ച്ചില്ലേ? അതാണ് അപ്പോഴേക്കു തലയിൽ കേറാൻ വരുന്നത് . എന്താണിവളോടു വേണ്ടത് ? ഒരു പിടിയും കിട്ടുന്നില്ലല്ലോ. വിശക്കുന്നുണ്ടെങ്കിൽ സഹിക്കും, ആരെയും സേവ പിടി ക്കേണ്ട ആവശ്യമില്ല. ലൂസി ജമാദാരിനി മിനിയാന്നു പറഞ്ഞു, ഡോക്ടർ പറഞ്ഞിട്ടുപോയിരിക്കുന്നത്രേ എന്റെ കട്ടിലിൽ ഏതു നേരവും എന്തെങ്കിലും ഭക്ഷണം എടുത്തുവെച്ചേക്കണ മെന്ന് . എപ്പോളാണ് തിന്നാൻ കൊതി തോന്നുകയെന്നു പറ യാൻ ഞെരുക്കമാണത്രേ. ഇവരുടെ ഹാവഭാവങ്ങൾ കണ്ടിട്ട് ചിരി വരുന്നുമുണ്ട് , ദുഃഖം തോന്നുന്നുമുണ്ട് . ഇതു ഹാരീൻ മയൈയാ ഡോമിനിന്റെ ഉപവാസം പോലെയാണെന്നാ വി ചാരം. ഞങ്ങൾ ബ്രാഹ്മണകുടുംബത്തിൽ പിറന്ന, വ്രതവും ഉപവാസവും ഒക്കെ ശീലിച്ച സ്ത്രീകളാണ് . രണ്ടുംമൂന്നും ദിവസം ശുദ്ധോപവാസം പതിവാണ് .

ടൺടൺ എന്ന് വാർഡ് മണിയടിച്ചു. ഈ രാത്രി അ സമയത്തു വന്നതാരായിരിക്കും? മുറിയുടെ താഴിട്ടു പൂട്ടി ജമാ

ദാരിനി മതിൽ ചാടി ജയിലധികാരിക്കു താക്കോൽച്ചുമതല ഏൽപിച്ചുകൊടുക്കുന്നു. ഞങ്ങളുടെ വാർഡിൻെറ പുറത്തേക്കുള്ള വാതിൽ ഇരുപത്തിനാലു മണിക്കൂറും അടഞ്ഞുകിടക്കുന്നു. അകത്തുള്ളവരോട് ആർക്കെങ്കിലും വല്ലതും പറയണമെന്നുണ്ടെങ്കിൽ പുറത്തുനിന്നു കയർ പിടിച്ചുവലിച്ച് അകത്തെ മണി അടിക്കുന്നു. അതുതന്നെ. ലൂസി ആരോടോ വർത്തമാനം പറയുന്നപോലെ തോന്നുന്നു. പിന്നെയും വല്ലതുമൊക്കെ ഉണ്ടായോ? ഈ ലൂസിയും ചില്ലറക്കാരിയാണോ? പകൽ മുഴുവൻ പുറത്തു 'ലാസവിലാസ' നടക്കും. കണ്ട വാർഡർമാരോടൊക്കെ ജോഷ്ക്കുകൾ പറയും. ഞാൻ കുറച്ചു കറിയുണ്ടാക്കട്ടെ, ബിലുവിന് ഒന്നെത്തിച്ചുകൊടുക്കാമോ എന്നു ഞാൻ ചോദിച്ചാലോ? അവൾ കണ്ണുരുട്ടി മിഴിച്ചുകൊണ്ടു തുടങ്ങും, 'ഭഗവാനേ! ഇതെങ്ങിനെയാ? സെല്ലിൽ വല്ല വസ്തുവും എത്തിക്കാൻ വല്ല നിവൃത്തിയുമുണ്ടോ? അവിടെ രാവും പകലും കടുത്ത കാവലല്ലേ? അവിടെ ചെന്നാൽ പിന്നെ എൻെറ ജോലി കുമ്പിളിൽ, ഹായ് , ഹായ് ! എന്തൊരു ധർമ്മപുരുഷനായ യുധിഷ്ഠിരൻ! എന്തൊരു പിശാച് ആണെന്നു നോക്കൂ, ഇവൾ. നീ വാർഡർമാരെ പേടിച്ചു വിറച്ച് ഒളിച്ചു നടക്കുന്നവളല്ലേ? രാപകൽ അവരോടു ചിരിച്ചു രസിച്ചു നടക്കുന്നു. വല്ല ഉപകാരവുമായേക്കാവുന്ന കാര്യം ചെയ്യാൻ പറഞ്ഞാലോ നൂറുകൂട്ടം ഒഴികഴിവുകൾ. എടീ, നീയും കുഞ്ഞുങ്ങളുടെ തള്ളയല്ലേ? നിനക്ക് ഞാൻ പറയുന്നതു ചെയ്യാൻ മനസ്സില്ലെങ്കിൽ മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതെന്തിന് ? നിനക്ക് എൻെറ വിധി വരാതിരിക്കാൻ ദൈവം കനിയട്ടെ. വരുമ്പോഴേ നിങ്ങളൊക്കെ അറിയൂ. മിനിയാന്ന് എന്നെ വേറെ വിളിച്ചു നിർത്തി പല്ലു മുപ്പത്തിരണ്ടും പുറത്തു കാട്ടി പറഞ്ഞു— നിങ്ങളുടെ മോന് ഇന്ന് പ്രത്യേകം പാകം ചെയ്ത് ഉരുളക്കിഴങ്ങുകറി കൊടുത്തു. എന്തു കാര്യമായിപ്പോയി! എത്ര അമൂല്യമായ വസ്തുവാണു കൊടുത്തത് ! ഈ വൃത്താന്തം അറിയിച്ചപ്പോൾ ആനന്ദം കൊണ്ട് അലിഞ്ഞല്ലോ പോയി!

പുറത്തുനിന്ന് ലൂസി തൊള്ളതുറക്കുന്നു—' കമലാദേവീ! എന്തെടീ, ആരാണു വന്നത് ?'

'രാത്രി ഡ്യൂട്ടിക്കാരൻ ഡോക്ടർ ബാബു. അമ്മയ്ക്ക് എങ്ങനെയുണ്ടെന്ന് അന്വേഷിച്ചു. കുഴപ്പം അധികം വല്ലതുമുണ്ടാ

യാൽ ആസ്പത്രിയിൽ അറിവു കൊടുക്കണമെന്ന്. ബോധ ക്കേടു വന്നാൽ പച്ചക്കുപ്പി മണപ്പിക്കണംപ്രേ. മൻചനിയയും ഗൽകട്ടിയും കേൾക്കുന്നുണ്ടോ? ഉറക്കമായിട്ടുണ്ടാവും രണ്ടും'.

എന്തൊരനുകമ്പയാണ്! ഡോക്ടർക്കു ചേർന്ന ജമാദാരിനി. എനിക്കറിയില്ലേ നിങ്ങളെ? നിങ്ങളുടെയൊക്കെ, ഓരോരുത്തൻെറയും ഓരോ ഞരമ്പും എനിക്കറിയാം. നിങ്ങടെ വായിലും നാക്കിലും ഒന്നുതന്നെ. അടിതൊട്ടു മുടിയോളം ഒന്നുതന്നെ. ഇൻസ്പെക്ടറെ കണ്ടില്ലേ? ബിലുവിൻെറ അച്ഛനെ അറസ്റ്റു ചെയ്ത ദിവസം തന്നെ കോൺഗ്രസ് ഓഫീസിലും സീലുവെച്ചു. എന്നോടു പറഞ്ഞു, 'മാതാജീ, നിങ്ങൾക്കു സ്വന്തം വീട്ടിൽ പാർക്കാം. അത് സർക്കാർ എടുത്തിട്ടില്ല. കോൺഗ്രസ് ഓഫീസ് മാത്രമേ ജപ്തിചെയ്തിട്ടുള്ളു.' ഹായ് ഭഗവാൻ! മൂന്നുനാലു നാൾ കഴിഞ്ഞ് എന്നെയും അറസ്റ്റു ചെയ്ത് സ്റ്റേഷനിൽ കൊണ്ടുവന്നു. പറഞ്ഞു, 'മാസ്റ്റർ സാറിനെപ്പോലെ നിങ്ങളെയും ഡെറ്റെന്യുവാക്കിയിരിക്കുന്നു.' സ്റ്റേഷനിൽ എന്തായിരുന്നു എന്നോടു കാട്ടിയ ബഹുമാനം. ക്വാർട്ടറിൽ ഇൻസ്പെക്ടരുടെ പത്നിയെക്കൊണ്ട് എൻെറ പൂജയ്ക്കും മറ്റും വേണ്ട ഏർപ്പാടുചെയ്യിച്ചു. പത്നിയും ഒട്ടുകൊള്ളാം. മകനെ എൻെറ മടിയിലിരുത്തിയിട്ടു പറഞ്ഞു, 'ആശീർവദിക്കൂ, കുട്ടി ദീർഘായുസ്സാവട്ടെ.' അങ്ങോരുടെ ജോലിയുടെ സ്വഭാവം നോക്കൂ, ആളുകളുടെ ശകാരവും ശാപവും ഒഴിഞ്ഞ സമയമില്ല. അമ്മേ, ഒന്നുള്ളു തുറന്ന് ആശിർവദിക്കണം. ഓരോന്നായി രണ്ടു കുഞ്ഞുങ്ങൾ മടിയിൽ നിന്നു യാത്രയായി, ഞാൻ പറഞ്ഞു— 'രാമരാമാ എനിക്കുമില്ലേ കുട്ടികൾ? നല്ലവർ ശപിക്കുമോ, ശകാരിക്കുമോ? ഈ ഉണ്ണി നിങ്ങളുടെ വംശത്തിനു മണിവിളക്കായിരിക്കും. ഇവിടത്തെ 'ബരഹ്മഥാൻ' അറിയാമല്ലോ. പൂർണേശ്വരിയുടെ ക്ഷേത്രത്തിനരികിൽ —കാണപ്പെട്ട ദൈവം. ആ മരത്തിൽ നിങ്ങളുടെ പേരിൽ ഒരു തറ കെട്ടണം, പോകട്ടെ, ആ ചടങ്ങ് അങ്ങനെ അവസാനിച്ചു. ജയിലിൽ വന്നശേഷമാണ് പിന്നെ കേട്ടത് — ഇൻസ്പെക്ടർ റിപ്പോർട്ടു ചെയ്തിരിക്കുന്നുവത്രേ, ഗവർമെൻറ് അധീനപ്പെടുത്തിയ കോൺഗ്രസ് ഓഫീസ് ഞാൻ കൈയേറിയെന്ന്. ഈ കുറ്റത്തിന് എൻെറ പേരിൽ കേസെടുത്തേക്കും. നോക്കൂ, നേരമ്പോക്ക്. എന്താണു കഥ? ആകാശ

ത്തിൽ സൂര്യചന്ദ്രന്മാർ സാക്ഷിനിൽക്കെ ഇത്ര വലിയ അസത്യമോ! ഇൻസ്പെക്ടർ സ്വയം എന്നോടു പറഞ്ഞതാണ് എൻെറ മുഖത്തു നോക്കി, 'നിങ്ങൾക്ക് നിങ്ങളുടെ പങ്കിലുള്ള സ്ഥലത്തു താമസിക്കാൻ ഒരു തടസ്സവുമില്ല. അതു ഗവർമെൻറ് ഒഴിപ്പിച്ചിട്ടില്ല' എന്ന് . എന്നിട്ടു നോക്കൂ, അയാൾ തന്നെ കള്ള റിപ്പോർട്ടു കൊടുത്തു.

ജെയിൽ ഡോക്ടരും ആ ഇൻസ്പെക്ടരെപ്പോലെ തന്നെ. ചുകന്ന വെള്ളം കുടിപ്പിച്ച് തടവുകാരെ ചാകാതെ നോക്കുക, പിന്നെ കഴുവിലേറ്റുക. ശരിക്കും മുള്ളാക്കാൻെറ കോഴിവളർത്തൽ. അമ്മേ എന്നു പറഞ്ഞുകൊണ്ടുള്ള ഒരു വിളി കേൾക്കുമ്പോൾ മനസ്സങ്ങനെ അലിഞ്ഞുപോകുന്നുണ്ടെന്നാവും വിചാരം. മതിയാവോളം അങ്ങോട്ടു പറഞ്ഞു കൊടുത്തിട്ട് മനസ്സിൻെറ ആവി ശമിപ്പിക്കാമെന്നു വെച്ചാൽ അതിനുണ്ടോ നിവൃത്തി? ഞാൻ നാട്ടുകാരുടെയെല്ലാം അമ്മ, ഡിസ്ട്രിക്ടിലെ കോൺഗ്രസ് പ്രവർത്തകരുടെ മുഴുവൻ മാതാജി, ലോകത്തുള്ളവരെല്ലാം എനിക്ക് മക്കൾ. എന്നാൽ എൻെറ മനസ്സ് സദാ ബിലു നീലുമാരിൽ തന്നെ കുടുങ്ങിക്കിടക്കുന്നു. ഇവരുടെയല്ലാതെ മറ്റാരുടേയും അമ്മയാകുവാൻ ഞാൻ കൊതിച്ചിരുന്നതല്ല. ഇവരെപ്പോലും എനിക്ക് വേണ്ടത്ര സ്നേഹിക്കുവാൻ കഴിഞ്ഞില്ല. അങ്ങനെ ചെയ്തിരുന്നെങ്കിൽ ബിലു ഇന്ന് സ്നേഹത്തിനു വേണ്ടി ഈ വിധം ആർത്തിയുള്ളവനാവുമോ? ജിതേനിൻെറ അമ്മയെയും അമ്മേ എന്നു വിളിക്കുമോ? നീലുവിനെയും ബിലുവിനെയും എന്നോടു ചേർത്തു പിടിച്ചു നിൽക്കുവാനാണെനിക്കാഗ്രഹം, മറ്റാർക്കും അവരിൽ അധികാരം ഉണ്ടായിരിക്കരുത് . പക്ഷേ ഞാൻ പിടിച്ചുവെച്ചതു കൊണ്ടെന്തു ഫലം? ലോകത്തിലുള്ളവരെല്ലാം അവരെ സ്നേഹിക്കുന്നു. അവർ എല്ലാവരെയും ആകർഷിക്കുന്നു. എനിക്കുണ്ടോ അവരെ പിടിച്ചുനിർത്താൻ കഴിയുന്നു? അല്ലെങ്കിൽ ത്തന്നെ ബിലു കുറെയധികം ഭാവുകനാണ് . നീ എന്നു വിളിക്കാതെ നിങ്ങൾ എന്നു വിളിച്ചാൽ മതി കണ്ണുകൾ നിറഞ്ഞൊഴുകും. ഒരു ദിവസം ഉച്ചയ്ക്ക് ഭക്ഷണ സമയം അങ്ങോർ പറഞ്ഞു, 'വലിയ ബാബുവിനെ കാണുന്നില്ലല്ലോ. മടങ്ങിയെത്തിയില്ലായിരിക്കും.' ബിലു അപ്പുറത്തുണ്ടായിരുന്നു. ഇതു കേട്ടപ്പോൾ തുടങ്ങിയല്ലോ കരയാൻ. നീലുവായിരുന്നെങ്കിലോ, കിടന്നലറി ഭൂകമ്പം സൃഷ്ടിച്ചേനേ. ചേച്ചി, നിങ്ങൾക്കു ജി

തേൻ, ധീരേൻ, ഹേബലു, മക്കളുടെ ഭാര്യമാർ, പൗത്രപൗത്രന്മാർ— എല്ലാമുണ്ട് . എല്ലാം തികഞ്ഞ തറവാട് , ഒന്നിനുമില്ല കുറവ് . എന്നിട്ടും നിങ്ങൾ ബിലുവിനെ എന്തിനായിട്ട് എന്നിൽ നിന്നു തട്ടിപ്പറിക്കുന്നു? എന്തിന് അന്യാധീനപ്പെടുത്തുന്നു? എന്റെ മകനിൽനിന്ന് ഞാൻ ഒരംശവും അന്യനു നൽകാൻ ഭാവമില്ല. ലോകത്തിൽ എനിക്ക് എന്റെ ബിലുവും നീലുവുമല്ലാതെ മറ്റൊന്നുമില്ല. അരിയില്ല, അടുപ്പില്ല, തലചായ്ക്കുവാൻ ഇത്തിരി ഇടമില്ല. പണമില്ല, സ്വത്തില്ല. ഞാൻ ഈ രണ്ടു പേരെയും കണ്ടുകൊണ്ട് ദുഃഖമെല്ലാം മറക്കുന്നു. ദൈവമേ! നിനക്കിതും കാണരുതെന്നായോ? കുട്ടികളെ മയക്കുന്ന മന്ത്രം കൊണ്ട് എല്ലാവരും കൂടി എന്റെ മക്കളെ അന്യാധീനപ്പെടുത്തി. ജിതേനിന്റെ അമ്മ കണ്ടാൽ ശുദ്ധ പാവം. എന്നാൽ മനസ്സോ, ജിലേബിയുടെ ചുരുൾ പോലെ. മറ്റു വല്ല കുടുംബത്തിലും ഒരു പുതിയ ആഭരണം പണിതു കൊണ്ടു വന്നാൽ തീർന്നു. തുരന്നു നോക്കുന്ന വിധം കണ്ണുകൾ തുറുപ്പിച്ച് അതൊരുപ്പോക്കാക്കും. എല്ലാം തിരിച്ചും മറിച്ചും ചോദിച്ചറിയാതെ ഉറക്കം വരില്ല. പൊന്ന് തന്റേതുപോലെ തന്നെയെന്നു തോന്നുന്നു. എത്ര കൂട്ടുണ്ട് , ആരുണ്ടാക്കിത്തന്നു. എത്ര തൂക്കം? കൂലി ഇത്ര കുറവാണെങ്കിൽ പണി ഇത്ര നന്നാവുന്നതെങ്ങിനെ? എന്നിങ്ങനെ പോകും അവരുടെ ഗവേഷണം. ബിലുവിനോടും നീലുവിനോടും എന്റെ വീട്ടുകാര്യങ്ങൾ മുഴുവൻ ചോദിച്ചറിയാതെ വയ്യ, 'നിന്റെയമ്മ എണ്ണയിലോ അതോ നെയ്യിലോ വറുത്തിടുന്നത് ? വഴുതിനങ്ങ എണ്ണയിൽ വറക്കുന്നുവോ അതോ വരട്ടുന്നുവോ?' നീലുവും മറ്റും കൊച്ചായിരുന്നപ്പോൾ ഇതൊക്കെ ചോദിച്ചറിഞ്ഞിരുന്നു. ഒന്നാലോചിച്ചു നോക്കൂ. ഇതൊക്കെ ചോദിക്കുന്നതിനെന്തർത്ഥം? ബിലു ഒന്നും പറയില്ല, എന്നാൽ നീലു എൻറടുത്തു വന്ന് അവൾ പറഞ്ഞതെല്ലാം അനുകരിച്ചുകാട്ടിത്തരും. ശരിക്കും ചേച്ചിയുടെ സ്വരം, ഹാവഭാവങ്ങൾ എല്ലാം. ചിരിച്ചു ചിരിച്ചു മണ്ണുകപ്പിപ്പോകും. പക്ഷേ ചേച്ചിയിങ്ങനെ ചെയ്യാമോ? എന്റേതു പാവങ്ങളുടെ കുടുംബജീവിതം. ചേച്ചിയുടേത് ഞങ്ങളുടെ സ്വന്തം കുടുംബം. ഇതെല്ലാം അറിഞ്ഞിട്ടെന്തു കാണിക്കാനാണ് ? ചേച്ചി ഞങ്ങൾക്കുവേണ്ടി പലതും ചെയ്തുതരുന്നുണ്ട് . സമ്മതിക്കാതെ വയ്യ. അസുഖം ബാധിക്കുമ്പോൾ ശുശ്രൂഷിക്കൽ, എന്തിന്റെയെങ്കിലും പേരിൽ നല്ലനല്ല വിഭവങ്ങൾ ചമച്ച് ഭക്ഷണത്തിനു ക്ഷണിക്കുക — ഇതിനൊന്നും കുറവില്ല.

നീലു ഇപ്പോഴും താമസിക്കുന്നത് അവിടെത്തന്നെ. ആത്മാർത്ഥമായിത്തന്നെ എല്ലാം ചെയ്യുന്നു, ചെയ്തുകൊണ്ടിരിക്കുന്നു എന്നു പറയാനും ചേച്ചി വിട്ടുപോകാറില്ല. ചേച്ചിയുടെ സ്വഭാവമേ അതാണ് . ഒട്ടും ഗൗരവക്കാരിയല്ല— ഒരു നേരമ്പോക്കുകാരി. ബിലുവിനെ ബരിന്ദരിന്റെ മകൻ എന്നു വിളിക്കും. നീലുവിനെ മാഛപാതുരിയെന്ന് . അവരുടെ അച്ഛനിട്ടിരിക്കുന്ന പേർ 'താടി'. ഈ കോപ്രായങ്ങൾക്കു നിൽക്കാതെ പച്ചയായ ഭാഷയിൽ പേർ പറഞ്ഞു വിളിച്ചാലെന്തുണ്ടു ചേതം? പുരുഷന്റെ മുഖംപോലെ ഒരു ജാതി ടിന്നുകൊണ്ടുള്ള കയിൽ ഞങ്ങളുടെ കുട്ടിക്കാലത്തുണ്ടായിരുന്നു — മുഖം ഏതാണ്ടതുപോലെ. മഞ്ചാടിക്കുരു പോലുള്ള പല്ലുകൾ. ഒരിത്തിരി ഇടിച്ച പുകല വായിൽ ഏതുനേരവുമിട്ടു തുപ്പിക്കൊണ്ടങ്ങിനെ. ബ്രാഹ്മണപുരോഹിതന്റെ മകളായിട്ടാണു പിറന്നത് . നേദ്യത്തിന്റെ ചോറും വാഴപ്പഴവും തിന്ന് കുട്ടിക്കാലം തൊട്ടേ വളർന്നു. പുരോഹിത്യം കൊണ്ടു ദാനം കിട്ടിയ ചുവന്ന കരയുള്ള സാരിയല്ലാതെ മറ്റൊന്നും ഉടുത്തിട്ടില്ല. വലിയൊരാളുടെ അവിടേക്കു വിവാഹം ചെയ്തു വരാൻ തരപ്പെട്ടതുകൊണ്ടു രക്ഷപ്പെട്ടു. അതല്ല, ഇപ്പോൾ കാൽ നിലത്തല്ല, പാമ്പിന് അഞ്ചു കാൽ മുളച്ചാലത്തെപ്പോലെ. ഭഗവാൻ നിങ്ങൾക്കു തന്നു; നിങ്ങൾക്കുണ്ടായി. എന്നാൽ ഒന്നുമില്ലാത്തവരും മനുഷ്യരാണെന്ന വിചാരം വേണം. ഞാനും മോശക്കാരനു പിറന്നവളല്ല, എന്റെ ഭർത്താവും കുറവുള്ളവനല്ല. പക്ഷേ എന്റെ കർമ്മഫലം നോക്കൂ. കൈയിൽ സ്വർണം എടുക്കുന്നു. മണ്ണായിത്തീരുന്നു. ശരി ചേച്ചി, ബിലു നിങ്ങളെ അമ്മായിയെന്നു വിളിക്കുന്നു. അതുകൊണ്ടു സന്തുഷ്ടയായാൽ പോരേ? ഇല്ല ചേച്ചി. എനിക്കു നിങ്ങളോട് ഒട്ടുമില്ല ദേഷ്യം. നിങ്ങളുണ്ടായിരുന്നതുകൊണ്ടാണ് ബിലുവിനും നീലുവിനും അവരുടെ പല മോഹങ്ങളും കൊതികളും സാധിപ്പിക്കാറായത് . അങ്ങോരു ജയിലിലായിരുന്നപ്പോൾ, അവർക്ക് നിൽക്കാനിടമില്ലാതെയായ സമയം ആപത്തുകാലത്ത് നിങ്ങൾ തന്നെയാണ് അവർക്ക് ഇടംകൊടുത്തത് . ബിലു പോയാൽ നിങ്ങൾക്കു കുറച്ചെങ്ങാനുമായിരിക്കുമോ ദുഃഖം? എനിക്കതറിയില്ലേ? ഞാൻ ഹൃദയപൂർവം ബിലുവിനെ നിങ്ങളെയേൽപിച്ചുതന്നിരുന്നാൽ നിങ്ങൾക്കയാളെ രക്ഷിക്കാൻ കഴിയുമായിരുന്നോ? എന്റെ ബിലു ജീവിക്കട്ടെ, അപ്പോൾ അയാളെ നിങ്ങൾക്കേൽപിച്ചു തരുവാൻ ഞാൻ യാതൊരു പിശുക്കും കാട്ടില്ല. ഇപ്പോൾ

നിങ്ങളുടെ സഹായങ്ങളും കുറച്ചു സ്മൃതികൾ മാത്രമായി— എന്റേതും. അതിന്മേൽ വേണം ജീവിതമത്രയും കഴിച്ചു കൂട്ടുവാൻ. ഇല്ല ചേച്ചി, നിങ്ങളുടെ ദയ, നിങ്ങളുടെ അടുപ്പം ഒരിക്കലും മറക്കില്ല. എന്റെ മക്കൾക്ക് മീൻ വളരെ ഇഷ്ടമായിരുന്നു. എന്നാൽ ആശ്രമത്തിൽ മീൻ കടത്താറില്ല. ഞങ്ങൾ വൃദ്ധരായില്ലേ? മഹാത്മജിയുടെ ഉപദേശമനുസരിച്ച് ഇരുപതു വർഷമായി മീനും ഇറച്ചിയും ഉപേക്ഷിച്ചിട്ട് . എന്നാൽ കുട്ടികൾക്കുണ്ടോ ക്ഷമ? ചേച്ചി, നിങ്ങൾ എന്റെ ഉള്ളു മനസ്സിലാക്കി. ബിലുവിനെയും നീലുവിനെയും വിളിച്ച് മീൻ പൊരിച്ചു കൊടുത്തു. എന്നോടും എത്രയോ ദിവസം അവിടെ വന്നു മീൻ കറി കൂട്ടിക്കോളാൻ നിർബന്ധിച്ചു പറഞ്ഞു. ചേച്ചി, നിങ്ങളുടെ ആത്മാർത്ഥത ഞാൻ നന്നായി അറിയുന്നു. നിങ്ങളോടു ജന്മജന്മാന്തരങ്ങളോളം കടപ്പെട്ടവളാണിവൾ. നിങ്ങളെ നിന്ദിച്ചാൽ എന്റെ നാവു പുഴുത്തു പോവും. നിങ്ങളെ നിന്ദിക്കുന്നതിൽ പരം ഒരു പാപമില്ല. എങ്ങനെയാണു തോന്നുക നല്ലനല്ല കാര്യങ്ങൾ? നിങ്ങളും ബിലുവിന്റെ അമ്മയല്ലേ? എന്റെ ഉള്ളിലുള്ളത് നിങ്ങൾക്കറിയാമല്ലോ. പറയാനെന്തുള്ളു? ബിലു നിങ്ങളെ ഇഷ്ടപ്പെടുന്നു. നിങ്ങളോടു വലിയ ഭക്തിയാണ് . ബിലു ഒരിക്കൽ അമ്മയെന്നു വിളിച്ചവളോട് ഇന്നത്തെ ദിവസം എനിക്കു കോപമാകാമോ? ബിലു അമ്മയെന്നു വിളിച്ചതിന്റെ രഹസ്യം എനിക്കറിയാം. അതൊരു വെറും വിളിയല്ല, അതു കേട്ടാൽ മനസ്സാകെ അയാളുടെ അരികിലേക്കു പാഞ്ഞെത്തുന്നു. മകനല്ല— ശത്രുവാണ്. മകനെപ്പറ്റി വിചാരിക്കുന്നതിന്റെ പകുതി നേരം ഭഗവാനെ വിചാരിച്ചാൽ ഭഗവാൻ പ്രത്യക്ഷപ്പെടും. എന്നാൽ എത്ര മുറുക്കിപ്പിടിച്ചാലും വഴുതിപ്പോകും, വജ്രബന്ധനവും അയഞ്ഞ കെട്ടും. അല്ലായിരുന്നെങ്കിൽ — അല്ലല്ലോ, അതേ കുട്ടി ബിലു വരാന്തയിൽ ഇരുന്നു വായിക്കുന്നു. ഞാൻ ആ സമയം അനക്കമില്ലാതെ കാൽ കരുതിവെച്ച് പിറകിലൂടെ കടന്നു പോയാലും അയാൾ അറിയുന്നു. അയാൾ പറയും, അമ്മേ, അമ്മയുടെ ഗന്ധം വരുന്നു! സത്യമായും അയാൾ ആ ഗന്ധം അറിഞ്ഞിരുന്നു. ഞാൻ കുളി കഴിഞ്ഞുവരുമ്പോൾ എന്നെ കെട്ടിപ്പിടിക്കും. പറയും, അമ്മ കുളിച്ചുവരുമ്പോൾ എനിക്ക് അമ്മയെന്ന ഗന്ധം അനുഭവമാകുന്നു. ഞാൻ പറഞ്ഞു, 'എടാ ദുഷ്ടാ, കുളിയാച്ചുത്തമായിട്ട് എന്നെ നീ തൊട്ടോ? പൂജാമുറിയിലും അടുക്കളയിലും മറ്റും പിടിപ്പതു പണി കിടക്കുന്നു?' എന്നാ

ലുണ്ടോ അയാൾ വിടുന്നു. പറയും, 'കോടിമുണ്ടു ചുറ്റിയാൽ അശുദ്ധമുണ്ടോ അമ്മേ!,' നീലുവെന്ന ഏറയുണ്ട് , അയാൾ എത്ര നാൾ മുമ്പു കഴിഞ്ഞ എന്തെന്തെല്ലാം കാര്യങ്ങളാണെന്നോ കൊരട്ടിൽ വെച്ചുകൊണ്ടു നടക്കുന്നത് . അതെല്ലാം എടുത്തെടുത്തു പറഞ്ഞുകൊണ്ട് എന്റെ പിറകേ കൂടും. എപ്പോഴും പറയും, 'അമ്മയ്ക്ക് ഏട്ടനെയാണ് അധികമിഷ്ടം'. പ്രാന്തൻ കുട്ടി, ഇങ്ങനെ പതിവുണ്ടോ? ഒരു മകനെ അധികം സ്നേഹിക്കുക, അല്ലെങ്കിൽ കുറച്ചു സ്നേഹിക്കുക. ദൈവ നിയമം അതല്ല. ഉടൻ നീലു ചോദിക്കും, 'ശരിതന്നെ സമ്മതിക്കാം അമ്മേ, ആട്ടെ പൂർണ്ണിയയിൽ ബകരാക്ഷസൻ വരുന്നുവെന്നു വിചാരിക്കുക. അവനു കുട്ടികളുടെ മാത്രം മാംസം മതി എന്നൊരു വാശി. മറ്റാരുടെയും വേണ്ട. അപ്പോൾ ഓരോ വീട്ടിൽ നിന്നും ദിവസം തോറും ഓരോ കുട്ടിയെ കൊടുക്കണം. ഇന്ന് അമ്മയുടെ വീടിന്റെ ഊഴം. ആരെയയയ്ക്കും പറയൂ, എന്നെയോ ഏട്ടനെയോ?,' പോ അവിടന്ന് പ്രാന്തു പറയാതെ. ഇങ്ങനെ കിടന്നു ചിലയ്ക്കാനവനു യാതൊരു മടിയുമില്ല.

ഇതൊക്കെ നിന്റെ തലച്ചോറിൽ എങ്ങനെ കടന്നു കൂടുന്നുവെന്നാണെനിക്കു മനസ്സിലാവാത്തത് . ഞാനാർക്കാണ് കൊടുക്കാൻ പോണത് . ആർക്കും കൊടുക്കാൻ ഭാവമില്ല. ഇതു കേൾക്കുമ്പോൾ നീലു 'എനിക്കറിയാം അറിയാം' എന്നു പറഞ്ഞു വിളിച്ചു കൂവി വീടിട്ടുകുലുക്കും. എന്തു പിണ്ണാക്കാണു നിനക്കറിയാവുന്നത് . നിങ്ങളൊക്കെ അമ്മയുടെ മനസ്സറിഞ്ഞിരുന്നെങ്കിൽ പിന്നെ എനിക്കെന്തൊരു കാര്യത്തിനാണു ദുഃഖിക്കേണ്ടിവരുക? അല്ലായിരുന്നെങ്കിൽ മാതൃസ്നേഹം സ്വാർത്ഥപ്രേരിതമാണെന്ന് അയാൾ എന്നെ പറഞ്ഞു ധരിപ്പിക്കുമായിരുന്നോ? അതിന് അയാൾ പറഞ്ഞ കഥ കേൾക്കണ്ടേ? 'ഒരു പൂച്ചയെയും അതിന്റെ കുഞ്ഞിനെയും മലയിലെടുത്തുവെച്ച് താഴെ തീകത്തിച്ചു. മലയ്ക്കു നല്ല ചൂടു പിടിച്ചപ്പോൾ ഓടിപ്പോകാൻ നിവൃത്തിയില്ലാതായ പൂച്ച കുഞ്ഞിന്റെ പുറത്തു കയറിയിരിപ്പുറപ്പിച്ചു. എല്ലാ അമ്മമാരും ഇത്തരക്കാരാണ് . സ്വന്തം തടിക്കു തരക്കേടു വരാത്തിടത്തോളം കാലം 'മോനേ, മോനേ' എന്നു ജപിച്ചു പ്രാണൻ കളയുന്നു.' ഇന്നത്തെക്കാലത്തെ കുട്ടികൾ ഇതൊക്കെ എവിടുന്നു പഠിക്കുന്നു എന്നാണു മനസ്സിലാകാത്തത് . ബിലു ഈവിധമുള്ള വർത്തമാനം പറയുകയേ പതിവില്ല. ഇതുകേട്ട ശേഷം നീലുവിനോട് ഇതേപ്പറ്റി

തർക്കിക്കാൻ അറപ്പുതോന്നി. എന്നാൽ നീലു പറഞ്ഞത് എ ൻെറ ഉള്ളിൽ തറച്ചുനിന്നു. അയാൾ ഒരു ദിവസം മറ്റൊന്നുകൂടി പറയുകയുണ്ടായി. അതെനിക്കു മറക്കാൻ ഒരിക്കലും കഴിയുക യില്ല. അതും അമ്മയുടെ സ്വാർത്ഥത്തെപ്പറ്റിത്തന്നെ. ആ വലി യ ഭൂകമ്പത്തിനു ശേഷം പിന്നെയും നാളുകളോളം ചെറുചെറു കമ്പനങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഒരു ദിവസം രാത്രി ഭൂക മ്പത്തിൻെറ ഉലച്ചിൽ ഉണ്ടായപ്പോൾ ഹരീനിൻെറ ഭാര്യ ഉറ ക്കപ്പിച്ചിൽ കൈക്കുഞ്ഞിനെ എടുക്കാതെ തന്നെ പുറത്തേ ക്കോടി. പിന്നെപ്പറയണോ? ഇതിൻെറ പേരിൽ എല്ലാവരും കൂടി അവളെ പിച്ചിച്ചീന്താൻ ചെന്നു. എന്നെ കേൾപ്പിക്കാൻ നീലുവിൻെറ ശേഖരത്തിൽ ഒരു കഥ കൂടിയായി. അതേ ഹേ! സ്ത്രീകൾ സ്വാർത്ഥികൾ തന്നെ. ഒരു തവണയല്ല, ഒരായിരം തവണ. മക്കളുടെ സ്നേഹം നിസ്വാർത്ഥമാകുന്നു. കലർപ്പി ല്ലാത്ത സ്നേഹം പോരേ! ഇതേ നിനക്കു കേൾക്കേണ്ടു വെ ങ്കിൽ ഇപ്പോൾ മതിയായോ? കുട്ടിക്കാലം തൊട്ടേ നീലു എന്നെ ബുദ്ധിമുട്ടിച്ചിട്ടുള്ളതിനൊരുകണക്കുണ്ടോ? ബിലുവും നീലുവും ഒന്നിച്ചാണു വളർന്നത് . എന്നിട്ടും നീലുവിന് ഇത്ര യധികം എവിടുന്നു കിട്ടി ഏഗത്തം എന്നാണെൻെറ ആലോചന. എത്രയോ തവണ എന്നെ കരയിച്ചുകളഞ്ഞിരിക്കുന്നു. ഉച്ച യ്ക്ക് എനിക്കൽപം മയക്കം പിടിച്ചുവെന്നു തോന്നുന്നു. എ ൻെറ സൽസ്വഭാവിയായ പുത്രൻ എവിടന്നോ ഒരു കുടന്ന 'ഗുലേഭാ ഉഭി'പ്പഴങ്ങൾ സമ്പാദിച്ചുകൊണ്ടുവന്ന് എൻെറ മൂക്കിനുനേരെ മുമ്പിൽ തന്നെ ഇരുന്ന് അതൊക്കെ എണ്ണു വാൻ തുടങ്ങി. അതിൻെറ ബീജങ്ങൾ വേർപെട്ട് എൻെറ മൂ ക്കിലും ചെവിയിലുമെല്ലാം കയറി. അയ്യോ, ആവൂ എന്നു പറ ഞ്ഞ് പിടഞ്ഞെഴുന്നേറ്റു. പക്ഷേ ശാസിച്ചാലും ശകാരിച്ചാലും കൂസലില്ലാത്ത അവൻ ഹീ ഹീയെന്നു ചിരി തുടങ്ങി. അയാൾ ക്ക് വിവരമെന്നു പറയുന്നത് ഒരു ലേശവുമില്ല. വിചാരിച്ചതെ ന്തോ അതു ചെയ്യുന്ന പ്രാന്തൻ. ഒരു ദിവസം ചെയ്തതെന്താ ണെന്നോ? ഇത്ര വലുതായിട്ടുകൂടി, മൂട്ടകളെ പിടിച്ചുകൊന്ന് അതിൻെറ ചോര കൊണ്ട് 'അഹിംസാ പരമോധർമഃ' എന്നെ ഴുതുന്നു. ആരെ കൊള്ളിക്കാനാണ് ഇതെഴുതുന്നതെന്ന് എനിക്കറിയാം. വല്ലതും പറഞ്ഞാൽ അങ്ങോരുടെ കാതിൽ പെടുമെന്നു ഭയന്ന് ഞാൻ കണ്ടിട്ടും കണ്ടില്ലെന്നു നടിച്ചു. എ ടാ നീലു, ഒരു ദിവസം അച്ഛനുമമ്മയുമുണ്ടാവില്ല. അന്ന് നി നക്കറിയാറാവും എന്താണ് അച്ഛനുമമ്മയുമെന്നു വെച്ചാൽ.

പല്ലിരിക്കെ പല്ലിൻെറ ഗുണമറിയില്ല. സ്വന്തം അച്ഛൻെറ മന സ്സുവേദനിപ്പിക്കുവാൻ നീലു ആശ്രമത്തിൻെറ അതിർത്തിയിൽ അളന്നു കൃത്യം ഒരിഞ്ചു വിട്ട് ഇറച്ചി പാകം ചെയ്യും. പറയുന്ന തെന്താണെന്നോ? 'ആശ്രമത്തിലല്ലേ മാംസം നിഷിദ്ധം, ഇവിടെ യില്ലല്ലോ' എടാ നീലു, മഹാത്മാഗാന്ധി ആട്ടിൻപാൽ കുടിക്കു ന്നു എന്നുവെച്ചാണോ ആട്ടിറച്ചി തിന്നരുത് എന്നു പറയുന്ന ത് ? ആശ്രമത്തിൽ മാംസം തിന്നുന്നതു നിഷിദ്ധമാക്കിയിരി ക്കുന്നത് എന്തിനാണെന്ന് എനിക്കുമറിയാം, നിനക്കുമറിയാം. പിന്നെ യെന്തിനായി നീയിങ്ങനെ മുള്ളുവാക്കുകൾ പറയുന്നു? നിനക്കു മാംസം തിന്നാൻ മോഹമുണ്ടെങ്കിൽ നിനക്ക് അതു വേവിച്ചുതരുവാൻ എനിക്കു നിവൃത്തിയില്ല. എനിക്കതിൽ ദുഃഖമുണ്ട് . പക്ഷേ ആശ്രമത്തിലെ നിയമം എന്തു കാട്ടും? എ ത്രയോ തവണ ചേച്ചിയുടെ അവിടെച്ചെന്ന് ബിലുവും നീലു വും മീൻ തിന്നുന്നതു നോക്കിയിരുന്നിരിക്കുന്നു. നീലുവിന് മീൻ എന്തൊരിഷ്ടമാണ് . രേവാമീനിൻെറ എല്ലുകൾ പോലും ചവച്ചിറക്കുന്നു. മീൻ വേണ്ടെന്നുവെയ്ക്കാൻ പോകുന്നതായി ബിലു പല തവണ പറഞ്ഞു. ഞാനും ചേച്ചിയും നിർബന്ധി ച്ചതുകൊണ്ടാണു വേണ്ടെന്നു വെച്ചത് . അല്ലെങ്കിൽ തന്നെ കോലം കണ്ടാൽ മതി... ചേച്ചിയുടെ അവിടന്ന് രണ്ടു നാലു ദിവസം മീൻ അകത്തേക്കു ചെല്ലുന്നുണ്ട് . കുട്ടിക്കാലത്ത് ഗ്രാമത്തിൽ വെച്ച് മീനില്ലാതെയെങ്ങിനെ ഒരുനേരം ആഹാരം കഴിക്കുമെന്ന് ഞങ്ങൾക്ക് ചിന്തിക്കുവാൻ കൂടി കഴിഞ്ഞിരു ന്നില്ല. കുട്ടികളെ ഞങ്ങൾ തന്നെയാണ് ഈ നിലയിലേക്കെ ത്തിച്ചത് . അവർ ബംഗാളിൽ താമസിച്ചിട്ടുതന്നെയില്ല. അവിട ത്തെ ഭാഷയോ നാട്ടുനടപ്പോ ഒന്നും അറിയില്ല. ഇവർക്ക് നീന്തലറിയില്ല. ബന്യാ, ഹിജൽ, ഗാബ് എന്നീ മരങ്ങളുടെ പേർ കേട്ടിട്ടില്ല. ഒരു ദിവസം ഇവരോട് 'ഢപ് കീർത്തന'ത്തെ പ്പറ്റി പറഞ്ഞു. നീലു 'ഢപ് ' എന്നു കേട്ടിട്ടു ചിരിച്ചു ചിരിച്ചു കുഴഞ്ഞു വീണുപോയ മട്ടായി. ഇങ്ങനെയൊരു കുന്ത്രാട്ടപ്പേർ കേട്ടിട്ടേയില്ലാത്രേ. ബിലുവിനോട് ഒരു ദിവസം പറഞ്ഞു, 'ആ മുറിയിൽ നിന്ന് 'തിജേൽ' എടുത്തുകൊണ്ടുവരൂ കുട്ടാ!' ബിലുചോദിച്ചു, 'എന്താണു 'തിജേൽ' അമ്മേ!' ഞങ്ങളുടെ ബംഗാളിൽ പിഞ്ചുകിടാങ്ങൾക്കുപോലും അറിയാവുന്ന ഒരു വാക്ക്, അതവരു കേട്ടിട്ടുപോലുമില്ലാത്രേ. (തിജേൽ — വായ വട്ടമുള്ള പരന്ന കലം) പന്ത്രണ്ടു മാസത്തിൽ പതിമൂന്ന് ഉത്സ വങ്ങൾ — ഇത് ഇവർ കേട്ടിട്ടുണ്ടോ? എന്നാൽ ബിലു ഇതെല്ലാം

എടുത്തെടുത്തു ചോദിച്ചറിയും. അയാൾക്ക് എല്ലാത്തിനെ പ്പറ്റിയും അറിയണം. അമ്മേ, 'ദേൽ' എന്നു പറയുന്നത് എന്തു തരം പൂജയെയാണ്? 'ചഡക്' (ശിവഭക്തന്മാർ നടത്തുന്ന തൂക്കം പോലുള്ള ഉത്സവം) ഉത്സവം നടക്കുന്ന ദിവസം കുട്ടിക്കാലത്ത് അമ്മയും മറ്റും എന്താണു ചെയ്തിരുന്നത് ? 'ഗാജൻഗീത'ത്തിൻെറ രാഗം എന്തുപോലെയിരിക്കും? അമ്മയുടെ ഗ്രാമത്തിൽ ബൈരാഗികൾ ഉണ്ടായിരുന്നോ? ലോകത്തെമ്പാടുമുള്ള വാർത്തകൾ അയാൾക്കറിയണം. എന്നാണെന്നോർക്കുന്നില്ല, ബിലു കുട്ടിയായിരുന്നു. അയാളുടെ മുമ്പിൽ വെച്ച് ഞങ്ങളുടെ ഗ്രാമത്തിലെ നിഖിൽ ചൗധുരി പിശാചങ്ങളെ സ്വാധീനിക്കാനുള്ള ശ്രമത്തിനിടയ്ക്ക് ശ്മശാനത്തിൽ വെച്ച് മരിക്കാനിടയായി എന്നു പറയുകയുണ്ടായി. അന്നൊരു ദിവസം വീണ്ടും ആ കഥ പറയിച്ചു. എന്തിനാണീ കഥകളെല്ലാം കേൾക്കുന്നതെന്നു ബിലുവിനോടു ചോദിച്ചാൽ പറയും, 'ഞാൻ അമ്മയുടെ കുട്ടിക്കാലത്തെ കഥകൾ കാണാതെ പഠിക്കും'. കുട്ടാ, എൻെറ കുട്ടിക്കാലം കാണാതെ പഠിക്കാനെന്തിരിക്കുന്നു? അത്രയ്ക്കു മധുരമായി സംസാരിക്കാനറിയാം ബിലുവിന് . കേട്ടാൽ മനസ്സിനെന്തൊരാനന്ദം തോന്നുമെന്നോ? പക്ഷെ നീലുവിന് ഈ വക ഉപദ്രവമൊന്നുമില്ല. അയാൾക്ക് ഇത്രയേറെ കഥകൾ കേൾക്കാൻ സമയമെവിടെ? ക്ഷമയെവിടെ? പകലൊക്കെ എവിടെയെല്ലാം തെണ്ടിത്തിരിയുന്നു? ഇടയ്ക്കൊന്നു 'ശരേ' എന്നു വീട്ടിലും വന്നുകേറും. കുപ്പായമൂരി എറിയും. എന്നിട്ടു കൽപന,— അമ്മേ, ബനിയനു സോപ്പിടണം, തലയിലൊരുപൊത്തെണ്ണ വെച്ച് രണ്ടുലോട്ട വെള്ളം മേൽ വീണു ഇല്ല എന്നാവുമ്പോഴേയ്ക്ക് തല ഒന്നു കുടഞ്ഞ് അടുക്കളയിൽ വന്നു കയറും. 'അല്ല, ഇനിയും ചോറു വിളമ്പിയില്ല'. എപ്പോഴെ ഭക്ഷണം പാകം ചെയ്ത് ഞാനും ബിലുവും അയാൾക്കു ചോറും വിളമ്പി കാത്തിരിക്കുന്നു എന്ന നോട്ടമേയില്ല. ബിലു എപ്പോഴും അയാളുടെ തുണികൾ തന്നെത്താൻ വെളുപ്പിക്കുന്നു. എന്നല്ല പലപ്പോഴും നീലുവിൻെറ തുണികൾ കൂടി വെളുപ്പിച്ചിടുന്നു. ആരെ ആരോടുപമിക്കേണ്ടു?

'ഇപ്പൊഴെങ്ങനെ' വിരൽ കൊണ്ടൊന്നു തോണ്ടി നൈനാദേവി ചോദിക്കയാണ് .

ഇവരെനിക്ക് സ്വൈരം തരില്ലെന്നൊ? രണ്ടു വിനാഴിക

ഒററക്കിരുന്ന് ബിലുവിനെപ്പററി ചിന്തിച്ച് അയാളുടെ സാമീപ്യം അനുഭവിക്കാൻ ശ്രമിക്കയാണ് . അതിനുമില്ലേ നിവൃത്തി? എനിക്കെത്രയെത്ര ഹിതൈഷികൾ! ഒററശ്വാസത്തിന് അര ഡസൻ ചോദ്യങ്ങൾ— ഗ്രാമഫോൺ റെക്കാർഡു പോലെ. ചോദ്യമവസാനിക്കുമ്പോഴേക്കു മറെറാന്നിനൊരുങ്ങിയിരു ന്നോളു. ആ സമയം ഈ മുറിക്കു തീ പിടിച്ചാലും നൈനാദേവി ചോദിക്കാതെ വിടില്ല. സഹതാപം കാരണം ഇരിക്കപ്പൊറുതി ഇല്ലാതായി. ഞാൻ പറഞ്ഞു— 'ഉവ്വ് ഉവ്വുവ്വ് പരമസുഖം തോന്നുന്നു. മനംപുരട്ട് നിന്നു. തലവേദന പറപറന്നു. ചൂടു തോന്നുന്നില്ല. വയററിൽ എരിച്ചിലില്ല. വായിൻെറ കയ്പ് തീരെക്കുറഞ്ഞു. വിരിപ്പും പുതപ്പും തട്ടിക്കുടയേണ്ട. ആയില്ലേ? ഇനി എന്നെയോർത്ത് വിചാരപ്പെടാനൊന്നുമില്ലല്ലോ? ഇനി ചെന്ന് തൻെറ വിരിപ്പിൽ കിടന്നുറങ്ങിക്കോളൂ' എൻെറ മറുപടി കേട്ട് നൈനാദേവി അന്തംവിട്ടുപോയി. ഒരുപക്ഷെ തലയ്ക്കു തകരാറെന്തോ പററിക്കാണുമെന്നു നിനച്ചുകാണും. ഒന്നും മിണ്ടാതെ എണീററുപോയി സ്വന്തം കട്ടിലിൽ കിടന്നു. ആരെ ങ്കിലും തട്ടിക്കേറിയാൽ ചുമ്മാ കേട്ടു സഹിച്ചു നടക്കുന്നവളല്ല അവൾ. ഞാൻ പറഞ്ഞതിന്മേൽ കയറിപ്പിടിച്ച് അവൾ എന്തെങ്കിലും കുത്തിത്തിരിപ്പുകൾ നടത്തും തീർച്ച. അതി ന്നായെന്നു വരാം, നാളേയ്ക്കാക്കിയെന്നും വരാം. ഇതാ ഇന്നാളുതന്നെ ഒരുദിവസം അവളുടെ അമ്മ ഇൻറർവ്യൂവിനു വന്നിരുന്നു. അപ്പോഴെന്താ കാട്ടിയതെന്നുവെച്ചാൽ സോപ്പ് , പെൻസിൽ, നോട്ടുബുക്ക് , വെണ്ണ, കിസ്മിസ് പിന്നെ ജയി ലിൽ നിന്നു കിട്ടിയ അതും ഇതും ഒന്നും വിടാതെ എല്ലാം വാരിവലിച്ചെടുത്ത് ജയിൽ ഗേറ്റിലെത്തി. അമ്മയുടെ കൈ യിൽ കൊടുത്ത് കുടുംബത്തിലെത്തിക്കാൻ. അവിടെ വെച്ച് സി.ഐ.ഡി.യും ജമാദാരും പിടികൂടി. ആദ്യം അവൾ വഴ ക്കിടാൻ മുതിർന്നു,'ഇതൊക്കെ എൻേറതാണ് . എന്താണു പുറത്തയച്ചാൽ?' സി.ഐ.ഡി. പറഞ്ഞു, 'എന്നോടു ലായും ചട്ടവും പറയാൻ വന്നാൽ ഞാൻ ഇതൊന്നും കൊണ്ടുപോ കാൻ സമ്മതിക്കില്ല. മറിച്ച് ഇതൊക്കെ എൻെറ വീട്ടിൽ ആവ ശ്യമുള്ള സാധനങ്ങളാണ്; കൊണ്ടുപോകാൻ അനുവദി ക്കണം എന്ന് എന്നോട് അപേക്ഷിച്ചാൽ ഞാൻ വിട്ടുതരാം.' ഒടുക്കം നൈനാദേവിക്ക് സമ്മതിക്കേണ്ടിവന്നു. ഗേററിലെ ജമാദാരിന്ന് കിസ്മിസ് പൊതിഞ്ഞു കൊടുക്കേണ്ടിവന്നു. ഒന്നു നോക്കു എത്ര അപമാനിതയാകേണ്ടിവന്നു. അപമാനം

അവളൊരുവൾക്കു മാത്രമോ? ജയിലിലുള്ള ഞങ്ങളുടെ മുഖത്തൊക്കെ കരിപുരട്ടിയില്ലേ? ജമാദാരിനി വന്ന് എല്ലാ കഥയും ഞങ്ങളെ കേൾപ്പിച്ചു. ബഹുരിയാജി ഒരു വായാടി യാണ് . അവൾ നൈനാദേവിയോടു ചോദിക്കാൻ അപ്പോൾ തന്നെ ചെന്നപ്പോൾ ഉണ്ടായ ഒരു പ്രപഞ്ചം! തുടങ്ങി കശ പിശയും കടന്നുവെട്ടും. ബഹുരിയാജിയെ ഇപ്പൊത്തല്ലിക്കള യുമെന്നു തോന്നി. എളിത്തരം കണ്ടിട്ടല്ലേ? ആ സി.ഐ.ഡി. യുടെ മുമ്പിൽ എവിടെപ്പോയി ഈ വീര്യമെല്ലാം? ഇതിനു ശേഷം പന്ത്രണ്ടു ദിവസത്തോളം നൈനാദേവിയുടെയും ബഹുരിയാജിയുടെയും ശിങ്കിടികൾ തമ്മിൽ കീരിയും പാമ്പും കളി നടന്നു. അവൾ ഒററയ്ക്ക് നൂറു പേർക്കു ശരിയാണ് . വാക്കിനെന്തൊരു വിഷം! എന്തൊരിരുതല! പഴഞ്ചൊല്ലു കേട്ടിട്ടില്ലേ. പോത്തിനു കൊമ്പു രണ്ട് , എററുമുട്ടുമ്പോൾ ഒന്ന് . ഒററയ്ക്കുതന്നെ അവൾ പൊരുതി എല്ലാത്തിനെയും നിരപ്പാക്കിക്കളഞ്ഞു. ഇനി എന്നെ എന്തൊക്കെയാണാവോ ചെയ്യാൻ ഭാവം. ചെയ്യണതു ചെയ്യട്ടെ. മനസ്സുള്ളതു ചെയ്യ ട്ടെ. മരിക്കുന്നതിലും വലുതാണോ ചീത്ത പറച്ചിൽ? ഭഗവാൻ എനിക്കു നൽകിയ ദുഃഖത്തിലേറെ ഇനി എന്തൊരു ദുഃഖ മാണെനിക്കുണ്ടാകാനുള്ളത് . എല്ലാത്തിനുമുണ്ടല്ലോ ഒരതിർ ത്തി. ദുഃഖത്തിനു മാത്രം അതില്ലേ? അല്ലെങ്കിൽത്തന്നെ ബിലു വിനെയോർത്ത് എൻെറ ആധിക്കൊരററുതിയില്ല, അതിനും പുറമേയാണ് ചമാരിൻ ജമാദാരിനി എന്നോട് ഒരു ദിവസം വന്നുപറയുന്നത്, ബംഗാലിൻ മായീജി, നിങ്ങടെ മോന്, ഞാൻ കേട്ടതെന്താണോ, സർക്കാർ വേണംന്നുവെച്ചു ശിക്ഷിച്ച തല്ലാത്രേ. നിങ്ങടെതന്നെ ഒരു മോൻ സാക്ഷി പറഞ്ഞു ശി ക്ഷിപ്പിച്ചതാണ് പോലും!' 'പറയുന്നതെന്താണിവൾ? കേട്ടിട്ടു ഞാൻ കിടുകിടാ വിറച്ചുപോയി. ഞാൻ ചോദിച്ചു, ആരു പറ ഞ്ഞു? അവൾ അപ്പോൾ പറയുകയാണ് നൈനാദേവി ഒരു ദിവസം പറഞ്ഞതാണ് . അവൾ അങ്ങനെ എവിടന്നോ കേ ട്ടത്രേ. നീയൊന്ന് വേറെ വല്ല വാർഡിലുമന്വേഷിച്ച് നേരാ ണോ എന്നറിയണം എന്നും എന്നോടു പറഞ്ഞു. ഞാൻ തിര ക്കി നോക്കിയപ്പോൾ സംഗതി നേരാണെന്നു മനസ്സിലായി, മായീജി! ഇതൊന്നും മായീജിയോടു പറയണ്ട എന്നു നൈനാ ദേവിയും മററും പറഞ്ഞേൽപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാലും ഞാൻ വിചാരിച്ചു, ഇതു മായീജിയുടെ ഒരു കുടുംബകാര്യമാണ് . എല്ലാവരും അറിഞ്ഞിരിക്കുക, കണ്ടവരെല്ലാം ഇതുതന്നെ

പറഞ്ഞുകൊണ്ടു നടക്കുക. മായിജിക്കു മാത്രം ഒന്നും അറിയില്ല. അങ്ങനെ വരാമോ? എനിക്കുമുണ്ട് ധർമ്മം. അല്ല മായീജീ, മായീജിയുടെ മക്കൾ തമ്മിൽ വഴക്കുണ്ടോ? എന്റെ രണ്ടാങ്ങളമാർ ഒരിക്കൽ ഒരു പ്ലാവിനുവേണ്ടി തലതല്ലിപ്പൊളിക്കയുണ്ടായി. പിന്നെ പോലീസും കൂട്ടവുമായി എത്ര ദിവസം നടന്നെന്നോ! പണം വാരിക്കോരിച്ചെലവായി. ഒടുവിൽ പതിനേഴു രൂപയ്ക്ക് ഇൻസ്പെക്ടർ കേസു പഞ്ചായത്താക്കി. മായീജിക്ക് ഒരുപാടു പാടവും പറമ്പും കന്നുകാലികളുമുണ്ടോ? ദൈവം ആരുടെ വയററിൽ എങ്ങനെയൊക്കെയുള്ള സന്താനങ്ങളെയാണ് പടച്ചുവെയ്ക്കുന്നത് , ആർക്കു പറയാനാവും? കേട്ടിട്ട് എനിക്കെന്തൊക്കെയോ തോന്നിപ്പോയി. പറഞ്ഞു, 'നീ തെററായ വാർത്തയാണ് പറഞ്ഞുകൊണ്ടു നടക്കുന്നത് . ഞാൻ നിന്റെ പേരിൽ റിപ്പോർട്ടു കൊടുക്കും'. അവൾ പറഞ്ഞു, മായീജീ, ഞാൻ നല്ലതാണെന്നു വിചാരിച്ചു പറഞ്ഞതാണ് . കളവാണെന്നും വരാം. ഞാൻ കേട്ടതു പറഞ്ഞു. ഒററ അക്ഷരവും ഉണ്ടാക്കിപ്പറഞ്ഞതല്ല. മായീജി റിപ്പോർട്ടു ചെയ്യാതിരിക്കൂ. എന്റെ ആൾ മൂന്നു കൊല്ലമായി തളർവാതം പിടിച്ചു കിടപ്പിലാണ് . എന്റെ സമ്പാദ്യം കൊണ്ടാണ് കുഞ്ഞുങ്ങൾക്ക് രണ്ടുനേരം ഓരോ പിടി ചോറു കിട്ടുന്നത് . ഞാൻ പറഞ്ഞു— 'ശരി. ഒക്കെ പോട്ടെ. നീ പോ. ഇനി ഇത്തരം വർത്തമാനം എൻറടുത്തു വേണ്ട?' അവൾ പോയി. അതു മുതൽ എന്റെ മനസ്സിന് ആധി തുടങ്ങി. ആളുകൾ ഇത്രയൊക്കെ കളവു പറയാമോ?

നിക്കർ ധരിച്ച ജ്യേഷ്ഠൻ ബിലു കുഞ്ഞുനീലുവിനെ കവിളിൽ പിടിച്ചു ലാളിക്കുന്നു— നീലൂ, നില്ലൂ! പില്ലൂ! പില്ലൂ!!

ആ നീലുവാണത്രെ ബിലുവിനെതിരായി തെളിവു കൊടുക്കുന്നത് . ചത്താലും എനിക്കിതു വിശ്വസിക്കാനാവില്ല. നീലു തുമ്പും വാലുമില്ലാത്തവനാണ് . നീലു വിവേകബുദ്ധിയില്ലാത്തവൻ. നീലു കമ്പക്കാരൻ— ഒക്കെ ശരിതന്നെ. എന്നാൽ ജ്യേഷ്ഠനുവേണ്ടി പ്രാണൻ കളയും. നീലു ഇങ്ങനെ ചെയ്യുമെന്നോ? അന്നുതൊട്ട് ഇതോർക്കുമ്പോൾ ഹൃദയത്തിലെ രക്തം ഉറഞ്ഞുപോകുന്നു. ഇതു സത്യമാണെങ്കിലോ? അന്നൊരു ദിവസം ജയിൽഗേററിൽ അങ്ങോരുമായി ഇൻറർവ്യൂ ഉണ്ടായിരുന്നു. സൂപ്രണ്ട് ആദരവോടെ ഞങ്ങൾ

രണ്ടു പേരെയും തമ്മിൽ കാണാൻ അനുവദിക്കുന്നു. അങ്ങോർക്ക് ഇതേപ്പററി വല്ലതും അറിയാമോ എന്നു ചോദിച്ചാലോ എന്നു വിചാരിച്ചു. പിന്നെ തോന്നി, വേണ്ട പോട്ടെ. ഇതൊക്കെ ചോദിക്കേണ്ട കാര്യങ്ങളോ? നീലുവിനെപ്പററി പറയുന്ന ഈ വക വഷളത്തരങ്ങൾ നീ വിശ്വസിച്ചു പോയോ എന്നു ചോദിച്ചാലോ ? സത്യമാണെന്ന് വിചാരിച്ചാലോ? അങ്ങോരുടെ ഉള്ളിൽ കൊടുങ്കാററു വീശുന്നുണ്ടെന്ന് മുഖം കണ്ടിട്ടു തോന്നി. എൻെറ മനസ്സിൻെറ സ്ഥിതി എനിക്കു നല്ല നിശ്ചയമുണ്ടല്ലോ. അതുകൊണ്ടുതന്നെ അങ്ങോരുടെ മനഃസ്ഥിതി അറിയാൻ കഴിയുന്നു. അങ്ങോർക്ക് എൻെറ നേരെ നോക്കാൻ കഴിയുന്നില്ലെന്ന് ഞാൻ കണ്ടു. ഒടുക്കം മേൽക്കീഴാലോചിച്ചപ്പോൾ വേണ്ട, ചോദിക്കേണ്ട എന്നുവെച്ചു. നാവിൽ തോന്നിയത് നാവിൽത്തന്നെ ഇരുന്നു സി.ഐ.ഡി. പറഞ്ഞു— 'എന്നാലിനി എണീക്കൂ. സമയം കഴിഞ്ഞു'. തിരിഞ്ഞു മറിഞ്ഞ് പിന്നെയും അതേ കാര്യം തന്നെ മനസ്സിൽ വരുന്നു. നീലു അങ്ങനെ ചെയ്യുമോ? ഏട്ടാ എന്നു വിളിച്ചു കുഴയുന്നവൻ. കുട്ടിക്കാലം തൊട്ടുള്ള ശീലമാണ് — ഏട്ടൻ കാട്ടുന്നതെല്ലാം അനുജനും കാട്ടണം. നീലുവിനെ ബിലുവിൽനിന്നും വേർപെടുത്തിക്കാണാൻ എനിക്കു സാധ്യമേ അല്ല. എപ്പോൾ പുറത്ത് എന്തൊക്കെ ചെയ്തേക്കുമോ എന്നോർത്ത് ഞാൻ നോക്കിക്കൊണ്ടു മിണ്ടാതെ നിൽക്കുന്നു. എന്നാൽ എപ്പോഴുമുള്ള ഒരാശ്വാസം ജ്യേഷ്ഠനുണ്ടല്ലോ, അനുജനെ കൊണ്ടു നടന്നോളും എന്നാണ് . അയാൾ ജയിലിൽ പോയപ്പോഴും ഇതേ വിശ്വാസം ഉണ്ടായിരുന്നു. കുട്ടിക്കാലത്ത് ആരാനും നീലുവിനെ വല്ലതും പറഞ്ഞാൽ ഉടൻ ബിലുവിനോടാണ് ആവലാതി, 'ഏട്ടാ, പറയണതു കേട്ടില്ലേ'—

കുട്ടിക്കാലത്ത് ബിലുവും നീലുവും ഹെഡ്മാസ്ററരുടെ ക്വാർട്ടറിലുള്ള മാഞ്ചോട്ടിൽ കളിക്കുന്നു. ബൈൻറർ ഹമീദ് ഗേററിൽ പ്രവേശിച്ചു. വന്ന ഉടൻ ഗേററു കടന്ന് ദൂരെനിന്നു കൊണ്ടുതന്നെ കുനിഞ്ഞു പ്രണമിച്ചുകൊണ്ടു പറഞ്ഞു, 'ആദാബ് , നില്ലു ബാബു! അങ്ങേയ്ക്ക് ഒരു കെളത്തി മദാമ്മയെ വിവാഹം ചെയ്തു തരാൻ തീരുമാനിച്ചിരിക്കുന്നു. ഈ മദാമ്മക്കിഴവി എൻെറടുത്തുവന്നു പറഞ്ഞു, 'എനിക്ക് നില്ലു ബാബു ഒഴികെ മററാരെയും കല്യാണം കഴിക്കണ്ട'.

'ഏട്ടാ, കേട്ടില്ലേ എന്തൊക്കെയാണു പറയുന്നത്

എന്നോട് '.

ബിലു നീലുവിനെ സമാധാനിപ്പിച്ചു, 'അനിയാ, വെറും നുണ. വയസ്സായ മദാമ്മമാരുണ്ടോ കല്യാണത്തിനു പോകുന്നു?'

നീലു പറഞ്ഞു, 'ഇല്ലെങ്കിൽ എന്താ പറയാൻ?'

ഹമീദ് പറഞ്ഞു: 'മദാമ്മക്കെളെത്തിക്ക് ഇത്തിരിശ്ശെ മീശയുണ്ട് . ആദ്യം എൻെറ പിന്നാലെ വന്നു, കല്യാണം കഴി ക്കണം എന്നു പറഞ്ഞ് . അപ്പൊ ഞാൻ പറഞ്ഞു താടി രോമ മില്ലാത്തവളെ എനിക്കു വേണ്ട. എന്നാൽ നില്ലു ബാബു മതി എന്നായി'.

'ഏട്ടാ, ഇതു കേട്ടില്ലേ?'

നീലു കരയാനും കുഴയാനും തുടങ്ങി. ബിലു സമാധാ നിപ്പിക്കാൻ എൻെറയടുത്തു കൊണ്ടുവന്നു. 'വിഡ്ഢിക്കുട്ടി, കളിപ്പിച്ചാൽ ആർക്കെങ്കിലും 'ഭീരി' പിടിക്കുമോ? ഭീരി പിടിച്ചാൽ കളിയാക്കൽ ഒന്നുകൂടി അധികമാവും! പിന്നെ ബിലു എന്നോടു പറഞ്ഞു. നീലു എത്ര പറഞ്ഞിട്ടും കൂട്ടാക്കുന്നില്ല. കരച്ചിൽ കൂടി കൂടി വരികയാണ് . നീ അവൻെറ ഏട്ടനാണ് . നീയല്ലാതെ ആരാണവനെ സമാധാനിപ്പിക്കാൻ എന്നു പറഞ്ഞാൽ ഉടൻ സന്തോഷമാവും. ഒരു ഏട്ടനായാലുള്ള ചുമതല ചില്ലറയൊ ന്നുമല്ല! ബിലു നീലുവിനെ എപ്പോഴും കൂടെക്കൊണ്ടു നടത്തും. ഒരുദിവസം നീലുവിന് മഞ്ഞക്കൊന്നക്കുരു കൊണ്ടു കളിക്കാ നൊരു മോഹം. ഞാൻ ബിലുവിനോടു പറഞ്ഞു, 'ബിലുമോനേ, നീലുവിനെ ഒന്നു സൂക്ഷിച്ചോളണം. അവൻ കൊന്നക്കുരു തിന്നേക്കുമോ എന്നാണെനിക്കു പേടി. അതു നഞ്ഞാണ് . അറിയരുതേ?' ബിലു പണ്ഡിതനെപ്പോലെ പറഞ്ഞു— 'എന്നോട തൊന്നും ഉപദേശിക്കേണ്ട കാര്യമില്ല. അന്നൊരിക്കൽ നീലുവും കൂട്ടരും ആവണക്കിൻ കുരു തിന്നാൻ വട്ടം കൂട്ടുകയായിരുന്നു. ഹിന്ദുസ്ഥാനി ബാദാം എന്നാണത്രേ ഇവിടത്തുകാർ ഇതിനെ പറയുന്നത് . ഞാനാണ് അവരെ വിലക്കിയത് . 'വാസ്തവ ത്തിൽ ബിലു, നീലുവിനെ നിമിഷം പോലും വിട്ടുനീങ്ങിയിരു ന്നില്ല. അന്നെത്ര ചെറിയതായിരുന്നു. എന്നിട്ടും നീലുവിൻെറ ഷർട്ടിൻെറ ബട്ടൻ തുന്നിപ്പിടിപ്പിക്കുക, ചെരുപ്പിൻെറ നാട കെ

ട്ടിക്കൊടുക്കുക ഒക്കെ ചെയ്തിരുന്നു. ആ നീലു ബിലുവിനെ തിരായിപ്പോകയോ? പോയാലും സ്വന്തമിഷ്ടപ്രകാരമാവില്ല. പോലീസിൻെറ ശല്യം പൊറുക്കാഞ്ഞു പോയതാവും. ആ ഇൻസ്പെക്ടർക്കു ചെയ്യവയ്യാത്തതൊന്നുമില്ല. എന്തെല്ലാം കടുംകൈകൾ നീലുവിൻെറ മേൽ പ്രയോഗിച്ചിട്ടുണ്ടാവാം. ജഡ്ജിയുടെ മുമ്പിൽ ബിലുവിനെതിരെ മൊഴി കൊടുത്തപ്പോൾ നെഞ്ചുരുകിയിട്ടുണ്ടാകാം. കണ്ണിൽ വെള്ളം നിറഞ്ഞിരിക്കാം. പറയാതെ ഗതിയില്ലെന്നു വന്നുകൂടിയിരിക്കാം. ഇല്ല, നീലു മൊഴികൊടുക്കുക. അതു വിശ്വസിക്ക വയ്യ. എന്തോ പറഞ്ഞതു കേട്ട് എന്തൊ ധരിച്ചുവശായി ചമാരിൻ ജമാദാരിനി പൊടിപ്പും തൊങ്ങലും വെച്ചു പിടിപ്പിച്ചിരിക്കുന്നു. നീലു അങ്ങനെ ചെയ്തെങ്കിൽ ഇനി അവൻെറ മോന്തയിലേക്കു ഞാൻ നോക്കണ്വ! രണ്ടു കണ്ണുകൾ കാട്ടിത്തരുന്ന ദിക്കിലേക്കു കടന്നുപോകും. അങ്ങനെയൊരിക്കലുമുണ്ടാവില്ലെന്ന് എൻെറ മനസ്സു പറയുന്നു. അമ്മയുടെ മനസ്സിനു തെററു പററുമോ?

കപിൽദേവിൻെറ കല്യാണത്തിനു ബിലുവും നീലുവും പോയിരുന്നു. അവർ പോകുന്നത് എനിക്കിഷ്ടമുണ്ടായിരുന്നില്ല. അന്നവർ കുട്ടികളായിരുന്നു. അവിടെ ചെന്ന് അസുഖം വല്ലതും വരുത്തിവെച്ചാലോ? അവിടത്തെ ആചാരങ്ങളും മററും ഒരു പിടിയുമില്ല. അബദ്ധങ്ങൾ വല്ലതും കാട്ടിയാലോ? എന്നാൽ ദഹീദാത് ഗ്രാമക്കാരൻ ക്ഷുരകൻ മഞ്ഞൾ പുരട്ടിയ അടയ്ക്ക അവരുടെ കൈയിൽ വെച്ചു കൊടുത്തു പോയതിൽ പിന്നെ ഒരേ ഒരു വാശി— കല്യാണത്തിനു പോണം. കപിൽദേവിൻെറ അച്ഛൻ അന്നുണ്ടായിരുന്നു. വന്ന് കാളവണ്ടിയിൽ കയററിക്കൊണ്ടുപോയി. അവിടെ എട്ടുപത്തു നാളേ താമസിച്ചുള്ളു. അവിടെ എന്തൊരുതരം പഠിപ്പാണാവോ ഉള്ളത് . കുട്ടികൾ അതിനിടെ കണ്ണിൽ കണ്ട പാട്ടൊക്കെ പഠിച്ചുകൊണ്ടു വന്നു. രണ്ടു പേർക്കും ഓരോ പഴയ ബിസ്കററു ടിൻ, കൈയിൽ കോൽ. നീലു പറഞ്ഞു, 'ഏട്ടാ, ഇനി 'ബക്രി കേ പാഞ്ച് ടേംഗ്,' എന്ന പാട്ടു പാടില്ല 'തകയീ കേ തക്ധും മകയീ കാലാവ' എന്നതും വേണ്ട. ഇനി കല്യാണസമയത്തെ പാട്ടു മതി. കൊട്ടു തുടങ്ങി. പാട്ടു ബിലുവിൻെറ വക. കപിൽദേവ് കേ പാഞ്ച് ബിയാഹ് ഛഠവാ ചുഭൗനാ (ചുഭൗന— ചടങ്ങൊന്നുമില്ലാത്ത വിധവാവിവാഹം) ബിലു വരപക്ഷക്കാരൻ. മുററത്തെ മറേറ അററത്തുനിന്ന് കന്യാപക്ഷക്കാരൻ നീലു

വിന്റെ ഉത്തരം— 'ബജാതേ ജാവോ ധായിധായി, കപിൽ ദേവ് കേ ബഹുകാ ഛറവാ സായീ' ഞാൻ രണ്ടു പേരെയും മുറയ്ക്കു ശാസിച്ചു. ഈ വൃത്തികെട്ട പാട്ട് അന്തസ്സുള്ള കുടുംബക്കാർ പാടുമോ? ബിലു അന്ധാളിച്ചുപോയി. നീലു പറഞ്ഞു, 'ദഹീദാതിൽ സഹദേവന്റെയവിടത്തെ ആൺകുട്ടികളും പെൺകുട്ടികളും പാടുന്ന പാട്ട് . അവരൊന്നും നല്ല കൂട്ടരല്ലേ?' നീലുവിനോട് ഒരു കാര്യം അരുതെന്നു പറഞ്ഞാൽ അയാളതേ ചെയ്യൂവെന്നു എനിക്കറിയാം. ബിലുവിനു പറഞ്ഞതു മനസ്സിലായി. അയാൾ മിണ്ടാതായപ്പോൾ നീലുവിന് ഒററയ്ക്ക് എത്രത്തോളം പോകാം? അയാൾക്ക് കാട്ടിയതു കാട്ടാനേ വശമുള്ളു. ബിലു മിണ്ടാതായപ്പോൾ നീലു എന്നെ കേൾപ്പിക്കാൻ കുറച്ചുറക്കെത്തന്നെ തുടങ്ങി, 'തകയീകേ തക്ധും, മകയീകാലാവാ' പിന്നെ തന്നെത്താൻ ഒക്കെ തണുത്തു . അതു കഴിഞ്ഞു് നീലു ഏട്ടനോടു സ്വകാര്യമായി ചോദിച്ചു, 'ഏട്ടാ നേരാണോ? ഈ പാട്ട് അത്ര പൊട്ടയാണോ?' അയാൾക്ക് ഏട്ടൻ പറഞ്ഞാലേ ബോധ്യമാവൂ. ഏട്ടൻ പറഞ്ഞതേ വേദവാക്യം. ഞാനിത്രയൊക്കെ പറഞ്ഞതും ഉപദേശിച്ചതും വെറുതെ....

.... അവർ മുതിർന്നതിൽപ്പിന്നെ എത്രയോ തവണ രണ്ടു പേരും കൂടി മുറിയടച്ചിരുന്ന് വർത്തമാനം പറയുന്നതു കണ്ടിട്ടുണ്ട് . ഞാൻ വല്ലതും പറയാൻ ചെന്നാൽ വേഗം നീലു എന്തോ ഇംഗ്ലീഷിൽ പറഞ്ഞ് പൊട്ടിച്ചിരിക്കും. എന്നെപ്പററിയാവും, വല്ല നേരമ്പോക്കും. ഇപ്പോൾ വലിയവരെപ്പററി ഇംഗ്ലീഷിൽ എന്തും പറയാമെന്നായിരിക്കുന്നു. പഠിപ്പിന്റെ ചന്തം. ബിലു പറയും, 'അമ്മേ, കോപിക്കണ്ട. നീലു അത്തരത്തിലൊന്നും പറഞ്ഞിട്ടില്ല, നീലു, നീയെന്തിന് വെറുതെ അമ്മയെ ശുൺഠി പിടിപ്പിക്കുന്നു?'.

'എനിക്ക് നിങ്ങളിൽനിന്ന് എന്താണാഗ്രഹിക്കാനുള്ളത് ? രണ്ടു മധുരവാക്കുകൾ പറഞ്ഞാൽത്തന്നെ വലിയ കര്യമായില്ലേ? നീ എന്നോട് എന്തു നേരമ്പോക്കാണ് പറയാറുള്ളത് നീലു? എന്നാലും ഇങ്ങനെ മുഖത്തടിച്ചവണ്ണം പറയാമോ? എന്നിട്ടു ചിരിക്കുന്നു. നാണമില്ലേ? കുട്ടിക്കാലത്തെപ്പോലെതന്നെ ഇപ്പോഴും,' 'അംഗാര ശതധൗ തേന മലിനശ്ചന മുഞ്ചതി.' നീലു വീണ്ടും ചിരിച്ചു. പറഞ്ഞതു വീണ്ടും

തെററിയോ?

'ജമാദാരിനീ! ജമാദാരിനീ! ഏയ് മൻചനിയാ!' പിന്നെ ബംഗാളിൽ, 'മായീജി ഉറക്കമാണോ?' ജമാദാരിനി എവടെ കിടക്കണു? മൻചനിയ എവടെ? ജമാദാരിനി വരാന്തയിൽക്കിടന്ന് കൂർക്കം വലിക്കുന്നു. മൻചനിയ എൻറടുക്കലിരുന്ന് ഉറക്കം തൂങ്ങുന്നു. നർമദാബെൻ വിളിച്ചാൽ ആരുണ്ടു കേൾക്കാൻ? കേൾക്കാതിരിക്കുക തന്നെയാണു വേണ്ടതും. ഇല്ലെങ്കിൽ മൻചനിയ കുറച്ചു നേരത്തേയ്ക്കു കൂടി എന്നെ ശല്യപ്പെടുത്തും. നർമദാ ബെന്നിൻെറ വീട് അഹമ്മദാബാദിൽ. വളരെ വലിയ ഒരാളുടെ മകൾ. ബിലാത്തിയിൽ പോയി വന്ന വൾ. ഹാവഭാവങ്ങളും വസ്ത്രങ്ങളുമൊഴികെ ബാക്കിയെല്ലാം മദാമ്മമാരെപ്പോലെ. മഹാത്മജിയുടെ പ്രിയശിഷ്യമാരിൽ ഒരുവൾ. നിറം നല്ല വെളുപ്പ് , ഖദർ സാരി, ജംദേൾപുരിലെ തൊഴിലാളികളുടെ സേവനത്തിന് ബിഹാറിൽ വന്നിരിക്കുന്നു. അവിടെവെച്ച് അറസ്ററു ചെയ്യപ്പെട്ടു. ഞങ്ങളുടെ വാർഡിനരികിൽത്തന്നെ ഒരു ചെറിയ മുറി. മുമ്പ് ഈ മുറി പ്രസവ മുറിയായും, പകർച്ചവ്യാധിക്കാരെ കിടത്തുന്നതിനായും ഉപയോഗിച്ചിരുന്നു. നർമദാ ബെൻ ഇംഗ്ലീഷിലല്ലാതെ സംസാരിക്കയില്ല. അതിനാൽ സൂപ്രണ്ടുമായി വളരെ അടുപ്പത്തിലാണ് . അയാളോടു പറഞ്ഞ് അവൾ ആ മുറിയിലേക്കു താമസം മാററി. ഒററയ്ക്കാണു താമസം. വലിയൊരാളുടെ പുത്രി. ഇവിടെ മററുള്ളവരുടെ കൂടെ താമസിക്കാൻ അസൗകര്യം. മുറി വേണ്ടവിധം സജ്ജീകരിച്ചിരിക്കുന്നു. എത്ര കർട്ടനുകൾ, ടേബിൾ ക്ലോത്തുകൾ! നാലുവശവും പൂന്തോട്ടം. രാപ്പകൽ ആ തോട്ടത്തിൽ എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുന്നുണ്ടാവും. ഞങ്ങൾക്കൊക്കെ എത്രയെത്ര പൂക്കളാണു തരുന്നതെന്നോ. ഇപ്പോൾത്തന്നെ എൻെറ കട്ടിലിൻെറ തലയ്ക്കൽ ഒരു കുപ്പിപ്പാത്രത്തിൽ അവർ തന്ന പൂക്കൾ ഇരിക്കുന്നുണ്ട് . കാഴ്ചയ്ക്ക് കടലാസു പൂക്കൾ പോലെതന്നെ. ലേശവുമില്ല വാസന . ബിലുവുണ്ടെങ്കിൽ ഇതിൻെറയൊക്കെ പേർ പറഞ്ഞു തരുമായിരുന്നു. ആശ്രമത്തിൽ ബിലു എന്തൊക്കെ പൂച്ചെടികളാണ് നട്ടുവളർത്തിയത്, കണക്കുണ്ടോ? ഓരോ ഋതുക്കളിൽ ഉണ്ടാകുന്ന ഓരോ പൂവിൻെറയും പേർ ഞാൻ അയാൾക്കു പറഞ്ഞു കൊടുക്കാതെ സമ്മതിക്കില്ല. എനിക്കുണ്ടോ അതിൻെറയൊക്കെ ഇംഗ്ലീഷ് പേരുകൾ അറിയുന്നു? നർമദാ ബെന്നിന് ബിലുവിനെപ്പോലെതന്നെ പൂക്കളിൽ താൽ

പര്യമുണ്ട് . അതുകൊണ്ട് എനിക്കവളെ നല്ല പിടുത്തമാണ് . അവൾ എനിക്ക് എത്ര പൂക്കളാണു തരുന്നത് ? പൂവിൻെറ മേന്മ തന്നെ ഞാനെന്തറിയുന്നു? ഇതു പൂഴിയിൽ മുത്തു വിതറുന്നതിനു തുല്യം. ബിലുവിന് സെല്ലിലേയ്ക്ക് ദിവസവും കുറച്ചു പൂക്കൾ അയപ്പിക്കാൻ നിങ്ങൾക്കു കഴിഞ്ഞിരുന്നെങ്കിൽ നിങ്ങളുടെ ഇംഗ്ലീഷിൻെറ ഗുണം സമ്മതിച്ചു തരാമായിരുന്നു. നർമദാ ബെൻ സായ്‌വിനോടു പറഞ്ഞാൽ പൂക്കളയയ്ക്കാൻ വിസമ്മതിക്കയുണ്ടാവില്ല. അങ്ങനെ വിചാരിച്ചിട്ടാണ് ഞാനൊരു ദിവസം നർമദാ ബെന്നിനോട് ബിലുവിന് പൂക്കളോടുള്ള താത്പര്യത്തെപ്പററി പറഞ്ഞത് . അതു പറഞ്ഞാൽ ആയമ്മയ്ക്കു മനസ്സിലാകണ്ടേ? ബിലാത്തിയിൽ ചെന്ന് നെല്ലും അരിയും കൊടുത്തിട്ടാണോ ഇംഗ്ലീഷ് വശമാക്കിയത് ? വിദ്യ വേറെ, ബുദ്ധി വേറെ. അന്നു തൊട്ടാണ് എൻെറയടുക്കലേക്ക് ഇത്രയേറെ പൂക്കൾ അയയ്ക്കാൻ തുടങ്ങിയത് . സായ്‌വിനോട് അവർ അപേക്ഷിച്ചു, എന്തിനാണെന്നോ? തനിക്ക് യൂറോപ്യൻ ഡയററ് അനുവദിച്ചു കിട്ടുന്നതിന് . സായ്‌വ് നർമദാ ബന്നിനായിട്ട് തൻെറ വീട്ടിൽത്തന്നെ ഉണ്ടാക്കിയ റൊട്ടി കൊടുത്തയയ്ക്കുന്നു. ഇപ്പോൾ മനസ്സിലുള്ളത് അവളോടു തുറന്നു പറയാൻ സങ്കോചം തോന്നിത്തുടങ്ങിയിരിക്കുന്നു. ആയമ്മയുടെ ലക്ചർ ബഹുകേമമാണ് . കഥാപ്രാസംഗികരെപ്പോലെ സത്യത്തെയും അഹിംസയേയും പററി ഇടയ്ക്കിടയ്ക്കു വന്നു പ്രസംഗിക്കുന്നു. . ഹിന്ദി എന്നെപ്പോലെയൊക്കെ അറിയാം. പൊട്ടിപ്പൊളിഞ്ഞ ഹിന്ദിയിൽ എന്തൊക്കെയോ പറയുന്നു. പകുതിയും മനസ്സിലാകുന്നേയില്ല. ഇടയ്ക്കിടയ്ക്ക് സത്യം, അഹിംസ, ബാപ്പുജി എന്നീ വാക്കുകൾ പിടികിട്ടുന്നുണ്ട് . ഇതൊക്കെയാണു പ്രസംഗിക്കേണ്ടതെങ്കിൽ കഥാപ്രാസംഗികരെപ്പോലെ നല്ല ശാരീരത്തിൽ പറയാനും ശീലിക്കേണ്ടതാണ് . ഗാന്ധിജിയുടെ ആശ്രമത്തിൽ പ്രസംഗം പരിശീലിപ്പിക്കുന്നുണ്ടോ? ഇല്ല, ബിലു കുറെ നാൾ ആശ്രമത്തിൽ താമസിക്കുകയുണ്ടായല്ലോ. അതേപ്പററിയൊന്നും പറഞ്ഞു കേട്ടിട്ടില്ല. അതല്ലാ ഇത്രയൊക്കെ ആളുകളുള്ളപ്പോൾ നർമദാ ബെൻ എന്നോടു മാത്രം ഇതൊക്കെ എപ്പോഴും പ്രസംഗിക്കുന്നത് എന്തേ? ഞാൻ സത്യം പറയാറില്ലെന്നോ, കണ്ടവൻെറ പൊന്നും പണ്ടവും കണ്ട് കൊല്ലാനുള്ള കലി വരുന്നുണ്ടെന്നോ ഒക്കെ വിചാരമുള്ളതുകൊണ്ടാണോ? അവളെന്നെയാണ് ഇതൊക്കെ പറഞ്ഞു കേൾപ്പിക്കാൻ മെനക്കെടു

ന്നത്. ഇന്നേക്ക് ഇരുപതു കൊല്ലമായി ഇതൊക്കെ കേട്ടു കേട്ട് ചെവികളിൽ പുഴുവരിച്ചു തുടങ്ങി. ഹും, എത്ര കേട്ടു കഴിഞ്ഞു. നർമദാ ബെന്നിൻെറ വിചാരം എനിക്കിതൊക്കെ പുത്തരിയാണെന്നാണ്. അന്ന് ആശ്രമം തുടങ്ങിയ കാലത്ത് അങ്ങോർ എന്നെ എത്രയോ തവണ ധരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ള വിഷയങ്ങളാണ് ഇതൊക്കെ. എൻെറ മനസ്സ് അന്നൊക്കെ ബിലു— നീലുമാരിലും കുടുംബം കൊണ്ടു നടത്തുന്നതിലും മാത്രമായിരുന്നു. എല്ലാ കാര്യങ്ങളുമറിയാൻ എനിക്കു താൽപര്യവുമില്ലായിരുന്നു. അറിയാനുള്ള കെൽപുമില്ലായിരുന്നു. ഈ ചെവിയിലൂടെ കേട്ട് മറേറ ചെവിയിൽക്കൂടെ പുറത്തേക്കു വിടും. എനിക്ക് അങ്ങോരുടെ സമീപ്യം കൂടുതലായി ലഭ്യമാകുന്നുവെന്ന ബോധം മാത്രമാണ് ഇതുകൊണ്ടൊക്കെയുണ്ടായ ഒരേയൊരു ലാഭം. അങ്ങോർ എന്നും കുറച്ചധികം ഗൗരവക്കാരനാണ്. അങ്ങോരോട് എന്തെങ്കിലും ഉള്ളുതുറന്നു സംസാരിക്കാൻ കഴിഞ്ഞിട്ടുണ്ടോ? എങ്ങനെ സംസാരിക്കും? പേടി കൊണ്ടൊന്നിനും വയ്യ. ഞങ്ങളുടെ സ്ഥിതി മററുള്ളവരുടേതുപോലല്ല. മനസ്സിൽ തോന്നിയതെല്ലാം ഭർത്താവിനോടു പറയാതിരിക്കുക, ചിരി വന്നാൽ അമർത്തിപ്പിടിക്കുക, ഹായ് എന്താണു ചെയ്തുപോയത് എന്ന് സദാ ഒരു വിചാരം—ഇതൊക്കെ അനുഭവിച്ചവർക്കേ രൂപമുണ്ടാവുള്ളു. അങ്ങോരു തന്നെയാണ് എന്നെ പഠിപ്പിച്ചത്, ചർക്കയെപ്പററി ചർച്ച ചെയ്യുമ്പോൾ, മഹാത്മജിയെപ്പറ്റി സംസാരിക്കുമ്പോൾ, നാടിൻെറ കാര്യം വരുമ്പോൾ എല്ലാം ആളുകളോട് ഏതുവിധം സംസാരിക്കണമെന്നും മററും. ഇവിടെയുള്ളവർക്ക് ഇതൊന്നും മനസ്സിലാവില്ല. ചർഖാ ആമാർമാതാർവുത്, ചർഖാ ആമാർ നാ തീ (ചർക്ക മാതൃ സന്താനമാണ്, പൗത്രനാണ്) ഇവരെ മറെറാരു ഭാഷയിൽ വേണം ഉപദേശിക്കുവാൻ. അതുകൊണ്ട് അങ്ങോർ എന്നെ പല ഹിന്ദി വാക്യങ്ങളും പഠിപ്പിച്ചു. അങ്ങോർ ഒരുപാടു സ്ഥലങ്ങളിൽ പ്രസംഗിക്കുന്നു. ഈ വരികൾ അറിഞ്ഞേ പററൂ. എന്നുണ്ടായത് ? ആവോ, ഓർമയില്ല. ഏതോ ഒരുത്തി ഉണ്ടായിരുന്നു. അവളുടെ ഭർത്താവിനു വേറൊരു കല്യാണത്തിന് മോഹം. ഭാര്യയ്ക്കതു മനസ്സിലായി. അവൾ പറഞ്ഞു, 'മോഹം തോന്നിയ സ്ഥിതിക്ക് നടത്തിക്കോളൂ. എന്നെയോർത്തു വിചാരപ്പെടേണ്ട. എനിക്കു സഹായത്തിന് ചർക്കയുണ്ട്.' ഇങ്ങനെ എത്രയെത്ര കാര്യങ്ങൾ പഠിപ്പിച്ചു തന്നിരിക്കുന്നു. എനിക്കും ചുററി നടന്ന് അ

ങ്ങോരെപ്പോലെ പ്രസംഗിക്കാൻ കഴിയുമെന്നു വിചാരിച്ചിരുന്നു. എന്നാൽ എന്നെക്കൊണ്ടിതിനൊന്നുമാവില്ല, ഇതു ചാണകത്തിൽ നെയ്യ് ഒഴിക്കുന്നതിനു സമമാണ് എന്നു മനസ്സിലായപ്പോൾ അങ്ങോർ ആയുധം നിലത്തുവെച്ചു. ഞാനും രക്ഷപ്പെട്ടു. നിങ്ങൾ എല്ലാം ഇട്ടെറിഞ്ഞ് ഇവിടെ വന്നു. ഞാൻ തടഞ്ഞോ? എനിക്ക് ജീവനുള്ളിടത്തോളം കാലം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരും. സഹിക്കാൻ തയ്യാർ. ജയിലിൽ പോണമെന്നു പറഞ്ഞു, ഇതാ ജയിലിലും വന്നു. പക്ഷെ ഒരു മേള പോലുള്ള പുരുഷാരത്തിൻെറ മുമ്പിൽ നിന്നുകൊണ്ട് 'പ്രിയ സഹോദരന്മാരെ!'— അതു മാത്രമെന്നെക്കൊണ്ടാവില്ല. നിങ്ങളുടെ ആശ്രമത്തിലെ അടുക്കളക്കാര്യങ്ങൾ നോക്കുക, മക്കളെ വളർത്തുക, ഇതും പ്രവർത്തനം തന്നെയാണ് .

രാമഗഢ് കോൺഗ്രസ്സിനു മുമ്പ് നിങ്ങൾ പറഞ്ഞിട്ടു ബമൻഗാമയ്ക്കുപോയി വന്ന എനിക്ക് എന്തൊരു ദുർദ്ദശയാണു നേരിട്ടത് . പാട്നയിൽ നിന്ന് കുറെ സ്വയം സേവികമാരെ അയക്കാൻ പറഞ്ഞുള്ള കത്ത് . കഠിനമായ താക്കീത് . ഇപ്പോഴേ പരിശീലിപ്പിച്ചില്ലെങ്കിൽ കോൺഗ്രസ് സമ്മേളനത്തിനുമുമ്പ് ഒരുക്കി നിർത്തുവാൻ പ്രയാസമാവും. മഹാരാഷ്ട്രയിൽ നിന്ന് ഒരു മാന്യസ്ത്രീ രാമഗഢിൽചെന്നു കൂടിയിരിക്കുന്നു. രാജ്യവുമില്ല മാനവും പോയി എന്ന കണക്കായി. ഡിസ്ട്രിക്ടിൻെറ അന്തസ്സു കളഞ്ഞുകുളിച്ചേക്കുമോ? ജയിലിൽ പോകാൻ തയ്യാറുള്ള സ്ത്രീകൾ ഡിസ്ട്രിക്ടിൽ നേരു പറഞ്ഞാൽ അഞ്ചേ അഞ്ചു പേർ. ഞാൻ, ഹർദ്ദക്കാരി ദുബ്ബേയിൻ, ബഹുരിയാജി, ധൻകട്ടക്കാരി വൃദ്ധയായ സരളാദേവി, ചോപഡയിലെ ഖദീസുന്നീസ. അവർ കണ്ണിനു തിമിരം കാരണം മൂന്നുനാലു വർഷമായി പുറത്തിറങ്ങിയിട്ട് . സരസ്വതി വന്നിട്ടുണ്ട് . കോഡാ സ്റേറഷനതിർത്തിയിൽപ്പെട്ട എല്ലാ വീടുകളും കയറിയിറങ്ങാൻ എനിക്കു കൽപന. അവിടെനിന്ന് കോൺഗ്രസ് പ്രവർത്തകരുടെ വീട്ടിലെ സ്ത്രീകളെ നിർബന്ധിച്ചായാലും 'സ്വയം സേവികാ പ്രതിജ്ഞാപത്ര'ത്തിൽ ഒപ്പിടീക്കണമത്രേ. ആണുങ്ങൾ പോയാൽ പോരാ. ഞാൻ തന്നെ പോണമെന്ന് . പോകുന്നവർക്കൊക്കെ എത്ര രസമായി ചെലവു കൂടാതെ കോൺഗ്രസ് കാണാം. യാതൊരു നിബന്ധനയുമില്ല. പ്രായം കൂടുതലായവർക്ക് ഭാരമില്ലാത്ത പണിയേ തരികയുള്ളു. മററു

സ്വയം സേവികമാരുടെ കുഞ്ഞുങ്ങളെ നോക്കുക, കലവറ ത്താക്കോൽ സൂക്ഷിക്കുക, അല്ലെങ്കിൽ ഇതുപോലുള്ള മററു പണികൾ. പോകാറായപ്പോൾ അങ്ങോർ ഇങ്ങനെ എത്ര ഉപദേശിച്ചുവെന്നോ? വളൻറിയർ മിസ്ററി എന്നെ കാളവണ്ടി യിൽ ബമൻഗാമയ്ക്കു കൊണ്ടുപോയി. ഉച്ചയ്ക്ക് ഗ്രാമ ത്തിലെ സ്ത്രീകൾ ഒരിടത്ത് ഒന്നിച്ചുകൂടി. ഞാൻ അവരോട് വളൻറിയർമാരുടെ കാര്യം സംസാരിക്കാൻ തുടങ്ങി. എല്ലാവരും പല മാതിരി ചോദ്യങ്ങൾ എടുത്തിട്ടു കൊണ്ടിരുന്നു. ചെരുപ്പിട്ടില്ലെങ്കിൽ വിരോധമുണ്ടോ? കുതിരപ്പുറത്തു കയറേ ണ്ടി വരുമോ? ഇങ്ങനെ എത്രയെത്ര വേണ്ടാത്ത സംശയങ്ങൾ. ഇതിനുശേഷം വീട്ടുകാർ സമ്മതിച്ചാൽ ഞങ്ങൾക്കു ചേരാൻ വിരോധമില്ലെന്ന് ചിലർ പറഞ്ഞു. ഞാൻ വീട്ടുകാരെ സമീ പിച്ചു. എല്ലാവരോടും നേരത്തെ കുറച്ചൊക്കെയുണ്ടായിരുന്നു പരിചയം. ആശ്രമത്തിൽ വന്ന് ഇടയ്ക്കു താമസിച്ചിട്ടുള്ളവ രാണ് . അവർ ഓരോ ഒഴികഴിവുകൾ പറയാൻ തുടങ്ങി. ഒടു വിൽ ഒരാൾ സമ്മതിച്ചപ്പോൾ എല്ലാവരും സമ്മതിച്ചു. പിന്നെ പ്രതിജ്ഞാപത്രവുമായി അകത്തേക്കു ചെന്നു ഒപ്പിടീക്കുവാൻ. പേന വന്നു, മഷി വന്നു— ചിലരൊക്കെ ഒപ്പിട്ടു, ചിലരുടെ വിരലടയാളം. ഝാജിയുടെ മകൾ ഒപ്പിടുന്നതിനു മുമ്പ് പ്രതി ജ്ഞാപത്രം ഉറക്കെ വായിച്ചു— ഞാൻ ദേശത്തിനു വേണ്ടി എന്തു കുർബാനിക്കും (ബലിദാനം)ഒരുക്കമാകുന്നു. 'ഏ? എന്താണീ കുർബാനി? അതിൻെറയർത്ഥം ശരിക്കും മന സ്സിലായില്ല' 'ബംഗാലിൻ മായീ, ദേശത്തിനുവേണ്ടി കുർബാനി ക്കൊരുക്കമാണെന്ന് എഴുതിയതുചിതമായോ?' ആദ്യം എല്ലാ വരും ശാന്തരായിരുന്നു. ബേൽഗരാമിയയുടെ വല്യമ്മ ആദ്യം വൈരസ്യത്തോടെ പറഞ്ഞു, 'ഞങ്ങൾക്കു മഹാത്മജിയും ശുദ്ധാത്മാജിയുമൊന്നും അറിയില്ല. നിങ്ങളെന്തു പണിയാണീ ചെയ്തത് ? നിങ്ങൾക്കു മുസൽമാനാകണോ, ആയിക്കോളൂ. എന്തിനാണീ ഞങ്ങളുടെ ജാതി കൊണ്ടുള്ള പിടിവലി? ഈ ചേട്ടത്തത്തിനുവേണ്ടിയാണോ ഇത്ര ദൂരെ നിന്നെത്തിയിരിക്കു ന്നത് ? ഛി, നാണവുമില്ലല്ലോ. പശു സാക്ഷാൽ ഭഗവതിയാ ണ് . നിങ്ങൾ ജാതി കളഞ്ഞുകുളിക്കാനുള്ള പ്രമാണ പത്രവും കൊണ്ടുപോകാനോ വന്നിരിക്കുന്നത് ?' ഇതോടെ എല്ലാ വരും എന്നോടിടഞ്ഞു. എനിക്കും ഇതിനു തക്ക മറുപടി പറ യാനായില്ല. വാസ്തവത്തിൽ ഇതിലെന്തിനാണ് 'കുർബാനി' യെന്ന് എഴുതിയിരിക്കുന്നത് ? വരുന്നതിനു മുമ്പ് മറ്റെല്ലാം

ഉപദേശിച്ചു തന്നു അങ്ങോർ. ഇതു മാത്രം പറഞ്ഞില്ല. ഒരു പക്ഷേ ഹിന്ദുക്കൾക്കുള്ള പ്രതിജ്ഞാപത്രത്തിനു പകരം മുസ്ലിമീങ്ങൾക്കുള്ളത് എടുത്തുകൊണ്ടു പോന്നതായിരിക്കുമോ? പേടിച്ചു വിയർക്കാൻ തുടങ്ങി. ഞാൻ അവരെ ധരിപ്പിക്കൻ നോക്കി, എനിക്കു ഹിന്ദി അത്ര നിശ്ചയമില്ല, കടലാസു മാറിപ്പോയതാവും എന്ന്. എന്നിട്ടുണ്ടോ കോപം ശമിക്കുന്നു. ഞാൻ ഡാജിയുടെ അടുക്കൽ ചെന്നു പറഞ്ഞു, 'ഇനിയൊരു ദിവസവും കൂടി വരേണ്ടിവന്നിരിക്കുന്നു. വേറെ പ്രതിജ്ഞാപത്രവുമായിട്ട് .' ഡാജി പ്രതിജ്ഞാ പത്രം വായിച്ചിട്ട് ചിരിച്ചു ചിരിച്ചു വയർ പൊട്ടാറായി. അയാൾ പറഞ്ഞു, 'ശരിയാണ് എഴുതിയിരിക്കുന്നത് . കുർബാനി എന്നു പറഞ്ഞാൽ ത്യാഗം; നോക്കൂ, കുർബാനിയെവിടെ, ത്യാഗമെവിടെ? എനിക്കിതു വല്ലതും അറിയാമോ? ഞാനറിഞ്ഞില്ലെങ്കിൽ വേണ്ട, അവിടെ കൂടിയിരുന്ന ആർക്കും അതിൻെറയർത്ഥം നിശ്ചയമില്ല? എന്നാൽ അങ്ങനത്തെ ഒരു വാക്കുപയോഗിക്കുന്നതിൻെറ അർത്ഥം? ആരെ ഉദ്ദേശിച്ചെഴുതുന്നുവോ അവർക്കു മനസ്സിലാവാതിരിക്കുക — എന്നാലും എഴുതണം നമോ നമോ എന്നു ജപിച്ചുകൊണ്ട് . അന്നത്തെ ജോലി ഒരു വിധം അവസാനിപ്പിച്ചു. ആശ്രമത്തിൽ ചെന്നിട്ടു ഞാൻ പറഞ്ഞു, 'ഇതാ കിടക്കുന്നു നിങ്ങടെ കടലാസുകൾ. ഇങ്ങനെ ഒരു പണിയേൽപിച്ചതിന് കോടിക്കോടി ദണ്ഡനമസ്കാരം. ഇനി കോൺഗ്രസ്സിൻെറ പ്രവർത്തനത്തിനായി പുറത്തെവിടെയെങ്കിലും പോകാൻ എന്നെ കിട്ടില്ല.' നീലു അന്ന് എന്നെ കളിയാക്കിയതിനവസാനമില്ല.

സഖാവതിയുടെ കുഞ്ഞു കിടന്നലറുന്നു. 'ബംഗാജീ, ബംഗാജീ!' എന്നെ ബംഗാജി എന്നാണു വിളിക്കുന്നത് . എന്നോട് നന്നെ ഇണങ്ങിയിരിക്കുന്നു. രാപ്പകൽ എൻെറയരികിൽ കുറുങ്ങിക്കൊണ്ടു നടക്കും. മടിയിൽ പിടിച്ചിരുത്തണം ചെക്കന് . അവൻ വല്ലാതെ കുസൃതി കാട്ടുമ്പോൾ, പറഞ്ഞതനുസരിച്ചില്ലെങ്കിൽ എൻറടുത്ത് ഏൽപിച്ചിട്ടു പോകുന്നു. എൻെറ മടിയിലിരുന്നാൽ ശാന്തനാവുന്നു. കുഞ്ഞിനെ എടുത്തു കൊണ്ടു വന്നാലല്ലേ? മൻചനിയ എപ്പോഴേ ഉറങ്ങി. ഉണരുന്ന മട്ടില്ല. ഇപ്പോൾ ഗൽകട്ടിയുടെ ഡ്യൂട്ടിയാണ് . അവളും വിശറിയുമായി അരികിലിരുന്ന് ഉറക്കം തൂങ്ങുന്നതു കാണുന്നു. പകലത്രയും പരിപ്പിലെ കരടു പെറുക്കിക്കളയുന്നതിൻെറ കമാൻറു പണി. ഇനി രാത്രി മുഴുവൻ ഉറക്കമിളച്ചിരിക്കാൻ

കഴിയുമോ? ജയിലിൽ വന്നെന്നുവെച്ച് ഉറക്കം വീട്ടിൽ വിട്ടിട്ടല്ലല്ലോ പോന്നത്. എന്തു കുറ്റമാണ് പറയാൻ മാത്രം ചെയ്തിട്ടുള്ളതും? ഒരു ഹതഭാഗ്യനായ ഭർത്താവിൻെറ കടുംകൈകൾ കാരണം പൊറുതി മുട്ടി. ആത്മഹത്യക്കു ശ്രമിച്ചു. ക്ഷൗരക്കത്തി കൊണ്ട് തൻെറ കഴുത്ത് സ്വയം എങ്ങനെയോ മുറിച്ചു. ആലോചിക്കുമ്പോൾത്തന്നെ രോമാഞ്ചം. ഇപ്പോഴും കഴുത്തിലേക്കു നോക്കാനരുത്. വ്രണമില്ല. എന്നാൽ കഴുത്തിലെ ഞരമ്പു മുറിഞ്ഞ് ഇത്ര വലിയൊരു വിടവ്. ഞരമ്പിൻെറ ഉള്ളു കാണാം. മുറിവിൽ സദാ ഒരു തോർത്തു ചുറ്റി വെച്ചിരിക്കും. അവൾ പറയുകയാണ്, 'ഇല്ലെങ്കിൽ മുറിവിലൂടെ കാറ്റ് ഹൂ ഹൂവെന്നു പുറത്തേക്കു വരും, വല്ലതും സംസാരിക്കുമ്പോഴെന്ന്.' ഉണ്ണുമ്പോഴാകട്ടെ ഭക്ഷണ സാധനങ്ങൾ തുറിച്ചു വരുന്നു. വെള്ളം കുടിക്കുന്ന സമയം തോർത്ത് നനയുന്നു. ഭാഗ്യം കെട്ടവളുടെ ഒരു വിധി നോക്കു. മരിച്ചിരുന്നെങ്കിൽ രക്ഷപ്പെട്ടു പോകുമായിരുന്നു. കെട്ടിയവനും പൊറുതിയാകുമായിരുന്നു. പക്ഷേ മരിച്ചില്ല, ഒന്നുമില്ല. ആത്മഹത്യാശ്രമത്തിന് ഒരു കൊല്ലത്തെ തടവ്. ഇക്കൂട്ടരുടെ ഒരു നീതിനിർവഹണം. സ്വന്തം പ്രാണനിലുമില്ല അവകാശം. മരിക്കാൻ ആഗ്രഹിക്കാത്തവനെ പിടിച്ചു കഴുവിലേറ്റുന്നു. മരിക്കാൻ വിചാരിക്കുന്നവനെ പിടിച്ചു ജയിലിലടയ്ക്കുന്നു.

കുട്ടി കരഞ്ഞു പ്രാണൻ കളയുന്നല്ലേ? അവൻ തൊണ്ട പൊട്ടി മരിക്കും. അവൻെറ അമ്മയുടെ 'പുത്തി' നോക്കു. ആഹാ, അവനിന്ന് എൻറടുക്കൽ വന്നിട്ടേയില്ല. സഖാവതീജി കുട്ടിയോടു പറയുന്നു, 'ലാഡ്‌ലി മോന് ബംഗാജിയുടെ അടുക്കൽ പോണോ? ബംഗാജിക്കിന്നു സുഖമില്ല. നാളെ കൊണ്ടുപോകാം. സുഖമില്ലാത്തപ്പൊ പോകാൻ പാടുണ്ടോ?' കുട്ടി കുറച്ചുനേരം മിണ്ടാതിരുന്ന് പറഞ്ഞതിൻെറ അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കയാണെന്നു തോന്നുന്നു. വീണ്ടും കരച്ചിൽ — 'ബംഗാജീ!' സഖാവതി കുട്ടിയെ തട്ടിക്കേറി— അതാ നോക്ക് ഗൽകട്ടി! പിടിച്ചുകൊണ്ടു പോട്ടെ— കുട്ടി മിണ്ടാതായി— പേടിച്ചിട്ട്. വീണ്ടും തുടങ്ങി— 'ബംഗാജീ— കുട്ടിയുടെ ഒരു വാശി നോക്കു. ഇത്ര ചെറിയ ഒരു കുരുന്നിന് ഇങ്ങനെ ശാഠ്യമോ? ശ്ശെടാ, പടോ പടോ എന്നു കുഞ്ഞിനെ പിടയ്ക്കുന്നു. തള്ളയ്ക്കു വാത്സല്യമെന്നതില്ലേ? 'ഗൽകട്ടി, ഏയ് ഗൽകട്ടി, ചെല്ല്, കുഞ്ഞിനെ എടുത്തു കൊണ്ടുവാ.' ഗൽകട്ടി

വിക്കി വിക്കി പറഞ്ഞു — 'അവൻ എൻറടുത്തു വരില്ല.' എന്തൊരു മടിച്ചിയാണു ഗൽകട്ടി. ഉറക്കം വരണു, എണീക്കാൻ മനസ്സില്ല. അതിനു കണ്ട ഒഴിവ് . ഞാൻ ഗൽകട്ടിയെ വിളിക്കുന്നതു കേട്ട് ബഹുരിയാജി, കമല എല്ലാവരും വന്നു ചോദ്യം തുടങ്ങി, 'എന്തു വേണം? വെള്ളം?' നാശമായി. ഞാനെന്തിനു ഗൽകട്ടിയെ വിളിക്കാൻ പോയി. എല്ലാവരും അവിടെ അനങ്ങാതെ കുത്തിയിരിക്കയാണെന്ന് എനിക്കറിയാമായിരുന്നു. ശരിയാണ് . ഗൽകട്ടിയെ കണ്ടാൽ ഉണ്ണിക്കു പേടിയാണ് . ലൂസി ജമാദാരിനിയിൽനിന്ന് തുണിയലക്കുന്ന സോപ്പിനു പകരം വാർഡിലുള്ളവരൊക്കെ ഇടക്കിടയ്ക്ക് വീടി വാങ്ങുന്നു. ആ വീടി ഗൽകട്ടിക്കു കൊടുത്ത് എല്ലാവരും മുറിഞ്ഞ കഴുത്തിൽ നിന്ന് എങ്ങനെയാണ് പുക വരുന്നതെന്നു കണ്ടു രസിക്കുന്നു. നാലു വീടി കിട്ടിയാൽ അവൾ കഴുത്തിലെ തോർത്തു നീക്കി പുക വരുന്ന വിദ്യ പ്രദർശിപ്പിക്കുന്നു. ലാഡ്‌ലി മാത്രം ഇതു കണ്ട് പേടിച്ചു നിലച്ചു പോകുന്നു. എന്നെ കെട്ടിപ്പിടിക്കുന്നു. ഇതൊരു വെറും കുട്ടി, പ്രായമായവർ പോലും ഇതു കണ്ടാൽ ബോധം കെട്ടു വീണു പോവും.

ഞാൻ ഒന്നും പറയാതിരിക്കുന്നതു കണ്ട് ബഹുരിയാജി തൂങ്ങിക്കൊണ്ടിരിക്കുന്ന ഗൽകട്ടിക്കിട്ട് ഒരു തട്ടു കൊടുത്തിട്ടു ചോദിച്ചു, 'ബംഗാളിൻ മായീജി എന്താണെടീ പറഞ്ഞത് ?'

'മായീജി ലാഡ്‌ലിയെ കൊണ്ടു വരാൻ പറഞ്ഞു.'

'അതു പറയരുതേ എന്നാൽ? ഞാൻ തന്നെ പോയിക്കൊണ്ടുവരാല്ലോ. ഗൽകട്ടീ, നീ ചെന്ന് ആ വാതിൽക്കൽ ഇരിക്ക് . നിന്നെ ഇവിടെ കണ്ടാൽ കുഞ്ഞ് വീണ്ടും കരയാൻ തുടങ്ങും. കുട്ടി ഉറങ്ങിയിട്ട് വീണ്ടും ഇവിടെ വന്നിരുന്നോ.'

ഗൽകട്ടിക്ക് ശ്വാസം നേരെ വീണു. ബഹുരിയാജി കുഞ്ഞിനെക്കൊണ്ടുവന്ന് എനിക്കു തന്നു. ലാഡ്‌ലി എന്നെ കഴുത്തിൽ കെട്ടിപ്പിടിച്ചു. അല്ലാ, ഉറങ്ങാനോ, ഭാവം? ശരി, ഉറങ്ങിക്കോളൂ. ഞാൻ വീശിത്തരാം. രാത്രി ഈ നേരത്ത് നല്ല കുട്ടികൾ ഉണർന്നിരിക്കാറുണ്ടോ? അതു കൊള്ളാം. ലാഡ്‌ലി ഞാൻ പറയുന്നത് എത്രത്തോളം കേൾക്കുന്നുണ്ടാവോ. എവിടെപ്പോയി അവൻെറ കരച്ചിൽ? എവിടെപ്പോയി വാശി? അവൻ മാറിൽ ചേർന്നുകിടന്ന് ഉറങ്ങി. ഉറങ്ങിക്കൊണ്ടിരിക്കെ

ഞാൻ നർമദാ ബെൻ തന്ന പൂക്കളിലൊരെണ്ണം കയ്യിൽ ചുരുട്ടിപ്പിടിപ്പിച്ചു പറഞ്ഞു: 'നാളെ രാവിലെ പൂക്കളെല്ലാം നിനക്കു തരാം.' അവൻ പൂവു വലിച്ചെറിഞ്ഞു. അവനിപ്പോൾ പൂവും വേണ്ട ഒന്നും വേണ്ട. അവനു വേണ്ടതു കിട്ടി. വീശിയില്ലെങ്കിൽ കൊതുകു കടിച്ചു തിന്നും. ഞാൻ വിശറി തപ്പുന്നതു കണ്ട് ബഹുരിയാജി അരികിൽ വന്നിരുന്നു, വീശിത്തരാനായി. ഇതേവരെ ധൈര്യം വന്നില്ല. ഞാൻ ദേഷ്യപ്പെട്ടാലോ എന്നു പേടി. അതല്ല, ഈ കുഞ്ഞ് എന്നെ സ്നേഹിക്കുന്നു. ഇതിന് സഖാവതിക്കു കോപം തോന്നുന്നുണ്ടോ? ഉവ്വെന്നു തോന്നുന്നില്ല. എന്നാൽ ജിതേനിന്റെ അമ്മയോട് ഞാനെന്തിനു നീരസം ഭാവിക്കുന്നു. അപ്പോൾ സഖാവതിയുടെ മനസ്സ് എന്റേതിനെക്കാൾ നല്ലതാണെന്നു സമ്മതിക്കേണ്ടിവരും. വെറുതെയാണോ നർമദാ ബെൻ എന്റെ മുഖത്തേക്കു തന്നെ നോക്കിക്കൊണ്ട് അഹിംസ പ്രസംഗിക്കുന്നത് ? ബഹുരിയാജിക്കും ലാഡ്‌ലിയെ ഇഷ്ടമാണ് . അവളുടെ കൊച്ചുമോൾ ലജ്ജയും ലാഡ്‌ലിയും വലിയ കൂട്ടായിരുന്നു. ലജ്ജയ്ക്ക് നാലഞ്ചു വയസ്സായി. എന്നിട്ടും അമ്മയെ പിരിഞ്ഞിരിക്ക വയ്യ. അറസ്റ്റു ചെയ്തപ്പോൾ അവൾ അമ്മായിയുടെ അടുക്കൽ പാർക്കട്ടെയെന്നായിരുന്നു ബഹുരിയാജിക്കാഗ്രഹം. കുട്ടിയാണെങ്കിലോ, അമ്മയെ വിട്ടു പോകാൻ എന്തായിട്ടും കൂട്ടാക്കിയില്ല. കുഴപ്പമായി. മൂന്നു വയസ്സു കഴിഞ്ഞ കുട്ടികളെ ജയിലിൽ കൊണ്ടുവരാൻ നിയമമില്ല. ഇൻസ്പെക്ടരും കുഞ്ഞിനെ വീട്ടിൽ വിട്ടിട്ടു വരാൻ പറഞ്ഞു. അപ്പോൾ ബഹുരിയാജിക്ക് ഇൻസ്പെക്ടരോടു മല്ലിടേണ്ടിവന്നു. അവൾ പറഞ്ഞു, 'ഈ കുട്ടിക്കു മൂന്നു വയസ്സിലേറെയായെന്ന് ആരു പറഞ്ഞു? അളന്നു നോക്കൂ. ഒന്നര മുഴം ഉയരമുള്ള ഒരു കുട്ടിക്ക് മൂന്നിലേറെ വയസ്സോ? ഇവളെ കൂടെക്കൊണ്ടുവരാൻ സമ്മതിച്ചില്ലെങ്കിൽ ഒന്നു കാണട്ടെ, എങ്ങനെയാണ് എന്നെ ഇവിടുന്നു പിടിച്ചുകൊണ്ടു പോവുകയെന്ന് . അപ്പോൾത്തന്നെ സ്വരാജ്‌വളൻറിയർമാരെക്കൊണ്ട് ഞാൻ നിങ്ങളെ അറസ്റ്റു ചെയ്യിക്കും'. തർക്കിച്ചിട്ടു കാര്യമില്ലെന്ന് ഇൻസ്പെക്ടർ കണ്ടു. അയാൾ ലജ്ജയേയും കൊണ്ടുവന്നു ജയിലിലിട്ടു. രാപ്പകൽ ലജ്ജയും ലാഡ്‌ലിയും കളിച്ചു നടന്നു. കളിയെന്താണ് ? ലാഡ്‌ലിയെ പുറത്തെടുത്തു നടക്കുക. ഇവിടെ കൂട്ടുകാരായിട്ട് അധികമാരുമില്ല. കൂട്ടിന് മറ്റു വാർഡുകളിലെ മോശപ്പെട്ടവരുടെ കൂടെത്തന്നെ പോകണം.

അവർക്ക് വേണ്ടാത്ത സ്വഭാവങ്ങളുമുണ്ട്. ഏതു നേര വും അന്യോന്യം അസഭ്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കും. അവ രു മായിട്ടോ നമ്മുടെ കുട്ടികളെ കൂട്ടിനു വിടുക? അതുകൊണ്ട് ഇവരെ എന്നും കണ്ണിൽനിന്നു മറയാതെ നോക്കും. കഷ്ടം! ആ പെൺകുട്ടി രക്താതിസാരം പിടിച്ച് അൽപദിവസങ്ങൾ ക്കകം മരിച്ചു. അമ്മയുടെ കരൾ— ബഹുരിയാജി കരച്ചിലും പിഴിച്ചിലും തന്നെയായിരുന്നു. മാറത്തടിച്ചുകൊണ്ടു വിലപിച്ചു — ഞാൻ എൻെറ ലജ്ജക്കുട്ടിയെ ജയിലിൽ കൊണ്ടുവന്നില്ലാ യിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കുകയില്ലായിരുന്നു. ലജ്ജ മരിച്ചതോടെ ലാഡ്‌ലിയും ദിവസം തോറും ശോഷിച്ചു വന്നു. ജയിലിൽ അവന് അര സേർ പാൽ കിട്ടുന്നുണ്ട്. എത്രയാ യാലും ജയിലിലെ പാൽ. വെണ്ണയെടുത്ത എരുമപ്പാലിൽ പകുതി വെള്ളം ചേർത്തു കൊണ്ടുവരുന്നു. ഇതു കഴിഞ്ഞ് ഗേറ്റ്, ഗോഡൗൺ, വാർഡ് — പാൽ എവിടെക്കൂടെയെല്ലാം കടന്നു പോരുന്നുവെന്നു വെച്ചാൽ അവിടെയൊക്കെ വാർ ഡർ, മേറ്റ്, കാവൽ, തടവുകാരൻ എല്ലാവരും ഓരോ ഗ്ലാസ് പച്ചയായിത്തന്നെ കുടിച്ചു വിടുന്നു. കിടുംകിടുമെന്ന് — ഇ വിടെ കിറുകൃത്യമായ നിയമങ്ങൾ ഉണ്ട്. ഇതിൽ ഒളിച്ചു വയ്പൊന്നുമില്ല. ഒഴിച്ചുകൂടാത്ത ഒരു നിയമം. ആരെങ്കിലും ഒരു ഗ്ലാസ് പാലെടുത്താൽ ഒരു ഗ്ലാസ് വെള്ളം ഡ്രമ്മിൽ ചേർത്തുകൊള്ളണം. ഇവിടെയെത്തുമ്പോഴേക്ക് ആ പാ ലിൻെറ രൂപം എന്തുതന്നെയായിരുന്നാലും അതു കുടിച്ച് ഒരു കുട്ടിക്കും ജീവിക്കാൻ സാധ്യമാവില്ല എന്നതു നിശ്ചയം. ചെ റു കുഞ്ഞുങ്ങൾക്ക് ജയിലിൽനിന്ന് തുണിയോ ഭക്ഷ്യവസ്തു ക്കളോ കിട്ടുകയില്ല. പാൽ കൂടാതെ മറ്റു വസ്തുക്കളും തിന്നാ മെന്നുള്ള കുട്ടികൾ അമ്മയുടെ കൂടെ എന്തിനാണു ജയിലിലേ ക്കു വരുന്നത് എന്നായിരിക്കാം വിചാരം.

കഷ്ടം! പാവത്തിൻെറ വയർ ഒട്ടിക്കുഴിഞ്ഞു പോയി രിക്കുന്നു, എന്തേ? രാത്രി തിന്നാനൊന്നും കൊടുത്തില്ലേ? എൻെറ ആഹാരം തലയ്ക്കലിരിപ്പുണ്ട്. കുറച്ചു കൊടുത്താ ലോ? വേണ്ട, പോട്ടെ. വല്ല അസുഖവും വന്നാൽ കുഞ്ഞിൻെറ തള്ളയ്ക്ക് ബുദ്ധിമുട്ടാവും. ദേഹത്തിന് എന്തൊരു മാർദ്ദവം. എൻെറ ബിലു കുട്ടിക്കാലത്ത് ഇങ്ങനെ തന്നെയാണു മാറോ ടു ചേർന്നു കിടന്നുറങ്ങിയിരുന്നത്. ശ്വശുരൻെറ മടിയിലിരുത്തി ക്കൊണ്ടെടുത്ത ഫോട്ടത്തിൽ ബിലു ഇത്ര തന്നെയേ ഉണ്ടായി

രുന്നുള്ളു. ഞാൻ ദൂരെനിന്നുകൊണ്ടു കൽക്കണ്ടക്കഷണം കാട്ടി. അതു കണ്ട് ബിലു പ്രസന്നനായി ചിരിച്ചപ്പോൾ എൻെറ ദേവരൻ നിതായി തക്കംനോക്കിയെടുത്ത ഫോട്ടോയാണ് . രോഗം മാറിയപ്പോൾ എങ്ങനെ മെലിഞ്ഞുപോയിരുന്നു! മനസ്സെപ്പോഴും പിടച്ചുകൊണ്ടേ ഇരുന്നിരുന്നു — എന്നാൽ ഉറക്കെ കരയുക എന്ന സ്വഭാവം അയാൾക്കില്ല. ഞാൻ തിണ്ണയിലിരുത്തി, അടുക്കളയിൽ ചെന്ന് അത്യാവശ്യം വേണ്ട പണിയെല്ലാം ചെയ്തു തിരിച്ചുവന്നു നോക്കുമ്പോൾ കാണാം ബിലുക്കുട്ടൻെറ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നു. താഴത്തെ ചുണ്ട് അൽപം മുമ്പോട്ടു നീണ്ടു വിറയ്ക്കുന്നു. ഞാൻ അടുക്കൽ നിന്നു പോയതിനുള്ള കരച്ചിൽ. 'ഹായ് എനിക്കു വയ്യ. എൻെറ ബിലുക്കുട്ടൻ എത്ര മിടുക്കനാണ് ' എന്നു പറഞ്ഞുകൊണ്ട് കുട്ടനെ മാറോടു ചേർത്തു പിടിച്ചാൽ സങ്കടമെല്ലാം പോയി. ഇപ്പോഴും ആ തേങ്ങുന്ന സമയത്തെ ചുടുനെടുവീർപ്പ് ഇടക്കിടയ്ക്ക് എൻെറ കഴുത്തിൽ സ്പർശിക്കുന്നതു പോലെ. ലാഡ്‌ലീ, നീ ആ കുട്ടിക്കാലത്തെ ബിലുവാണോ? നിൻെറ കോമളദേഹം അതേപോലെ തഴുകട്ടെ? വേണ്ട, ഇവരൊക്കെ നോക്കിയിരിക്കയാണ് . മനസ്സിലെന്തു വിചാരിക്കും! ഇപ്പോൾ ബിലുവിനെ ഒന്നു കാണാൻ സാധിച്ചിരുന്നെങ്കിൽ, അയാളെ മാറോടണയ്ക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ, എത്ര കുറച്ചു നേരത്തേക്കായാലും ഉള്ളം കുളിർത്തു പോകുമായിരുന്നു. രണ്ടു പേരും ഒന്നിച്ചു കുറച്ചു കരഞ്ഞാൽ മനസ്സിനൽപം ശാന്തി — അവസാന നിമിഷങ്ങളിൽ അയാളുടെ അരികിൽ ഉണ്ടാവുക— ദൈവം അതിനും വഴിയൊന്നും വെച്ചുതന്നില്ല. ചുറ്റും ഇരുമ്പു വാതിലുകൾ, താഴ് . യുദ്ധത്തിന് ഇത്രയും ഇരുമ്പു വേണമെന്നു കേട്ടിട്ടുണ്ട് . എവിടെയോ പള്ളിമണിയെടുത്തുരുക്കി പീരങ്കിയുണ്ടാക്കിയെന്നു ബിലു പറയുന്ന കേട്ടിട്ടുണ്ട് , എന്നാൽ ജയിലിലെ ഇക്കണ്ട ഇരുമ്പ് അവരുടെ കണ്ണിൽ പെട്ടിട്ടില്ലേ? ഇത്രയ്ക്കു നീറുന്ന ഹൃദയങ്ങളുടെ നെടുവീർപ്പുകൾക്ക് യമരാജൻെറ സിംഹാസനം പോലും ഇളക്കാൻ സാധിക്കും.

'ബഹുരിയാജി, നേരു പറയൂ, ഭഗവാൻ എന്നോട് ചെയ്യുന്നത് അന്യായമായിപ്പോകുന്നില്ലേ?'

ബഹുരിയാജി മുഖത്തേക്ക് പകച്ചു നോക്കി. ഇങ്ങനെ

യൊരു ചോദ്യം അവൾ പ്രതീക്ഷിച്ചതല്ല. അവൾ ചോദ്യത്തിനു
ത്തരം പറഞ്ഞില്ല. നൈനാ ദേവിയുടെ നേരെ തിരിഞ്ഞ് എ
ന്തോ ഒരാംഗ്യം കാട്ടി. പിന്നെ എൻെറ മുടി മെല്ലെ മെല്ലെ തട
വിത്തുടങ്ങി. വിശറി വേഗം വേഗം ഇളകി. എടീ! നിന്നോട്
ഞാൻ പെട്ടെന്നങ്ങനെ ചോദിച്ചെന്നേയുള്ളു. എനിക്കതിനു
മറുപടി വേണ്ട—കിട്ടുമെന്നും വിചാരിച്ചിട്ടില്ല.

ലാഡ്‌ലി എപ്പോഴാണുറങ്ങിയത് ? ഇത്ര കുരുന്നു കു
ഞ്ഞ്! എന്നിട്ടും കൂർക്കം വലി മുതിർന്നവരുടേതുപോലെ.
ആഹാ! ഒരു വശം ചരിഞ്ഞു കിടക്കുന്നു. വെള്ളിയേലസ്സ് വ
യറിൻെറ തൊലിയിൽ കുത്തിത്തറഞ്ഞു പോയിരിക്കുന്നു. അ
രഞ്ഞാണിൽ എത്രയെത്ര ഏലസ്സുകൾ. സഖാവതിയുടെ വി
ചാരം ഇതുകൊണ്ട് ചന്തം കൂടുമെന്നാണ് . എത്രയോ തവ
ണ പറഞ്ഞു കഴിഞ്ഞു, ഇതു ജയിലാണ് , ഇവിടെ പല സ്വഭാ
വക്കാരെയും കാണും, വെള്ളി കൊതിച്ച് കുട്ടനെ വല്ലതും
ചെയ്തു പോയാൽ കരയാനേ നേരമുണ്ടാവുള്ളു എന്ന് .
സഖാവതിയുണ്ടോ കേൾക്കുന്നു. അവൾക്ക് ഈ ഏലസ്സുക
ളിൽ എന്തൊരു ചന്തമാണാവോ കാണാൻ കഴിയുന്നത് .

ബില്ലു കുട്ടിയായിരിക്കുമ്പോൾ തലമുടി മുൻവശത്ത്
നെറുകയിൽ കെട്ടി വെയ്ക്കാറുണ്ടായിരുന്നു. മെല്ലിച്ചവനായി
രുന്നു. ഭക്ഷണം കഴിച്ചാൽ വയർ ചാടും. കുട്ടനെ ഭീരിപിടിപ്പി
ക്കാൻ വേണ്ടി പറയും, 'മതി, പള്ള പെട്ടി പോലെയായി. എ
ണീറ്റോളു.' കുട്ടൻ വയറിലേക്കു ചൂണ്ടിക്കൊണ്ടു പറയും,
"ബെംബ്ലൂസ് നാരങ്ങ പോലെയാകട്ടെ എന്ന്." ഒരിക്കൽ താൻ
അവൻെറ വയറു തടവിക്കൊണ്ട് 'ബംബ്ലൂസ് നാരങ്ങ വേഗം
ചുങ്ങും!' എന്നു പറയുകയുണ്ടായി. എല്ലാം എളുപ്പമായി ദ
ഹിക്കും. ബില്ലുബാബുവിന് ഇനി യാതൊരസുഖവുമില്ല.
ഇത് കുട്ടൻ ഓർമ്മവെച്ചുകൊണ്ടിരുന്നു. അതു കാരണം ഊ
ണു കഴിഞ്ഞാൽ എന്നും വയറു തടവിക്കൊണ്ട് ഇങ്ങനെ പറ
യണം. കുട്ടൻ പലകയിൽ നിന്ന് എഴുന്നേറ്റ് മുട്ടുകുത്തി നി
ന്നു പറയും, 'എൻറമ്മോ!' ശരിക്കും വൃദ്ധന്മാരെപ്പോലെ.
എണീക്കാൻ വലിയ പ്രയാസം എന്നു തോന്നിക്കുംവിധം.

എത്രയെത്ര ദിവസങ്ങളിലെ എന്തെല്ലാം ചില്ലറക്കാര്യ
ങ്ങൾ പോലും മനസ്സിൽ വന്നു നിറയുന്നു. ബില്ലു, ഞാൻ എത്ര

കഷ്ടപ്പെട്ടാണു നിന്നെ വളർത്തിയത് ? നീയെന്നിട്ടും എന്നെ ചതിച്ചല്ലോ ഈ വിധം? എങ്കിലും എൻെറ ദുഃഖം വിചാരിച്ച് അവസാന നിമിഷങ്ങളിൽ നീ വ്യാകുലനാകരുത് . അല്ലെങ്കിൽ ത്തന്നെ എൻെറ ദുഃഖഭാരം എനിക്ക് ഒരു വിധത്തിലും ലഘൂകരിക്കാൻ സാധിച്ചിട്ടില്ല. ഇപ്പോൾ നിൻെറ മനസ്സിലെന്താണു നടക്കുന്നതെന്ന് എനിക്കറിയാൻ വയ്യായ്കയുണ്ടോ? ഇനി എന്നെപ്പറ്റിയുള്ള വിചാരം കൊണ്ട് നിൻെറ മനസ്സിനു ഭാരം ഒന്നു കൂടി ഏറുകയാണെങ്കിൽ എൻെറ മനസ്താപത്തിനവസാനമുണ്ടാവില്ല. നിൻെറ അമ്മ നിന്നെ ഒട്ടും സ്നേഹിച്ചിട്ടില്ല എന്നോർത്താൽ മതി.

ബഹുരിയാജിയോട് നൈനാദേവി എന്തൊക്കെയോ പറയുന്നു. ശബ്ദം ഇത്തിരി ചൊടിച്ചിട്ടുണ്ട് — 'എൻെറ സാറേ, ഇതിലെന്തിനാണ് ഭഗവാനെ വലിച്ചിഴയ്ക്കുന്നത് ? ശിക്ഷിച്ചത് ഗവർമെൻറ് , കുറ്റം ഭഗവാനോ? ഒരു കഥയുണ്ട്. പണ്ട് ഒരു ബ്രാഹ്മണന് ഒരു കുതിരയുണ്ടായിരുന്നു. അയൽവാസി ഒരു ഡോബി. ബ്രാഹ്മണൻ പൂജയ്ക്കിരിക്കുന്ന മുഹൂർത്തം നോക്കി ഡോബിയുടെ കഴുത മോങ്ങാൻ തുടങ്ങുന്നു. ദുഃഖിതനായ ബ്രാഹ്മണൻ ഭഗവാനെ പ്രാർത്ഥിച്ചു. ഭഗവൻ! ഈ കഴുത അങ്ങയെ പൂജിക്കാൻ സമ്മതിക്കുന്നില്ല. അങ്ങയെ ഭജിക്കുന്നതിൽ തടസ്സം ഉണ്ടാക്കുന്നു. അങ്ങ് അതിനെ വധിക്കണം. ഏതാനും ദിവസങ്ങൾക്കകം ബ്രാഹ്മണൻെറ കുതിര സുഖമില്ലാതെ ചത്തു. അപ്പോൾ ബ്രാഹ്മണൻ ഭഗവാനോട് പറഞ്ഞു: ഭഗവൻ! എത്രയോ നാളുകളായി അങ്ങ് ഭക്തവത്സലൻെറ വേഷം കെട്ടി നടക്കുന്നു! ഇനിയും കുതിരയേയും കഴുതയേയും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല, അല്ലേ? എന്ന് . ഇതും അതുപോലെതന്നെ. ഇതിൽ ഭഗവാനെന്തു പങ്ക് ?'

മൂക്കും മറ്റും അമർത്തിപ്പിടിക്കാതെതന്നെ ശ്വാസം അടക്കാം. എന്നാൽ ചെവിയിൽ വിരൽ തിരുകാതെ തന്നെ പറയുന്നതു കേൾക്കാതിരിക്കാൻ കഴിയാത്തതെന്തുകൊണ്ട് ? ഈ സമയം ചെവിയിൽ വിരൽ തിരുകുന്നതു മര്യാദയല്ല. എല്ലാവരും നോക്കിക്കൊണ്ടിരിക്കുന്നു.....ആ കരിന്നാക്കിയെ ഞാനറിയില്ലേ! അവൾ ബഹുരിയാജിയോട് സൊള്ളിക്കൊണ്ടിരിക്കയാണ് എന്നു നാട്യം. കുറച്ചു മുമ്പ് അവളോട് നീരസം പറയുകയുണ്ടായില്ലേ? അതിനു പകരം വിഷംതുപ്പുക

യാണ് ഇപ്പോൾ. എനിക്കപ്പൊഴേ അറിയാമായിരുന്നു, അവൾ അടങ്ങിയിരിക്കുന്ന കൂട്ടത്തിലല്ല എന്ന് . ഒരു രാത്രിയെങ്കിലും അടങ്ങിയിരിക്കാമായിരുന്നല്ലോ? ഇന്നത്തെ രാത്രിയെങ്കിലും എനിക്കു മാപ്പു തന്നുകൂടെ? എടീ, നീയും പ്രസവവേദന അനുഭവിച്ചിട്ടുള്ള ഒരു തള്ളയല്ലേ? ഈ കഥയ്ക്ക് വല്ല തുമ്പുണ്ടോ വാലുണ്ടോ? എവിടന്നു കേട്ട കഥയോ? വലിയ പാണ്ഡിത്യം പ്രകടിപ്പിച്ചുവെന്നാണ് നാട്യം. അല്ലാ, ഇതിനിടെ നൈനാ ദേവി മിണ്ടാതായിക്കഴിഞ്ഞോ? ബഹുരിയാജിയുടെ പിന്തുണ കിട്ടാഞ്ഞിട്ടാവും.

ബിലുവിൻെറയും നീലുവിൻെറയും ബാല്യം മാത്രം ഓർക്കുന്നതെന്തുകൊണ്ടാണ് ? അവർ എനിക്ക് ഇപ്പോഴും അത്ര തന്നെ കുട്ടികളാണെന്നു തോന്നുന്നതുകൊണ്ടോ? ....രണ്ടു പേരും കിടക്കയിൽ കിടക്കുന്നു. ഞാൻ പണിയെല്ലാം ചെയ്തു കഴിഞ്ഞ് അകത്തേക്കു ചെന്നു. ഞാൻ ചോദിച്ചു—'അല്ലാ! ബച്കൻ ഓർ ഛട്കൻ ഘൂമ്തേ ഹോ?' ബിലു ബച്കൻ (കുട്ടൻ) നീലു ഛട്കൻ (കൊച്ചൻ) കേട്ട ഉടൻ രണ്ടു പേരും പൊട്ടിയൊരു ചിരി. നീലു പറഞ്ഞു അമ്മയോട് എത്ര തവണ പറഞ്ഞു ഹിന്ദിയിൽ 'ഘൂമ്തേ ഹോ' വിന്നർത്ഥം ബംഗാളിയിലെ 'ഘുമോ ഛേ' (ഉറങ്ങുന്നു) എന്നല്ല. അതിന്നർത്ഥം 'ഘുര ഛോ' (ചുറ്റി നടക്കുക) എന്നാണ് . എത്ര പറഞ്ഞിട്ടെന്തു കാര്യം?' ബിലു പറഞ്ഞു, 'വിഢ്ഢിക്കൂഷ്മാണ്ഡം! അമ്മ അറിയാതെ പറയുന്നതല്ല. ഞങ്ങളെ ചിരിപ്പിക്കാനാണ്. ' എത്ര ചെറിയ കുട്ടികൾ! വലിയ പണ്ഡിതന്മാരെപ്പോലെ വിമർശിക്കുന്നു. അന്നവർ ഗാന്ധിജിയുടെ മാർഗത്തിലേക്കു വരാതിരുന്നെങ്കിൽ! വരാനോ വരാതിരിക്കാനോ ഉള്ള ഭാരം അവരുടേതോ? അത് കർത്താവിൻെറ ഇച്ഛയ്ക്കനുസരണമുള്ള കർമ്മ മാകുന്നു. ഈ സമയം ബിലുവിൻെറ അച്ഛനെ അടുക്കൽ കിട്ടിയിരുന്നെങ്കിൽ! എന്നാൽ മുഖത്തടിച്ചവണ്ണം പറഞ്ഞു കേൾപ്പിക്കുമായിരുന്നു, നോക്കൂ, അച്ഛനായിട്ട് മക്കളെ ഏതു വഴിക്കാണു പിടിച്ചു കൊണ്ടു വന്നത് . എൻെറ ജീവിതമത്രയും ഒരേതരത്തിലിങ്ങനെയായി. ഒരു ദിവസവും സ്വൈരമെന്നതറിഞ്ഞിട്ടില്ല. കുട്ടികളെ ഒരു ദിവസവും സന്തോഷമായും സുഖമായും ഇരിക്കാൻ സമ്മതിച്ചില്ല. പുലർച്ചെ തൊട്ട് അന്തിമയങ്ങുംവരെ എല്ലുമുറിയെ പണിയെടുത്തു. ഇതിനുവേണ്ടിയോ? മക്കൾ കുട്ടികളായിരുന്നപ്പോൾ അവരെ പിടിച്ചു വലി

കുടുംബം മുടിഞ്ഞു. നിങ്ങൾ കാരണം എന്റെ സ്വന്തം സഹോദരൻ—അയാളുടെയവിടെ താമസിച്ച് പുറമേ നിന്നുള്ള എത്രയെത്ര കുട്ടികൾ പഠിച്ചു പ്രാപ്തരായെന്നോ!— മരുമക്കളെ അന്വേഷിക്കാതെയായി. വീരേനിന്റെ അമ്മയും ഒരു ദിവസം വന്ന് എന്തൊക്കെയാണു പറഞ്ഞിട്ടു പോയത് . എത്ര നിന്ദിച്ചു. ബംഗാളിയാണെന്ന കാരണത്താൽ കോൺഗ്രസ് അവളുടെ മകന്റെ ജോലിയില്ലാതാക്കിയെന്നാണാക്ഷേപം. എന്റെ നേരെ നോക്കി പറഞ്ഞു, മാസ്റ്റർ സാഹബ് വെറും കുമ്പളങ്ങ. എം.ഏ. കഴുത. ബംഗാളികളുടെ മുഖത്ത് കരിയും കുമ്മായവും വാരിപ്പൊത്തി, കോൺഗ്രസ്സിൽ നവാബാകാൻ. ഇപ്പോഴത്തെ എന്റെ സ്ഥിതിയെന്താണെന്നുവെച്ചാൽ എവിടെ നോക്കിയാലും ഇരുട്ട് .

ഗാന്ധിജി! അങ്ങ് എനിക്കെന്താണീ ചെയ്തു വെച്ചത് ? അങ്ങ് ഞങ്ങളെ വഴിയാധാരമാക്കി, ശരിക്കൊരു തെണ്ടി. മാസാവസാനത്തിൽ അങ്ങ് കൈയിൽ വല്ലതും വെച്ചു തരുന്നു. അതുകൊണ്ടു ഞങ്ങൾക്കു രണ്ടു പിടി അന്നം ലഭ്യമാകുന്നു. എന്റെ പരദേവതയെ വിട്ട് അങ്ങയെ സേവിക്കുന്നു. അങ്ങക്കുവേണ്ടി ബന്ധുക്കളെയും സ്വന്തക്കാരെയും ഉപേക്ഷിച്ചു. ചിരി മറന്നു. ഇതിന്റ് അങ്ങു നൽകിയ പ്രതിദാനം കേമം തന്നെ. അങ്ങു കാട്ടിത്തന്ന മാർഗത്തിൽ ഭാര്യാഭർത്താക്കന്മാരുടെ മനസ്സ് ചേരുന്നില്ല. അച്ഛനും മകനും തമ്മിൽ സ്നേഹമെന്ന ബന്ധമില്ലാതാവുന്നു. സഹോദരൻ സഹോദരന്റെ ശത്രുവായിത്തീരുന്നു. കുടുംബത്തിലെ സ്വരച്ചേർച്ചയില്ലായ്മ കുടുംബത്തെ തകർക്കുന്നു. സ്വന്തം ഇഷ്ടംമന്ത്രം മറന്ന് ഗാന്ധിജിയെന്ന മന്ത്രം ജപിക്കുന്നു. എത്രയോ വർഷങ്ങൾക്കു മുമ്പ് അങ്ങുവന്ന് ഇരുന്ന സ്ഥലത്ത് നിത്യവും അന്തിത്തിരികൊളുത്തുന്നു. ഒരു ദിവസവും ചർക്ക തിരിക്കാൻ മറന്നിട്ടില്ല. എല്ലാം ഇതിനു വേണ്ടിയായിരുന്നു? തോട്ടികളെ ഹരിജനങ്ങളെന്നു പറഞ്ഞു. അവരുടെ മക്കളെ ബിലുവിനും നീലുവിനുമൊപ്പം അടുക്കളവരാന്തയിലിരുത്തി ഊട്ടി. അയൽവാസികൾ കളിയാക്കി. ഇതിന്റെയൊക്കെ ഫലമോ? ദുർഗയുടെ അമ്മയും മറ്റും പറഞ്ഞതെത്ര ശരി—'സ്വദേശി' പ്രസ്ഥാനത്തിൽ ചേരണമോ, ചേർന്നോളു. പക്ഷേ പരദേവതയോടുള്ള ഈ മനോഭാവം നല്ലതിനല്ല. അന്നൊക്കെ അങ്ങയെ വിശ്വസിച്ച് അവർ പറഞ്ഞത് അവഗണിച്ചു. ഇന്ന് അതിന്റെ മർമ്മം മനസ്സിലാകുന്നു

ണ്ട് . ഇന്ന് ദുർഗയുടെ അമ്മയും , ഖേംദിയുടെ അമ്മയും മറ്റും ഉണ്ടായിരുന്നെങ്കിൽ അവരെ കഴുത്തിൽ കെട്ടിപ്പിടിച്ച് നല്ലപോലെ ഒന്നു കരയാമായിരുന്നു. മഹാത്മജിയെന്തു പിണ്ണാക്ക് ! ഇങ്ങനെയാണോ സന്ന്യാസിമാരുടെ രൂപം? കഷ്ടം! ഇത്ര നാളും ഞാനെന്താണീ ചെയ്തു കൊണ്ടിരുന്നത് ! ലോകത്തിലുള്ളവരെല്ലാം കൂടി എനിക്കെന്താണീ വരുത്തിക്കൂട്ടിയത് . നീറ്റൽ കാരണം സ്വന്തം ദേഹം തന്നെ പിച്ചിച്ചീന്തി തിന്നാൻ തോന്നുന്നു. ചതച്ചു വിഴുങ്ങാൻ. ഇനിയില്ല. ചർക്ക ഇപ്പോൾ തന്നെ വലിച്ച് ദൂരെയെറിയണം. നിലത്തെറിഞ്ഞ് അതു കഷണം കഷണമാക്കണം. അതു മേശപ്പുറത്തല്ലേ വെച്ചിരുന്നത് ?

ചർക്കയെടുക്കാൻ ചാടിയെഴുന്നേറ്റു നോക്കി. എണീക്കാൻ കഴിയുന്നില്ല. തലയുടെ ഇടതുവശത്ത് ഒരു മന്ന് ഇരുമ്പ് നിറച്ചിരിക്കുന്നപോലെ. ആരോ എൻെറ തല തട്ടിവീഴ്ത്തുകയാണോ? ബഹുരിയാജിയും കമലാ ദേവിയും ഹേഹേയെന്നു പറഞ്ഞു ചാടിയെണീറ്റു.

'എന്തിനാണെണീറ്റു വന്നത് ബംഗാളിൻ മായീ? എന്താണന്വേഷിക്കുന്നത് ? എന്താണിങ്ങനെ ചുറ്റും നോക്കുന്നത് ? തലയിൽ കുറച്ചു വെള്ളമൊഴിക്കട്ടെ?'

എല്ലാവരും എന്നെ ബലമായി പിടിച്ചു കിടത്തി. ഞാനെന്താണു തിരിക്കിയിരുന്നതെന്ന് അവരോടു പറയാൻ കഴിഞ്ഞില്ല. പറഞ്ഞാൽ വിചാരിക്കും എനിക്കു തലയ്ക്കെന്തോ പന്തികേടുണ്ടെന്ന് . ഇപ്പോൾത്തന്നെ എന്താണിവർ വിചാരിക്കുന്നതാവോ! യൂഡി കൊളോൻ തലയിൽ പുരട്ടിത്തരുന്നു. മുറിയിലുണ്ടായിരുന്നവർ ഓരോരുത്തരായി എൻെറ കട്ടിലിന്നു ചുറ്റും വന്നു നിന്നു. ഗൽകട്ടി ഉല പോലുള്ള തൊണ്ടയോടെ ലൂസിജമാദാരിനിയെ വിളിച്ച് എന്തൊക്കെയോ പറയുന്നു. എന്നെപ്പറ്റിത്തന്നെയാവും. കോലാഹലം കൂട്ടി ആ അശ്രീകരം ആസ്പത്രിയിൽ വിവരമറിയിച്ച് അനർത്ഥം വരുത്തിവെക്കാതിരുന്നാൽ മതി. സഖാവതി എൻെറ അടുക്കൽ ഉറങ്ങിക്കിടന്നിരുന്ന ലാഡ്‌ലിയെ പതുക്കെ എടുത്തു. ഞാൻ അവളുടെ കുഞ്ഞിനെ വല്ലതും ചെയ്തേക്കുമോ എന്നു പേടിയുണ്ടോ ആവോ? എടുത്തോളു സാറേ, എന്തു വേണമെങ്കിലും ചെയ്തോളു. നീ അവൻെറ അമ്മ. അവനെപ്പറ്റിയുള്ള വിചാരം എ

നിക്കുള്ളതിലേറെ അവന്റെ അമ്മയ്ക്കു തന്നെയാണല്ലോ. എല്ലാവരും എന്നെ ചുറ്റി നിൽക്കുന്നു. അനങ്ങാതെ. സൂചി നിലത്തു വീണാൽ കേൾക്കാം. പങ്കയുടെ ശബ്ദം മാത്രം തുടരെ കേൾക്കാം. ഒരു വണ്ട് പറന്നു വരുന്നു. അതിന്റെ ഭുർ ഭുർ ശബ്ദം കേൾക്കാം. 'ഠക് ' എന്നു നിലത്തു വീണു. വീണ്ടും പറന്നു. വീണ്ടും എന്തിലോ ചെന്നലച്ചു വീണു. ഇനിയും പറന്നിട്ടില്ല. ഇപ്പോഴുമില്ല. ഇപ്പോഴും പറക്കുന്നില്ല. ഇനി പറക്കുമ്പോൾ ഒന്ന് രണ്ട് എന്നിങ്ങനെ പത്തു വരെ എണ്ണണം. മുഴുവനാക്കും മുമ്പ് വണ്ടു വീണാൽ ബിലു ഒരിക്കലും ജീവിക്കുകയില്ല. എന്നാൽ ഏതു വിധവും വീഴുംമുമ്പ് എണ്ണിത്തീർത്താൽ ദൈവം എങ്ങനെയും ബിലുവിനെ രക്ഷിക്കാതിരിക്കില്ല. കഴിയുന്നതും വേഗം വേഗം എണ്ണണം. അതു പറന്നു. ഒന്ന് രണ്ട് മൂന്ന് നാല് അഞ്ച് ആറ് ഏഴ് — ദെ! ഹതാ വീണു വണ്ട് ! ഹായ് ഭഗവാനേ! എന്താണീ കാട്ടിയത് . ചെറിയ ഒരാശ. അതും ഇല്ലാതാക്കിയല്ലോ. ഛീ! ഇതൊക്കെ വെറും വിശ്വാസം. ഇതിനുണ്ടോ വല്ല വാലും തലയും? സ്വയം കെട്ടിച്ചമയ്ക്കുന്നു, സ്വയം തട്ടിത്തകർക്കുന്നു. വണ്ടിനെപ്പറ്റിയുള്ള എന്റെ ധാരണ ശരിയല്ല. എല്ലാം ഭഗവാന്റെ കൈയിൽ, ആ ഭഗവാനെ ഞാൻ എത്ര ധിക്കരിച്ചു. അമ്മേ പൂർണേശ്വരി! എന്റെ എല്ലാ അപരാധങ്ങളും ക്ഷമിക്കണം. നിന്റെ കൃപ കൊണ്ടാണ് എനിക്കു ബിലുവിനെക്കിട്ടിയത് . നിന്റെ [illegible]പ്രകാരണമായിത്തന്നെയാണ് ഞാൻ ബിലുവിന് പൂർണ[illegible]നു പേരിട്ടത് . എന്റെ വീട്ടിലുള്ളവരെല്ലാം തന്നെ നി[illegible] ക്ഷേത്രത്തിലെ മഹാ പ്രസാദം സേവിക്കാതായി. അതുകൊണ്ടുള്ള കോപമാണോ ഇത് ? ബിലുവിനു സുഖമില്ലാതായപ്പോൾ നേർന്ന വഴിപാട് കഴിച്ചില്ലെന്നുണ്ടോ? ഓർക്കുന്നില്ല. അന്ധാളിച്ചു പോയോ? കണ്ടില്ലേ ഒരു നിസ്സാരമായ പിഴ കാരണം എന്തൊക്കെ സംഭവിക്കുന്നു. അമ്മേ പൂർണേശ്വരി! നീ ഇത് ആദ്യമേ എന്നെ ഓർമിപ്പിക്കാതിരുന്നത് എന്തുകൊണ്ട് ? ഇല്ലില്ല, പൂജ കഴിപ്പിച്ചു, തീർച്ച. പിന്നെ ഇങ്ങനെ വരാനെന്തേ? അമ്മേ, നീ പ്രത്യക്ഷ ദൈവമാണ് . ബിലു നിന്റെ തന്നെ സന്താനം. അയാളെ രക്ഷിക്കൂ. ഇനി ഞാൻ നിന്റെ തൃപ്പാദങ്ങളിൽ ഒരു പിഴയും ചെയ്യില്ല. മേലിൽ ഗാന്ധിജിയാണ് നിന്നെക്കാൾ വലുതെന്ന് ഒരിക്കലും വിചാരിക്കില്ല.

ബർമ്മഥാനിൽ ബിലുവിനെ പിറന്ന സമയം കെട്ടിച്ച 'ഇ

ഷ്ടക' അഴിച്ചെടുത്തില്ലായിരിക്കുമോ? അതെ, അതുതന്നെ, ഞാനും ജിതേനിന്റെ അമ്മയും കൂടിയാണു പോയിരുന്നത് . അന്ന് കാലിൽ ലോട്ട വീണ് എന്റെ കാൽ ചതഞ്ഞ ദിവസം.. അന്ന് വല്ലതും പിഴച്ചിരിക്കും. ഏതിഷ്ടകയ്ക്കു പകരം ഏതിഷ്ടകയാണ് എടുത്തുപോയത് , ആവോ! ശരി ശരി, ഇത്രയേറെ ഇഷ്ടകകളുള്ളപ്പോൾ എങ്ങനെ എളുപ്പം തിരിച്ചറിയും?

അതുതന്നെ, സരസ്വതിയുടെ വീടിനരികിൽ ആലിനു ചോടെ മണ്ണിൽ സിന്ദൂരം പുരണ്ടിട്ടുള്ള അതാണ് 'ഡിഹ്വാർ', ദഹീഭാത് ഗ്രാമത്തിലെ ഗ്രാമദേവത. 'ഡിഹി' (ഗ്രാമാതിർത്തി)യിൽ ആ ദേവൻ കാവൽ നിൽക്കുന്നു. അവിടെ എല്ലാവരും മൺകുതിര കാണിക്കവെയ്ക്കുന്നു. സരസ്വതിയുടെ അമ്മ പറഞ്ഞിട്ടുള്ളതാണ് —അമ്മയുടെ കൃപയുണ്ടാകുമ്പോൾ, കോളറയോ വരൾച്ചയോ ഉണ്ടാകുമ്പോൾ അറുപതു മുഴം ഉയരമുള്ള 'ഡിഹ്വാർ' ദേവൻ കുതിരപ്പുറത്തു കയറി ഗ്രാമം സംരക്ഷിക്കുന്നു. എത്രയോ തവണ ഗ്രാമത്തിന്റെ ചൗകീദാർ അർധരാത്രി നേരം ദേവനെ കണ്ടിരിക്കുന്നു. സരസ്വതിയുടെ മുഖത്തുനോക്കി ഒന്നും പറഞ്ഞില്ലെന്നേയുള്ളു. ഉള്ളിൽ നല്ല ചിരി ചിരിച്ചു. അറുപതു മുഴം ഉയരമുള്ള ഒരു ദേവനേ! വിശ്വസിക്കാൻ കൊള്ളുമോ? അറുപതു മുഴക്കാരൻ ദേവനു ഒരുചാൺ നീളമുള്ള കുതിര. ഇങ്ങനെയുമുണ്ടോ? ഡിഹ്വാർ ദേവത അന്നു തന്നെ എന്റെ ഉള്ളു കണ്ടുകാണും. അതുകൊണ്ട് അരിശപ്പെട്ട് എന്നോടീ ചതി ചെയ്തതാവും. അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഗ്രാമത്തിലെ പെൺകുട്ടിയായ സരസ്വതിയെ ബിലുവിനു കല്യാണം കഴിച്ചു കൊടുക്കാത്തതുകൊണ്ട് ഈ ഗതി വരുത്തിയതാവും. ഡിഹ്വാർ ദേവതേ, ഇന്നു ബിലുവിനെ രക്ഷിക്കണമേ! അതിനു ശേഷം നിനക്കെന്തു പ്രിയമോ അതുതന്നെ ഞാൻ അനുവർത്തിച്ചുകൊള്ളാം. നീ കുപിതനായാൽ എന്നെപ്പോലുള്ള നിസ്സാര ജീവികൾ എങ്ങനെ കഴിഞ്ഞു കൂടും? പറയൂ!

അതാ! അതാ! കാറിന്റെ ഹാറൺ അടിക്കുന്നു. ഏ? അപ്പോഴെന്റെ ബിലു..........

കോർക്കടപ്പുള്ള ആ പച്ച നിറക്കാരൻ കുപ്പി ഒരു പക്ഷേ എന്റെ മൂക്കിൽ വെച്ചായിരിക്കുമോ?

നീലു

വാർഡർ നിഹാൽ സിംഹിന്റെ ഒരുമിച്ച് ജയിൽഗേറ്റിനു മുൻവശമുള്ള കാർപാർക്കിൽ വന്നുകുട്ടിയിരിക്കുകയാണ്. ഗേറ്റിനു പുറത്ത് ആയുധധാരികളായ സിപ്പായികൾ. ഗേറ്റിനകത്ത് നല്ല പ്രകാശം. ആ പ്രകാശത്തിൽ അവിടെ ഡെസ്ക്കിനു മുമ്പിൽ സ്റ്റൂളിൽ സുബേദാർ സായ്പ് ഇരിക്കുന്നു. നിഹാൽ സിംഹ് പറഞ്ഞതനുസരിച്ച് കാർപാർക്കിനു മുമ്പിലുള്ള ഉയരം കുറഞ്ഞ മതിലിൽ ഇരുന്നു.

'ബാബു, കമ്പിളിയോ മറ്റോ കൊണ്ടുവന്നിട്ടില്ല?'

ഞാൻപറഞ്ഞു — 'ഇല്ല'

അയാൾ തന്നെ അകത്തിരിക്കുന്ന സുബേദാരിനോടു സ്വകാര്യം പറഞ്ഞ് അഴികൾക്കിടയിലൂടെ രണ്ടുമൂന്നു കമ്പിളി എടുത്തുകൊണ്ടുവന്നു. അതൊക്കെ ആ ചുവരിൽ പല മടക്കാക്കി വിരിച്ചു. ഭാരം ഇറക്കിവച്ചപോലെ പിന്നെ പൊടി തട്ടാൻ തുടങ്ങി.

എന്നോടു പറഞ്ഞു, ഇരിക്കു സാറേ! എന്നിട്ട് ഗേറ്റിലെ സെൻട്രിയോടും സുബേദാരിനോടും പതുക്കെ ചുരുക്കത്തിൽ പറഞ്ഞു ധരിപ്പിച്ചു, വെളുപ്പിന് ഇവിടെ ഒരു തൂക്കിക്കൊല നടക്കുന്നില്ലേ, ആ കക്ഷിയുടെ അനുജൻ. രാത്രി പുലരുംവരെ ഇവിടെ ഇരിക്കാൻ വിചാരിക്കുന്നു. ആരും ഇയാളെ ബുദ്ധിമുട്ടിക്കാൻ ചെല്ലണ്ട. സുബേദാർ ഇപ്പറഞ്ഞതിനെ അത്ര നല്ല മട്ടിലല്ല എടുത്തത്. ജയിലിനകത്തെ മേലാളനും ഹെഡ് വാർഡറും ഗേറ്റിനു പുറത്തെ എല്ലാ നന്മതിന്മകളുടെയും ചുമതലക്കാരനുമാണ് സുബേദാർ. വാസ്തവത്തിൽ ഗേറ്റ് വാർഡർ എന്നാകുന്നു ഉദ്യോഗപ്പേർ. പട്ടാളത്തിൽനിന്നു വന്നവനായതുകൊണ്ട് സുബേദാർ എന്നു വിളിക്കപ്പെടുന്നു.

ജയിലിനകത്ത് വരുന്നവർ പോകുന്നവർ— അവരുടെ കൈയിലുള്ള പണം പണ്ടം അവർ കൊണ്ടുവരുന്ന സാധനങ്ങൾ തുടങ്ങിയവയുടെ സർച്ച് , മാർക്കറ്റിങ് , കൺട്രാക്ടർമാർ സകലതിന്റെയും 'കർത്താവും ധർത്താവും' സുബേദാർതന്നെ. അപ്രകാരമെല്ലാമിരിക്കുന്ന മഹാമാന്യനായ സുബേദാർ സായ്പിനോടോ സാധാരണക്കാരനായ ഒരു വാർഡറുടെ അർത്ഥമില്ലാത്ത ഈ അപേക്ഷ. നിശ്ചയമായും ഇതിലെന്തൊക്കെയോ ഉണ്ട് .

സുബേദാർ ചോദിച്ചു — 'നിങ്ങൾക്കെന്തു കിട്ടി?' നിഹാൽ സിംഹ് കുറച്ചു നാളായി എന്നോട് പണം 'കോച്ചു' വാൻ തുടങ്ങിയിട്ട് . ദിവസേന വന്ന് ഒരു ലിസ്റ്റ് ഹാജരാക്കും. ഇന്ന് നിങ്ങളുടെ സഹോദരന് ഇന്ന ഇന്ന സാധനങ്ങൾ ഭക്ഷിക്കാൻ കൊടുത്തിട്ടുണ്ട് . മാർക്കറ്റിൽ നിന്നു വാങ്ങി. ജയിലിനകത്ത് പുറത്തുനിന്നു വല്ലതും കടത്തിക്കൊണ്ടു പോവുക എന്നു വെച്ചാൽ കളിയാണോ? ആ സുബേദാരെന്നു പറഞ്ഞവനോ? ഒരു തനി നരിയാണ് . ഓരോ വസ്തുവും കൊണ്ടു പോകുന്ന സമയം അയാൾക്ക് ഓരോ ഉറുപ്പിക കാണിക്ക വെക്കണം. അയാൾക്കു ശമ്പളം വെറും അമ്പത്തിരണ്ടുറുപ്പിക. പുറം വരവ് അതിന്റെ നാലിരട്ടി. മിൽട്ടറിക്കാരന്റെ സ്വഭാവം. പട്ടാളത്തിലായിരുന്നില്ലേ? അങ്ങനെ പലതും പറഞ്ഞതിനു ശേഷം — 'തിരുമേനിമാരാണ് ഈയുള്ളവന്റെ അച്ഛനുമമ്മയും എല്ലാം. താങ്കളെപ്പോലുള്ളവരെ കണ്ടുകൊണ്ടാണ് ഇത്രയകലെ നിന്ന് കുട്ടികളും പ്രാരബ്ധവുമിട്ടെറിഞ്ഞ് വയറ്റു പിഴപ്പിനു വഴിതേടി ഇവിടെ വന്നിരിക്കുന്നത് .'

ഇങ്ങനെ എന്നോടു പണം വാങ്ങിക്കൊണ്ടിരുന്നു. സുബേദാരും നിഹാൽസിംഹും ഒരുപോലെ ആഗ്രഹിച്ചിരുന്നതെന്തെന്നാൽ എനിക്ക് ഇവിടെ കൂടണമെന്നുണ്ടെങ്കിൽ ലേശം ചില്വാനം ചെലവഴിക്കാതെ പറ്റില്ല എന്നാണ് . അങ്ങനെയല്ലായിരുന്നെങ്കിൽ എന്തിനാണിത്ര ഉറക്കെയുറക്കെയുള്ള സംസാരം? എന്നെ കേൾപ്പിക്കണമെന്നാണ് ഉദ്ദേശം.

സുബേദാറിന്റെ ചോദ്യത്തിന് നിഹാൽ സിംഹ് ഉത്തരം പറഞ്ഞു — "എന്തു തരുന്നുസർ! ഇപ്പോഴും ധർമം എന്നു

പറയുന്നത് ഇല്ലാതായിട്ടില്ല. പയ്യൻ ഒന്നും തന്നിട്ടില്ല സത്യം. സായ്‌വ് ശവം കൊണ്ടു പൊയ്ക്കോളാൻ പയ്യനു സമ്മതം കൊടുത്തിട്ടുണ്ട് .'

'ശവം കൊണ്ടുപൊയ്ക്കോളാൻ അനുവാദം കൊടുത്തിട്ടുണ്ടെങ്കിൽ ഉണ്ടായിക്കോട്ടെ. ഇവിടെ വന്നിരിക്കുവാൻ ഉള്ള അനുവാദമാകുമോ അത് ? ഞാൻ പുറമെയുള്ള ആരെയും ഇവിടെ ഇരുത്തുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറല്ല.'

സൂബേദാർ 'ചടപടാ'ന്ന് പിന്നെയുമെന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. ഞാൻ നിഹാൽ സിംഹിനെ വിളിച്ച് കൈയിൽ ഒരു രൂപ വെച്ചുകൊടുത്തു. സൂബേദാർ അതു കണ്ടു. അതോടെ അതെപ്പറ്റിയുള്ള സല്ലാപം അവസാനിച്ചു. കണക്കു പറയലൊക്കെ പിന്നെ.

സൂബേദാർ സെൻട്രിയെ വിളിച്ചു പറഞ്ഞു, ഏയ് ! ഈ സാറിനെ ആരും ശല്യപ്പെടുത്തരുത് . ഊഴം മാറുന്ന സമയത്ത് മാറിവരുന്നവരോടും ഇക്കാര്യം പറഞ്ഞേൽപിക്കാൻ ഏർപ്പാടു ചെയ്യണം.

പോകുന്നസമയം നിഹാൽ സിംഹ് പറഞ്ഞു, 'പർനാം.' ഇവിടെ നമസ്കാരം എന്നു പറയുന്ന പതിവില്ല. അതിനു പകരം പാത്രാപാത്രചിന്തയെന്യേ പ്രണാം എന്നു പറയുന്നു. ഇവിടെ താമസിച്ചു താമസിച്ച് ഞങ്ങൾക്കും ഇതുപോലെ എന്തെല്ലാം ഓരോന്നു പറയാൻ ശീലമായിരിക്കുന്നു.

...ശിശിരന്റെ കത്തിലെ വാചകം എനിക്കിപ്പോഴും ഓർമ്മയുണ്ട് . അയാൾ ഞങ്ങളെക്കാൾ മുമ്പായി ജയിലിൽനിന്നു വിമുക്തനായിട്ടുണ്ടായിരുന്നു. ജയിലിൽ നിന്നു പോകുന്നവർ അകത്തിരിക്കുന്നവരെ ഒരിക്കലും ഓർക്കാറില്ലെന്നു ഞങ്ങൾ പറയാറുണ്ട് . വാസ്തവത്തിൽ എല്ലാ രംഗത്തും ഇങ്ങനെ തന്നെയാണു കണ്ടുവരുന്നത് . മാസങ്ങളോളം, വർഷങ്ങളോളം ജയിലിനുള്ളിൽ നരകം അനുഭവിക്കുന്ന നിയമത്തിന്റെ ബന്ധനത്താൽ ഉദ്ദാമമായ ജീവനശക്തി നിഷ്പ്രയോജനമാക്കിത്തീർക്കപ്പെട്ട, ചീനക്കാരായ സ്ത്രീകളുടെ കാലു

കൾ പോലെ ജീവിതത്തിന്റെ സ്വച്ഛന്ദവികാസത്തിന് സന്ദർഭം ലഭിക്കാത്ത തടവുകാർക്ക് വാർത്തകൾ പുറത്തേക്കയ്ക്കുന്നതിന്റെ ആവശ്യം ഈട്ടംകൂടിക്കിടക്കുന്നുണ്ടാവും. ഗവർമെന്റ് ചട്ടപ്രകാരം ഈ വാർത്തകൾ പുറത്തേക്കയയ്ക്കുന്നതിനുള്ള സൗകര്യമില്ല. അന്ധകാരമയമായ യമപുരിയിലെ നേർത്ത പ്രകാശമാണ് പുതിയതായി ജയിലിൽ വരുന്ന തടവുകാർ. പുറത്തെ കർമബഹുളമായ പ്രപഞ്ചത്തിൽനിന്ന് എല്ലാ മധുരബന്ധങ്ങളെയും വിച്ഛേദിച്ച് കൊണ്ടുവരപ്പെട്ട തടവുകാരനോട് സമ്പർക്കം വെക്കുവാനുള്ള അസഫല പ്രയത്നങ്ങൾ തുടങ്ങുന്നു. വിടുതൽ കിട്ടുവാൻ പോകുന്ന തടവുകാരൻ ജയിലെന്ന യന്ത്രത്തിന്റെ 'സേഫ്ടിവാൾവ് ' ആകുന്നു. അവൻ ജയിലിനകത്തെ നൂറുനൂറു വിഫലതകളും, അന്തമറ്റ നിഷ്ഫലങ്ങളായ ആക്രോശങ്ങളും അപരിമിതങ്ങളായ വേദനകളും വിലാപങ്ങളും ദുർനിവാര്യമായ ആകാംക്ഷയും ബഹിർഗമിക്കുന്നതിനുള്ള മാർഗമാകുന്നു..... ജയിലിൽ നിന്നു പുറത്തു പോകുമ്പോൾ എഴുതാനെന്തെല്ലാം കാര്യങ്ങൾ, എത്രയെത്ര ഇന്റർവ്യൂകളുടെ വിവരണങ്ങൾ, കർത്തവ്യം നിർവഹിക്കുന്നതിന്റെ പ്രതിജ്ഞകൾ, സ്വന്തം ഇഷ്ടത്താലെ ഏറ്റെടുത്ത ആവശ്യങ്ങൾ.... പോകുന്ന ദിവസമണിയിക്കുന്ന പൂമാലകൾ, യാത്രയയപ്പുസമ്മേളനം, പ്രണാമം, നമസ്കാരം, വന്ദനം, ആലിംഗനം, ആവശ്യപ്പെടാതുള്ള പരിചയപ്പെടുത്തൽ, ഘോഷയാത്ര പോലെ ഗേറ്റോളം ചെന്ന് വിട പറയൽ– ഈ ഓരോ കർമവും ജയിലിലെ ചിരാചരിതമായ അംശങ്ങളാണെങ്കിലും ഒന്നിലും ആത്മാർത്ഥതയുടെ കുറവേതുമില്ല. എന്നിട്ടിതിനു ശേഷം? ഇതിനു ശേഷം എന്തുണ്ടാകുമെന്ന് കണ്ണടച്ചുതന്നെ പറയാം. തപാൽ വിഭാഗത്തിലെ അധികാരികൾക്കുപോലും പറയാൻ കഴിയും, നാട്ടിലെ എത്ര പേർ അടുത്ത വർഷം മേൽവിലാസമെഴുതാതെതന്നെ തപാലിൽ കത്തിടുമെന്ന് . വിട്ടുപോകുന്ന തടവുകാർ ഗേറ്റിനു പുറത്തു കടക്കുമ്പോൾത്തന്നെ ജയിലിനകത്തുള്ളവരെ മറക്കുമെന്ന് രാഷ്ട്രീയത്തടവുകാർക്കും നിശ്ചയമുണ്ടാവും... ഞങ്ങളുടെ ഈ ധാരണയെ അസത്യമാക്കിക്കൊണ്ട് ശിശിരൻ ജയിലിന്നു പുറത്തു നിന്ന് ഏട്ടനു കത്തെഴുതി. ഏട്ടൻ ആ കത്തിന്റെ ചില വരികൾക്ക് അടിവരയിട്ടു. ഇപ്പോഴും ഓർക്കുന്നു, ഭൂരിപക്ഷം ആളുകളെപ്പോലെ എന്ന് കരുതരുത് , ജയിലിൽ നിന്നു പോന്ന് ഒരാഴ്ച കഴിഞ്ഞപ്പോഴേക്ക് ഞാനി

താ കത്തയക്കുന്നു; ഇന്നയിന്ന ആളുകൾക്ക് എന്റെ നമസ്കാരം അറിയിക്കൂ.

ഹർദക്കാരൻ ദുബേജിയുടെ പത്നി വൃദ്ധയാണ്. അവരും എനിക്കു നമസ്കാരം പറയുന്നു. അവർ ഏട്ടനെ 'ധാർമിക പുത്രൻ' എന്നാണു വിളിക്കുന്നത്. മഹാദരിദ്രയാണ്. എന്നിട്ടും അന്നൊരു ദിവസം കണ്ടപ്പോൾ ഏട്ടന്റെ കേസിനു കോടതിച്ചെലവിനായി തുണിത്തുമ്പിൽ കെട്ടിവെച്ചിരുന്ന മൂന്നു രൂപ എടുത്തു തന്നു. അവരുടെ രണ്ടു കണ്ണുകളും നിറഞ്ഞു പോയിരുന്നു. ദുബേജിയെക്കാണാതെയാണ് പണം തരുന്നതെന്നു തോന്നി. എന്തുകൊണ്ടങ്ങിനെ തോന്നി? പറയാൻ കഴിയുന്നില്ല. കേസു നടക്കുന്ന കാലത്ത് പണത്തിനു മുട്ടുണ്ടെങ്കിൽ ഞാൻ ഏർപ്പാടു ചെയ്തുതരാം, കുറച്ചു പണം എന്ന് ദുബേജി തന്നെ ഭയസങ്കോചങ്ങളോടെ എന്നോടു പറയുകയുണ്ടായി. അദ്ദേഹം തുടർന്നു, ഭഗവാൻ അപ്രസന്നനാണ്. അതുകൊണ്ടല്ലേ എന്നെയും പത്നിയേയും പിടിക്കാതെ പോയത്? അല്ലായിരുന്നെങ്കിൽ ഞാനുമുണ്ടായിരുന്നില്ലേ പ്രകടനത്തിൽ? എന്റെ കൈയിൽ ആയിരുന്നു എല്ലാത്തിലും വലിയ ത്രിവർണ്ണ പതാക. ഭഗവാന് എന്നെ ജയിലിനു പുറത്തു നിർത്തുവാനാണ് ഇച്ഛയെന്നു വന്ന സ്ഥിതിക്ക് കോൺഗ്രസ്സുകാരനെന്ന നിലയ്ക്ക് ബിലുബാബുവിന്റെ കേസിനു വേണ്ട പണ മുണ്ടാക്കി എന്റെ കടമ നിർവഹിക്കുകതന്നെ വേണം. ഞാൻ ആ സമയം രൂപ വാങ്ങാൻ കൂട്ടാക്കിയില്ല. 'ഞാൻ ഏട്ടന്റെ കേസിന് വാദിക്കാൻ ആഗ്രഹിക്കുന്നില്ല എന്ന് ദുബേജി ഇതിനർത്ഥമാക്കി. അമ്മായി എനിക്ക് കേസിന്റെ ചെലവിനായി എവിടന്നോ മുന്നൂറു രൂപ ഉണ്ടാക്കിത്തന്നതുകൊണ്ടാണ് ഞാൻ പണം വാങ്ങാൻ വിസമ്മതിച്ചത്. ഹരേൻ വക്കീലിനു കൊടുക്കണം എന്നു മാത്രമേ അമ്മായി പറയുകയുണ്ടായുള്ളൂ. ആ സമയത്തെ അമ്മായിയുടെ മുഖഭാവം മിക്കവാറും ദുബേജിയുടെ പത്നിയുടേതിനു സമമായി എനിക്കു തോന്നി. ഇതിനുശേഷം ദുബേജി വക്കീലിന്റെ അടുക്കൽ പോകുന്നതും വരുന്നതും ഞാൻ പലവട്ടം കണ്ടു.

' കുതിരപ്പുറത്ത് ദുബേജി. ചുമന്ന കുതിര ഒന്നു ഞൊണ്ടിക്കൊണ്ടാണു നടപ്പ്, കുതിരപ്പുറത്തുനിന്നിറങ്ങി ദുബേജി കുതിരയുടെ പുറത്തൊന്നു തട്ടി. പുറത്തിട്ടിരുന്ന ചാക്കെടുത്ത്

മാററി കുതിരയെ ഹരേൻ വക്കീലിൻെറ ഗേറ്റിലെ യൂക്കാലിപ്ററസ് മരത്തിൽ കെട്ടി...... ദുബേജി പണം ധാരാളം ചെലവാക്കിയെ ന്നാണു തോന്നുന്നത് . ഞാനും അമ്മായി തന്ന പണം ഹരേൻ വക്കീലിനു കൊടുത്തു. അച്ഛൻെറ സുഹൃത്താണ് ആ വക്കീൽ. എന്നിട്ടും അമ്മായിയുടെ പണം വാങ്ങിയെന്നു മാത്രമല്ല, ദുബേജി കൊടുത്ത തുകയും യാതൊരു ഉളുപ്പുമില്ലാതെ വാങ്ങിവെച്ചു.

ഇതിനുശേഷം ദുബേജിയുടെ പത്നി കാര്യം പറയുക തന്നെ ചെയ്തു. 'എൻെറ സ്വാമി, മോൻെറ കേസിനായി വളരെ വാദിച്ചു. പണം ചളിക്കട്ടപോലെയെടുത്തു ചെലവാക്കി. എന്നിട്ടെന്തു ഫലമുണ്ടായി? വാസ്തവത്തിൽ പോലീസ് ആരുടെ പക്ഷത്താണെന്നു വച്ചാൽ അയാൾക്കാണു ജയം. നിങ്ങൾ പറയുന്നത് പോലീസ് അനുസരിക്കുമല്ലോ. കളക്ടർ നിങ്ങളോടാലോചിക്കാതെ ഒന്നും ചെയ്യാറില്ലെന്നും കേൾക്കുന്നു, നിങ്ങളുടെപാർട്ടിയിലെ നോവേലാലിനെത്തന്നെ നോക്കൂ. ഹർദബസാറിലെ എല്ലാ പീടികക്കാരേയും വല്ലാതെ ബുദ്ധിമുട്ടിക്കുന്നു., പക്ഷെ ഇൻസ്പെക്ടർ ബാബു അയാളുടെ പിടിയിലാണ് . നിങ്ങടെ പാർട്ടിക്കാർക്ക് ഗവണ്മെൻറ് ശമ്പളം കൊടുക്കുന്നുണ്ടെന്നു കേൾക്കുന്നു.' ഇപ്പോഴാണ് , ദുബേജി കാണാതെ രൂപ തന്നതിൻെറ അർത്ഥം എനിക്ക് മനസ്സിലാകുന്നത് . ബിലുബാബു അവരുടെ 'ധാർമ്മിക സന്താന'മാണ് . ഏട്ടനു വേണ്ടി തൻെറ സരളമായ ബുദ്ധിയിൽ ഉചിതമെന്നു തോന്നിയതെന്തോ അതു ചെയ്തു. ഒരു മടിയും കാട്ടിയില്ല. എന്നെ ഇക്കൂട്ടർ പോലീസിൻെറ ആളാണെന്നു വിചാരിക്കുന്നു. അവരുടെ തെറെറന്താണിതിൽ. അവർക്ക് മറെറാരു തരത്തിൽ വിചാരിക്കാനും കഴിയുകയില്ല. നാടാകെയുള്ളവർ ഇങ്ങനെയാണു ചിന്തിക്കുന്നത് . ശുദ്ധഹൃദയയായ ദുബേപത്നി മുമ്പുള്ള പരിചയം വെച്ചു കൊണ്ട് നേരെ നോക്കി ഉള്ളതു പറഞ്ഞു. മൂന്നു രൂപയും മോന്തയിലേക്ക് വലിച്ചൊരേറു കൊടുത്താലോ എന്നു തോന്നി. എന്നാൽ അതടക്കി പറഞ്ഞു, കേസിനു വിധിയായി. ഇനി പണം എന്തിനാണ് ? ഇനി കളക്ടർക്കോ ഗവർണർക്കോ ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന് അവർക്ക് വിശ്വാസം വന്നില്ല. ആ സമയം ഹതാശയായി എൻെറ മുഖത്തേയ്ക്കു നോക്കിയ ആ നോട്ടം കണ്ട് പണം വാങ്ങാതിരിക്കാൻ മനസ്സു വന്നില്ല.

അവർ പറഞ്ഞു, 'ശരി, പണം തരൂ! ഒരു സന്താന ഹീനയായ സ്ത്രീക്ക് അന്യ സന്താനത്തോടു തോന്നുന്ന വാത്സല്യാവേഗത്തിനു മുന്നിൽ എൻെറ യുക്തിയും സിദ്ധാന്തവും തലകുനിച്ചു. എന്നാൽ കേസു വിസ്താരം നടക്കുന്ന സമയം എൻെറ രാഷ്ട്രീയ സിദ്ധാന്തത്തെ കുറഞ്ഞൊന്ന് വഴങ്ങുന്നതാക്കിയാലെന്തായിരുന്നു തരക്കേട് ? ആ സമയം ഞാനൊരു സാധാരണ മനുഷ്യനല്ലായിരുന്നു. ആ സമയം പൊതുജനാഭിപ്രായത്തിനെതിരെ അറിഞ്ഞും അറിയാതെയും പൊതുജനങ്ങൾക്കെല്ലാമെതിരായി തലയുയർത്തിനിൽക്കുകയെന്നതായിരുന്നു, നിന്ദകരേയും വിരോധികളേയും തൻെറ സിദ്ധാന്തത്തിൻെറ ഉറപ്പു കാണിച്ചുകൊടുക്കുകയെന്നതായിരുന്നു പ്രശ്നം. രാഷ്ട്രീയ സിദ്ധാന്തത്തിൻെറ കാര്യം വിട്ടാൽ തന്നെ അവിടെ എൻെറ വാശിയും ഇടയ്ക്കു കയറി സ്ഥാനം പിടിച്ചു. എന്നിൽ സമ്മർദ്ദം ചെലുത്തി എൻെറ രാഷ്ട്രീയാഭിപ്രായം മാററാനുള്ള വിചാരമാർക്കാനുമുണ്ടെങ്കിൽ അത് അത്ര വളച്ചൊടിക്കാവുന്ന ഒന്നല്ല. എൻെറ മനസ്സിൻെറ ആഴത്തിൽ കിടക്കുന്ന ഇക്കാര്യം ജനങ്ങൾ മനസ്സിലാക്കുകയുണ്ടായോ? ദുബേ ഗൃഹിണിക്ക് എന്നെപ്പററിയുള്ളതിനേക്കാൾ എത്രയോ മോശമായ ധാരണയാണ് ജനങ്ങൾക്ക് എന്നെപ്പററിയുള്ളത് . ഇതിനു വ്യക്തമായ തെളിവുകൾ ദിവസവും ഞാൻ കാണുന്നുണ്ട് . അന്നൊരു ദിവസം ഫുട്ബോൾ ഗ്രൗണ്ടിലിരുന്ന് സിഗരററ് വലിച്ചിരുന്ന യുവാക്കൾ ഉറക്കെ ചുമയ്ക്കുന്നത് സൈക്കിളിൽ പോവുകയായിരുന്ന ഞാൻ കേൾക്കുകയുണ്ടായി. തെരുവിലെ ആൺകുട്ടികളും പെൺകുട്ടികളും വിസ്മയത്തോടെയും ജിജ്ഞാസയോടെയും എന്നെ നോക്കുന്നു. കുട്ടിക്കാലത്തെ ചങ്ങാതിയായിരുന്ന സൗരീൻ എന്നെ കണ്ടില്ലെന്നു നടിച്ച് ഒഴിഞ്ഞുമാറാൻ മടിക്കുന്നില്ല.. കൊല്ലുമെന്ന ഭീഷണിക്കത്തുകൾ. ആദ്യം ഞാൻ ഉദാത്ത ഹൃദയനായ ഒരു പിതാവിൻെറ പുത്രനാണെന്ന് ഓർമ്മിപ്പിച്ചശേഷം എൻെറ പിതൃത്വത്തിൽ തന്നെ അവസാന വരികളിൽ സംശയം പ്രകടിപ്പിച്ചിരിക്കുന്നു. അമ്മായിയും കുഞ്ഞേടത്തിയും അത്യാവശ്യകാര്യങ്ങളല്ലാതെ വേറെയൊന്നും എന്നോടു സംസാരിക്കുന്നില്ല. ഡിസ്ട്രിക്ട് ബോർഡിലെ ഒരു മെമ്പർ മറെറാരു മെമ്പറോടു പറയുന്നതു കേട്ടു, 'രണ്ടു സഹോദരന്മാർക്കും സഹദേവൻെറ പെങ്ങളോടു പ്രേമം. ഇതുകൊണ്ടാണത്രേ ഞാൻ

ഏട്ടനെതിരായി കോടതിയിൽ മൊഴി കൊടുത്തത്. അല്ലായിരുന്നെങ്കിൽ മരണശിക്ഷയ്ക്കുള്ള ഒരു കേസിൽ ജ്യേഷ്ഠനെതിരായി മൊഴികൊടുക്കാൻ അനുജന് മനസ്സു വരുമോ?' സരസ്വതിയെപ്പററി ഈ വിധം ഞാൻ ഒരിക്കലും ചിന്തിച്ചിട്ടേ ഇല്ല. ഏട്ടനും ഇതെപ്പററി എന്തെങ്കിലും സൂചിപ്പിക്കുന്ന തരത്തിൽ പെരുമാറുന്നതു കണ്ടിട്ടില്ല. എന്തു കാര്യം? ജനങ്ങളുടെ വായ ആരടച്ചുകെട്ടും?

ജയിലിൽ ഏട്ടന്റെ കേസുവിസ്താരം നടക്കുന്ന കാലത്ത് ഞാൻ സാക്ഷി പറയുന്ന ദിവസത്തെ തിരക്ക് എന്തായിരുന്നു! ജയിലിനകത്തുവെച്ചായിരുന്നു കേസു വിസ്താരം. അത്രയ്ക്കു ചോരക്കൊതിയനായ കുററവാളിയെ തുറന്ന പ്രതിക്കൂട്ടിൽ നിർത്തി വിചാരണ ചെയ്യുകയോ? ഏതാനും ചൗക്കീദാരന്മാർ, ദഫാദാരന്മാർ, പോലീസുകാർ, ഇൻസ്പെക്ടർ എന്നിവരോടൊപ്പം ജയിൽ ഗേററിൽ പോലീസ് വാനിൽ നിന്ന് ഇറങ്ങി. ജനങ്ങളുടെ നേരെ നോക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ അവരുടെ ആക്ഷേപത്തിന്റെയും അധിക്ഷേപത്തിന്റെയും ദൃഷ്ടികൾ എനിക്കനുഭവപ്പെട്ടു. ജനതയുടെ ക്ഷോഭത്തെ ഞാൻ കൂസുന്നില്ല എന്നു കാണിക്കാൻ ഞാൻ ഒരിക്കൽ തലയുയർത്തി നോക്കി. മനസ്സിന്റെ ചാഞ്ചാട്ടം കൊണ്ടാണോ എന്തോ ഏതെങ്കിലും ഒരു വ്യക്തിയുടെ നേരെ മനോവിശ്ലേഷണാത്മക ദൃഷ്ടിയോടെ നോക്കുവാൻ ധൈര്യം വന്നില്ല. മൃഗശാലയിലെ മൃഗങ്ങളെ നോക്കുന്ന മട്ടിലാണ് അന്ന് ജയിൽ വാർഡർമാർ എന്നെ നോക്കിയത്. ജഡ്ജി സായ്പ് പ്രശംസാത്മക ദൃഷ്ടിയോടെ എന്നെ വീക്ഷിച്ചു. ജയിലിലെ പഴക്കം ചെന്ന തടവുകാരിൽ മാത്രമേ താൽപര്യമില്ലായ്മ കണ്ടുള്ളൂ. മററാരുടെ കണ്ണിലും അങ്ങനെയല്ല കണ്ടത്. ജയിലിലെ രാഷ്ട്രീയ തടവുകാരെ അന്നു കാണുകയുണ്ടായില്ല. ഇല്ലെങ്കിൽ അവരുടെ കണ്ണുകളുടെ രൗദ്രത അറിയാൻ കഴിയുമായിരുന്നു. ആ കേസിൽ ഏട്ടനോടൊപ്പം രണ്ടു കുററവാളികൾ കൂടി ഉണ്ടായിരുന്നു. സൂരജ് ദേവും ഹരിശ്ചന്ദ്രനും. ഞാൻ തെളിവു നൽകാൻ എഴുന്നേററപ്പോൾ ഹരിശ്ചന്ദ്രൻ പ്രതിക്കൂട്ടിൽനിന്ന് അലറുംവിധം വിളിച്ചു പറഞ്ഞു, 'ഛീ ഛീ ഛീ', ഞാൻ തിരിഞ്ഞു നോക്കി. അയാളുടെ കണ്ണിൽ തീപ്പൊരി പാറുകയാണ്. അയാളുടെ തീക്ഷ്ണമായ സ്വരത്തിൽ തീവ്രമായ വ്യംഗ്യത്തെക്കാളേറെ നിഷ്ഫലമായ

ആക്രോശമാണുണ്ടായിരുന്നത് . ഒരിക്കൽ ആശ്രമത്തിൽ വെച്ച് ഒരു അണലിയെ കൊടിലു കൊണ്ടു ഞെക്കിപ്പിടിച്ച് ഏട്ടൻറടുക്കൽ കൊണ്ടുപോയതോർക്കുന്നു. ഏട്ടൻ തോട്ടത്തിൽ പണിയെടുക്കുകയായിരുന്നു. പാമ്പിൻെറ വെളുത്ത വയററിലേക്കു നോക്കിയപ്പോൾ ഏട്ടൻെറ കണ്ണിൽ കണ്ട അതേ ഭാവമാണ് ഹരിശ്ചന്ദറിൻെറയും കണ്ണിൽ കണ്ടത് . അദമ്യമായ വെറുപ്പോടെ അയാൾ എൻെറ നേർക്കുനിന്നു മുഖംതിരിച്ചു. ഏട്ടനോ? പ്രതിക്കൂട്ടിൽ ഒരു കമ്പിളിയിലിരുന്ന് ചുകന്ന അട്ടിയുള്ള ഒരു പുസ്തകത്തിൽ കണ്ണും നട്ടിരിക്കുന്നു. മുഖം ഭാവശൂന്യം. ഇതു വാസ്തവത്തിൽ പുസ്തകത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കലല്ല, വേണമെന്നു വെച്ച് അതിൽ നിന്നു കണ്ണെടുക്കാതിരിക്കലാണ് എന്ന് എനിക്കു തോന്നി. കാരണം, ഇല്ലെങ്കിൽ ഹരിശ്ചന്ദറിനെ തടയുമായിരുന്നു. ഇതിനുശേഷം ഗവണ്മെൻറ് വക്കീലിൻെറ വക ഹരിശ്ചന്ദറിന്നെതിരായി ജഡ്ജി സമക്ഷം പരാതി ബോധിപ്പിക്കൽ, ജഡ്ജിയുടെ ശുൺഠി, ഹരേൻവക്കീലിനു നേരെ നോക്കി നീരസം കാട്ടൽ, ഹരേൻ വക്കീലിൻെറ പരിഭ്രമം, അതു മറയ്ക്കാനുള്ള ശ്രമം, അസിസ്ററൻറ് ജയിലർ ഓൺ ഡ്യൂട്ടിക്കും ഇൻസ്പെക്ടർക്കും പാരവശ്യം, പ്രതിക്കൂട്ടിലായിപ്പോയല്ലോ, ഇല്ലെങ്കിൽ നിന്നെക്കാട്ടിത്തരാമായിരുന്നുവെന്ന ഭാവം അവർ തമ്മിൽ കൈമാറൽ— ഈ ചിത്രങ്ങളാകെ കൺമുന്നിൽ തത്തിക്കളിക്കുന്നു. ഹരിശ്ചന്ദർ എന്തും വരട്ടെയെന്നു വെച്ചു പറഞ്ഞു, 'എന്തു ചെയ്യും എന്നെ? കഴുമരത്തിലധികം എന്തു പിണ്ണാക്കു തരും?' വാർഡരും ശിപ്പായിയും പ്രതിക്കൂടു വളഞ്ഞു. ഹരിശ്ചന്ദർ ആ നിലയിൽ നിന്നുകൊണ്ട് എന്നോടു പറഞ്ഞു, "തെണ്ടിനായ". ജഡ്ജി കണ്ണട തുടയ്ക്കുവാൻ തുടങ്ങി. പേഷ്കാർ മുന്നോട്ടാഞ്ഞ് ഹരിശ്ചന്ദറിനോട് എന്തോ പറയാൻ ചെന്നു. ഏട്ടൻെറ കണ്ണുകളുമായി അയാളുടെ നോട്ടം ഇടഞ്ഞു. ഏട്ടൻെറ കണ്ണുകളിൽ പ്രാർത്ഥനാഭാവം. ഹരിശ്ചന്ദർ, ഇനി മിണ്ടാതിരിക്കൂ എന്നു പറയുന്നപോലെ. അതൊരു കാഴ്ചയായിരുന്നു. ഹരിശ്ചന്ദർ മിണ്ടാതായി. കേസ് വിചാരണ തുടങ്ങി.

കട്ടക്കൽനിരത്തിൽ ഒട്ടേറെ ചെരുപ്പുകളുടെയാരവം ഇരുട്ടത്ത് വഴിയിലെ ഒന്നും കണ്ടു കൂടാ. അകലെ വാർഡർമാരുടെ നീണ്ട ബാരക്കുകളുടെ വരാന്തയിൽ കറുത്ത

ഷേഡുകളുള്ള ബൾബുകൾ. ബാരക്കിൽ വാർഡർമാരുടെ വക തപ്പും കൈമണിയും കൊട്ടിക്കൊണ്ടുള്ള ഭജന നടക്കുന്നു. അതിൻെറ ചെകിടടയ്ക്കുന്ന ശബ്ദം ചെവിയിൽ വന്നലയ്ക്കുന്നു. തത്തിത്തത്തി വരുന്നുവെന്നു പറയുക വയ്യ. പതിവുപോലെ തുളച്ചുകയറുന്നു. എന്നാൽ ആ ശബ്ദത്തെ മെതിച്ചുകൊണ്ട് ക്രമേണ അരികിൽ വന്നു കൊണ്ടിരുന്ന ചെരുപ്പുകളുടെ ശബ്ദം ജയിൽഗേററിലെത്തി. വാർഡർമാരുടെ ഒരു കമ്പനി എത്തിയിരിക്കുന്നുവെന്നു കണ്ടു. മിക്കവരുടെയും കാലിൽ മഞ്ഞനിറമുള്ള കാബൂളി സാൻറൽ. രണ്ടു പേരുടെ കാലിൽ പഴക്കംചെന്ന ബൂട്ടുകൾ. യുദ്ധം കാരണം ബൂട്ടും ചെരുപ്പും കിട്ടുന്നില്ലായിരിക്കും.

ജയിൽ ഗേററിലെ രണ്ടാം നിലയിൽ ഒരു വാർഡർ മണിയടിച്ചു. പതിനൊന്നിൻെറ മണി. ഒന്നിച്ച് 'ടൺ ടൺ' എന്ന് രണ്ടു തവണ അയ്യഞ്ച്. പിന്നെ ഒന്ന്. ഇതിനിടെ രണ്ടു മണിക്കൂർ കഴിഞ്ഞിരിക്കുന്നു. പത്തെപ്പോഴാണ് അടിച്ചത് ! അറിഞ്ഞേ ഇല്ല. ഗേററിൽ വാർഡർമാർ എന്നെ നീരസത്തോടെ നോക്കുന്നു— എവിടന്നെത്തി ഇങ്ങനെയൊരു കോലം എന്ന ഭാവത്തിൽ. ഒരുത്തൻ എന്നോടു തീപ്പെട്ടിയുണ്ടോ എന്നു ചോദിച്ചു. ഞാൻ പറഞ്ഞു, ഇല്ല. അപ്പോഴത്തേക്ക് അകത്തുള്ള വാർഡർ താഴു തുറന്നുകൊടുത്തു. എല്ലാവരും ബഹളംകൂട്ടിക്കൊണ്ട് അകത്തേക്കു കടന്നു. അവിടെ ഹാജരെടുത്തു.

ഗേററ് വാർഡർ ചിരിച്ചുകൊണ്ടു ചോദിച്ചു, വല്ല നിരോധിക്കപ്പെട്ട സാധനവും അകത്തേക്കു കടത്തിക്കൊണ്ടു വരുന്നില്ലല്ലോ, ഉവ്വോ?

ഒരുവൻ പറഞ്ഞു, തപ്പി നോക്കിക്കോളൂ സാർ!

സുബേദാർ പറഞ്ഞു. കേമമായി. എന്നിട്ട് ഞാൻ അശുദ്ധമായിപ്പോയി കുളിച്ചോട്ടെ, അല്ലേ? നിങ്ങളെ എനിക്കറിയാം. നിങ്ങൾ യൂണിഫാറത്തിൻെറ കീശയിലല്ല സാധനങ്ങൾ വെയ്ക്കുന്നത് .

രജിസ്ററററിൽ പേർ ചേർത്തു കഴിഞ്ഞപ്പോൾ ജയിലിൻെറ അകത്തെ വാതിൽ തുറന്നു. മലക്കെയല്ല. ഗേററിൻെറ

ഒരു വാതിലിലെ നടുക്കുള്ളത് . ഓരോരുത്തരായി, ഒരാളൊഴികെ എല്ലാ പുതിയ വാർഡർമാരും പാസേജിലെ തെളിഞ്ഞ പ്രകാശത്തിലൂടെ ജയിലിനകത്തെ ഇരുട്ടിൽ ലയിച്ചു. ഗേററിലെ ജമാദാർ വാതിലടച്ചു പൂട്ടി. ഒരു വലിയ വളയത്തിൽ നൂറിലേറെ താക്കോലുകൾ. പൂട്ടിക്കഴിഞ്ഞ് അലസഭാവത്തിൽ താഴൊന്നു വലിച്ചു നോക്കി. ശരിക്കു പൂട്ടിയില്ലേ? ആ താഴിൽ തട്ടിനോക്കൽ റിഫ്ളക്സ് ആക്ഷൻ പോലെ തോന്നി. പിന്നീട് ഞാനിരിക്കുന്ന ഇടത്തിനെതിരെയുള്ള വാതിൽക്കൽ വന്നുനിന്നു. ഗേററിനു പുറത്തുള്ള തോക്കുധാരിയായ സെൻട്രി മാറി. ആദ്യമുണ്ടായിരുന്നവൻ ഗൗരവക്കാരനായിരുന്നു. ഇവൻ മറെറാരു പ്രകൃതക്കാരൻ. പുറത്തു നിൽക്കുന്ന സെൻട്രിയോട് അകത്തെ ജമാദാർ വാസനപ്പുകല ചോദിച്ചു. അവൻ എന്തൊക്കെയോ 'കുശുകുശു'വെന്നു സംസാരിച്ചു. എന്നെപ്പററിയാവും. ഗേററിനകത്ത് പുതിയതായി വന്നവരിൽ ശേഷിച്ചിരുന്ന വാർഡർ സുബേദാരിനോടു എന്തോ പറഞ്ഞു കൊണ്ടു നിൽക്കുന്നു. സുബേദാർ ഒരു ഉയർന്ന സ്ററൂളിലിരുന്ന് ഒരു നോട്ടു ബുക്കു കൊണ്ടു വീശുന്നു. എന്തോ കൊടുക്കൽ വാങ്ങലിനെപ്പററിയോ ജയിലിൽനിന്നു ഗോഡൗണിലുള്ള വല്ല സാധനവും കടത്തുന്നതിനെപ്പററിയോ ആയിരിക്കണം. വല്ലതും മോഷ്ടിച്ചു പുറത്തേക്കു കടത്തുവാൻ ഒരുവൻ മാത്രം വിചാരിച്ചാൽ പററില്ല. ചങ്ങലയിലെ കണ്ണികൾ എല്ലാം ഇണങ്ങിയില്ലെങ്കിൽ അവിഹിതമായ ഒന്നും ചെയ്യുവയ്യാത്ത തരത്തിലാണ് ജയിലെന്ന യന്ത്രം പണിതുവെച്ചിട്ടുള്ളത് . തിന്നോ. പക്ഷേ ഒത്തു ചേർന്നു തിന്നോ. താഴത്തെ കിടക്കാരനെ കണ്ടില്ലെന്നു നടിക്കരുത് .

'ടൺ,ടൺ' എന്നു കളക്ട്രേററിലെ ടവറിൽ മണി പതിനൊന്നടിച്ചു. എല്ലാ ജയിലുകളിലെയും മണി പന്ത്രണ്ടു മിനിട്ടു മുമ്പായിട്ടാണു ഞാൻ കണ്ടിട്ടുള്ളത് . ജയിലിന്നു മുമ്പിൽ നിരത്ത് . അതിനിരുവശവും ജയിൽവേലക്കാരുടെ ക്വാർട്ടേഴ്സ് . കർട്ടനിട്ടിട്ടുള്ള ജനലിനകത്ത് അവിടവിടെ പ്രകാശം കാണപ്പെടുന്നു. അവയിലൊരിടത്ത് ഇരുട്ടിൽ പെട്ടെന്ന് ഒരു ചതുരൻ പ്രകാശം തിളങ്ങി. ഒരു ക്വാർട്ടറിൻെറ വാതിൽ തുറന്നു. പ്രകാശരശ്മികൾ പുറത്തേക്കൊഴുകി. സരള രേഖയിൽ ഒരു ആലോകമയമായ ട്രപ്പീസിയം. ചട്ടത്തിൻെറ ഭാഗത്തുള്ള ഭുജം ചെറുത് . റെയിൽ ലയിനിൻെറ

രണ്ടു സമാന്തര രേഖകളും അകലത്തെത്തുമ്പോൾ ഒന്നായി ത്തോന്നിക്കുന്ന വിധം. ഒരു രൂപം വാതിൽക്കലൂടെ പുറ ത്തേക്കു വരുന്നു. ഒരു 'സിൽഹട്ട് ' വാതിൽക്കൽ വരെ വന്ന് കുറച്ചു നേരം നിന്നു. മറേറ രൂപം വാതിൽ അടച്ചു. അയാളുടെ ഗൃഹസ്ഥാശ്രമത്തിലെ വെളിച്ചം ജയിൽപ്രദേശ ത്തെ ഇരുട്ടകറ്റാനെന്തിനാണു ശ്രമിക്കുന്നത് ? വാതിൽ ആ പ്രകാശത്തെ തൻെറ സീമിതമായ മണ്ഡലത്തിൽ ചുരുട്ടിവെ യ്ക്കുന്നതിനുള്ള ഒരു യന്ത്രമാണെന്നു തോന്നും. ലുങ്കിധാരി യായ ജയിൽ ഡോക്ടർ, ജയിൽ ഗേററിനരികിലെത്തി. ഇട്ടി രിക്കുന്നത് ബനിയൻ. വെററില ചവയ്ക്കുന്നു. കവിളിനുള്ളിൽ മുറുക്കാൻ വെച്ചുകൊണ്ടിരുന്നാൽ വാസ്തവത്തിൽ കാൻസർ വരുമോ? ഷർട്ടും കാക്കി ഹാഫ് പാൻറും ധരിച്ചിരിക്കുന്നു. ചില തുണികൾ തോളിലിട്ടിരിക്കുന്നു. നടക്കുമ്പോൾ കാൽ രണ്ടും മുമ്പോട്ടെറിഞ്ഞുകൊണ്ടാണ് നീങ്ങുന്നത് . സെൻട്രി പെട്ടെന്ന് അറെൻഷനായി നിന്നു. അയാളുടെ കാമ്പളി സാൻറൽ എത്ര നാൾ നിൽക്കും? സെൻട്രി സലാം വെച്ചു. അകത്തെ വാർഡർ സലാം പറഞ്ഞ് പൂട്ടു തുറന്നു. ഡോക്ടർ തലയൊന്ന് ആട്ടി അകത്തു കടന്നു. ഗേററിൻെറ വാതിൽ അടഞ്ഞു. സൂബേദാർ സ്ററൂളിൽ ഇരുന്നുകൊണ്ടുതന്നെ ഡോക്ടരോടു ചോദിച്ചു, തോളത്തിട്ടിരിക്കുന്ന വസ്ത്രങ്ങൾ എന്തിനുവേണ്ടി?

ഡോക്ടർ പറഞ്ഞു, ഡ്യൂട്ടി ആശുപത്രിയിലാണ് . എന്നാ ലും അറിയില്ലല്ലോ പുലരുമ്പോഴേക്കും ഡോക്ടർ, ഓഫീസർ മാർ ആരൊക്കെയാണു വരുകയെന്ന് . ആ സമയത്ത് ആവ ശ്യമായി വന്നാലോ? ആ സമയം ഈ ലുങ്കിയുമായി സായ്പ ന്മാരുടെ മുമ്പിൽ പോകാനൊക്കുമോ? പക്ഷേ തൂക്കിലിടുന്ന സമയം ഡ്യൂട്ടി വലിയ സായ്പിനാണ് . എനിക്കല്ല. എന്നാലും ആർക്കറിയാം എപ്പോഴാണാവശ്യം വരികയെന്ന് . പോരെ ങ്കിൽ ഈ സഹിക്കവയ്യാത്ത ചൂടും.

ഡോക്ടറുടെ വർത്തമാനത്തിൽ ഒരു കൊഞ്ചൽ പോലെ. സൂബേദാറോട് അയാൾ ബഹുമാനത്തോടെ സംസാരിക്കുന്നു. കാരണം, സൂബേദാർ മുഷിഞ്ഞാൽ ജയിലിൽനിന്നു വിശുദ്ധ മായ പാൽ കിട്ടുന്നതു മുടങ്ങും. കുട്ടികൾ പാൽ കുടിക്കാതെ ചടച്ചു മെല്ലിച്ചുവരും. ആസ്പത്രിയിൽ എത്തുന്ന മാംസത്തി

ൻെറ ഒരംശം കിട്ടുന്നതും കുന്തമാവും. മണ്ണെണ്ണ പണം മുടക്കി മാർക്കററിൽ നിന്നു വാങ്ങേണ്ടതായും വരും. കൂടാതെ തൻെറ മാസ്പ്പടിയുടെ ഒരു ഭാഗമായി ഡോക്ടർ ഇപ്പോൾ കണക്കാക്കി കഴിഞ്ഞിരിക്കുന്ന എത്രയോ സാധനങ്ങൾ നാളെ ത്തൊട്ടു ഗോപിയാകും? ആസ്പത്രിയിലെ കൊതുകുവല, കിടക്കവിരി, പഞ്ഞി, പഞ്ചസാര, പഴകിയ അരി എന്തെല്ലാം ആവശ്യങ്ങളാണു ദിവസവും ഉള്ളത് . രാവിലെ പുറത്തെ കമാൻറിൽ പ്രവർത്തിക്കുന്ന ഗാംഗ്മാന്മാരിൽ ഒരുവൻ ഡോക്ടറുടെ പതിക്കുവേണ്ട പൂജാപുഷ്പങ്ങൾ വാങ്ങി ക്കൊടുക്കുന്നു. പൂവിൻെറ കൂട്ടത്തിൽ ഒരു കൂവളക്കായയും ചെറുനാരങ്ങയും. കുട്ടികൾ നിത്യവും കൂവളക്കായ തീയിൽ ചുട്ടു തിന്നുന്നു. പിന്നെ ഡോക്ടർ. അയാൾ ജയിൽപ്പണി നോക്കിനോക്കി ചികിത്സാ ശാസ്ത്രം മറന്നിരിക്കുന്നു. നിത്യവും നിശ്ചിതങ്ങളായ ഒരേ പണികൾ—കണക്ക് , പേർ, ഫയൽ, കച്ചേരി, തൂക്കം നോക്കൽ, റിട്ടേൺ അയയ്ക്കുക, സായ്പി നൊപ്പം ചുററുക, ആസ്പത്രി മേററുകൾ തൊട്ടങ്ങോട്ട് എല്ലാ വരുമായും രമ്യമായി പെരുമാറുക... ഇതിനൊക്കെയിടയ്ക്ക് ഡോക്ടർ പണിക്ക് സമയമെവിടെ? അന്നൊരിക്കൽ ജയിലിൽ വെച്ച് ഡോക്ടർ എന്നെക്കൊണ്ട് ഒരു റിട്ടേൺ എഴുതിച്ചു. ആ ഡോക്ടറുടെ പേർ നരേൻ എന്നായിരുന്നുവെന്നാണ് ഓർമ. റിട്ടേണിലെ ഒട്ടേറെ വിഷയങ്ങളിൽ ഒന്ന് സ്പെലീനിക് ഇൻഡക്സ് ആയിരുന്നു. അതിൻെറ കണക്ക് എങ്ങനെ കൂട്ടണമെന്ന് എനിക്കു നിശ്ചയമുണ്ടായിരുന്നില്ല. ഡോക്ട രോടു ചോദിച്ചു നോക്കി. അയാൾക്കും അറിയില്ല. അയാൾ പറഞ്ഞു, 'പോട്ടെ വിട്ടുകളയൂ— ഞാൻ കഴിഞ്ഞ കൊല്ലത്തെ റിട്ടേൺ നോക്കി ഉദ്ദേശംവച്ച് എഴുതിക്കോളാം'.

ജയിൽഗേററു കടന്ന് അകത്തെത്തുമ്പോൾത്തന്നെ ചുവരിൽ, വലതുവശത്തായി, ഒരു ബ്ലാക്ക്ബോർഡ് . റെ യിൽവെ സ്റേറഷനിൽ ടൈം ടേബിൾ എഴുതിവെയ്ക്കുന്ന പലക പോലെ തന്നെ. അതിൽ ഈ ജയിലിൽ എത്ര തട വുകാരുണ്ട്, അവരിൽ അണ്ടർ ട്രയൽ എത്ര എന്നെഴുതിവെ ച്ചിരിക്കുന്നു. എല്ലാത്തിനുമടിയിൽ ഇന്നത്തെ ഡ്യൂട്ടിക്കാരൻ ഡോക്ടറുടെ പേർ.

ഡോക്ടർ ചോക്കു കഷ്ണമെടുത്ത് തൻെറ പേരെ

ഴുതി— ഒമ്പതു മണി തൊട്ടു ഡ്യൂട്ടിയിൽ പ്രവേശിച്ചുവെന്നും. പിന്നെ ചിരിച്ചുകൊണ്ടു പറഞ്ഞു, ഓഫീസിൽ ഫാനുണ്ടല്ലോ. നിങ്ങൾക്കില്ലാത്തതെന്തേ?

സുബേദാർ പറഞ്ഞു, 'തലയിലെഴുത്ത് ' എന്നിട്ടയാൾ കപാലം കാട്ടിക്കൊടുത്തു. നെററിയിൽ ഒത്ത നടുക്കുതന്നെ കണക്കിലധികം ഉന്തിനിൽക്കുന്ന ഒരു ഞരമ്പ് . ഇത്ര അകലെ നിന്നുതന്നെ ഞാനതു കണ്ടു.

ജിതേനേട്ടന്റെ ഉപനയനസമയത്ത് അമ്മായിയുടെ കിടക്കയിൽക്കിടന്നുകൊണ്ട് ഒരു ദരിദ്രനായ നെയ്ത്തുകാരന്റെ കഥ കേൾക്കയുണ്ടായി. നെയ്ത്തുകാരന്റെ നെററിയിൽ രാജതിലകത്തിന്റെ ശുഭലക്ഷണങ്ങളുണ്ടായിരുന്നു. ഇതിനുശേഷം ആരെക്കണ്ടാലും അയാളുടെ തലയിലേക്കു സൂക്ഷിച്ചു നോക്കും. ഞാനും ഏട്ടനും ഒരു ദിവസം വിരൽ കൊണ്ടു തിരുമ്മിത്തിരുമ്മി തൊലി ചീന്തിക്കളഞ്ഞുവെന്നു തന്നെ പറയാം. നെററിയിൽ പൊട്ടുതൊട്ട പോലുള്ള ഒരു പാടും ഉണ്ടായി. അമ്മയുടെ ശകാരവും അയലത്തുള്ളവരുടെ കളിയാക്കലും ഭയന്നു കുറെനാൾ പുറത്തിറങ്ങാതെ കഴിച്ചു.

വാതിൽ തുറന്നു. ഡോക്ടർ അകത്തു കടന്നു. അകത്ത് തുറന്ന വാതിൽക്കലൂടെ പല ചെരുപ്പുകളുടെയും ശബ്ദം കേൾക്കുന്നു. ജയിലിനകത്തുനിന്ന് വളരെപ്പേർ മാർച്ചു ചെയ്ത് ഗേററിലേക്കു വരികയാണെന്നു തോന്നുന്നു. വാതിൽ വീണ്ടും അടഞ്ഞു. എന്നാൽ ഏതാനും നിമിഷങ്ങൾക്കകം തന്നെ വാതിൽക്കലെ ആറിഞ്ചു വലുപ്പമുള്ള ഗവാക്ഷം തുറന്നു. ആരോ ഭോജപുരി ഭാഷയിൽ വാതിൽ തുറക്കാൻ പറഞ്ഞു. വീണ്ടും വാതിൽ തുറന്നു. വാർഡർമാർക്ക് വാതിൽ തുറക്കാനും അടക്കാനുമേയുള്ളൂ സമയം. ഇതിലവർക്കു മടുപ്പും തോന്നുന്നില്ല. ഇപ്പോഴാണ് ഡോക്ടർക്ക് അകത്തേക്കു കടക്കാൻ വാതിൽ തുറന്നു കൊടുത്തത് . ആ സമയംതന്നെ കാലൊച്ച കേട്ട് ചിലർ വാതിൽക്കലേക്കു വരുന്നുണ്ടെന്നു തോന്നി. കുറച്ചു നേരവും കൂടി വാതിൽ തുറന്നിട്ടാൽ കഴിഞ്ഞു. ഈ ഇരട്ടിപ്പണി ഒഴിവാക്കാം. ഇവർ യന്ത്രം പോലെ പണിയെടുക്കുന്നത് ജയിൽനിയമമായതുകൊണ്ടോ അതോ ശീലമായതുകൊണ്ടോ? വാതിൽ തുറക്കുന്നതിനുമുണ്ട് ,

വിചിത്രമായ ചില നിയമങ്ങൾ. ജയിൽ ഗേററിനു നടുവിൽ രണ്ടു വാതിലുകൾ. ഒന്നു ഞാനിരിക്കുന്നതിൻെറ മുമ്പിൽത്തന്നെ. മററൊന്ന് ഗേററിൽനിന്നു പത്തുപന്ത്രണ്ടടി അകത്തേക്കു കടന്നിട്ട് . രണ്ടു വാതിലുകളുടെയും നടുവെ ഒരു ഹാളു പോലെ ആയിട്ടുണ്ട് . ജയിലിനകത്തെ പ്രവർത്തന കേന്ദ്രം ടവർ തന്നെ. ജയിലിനു പുറത്തുള്ള പ്രവർത്തനകേന്ദ്രം ഈ ഒഴിഞ്ഞ സ്ഥലവും. നാലു കാളവണ്ടികൾ ഇഷ്ടികയുമായി അകത്തേക്കു പോകാൻ ഭാവമുണ്ടെന്നു വിചാരിക്കുക. പുറത്തെ വാതിൽ തുറക്കും. രണ്ടു വണ്ടികൾ കടത്തിവിടും. പുറത്തെ വാതിലടയ്ക്കും. അകത്തെ വാതിൽ തുറക്കും. വണ്ടി അകത്തേക്കു കടത്തിവിടും. അകത്തെ വാതിൽ അടയ്ക്കും. വീണ്ടും വരും. മുൻവശത്തെ വാതിൽ തുറക്കും. ബാക്കി രണ്ടു വണ്ടികളും അകത്തേക്കു വിടും. രണ്ടു വാതിലുകളും തുറന്ന് ഒന്നിച്ചു വണ്ടികൾ കടത്തി വിട്ടാൽ എന്തനർത്ഥമാണാവോ സംഭവിക്കുക!

അകത്തുള്ള വാർഡർമാർ കലപിലയുണ്ടാക്കുന്നു. വല്ല വാർഡർമാരോടും ഡെത്ത് സെല്ലിൽ ആരുടെ ഡ്യൂട്ടിയാണെന്നു ചോദിച്ചാലോ? ഏട്ടൻ ഇപ്പോൾ സെല്ലിൽ എന്തു ചെയ്കയാണെന്ന് അറിയാമായിരുന്നു. വേണ്ട, വിടൂ. എന്തു വിചാരിക്കുമാവോ? ഒരു സമയം എന്നെ കളിയാക്കും. ഞാൻ എതിർമൊഴി കൊടുത്തത് അയാൾക്കറിവുണ്ടാവും.

എല്ലാവരും ബാരക്കിലെത്താൻ തിരക്കിടുന്നു. രാത്രി കുറെയായി. ഒരു രജിസ്റ്ററിൽ പേർ എഴുതപ്പെട്ടു. ഒരു വാർഡർ ഉയർന്ന ഡെസ്കിൻെറ അടിയിലേക്കു കൈ കടത്തി സൂബേദാരിന് എന്തോ കൊടുത്തെന്നു തോന്നുന്നു. ആരും കാണാതെ വേണമെന്നാണല്ലോ വെയ്പ് . ഓരോരുത്തരായി എല്ലാവരും പുറത്തേക്കു പോകുന്നു. അവരിൽ കുറച്ചു വെളുത്ത ഒരു ചെറുപ്പക്കാരൻ വാർഡറെ വിളിച്ച് സൂബേദാർ തലപ്പാവ് അഴിക്കാൻ പറഞ്ഞു. സൂബേദാർ അയാളുടെ അര, ഹാഫ് പാൻറ് തുടങ്ങിയവ തപ്പിനോക്കി. ഒന്നും കിട്ടിയില്ല. പുറത്തേക്കു പോകുംവഴി അയാൾ പിറുപിറുത്തു. വൈരം മുഴുവൻ എന്നോട് . സൂബേദാറിൻെറ വിചാരം, ഞാൻ ഹെഡ് വാർഡറിൻെറ ഗ്രൂപ്പുകാരനാണെന്നാണ് . അന്യോന്യം മീശക്കാർ തമ്മിൽ സമരം, ശല്യപ്പെടുത്തുന്നതു

മുഴുവൻ ഞങ്ങളെയും. നിൽക്ക് നിൽക്ക് , ജയിലറോടു പറഞ്ഞ് ഞാനിതിനൊരറുതി വരുത്തിയേക്കാം. അതു കൊണ്ട് എന്റെ പണി കുമ്പിളിലായാലും കൊള്ളാം, ഇല്ലെങ്കിലും കൊള്ളാം. ഞാൻ തരിമ്പും കൂട്ടാക്കുകയില്ല.

അതു കഴിഞ്ഞ് ഒരു അറയ്ക്കുന്ന ശകാരവാക്കു കൊണ്ടു പൂജിച്ചിട്ടു പറഞ്ഞു, "മിണ്ടാതിരുന്നത് ഈ പിച്ചപ്പണിക്കുവേണ്ടിയാന്നാ വിചാരം" ഭജനയുടെ തുടർച്ചയായ വിളിച്ചലറൽ. ഒറ്റ വാക്കും പിടികിട്ടുന്നില്ല. ഇടക്കിടയ്ക്ക് രാമാ ഹേ രാമാ! എന്നു മാത്രം. കുട്ടിക്കാലത്ത് പഠിച്ച ഒരു കവിതയുടെ വരി— 'ദർ വാൻ രാമാ ഹോ!' എന്നാണ് . കവിത ഓർക്കുന്നില്ല. ആദ്യം തുടങ്ങുന്നത് 'ദോർഹോലോ ഖുകുമണിജാ ഗോ' (പ്രഭാതമായി, ഓമനക്കുട്ടാ ഉണരൂ) എന്നോ മറ്റോ ആണെന്നു തോന്നുന്നു.

ജിതേൻ ഏട്ടൻ, അമ്മായിയുടെ മൂത്ത മകൻ —പെട്ടിയിൽ നിന്നു പണം മോഷ്ടിച്ചെടുത്ത് ധാരാളം പുസ്തകങ്ങൾ വരുത്തിച്ചിരുന്നു. കൽക്കത്തയിൽ നിന്നു പുസ്തകക്കെട്ടു വന്നപ്പോൾ കള്ളിവെളിച്ചത്തായി. ജിതേൻ ഏട്ടൻ വീട്ടിൽ നിന്നോടി ഞങ്ങളുടെ ആശ്രമത്തിൽ രണ്ടു ദിവസം തങ്ങി. അമ്മായി പറഞ്ഞു, 'അവനെ ഇനി പുരയ്ക്കകത്തേക്കു കടത്തില്ല. ആ പുസ്തകങ്ങളിൽ നിന്നു രണ്ടെണ്ണം അമ്മായി ഞങ്ങൾക്കെടുത്തുതന്നു. അതിലൊരു പുസ്തകത്തിലെ കവിതയാണത് . ജിതേൻ ഏട്ടൻ ഇങ്ങനെ പണപ്പെട്ടിക്കു തുരങ്കം വെച്ചു പുസ്തകങ്ങൾ വരുത്തിയിട്ടുള്ളതിന് ഒരവസാനമില്ല. ബാറ്റ് മിൻറൻ സെറ്റ്, കാരം ബോർഡ് , ഫുട്ബോൾ പമ്പ് — എന്തെല്ലാം ഓരോന്നു പാർസലായി വരുത്തിയിട്ടുണ്ടെന്നതിനും അറുതിയില്ല. ഓരോ കാലത്ത് ഓരോ കളിയോടാണ് ഭ്രമം. ഒരു കളിയിലും കഴിച്ചുകൂട്ടാവുന്ന പ്രാവീണ്യം നേടുവാൻ കഴിഞ്ഞതുമില്ല. ആ ജിതേൻ ഏട്ടൻ ഇന്നെന്തൊരു ഗൗരവഭാവക്കാരനായിരിക്കുന്നു. കൺട്രാക്ട് കൊണ്ട് എന്തുമാത്രം സമ്പാദിച്ചു! ഞങ്ങളെ—അതായത് ദരിദ്രരായ പ്രവർത്തകരുണ്ടല്ലോ രാഷ്ട്രീയരംഗത്ത് , അവരെ —പുച്ഛത്തോടെയാണു നോക്കുന്നത് . വേണമെന്നുണ്ടായിരുന്നെങ്കിൽ ഞങ്ങൾക്ക് അങ്ങോരെക്കാൾ ഏറെ പണം സമ്പാദിക്കാമായിരുന്നുവെന്ന് ധരിപ്പിക്കാനാരു മെനക്കെടുന്നു? നത്തിങ് സക്സീഡ് ലൈക്

സക്സസ് .

അകത്തെ വാതിലിൻെറ ആ ചെറുഗവാക്ഷം നീങ്ങി. ആരോ വാർഡറോട് എന്തോ പറഞ്ഞു. ഇരുട്ടത്ത് ആ മനുഷ്യൻെറ മുഖം കാണാൻ കഴിഞ്ഞില്ല. ആലീബാബക്കഥയിലെ ഗുഹ, ചിച്ചിങ് ഫാക് . ആലീബാബയുടെ ഗുഹയ്ക്ക് കുന്നുകുന്നായി പൊന്നും പണവും തരാൻ കഴിയുമെന്നല്ലാതെ മററെന്തു തരാൻ കഴിയും? എന്നാൽ ഈ ഗേററ് തുറന്നുകിട്ടിയാൽ എത്രയെത്ര ജീവന്മൃതന്മാർ വീണ്ടും ഉയിർത്തെഴുന്നേറേറക്കാം.

ജയിലിൻെറ പ്രാചീരത്തിൽ മാത്രമല്ല, അതിനകത്തും വേണ്ടത്ര ഒഴിഞ്ഞ ഇടങ്ങളുണ്ട് . അവിടെ നല്ല ശുദ്ധവായു കിട്ടുന്നു. ചുരുങ്ങിയത് ഒരു സാധാരണ ഗൃഹസ്ഥൻെറ അങ്കണത്തെക്കാൾ വലിയതാണ് ജയിൽ മുററം. എന്തു കാര്യം? ജയിലിനകത്ത് പൂന്തോട്ടം, വേപ്പിൻെറ അവന്യൂ, നിഴൽ നീളെ വിരിച്ചുനിൽക്കുന്ന അരയാൽ, പേരാൽ ഒക്കെയുണ്ടായിട്ടെന്തു ഫലം? അന്തരീക്ഷമാകെ വിവാദങ്ങൾ നിറഞ്ഞത് . പ്രാണ ഹീനം, കഠോരം, ക്ലേദമയം. പരിസരം എങ്ങനെ വീർപ്പുമുട്ടിക്കുന്നു! ഓളിവർ ലാജ് , ലെഡ് വെറ്റർ, കാനൽ ഡോയൽ എന്നിവരൊക്കെ ഫിസിക്കൽ ഫിസാമിനയെപ്പററി എത്ര കൃത്യമായി പറഞ്ഞിരിക്കുന്നു. ഗംഭീരമായ ചിന്തനത്തിനും ആശയക്കുഴപ്പത്തിനുമിടയ്ക്ക് നാം ചിന്തകന്മാരെ മറന്നു പോകയാണോ? തോലും കുരുവും വേർപെടുത്തിയെടുക്കാൻ, മുഴുത്തതും പൊട്ടയും അറിയാൻ കഴിവുള്ളതാണോ ഇന്നത്തെ നമ്മുടെ ചിന്തനസമഷ്ടി? ഇതുകൊണ്ടാണോ ഏതെങ്കിലും പഴകിയ ഭവനത്തിലേക്കു കടന്നുചെല്ലുമ്പോൾ ദേഹത്തിനൊരു കിരുകിരുപ്പ് ?

അകത്തുനിന്നു വന്നയാൾ ആസ്പത്രി കമ്പൗണ്ടരായിരുന്നു. ഈ ശ്രീമാൻ ഒരു കമ്പക്കാരനാണ് . കൈയിൽ ഒരു റാന്തൽ. പാമ്പിനെ ഭയന്നിട്ടാണോ? വാസ്തവത്തിൽ ജയിലിൽ വരുന്ന സമയം മൂപ്പർ റാന്തൽ കാലിയാക്കി കൊണ്ടുവരുന്നു. പുരയിലേക്കു മടങ്ങുമ്പോൾ റാന്തൽ നിറയെ മണ്ണെണ്ണ. എല്ലാവർക്കുമറിയാം. എല്ലാവരും എന്നും കാണുന്നതാണ് . ആരും ഒന്നും മിണ്ടാറില്ല. ഇങ്ങനെ അല്ലറ ചില്ലറ

സാധനങ്ങൾ കിട്ടുന്നതെല്ലാം അയാൾ പുറംവരായ്കയായിട്ടല്ല കണക്കാക്കുന്നത് , അയാളുടെ ശമ്പളത്തിൽപ്പെട്ടതായിട്ടാണ് . ശമ്പളം ഇരുപത്തഞ്ചു രൂപ ആണെന്നു തോന്നുന്നു. പക്ഷേ ഉടുക്കുന്ന തുണികൾക്കും ചെരുപ്പിനും മററുമായി എവിടന്നു കിട്ടുന്നു ഈ പണമെല്ലാം. ഡോക്ടരുടെ പുറം വരുമാനത്തിൽ പങ്കാളിയാണെന്നു പറയേണ്ടതില്ല. 'എന്തേ? കമ്പൗണ്ടർ സാറിന് ഇന്നെന്താണിത്ര അമാന്തം?' സുബേദാർ സഹാനുഭൂതി പ്രകടിപ്പിച്ചു.

'അതെ സുബേദാർസായ്പേ! ജയിലിലെ പണി സ്വീകരിച്ചത് എത്ര വലിയൊരു അബദ്ധമായിപ്പോയെന്നു പറയാതിരിക്കയാണു ഭേദം. ഒരു മിനിട്ടിനുമില്ല ഒഴിവ് . കാലത്തു വന്നതാണ് . ഇപ്പോൾ മണി പന്ത്രണ്ട് . ഉച്ചയ്ക്ക് വല്ലതും ആഹരിക്കാൻ ഒന്നു വീട്ടിലേക്കു പോയില്ലെന്നില്ല. സിംധേസർ ബാബു ആസ്പത്രി ഡ്യൂട്ടിക്ക് ഒമ്പതു മണിക്കു വരേണ്ടതായിരുന്നു. ഇപ്പോഴാണു വന്നത് . രാത്രി പന്ത്രണ്ടു മണിക്ക് , തീററയും കുടിയും ഒക്കെ കഴിഞ്ഞ് മുറുക്കിച്ചുവപ്പിച്ചു കൊണ്ട് —'

പിന്നെ അറയ്ക്കുന്ന ഒരു തെറി. സ്വന്തം തലയിലെഴുത്തിനെയോ, സിംധേസർ ബാബുവിനെയോ അതോ തൻെറ കുപ്പായത്തിനകത്തേക്ക് അരിച്ചുകടന്ന കീടത്തെയോ —എന്തിനെയെന്നറിയില്ല. കുറച്ചു മുമ്പു ജയിലിലേക്കു കടന്നുപോയ ഡോക്ടരുടെ പേർ സിംധേസർ എന്നാണെന്നു മാത്രം പിടികിട്ടി. കുപ്പായത്തിനകത്തു കയറിക്കൂടിയ പ്രാണിയെ പുറത്തു ചാടിക്കാനുള്ള ശ്രമമാണിപ്പോൾ. ഈ സമയത്തെ മുഖഭാവം കണ്ടാൽ ചിരിക്കാതിരിക്കാൻ തോന്നില്ല.

കമ്പൗണ്ടർ അയാളുടെ പ്രാരബ്ധങ്ങൾ വിസ്തരിച്ചു തുടങ്ങി, 'മിത്തിർ സായ്പിന് നൈററ് ഡ്യൂട്ടിയുള്ള ദിവസം രക്ഷയുണ്ട് . അങ്ങോർ കൃത്യം ഒമ്പതിന് വരുന്നു.'

രണ്ടു പേരും കണ്ണുകൾ വഴി ചേഷ്ട കൊണ്ട് എന്തോ കൈമാറി ഉറക്കെ ചിരിച്ചു. വീണ്ടും—

"ഇതൊക്കെ ജയിലർ സായ്പിനുമറിയാവുന്നതാണ് .

എത്രയോ തവണ ജയിലർ സായ്പ് റൗണ്ടിനിറങ്ങി ആസ്പത്രിയിൽ ചെന്നുകയറുമ്പോൾ ഡോക്ടർ അവിടെയില്ലെന്നു കണ്ടിരിക്കുന്നു. സ്വന്തം കണ്ണു കൊണ്ടു കാണുന്നില്ലെന്നു വച്ച് ജയിലിൽ നടക്കുന്നതെല്ലാം അറിയുന്നില്ല എന്നു വിചാരിക്കണ്ട. ഇതിനു മുമ്പിലത്തെ സായ്പായിരുന്നപ്പോൾ ഒരു ദിവസം പിടിക്കപ്പെട്ടു. അപ്പോൾ പറഞ്ഞ സമാധാനം, എന്തു ചെയ്യാം. ആസ്പത്രിയിലും വാർഡിലും ഡോക്ടർക്കുറങ്ങാനുള്ള മുറിക്കു വാതിലില്ല. രാത്രി വല്ലവരും വന്ന് അടിപിടി കൂടിയാലോ? അതാണു പേടി." ആ സായ്പും നല്ല 'ജഗലാ' യിരുന്നു. അങ്ങോരു പറഞ്ഞു, 'തടവുകാരൊക്കെ അടച്ചുപൂട്ടിയ വാർഡു കളിലല്ലേ രാത്രി നേരം? ആരാണു പിന്നെ തല്ലാനും കൊല്ലാനും"? ഡോക്ടർ പറഞ്ഞു, 'രാത്രി ഡ്യൂട്ടിക്കു നിൽക്കുന്ന മേററുകളുണ്ടല്ലോ, അവരെ അകത്തിട്ടു പൂട്ടാറില്ല'. ഈ സംഭവത്തിനു കുറച്ചുനാൾ മുമ്പ് ജയിലിൽ ലഹള നടക്കയുണ്ടായി. അതു കാരണം സായ്പിന് അധികം പറയാൻ കഴിഞ്ഞില്ല. ഇപ്പോഴോ, മുസാഫർപുർ ജയിലിലെ ചില രാഷ്ട്രീയ തടവുകാർ ജയിൽചാടിക്കളഞ്ഞതോടെ മേററുകൾക്കു നൈററ് ഡ്യൂട്ടി കൊടുക്കാതായി. മേററുകളാണ് ഓടിപ്പോകാൻ സഹായിച്ചതെന്നാണു കേൾവി...... ഇപ്പോൾ പണ്ടു പറയാറുള്ള ഒഴിവു കഴിവുകൾ പറഞ്ഞാൽ വിലപ്പോവില്ല. വേറെ വല്ല സൂത്രവും പറയും. "ശരി സാറെ, ഒരു സിഗരററു വലിക്കാൻ തരൂ. എന്തൊരു തളർച്ച! എല്ലും തോലും തകരുകയാണ് ."

സൂബേദാർ സിഗരററ് എടുത്തു. കമ്പൗണ്ടർ തീ പിടിപ്പിച്ചു. പിന്നെ പതിഞ്ഞ സ്വരത്തിൽ എന്തൊക്കെയോ സംസാരിച്ചു. റാന്തലിൻെറ തിരിനീട്ടി കമ്പൗണ്ടർ അതെടുത്തു. പകുതിയെരിഞ്ഞു കഴിഞ്ഞ സിഗരററ് ഒന്നുകൂടി ഊന്നിവലിച്ച് സൂബേദാർക്കു കൊടുത്തിട്ട് ഗേററിലൂടെ പുറത്തേക്കു കടക്കുന്ന സമയം പറഞ്ഞു—"അതേപ്പററി ബേജാറു വേണ്ട. ഞാൻ തരാം—" ഇതുവരെ എന്തിനെപ്പററി സംസാരിച്ചു? എന്തു കൊടുക്കും? ഇഞ്ചെൿഷനോ? സൂബേദാരും കമ്പൗണ്ടരും തമ്മിൽ വലിയ കൂട്ടാണല്ലോ. ഗേററിനു പുറത്തു കടന്നിട്ട് കമ്പൗണ്ടർ സൂബേദാറിനോടു ചോദിച്ചു. താനിന്ന് ഇവിടെ ത്തന്നെയാണോ ഉറക്കം?

"അതെ. ഓഫീസ് റൂമിൽ വിരിച്ചിട്ടിരിക്കുന്നു. ഇനി

ഉറങ്ങാൻ പോകയായി."

കമ്പൗണ്ടരുടെ തലയ്ക്കു പിന്നിൽ എത്ര വലിയ മുടി. മിക്കതും നരച്ചു. അയാൾ എത്രയോ തടവുകാരുടെ തൂക്കി ക്കൊലയ്ക്കു സാക്ഷിയാണ്. വെളുപ്പിനു നടക്കാൻ പോകുന്ന തൂക്കിക്കൊലയെപ്പററി അയാൾ ഓർക്കുന്നുതന്നെയില്ല. കമ്പൗണ്ടർമാരെല്ലാം പിൻകുടുമ്മ വളർത്തുന്നവരാണോ?

......ഹരീശ് കമ്പൗണ്ടർ. തലയിൽ അർദ്ധബാബർ കട്ട് മുടി. അയാൾ മാധവബാബുവിനുവേണ്ടി മരുന്നു തയ്യാറാക്കുകയായിരുന്നു. മാധവബാബു പിന്നിൽത്തന്നെ നിൽക്കുന്നു. മൂപ്പർക്കു സംശയം തൂക്കം ശരിയാവുന്നില്ലേ. കുറച്ചു നേരം നോക്കിയശേഷം ക്ഷമകേടോടെ ഹരീശൻെറ ചപ്രത്തലമുടി 'ടക്' എന്നൊന്നു പിടിച്ചുവലിച്ച് തലയാട്ടിക്കൊണ്ടു ചോദിച്ചു, 'നിനക്കു മുടിയൊന്നു ചെറുതാക്കി വെട്ടിച്ചാലെന്താ? പിറകിൽ നിൽക്കുന്നവന് നീ മരുന്നുണ്ടാക്കുന്നതു കാണാൻ നിവൃത്തിയില്ലല്ലോ.' ഞാൻ ഏട്ടനെയും അമ്മയെയും ഈ കഥ പറഞ്ഞു കേൾപ്പിച്ചു. എല്ലാവരുടെയും അന്നത്തെ ഒരു ചിരി. അമ്മ ഒടുവിൽ ചിരിയടക്കിക്കൊണ്ടു പറഞ്ഞു, "എൻെറമ്മേ! ഇതെല്ലാം നിൻെറ കണ്ണിലെങ്ങനെ പെടുന്നു." അമ്മ ചിരിക്കുമ്പോഴേക്കും കണ്ണുനിറയുന്നു. ഏട്ടൻ ചിരിച്ചാൽ ഒച്ച പുറത്തേക്കു കേൾക്കില്ല. ഇടതുകവിളിൽ നുണക്കുഴിയുണ്ടാവുന്നു. വിചിത്രം തന്നെ. രണ്ടു കവിളിലുമില്ല. ഒന്നിൽ മാത്രം. ചിരിക്കുമ്പോൾ കണ്ണു രണ്ടും പകുതിയടയും. ആ ചിരി ഓർത്തു പോകയാണ്.

വെളിച്ചം അകന്നകന്നുപോകുന്നു. അങ്ങുമിങ്ങും ആടിക്കളിക്കുന്നു, കമ്പൗണ്ടരുടെ റാന്തൽ. കമ്പൗണ്ടർ ഇത്രയൊക്കെ ആടിയിളകിയാണോ നടക്കുന്നത്? അടുത്തുവെച്ച് ഇത്ര ശ്രദ്ധിക്കയുണ്ടായില്ല. എന്തിനാണിത്ര ദൂരെ പോകുന്നത്? ഗവർമെൻറു വക വീടു കിട്ടിയില്ലെന്നു തോന്നുന്നു. അകലെ വെച്ച് റാന്തലിൻെറ ശിഖയും വിളക്കിൻെറ ശിഖയും തമ്മിൽ വ്യത്യാസമില്ലാതാവുന്നു.

രാനീപത്രയിൽനിന്ന് ഒരു കർഷകൻെറ കേസിനെപ്പററി

അന്വേഷണം നടത്താൻ പോയിട്ട് തിരിച്ചുവരികയായിരുന്ന ഞാനും ഏട്ടനും സഹദേവനും നന്നെ തളർന്നിരുന്നു. ഇരുട്ടത്ത് ഒരു പ്രകാശം കണ്ട് രാത്രി വിശ്രമത്തിന് അവിടെ കൂടാമെന്നു വെച്ച് നടന്നു. മിന്നാമിനുങ്ങു പോലത്തെ വെളിച്ചം. അടുത്തെത്തിയപ്പോൾ കണ്ടതെന്താണ്. ഒരു കുപ്പിവിളക്ക്, പഴകി തുരുമ്പു പിടിച്ചത്.

........മഹാത്മാവിന്റെ ആളുകൾക്ക് ചൂടിക്കട്ടിലെത്തി, കമ്പിളിയെത്തി, തലയണയെത്തി. വളൻറിയർ സഹദേവന് വരാന്തയിൽ ഒരു പായ വിരിച്ചു. കട്ടിൽ വീടിനു പുറത്ത് ചായ്പ് കെട്ടിൽ വിരിച്ചു. വേലിയില്ല. മതിലില്ല. ഇവിടത്തു കാർ 'ഹവാടുംഗി' എന്നു പറയുന്നു ഇതിനെ. കമ്പിളിയിൽ ഒരു മുഷിഞ്ഞ ‹ 'ുതപ്പും എണ്ണ പുരണ്ട തലയിണയും കണ്ട പ്പോൾ എനിക്ക് മേലാകെ ഒരു തരിതരിപ്പ്. എത്രയെത്ര രോഗങ്ങളുടെ അണുക്കളാണാവോ ഇതിലുള്ളത്. ഞാൻ കട്ടിലിൽ നിന്ന് അതൊക്കെ നീക്കി കമ്പിളിയിൽ ഇരുന്നു. അതിത്തിരി ഭേദമാണെന്നു തോന്നി. ഞങ്ങൾക്ക് അവലും തൈരും വിളമ്പിത്തന്ന മനുഷ്യന്റെ കണ്ണുകൾ ചീഞ്ഞിരുന്നു. ഏട്ടൻ അവലും തൈരും ഭക്ഷിച്ച് നല്ല രസമായിട്ട് യാതൊരു ചിന്തയും കൂടാതെ ആ തലയിണയിൽ തലവെച്ചു കിടന്നുറങ്ങി. ഞാൻ ജ്യേഷ്ഠനിൽ ഭാഗ്യവാദം ശരിക്കും കാണുന്നുണ്ട്. ചുററുപാടുകളുമായി പൊരുത്തപ്പെട്ടുപോകുന്നതിനുള്ള അസാധാരണമായ കഴിവ് ഏട്ടനുണ്ട്. ഇതെടുത്തിട്ടാൽ ഏട്ടൻ പറയും, യാതൊരു മൂല സിദ്ധാന്തത്തിനും ഹാനികരമാകുന്നില്ലെങ്കിൽ തന്റെ സൗകര്യത്തെ എന്തിനു ബലികഴിക്കണം? ഏട്ടന്റെ ആത്മകേന്ദ്രിതമായ മനസ്സ്, തന്നെ വിചിന്തനത്തിൽ കുരുക്കി നിർത്തുവാനാഗ്രഹിക്കുന്നു. ഓരോ പ്രശ്നവും തന്റേതായ നിലപാടിലൂടെ കാണുന്നു. ഏതൊരു സൂക്ഷ്മവിഷയത്തെപ്പററിയും എന്നേക്കാൾ ഏറെ അറിയുന്നു. എന്നാൽ പ്രവർത്തനമണ്ഡലത്തിലും വ്യക്തിപരമായ ജീവിതത്തിലും അതിന്റെ പ്രയോഗം യുക്തിസഹമാകുന്നില്ല. എന്നെയാകെ കത്തിയെരിയിക്കുന്ന ചില ചോദ്യങ്ങൾക്ക് ഏട്ടൻ ഒററവാക്കിനു മറുപടി കൊടുത്ത് സമാധാനിപ്പിക്കും. തികച്ചും നീലകൺഠൻ. ധീരതയ്ക്കു ഒരു കുറവുമില്ല. ചെയ്യേണ്ടതായ ഒരു കാര്യം ഭയംകൊണ്ട് ചെയ്യാതിരിക്കുന്നതായും ഞാൻ കണ്ടിട്ടില്ല. എന്നാൽ ഏട്ടന്റെ ചോരയ്ക്കു ചൂടുപിടിക്കുന്നില്ലേ

യില്ല. ബുദ്ധിക്കു തീക്ഷ്ണതയും അനുഭൂതിക്കു തീവ്രതയും ഉണ്ടെങ്കിലും ആവേഗത്തിന്റെ ഉഗ്രതയും പ്രാണശക്തിയുടെ പ്രചണ്ഡതയും ഏട്ടനിലില്ല. ഓരോ ചുവടും അളന്നു തൂക്കി യിട്ടേ വെയ്ക്കൂ. വഴുക്കുള്ള വഴിയിലൂടെ സാവധാനം നീങ്ങുന്നപോലെ.

ത്രീലെഗ്ഡ് റെയ്സിൽ ഏട്ടൻ എത്ര സങ്കോചത്തോടെ യാണു കാൽ നീട്ടിവെച്ചിരുന്നത് ! ഒരു തവണ കുമാർസായ്പി ന്റെ മേളയ്ക്ക് ഞാനും ഏട്ടനും ത്രീലെഗ്ഡ് റെയ്സിൽ പങ്കെ ടുക്കുകയുണ്ടായി. ഞങ്ങൾ നന്നെ പിൻതള്ളപ്പെട്ടു. ജയിച്ചില്ല. ആ ഐറ്റം കഴിഞ്ഞപ്പോൾ ഞാൻ കോപവും ദുഃഖവും പൊറു ക്കാതെ ഏട്ടനോടു പറഞ്ഞു, 'ഏട്ടനെ ഒപ്പം കൊണ്ടുനടന്ന് ഓടുന്നതും മദ്ദളം കഴുത്തിൽ തൂക്കി ഓടുന്നതും ഒരുപോലെ' ഏട്ടൻ പറഞ്ഞു, 'ഞാൻ നേരത്തെ പറഞ്ഞതാണ്. നീ സ്പോർട്ട്സിൽ എല്ലാത്തിലും മുമ്പൻ. വെറുതെയെന്നെ വലിച്ചിഴച്ചു. പന്നയെ ഇതിനു പകരം വിളിച്ചിരുന്നെങ്കിലോ? ഏട്ടനെ ഇത്രയ്ക്കു ലജ്ജിതനും വിമൂഢനുമായിട്ട് മുമ്പൊന്നും കണ്ടിട്ടില്ല. 1943 ഉം, 1922ഉം — ഇരുപത്തൊന്നു വർഷക്കാലത്തെ പഴക്കമുള്ള ഒരു സംഭവം. ഏട്ടന്റെ ദേഹം വിയർപ്പിൽ കുളിച്ചങ്ങനെയിരിക്കുന്നു. ക്ഷീണിച്ച ഭാവം. ചിതറിക്കിടക്കുന്ന മുടിയിൽ പൊടിപുരണ്ടിട്ടുണ്ട്. കിതച്ചുകൊണ്ട് കാലിലെ പൊടി തട്ടിക്കളയാൻ തുടങ്ങി. എന്റെ മനസ്സിനു വിഷമം. മറ്റു മത്സരങ്ങളിൽ കിട്ടിയ സമ്മാനങ്ങൾ അമ്മയെ കാണിച്ചു കൊടുത്തു. എന്നിട്ടും തോന്നിയില്ല ആനന്ദം. അമ്മയെ ഏട്ടൻ തന്നെയാണ് ഒക്കെ കാട്ടിക്കൊടുത്തത്. അടുത്ത ദിവസം അതൊക്കെ ബന്ധുമിത്രാദികളെക്കാണിച്ചു. അമ്മയോടു പറ ഞ്ഞു, 'റൊസാരിയോ സായ്പിന്റെ ചെയ്തികൾ നീലു പറ യും. എനിക്കതു ശരിക്കും പറഞ്ഞറിയിക്കാനരുത്. 'ഏട്ടൻ എന്റെ ഉള്ളറിഞ്ഞിരിക്കുന്നുവെന്നു വ്യക്തം. ഏട്ടന്റെ മൂർത്തമെങ്കിലും സകരുണമായ ദൃഷ്ടി എന്റെ അന്തസ്തല ത്തോളം ആണ്ടിറങ്ങി. ഞാൻ തന്നെ വേണം എന്റെ കുറ്റ ത്തിനു പ്രായശ്ചിത്തത്തിന്. എന്റെ ഹൃദയഭാരം കുറ യ്ക്കാൻ കണ്ട വഴി... റൊസാരിയോ സായ്പിന്റെ ചെയ്തി പറയേണ്ടിവന്നു. ഇയാൾ കുമാർ സായ്പിന്റെ മാനേജരാണ്. ഇയാളാണ് സ്പോർട്ട്സിന്റെ മേൽനോട്ടക്കാരൻ. നൂറു ഗജം ഓട്ടത്തിൽ ഖോകനേട്ടനെ ജയിക്കാനാരുമില്ല, ഖോകനേ

ട്ടൻെറ ശരിയായ പേർ ക്രീക്കറി രഞ്ജൻ ദത്ത് എന്ന് . അയാൾ ഫസ്റ്റായി. ഞാൻ സെക്കൻററ് . ആൺകുട്ടികളുടെ റേസിൽ കുപ്പായത്തിൽ നമ്പരിടാറില്ല. ലക്ഷ്യത്തിലെത്തിയാൽ റൊസാരിയോ സായ്പ് ഓരോരുത്തരോടും പേർ ചോദിക്കും. ഖോകനേട്ടനോടു പേർ ചോദിച്ചു. ചുറ്റും ആൾക്കൂട്ടവും ബഹളവും. മത്സരാവസാനത്തിൽ പതിവുള്ളതാണല്ലോ ഇത് . ഖോകനേട്ടൻ പേർ പറഞ്ഞു. രണ്ടുമൂന്നു തവണ ചോദിച്ചിട്ടും പേരു പറഞ്ഞതു കേൾക്കാൻ സായ്പിന്നു സാധിച്ചില്ല. പിന്നെ എൻെറ പേരെഴുതി. അതുകഴിഞ്ഞു വേറെ രണ്ടുപേരുടെ കൂടി. പ്രൈസ് കൊടുക്കുന്ന സമയം ഒന്നാം സമ്മാനം എനിക്ക് . ഖോകനേട്ടൻെറ കണ്ണുകൾ നിറഞ്ഞു. തൻെറ പേരുതന്നെയില്ല. ജിതേനേട്ടൻ നേരമ്പോക്കായി പറഞ്ഞു. ക്രീക്കറിരഞ്ജൻദത്ത് എന്ന പേരെഴുതാൻ കൊള്ളുമോ? അച്ഛനമ്മമാരിട്ട പേർ കാരണം നിനക്കു സമ്മാനം 'ഗോപി'യായി. ഇനി നാളെ നീ കുമാർ സാഹബിനെ ചെന്നു കണ്ടുനോക്ക് . ഞാൻ വിചാരിച്ചു, അമ്മ ഇതുകേട്ടു ചിരിക്കുമെന്ന് . പക്ഷേ ഫലം വിപരീതം. എനിക്ക് പ്രൈസ് കിട്ടിയ ചായക്കിണ്ടി പിറ്റേന്നാൾ ഖോകനേട്ടനു കൊടുക്കേണ്ടിവന്നു. റൊസാരിയോവിനെക്കാണുമ്പോഴൊക്കെ എനിക്കീ സംഭവം ഓർമ്മ വരാറുണ്ടായിരുന്നു.

ഏട്ടൻ പിന്നീടൊരിക്കലും എൻെറ പാർട്ണറായി കളിക്കാൻ ഒരുമ്പെട്ടില്ല. എന്തെങ്കിലും സൂത്രം പറഞ്ഞ് ഒഴിഞ്ഞു മാറി. കളികളിൽ ഏട്ടനു വിശേഷാലൊരു താൽപര്യവും കണ്ടിട്ടില്ല. ബാഡ്മിൻറനൊഴികെ മറ്റൊന്നും നന്നായി കളിക്കാനും അറിയില്ല. അതിലും എൻെറ പാർട്ണറാകാൻ സമ്മതിച്ചിട്ടില്ല. സ്നേഹം, സുജനത, നമനീയത എല്ലാത്തിലും ദൃഢനാണ് . ഒരു സ്ഥലത്തെത്തിയാൽ പിന്നെ തൊടാൻ പോലും സാധ്യമല്ല. എത്രയരികിൽ! എന്നിട്ടും വിട്ടുവിട്ട് . സ്വതന്ത്രൻ. ഏട്ടൻെറ ഈ അകൽച്ച എനിക്ക് ഇരുപത്തൊന്നു കൊല്ലത്തെ പരിശ്രമം കൊണ്ടും അകറ്റുവാൻ കഴിഞ്ഞില്ല.

ബാരക്കിലെ ഭജനവും മറ്റും പൊടി പാറുന്നു. കോലാഹലത്തിൽ നിന്നുതന്നെ ഇപ്പോഴത് ഇരമ്പുകയാണെന്നു മനസ്സിലാക്കാം. ഇപ്പോൾ സിയാരാം നാമകീർത്തനമല്ല നടക്കു

ന്നത് . തുടർച്ചയായി ഒറ്റസ്വരമേ കേൾക്കാനുള്ളൂ. നാരായണ— അ, നാരായണ— അ നാ....രാ...യണ.... അ ഇവരുടെ നാമ സങ്കീർത്തനം ഈ നാമജപത്തോടെയാണ് സാധാരണ അവ സാനിക്കുന്നത് . സൂപ്രണ്ട് സായ്പ് തന്റെ ക്വാർട്ടറിനടുത്തു ള്ള ഈ വികടമായ ചീൽക്കാരം എങ്ങനെ സഹിക്കുന്നുവോ ആവോ, വാർഡർമാരെ മുഷിപ്പിക്കേണ്ടല്ലോ എന്നു വെച്ചി ട്ടാവാം ഒന്നും പറയാത്തത് . അവരുടെ അകമഴിഞ്ഞ സഹ ക രണമില്ലെങ്കിൽ ജയിൽഭരണം ഒരു നിമിഷവും നട ക്കില്ല.

നാളെത്ര കഴിഞ്ഞു! മെല്ലിച്ചു വിളർത്ത ജഡ്ജി സ്പീലർ സായ്പ് ഏതാണ്ടൊരു അരപ്പിരിയനെപ്പോലെയാണ്. വ്യായാ മത്തിനെന്നും പറഞ്ഞ് ദിവസേന മഴു കൊണ്ടു വിറകു കീറി യിരുന്നു. ജർമൻ ചക്രവർത്തി കൈസറിന്നുമുണ്ടായിരുന്നത്രേ ഇങ്ങനെയൊരു കമ്പം..... ഫസലേമിയാ നാസിർ ജഡ്ജിക്കു വേണ്ടി മരത്തടി ശേഖരിച്ചു ശേഖരിച്ചു വശംകെട്ടു. വക്കീൽ ബജരംഗപ്രസാദിന്റെ മകളുടെ മംഗലത്തിന് സ്പീലർ സായ്പ് ചെയ്ത പണി! രാത്രി വിവാഹാഘോഷം പ്രമാണി ച്ചുള്ള കൊടുംഘോഷവും ഉച്ചസ്ഥായിയിലെത്തിയപ്പോൾ ജഡ്ജിക്ക് ഇതു തനിക്കു സൈ്വരക്കേടുണ്ടാക്കുന്നതായി തോന്നി. ക്ഷണം കൈയിലൊരു തടിച്ച വടിയും 'ബുൾസ് ഐ' റാന്തലും എടുത്ത് ബജരംഗ് വക്കീലിന്റെ വീട്ടിൽ ചെ ന്നുകയറി. ആരോടും ഒന്നും പറയാൻ നിൽക്കാതെ നേരെ ചെന്ന് തപ്പിൽ കുത്തി അത് ഓട്ടയാക്കി. അടുത്ത ദിവസം വക്കീൽ ജഡ്ജിക്കെതിരെ കേസ് ഫയൽ ചെയ്തു. കുറെ നാൾ കഴിഞ്ഞപ്പോൾ 'പഞ്ചായ'ത്തായി. വക്കാലത്തു കൊണ്ടു വേണം ജീവിക്കാനെന്നിരിക്കെ ന്യായപീഠത്തിനോടെന്തിനു വൈരം വിലയ്ക്കുവാങ്ങുന്നുവെന്നു വക്കീൽ വിചാരിച്ചു. ബന്ധുക്കളുടെയും വേണ്ടപ്പെട്ടവരുടെയും മുമ്പിൽ അപമാ നിതനാകേണ്ടി വന്നതോ വന്നു. ഏതു സംഗതിയും വെറുതേ ഊതിവീർപ്പിച്ചാലേ വീർക്കൂ.

നാട്ടുകാരെ കുറ്റപ്പെടുത്തിയിട്ടെന്തു കാര്യം? എല്ലാ ദേശക്കാരും ഒരുപോലെതന്നെ. വെള്ളക്കാരും നമ്മെപ്പോലെ അവസരവാദികളാകുന്നു. കോൺഗ്രസ് മിനിസ്റ്ററിക്കാലത്ത് ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ബർണൻ സായ്പ് ഞങ്ങളുടെ

ആശ്രമത്തിൽ വന്ന് ചോറും പരിപ്പും ചോദിച്ചു വാങ്ങി ഭക്ഷി ച്ചു. ശ്രീമതി ബർണന് ചോറെടുത്ത് ശരിക്കു വായിലേക്കി ടുവാൻ കഴിയുന്നില്ല. സ്പൂണിൽ ചോറെടുക്കുന്നപോലെ കോരിയെടുക്കയാണ് ചെയ്യുന്നത് . അതേപോലെ തന്നെ വായിലേക്കു കൊണ്ടുപോകുന്നു. മുഖത്താകെ ചോറും കറി യും. പലപ്പോഴും എന്തിന്റെയെങ്കിലും പേരിൽ ബർണൻ സായ്പ് ആശ്രമത്തിലെത്തുമായിരുന്നു. ഖദറിനോടും ഗാന്ധി ത്തൊപ്പിയോടും എന്തൊരു ഭ്രമം! സായ്പിന്റെ മകൾ ഒരു ഉടുമ്പിനെ വളർത്തിയിരുന്നു. 'വീട്ടിൽ വല്ലാത്ത ശല്യമുണ്ടാ ക്കുന്നു ഈ ജന്തു. ആശ്രമത്തിലേക്കെടുത്താൽ തരക്കേടില്ലാ യിരുന്നു.' എന്നും പറഞ്ഞ് അയാൾ ഉടുമ്പിനെ ഏട്ടനു കൊടു ത്തു. പിന്നെ അതിനെ കാണാനാണെന്നും പറഞ്ഞ് കളക്ടരും പത്നിയും മക്കളും ഇടവിട്ടെന്നപോലെ ആശ്രമത്തിലേക്കു വരവായി— 'മോൾക്ക് രികിയെ കാണണംന്ന്.' പിന്നെ രികിയെയെടുത്തു ലാളിച്ചു കളിപ്പിക്കുന്നതിന്റെ ഒരു ബഹളം.

ചിന്താ തന്തു പൊട്ടിച്ച്, ഇരുട്ടിനേയും നിശ്ശബ്ദതയേയും പിളർന്നുകൊണ്ട് അന്തരീക്ഷത്തെ വിറപ്പിക്കുമാറ് മണി പന്ത്ര ണ്ടടിച്ചു. ഡോക്ടറുടെ ക്വാർട്ടറിലെ ഒരു നായ മോങ്ങിത്തുടങ്ങി, അതിന്റെ സുഖകരമായ മയക്കം ഭംഗപ്പെട്ടുകാണും. "ഹോ— ഓ— ഓ— ഹൈ" എന്ന വികടമായ ചീൽക്കാരത്തോടൊപ്പം തപ്പും കൈമണിയും മറ്റും കൊട്ടിക്കൊണ്ടുള്ള വാർഡർമാരുടെ ഭജന അവസാനിച്ചു. ഇവർ മണി നോക്കിയാണോ പന്ത്രണ്ടിനു ഭജന അവസാനിപ്പിക്കുന്നത് ? ഖാക്കി കൊണ്ടുള്ള മുറിക്കൈ യൻ കുപ്പായത്തിന്നടിയിലുള്ള ഒരു ജോഡി കൈകൾ കൈപ്പ ത്തിയുടെ പകുതിയോളം വലുപ്പമുള്ള കൈമണി കൊട്ടുന്നു. ഇടതുകൈത്തണ്ടയിൽ ഒരു വില കുറഞ്ഞ വാച്ച് . അതിനു പരിഭാഗത്ത് കറുപ്പും ചുകപ്പും നിറത്തിൽ പച്ചകുത്തിയ സ്ത്രീ രൂപം.

അച്ഛന്റെ കീർത്തനം ചൊല്ലൽ കൃത്യം എട്ടു മണിക്ക് അവസാനിച്ചിരുന്നു. 'രഘുപതി രാഘവ രാജാറാം, പതിത പാവന സീതാരാം' എന്ന മഹാത്മജിക്കേറ്റവും പ്രിയപ്പെട്ട ഗാനം ഒടുവിലാണു പാടുക. ആശ്രമത്തിലുള്ള എല്ലാ കോൺ ഗ്രസ്സുകാരും കീർത്തനത്തിൽ പങ്കെടുക്കുന്നു. എല്ലാവരും

വിചാരിക്കുന്നു ഇതുകൊണ്ട് അച്ഛന് സന്തോഷമാവു മെന്ന്. ജയിലിലുള്ളവർക്കും അച്ഛന്റെ ഈ കീർത്തനം ചൊല്ലുന്ന സ്വഭാവം അറിയാം....... മീറ്റിങ്ങിനുള്ള മുറിയിൽത്ത ന്നെ ഭജന. സിമൻറിട്ട നിലം, മൺചുവർ, വയ്ക്കോൽ മേ ഞ്ഞ മേൽപുര. ചുവർ അമ്മയുടെ കൈകൊണ്ടുതന്നെ കു മ്മായമടിച്ചത്. ഇടക്കിടയ്ക്ക് ചെറുജനലുകൾ, അതിനു വാതിലുകളില്ല. ചുവരിൽ മുഴുവൻ ഇടവിട്ടിടവിട്ട് നേതാക്കന്മാ രുടെ ചിത്രങ്ങൾ. ഒരുവശത്ത് പിണച്ചുവെച്ചിട്ടുള്ള കോൺഗ്ര സ് പതാക. അതിനു മുകളിൽ ചുകന്ന തുണിയിൽ വെള്ളപ്പ ഞ്ഞികൊണ്ട് നാഗരിലിപിയിൽ 'സ്വാഗതം' താഴെ ഗാന്ധിജി യുടെ വലിയ ചിത്രം. മുറിയുടെ വടക്കുകിഴക്കേ മൂല അൽപം വൃത്തികേടായിട്ടാണു കിടപ്പ്. കാസ്റ്റിക് സോഡ, ലൗഹക ടാഹം, സോപ്പുണ്ടാക്കാനുള്ള ഈ വക സാധനങ്ങൾ നിറച്ച ഒരു മരപ്പെട്ടി അവിടെയുണ്ട്. ആ പെട്ടി ഫുൽവാഹയിലെ നന്ദലാൽ തിവാരി കോൺഗ്രസ് കമ്മറ്റിക്കു കൊടുത്തതാണ്. മൂലയ്ക്കൽ ഒരു ധുൻകി കുത്തിനിർത്തിയ മട്ടിൽ ഉണ്ട്. മേൽ പ്പുരയുടെ ഉത്തരത്തിൽ ഒരു വില്ല് തൂങ്ങിക്കിടക്കുന്നു. പകൽ 'പപ്പുനി' ഉണ്ടാക്കുവാൻ പഞ്ഞി കടഞ്ഞെടുക്കുമ്പോൾ ധുൻകി ആ വില്ലിനോടു ചേർത്തുകെട്ടുന്നു. ആശ്രമത്തിലെ കീർത്തനം ആരംഭിച്ചു. 'ദേൾ കെ ബച്ചേ ഗാന്ധീജി കോ ജാനാനാ, പഹ്ചാ നാനാ രേ' അച്ഛൻ തന്നെ രചിച്ച ഗീതം. അമ്മ ധൂപക്കുറ്റിയെടുത്തുകൊണ്ട് മുറിയിലേക്കു പോയി ഗാന്ധിജി യെ പൂമാല അണിയിച്ച്, ധൂപക്കുറ്റി താഴെ വെച്ചു. പിന്നെ ഒരു മൂലയ്ക്കൽ കൈകൂപ്പിയിരുന്നു. അച്ഛൻ റാന്തൽത്തിരി താഴ്ത്തി രാഗം മൂളി. സഹദേവനും മറ്റും വികൃതമായ ബംഗാ ളി ഉച്ചാരണത്തോടെ കീർത്തനം തുടങ്ങി. ആദ്യത്തെ ഗീതം അവസാനിച്ചു. അമ്മ കുനിഞ്ഞു നമസ്കരിച്ചു. ഇക്കണ്ടവർക്കെ ല്ലാം ഭക്ഷണത്തിനുള്ള ഏർപ്പാട് അമ്മ തന്നെ വേണം ചെയ്യാൻ. കീർത്തനത്തിൽ കുത്തിയിരുന്നാൽ അടുക്കളപ്പണി ആരു നോ ക്കും? ഞാനും ഏട്ടനും കുട്ടിക്കാലത്തു ഭജനത്തിനു ചെന്നിരിക്കാ റുണ്ടായിരുന്നു. ഉപനയനം കഴിഞ്ഞിട്ടും കുറെ നാളത്തേക്ക് ഈ പതിവു മുടക്കുകയുണ്ടായില്ല. ഏട്ടൻ പോകാതായി കുറെ നാൾ കഴിഞ്ഞപ്പോൾ ഞാനും വേണ്ടെന്നുവെച്ചു. ഇതു കാ രണം അമ്മ എന്തുമാത്രം കരഞ്ഞു! 'നിങ്ങൾ രണ്ടു പേരും വരാത്തത് അങ്ങോരെ സങ്കടപ്പെടുത്തുന്നു. നിങ്ങൾക്കിഷ്ട മില്ലെങ്കിൽ അങ്ങോരെ വിചാരിച്ചെങ്കിലും ഒന്നു വന്നിരിക്കുവിൻ!'

ഏട്ടൻ മറുപടിയൊന്നും പറഞ്ഞില്ല. ആശ്രമത്തിലെ കീർത്തനത്തിനു പങ്കെടുക്കാറില്ലെന്നേയുള്ളു. കോൺഗ്രസ് പ്രവർത്തനം സംബന്ധിച്ച് ഗ്രാമങ്ങളിൽ ചെല്ലുന്ന സമയം ഗ്രാമീണർ ഞങ്ങളുടെ മനോവിനോദത്തിനായി കീർത്തനമേർപ്പാടു ചെയ്തിരുന്നു. അച്ഛനു ചെയ്തുകൊടുത്തിരുന്നതിൻെറ ശീലം. മാസ്റ്റർസാഹബിൻെറ മക്കൾക്കു അതു നല്ല രസമാവും എന്നാണവർ ധരിച്ചിരിക്കുന്നത് . ആ കീർത്തനത്തോട് ഏട്ടൻ വിരക്തി കാട്ടിയിരുന്നില്ല. ഞാനെന്തെങ്കിലും അസഹ്യത കാണിക്കാൻ ഭാവിച്ചാൽ ആംഗ്യം കൊണ്ട് ക്ഷമിക്കാൻ പറയും.

വൈസി സ്റ്റേഷനതിർത്തിയിൽപ്പെട്ട ഖഗ്ഹാഹാട് ഗ്രാമത്തിൽ മീറ്റിങ് . ജനം വരുന്നേയുള്ളു. കോൺഗ്രസ് പതാക നാട്ടി സഹദേവൻ, ഇൻക്വിലാബ് സിന്ദാബാദ് , മഹാത്മാഗാന്ധീ കീ ജയ് തുടങ്ങിയ മുദ്രാവാക്യങ്ങൾ എത്രയോ തവണ മുഴക്കിക്കഴിഞ്ഞിരിക്കുന്നു. തപ്പുകൊട്ടുക, മണിയടിക്കുക തുടങ്ങി ചന്തവാതിൽക്കൽ ആൾക്കൂട്ടത്തെ ആകർഷിക്കുവാൻ കണ്ട എല്ലാം പയറ്റി. എന്നിട്ടുണ്ടോ ആൾക്കാർ വരുന്നു. ഒടുവിൽ സ്ഥലത്തെ പ്രവർത്തകക്കമ്മിറ്റി മെമ്പർ രാംകിങ്കർ മണ്ഡൽ ഇടയന്മാരുടെ ഒരു ഭജനമണ്ഡലിയെ വിളിച്ചുകൊണ്ടുവന്നു. ഒപ്പം സിംഗിൾ റീഡിൻെറ ഒരു ഹാർമോണിയവും. പത്തു മിനിട്ടിനകം ചന്തയിൽ വന്നവരെല്ലാം സ്ഥലത്തെത്തി. ഞങ്ങൾ പ്രസംഗം വേഗം വേഗമവസാനിപ്പിച്ചു. ആളുകൾ ചന്തക്കാര്യമായി വന്നവർ. അവർക്ക് മറ്റു പ്രസംഗങ്ങളും മഹാത്മജിയുടെ ശിഷ്യന്മാരുടെ പ്രസംഗങ്ങളും തമ്മിലുള്ള വ്യത്യാസമറിയില്ല. ചന്തയ്ക്ക് ഏതായാലും വന്നു. മഹാത്മജിയുടെ തമാശയുമാകട്ടെ രണ്ടു മിനിട്ട്. മറ്റു തമാശകൾ പോലെതന്നെ. അവരിൽ പലരും മഹാത്മജിയെ ഉപ്പു സത്യാഗ്രഹത്തിനു മുമ്പെന്നോ കണ്ടിട്ടുള്ളതാണ്. അവർ ഇന്ന് അദ്ദേഹത്തിൻെറ ശിഷ്യന്മാർ പറയുന്ന പല പുതിയ കാര്യങ്ങളും കേൾക്കണമത്രേ. പറയുന്നതിൻെറ മുക്കാലേ അരയ്ക്കാലും മനസ്സിലാക്കാൻ വിഷമം. ഞങ്ങളുടെ കന്നുകാലികളെ മേയ്ക്കാൻ വേണ്ട ഏർപ്പാടുണ്ടാക്കുക, നികുതി കുറയ്ക്കുക, തഹസീൽദാറിൻെറയും പഞ്ചായത്തുതലവൻെറയും എരുമകൾ വയലിൽ കടന്നു കൃഷി തിന്നുകൊണ്ടുപോകുന്നതു തടയുക, അങ്ങനെ വല്ലതുമാണെങ്കിൽ മനസ്സിലാവും. ഇതതല്ല.

വർസംഖ്യ പിരിച്ചെടുക്കാനുള്ള തട്ടിപ്പുവിദ്യ. മിനിസ്റ്റ്രി ഭരണമേറ്റപ്പോൾ നികുതികുടിശ്ശികയ്ക്കു നിയമം ഉണ്ടാക്കി. പ്രസംഗിച്ചിട്ടു പോയി, ഡിസ്പെൻസറിയിൽ ആർക്കും നാല ണയിൽ കൂടുതൽ മരുന്നു വില കൊടുക്കേണ്ടിവരില്ല. എന്നി ട്ടോ അതിൻെറ ഇരുപതിരട്ടി കൊടുക്കേണ്ടിവന്നു. പകുതിപ്പേ രുടെയും അപേക്ഷകൾ തള്ളി. മഹാത്മജിയുടെ ശിഷ്യൻ പുണ്യദേവിന് പൂരിപ്പിച്ചുതരുന്നതിന് അപേക്ഷാഫാറം കൊ ടുത്തിട്ടുണ്ടായിരുന്നു. അയാളും ഓരോ ഫാറവും പൂരിപ്പിച്ചു തരുന്നതിന് എട്ടണ വീതം വാങ്ങി. ഒരു മാസ്റ്റർ സാഹബുള്ള തുകൊണ്ട് മഹാത്മജിയുടെ വല്ല പ്രവർത്തനവും നടക്കുന്നു. അല്ലെങ്കിൽ ഇവറ്റയിൽ പകുതിയും തഗ്ഗുകളാണ് . നേരാണ് , കോൺഗ്രസ് സംഘടന തികച്ചും ധനികരായ കൃഷിക്കാരുടെ പിടിയിലാണ് . അവർക്ക് ജന്മിയുടെ ചൂഷണത്തിൽ നിന്നു മോചനം കിട്ടണം. എന്നാൽ കീഴ്പാട്ടക്കാരെയും പങ്കുകാരെ യും ചൂഷണം ചെയ്യുന്നതു നിർത്താൻ ഭാവമില്ല. കോൺഗ്രസ് മിനിസ്റ്ററിക്കാലത്ത് ദരിദ്ര കർഷകർക്കുവേണ്ടിയുണ്ടാക്കിയ നിയമങ്ങളെ ഇക്കൂട്ടരുടെ ഗൂഢാലോചന നിഷ്ഫലമാക്കി. സഹദേവനെപ്പോലുള്ള കോൺഗ്രസ് പ്രവർത്തകർ പോലും കുടികിടപ്പവകാശം നിഷേധിക്കുന്നതിന് കള്ളപ്രമാണം ഉണ്ടാക്കി.

കോൺഗ്രസ് ഓഫീസിൽ വരാറുള്ള ദഹീദാത് ഗ്രാമ ക്കാരിയായ ആ പ്രൗഢ സ്ത്രീ– കഴുത്തിലൊരു വലിയ മുഴയുള്ളവൾ –വന്ന ഉടൻ തുടങ്ങുകയായി കരച്ചിൽ. ഏട്ടനോ ടു പറഞ്ഞിരുന്നു, 'നീയല്ലാതെ ഇതിനൊരു പ്രതിവിധി ചെയ്യാ നാരുമില്ല മോനേ! ആകാശത്ത് ചന്ദ്രസൂര്യന്മാർ കാൺകെയാ ണ് എന്നോടീ കടുംകൈ. സഹദേവൻെറ സഹോദരൻ കപിൽ ദേവ് എൻെറ പറമ്പും പാടവും എല്ലാം കൈയേറാൻ പോകുന്നു. അമ്പത് ഏക്കറോളം ഭൂമി. അവൻെറ പുര യ്ക്കടുത്തുള്ള ഭൂമിയല്ലേ? അതിൽ 'മാം ധാതാ' പുകയില അസ്സലായിട്ടു വിളയും. അതുകൊണ്ട് അതിലാണു വളരെ നാളായിട്ടു കണ്ണ് . പുരുഖ് (പുരുഷൻ) എണ്ണപ്പണിയായിരുന്നു. പുരുഷനുള്ളപ്പോൾത്തന്നെ ചെറുപ്പക്കാരൻ മകൻ മരിച്ചു. മകൻെറ പെണ്ണിനു വയറ്റിലുണ്ടായിരുന്നു. ഒരു കൊല്ലം കഴിഞ്ഞപ്പോൾ എൻെറ പുരുഷനും മരിച്ചു. പിന്നാലെ മകൻെറ പെണ്ണും. കൊല്ലം തികയും മുൻപുതന്നെ കുന്നിക്കുരു

പോലുള്ള ആ കുഞ്ഞിന്റെ ജീവനും പോയി. അവൻ ഏതുനേരവും മുത്തശ്ശിയുടെ മടിയിലാണിരുന്നിരുന്നത്. എന്തെല്ലാം ചികിത്സ, മരുന്നും മന്ത്രവും! വേദനിക്കും എന്നും പറഞ്ഞ് കുഞ്ഞിന്റെ മേൽ സൂചി കേറ്റാൻ സമ്മതിച്ചില്ല. സമ്മതിച്ചിരുന്നെങ്കിൽ രക്ഷപ്പെട്ടേനെ. അയലത്തെ ഗോരെ ഗോപന്റെ മോൻ കുറെ നാൾ കഴിഞ്ഞപ്പോൾ മരിച്ചു. അപ്പോൾ കപിൽദേവ് പഞ്ചായത്തു വിളിച്ചു കൂട്ടി, ഞാൻ മനുഷ്യരെ തിന്നുന്ന പിശാചാണെന്ന് ആരോപിച്ചു. ആദ്യം എന്റെ വീട്ടിലുള്ളവരുടെ പണി കഴിച്ചു. ഇപ്പോഴിതാ 'കൂടപത്രം' പ്രയോഗിച്ച് ഗോരേലാലിന്റെ മകന്റെ ഉയിരെടുത്തു. എടോ കഴുതേ, ഞാൻ എന്റെ കെട്ടിയവൻ, മകൻ, മരുമകൾ, പേരക്കിടാവ് എല്ലാവരേയും വിഴുങ്ങി, ഇനി എന്റെ വയറ്റിൽ സ്ഥലമെവിടെ എന്നു ചിന്തിക്കാനുള്ള ബുദ്ധിനിനക്കില്ലാതെ പോയല്ലോ. അതു കഴിഞ്ഞ് ഗ്രാമത്തിൽനിന്ന് എന്നെ പുറത്താക്കാൻ അന്നൊരു രാത്രി രാധോ, സനീചര, ഛേദി ഇവരൊക്കെ ചേർന്ന് എന്റെ പുരയ്ക്കു തീവെച്ചു ചുട്ടുകരിച്ചു. ഒരു പിടി നെല്ലുപോലും ബാക്കിവെച്ചില്ല. പക്ഷേ ഞാനെന്റെ 'ഡിഹ്' (ഏതാനും ഗ്രാമങ്ങളുടെ സമഷ്ടി) വിട്ടുപോകാൻ ഭാവമില്ല. എന്റെ ഭൂമി തട്ടിയെടുക്കുവാൻ സഹദേവൻ എന്റെ പേരിൽ ജില്ലാകോർട്ടിൽ 'ഡിഗ്രി' കൊടുത്തിരിക്കുന്നുവെന്നു കേട്ടു. ഞാൻ ഇതു വിശ്വസിക്കുവാൻ മുല കുടിക്കണെ കുഞ്ഞല്ലല്ലോ. വയൽ ദഹീദാത് ഗ്രാമത്തിൽ. ഡിഗ്രി പൂർണിയയിൽ. അങ്ങനെ പതിവുണ്ടോ?' ഇങ്ങനെ വൃദ്ധ എന്തൊക്കെ പറഞ്ഞിരുന്നുവെന്നോ? ഇടക്കിടയ്ക്ക് 'പടോ പടോ' എന്നു തലക്കിട്ടടിക്കും. അലച്ചു നിലവിളിക്കും. ഇടയ്ക്കു പറയും മാസ്റ്റർ സാഹബിനെവിടെ സമയം? ഇല്ലെങ്കിൽ അദ്ദേഹത്തെ ഗ്രാമത്തിലേക്കൊന്നു കൂട്ടിക്കൊണ്ടുപോയേനെ. അതുകൊണ്ട് ബിലുബാബുവല്ലാതെ വേറെ ഉപായമില്ല. ഏട്ടനും ഞാനും വളരെ ശ്രമിച്ചുനോക്കി. എന്നാൽ കപിൽദേവിന്റെ ഈ അന്യായത്തിനൊരു പ്രതിവിധി ഉണ്ടായില്ല.' ഞങ്ങൾ ദഹീദാത്തിൽ ചെല്ലുമ്പോൾ കപിൽദേവ് ഞങ്ങൾക്കു പൂരിയും കറിയും തന്നു സൽക്കരിക്കുന്നു. പക്ഷേ ഞങ്ങൾ ചെന്ന കാര്യത്തെപ്പറ്റി ഒന്നും മിണ്ടുന്നില്ല. വളച്ചുകെട്ടി പറയുന്നു, ഞങ്ങളും ഗാന്ധിജിയുടെ ഭക്തന്മാർ തന്നെ. ജില്ലാ കോൺഗ്രസ് കമ്മിറ്റി മെമ്പറാണ്. ആശ്രമം മേയുന്നതിനു വയ്ക്കോൽ കൊല്ലംതോറും സംഭാവന ചെയ്യുന്നു. ഒരു

സഹോദരനെ കോൺഗ്രസ്സിനു സമർപ്പിച്ചിരിക്കുന്നു. സത്യ സ്ഥിതിയെന്തെന്നുവെച്ചാൽ കൂട്ടുകുടുംബത്തിലെ പണികളും ഭൂമിയും പാടങ്ങളും ഒക്കെ നോക്കുന്നതിന് കുടുംബത്തിലുള്ള എല്ലാവരും ആവശ്യമായി വരുന്നില്ല. കുടുംബത്തിലെ ചോറു തിന്നുമുടിച്ച് ഗ്രാമത്തിൽ കുട്ടവും കുറിയുമുണ്ടാക്കുന്നതിനു പകരം ഒരുവൻ കോൺഗ്രസ്സിൽ ചേരുന്നതാണ് ഭേദം. വൻകിട കൃഷിക്കാരുടെ മനോഭാവം ഇതാണ് . കോൺഗ്രസ് സംഘടനയിൽനിന്നു കിട്ടാവുന്നിടത്തോളം 'സൗകര്യങ്ങൾ' ഈ 'ദാനം' കൊണ്ട് ഉറപ്പാവുന്നു. ഇതിലേറെയെന്തു വേണം? സഹോദരൻ കോൺഗ്രസ് അധികാരികളുടെ മനസ്സ് പ്രീണിപ്പിച്ചു നടന്നാൽ ഡിസ്ട്രിക്ട് ബോർഡ് മെമ്പർ വരെയാകാം. പിന്നെ കോൺഗ്രസ് ധനികരായ കർഷകരുടെ സമ്മർദ്ദത്തിനു വഴങ്ങാതിരുന്നാൽ തീർന്നു. ധാർമിക സമ്മർദം ചെലുത്താമെന്നല്ലാതെ കോൺഗ്രസിന് എന്താണൊരു ശക്തിയുള്ളത് .

അവസാനം ആ എണ്ണയാട്ടുകാരി ക്രോധവും ദുഃഖവും സഹിക്കാതെ ഏട്ടനോടു പറഞ്ഞു, 'എനിക്കറിയാം ഇൻസ്പെക്ടരദ്ദേഹത്തെ കപിൽദേവ് വിലയ്ക്കു വാങ്ങിയിരിക്കയാണ് . പക്ഷേ നിന്നെയും വിലയ്ക്കു വാങ്ങിയോ?' അവൾ പിന്നെയും എന്തൊക്കെയോ പറയാൻ തുടങ്ങിയതായിരുന്നു. എന്നാൽ പെട്ടെന്ന് സഹദേവൻ വന്നതുകൊണ്ട് മിണ്ടാതായി. വൈരമുണ്ടായിരിക്കാം. എന്നാലും സഹദേവ് ഭൂമിഹാർ ബ്രാഹ്മണനാണ് . ഉയർന്ന ജാതിക്കാരൻ. ഗ്രാമത്തിലെ മാന്യനായ വ്യക്തി. അയാളുടെ മുമ്പിൽ ഒരു വാണിയത്തി ഉറക്കെ സംസാരിക്കയോ? ഞങ്ങൾ സഹദേവനോട് പറയുമ്പോഴൊക്കെ അയാൾ പറയും, 'ഏട്ടനാണ് കാരണവർ. എനിക്കിതെപ്പറ്റി എന്തറിയാം.'

സഹദേവനെ കഴുത്തിനു പിടിച്ചു തള്ളി കോൺഗ്രസ് ഓഫീസിൽ നിന്നു പുറത്താക്കിയാലെന്തെന്ന് എനിക്കു തോന്നിപ്പോയി. പിന്നെ ഞാൻ അയാളോടു സംസാരിച്ചിട്ടില്ല. ഏട്ടൻ പിന്നീട് എന്നോടു പറഞ്ഞു, 'എടോ, അയാളോടു കോപിച്ചിട്ടു കാര്യമെന്ത് ? തെറ്റ് സംഘടനയുടെ അടിത്തറയ്ക്കാണ് .'

1930—32 ലെ പ്രക്ഷോഭകാലത്ത് ക്യാമ്പ് ജയിലിൽ

കിടക്കുമ്പോൾ തന്റെ രാഷ്ട്രീയ വീക്ഷണത്തിന്റെ കൊള്ളരുതായ്മ അനുഭവപ്പെട്ടു. ഇതു സംബന്ധിച്ച് ജയിലിൽ എത്ര യെത്ര വിമർശനങ്ങളും വാദപ്രതിവാദവും മുഷിച്ചിലും ഉണ്ടായി. ഈ അർത്ഥശൂന്യതയെ തുറന്നു സമ്മതിക്കാത്തവരുടെ മുഖത്ത് ഹതാശയുടെ മുദ്ര സ്പഷ്ടമായി കാണാമായിരുന്നു. ആ ബീജം ഇത്ര നാളുകൾക്കു ശേഷം മുളയിട്ടു. ഏട്ടനും ഞാനും കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിയിൽ ചേർന്നു.വാണിയത്തിയുടെ ആ സംഭവം ഉറങ്ങിക്കിടന്ന ബീജത്തിന് താപവും വെള്ളവും എത്തിച്ചു. ആ വൃദ്ധ ഇപ്പോഴും ഭർത്താവിന്റെ 'ഡിഹ്' കെട്ടിപ്പിടിച്ചു കിടക്കുന്നുണ്ടോ എന്നറിയില്ല. എന്നാൽ അവളുടെ കണ്ണുനീർ ഞങ്ങളുടെ എല്ലാ സന്ദേഹങ്ങളും ഇടയിളക്കങ്ങളും കഴുകിക്കളഞ്ഞു. ഹൃദയകന്ദരത്തിലെ അർധജാഗൃതമായ ആകാംക്ഷ കിളിവാതിലിലൂടെ പ്രഭാതകിരണങ്ങൾ കണ്ടു. പിന്നെ ഒരേ പാർട്ടിയിൽ നിന്നുകൊണ്ട് ഞാനും ഏട്ടനും എത്രയേറെ പ്രവർത്തിച്ചു! ഏട്ടൻ — കേവലം സഹപ്രവർത്തകനല്ല, കോമറേഡല്ല, ഏകോദര സഹോദരന്മാരാണ് ഞങ്ങൾ. നമ്മൾ രണ്ടുപേരുടേയും ജീവിതത്തിൽ സുഖദുഃഖങ്ങളിൽ കോർത്ത എത്രയെത്ര സ്മൃതികൾ. എന്തു ചെയ്താലെനിക്കു ക്ഷേമം വരും, എനിക്ക് അൽപം ആനന്ദം തോന്നും എന്ന ചിന്തയായിരുന്നു എന്നും ഏട്ടന്റെ മനസ്സിൽ. സ്വയം കോളേജിൽ പഠിക്കേണ്ടെന്നു വെച്ചു. ഇതിൽ ഏട്ടനു നല്ല ദുഃഖമുണ്ടായിരുന്നു. എർത്ത് ക്വേക് റിലീഫ് ഫണ്ടിൽ നിന്നു കിട്ടിയിരുന്ന അലവൻസ് എന്റെ പഠിപ്പിനായി ചെലവിട്ടു. തന്റെ ആഗ്രഹം എന്റെ പഠിപ്പുകൊണ്ടു നിവർത്തിച്ചു. റിലീഫ് പ്രവർത്തനം അവസാനിച്ചപ്പോൾ അതിനുപയോഗിച്ചിരുന്ന സാമാനങ്ങൾ ലേലത്തിൽ വെച്ചു. അപ്പോൾ അതിൽനിന്ന് ഒരു സൈക്കിൾ വാങ്ങി ഏട്ടൻ എനിക്കു തന്നു. ഇതെല്ലാം നിസ്സാര കാര്യങ്ങൾ. ഏട്ടന്റെ സ്നേഹത്തെപ്പറ്റി ഓർക്കുമ്പോൾ ഈ വക കാര്യങ്ങൾ എടുത്തു കാട്ടുന്നത് ആ സ്നേഹത്തെ കുറച്ചു കാണിക്കുന്നതിനു സമമാണ് . എനിക്കു തലവേദന ഉണ്ടായാൽ ഏട്ടനു പരിഭ്രമമാവും. ജയിലിൽ 'രവിവാർ' അനുഷ്ഠിച്ചു (ഞായറാഴ്ച അന്നഭക്ഷണം കഴിക്കാതിരിക്കുക) കിട്ടുന്ന ശർക്കര ഏട്ടൻ തിന്നാറില്ല. അതു ഞാൻ ശ്രദ്ധിച്ചിട്ടുള്ളതാണ് . കാരണം ഊണു കഴിഞ്ഞാൽ എനിക്കു മധുരിക്കുന്ന എന്തെങ്കിലും കിട്ടിയില്ലെങ്കിൽ തൃപ്തിയാവില്ല എന്ന് ഏട്ടനറിയാം. ജയിലിൽ

പതിവായി ഏട്ടൻ എന്റെ കുപ്പായവും നിക്കറും കഴുകിത്തരാറുണ്ട് . തടഞ്ഞാൽ പറയും, 'സാരമില്ല നിനക്കിതിനൊക്കെ ശീലമില്ല.' ഞാൻ നിർബന്ധിച്ചില്ല. ഏട്ടൻ ഈ ചെയ്യുന്നതെല്ലാം എനിക്കുവേണ്ടി ചെയ്യാൻ കടപ്പെട്ടവനാണെന്നായിരുന്നു എന്റെ ധാരണ. ഇതിൽ അസ്വാഭാവികമായി ഒന്നുമില്ലെന്ന് .

എന്നാൽ ... എന്നാൽ ബിലുവേട്ടന് എന്നിൽ യാതൊരധികാരവുമില്ലേ? ഉണ്ടായിരിക്കാം. ഉണ്ടായിരിക്കാമെന്നല്ല ഉണ്ട് . അതിനു രാഷ്ട്രീയ മണ്ഡലത്തിൽ നിന്നു പുറത്താണു സ്ഥാനം. രാഷ്ട്രീയത്തിൽ ഞാൻ അനുജനും ബിലുവേട്ടൻ ഏട്ടനുമല്ല. ഇവിടെ വ്യക്തിപരമായ പ്രശ്നങ്ങൾ വിട്ട് യുക്തിയുടെ ചാണക്കല്ലിൽ ഓരോ പ്രവർത്തനപദ്ധതിയും ഉരച്ചുനോക്കേണ്ടിയിരിക്കുന്നു. ലോകം എന്നെപ്പറ്റി ഇഷ്ടമുള്ളതു വിചാരിച്ചോട്ടെ. ഏട്ടൻ എന്റെ മനോഭാവത്തെ ശരിക്കും മനസ്സിലാക്കുന്നു. അവിടെ സങ്കുചിത ചിന്തയ്ക്കിടമേയില്ല.

1940ൽ ഞാനും ഏട്ടനും അറസ്റ്റു ചെയ്യപ്പെട്ട സമയം രണ്ടുപേരും സി. എസ് . പി. മെമ്പർമാരായിരുന്നു. എന്നാൽ ജയിലിൽ കുറച്ചു ദിവസം കൊണ്ട് എത്ര വലിയ പരിവർത്തനമാണു വന്നത് . വാർഡിലെ പ്ലാവിൻ തണലിൽ ആദ്യമായി ചന്ദ്രദേവനെ പരിചയപ്പെടൽ, പ്ലാവിൻചുവട്ടിൽ കമ്പിളി വിരിച്ച് ലെക്ചർ ക്ലാസ് ... എല്ലാം മുമ്പിൽ കാണുകയാണ് . അയാളുടെ എതിർചോദ്യത്തിനു വകയില്ലാത്ത യുക്തികൾക്കു മുമ്പിൽ തലകുനിക്കേണ്ടിവന്നു. കൺമുമ്പിലെ കനത്ത പടുത നീങ്ങുന്നപോലെ തോന്നി. ഏട്ടന്റെ പക്ഷപുടത്തിലമർന്നിരുന്നു ഞാൻ കണ്ട രാഷ്ട്രീയം രുഗ്ണവും ജാണ്ടിസ്ഡും ഭ്രാന്തവുമായിരുന്നുവെന്നു തോന്നി. അത് അവസരസേവികളായ താഴ്ന്ന മിഡിൽ ക്ലാസുകാരുടെ ഭാവപ്രവണതയുടെ ഉൽഗാരമായിരുന്നു. ഇവിടെ യഥാർത്ഥത്തിൽ അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ അന്താരാഷ്ട്രീയ വീക്ഷണത്തിനു സ്ഥാനമില്ല. നാഷണലിസത്തിനപ്പുറത്തേക്കു നോക്കുവാനുള്ള കഴിവ് ഇവിടെയില്ല. ചന്ദ്രദേവന്റെ പാർട്ടിയിൽ ചേരും മുമ്പ് ഏട്ടനോട് ആലോചിക്കണമെന്ന് തോന്നി. പറയാം പറയാമെന്നു വിചാരിച്ചു നടന്നതല്ലാതെ പറയാനായില്ല. പ്രധാ

നമായും സങ്കോചം. പിന്നെ ഏട്ടൻെറ ചോദ്യങ്ങൾക്കു മറുപടി പറയാനുള്ള കഴിവുകേട് . ഏട്ടൻ പറയുന്ന യുക്തികൾ തെറ്റാണെന്ന് അറിയാമായിരുന്നിട്ടുപോലും ഓരോ യുക്തിക്കും ചന്ദ്രദേവൻെറ അടുക്കൽനിന്ന് മറുപടി കേട്ടിട്ട് പിന്നെ ഏട്ടനോടു പറയാമായിരുന്നെങ്കിൽ എളുപ്പമായിരുന്നു. ഒടുവിൽ ഏട്ടനോടു പറയാതെതന്നെ പുതുപാർട്ടിയിൽ ചേർന്നു. എന്തിനാണു പറയുന്നത് ? രാഷ്ട്രീയത്തിൽ എന്നും പ്രായം തികയാത്തവനായിത്തന്നെ വർത്തിക്കണമെന്നോ? അന്നു തൊട്ട് നമ്മൾ രണ്ടുപേരുടെയും നടുക്കുണ്ടായ വിടവ് ഇന്നും തുടരുന്നു. രാഷ്ട്രീയ പ്രവർത്തകൻെറ ജീവിതം അയാളുടെ പാർട്ടിയ്ക്കകത്താണ് . പാർട്ടിക്കു പുറത്തുള്ള ജീവിതം അയാൾ ഇല്ലാതാക്കണം. അതു മുതൽ ഞാൻ ഏട്ടനിൽ നിന്നു തെറ്റി നടക്കാൻ നോക്കിത്തുടങ്ങി. സ്വന്തം കാര്യങ്ങളല്ലാതെ മറ്റൊന്നും സംസാരിച്ചിരുന്നില്ല. പാർട്ടിക്കാർ എന്തു വിചാരിക്കുമെന്ന ഭയം എന്നെ ബാധിച്ചു. ഏട്ടൻ എതിർ പാർട്ടിയിലെ പ്രമുഖ നേതാവാണ് . ഏട്ടനോടുള്ള അടുപ്പം എൻെറ പാർട്ടിക്കാർ ഇഷ്ടപ്പെടുകയില്ല. എന്നോടൊന്നും പറയില്ലായിരിക്കാം. എങ്കിലും അവർ എന്നെ വിമർശിക്കാതിരിക്കില്ല. ഈ രണ്ടു പാർട്ടികളെ കൂടാതെ വേറെ ചില ഉൾപ്പാർട്ടികളും അവിടെ ഉണ്ടായിരുന്നു. ഓരോരുത്തരും ധരിച്ചിരുന്നത് മറ്റേ പാർട്ടിയുടെ ചാരന്മാർ തങ്ങളുടെ കൂട്ടത്തിൽ മറഞ്ഞിരിക്കുന്നുണ്ടെന്നാണ് . നേരാണു താനും. എത്രതന്നെ ഗോപ്യമാക്കി വെച്ചാലും ഒരു പാർട്ടിയുടെ രഹസ്യം മറ്റു പാർട്ടിക്കാർ അറിഞ്ഞിരുന്നു. ജയിലിലെ ചുവരുകൾക്കും ചെവി.......

' എൻെറ സങ്കോചം കണ്ട് ഏട്ടനും എന്നെ ഒഴിഞ്ഞു നടന്നു. പാർട്ടി ക്ലാസു കഴിഞ്ഞു വരുമ്പോൾ കാണാം, ഏട്ടൻ എൻെറ കിടക്ക കുടഞ്ഞു വിരിച്ചിട്ടുണ്ടാവും. ആ വൃത്തിയും വെടുപ്പുമുള്ള കിടക്കയിൽ ഏട്ടൻെറ സ്നേഹപൂർണമായ കൈകളുടെ സ്പർശം ഞാൻ അനുഭവിക്കുന്നു. അച്ഛൻെറയോ അമ്മയുടെയോ കത്തു വരുന്ന ദിവസം ഏട്ടനെ കാണാൻ സന്ദർഭം കിട്ടിയിരുന്നു. അമ്മയുടെ പോസ്റ്റ് കാർഡ് , ഞാൻ വായിച്ച് ഏട്ടൻെറ കിടക്കയിൽ വെയ്ക്കുന്നു. 'ആരുടെ കത്ത് ? അമ്മയുടെ?' ഞാൻ 'അതെ' എന്നു പറയുന്നു. ഏട്ടൻ വായിക്കുന്നു — രാവിലെ വെറും വയറ്റിൽ ചായ കുടിക്കരുത് . ഇടക്കിടയ്ക്ക് ത്രിഫലയും 'സബഗോലും' തിന്നണം. കൂവള

ക്കായ തീയിൽ വേവിച്ചു തിന്നാനുള്ള ഏർപ്പാടുണ്ടെങ്കിൽ ഉത്തമമായി. എനിക്കു പേടിയെന്താണെന്നു വെച്ചാൽ ജയിലിൽ നിങ്ങൾ രണ്ടു പേർക്കും ഇടയ്ക്കു വയറ്റിളക്കം പിടിപെടുന്നു. സെക്യൂരിറ്റി തടവുകാർക്ക് ഇതൊക്കെ ഏർപ്പാടു ചെയ്യുവാൻ വിഷമമില്ല. പണം വേണമെങ്കിൽ എഴുതണം, മടി വേണ്ട. ഏതെങ്കിലും തരത്തിൽ ഉണ്ടാക്കാം, 'അമ്മയുടെ ഒരു മട്ട് ' എന്നു പറഞ്ഞ് ഏട്ടൻ മെല്ലെ ചിരിക്കുന്നു. ഇടതു കവിളിൽ നുണക്കുഴി വീഴുന്നു... എന്തെല്ലാം ഉള്ളു തുറന്നു സംസാരിക്കാൻ തോന്നുന്നു. മുമ്പൊക്കെ അമ്മയെപ്പറ്റി എന്തെല്ലാം സംസാരിച്ചിരുന്നതാണ്! ഇപ്പോൾ 'അതെ' എന്നു മാത്രമാണു പറഞ്ഞത് . ഹൃദയസ്പൃക്കായ എന്തെല്ലാം കാര്യങ്ങൾ.... എല്ലാം സങ്കോചത്തിന്റെ ശൈത്യത്തിൽ ഉറഞ്ഞുപോയി...... കുട്ടിക്കാലത്ത് ഞാനും ഏട്ടനും ഒരു രജായിയിൽ കിടക്കുകയായിരുന്നു. വെളുപ്പിനു നാലുമണി തൊട്ടു തുടങ്ങി ബഡായി പറയാൻ. അവസാനിക്കാത്ത ബഡായി... ഇപ്പോഴോ — ഒറ്റവാക്ക് — അതെ, അതിലധികം വായിൽനിന്നും പുറത്തേക്കു വരുന്നില്ല. വാക്കുകൾ തീർന്നു പോയതിന്റെ അങ്കലാപ്പ് മുഖത്തു പ്രകടമായി. അതു മറച്ചു പിടിക്കാൻ എന്തോ പണിത്തിരക്കുള്ള മട്ടിൽ സ്ഥലം വിട്ടു.

...അതുകഴിഞ്ഞ് ദേവലിയിലേക്കു ട്രാൻസ്ഫറായപ്പോൾ.... ഞങ്ങളിൽ കുറച്ചു പേരെ മാത്രമേ ദേവലിക്കയയ്ക്കുന്നുള്ളു. ഏട്ടനതിലില്ല. യാത്ര ദിവസം ഏട്ടൻ എന്റെ പെട്ടിയിലെല്ലാം അടുക്കിവെച്ചുതന്നു. പെട്ടിയുടെ അടിയിൽ ഒരു പനവിശറി വെച്ചു. വിശറിയിൽ അമ്മ ഞൊറി തുന്നിപ്പിടിപ്പിച്ചിരുന്നു. അതിൽ ഒരു സ്ഥലത്ത് എഴുതിയിരിക്കുന്നു, 'നീലു —ബിലു' 'പിലു —പിലു.' അങ്ങനെയൊരു നിമിഷത്തിൽ അമ്മയ്ക്കെന്തു തോന്നിയിട്ടോ പിലു പിലു വെന്നു തുന്നിപ്പിടിപ്പിച്ചിരിക്കുന്നു. തന്റെ ഫൗണ്ടൻ പെൻ ഏട്ടൻ എന്റെ കീശയിൽ കൊളുത്തി വെച്ചു. അതിപ്പോഴും ഉണ്ട് എന്റെ കീശയിൽ. "സാറെ, ഉറക്കമായോ?"

സൂബേദാർ അരികിൽ വന്നു നിൽക്കുന്നതാണ് കണ്ടത് .

"ഇല്ല, എന്തേ?"

ഇയാളെന്തിനാണു ഡ്യൂട്ടി വിട്ട് ഗേററിനു വെളിയിൽ

വന്നു വശായിരിക്കുന്നത് ?

"നിങ്ങളുടെ ഡ്യൂട്ടി കഴിഞ്ഞോ?"

"ഉവ്വ് രാത്രി എനിക്കു ഡ്യൂട്ടിയില്ല. ഇന്നു പുലർച്ചയ്ക്ക് ഓഫീസർമാരും മററും എത്തും. അതുകൊണ്ട് ഉറക്കം ഇവിടെത്തന്നെയാക്കാമെന്നുവെച്ചു. ഇതിനു മുമ്പ് നടന്ന ഒരു മരണശിക്ഷദിവസം സായ്പ് റൗണ്ടിനു വന്നിരുന്നു. കഴുമരത്തിൻെറ നാലുപാടും വലിയവലിയ ബൾബുകൾ വെച്ച് ആ സ്ഥലമത്രയും പകലുപോലെയാക്കിവെയ്ക്കുന്നു. നാലു വാർഡർമാർ അവിടെ കാവൽ നിൽക്കുന്നു. നശിച്ച ജയിലിലെ ഏർപ്പാടാണ് . എന്തെല്ലാം ജാതി തടവുകാർ, എന്തെല്ലാം തരക്കാരായ വാർഡർമാർ. പണവും മററും കൈമടക്കു വാങ്ങി കഴുമരച്ചോട്ടിൽ വല്ല കുരുത്തക്കേടും കാട്ടിവെച്ചിട്ടുപോയാൽ കൃത്യസമയത്തല്ലാതെ അറിയാൻ കഴിയില്ല. അതിനാണിത്രയെല്ലാം മുൻകരുതൽ. ഒരു മരണശിക്ഷസമയത്ത് എന്തെങ്കിലും കുഴപ്പം സംഭവിച്ചാൽ സായ്പ് തൊട്ട് വാർഡർമാരുടെ വരെ ജോലിക്കു ഹാനി സംഭവിച്ചേക്കാം. ഇതിൻെറയെല്ലാം ചുമതല വഹിക്കേണ്ടത് ഹെഡ് ജമാദാരാണ് . എന്നാൽ ആ 'നവാബു നന്ദനൻ' സായ്വിനെ എന്തു കൂടപത്രമാണാവോ ചെയ്തത് ! സായ്വ് എൻെറ നേരയാണ് ചാടുന്നത് . സായ്വ് ഈ 'ഡിപ്പാർട്ടിൽ' (ഡിപ്പാർട്ടുമെൻറ്) പുതിശായി വന്നവൻ. ജയിലിലെ നിയമവും ചട്ടവും—അതെപ്പററി യാതൊരു ഗന്ധവുമില്ല. യുദ്ധകാലത്ത് ഇങ്ങനെ എത്ര എണ്ണത്തിനെ കണ്ടിരിക്കുന്നു. എത്ര മദാമ്മമാർ കൈകൊണ്ടെടുത്തു തന്നിട്ടുള്ള മധുര നാരങ്ങ തിന്നിരിക്കുന്നു. ഇപ്പോൾ ഒരു ചാൺ വയറിനു വേണ്ടി വായിൽ തോന്നിയ പുലഭ്യങ്ങൾ കേൾക്കേണ്ട ഗതികേടു വന്നിരിക്കുന്നു."

സുബേദാരിന് എന്നോട് എന്തോ പറയണമെന്നുണ്ട് , ഇത് അതിൻെറ മുഖവുരയാണെന്നു മനസ്സിലായി. ചോദിച്ചു, 'അതിനിപ്പോൾ നിങ്ങൾ എവിടെ പോകാൻ ഇറങ്ങിയിരിക്കുന്നു?'

'ഇവിടത്തെ ഈ കൊതുക്കൾ. അവറ്റ ഉറങ്ങാൻ സമ്മതിക്കുമോ? ഓഫീസ് മുറിയിൽ കിടക്ക വിരിച്ചിട്ടുണ്ട് . പക്ഷേ

അകത്തെ ഒരു ആവി! നിങ്ങളെയും കൊതു ശല്യപ്പെടുത്തുന്നു ണ്ടാവും. അതുകൊണ്ടു വീട്ടിൽ ചെന്നു ചായ കുടിച്ചിട്ടു വരാ മെന്നു വിചാരിച്ചു. യുദ്ധത്തിൽ ചേർന്നതുകൊണ്ട് ഇങ്ങനെ യൊരു ദുശ്ശീലം ബാധിച്ചു. നിങ്ങളും പോരൂ, എന്തിനീ കൊതു കടി സഹിച്ചുകൊണ്ട് ഇവിടെയിരിക്കുന്നു? നോവേ സിംഹ് കുടുംബസഹിതമല്ല പാർക്കുന്നത് . അയാളുടെ ക്വാർട്ടറിൽ ഇരുന്നു നേരം കളയൂ. നിങ്ങളുടെ മനസ്സിനുള്ള 'പരോശം' ഞങ്ങൾക്കു പോക്കാൻ കഴിയില്ല. എന്നാൽ ചെറിയ വല്ല സേവനവും ചെയ്യാൻ കഴിയുമെങ്കിൽ ആകാമല്ലോ എന്നു വച്ചു പറയുന്നതാണ് . ഞങ്ങൾക്കൊക്കെയുണ്ട് കുഞ്ഞുകുട്ടി കൾ. ഞങ്ങളും ബിലാത്തിയിൽ നിന്നു വന്നവരല്ല.'

ഞാൻ പറഞ്ഞു, 'പോട്ടെ. എനിക്കിവടെ അസൗകര്യമൊ ന്നുമില്ല. ഈ രാത്രിനേരത്ത് എവടെയോടിനടക്കാനാണ് ?'

അയാളുടെ മാന്യമായ പെരുമാറ്റം എന്നെ വഴക്കിക്ക ളഞ്ഞു. വിരോധം പറഞ്ഞിട്ടും അയാൾ എന്നെ പിടിച്ചെഴു ന്നേൽപിച്ചു. ഞാൻ കമ്പിളികൾ എടുക്കാൻ ഭാവിച്ചു. സൂബേ ദാർ പറഞ്ഞു, 'വിടൂ, എനിക്കും തരൂ കുറച്ച് . രണ്ടു പേർക്കും കൂടി കൊണ്ടുപോകാം.'

ഞാൻ പറഞ്ഞു, 'കനമത്രയ്ക്കൊന്നുമില്ല.'

നാലെണ്ണത്തിൽനിന്ന് മൂന്ന് അയാൾ തന്നെയെടുത്തു. ഞാൻ ഒന്നും. അയാൾ പറഞ്ഞു, 'ക്വാർട്ടർ അടുത്തുതന്നെ യാണ് .'

വഴി കടന്ന് ഡോക്ടറുടെ വീടിനപ്പുറമുള്ള വാർഡർമാ രുടെ പാർപ്പിടങ്ങളിലെത്തി. ഏറെയെണ്ണമില്ല. സീനിയർ വാർ ഡർമാർക്കു മാത്രമേ ക്വാർട്ടേഴ്സ് ഉള്ളൂ. ബാക്കിയുള്ളവർ ബാരക്കിൽ താമസിക്കുന്നു. ഒരു വാതിൽക്കലെത്തി മുട്ടിയിട്ട് സൂബേദാർ പറഞ്ഞു, 'അല്ലാ പൂട്ടിയിരിക്കുന്നു സാറേ, ഞാൻ തീരെ മറന്നു. നോവേലാൽ ഡ്യൂട്ടിയിലാണ് . ഞാൻ സാറിനെ വെറുതേ ബുദ്ധിമുട്ടിച്ചു.'

ഞാൻ പറഞ്ഞു, 'സാരമില്ല. മടങ്ങിപ്പോയേക്കാം. ഇത്രയല്ലേ ദൂരമുള്ളൂ.'

'നിക്കൂ, വിളക്കു കൊണ്ടുവരട്ടെ.'

'വേണ്ട. എന്താണാവശ്യം?' രാത്രിയുടെ നീരവതയെ ഭഞ്ജിക്കുമാറ് ഒരു കർക്കശ ശബ്ദം— 'ലഫ്ട് ടേൺ' ദൂരത്വം ശബ്ദത്തിന്റെ കർക്കശത്വം അൽപം കുറച്ച് സ്വരത്തിനു ഒരു മാധുര്യം ഉണ്ടാക്കി. ജയിലിനകത്തു നിന്നാണു ശബ്ദം. വാർഡർ ഊഴം മാറുകയാവും. മെയിൻ ഗേറ്റിലിരുന്ന് രണ്ടു മണിക്കൂർ മുമ്പ് 'ഊഴം മാറ്റ'മുണ്ടായപ്പോൾ ഈ ശബ്ദം കേൾക്കയുണ്ടായില്ല. ഗേറ്റിൽ നിന്ന് അകന്നു നിന്നപ്പോൾ കേൾക്കാറായി. ഗേറ്റ് സൗണ്ട് പ്രൂഫാണെന്നോ?

വീണ്ടും മടങ്ങി. പഴയ സ്ഥലത്തുതന്നെ കമ്പിളി വിരിച്ചു. ഒരു കമ്പിളിയേ ബാക്കിയുള്ളൂ. മറ്റതു മൂന്നും സൂബേദാരിന്റെ പക്കൽ. സൂബേദാർ ഇതിനായി കാണിച്ചതായിരുന്നോ സൗജന്യം? ഇതിനാണോ നട്ടപ്പാതിരയ്ക്ക് വീട്ടിലേക്കു പോകാൻ ക്ഷണിച്ചത് ? ആർക്കെങ്കിലും ജയിലിന്നു പുറത്തേക്ക് ഒരു കമ്പിളി കടത്തിക്കൊണ്ടു പോകണമെന്നുണ്ടെങ്കിൽ അയാൾക്ക് തന്റെ സഹപ്രവർത്തകർക്ക് മൂന്നെണ്ണമെങ്കിലും കൊടുക്കേണ്ടിവരുന്നു. ഇതാണ് ജയിലിൽ നിലവിലുള്ള സമ്പ്രദായം. ഇല്ലെങ്കിൽ പണി പോയേക്കാം. ഈ വിധം അനായാസമായി മൂന്നു കമ്പിളി വീട്ടിലേക്കു കടത്താനുള്ള ലോഭം നിയന്ത്രിക്കാൻ സൂബേദാരിന്നു കഴിഞ്ഞു. പോരെങ്കിൽ യുദ്ധക്കാലം........

പഴയ സ്ഥലത്തു തന്നെ ഇരുപ്പുറപ്പിച്ചു. രാഷ്ട്രത്തിന്റെ വിശാലമായ പേഷണയന്ത്രങ്ങളിൽ ജയിലിനുള്ള സ്ഥാനം അവഗണിച്ചുകൂട, ചക്രങ്ങൾക്കുമേൽ ചക്രങ്ങൾ. അവയിൽ ഒന്നിനു മുമ്പിൽ ഇരിക്കുന്നു. ജയിൽ ഗേറ്റ് , അതികഠോരം, നിഷ്പ്രാണം. വാച്ചിന്റെ സൂചി പോലെ മുടങ്ങാതെ തിരിയുന്നു. 'വാച്ചിന്റെ പ്രധാന സ്ഥാനങ്ങളിൽ രത്നം ഘടിപ്പിച്ചിട്ടുള്ളതുപോലെ പേഷണയന്ത്രത്തിന്റെ രണ്ടു വൈരക്കല്ലുകളാണ് ഗേറ്റിലെ സൂബേദാറും അകത്ത് സെൻട്രൽ ടവറിലെ ഹെഡ് വാർഡറും.

ഈ രണ്ടു നാലു മണിക്കൂറിനകം തന്നെ ജയിൽ ഗേറ്റിലെ വിരസത അസഹ്യമായിത്തോന്നി. ഇരുട്ടിൽ വാർഡർമാരുടെ ക്വാർട്ടർ വരെ ഒന്നു ചുറ്റിവന്നതുകൊണ്ട് ഈ വിരസതയ്ക്ക് അൽപം ശമനം തോന്നി.... വീണ്ടും അതേ വാർഡർമാരുടെ സംഘം, വാതിലടയ്ക്കലും തുറക്കലും .... ജയിലിൽ വാർഡർ

മാരെ വെയ്ക്കുന്നതിനു പകരം മെഷീൻ കൊണ്ടു കാര്യം നടത്തിയാലെന്തുണ്ടു തരക്കേട് ? ഒരേ തരത്തിലുള്ള പ്രവർത്തനം ആവർത്തിക്കുന്നിടത്ത് മെഷീൻ കൊണ്ടു കാര്യം നടത്തുന്നതാണ് യുക്തവും പ്രായോഗികവും.

ഗേറ്റിന്റെ മുകളിലത്തെ നിലയിൽനിന്ന് ഒരു വാർഡർ കോണിയിറങ്ങിവരുന്നു. ജയിലിന്റെ രണ്ടാം നിലയിലാണ് ജയിലറുടെ വാസഗൃഹം. അതിന്റെ മുൻഭാഗത്തുള്ള വരാന്തയിൽ നിന്നുകൊണ്ടത്രെ തോക്കുധാരിയായ വാർഡറുടെ മണിയടി. മഞ്ഞെന്നോ വെയിലെന്നോ, പകലെന്നോ രാത്രിയെന്നോ ഇല്ലാതെ. മണിക്കൂറുതോറുമുണ്ട് മണിമുട്ടൽ. കൂടാതെ ജയിലർ അകത്തേക്കു വരുമ്പോൾ ഒന്ന് , മാന്യരായ അതിഥികളുടെ വരവിൽ രണ്ട് . അകത്തുള്ളവർക്കൊരു മുന്നറിയിപ്പും വല്ല കുരുത്തക്കേടും കാണിച്ചു നിൽക്കുന്നുണ്ടെങ്കിൽ അതു തിരുത്താൻ വേണ്ടത്ര സമയം കൊടുക്കാനുമായിരിക്കാം ഇത് . പിന്നെയൊരുതരം മണിയടിയുണ്ട് 'പഗ്ലി' മണി (കൂട്ടമണി). അപ്പോഴതടിക്കുന്നതിനു വിരാമമുണ്ടായിരിക്കയില്ല. അകത്തെനിന്നു കേട്ടാൽ പള്ളിമണി പോലെ. പള്ളി തങ്ങളുടെ കൂട്ടരെ പിടിച്ചുനിർത്താൻ വ്യഗ്രതകാട്ടുന്നു. പഗ്ലിയാകട്ടെ ഒരു വർഗത്തിന്റെ താൽപര്യത്തിനും.

മണിയടിക്കാരൻ വാർഡർ രണ്ടു മണിക്കൂർ നേരത്തെ ഭാരിച്ച ചുമതല നിറവേറ്റിയെന്ന ഗർവോടെ ഗേറ്റുകടന്നുപോയി. പുറത്തു നിൽക്കുന്ന സെൻട്രി ചോദിച്ചു, 'എന്താണിത്ര വൈകിയതിഷ്ടാ! പുതിയ ഊഴക്കാരൻ മോളിലേക്കു പോയിട്ട് കുറെ നേരമായല്ലോ'.

'എന്റെ ചങ്ങാതീ! നിങ്ങളെന്താണീ പറയുന്നത് ? ഡ്യൂട്ടിക്കു ചെന്നപ്പോൾ എനിക്കു മുമ്പുണ്ടായിരുന്ന വാർഡർ പറഞ്ഞേൽപിച്ചിട്ടുപോയി, ഒരു മണിക്ക് ജയിലർ സായ്പിനെ ഉണർത്തിയിട്ടു പോകണമെന്ന് . സായ്പ് റൗണ്ടിനു പോകാൻ ഭാവമുണ്ടായിരിക്കുമെന്നു വിചാരിച്ചു. വാതിൽക്കൽ ചെന്നു ചുമച്ചും വിളിച്ചും നോക്കി. അപ്പോൾ മൂപ്പരെടുത്തൊരു ചാട്ടം. 'എന്തെടേ കിടന്നലറുന്നത് ?' വലിയ ആപ്പീസർ പറയുന്നതെന്തും ശോഭിക്കും. ആദ്യം ചൂടായി. പിന്നെ പറഞ്ഞു, 'പുതിയ വാർഡറോട് മൂന്നു മണിക്കു വിളിക്കാൻ പറയ് . ആ വാർഡർ

വിളിച്ചില്ലെങ്കിൽ കേമമായി. സായ്പ് എഴുന്നേറ്റു ചെന്ന് അയാളെ വിളിക്കും. പിന്നെയെന്താ രസം!'

ഗേറ്റുകാരൻ വാർഡർ പറഞ്ഞു, 'എടേ പോകല്ലേ നില്ല് ! ഒന്നു മുറുക്കിയിട്ടു പോകാം.'

'വേണ്ടിഷ്ടാ, ചെന്നു കിടന്നുറങ്ങട്ടെ. ഈ അസമയത്തെന്തു മുറുക്ക് .'

ഇതും പറഞ്ഞ് അയാൾ മുറുക്കാനു കാത്തുനിന്നു. തലയിൽ നിന്നു തലപ്പാവൂരി. ഉഷ്ണിച്ചിട്ടാവാം. തല കഷണ്ടി. സെൻട്രി പറഞ്ഞു, 'തലയിൽ കുറച്ചു തണുപ്പിച്ച എണ്ണ പുരട്ടൂ. തലയ്ക്കകം ഒന്നു തണുക്കും. ജമാദാർ സാറ് ഇവിടെ എണ്ണക്കുപ്പി വെച്ചുമറന്നു. ഒരു സമയം ബി ഡിവിഷനിലെ തടവുകാരൻേറതാവും. കൺട്രാക്ടർ സാറിൻെറ വക കാണിക്കയാവും തീർച്ച. കഷണ്ടിത്തലയിൽ പുരട്ടിക്കൊടുക്കൂ. മുടി മുളച്ചാൽ അവിടെ കൊതു വന്നിരുന്നു കടിക്കില്ല.

ഇയാളുടെ തലപ്പാവിനകത്ത് ഒരു കഷണ്ടിത്തലയാണെന്ന് ഒരിക്കലും പ്രതീക്ഷിച്ചതല്ല..... മേരി സ്റ്റുവർട്ടിൻെറ ചുരുളൻ മുടിയുടെ പ്രസിദ്ധി മറുനാടുകളിൽപോലും ഉണ്ടായിരുന്നു. വധഭൂമിയിലേക്കു കൊണ്ടുപോയതിൽ പിന്നെയാണ് ജനം ധരിച്ചുവശായത് അത് സ്വതേയുള്ള മുടിയല്ല, വിഗ്ഗായിരുന്നു എന്ന് . പോലീസ് കോൺസ്റ്റബിൾമാരുടെ തല ഇത്രയ്ക്കു നക്കിത്തുടച്ച മാതിരി കണ്ടിട്ടുള്ളതായി ഓർക്കുന്നില്ല. അവരുടെ തലയിലുണ്ടായിരിക്കും തലപ്പാവ് . സന്ന്യാസിയുടെ തലയിൽ ജട.

ഞാനും ഏട്ടനും അഖൗരീസിംഹ് ജമീന്ദാരുടെ കച്ചേരിയിൽ പോയിരുന്നു. അയാളുടെ മാനേജർ എഴുതിയിരുന്നതനുസരിച്ച് ..... ധൂർത്തനായ സന്താൽ മാത്ധി തൻെറ ഭൂമി ജന്മിയുടെ പക്കൽനിന്നു രക്ഷിക്കുവാൻ മഹാത്മജിക്കു ദാനം ചെയ്തു. ആ ഭൂമി ജമീന്ദാരിന് മേളയ്ക്കുള്ള സ്ഥലമായിരുന്നു. മേളയിൽ സ്ത്രീകളുടെ ദേഹലാവണ്യം കച്ചവടം ചെയ്യപ്പെടുന്ന ടെൻറുകൾ ആ ഭൂമിയിലാണ് അടിക്കാറുള്ളത് . നിരനിരയായി. അങ്ങനെ ഈ വളർന്നുവരുന്ന മേളയ്ക്കു സ്ഥലം കഷ്ടിയായി.

അതുകൊണ്ട് ജമീന്ദാരിന്റെ കണ്ണ് അതിലേക്കായി. മഹാത്മജിയുടെ ആൾക്കാർ ജമീന്ദാരോട് തമ്മിൽ തല്ലട്ടെ. പിന്നെ ഞങ്ങൾ ആ ഭൂമിയിൽ അവകാശം കൊണ്ടുചെല്ലില്ല. തീർന്നു. ഇതായിരുന്നു മാഝിയുടെ ആലോചന. ഞങ്ങൾ ആദ്യം അയാളുടെ ഗൂഢവിചാരം മനസ്സിലാക്കിയില്ല. അച്ഛൻ പറഞ്ഞു; 'എന്തിനാ അവിടെ ഭൂമി?' ജമീന്ദാരിന് ഞാൻ കത്തെഴുതിയിരുന്നു. അതിനുള്ള മറുപടിയാലാണ് ഞങ്ങളെ ക്ഷണിച്ചത് . നിറുകൻ തല ശുദ്ധമേ കഷണ്ടി. പിന്നിൽ മാത്രം ഒരു കുടന്ന മുടി. അതു കുറെ നീട്ടിയിട്ടുമുണ്ട് . അത് ആകെ ചുറ്റി വളച്ച് 'ബ്രില്ലെൻടൈൻ' പുരട്ടി നിറുകന്തലയിലോളം എത്തിച്ചിരിക്കുന്നു. കഷണ്ടിക്കാരെല്ലാം വാസ്തവത്തിൽ പണക്കാരാണോ? മാത്തമെറ്റിക്സ് ടീച്ചർ രാമേശ്വർ ബാബു കണക്കു പഠിപ്പിക്കയായിരുന്നു. അദ്ദേഹത്തിന്റെ നിറുകയിൽത്തന്നെ കുറച്ചു ഭാഗം ശൂന്യം. ബ്ലാക് ബോർഡിൽ എഴുതി. ടേക് ഒ ദി മിഡിൽ പോയിൻറ്, ക്ലാസിലുള്ളവരെല്ലാം പൊട്ടിച്ചിരിച്ചു... പണ്ട് വാർമുടി ഉപയോഗിച്ചിരുന്നതിന്റെ രഹസ്യം ഇതായിരുന്നോ? അഘൗരീസിംഹ് മാനേജരോട് എന്തോ ഇംഗ്ലീഷിൽ പറഞ്ഞു. മാനേജർ ചോദിച്ചു. 'നിങ്ങൾ മാസ്റ്റർ സാഹബിന്റെ മക്കളാണോ? കോൺഗ്രസ് വളണ്ടിയർമാർ മാഝിയുടെ ഭൂമിയിൽ കുടിൽ വെച്ചുകെട്ടിയിരിക്കുന്നു. അവിടത്തെ ക്യാമ്പുകളെ ബോയിക്കോട്ടു ചെയ്യുവാൻ സത്യാഗ്രഹം ചെയ്യുമെന്നും കേൾക്കുന്നു. ഇന്നലെ പോലീസുകാർ രണ്ടു വളൻറിയർമാരെ പിടിച്ചുവെന്നറിയാമോ — അർധരാത്രി ആ ടെൻറിൽനിന്ന് ഇറങ്ങിപ്പോകുന്നനേരം? മേളയിലെ പോലീസിന്റെ നിയമം അറിയാമല്ലോ. രാത്രി പന്ത്രണ്ടു മണി കഴിഞ്ഞാൽ ആരും ടെൻറിൽ ഉണ്ടാകരുത് . ഒന്നുകിൽ പന്ത്രണ്ടിനു മുമ്പു പൊയ്ക്കൊള്ളണം. അല്ലെങ്കിൽ പുലരുംവരെ അതിൽത്തന്നെ ഇരിക്കണം. ആരുടെ മുമ്പിലാണു ചെന്നുചാടിയിരിക്കുന്നത് നിങ്ങൾ? ആരോടു മല്ലിടുന്നു? ആർക്കുവേണ്ടി? ആ മാഝിക്ക് എവിടെയെങ്കിലും രണ്ടേക്കർ പറമ്പു കൊടുത്താൽ ആ നിമിഷം അവൻ ഞങ്ങളുടെ ആളാവും. കോൺഗ്രസ്സിന് നല്ല തുകവരിസംഖ്യ കിട്ടാനുള്ള അടവാണോ? നാ പിടിച്ചോ! പക്ഷേ എല്ലാമറിഞ്ഞുകൊണ്ട് ഈ 'പുക്കാറ്' ഏറ്റെടുക്കാനാണു ഭാവമെങ്കിൽ ശരി.....

'ആദാബ് ബാബുസാഹബ് !'

മണിയടിക്കാരൻ ശിപ്പായി പോകുന്ന സമയം എന്നെ എന്തിനു വന്ദിക്കുന്നു?

അയാൾ പറഞ്ഞു— 'മിനിയാന്ന് ഉച്ചയ്ക്ക് മരണസെല്ലിൽ എനിക്കായിരുന്നു ഡ്യൂട്ടി. നോക്കിയപ്പോൾ ഉണ്ട് ബാബു പത്രം വായിക്കുന്നു.'

ഇയാൾ സ്വയം എനിക്ക് ഏട്ടന്റെ വിവരം നൽകാൻ തയാറായി വന്നിരിക്കുന്നു. ഈ വാർഡർമാരോട് ഏട്ടനെ അന്വേഷിക്കണമെന്ന് കുറെ നേരമായി മോഹം. ഡ്യൂട്ടി കഴിഞ്ഞ് ഇറങ്ങിപ്പോകുന്ന ഓരോ വാർഡറോടും ഡെത്സെല്ലിൽ ആർക്കായിരുന്നു ഡ്യൂട്ടിയെന്നു ചോദിക്കാൻ നാവെടുക്കുന്നുവെങ്കിലും എന്തെന്നില്ലാത്ത സങ്കോചം. ഒരു പക്ഷെ ഇവർക്കെല്ലാം ഞാൻ സാക്ഷി പറഞ്ഞതിനെപ്പറ്റി അറിവുണ്ടാവും. ഇവരെന്നെപ്പറ്റി എന്താണാവോ വിചാരിച്ചിരിക്കുന്നത് ?.....

അപ്രതീക്ഷിതമായി ഏട്ടന്റെ വിവരമറിയാൻ കഴിഞ്ഞതിൽ വളരെ സന്തോഷം തോന്നി. വാർഡറോട് എത്രയെത്ര കാര്യങ്ങൾ എടുത്തെടുത്തു ചോദിച്ചു! നിഹാൽസിംഹിൽ നിന്നു കിട്ടിയിരുന്ന വാർത്തയും ഇതും തമ്മിൽ ഒത്തുവെച്ചു നോക്കി. ഏട്ടന്റെ ആഹാരത്തിന് വല്ല പ്രത്യേക ഏർപ്പാടും ചെയ്തിട്ടുണ്ടോ എന്ന് അറിയാൻ കഴിഞ്ഞില്ല. അപ്പോൾ നിഹാൽസിംഹ് ഞാൻ കൊടുത്ത പണമെല്ലാം വിഴുങ്ങി. ഏട്ടനു യാതൊരു സൗകര്യവും ചെയ്തുകൊടുത്തില്ല? ഏട്ടൻ എത്ര നേരം മുറിയിൽ നടക്കുന്നു, എപ്പോൾ എഴുന്നേൽക്കുന്നു, കുളിക്കുന്നു, ഉറങ്ങുന്നു— വാർഡർ എല്ലാ വിവരങ്ങളും നൽകി. ഊഹം വെച്ചു പറയുകയാണ് , ഒന്നും അത്ര ശ്രദ്ധിച്ചിട്ടില്ല എന്ന് പറയുന്നതു കേട്ടാൽ തോന്നും. ഒരു ദിവസം ഏട്ടൻ പൂച്ചയ്ക്കു തൈർകൊടുക്കുന്നതും ഈ വാർഡർ കണ്ടിരിക്കുന്നു വത്രേ. ഉവ്വായിരിക്കാം. നേരും നുണയും കലർത്തിയുള്ള അയാളുടെ സംസാരം എന്തായാലും എനിക്കു രസിച്ചു. അയാൾ ഏട്ടനെ കണ്ടിരിക്കുന്നു— അത്രയും സത്യമാണ് എന്നു വിശ്വസിക്കാം...

വാർഡർ പോയി. കാലിൽ പട്ടീസോ, കാലുറയോ ഇല്ല. എന്തൊരു ചൂടാണ്! കാക്കി ഹാഫ് പാൻറിന്റെ താഴെ

കാലുകൾ വില്ലുപോലെ വളഞ്ഞ് .

......ചൈനക്കാരൻെറ കാൽ... ദൈത്യൻെറ നിഴൽ അവസാനിക്കുന്നിടത്ത് രണ്ടു നടക്കുന്ന കാൽ — ഇരുട്ട് — ഗേറ്റിലെ ഒരു പൊളി വെളിച്ചത്തിൽ തെളിഞ്ഞു കാണുന്ന ടാറിട്ട നിരത്തിൻെറ ഒരു കഷണം — ഇരുട്ടുപിടിച്ച ചുവർ— ഗേറ്റിലെ അഴികൾ — വീണ്ടും ഗേറ്റിൽ കണ്ണുകൾ ചെന്നുനിന്നു. ചുറ്റിക്കറങ്ങി ആ വെളിച്ചത്തിൽ തെളിഞ്ഞുനിൽക്കുന്ന ഭാഗം ദൃഷ്ടിയാകർഷിക്കുന്നു. ഇതിനപ്പുറം ഇതിനെക്കാൾ എത്രയോ വലിയ ആകാശവും. യോജനകളോളം വ്യാപിച്ചു കിടക്കുന്ന നക്ഷത്രങ്ങൾ നിരന്ന ആകാശം, അതിനെൻെറ കണ്ണിനെ ആകർഷിക്കുവാൻ കഴിയുന്നില്ല...... ഗേറ്റിനകത്തേക്കു ചെന്നാൽ നടുവിൽ ഹാൾ, വലതുവശം ജയിൽ ഓഫീസ്, ഇടതുവശത്ത് ജയിലറും സൂപ്രണ്ടും ഇരിക്കുന്ന ഇടം. ഓഫീസിൻെറ പുറത്തേക്കുള്ള ഇരുമ്പഴികളിൽ ഇരുമ്പു വല. തടവുകാരുടെ ബന്ധുക്കളും മറ്റും വരുമ്പോൾ ഈ വലയിട്ട അഴികൾക്കപ്പുറം നിൽക്കുന്നു. വിചിത്രമാണ് ജയിലിൻെറ ഒരു മട്ട് . കാണാൻ വരുന്നവരെ മഴയും വെയിലും ഏൽക്കാതെ കാക്കുവാൻ തലയ്ക്കു മുകളിൽ എന്തെങ്കിലും ഒരു മറ വേണ്ടേ? അഴികൾക്കിടയിലൂടെ കൈമാറ്റങ്ങൾ തടയാനുള്ളതാണ് വല. ഒന്നാമത് പണമെറെയേറെ ചെലവുചെയ്തും അഭ്യാസങ്ങൾ കാണിച്ചുമാണ് ആരെങ്കിലും തടവുകാരനെ കാണാൻ എത്തുന്നത് . പിന്നെ അപേക്ഷിക്കുന്നതിൻെറ നൂലാമാല. അത് സ്വീകരിപ്പിക്കുന്നതിനുള്ള ചെലവ് വേറെ. ഇതൊക്കെക്കൊണ്ട് കാണാൻ വരുന്നവൻ ഗതികെട്ടതുതന്നെ. ഈ ദുസ്തരസാഗരം കടന്നാൽ മണിക്കൂറുകളോളമുള്ള പ്രതീക്ഷയ്ക്കുശേഷം ഏതാനും മിനിട്ടു നേരത്തേക്ക് അഴികളുടെ അപ്പുറം തടവുകാരൻെറ വേഷത്തിൽ ജടപിടിച്ച മുടിയുള്ള ഒരു മെല്ലിച്ച രൂപത്തെ കാണുന്നു. അപ്പോൾ ആ രൂപം തനിക്കു സുപരിചിതനായ ആ പ്രിയജനത്തിൻേറതു തന്നെയാണോ എന്ന് ആലോചിച്ചെടുക്കുന്നതിനു തന്നെ സമയമേറെ ചെലവാകുന്നു. സാധാരണ നിലയിലുള്ള മേറ്റർമാരും വാർഡർമാരും അയാളിൽ അപമാനജനകമായ ഭാഷ കൂസലെന്യേ ചൊരിയുന്നു. തടവുകാരുടെ വേഷം, കാക്കി യൂണിഫോറം, തലപ്പാവ് , ഇരുമ്പഴികൾ, പൂട്ട് , സി. ഐ. ഡി. എല്ലാം ചേർന്ന് ഉണ്ടാക്കിത്തീർക്കുന്ന സാഹചര്യം ബുദ്ധിയെ മലപ്പിച്ചു കളഞ്ഞില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളു.

ചിലനാട്ടുവർത്തമാനങ്ങൾ പറയുമ്പോഴേക്കാണ് അറിയുന്നത് സമയം കഴിഞ്ഞെന്ന്. കാണാൻ ചെന്നവൻെറ കണ്ണിൽ കുറച്ചു കഴിയുമ്പോൾ രണ്ടു രൂപങ്ങൾ പ്രിയപ്പെട്ട ബന്ധുവിൻേറതായി തെളിഞ്ഞു വരുന്നു. ഒന്ന് അഴികൾക്കു മുമ്പിൽ നിൽക്കുന്നതിൻെറ ഉൽക്കൺഠിതവും സലജ്ജവും മൂകവുമായ മുഖം. രണ്ടാമത്തേത് മടങ്ങിപ്പോകുമ്പോഴത്തേത് . കരുണം, അസഹായം, ആശാഹീനം. ആ സമയം പണിപ്പെട്ട് ചുണ്ടിൽ ചിരി വരുത്തുന്നതിനുള്ള വിഫലശ്രമം ഹൃദയത്തെ കീറിമുറിക്കുന്ന നാരായത്തേക്കാൾ ദാരുണമായി തോന്നുന്നു.

....1933ൽ അച്ഛനെ കാണുവാൻ ഹസാരിബാഗ് ജയിലിൽ പോയിട്ടുണ്ടായിരുന്നു. അമ്മായി അച്ഛനു കൊടുക്കുവാൻ ടിഫിൻ കാരിയർ നിറയെ പലഹാരങ്ങളും മറ്റും തന്നിരുന്നു. അവിടെ ചെന്നപ്പോൾ അന്നല്ല അപ്പർ ഡിവിഷനിലെ തടവുകാരെ കാണാനുള്ള ദിവസമെന്നു മനസ്സിലായി. സീ ക്ലാസ് തടവുകാരുടെ ദിനമാണത്രേ. സ്റ്റേഷനിൽ ബുക്കിങ് ഓഫീസിൻെറ മുമ്പിലെന്നപോലെ ഗേറ്റിൽ കാണാൻ ചെന്നവരുടെ തിക്കും തിരക്കും. ലഹളയിൽ ആരെന്തു പറയുന്നു, ആരോട് എന്നറിയാൻ കഴിഞ്ഞില്ല. ഒരു പ്രൗഢസ്ത്രീ തല്ലിയലച്ചുകരയുന്നു, ഗ്രാമ്യഭാഷയിൽ എന്തൊക്കെയോ വിളിച്ചു പറയുന്നു. അതിലൊരു വാക്കെങ്കിലും അവളുടെ മകൻ മനസ്സിലാക്കുന്നുണ്ടോ ആവോ? ഒരു വൃദ്ധൻ പേരക്കയും ഒരു ഇലപ്പൊതിയിൽ പക്കവടയും കൊണ്ടുവന്നിരിക്കുന്നു. അത് മകനു കൊടുക്കുവാൻ അയാൾ വാർഡറോട് സേവ പറയുന്നു. വാർഡർ പ്രിയം കൂട്ടുന്നു— "ഡോക്ടർ സാറു പറയാതെ ഞാനെന്തുചെയ്യും? സി ക്ലാസുകാർക്ക് പുറത്തുനിന്നു വല്ലതും കൊണ്ടുവരാനനുവാദമില്ല. അവർക്ക് ഭക്ഷണസാധനങ്ങൾ കൊടുക്കണമെങ്കിൽ എനിക്ക് ഒരു രൂപ കിട്ടണം. ഡോക്ടർ സാറിൻെറ സമ്മതത്തിന് ഒരു രൂപ വേറെ. ഇതിൽ എൻെറ പണി പോയെന്നു വരാവുന്നതാണ് . പിന്നെയെന്തിനായി പണം കൂടാതെ ചെയ്തുതരുന്നു?" വളരെയേറെ താണുകേണപേക്ഷിച്ചപ്പോൾ ഒരു രൂപയ്ക്ക് ഒത്തു തീർപ്പായി. ആ വൃദ്ധൻെറ ഒരു കൊല്ലത്തെ സമ്പാദ്യമാവും അത് . വാർഡർ രൂപ വാങ്ങി തലപ്പാവിനകത്തു വെച്ചു. ഇനി ആ പക്കവട വേണ്ട ദിക്കിലെത്തിക്കുമോ ആരറിഞ്ഞു?

ഗേറ്റിൻെറ ഇടതുവശത്തുള്ള ചുവരിൽ കണ്ണാടിക്കൂടുള്ള

ഒരു ബോർഡ് . അതിനകത്തെ കറുത്ത പലകയിൽ ഒട്ടേറെ വെള്ളക്കടലാസുകൾ. എന്തിൻെറ നോട്ടീസുകളോ? മറ്റു ജയിലുകളിൽ ജയിൽ കമ്മിറ്റിമെമ്പർമാരുടെ പേരുകളാണു കണ്ടിട്ടുള്ളത് . ഇത്ര വളരെ നോട്ടീസുകളോ? ജയിൽ ഐ. ജി. താമസിയാതെ വിസിറ്റിനു വരുന്നുണ്ടാവണം. നോട്ടീസ് ബോർഡിനു താഴെ ടെലിഫോൺ റിസീവർ. അതിനു പടിഞ്ഞാറായി തൂക്കമളക്കുന്ന യന്ത്രം— റെയിൽവേസ്റ്റേഷനിൽ കാണാറുള്ള ജാതി തന്നെ. ഗേറ്റിൻെറ ഒത്ത നടുവിലൂടെ റെയിൽ പാളം പോകുന്നു. നാരോഗേജ് ലയ്നിൻെറ വീതി.... ഡി. എച്ച് . ആറിൻെറ കിസാൻഗംജ് ലയ്നിൽ ചെറിയ ഇഞ്ചിൻ മുട്ടി ഒരു കാള ചത്തു. ഇഞ്ചിൻ ചുംഗിപാഡയ്ക്കടുക്കൽ മറിഞ്ഞു. ജയിൽ ഫാക്ടറിയിലെ സാമാനങ്ങൾ കയറ്റിയ ട്രോളികൾ ഈ ഗേറ്റിലെ ലയ്നിൽ കൂടി ഓടുന്നു. ഇരുമ്പു പാളത്തിൻെറ ഇരുവശവും കിടന്ന ചാണം കാളവണ്ടിയിൽ കൊണ്ടുപോകേണ്ടതായിരുന്നു. സായ്പും അധികാരികളും വരുന്നു. അതുകൊണ്ട് എല്ലാവരും ജാഗരൂകരാണ് . പക്ഷേ ചാണം നീക്കം ചെയ്യേണ്ടതാണെന്ന് ആരും ഓർത്തിട്ടില്ല. ഒരു സമയം ഓർത്തിട്ടുണ്ടാവും. എന്നാൽ രാവിലത്തെ തടവുകാർ എത്തും വരെ ആരുണ്ടു കിടക്കുന്നു എടുത്തുമാറ്റാൻ. റെയിൽലൈൻ, നോട്ടീസ് ബോർഡ് , തൂക്കം നോക്കിയന്ത്രം, ടെലിഫോൺ, കല്ലുപാകിയ നിലം —എല്ലാം ചേർന്ന് ഇവിടെ സ്റ്റേഷൻേറതായ മുഖഭാവം വരുത്തിവെച്ചിരിക്കുന്നു. വണ്ടി വരുന്നതു കാത്ത് കമ്പിളിവിരിച്ച് ഞാൻ പ്ലാറ്റ് ഫാമിൽ ഇരിക്കയാണെന്നു തോന്നിപ്പോകയാണ് .

സൗരീനിനോടു പറഞ്ഞുവെച്ചിട്ടുണ്ട് രാമകൃഷ്ണമിഷൻകാരുടെ ദാഹസംസ്കാരസമിതിയെ പറഞ്ഞേൽപിക്കാൻ— രാവിലെ എല്ലാവരും ഖഡിയാഘാട്ടിൽ എത്തണമെന്ന്. ചെറുപട്ടണം. എല്ലാവരും ഏതെങ്കിലും വിധത്തിൽ ഗവർമെൻറുമായി ബന്ധപ്പെട്ടവർ. വക്കീൽ, ക്ലാർക്ക് , കാര്യസ്ഥൻ. എല്ലാവർക്കും ഗവർമെൻറിൻെറ മനോഭാവമൊപ്പിച്ചു നടക്കാതെ പറ്റില്ല. അവർ വന്നില്ലെങ്കിലോ? പോലീസിനെ ഭയന്ന് വരാതിരിക്കാനാണ് സാധ്യത. അപ്പോൾ? അപ്പോൾ ജയിലിലുള്ളവർ തന്നെ ദാഹകർമം നടത്തും. അവർ അഞ്ചു രൂപയും ലോറിയും എല്ലാവർക്കും കൊടുക്കുന്നുണ്ട് . വിലാപയാത്രയായി പോകണമെന്ന് സൗരീനിൻെറ പക്ഷം. വ്യാ

ഴാഴ്ച കളക്ടരെ കാണാൻ പോയിരുന്നു. ഒരു തരത്തിലുള്ള പ്രകടനവും അരുതെന്ന നിബന്ധനയോടെയാണ് കളക്ടർ ശവം വിട്ടുതരാമെന്ന് ഏറ്റത് . പക്ഷെ ജനങ്ങൾ സമ്മതിക്കു മെന്നു തോന്നിയില്ല. എല്ലാവരും കൂടി ശ്മശാന ത്തിൽ ചെന്നു കൂടിയാൽ എത്രവലിയ ഒരാൾക്കൂട്ടമായാലും ഒന്നും വരാനില്ല. അങ്ങനെയായാൽ ഞാൻ എൻെറ വാക്കുപാലിച്ചെന്നു പറ ഞ്ഞുനിൽക്കാം. പക്ഷെ ആരെയാണു തടയുവാൻ കഴിയുക? ചണമില്ലുതൊഴിലാളിയൂണിയൻ സിക്രട്ടറിയാണ് ഏട്ടൻ. കുതിര വണ്ടിക്കാരുടെ യൂണിയൻ പ്രസിഡണ്ടാണ് . ഈ യൂണിയനു കളിലെ മെമ്പർമാരെ ആർക്കു തടഞ്ഞുനിർത്താനാവും? കള ക്ടർക്ക് ഞാൻ വാക്കുകൊടുത്തിട്ടുണ്ടോ ഇല്ലയോ എന്നുള്ള തൊന്നും അവർക്കു പ്രശ്നമല്ല. അല്ലാ വിലാപയാത്രയായി ക്കോട്ടെ. ഏട്ടൻെറ ജഡം, ബിലു ബാബുവിൻെറ ജഡം, രക്ത സാക്ഷിയുടെ ജഡം, മാസ്റ്റർ സാഹബിൻെറ പുത്രൻെറ ജഡം— ജനങ്ങൾ ഈ അവസരത്തിൽ വിലാപയാത്ര നടത്തി യില്ലെങ്കിൽ ഇനിയെപ്പോൾ? വണ്ടികൾ കാറുകൾ, ആൾക്കൂട്ടം, പൂമാലകൾ, ദേവദാരുവിൻെറ ഇലകൾ, വീടുകളിൽനിന്നു ഗംഗാജലവർഷം, ആൾക്കൂട്ടം, തിക്ക് തിരക്ക് , ഉന്ത് തള്ള് , അതിനുശേഷം അവസാനമില്ലാത്ത ജനപ്രവാഹത്തിൻെറ സർപ്പിളഗതി....... എല്ലാവരും മൗനം. 'ഗാന്ധിജി കീ ജയ് ' ഇല്ല. 'ബിലുബാബുകീ ജയ് .' ശോകഗീതമില്ല. ക്രമം തെറ്റിയ ജനസമുദ്രത്തിൻെറ ഉച്ഛ്വാസവും ബലതയില്ല. ശോകം കൊണ്ടു വാടിയ നിഷ്ക്രിയത്വം, ഒരു രാഷ്ട്രീയ കുടുംബത്തിൻെറ ഒരാളൊഴികെ ബാക്കിയെല്ലാവരോടുമുള്ള സഹാനുഭൂതി, ഉറങ്ങിക്കിടക്കുന്ന ദേശീയബോധത്തിനു നേർക്കുള്ള അധി ക്ഷേപം, ഭസ്മത്തിൻെറ പുറമേ കാണുന്ന ശീതളതയിൽ വ്യർ ത്ഥമായ് ആക്രോശത്തിൻെറ ഉണരുന്ന തീ, ഒറ്റ ആംഗ്യത്താൽ ഈ അസഹായരും ശാന്തരുമായ ജനസമൂഹം ക്രൂരരും ഭ്രാന്തരുമായി എന്നെ പിടിച്ചു പിച്ചിച്ചീന്തിയെറിയും.... പരിപൂർ ണ ഹർത്താൽ......... അമ്മായിയുടെ ഭവനത്തിനു മുമ്പിൽ വിലാപയാത്ര അൽപം നിൽക്കുന്നു. ചിറ്റമ്മയ്ക്ക് മുഖത്തു നിന്നു പൂക്കൾ നീക്കി ആ മുഖത്തേക്ക് നോക്കാൻ കഴിയുമോ? മുഖം മാത്രമേ തുറന്നു വെയ്ക്കൂ. കഴുത്തു വരെ തുണികൊ ണ്ടു മൂടിയിരിക്കും. പൂക്കളും ചന്ദനവും കൊണ്ട് മുഖത്തെ ബീഭത്സത മറയ്ക്കാം. വായിൻെറ ഒരുവശത്തുനിന്ന് എപ്പോ ഴോ ചുവപ്പുരാശിയുള്ള ഉമിനീർത്തുള്ളികൾ ഒലിച്ചിരുന്നു. ഇ

പ്പോൾ ഉണങ്ങി രക്തചന്ദനച്ഛായ വന്നിരിക്കുന്നു.... ഇല്ല, ചിറ്റമ്മയുടെ ഭവനത്തിനു മുമ്പിലൂടെ വിലാപയാത്രപൊയ്ക്കൂട. ശ്മശാനഘട്ടത്തിൽ തടിച്ചുകൂടിയ ജനസഹസ്രങ്ങൾ. നാലു പാടും ചുകപ്പു തലപ്പാവുകൾ. തോക്കു ധരിച്ച അംഗരക്ഷകനോടൊപ്പം മജിസ്ട്രേറ്റും പോലീസ് ഓഫീസറും കാറിൽ നിന്നിറങ്ങുന്നു... ദാഹക്രിയാ വിദഗ്ധൻ മൻതിയേട്ടൻ ചിതയൊരുക്കുന്നു. അയാൾ എല്ലാത്തരം ഭാവുകതയിൽനിന്നും ഉദ്വേഗത്തിൽനിന്നും വിമുക്തനാണ് . അയാൾ ചോദിക്കുന്നു, 'വിറക് മുനിസിപ്പാലിറ്റിക്കാരുടെ വകയാണല്ലേ? ദഹനത്തിന് വിറകടുക്കാൻ തുടങ്ങിയ കാലം തൊട്ടു കാണുന്നതാണ് . ഒരേ ഒരു തരം വിറക് . പോതുപിടിച്ചിരിക്കുന്നു. പിടിക്കാതിരിക്കുമോ? തേഡ്ക്ലാസ് മുനിസിപ്പാലിറ്റി. വിറകിനു ചെലവുണ്ടായിട്ടുവേണ്ടേ?' ശവദാഹദിവസം മൻതിയേട്ടന് ഒരു കുപ്പി കള്ള് അധികം കിട്ടണം. ഇതെല്ലാവർക്കുമറിയാം. മൻതിയേട്ടൻ ഇന്ന് എന്നോടും കള്ള് ചോദിക്കുമോ? ചാരത്തിനു വേണ്ടി പിടിയും വലിയും. സ്ത്രീകൾ ചേലാഞ്ചലത്തിൽ കെട്ടിവെയ്ക്കുന്നു. ചിലർ കുഞ്ഞുങ്ങളുടെ നെറ്റിയിൽ തൊടുവിക്കുന്നു. ഈ സമയത്ത് ഏതെങ്കിലും അമ്മ കുഞ്ഞിനെ മാറോടണച്ച് 'ബിലു ബാബുവിനെപ്പോലെയാകണേ, എന്നു പ്രാർത്ഥിക്കുന്നുണ്ടാവുമോ?.... അന്നൊരിക്കൽ ഞാനും ഏട്ടനും മേലെല്ലാം വസൂരിപ്പോളനുമായിട്ടാണ് കാളവണ്ടിയിൽ വീട്ടിലെത്തിയത് . അമ്മയുടെ കൈയിൽ വിശറി. ഞങ്ങൾ രണ്ടു കിടക്കയിൽ കിടന്നു. മനസ്സിലെ ഉൽക്കൺഠയും വേദനയും മറച്ചുകൊണ്ട് അമ്മ ഇത്രമാത്രമാണു പറഞ്ഞത് 'നിങ്ങൾ എന്നെ ഭ്രാന്തു പിടിപ്പിക്കും.' അമ്മ പറഞ്ഞതു ശരിയാണ് .... നിമിഷംകൊണ്ട് ജനതയുടെ ക്ഷമ കെട്ടടങ്ങി. 'ജയ് , ഗാന്ധിജി കീ ജയ് !' 'ബിലു ബാബുകീ ജയ് ' 'ഉദ്യോഗസ്ഥ മേധാവിത്വം നശിക്കട്ടെ.' മുദ്രാവാക്യങ്ങളാൽ പത്തുദിക്കും മുഴങ്ങുന്നു. മില്ലിലെ ഒരു കൂലിപ്പണിക്കാരനാണ് മുദ്രാവാക്യത്തിന് നേതൃത്വം കൊടുത്തത് . ആ ദുർബലനായ മനുഷ്യന് ഇത്ര വിശാലമായ കൺഠം എവിടന്നു കിട്ടി? അയാൾ പറയുന്നു, 'വന്ദേ ' ബാക്കിയുള്ളവർ പൂരിപ്പിക്കുന്നു 'മാതരം'. അയാൾ വിളിക്കുന്നു. 'ബിലു ബാബുകീ' ജനം ഏററുപറയുന്നു, 'ജയ് ' ഓരോ തവണയും പറയുമ്പോൾ അയാൾ വലതുകൈ മേൽപോട്ടുയർത്തുന്നു. തൻെറ തർജനി കൊണ്ട് ആകാശത്തിരിക്കുന്ന ഏതോ അജ്ഞാതവ്യക്തിക്കു മാർഗദർശനം

ചെയ്കയാണെന്നു തോന്നും. പോലീസ് ആൾക്കൂട്ടത്തെ മാററുന്നു. ലഘു ലാത്തിപ്രയോഗം വേണ്ടി വന്നില്ല. കൂലിക്കാരുടെ നേതാവിൻെറ തൊണ്ടയടഞ്ഞു. കൈയുയർത്തി ഇടയ്ക്കിടയ്ക്ക് ജയജയയാരവത്തിനു ശ്രമിക്കുന്നു. അയാളിൽ നിന്ന് കാററു നിറച്ച ടയറിൽ പെട്ടെന്നു തുള വീണാലെന്ന പോലത്തെ ശബ്ദം ഉയരുന്നു.

ജയിൽ സൂപ്രണ്ടിൻെറ മുറിയുള്ള ജയിൽഗേററിലെ ആ കോണിലെ ചുവരിൽ ശിക്ഷിക്കുന്നതിനുള്ള പലതരം യന്ത്രങ്ങൾ തൂക്കിയിട്ടിരിക്കുന്നു. വിലങ്ങുകൾ, കൂച്ചുവിലങ്ങ് , നടുവിലങ്ങ് ആരോ ജയിൽ വാർഡനോട് പരുക്കനായി പെരുമാറി. ആരോ വിളമ്പുന്ന കോരികയിൽ ചോറിൻെറ അളവു കുറയുന്നുവെന്ന് ജയിലർ സായ്പിനു കാട്ടിക്കൊടുക്കുന്നു. ഒരുവൻ കഴിഞ്ഞ മൂന്നു മാസമായി എന്തുകൊണ്ട് മത്തങ്ങക്കൂട്ടാൻ കുടിപ്പിക്കുന്നു, വേറെ കായ്കനികൾ കിട്ടില്ലേ എന്നു ചോദിച്ചു കശപിശ പറയുന്നു. ആരോ ഒരു മണി പൊട്ടിച്ചു. ഇത്തരത്തിലുള്ള അസംഖ്യം ജയിൽ അപരാധങ്ങൾക്കു ശിക്ഷിക്കാൻ പ്രത്യേകം ശിക്ഷോപകരണങ്ങളുണ്ട് . ഏതാനും വലിയവലിയ വീപ്പകളിൽ ലാത്തികൾ കുത്തിനിറുത്തിയിരിക്കുന്നു. നൂറിലധികം പഴുപ്പിച്ച മുളംലാത്തികൾ. അതിനരികിൽ ഒരു സ്റ്റാൻറിൻെറ ഛേദങ്ങളിൽ തടിച്ച ചൂരൽവടികൾ കുത്തിനിറുത്തിയിരിക്കുന്നു. ആ ലാത്തികൾ കൈയിൽ തൂക്കിയിടുവാൻ മുകൾഭാഗത്ത് ചരടു കെട്ടിയിരിക്കുന്നു. മുകളിലത്തെ ചുവരിൽ അനേകം പോലീസ് ബാറ്റൺ തൂക്കിയിട്ടിരിക്കുന്നു. വലതുവശത്ത് ആണികളിൽ കുറെ ചുകന്ന തൊട്ടികൾ. അവയിൽ ഫയർ എന്നെഴുതിയിരിക്കുന്നു. ഒരുവശത്ത് തിരിചുറ്റിയ അനേകം പന്തങ്ങൾ. രാത്രി തടവുകാരുടെ എണ്ണം പൊരുത്തപ്പെടുന്നില്ലെങ്കിൽ ഈ പന്തങ്ങൾ മണ്ണെണ്ണയിൽ മുക്കിക്കൊളുത്തി ജയിലാകെ പരതിത്തുടങ്ങും. അവരുടെ കൈയിൽ ടാർച്ചോറാന്തലോ കൊടുത്താൽ മതി. ചെയ്യുകയില്ല.

അന്നൊരിക്കൽ 'തടവുകാരൻെറ ഒളിച്ചോട്ട'ത്തിൻെറ റിഹേഴ്സലായിരുന്നു. കൂട്ടമണിയടിച്ചു. ജയിലർ സെൻട്രൽ ടവറിൽ നിൽക്കുന്നു. വാർഡർമാർ അവരവരുടെ സാമർത്ഥ്യം പ്രദർശിപ്പിക്കുവാൻ പന്തംകൊളുത്തി ഓടിനടക്കുന്നു. മരച്ചോട്ടിലും കക്കൂസിലുമാണു് അവരുടെ നോട്ടമധികവും. യോ

ഗ്രിലാൽ വാർഡിൽ നിന്നു കൊണ്ട് ഉറക്കെ ചോദിച്ചു : 'സൂപ്രണ്ട് സാർ! വാസ്തവത്തിൽ തടവുകാരൻ ചാടിപ്പോയിട്ടുണ്ടോ? അതോ പ്രാക്ടീസ് പഗ്ലിയോ?' അന്വേഷണം അവസാനിച്ചപ്പോൾ സൂപ്രണ്ട് ഞങ്ങളുടെ വാർഡിൽ വന്നു. (പ്രാക്ടീസ് കുട്ടമണിക്ക് പ്രാക്ടീസ് പഗ്ലി - ഭ്രാന്തൻമാരുടെ പ്രാക്ടീസ് എന്നർത്ഥം കൂടിയുണ്ട് . ആ പ്രയോഗം സൂപ്രണ്ടിനെ ചൊടിപ്പിച്ചു) അയാൾ വന്നപ്പോൾ ഞങ്ങൾ നല്ല കുട്ടികളെപ്പോലെ കണ്ണടച്ചു കൊണ്ടു കിടക്കയിൽ. അതോടെ കുഴപ്പം അവസാനിച്ചു.

ടൺ, ടൺ — രണ്ടടിച്ചു.

ഇനി മൂന്നു മണിക്കൂർ. ഈയിടെ പുതിയ സമയമനുസരിച്ച് (സമയം അര മണിക്കൂർ മുമ്പോട്ടാക്കി വെച്ചത് ആയിടെയാണ് . തുടർന്ന് ബ്രിട്ടീഷ് ടൈം എന്നും ലോക്കൽ ടൈം എന്നും രണ്ടു തരം സമയം ഇവിടങ്ങളിൽ കുറെക്കാലം നടപ്പിൽ വന്നു) അഞ്ചരയ്ക്കു മുമ്പായി സൂര്യോദയമുണ്ടാവില്ല. അതു കഴിഞ്ഞിട്ടാണോ സൂര്യോദയം? സൂര്യോദയത്തിനു മുമ്പു കഴിയണം ഇവരുടെ പണിയെല്ലാം. എന്തെന്നാൽ സൂര്യോദയത്തോടെ നിത്യനിദാനപ്പണികൾ തുടങ്ങും. ഏഴു മണിക്കു മുമ്പായി കഴിയണം. രാവിലത്തെ ലപ്സി കുടിയെന്ന അധ്യായം. കാരണം ഏഴുമണിക്കു ഫാക്ടറി തുടങ്ങും. അഞ്ചര മണിക്ക് അടുപ്പിൽ തീ കത്തിച്ചില്ലെങ്കിൽ ഏഴിനുമുമ്പ് രാവിലത്തെ ലഘു ഭക്ഷണം എങ്ങനെ അവസാനിപ്പിക്കാൻ കഴിയും? 'ഭട്ഠീകമാൻറിൽ' (അടുക്കള) പണിയെടുക്കുന്നവർക്കും നിത്യകർമ്മങ്ങൾക്കു വേണ്ട സമയം കൊടുക്കാതെ പറ്റില്ല. അഞ്ചു മണിക്കു മുമ്പു പണി കഴിയും.

ഏട്ടൻ ഇപ്പോൾ എന്തു ചെയ്യുകയാവും? ഒരു സമയം അഴികളിൽ പിടിച്ചുകൊണ്ട് താരങ്ങൾ നിരന്ന ആകാശത്തേക്കു നോക്കി ഓരോന്നു ചിന്തിക്കയാവും. ഏട്ടൻ എന്നെപ്പററിയും ചിന്തിക്കുന്നുണ്ടാവുമോ? ഏട്ടൻ എന്നെ ഒരിക്കലും തെററിദ്ധരിക്കില്ല. കഷ്ടം! ഇതേപ്പററി ഏട്ടനോട് ഉള്ളു തുറന്നു സംസാരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ. ഏട്ടനോട് എൻെറ നടപടിക്ക് ഒരു വിശദീകരണം നൽകേണ്ട ആവശ്യമില്ല. പക്ഷേ അതുകൊണ്ട് എൻെറ മനസ്സിൻെറ ഭാരം കുറഞ്ഞു കിട്ടുമായിരുന്നു. ഏട്ടൻെറ പാർട്ടിയുടെ പരിപാടി വിജയിപ്പിക്കുന്നതി

ന്നർത്ഥം ഫാസിസ്ററു ശക്തിയെ അരക്കിട്ടുറപ്പിക്കലാണ് . ഏട്ടന്നിത് അറിഞ്ഞു കൂടായിരുന്നോ? എന്നാൽ ഈ എല്ലാ യുക്തികളെയും പരാജയപ്പെടുത്തിക്കൊണ്ട് എന്തൊക്കെയോ കഥകൾ വാർത്തെടുക്കപ്പെട്ടു. ഒരു പക്ഷേ യുക്തിഹീനമായ ഭാവുകതയുടെ അഹേതുകമായ അനുമാനമാവാം. എൻെറ പാർട്ടിയിലെ ലോക്കൽ കമ്മററിയുടെ അഭിപ്രായവും എൻെറ ഏട്ടനെതിരായി സാക്ഷിപറയുന്നത് ശരിയല്ലെന്നായിരുന്നു. ഏട്ടനെതിരായതു കൊണ്ടല്ല, അവരുടെ അഭിപ്രായത്തിൽ ദേശവാസികളുടെ കണ്ണുതുറപ്പിക്കുകയും അവരെ ബോധവാന്മാരാക്കുകയുമാണ് നമ്മുടെ കർത്തവ്യം. അവരെ പോലീസിനെ ക്കൊണ്ടു പിടിപ്പിക്കുകയല്ല നമ്മൾ ചെയ്യേണ്ടത് . ലോകത്തിലുള്ളവർ എന്തും അർത്ഥമാക്കിക്കൊള്ളട്ടെ, എൻെറ പ്രവൃത്തിയെപ്പററി എൻെറ പാർട്ടിയുടെ അഭിപ്രായം 'അൺ കൈൻറസ്റ്റ് കട്ട് ഓഫ് ആൾ' എന്നാണ് . മാർക്സിസത്തിൻെറ സൂക്ഷ്മവിശകലനം ഒരു പക്ഷെ എനിക്കു വശമില്ല. ഞാൻ ഏട്ടൻെറ പാർട്ടിയിൽ ആയിരുന്നിടത്തോളം കാലം അതിൻെറ നിർദ്ദേശം അനുസരിച്ചു. അതുപറയുന്നതു വേദവാക്യം. 1942ൽ ഏട്ടൻ ഹസാരീ ബാഗ് ജയിലിൽ നിന്നു വിമുക്തനായി. ഡെററിന്യൂകളുടെ കേസുകളുടെ സ്ക്രൂട്ടിനി നടക്കുകയായിരുന്നു. ഹൈക്കോർട്ടിലെ ഒരു ജഡ്ജിക്കായിരുന്നു ഭാരം. ഒരു മറാഠി – പേർ മാട്ടേ എന്നായിരുന്നു– ഏട്ടനെ വിട്ടശേഷം ഞങ്ങളെ ദേവലിയിൽ നിന്നു ഹസാരീബാഗ് ജയിലിലേക്കു കൊണ്ടുവന്നു. എല്ലാവരെയും അവരവരുടെ നാട്ടിലേക്കു തന്നെ നീക്കം ചെയ്യുമെന്നു കേട്ടു. പിന്നെ ജൂൺ 18ന് എന്നെ വിട്ടു. ഫാസിസ്ററു വിരുദ്ധരെ ജയിലിലിടേണ്ട എന്നതായിരുന്നു അന്നത്തെ ഗവർമെൻറു നയം. ജയിലിൽനിന്നു വിട്ടതിൽ മററൊരിക്കലും ഇത്രയേറെ സന്തോഷിക്കുകയുണ്ടായിട്ടില്ല. അധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ ജന്മശത്രുവായ ഫാസിസത്തിനെതിരായി പ്രവർത്തിക്കാം. വേണ്ടിവന്നാൽ അതിനു വേണ്ടി പ്രാണൻ ബലികൊടുക്കാം, ഈ സൗകര്യം തന്നതിന് ഗവർമെൻറിനോട് ഹാർദമായ കൃതജ്ഞത തോന്നി. സ്പെയിനിലെ ജനങ്ങളുടെ കഥ, ചൈനയിൽ മരണത്തെ വെല്ലുവിളിക്കുന്ന വീരന്മാരുടെ ചരിത്രം, മാവോവിൻെറ ശൗര്യവും ദൃഢനിഷ്ഠയും, ചന്ദ്രദേവ് പ്രതിദിനം പ്രസംഗിക്കുന്ന ക്ലാസുകൾ – എല്ലാം ഞരമ്പുകൾ തോറും ഉത്സാഹത്തിമർപ്പ് ഉളവാക്കി. എൻെറ ജില്ലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് എന്നെ കാത്തുകിട

ക്കുന്നത് ! മഹാത്മജിയെയും മാസ്റ്റർ സാഹബിനെയുമല്ലാതെ മററാരെയും ഒന്നിനെയും അറിയാത്ത ജനങ്ങളാണവിടെ. അന്ധവിശ്വാസങ്ങളുടേതായ ഈ ഉഴുതുമറിക്കാത്ത മണ്ണിൽ യുക്തിയുടെ വിത്തു പാകണം. ആശ്രമത്തിൽ ചെന്ന് അമ്മയെ കാണാതെ പൊയ്കൂട. എൻെറ ഓപ്പറേഷൻ കാരണം അമ്മ പരിഭ്രാന്തയായിട്ടുണ്ടാവും തീർച്ച. അവരെ എല്ലാവരെയും കണ്ടശേഷം പ്രവർത്തനരംഗത്തേക്ക് . ഹൗ, കോഡർമാ സ്റ്റേഷനിലും ഗയാ വെയ്ററിങ്ങ് റൂമിലും എന്തൊരു കൊതുകുശല്യം. കിഊൽ, സാഹബ് ഗഞ്ജ് , മനിഹാരിഘാട് , കടിഹാർ— അവസാനിക്കാത്തവഴി .

ഈ ആകുലതയാണ് എന്നെ ഇന്നീ സ്ഥിതിയിലാക്കിയത് ഏട്ടൻ.... പൊതുജനാഭിപ്രായം—എല്ലാത്തിലും ദുസ്സഹമായത് എൻെറ പാർട്ടയിലെ പ്രാദേശിക സഖാക്കളുടെ അഭിപ്രായം. തെറ്റ് ! ലോകത്തിലെമ്പാടുമുള്ളവർക്കു തെറ്റുപറ്റിയെന്നു വരാം. എനിക്കു പറ്റില്ല. 1942 ആഗസ്റ്റിലെ സംഭവങ്ങളുടെ പരിപ്രേക്ഷ്യത്തിൽ വേണം എൻെറ പ്രവൃത്തിയെ വിലയിരുത്തൽ ... ഒരു വൈദ്യുതശക്തി പൊടുന്നനെ നാട്ടിലുടനീളമുള്ള ജനങ്ങളെ ഉന്മാദികളും അക്ഷമരുമാക്കിക്കളഞ്ഞു. എവിടെ നോക്കിയാലും ഭ്രാന്താശുപത്രിയുടെ ഇരുമ്പുവാതിൽ തുറന്നിട്ട പോലെ. വിക്ഷുബ്ധരും ലഹരിയിൽ മുങ്ങിക്കുളിച്ചവരുമായ ജനത, എന്തു ചെയ്യണമെന്നു ചിന്തിക്കാൻ കഴിയാതെ പോയവർ... മൈലുകളോളം റെയിൽപാളങ്ങൾ പിഴുതെറിയപ്പെട്ടു. ഇരുമ്പുകൊണ്ടുള്ള റെയിൽവേ ലയിൻ, ഭാരിച്ച റെയിൽവേ സ്ലീപ്പറുകൾ— പിന്നെയുമെന്തൊക്കെയോ അകലെ നദിയിൽ ചെന്ന് ടെലിഗ്രാഫ് കമ്പികൾ മുറിക്കൽ, പോസ്റ്റാഫീസും കള്ളുഷാപ്പും തീയിട്ടെരിക്കൽ. അതൊക്കെ ഗ്രാമങ്ങളിലെ ബാലന്മാരുടെ ചുമതലയിൽ. പ്രായം തികഞ്ഞവർ ഈ വക പണിചെയ്ത് ഉള്ളങ്കൈ നാറ്റിക്കാനിഷ്ടപ്പെടുന്നില്ല. കമ്പിമുറി ഇത്ര എളുപ്പമാണെന്നോ ടെലിഗ്രാഫ് കമ്പികൾ ഇത്ര ക്ഷണം ഒടിയുന്നവയാണെന്നോ മുമ്പു ഞാൻ ധരിച്ചിരുന്നില്ല. പ്ലെയേഴ്സ്, കട്ടേഴ്സ് , കത്തിര, കഠാരി യാതൊന്നും വേണ്ട. കുട്ടികൾ കയറുകെട്ടി തൂങ്ങുന്നു, അല്ലെങ്കിൽ പിരിക്കുന്നു. അതോടെ പൊട്ടി. വലിയവർക്ക് പുതിയതായി വല്ല പരിപാടിയും വേണം. എന്താണു വേണ്ടതെന്നു പിടികിട്ടുന്നുമില്ല. റെയിൽവേ സ്റ്റേഷൻ, കച്ചേരി, രജിസ്റ്ററാഫീസ് , പോലീസ്

സ്റ്റേഷൻ തുടങ്ങിയവയുടെ അധ്യായങ്ങൾ അവസാനിച്ചു. ഇനി ചെയ്യാനൊന്നുമില്ല. സംഘംചേർന്ന് അവർ പോയിരുന്ന ദിക്കിലെ ശക്തി സ്തംഭങ്ങൾ നിലം പതിച്ചിരുന്നു, അതിക്രമ ങ്ങളുടെ തല താഴ്ന്നു പോയിരുന്നു. ഗവൺമെൻറുദ്യോഗ സ്ഥന്മാർ വാനോളം വാഴ്ത്തും, മാർവാഡികൾ മടികൂടാതെ സംഭാവനകൾ നൽകും. ജന്മിയുടെ കാര്യസ്ഥൻ ഒരു കൊല്ല ത്തെ പാട്ടം വിട്ടു കൊടുക്കാമെന്നു വാക്കു കൊടുക്കും. പണ്ഡാരവക സ്വത്തിൻെറ മാനേജർ എല്ലാവർക്കും വിരുന്നു കൊടുക്കും. ഇൻസ്പെക്ടർ തലയിൽ ഗാന്ധിത്തൊപ്പിയും കൈയിൽ ത്രിവർണപതാകയുമായി അവരെ പ്രസന്നരാ ക്കാൻ ശ്രമിക്കും. ചൗക്കീദാർ തൻെറ യൂണിഫോം കത്തിച്ചുകള ഞ്ഞ് ജോലി രാജിവെയ്ക്കും. പാവപ്പെട്ട കർഷകർ സംതൃ പ്തർ —ഇനി ജന്മിക്കു പാട്ടം കൊടുക്കേണ്ടിവരില്ല. ചൗക്കീദാരീ ടാക്സ് അടയ്ക്കേണ്ട. പുതിയതായി എന്തെങ്കിലും ഒന്നു ചെ യ്യാനില്ല. ഫാർബിസ്ഗഞ്ജ് ലെയ്നിൽ പാളമുള്ളിടത്തോളം ദൂരം ഡ്രൈവറും ഗാർഡും ജനങ്ങളുടെ കൽപനയ്ക്കു വഴങ്ങി വണ്ടിയോടിച്ചു. ഓരോ സ്റ്റേഷനിലും ബുക്കിങ് ഓഫീസി ൻെറ മുമ്പിൽ എഴുതിവെച്ചു, ടിക്കറ്റ് വാങ്ങി സഞ്ചരിക്കുന്നത് വിലക്കപ്പെട്ടിരിക്കുന്നു. ഗഢ്ബനൈലി സ്കൂളിലെ പല വിദ്യാർത്ഥികളും തുടർച്ചയായി വിളിച്ചു പറയുന്നു, 'ഗാഢീ കിസ്കീ!' 'ഹമാരീ'! 'സ്റ്റേഷൻ കിസ്കാ' 'ഹമാരാ' 'ഇഞ്ചിൻ കിസ്കാ'! 'ഹമാരാ!' കുറെ പേർ വണ്ടിയിൽ ചെക്കറുടെ പ ണി നോക്കുന്നു. ടിക്കറ്റു കൈയിലുള്ളവരെ ഇറക്കി വിടുന്നു. ഒരാളുടെ കൈയിൽ ഒരു ടിക്കററിൻെറ പകുതി കണ്ടെത്തി. "ഇറങ്ങിപ്പോ! നിനക്ക് സ്വരാജ് വേണ്ട. അല്ലേ?' അയാൾ കേ ണപേക്ഷിക്കുവാൻ തുടങ്ങി. 'ഇതു പഴയ ടിക്കററാണ് ' അതൊ ക്കെ ആരുണ്ടു കേൾക്കുന്നു? ചങ്ങല വലിച്ച് വണ്ടി നിർത്തി അയാളെ ഇറക്കി വിട്ടു. കുറെദൂരം ചെന്നപ്പോൾ വണ്ടി പി ന്നെയും നിന്നു. തിവാരിജി അവിടെയെവിടെയോ മീററിങ്ങിനു പോയിരിക്കയായിരുന്നു. രണ്ടു മണിക്കൂർ നേരത്തെ പ്രതീക്ഷ ക്കു ശേഷം തിവാരിജിയുടെ ത്രിവർണ പതാക കുത്തിയ കാ ളവണ്ടി വരുന്നതു കാണപ്പെട്ടു. തിവാരിജി ഇറങ്ങി ട്രെയിനിൽ കയറി 'ഇൻകിലാബ് സിന്ദാബാദ് ' മുദ്രാവാക്യം ആകാശം ഭേദിച്ചു. വീണ്ടും വണ്ടിയിളകി. വഴിനീളെ ഓരോ സ്റേറഷനിൽ നിന്ന് മേശ, കസേര, ക്ലോക്ക് , സയിൻ ബോർഡ് , ഫയൽ എല്ലാമെടുത്ത് തീയിട്ടുചുട്ടു. റെയിൽ ജീവനക്കാർക്കും ഇതി

നോടു സഹകരണ മനോഭാവം ഉണ്ടായിരുന്നു. എങ്ങും തടസ്സപ്പെടുത്താനുള്ള ഒരു ശ്രമവും നടന്നില്ല. എന്നല്ല പലയിടങ്ങളിലും അവർ സ്വയം സഹായിക്ക കൂടി ചെയ്തു. ഒരു പ്ലാററ്ഫോമിൽ ഒരു വിദ്യാർത്ഥി ഒരു വിളക്കു കൈയിലെടുത്ത് നൃത്തം ചവുട്ടി എല്ലാവർക്കും വിനോദത്തിനു വക നൽകി. കസ്ബാ സ്റേറഷനിൽ സ്കൂൾ—കോളേജ് വിദ്യാർത്ഥികൾ ടിക്കററ് എക്സാമിനർ ബച്ചാസിംഹനെ മതിവരുവോളം പ്രഹരിച്ച് പക പോക്കി.

ചുകരി സ്റേറഷനിൽ "മഹാത്മജിയുടെ കോടതി" കൂടി. ഇനിയാരും ഗവർമെൻറു വക കോടതിയിലേക്കില്ല. ഇൻസ്പെക്ടറെ അറസ്ററു ചെയ്തു. അയാളെ ജനകീയ ജയിലിലേക്കു കൊണ്ടു പോകും. രണ്ടാം ക്ലാസ് തടവുകാരനാക്കും. ദിവസേന പൂരി കൊടുക്കും. അയാളുടെ ഭാര്യക്കു പോകാനിഷ്ടമുള്ളിടത്ത് എത്തിക്കണം. ജയിൽ ഗേററു തുറന്ന് തടവുകാർ ഓടിക്കളഞ്ഞു. ജയിലിനു മുകളിൽ ദേശീയ പതാക. ഗവർമെൻറ് ട്രഷറിയിലെ നോട്ടുകൾ കത്തിച്ചു കളഞ്ഞു. പടിഞ്ഞാറ് ഗോരഖ് പുർ തൊട്ട് പൂർണിയ വരെ ഒരേ അവസ്ഥ. തീർത്തും അരാജകത്വം. ഫാസിസ്ററുകളുടെ തേർവാഴ്ച! രാഷ്ട്രീയ ശക്തിയുടെ അപവ്യയം. അസംഘടിതം, അശൃംഖലിതം, ആദൂരദർശി എന്നാൽ ദുർല്ലഭവും നിസ്വാർത്ഥവുമായ ത്യാഗത്താൽ മഹനീയം. ചുകപ്പുതലപ്പാവ് , കറുത്ത മുഖം, ഹെൽമെററ് ധരിച്ച ചുകന്ന മുഖം, തോക്ക് , ടൊമിഗൺ ഒന്നും തന്നെ ജനതയെ വിചലിതരാക്കുന്നില്ല.....അകലെ വീർഗാവ് സ്റേറഷനിലെ ചന്തയിൽ ടൊമിഗണ്ണിൻെറ ശബ്ദം. ഇപ്പുറത്ത് ചോളവയലിൽ കുട്ടികൾ അതിനെ അനുകരിച്ച് സ്റേറഷനിലെ ഫാഗ് — സിഗ്നൽ ശബ്ദിപ്പിക്കുന്നു. എന്തിനങ്ങനെ ചെയ്യുന്നുവെന്ന് അവർക്കു തന്നെ നിശ്ചയമില്ല. ഹോലിക്ക് 'ഭംഗ് ' കുടിച്ച് കാട്ടുന്നതൊക്കെത്തന്നെ ഇവരും കാട്ടുന്നു. ഈ ലക്കില്ലാത്ത ആവേശത്തെയാണ് ഏട്ടൻെറ പാർട്ടിക്കാർ വിപ്ലവത്തിൻെറ ഡ്രസ്സ് റിഹേഴ്സലെന്നു പറയുന്നത് . ഇതാണു വിപ്ലവത്തിൻെറ അണിയറയൊരുക്കം? ആരാണ് വീർഗാവിലെ വിപ്ലവത്തിൻെറ നേതാവ് ? വിനായക് മിസിർ, അയാൾ നോക്കുന്ന ദിക്കിലൊക്കെയുണ്ട് . അയലത്തെ ഗ്രാമങ്ങളിൽ 'സത്യനാരായണ കഥാ പ്രസംഗം' നടത്തുന്നു. 'ഛംപർവ് ' (കാർത്തിക ശുക്ലാ ഷഷ്ഠീ വ്രതം) ത്തിന്നു പൗരോഹിത്യം

വഹിക്കുന്നു. ഹിന്ദു മിഷനു വേണ്ടി പ്രസംഗിക്കുന്നു, ക്രിസ്ത്യൻ സന്താലന്മാരെ ശുദ്ധീകരിക്കുന്നു, കോൺഗ്രസ് മന്ത്രിസഭക്കാലത്ത് മന്ത്രിയുടെയൊപ്പം കാറിലിരുന്നു പര്യടനം നടത്തിയിരുന്നു. അയാൾ കൈനോക്കി, വിവാഹമുഹൂർത്തം നിശ്ചയിച്ച്, ഹോമിയോപ്പതി അലോപ്പതി മരുന്നും മുറിമരുന്നുകളും വിററ് നല്ല സമ്പാദ്യമുണ്ടാക്കുന്നു. ഒരു തടിച്ച ഹിന്ദിപുസ്തകമാണ് പുള്ളിയുടെ മൂലധനം. അതിൽ പദപ്രശ്നത്തിനുത്തരം മുതൽ കഷായങ്ങളുടെ യോഗം വരെ എല്ലാമുണ്ട്. ധാംഗഡ് ബസ്തിയിൽ കാളീപൂജയ്ക്കുള്ള മന്ത്രം ചൊല്ലുന്ന സമയം ആ പുസ്തകം നോക്കിയാണ് രാമായണകഥ വായിക്കുന്നത്. ഇങ്ങനത്തെ നേതൃത്വത്തിൽ ഇങ്ങനെയുള്ള സംഘടനയിലൂടെ ഈ വിധമുള്ള സമയത്താണോ വിപ്ലവം നടക്കാൻ പോകുന്നത്? ഏട്ടനെയും മററും ആരുണ്ട് ഇതു ബോധ്യപ്പെടുത്തിക്കൊടുക്കാൻ? ഞാൻ ഒരിക്കലും അന്യായം ചെയ്തിട്ടില്ല. ഞാൻ എൻെറ കടമ നിർവഹിക്കയേ ഉണ്ടായുള്ളു. ഞാൻ മൊഴികൊടുത്തില്ലെങ്കിൽ വേറെയാരെങ്കിലും കൊടുക്കുന്നു. ഗവർമെൻറിനാണോ ആളുകളുടെ കുറവ്? വ്യത്യാസം ഒന്നേയുള്ളൂ — ഞാൻ മൊഴികൊടുക്കുന്നത് എൻെറ രാഷ്ട്രീയസിദ്ധാന്തവും കർത്തവ്യബോധവും അനുസരിച്ച്, മറ്റൊരുവനാണെങ്കിലോ ലോഭംകൊണ്ട്. ഏട്ടനോട് ഇതൊക്കെ തുറന്നു പറയാൻ കഴിഞ്ഞെങ്കിൽ! വേണ്ട, അതർത്ഥമില്ലാത്തതാവും. ഞാൻ എന്തൊക്കെ പറഞ്ഞുകൊണ്ടു പോയാലും ഏട്ടൻ അതൊക്കെ ഇടയ്ക്കിടയ്ക്ക് മെല്ലെ ചിരിച്ചു കൊണ്ട് മിണ്ടാതിരിന്നു കേൾക്കും. ഒരു സമയം ഇടയ്ക്കു വല്ലതും പറഞ്ഞെന്നും വരും. അതോടെ എൻെറ യുക്തിയുടെ ധാര മലിനമാവും. ആ ചെറുചിരിയിൽ ഇടതുകവിളിൽ നുണക്കുഴി വീഴുമ്പോൾ തന്നെ എൻെറ ആപാതതീക്ഷ്ണമായ യുക്തി ഏട്ടൻെറ ദൃഢമായ ചിന്തനശക്തിയാൽ യാതൊരു വരയും ഉണ്ടാക്കുകയുണ്ടായില്ലെന്ന് എനിക്കറിയാൻ കഴിയുന്നു. ആ ചിരി എന്നെ തോൽപിക്കുന്നതിനായിട്ടുള്ളതല്ല, അതിൽ നിന്ന് എന്നെ പിന്തിരിപ്പിക്കുന്നതിനുള്ളതാണ്. ഒന്നു രണ്ടു സംക്ഷിപ്ത പ്രശ്നങ്ങൾ എൻെറ യുക്തിയുടെ കോട്ട തകർത്തുകളയുന്നു.

കഴിഞ്ഞാഴ്ച ഏട്ടനെ കാണാൻ വന്ന സമയം ഞാൻ ഏട്ടനോട് ആ ചോദ്യം ചോദിച്ചില്ല. ഏട്ടൻ പറയുന്ന യുക്തിക്കു മുന്നിൽ തോൽക്കേണ്ടിവരും എന്നു പേടിച്ചല്ല, സങ്കോചം

കൊണ്ട്. അത് അപരാധിയുടെ മാനസിക സങ്കോചമാണോ? അല്ല, ഞാൻ അപരാധം ചെയ്തിട്ടില്ല. പിന്നെ അപരാധി സഹജമായ സങ്കോചം എങ്ങനെ? ആ സംഗതികൾ എടുത്തിടുന്നത് ഭംഗിയാവില്ല എന്നതു കൊണ്ടുള്ള സങ്കോചം. അവസാനത്തെ ശ്വാസം പോകാറായ സമയം തുളസിത്തറക്കൽ കൊണ്ടു പോയിക്കിടത്തിയിട്ടുള്ള ആളോട് ഒസ്യത്ത് എവിടെവെച്ചിരിക്കുന്നു എന്നു ചോദിക്കുമോ? വേണ്ട, ഏട്ടനെ ധരിപ്പിക്കേണ്ടതായിട്ടില്ല, അല്ലാതെ തന്നെ എല്ലാം ശരിക്കും ധരിച്ചിട്ടുണ്ട് . ചെറുപ്പക്കാരനായ ഒരു കാക്കി ഹാഫ് പാൻറുകാരൻ ഓഫീസർ ഗേററിനകത്തേക്കു പോയി. ഒരു സമയം അസിസ്ററൻറ് ജയിലറുടെ നൈററ് റൗണ്ടിനുള്ള പുറപ്പാടായിരിക്കും.

കഴിഞ്ഞ ആഴ്ച ഏട്ടനെ സെല്ലിൽ ചെന്നു കാണേണ്ടി വന്നു. ഒന്നിച്ച് സി.ഐ.ഡി.ക്കാരൻ. ഒരു വാർഡർ നേരത്തേക്കൂട്ടി സ്ഥലം പിടിച്ചിരുന്നു. അവരുടെ മുമ്പിൽ വെച്ച് എന്തു സംസാരിക്കാനാണ് ? എൻെറ കൈയിൽ ഉറുമാലിൽ കെട്ടിയ കുറെ പഴങ്ങളുണ്ടായിരുന്നു. അകത്തേക്കു കടന്ന സമയം സി.ഐ.ഡി. നേരമ്പോക്കായിട്ടെന്നപ്പോലെ പറഞ്ഞു, 'നോക്കു സർ, അതിനകത്ത് അപകടം പിടിച്ച ഒന്നുമില്ലല്ലോ. എൻെറ ഉദ്യോഗം കുമ്പിളിലാക്കല്ലേയ് !' ബംഗാളിക്കു കിട്ടിയ പണി — ഈയിടെയായി എന്തൊക്കെ ഗുലുമാലുകളാണുണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് അറിയാമല്ലോ. ഈ ഡിപ്പാർട്ടുമെൻറിൽ ചുമ്മാ കടന്നു വന്നതാണെന്നോ വിചാരം? ഉറുമാൽ അഴിച്ചു കാണിക്കാൻ ഭാവിച്ചപ്പോൾ പറഞ്ഞു, 'ഇരിക്കട്ടെ സർ, ഞാൻ ചുമ്മാ പറഞ്ഞതാണ് . നിങ്ങളിതെന്തൊരു......... ഞങ്ങൾക്ക് ആളെ കണ്ടാൽ അറിഞ്ഞുകൂടെ?' സി.ഐ.ഡി. യും എന്നെ വിശ്വസിക്കുന്നു. രാഷ്ട്രീയ പ്രവർത്തകന് ഇതിലും വലിയ സർട്ടിഫിക്കററ് എന്തു വേണം? ഞാൻ ഇത്രത്തോളത്തിന് തയ്യാറായിരുന്നില്ല. ഏട്ടനെതിരെ മൊഴി കൊടുത്തതിനു ശേഷമാണ് ഇവർക്ക് എൻെറ നേരെയുണ്ടായിരുന്ന സംശയം നീങ്ങിയത് .... ഏട്ടൻ സെല്ലിൽ ഇരുമ്പഴികൾക്കു പിന്നിൽ. ചെമ്പൻ മുടി, ക്ഷീണിച്ചിരിക്കുന്നു. മൂക്ക് കഠാരി പോലെ ഉയർന്നു നിൽക്കുന്നു. നിറം പണ്ടത്തെക്കാൾ ഒന്നു കൂടി തെളിഞ്ഞിരിക്കുന്നു. കൈകാലുകളിൽ ചൊറിചിരങ്ങുകളുടെ പാടുകൾ. ഏട്ടൻെറ ചിരിക്കുന്ന പോലുള്ള മുഖവും ഔത്സുക്യം നിറഞ്ഞ കോമള ദൃഷ്ടിയും എനിക്ക് കുൺഠിതത്തി

നിട നൽകിയില്ല. ആദ്യം ഏട്ടൻ തന്നെ സംസാരിച്ചു —'ഉറുമാലി ലെന്താണ് ?' എങ്ങനെ തുടങ്ങണമെന്നുള്ള എൻെറ സങ്കോചം നീങ്ങി. 'അമ്മായി തന്നയച്ചതാണ് ' 'അതു ശരി. അമ്മായിക്കു സുഖമല്ലേ? വല്ലതും പറഞ്ഞയച്ചിട്ടുണ്ടോ?' ആദ്യം അമ്മായി ഊണും ഉറക്കവും ഉപേക്ഷിച്ചിരിക്കയാണ് എന്നുള്ള സത്യം പറഞ്ഞാലോ എന്നു തോന്നി. വേണ്ട, ഏട്ടൻെറ സ്നേഹാതുര മായ ഹൃദയത്തിനു ഭാരമിരട്ടിയാക്കേണ്ട. ഞാൻ പറഞ്ഞു— 'അമ്മായി എപ്പോഴും ഏട്ടനെപ്പററി പറയാറുണ്ട് .' മുഖത്തേക്കു നോക്കിയപ്പോൾ സത്യം മറയ്ക്കാനുള്ള എൻെറ ശ്രമം ഏട്ടൻ എൻെറ ഭാവം കണ്ടറിഞ്ഞു എന്നു തോന്നി . സി. ഐ. ഡി. പറഞ്ഞു, 'വാതിൽ തുറന്നു തരാം നിങ്ങൾ അകത്തേക്കു കടന്നോളൂ സാർ!' ഞാൻ പറഞ്ഞു—' വേണ്ട'. എന്നാൽ വാർ ഡർ വാതിൽ തുറന്നു. അകത്തു കടന്ന് ഏട്ടൻെറ വിരിപ്പിൽ ഇരുന്നു...... അന്ന് എനിക്ക് ഒന്നും ചോദിക്കാൻ കഴിഞ്ഞില്ല. വാക്കുകൾ എവിടേയ്ക്കോ വഴുതിപ്പൊയ്ക്കൊണ്ടിരുന്നു. ഏട്ട നു കാര്യം മനസ്സിലായിക്കാണും. ഏട്ടൻ അനവധി കാര്യങ്ങൾ ചോദിച്ചു. ഞാൻ ഉത്തരം പറഞ്ഞു. തിരിച്ചു പോരാറായപ്പോൾ ഏട്ടൻ പറഞ്ഞു, 'അമ്മയെ കാണണം' അതാണെന്നോടു പറഞ്ഞ അവസാനത്തെ വാക്ക്. ഏട്ടൻെറ ഈ അവസാന വാക്ക് , അന്തിമാഭിലാഷം പാലിക്കാൻ കഴിഞ്ഞില്ല. കരഞ്ഞു കൊണ്ട് അമ്മ എന്നോട് എന്തൊക്കെയാണു പറയുക എന്നാ ലോചിച്ചപ്പോൾ തന്നെ ഞാൻ വിറച്ചുപോയി. ഏട്ടന് എൻെറ മനസ്സിലുള്ളതെല്ലാം അറിയാം. എന്നിട്ടും ഈ സമയം അമ്മയെ ക്കാണുവാൻ എന്നെക്കൊണ്ടു കഴിയുന്നതല്ല എന്ന് മനസ്സിലാ ക്കാതെ പോയി. എനിക്കെന്തൊക്കെയാണ് ഇഷ്ടം, എന്തൊ ക്കെ ഇഷ്ടമല്ല എന്ന് ഏട്ടനറിയാം. ഒരിക്കൽ ഞാൻ ഏട്ടനോട് ഒരു നല്ല കവിത എഴുതിത്തരുവാൻ പറഞ്ഞു. വലിയ വലിയ കവികളുടെ അതിഭാവുകത്വം നിറഞ്ഞ വിഷാദാത്മക സ്വരം എനിക്കു മനസ്സിലാകാറില്ല. ഏട്ടൻ എനിക്കു മനസ്സിലാകുന്ന കവിത എഴുത്തി തരികയുണ്ടായി. അതിൻെറ സാരം ഏതാണ്ട് ഇങ്ങനെയാണ് .

ഞാൻ പൂർണാധികാരമാഗ്രഹിക്കുന്നു. അതിൽ കുറ ഞ്ഞാൽ തൃപ്തനല്ല. ധനികരുടെ നിന്ദ സഹിക്കുകയില്ല. അധ്വാ നിക്കുന്നവരെ ചൂഷണം ചെയ്യുന്നതിന് എന്നാണവസാനം? ആ ദിവസം ഞാൻ പ്രതീക്ഷിക്കുകയാണ്. യന്ത്രം ചതച്ചു തു

പ്പുന്ന അധ്വാനിക്കുന്നവരുടെ നിശ്വാസം പ്രളയം വരുത്തി വെയ്ക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. വേറെ മാർഗമില്ല. പുതിയ സൂര്യനുദിക്കും. വിശന്നു വലയുന്നവരുടെ മുഖത്ത് ചിരി വിടരും. ആർക്കും കണക്കററ ധനം ഉണ്ടായിക്കൂട. സോഷ്യലിസ്ററു ഭരണത്തിൽ പ്രവർത്തന സ്വാതന്ത്ര്യവും ചിന്താ സ്വാതന്ത്ര്യവും ഉണ്ടാവും.

ബാക്കിയോർക്കുന്നില്ല. മുഴുവൻ കാണാതെ പഠിച്ചിരുന്നു. രണ്ടു കൊല്ലം കൊണ്ട് എനിക്കെത്രവലിയ മാററം വന്നു. ഏട്ടൻെറ സ്വാധീനത്തിൽ നിന്നു മോചനം കിട്ടുവാൻ ഞാൻ കിണഞ്ഞു ശ്രമിച്ചു. അതു കാരണം എൻെറ ഉപബോധമനസ്സ് സ്മരണയിൽ നിന്ന് ഈ കവിത തുടച്ചു മാററുവാൻ സഹായിച്ചു. കവിത ആശ്രമത്തിൽ അമ്മയുടെ മുറിക്കു മുമ്പിലുള്ള വരാന്തയിൽ തൂക്കിയിട്ടിട്ടുണ്ട് . ഇപ്പോഴുമത് അവിടെയുണ്ടോ ആവോ. ഇത്രയും നാളായിട്ട് അത് ഒരിക്കലും ഓർക്കയുണ്ടായില്ല. ഇനി ചെന്ന് നോക്കണം.

'ഉണർന്നിരിക്കയാണോ സാറേ!'

സുബേദാർ ക്വാർട്ടറിൽ നിന്നു മടങ്ങിയെത്തിയിരിക്കുന്നു. മുഖം കണ്ടിട്ട് ചെറിയൊരു ഉറക്കം കഴിഞ്ഞിട്ടാണ് എത്തിയിരിക്കുന്നതെന്നു തോന്നി. ഞാൻ പിടഞ്ഞെണീററിരുന്നു.

'ഇരിക്കു ഇരിക്കു, വിശ്രമിക്കു!' ആരോടും സംസാരിക്കാൻ രസം തോന്നിയില്ല. സുബേദാർ അകത്തേക്കു കടന്നു. ഓഫീസിലേക്കാണ് . നേരത്തേ വിരിച്ചിട്ടിരുന്ന പടുക്ക തെറുത്തു വെയ്ക്കാനുള്ള പുറപ്പാട് .... ഏട്ടൻ ഇപ്പോൾ എന്തു ചെയ്യുകയാവും? കത്തെഴുതുകയാവും. ഏട്ടൻ നിശ്ചയമായും കുറെ കത്തുകൾ എഴുതിവെയ്ക്കാതിരിക്കില്ല. നിഹാൽ സിംഹിൻെറ കൈയിൽ നോട്ടു ബുക്കും പെൻസിലും വാങ്ങാൻ കൊടുത്ത പണത്തിന് അയാൾ അതൊക്കെ വാങ്ങി കൊടുത്തു കാണുമോ എന്തോ? കൊടുത്താലും അതൊക്കെ ജയിലിൽ സൂക്ഷിക്കാൻ പ്രയാസമുണ്ട് . നിത്യവുമുണ്ട് സർച്ച് . എഴുതാൻ സൗകര്യമുണ്ടായാൽത്തന്നെ ഒരു സമയം മററുള്ളവരെ പോലെ ഏട്ടൻ കത്തെഴുതിവെച്ചിട്ടു പോവുമെന്നു തോന്നില്ല. വിചിത്രമാണ് ഏട്ടൻെറ മനസ്സ് . ഏട്ടൻ ഏതേതു പ്രവൃത്തിയാണ് അനുചിതമെന്നും അശ്രീകരമെന്നും വിവരിക്കുന്നത്

എന്ന് എനിക്ക് ഒരു ധാരണയുണ്ടാക്കാൻ പോലും കഴിഞ്ഞിട്ടില്ല. മരണ ശിക്ഷയുടെ തലേന്ന് മേരി അൻറോണിയറ്റിൻെറ മുടി മുഴുക്കെ നരച്ചു പോയെന്നു കേട്ടിട്ടുണ്ട് . ഏട്ടൻെറ നരച്ച മുടി—ചിന്തിക്കാൻ പോലും കഴിയുന്നില്ല. ഒരു പക്ഷേ രസത്തിന് കിടന്ന് നല്ല ഉറക്കമായിരിക്കും. സർ വാൾട്ടർ റെലേ ബലിവേദിയിൽ തല കുനിച്ചുകൊടുക്കുംമുമ്പ് ആരാച്ചാരോട് തമാശ പറഞ്ഞത്രേ— "നോക്കൂ സഹോദരാ!" എൻെറ ഈ ലാളിച്ചു വളർത്തിയ താടി മുറിച്ചു കളയല്ലേ!" ആദ്യം ഇത് അതിശയോക്തിയായി തോന്നി. എന്നാൽ ഏട്ടനെപ്പറ്റി പറയുന്ന സമയം അങ്ങനെ തോന്നുന്നില്ല. എത്രയോ രാഷ്ട്രീയത്തടവുകാർ കഴുമരത്തിലേറുംമുമ്പ് എന്തെല്ലാം ചെയ്തതായി കേൾക്കുന്നു. ചിലർക്കു ബോധക്ഷയം വന്നു. ചിലർ സൂപ്രണ്ടിനെ അസഭ്യം പറഞ്ഞു. ചിലർ താൻ തെറ്റുകാരൻ തന്നെയെന്ന് ഏറ്റു പറഞ്ഞു. വേറെയൊരാൾ ഭഗവന്നാമം ജപിച്ചു. ഒരു പ്രസംഗത്തിനു പുറപ്പെട്ട് പരാജയമടഞ്ഞവനാണ് പിന്നെയൊരാൾ. 'സർഫരോശീകീ തമന്നാ! എന്ന രക്തസാക്ഷികളുടെ സുപ്രസിദ്ധ ഗാനം ഉറക്കെ ചൊല്ലിക്കൊണ്ട് പടവുകയറി കഴുമരപ്പലകയിൽനിന്നുകൊടുത്ത വീരന്മാരും അനവധിയുണ്ട് . എന്നാൽ ഇതൊക്കെ നാടകീയമാണെന്ന് ഏട്ടൻ പറയും. ഏട്ടൻ അങ്ങനെയൊന്നും ചെയ്യുകയില്ല. മുഖത്ത് കൂസലില്ലാത്ത ചിരിയാവും ഉണ്ടായിരിക്കുക. ആ കൂസലില്ലായ്മയ്ക്കു മുമ്പിൽ ജയിൽസൂപ്രണ്ടിൻെറ തല കുനിഞ്ഞുപോകും. മജിസ്ട്രേട്ട് നോട്ടം തിരിച്ചു കളയും. ജയിലർ അനാവശ്യമായി ടാർച്ചടിച്ച് റിസ്റ്റുവാച്ചിൽ സമയം നോക്കും. കുറച്ചു റെമിഷനും അഞ്ചു രൂപയ്ക്കും വേണ്ടി ആരാച്ചാരുടെ പണിയ്ക്കെത്തുന്ന നിർവ്വികാരനായ തടവുകാരൻെറ ഹൃദയത്തുടിപ്പും നിമിഷത്തേക്ക് വേഗംവേഗമാവും. ഏട്ടൻ മറ്റൊരു തരത്തിൽ പ്രതികരിക്കുകയെന്നത് എന്നെ സംബന്ധിച്ചിടത്തോളം അപ്രതീക്ഷിതമായിരിക്കും.

ഖട് ഖട് ഖട് ! ഗേറ്റിൻെറ രണ്ടാം നിലയിൽനിന്ന് ആരോ ഇറങ്ങിവരുന്നു. ബലദൃപ്തനും ഗർവാന്ധനുമായ ഏതോ വ്യക്തിയുടെ പൗരുഷത്തെ വിളിച്ചറിയിക്കുന്ന പദധ്വനി. ലോകമേ! ഈ സ്ഥാനത്ത് വേറെ യാതൊരുത്തൻെറയും ശക്തിയോ ശാസനമോ വിലപ്പോവില്ല എന്നു മനസ്സിലാക്കിക്കോളൂ! ഇവിടെ ഞാൻതന്നെ സർവ്വാധിപതി—എന്ന നാട്യം. വളരെ നേരമായി ഈ ശബ്ദം പ്രതീക്ഷിച്ചിരിക്കുന്നു.

ഖാക്കി ഡ്രസ്സുകാരനായ ഒരു ബലിഷ്ഠൻ ഇറങ്ങിവന്നു. ഗേറ്റിലെ സെൻട്രി ചെരുപ്പുകൾ കൂട്ടിയടിപ്പിച്ച് സെല്യൂട്ടു ചെയ്തു. പിന്നെ അറ്റൻഷനായി നിന്നു. അകത്തെ വാർഡർ സലാം വെച്ചുകൊടുത്ത് വാതിൽതുറന്നുകൊടുത്തു. സൂബേദാർ സായ്പ് ഗേറ്റിനു മുമ്പിൽ നിൽക്കുന്നു. അയാളുടെ കറുപ്പും വെളുപ്പും ഇടകലർന്നുള്ള പല്ലുകൾ പുറത്തേക്കു നീണ്ടു. ആ ചിരിയാൽ മുഖസ്തുതി വ്യഞ്ജിപ്പിക്കുന്നതിനുള്ള ശ്രമം സ്പഷ്ടമാണ് . സൂബേദാർ സലാം ചെയ്തു കഴിഞ്ഞപ്പോൾ സായ്പ് ചോദിച്ചു, 'ഒക്കെ ശരിയായില്ലേ?'

സൂബേദാർ പറഞ്ഞു —'ഉവ്വ് സർ!' കേട്ടാൽ രാത്രി മുഴുക്കെ ഇതു പ്രതീക്ഷിച്ചുകൊണ്ടുനിന്നു വിയർക്കുകയായിരുന്നു അയാളെന്നു തോന്നും.

ജയിലർ സായ്പിൻെറ നോട്ടം ട്രോളിലെയ്നിൻെറ പരിസരങ്ങളിൽ അവിടവിടെ കാണപ്പെട്ട ചാണകത്തിൽ പതിഞ്ഞു. കാൽ തിരിച്ച് അയാൾ ചെരുപ്പിലേക്കുനോക്കി. മുഖത്ത് നീരസം. സൂബേദാരും ഭയം കലർന്ന ദൃഷ്ടികളോടെ ചെരുപ്പിലേയ്ക്കു നോക്കി. ഭാഗ്യം! ചെരുപ്പിൽ ചാണം പററിയിട്ടില്ല. അയാൾക്കു ശ്വാസം നേരെവീണു.

ജയിലർ ചോദിച്ചു — 'ഈ ചാണം നീക്കം ചെയ്യാതിരുന്നതെന്തേ?'

—'തടവുകാരെ കിട്ടിയില്ല,സർ'

—'എന്തേ? ലോക്കപ്പിനുശേഷം കാള ഗേററുകടന്നു വന്നിട്ടില്ലല്ലൊ.'

ഏറെ സംസാരിക്കേണ്ടതായി വന്നില്ല. അകത്തെ വാർഡർ തന്നെ പണി തുടങ്ങി. സൂബേദാരിന് ഇന്ന് നല്ലൊരു ദിവസമാണെന്ന് തോന്നുന്നില്ല. പുലരാറായപ്പോഴത്തെ കണി. അകത്തെ വാതിൽ തുറന്ന് ജയിലിനുള്ളിലേയ്ക്ക് കടന്നു കൊണ്ട് ജയിലർ പറഞ്ഞു, 'നോക്കട്ടെ, അകത്തെ മട്ട് എന്തൊക്കെയാണെന്നറിയണമല്ലൊ. നിങ്ങളെ എന്തെങ്കിലും ഒരു ഭാരമേൽപിച്ചിട്ട് സമാധാനമായിട്ടിരിക്കാൻ വഴികാണുന്നില്ല. ഓഫീസ് ഓഫീസ് പോലെ ഇരിക്കണം.'

—'സർ! അതെപ്പോഴും ഓർക്കുന്നുണ്ട്. എല്ലാം വേണ്ടവിധം ചെയ്തുവെച്ചിട്ടുണ്ട്.'

സൂബേദാർ വാർഡറോടു പറഞ്ഞു.—'മരമൂങ്ങയെപ്പോലെ നോക്കിനിക്കുന്നതെന്തെടോ? ചെന്നുനോക്ക്, സായിപ്പിന്റെ മുറി വൃത്തിയാക്കിയിട്ടില്ലേ എന്ന്. ഈ പുതിയപുതിയ റിക്രൂട്ടുകളെക്കൊണ്ട് ഒരു പണിയും നടത്താൻ കഴിയുകയില്ല. കോൺഗ്രസ് പ്രക്ഷോഭം കാരണം ഉള്ള ഉന്തുവണ്ടിക്കാരും പെട്ടിക്കടക്കാരും ഒക്കെ ചേർന്നിരിക്കയാണ്. പറഞ്ഞാലും മനസ്സിലാവില്ല, പണിയെടുക്കാനും അറിയില്ല. വെറി പിടിച്ചു തുടങ്ങി എനിക്ക്.'

ചെറുകിടക്കാർ തൊട്ട് തലപ്പത്തിരിക്കുന്നവർ വരെ തങ്ങൾക്കു താഴെയുള്ളവരോട് ഒരേ തരത്തിലാണ് പെരുമാറുന്നത്.

മണി നാലു കൊട്ടി. വീണ്ടും ഒരു ബാച്ച് പുതിയ വാർഡർമാർ എത്തി. ഒരു സംഘത്തിൽ ഇരുപത്തിരണ്ടു പേർ വീതം. ഒരു രംഗത്തിന്റെ പുനരാവർത്തനങ്ങൾ. എല്ലാം ഒറ്റ രാത്രി കൊണ്ട് ഞാൻ കാണാപ്പാഠമാക്കിയിരിക്കുന്നു. സ്റ്റേഷൻ പ്ലാറ്റ് ഫാം പോലെതന്നെ. വളരെപ്പേർ വണ്ടിയിൽനിന്നിറങ്ങുന്നു. ചിലർ കയറുന്നു. കോലാഹലം, അടക്കമില്ലായ്മ. പിന്നെയെല്ലാം പഴയപടി..... ഏട്ടൻ ഇരുമ്പഴികൾ പിടിച്ചുകൊണ്ട് ആ അവസാന നിമിഷത്തെ പ്രതീക്ഷിച്ചു നിൽക്കയായിരിക്കുമോ? നാലു മണിയടിച്ചത് ഏട്ടൻ കേട്ടിരിക്കുമോ? ഗേറ്റിലെ ശബ്ദതരംഗങ്ങൾ വായുമണ്ഡലത്തിൽ കമ്പനമുണർത്തിക്കൊണ്ട് കണ്ടംഡ് ജയിലിൽ എത്തുന്നു— എന്റെ ചിന്താതരംഗങ്ങൾക്കു മാത്രം എത്താൻ കഴികയില്ലേ? ഏട്ടൻ അവസാനക്ഷണങ്ങളിൽ ആരെപ്പറ്റിയാവും ഒർക്കുക? അമ്മയെ, അമ്മായിയെ? അതോ എന്നെയോ? എന്നെ എന്തിനോർക്കുന്നു? നിശ്ചയമായും ഓർക്കും. ഏട്ടന്റെ ആ ഓർമ്മ ഗ്ലാനി കൊണ്ടും, വിഷാദം കൊണ്ടും എന്നിൽ അഭിമാനം കൊണ്ടും നിറഞ്ഞതാവും. ഇതു യുക്തിക്കും തർക്കത്തിനും അതീതമായ വസ്തുവാണ്......ഇതിനുശേഷം എനിക്ക് പൂർണിയയിൽ താമസിക്കുക വിഷമമായിരിക്കും. ഞാൻ അമ്മായിയുടെ മുഖത്ത് എങ്ങിനെ നോക്കും. അയൽവാസികളുടെ മുമ്പിലെങ്ങനെ ചെല്ലും? മൊഴികൊടുത്ത ശേഷമുള്ള ഈ അവസ്ഥ വളരെ

യൊക്കെ സഹിച്ചു. എന്നാൽ അമ്മയുടെ മുമ്പിലേയ്ക്കു ചെല്ലുക അസാധ്യം തന്നെ. ഏട്ടൻെറ അവസാനദിവസത്തെ ഈ ചിത്രം അപ്രത്യാശിതമോ, ആകസ്മികമോ അല്ല. കഴിഞ്ഞ ഏതാനും മാസങ്ങളായിമനസ്സിനെ ഇതിനൊരുക്കിത്തന്നെ നിർത്തിയിരുന്നു. സമയത്തും അസമയത്തും ഈ ചിത്രം മനസ്സിനെ ഭാരമുള്ളതാക്കി ......പാകുഡ് മർഡർ കേസിൻെറ വിവരണം ദിവസേന ഞാനും ഏട്ടനും അമ്മയെ വായിച്ച് കേൾപ്പിച്ച് വ്യാഖ്യാനിച്ചുകൊടുക്കാറുണ്ടായിരുന്നു. അമ്മ പറഞ്ഞു, 'കഷ്ടമേ കഷ്ടം! സഹോദരന്മാർ തമ്മിൽ ഇങ്ങനെയൊക്കെയാകാമോ?' ഇന്നോ? ഇത്രയും നാൾ പൊതുജനാഭിപ്രായം മാനിക്കാതെനടന്നു. എന്നാൽ ഇന്നെന്താണീ ഇളക്കം മനസ്സിന് ? പൊതുജനാഭിപ്രായം വകവെയ്ക്കാതിരിക്കാം. എന്നാൽ അമ്മയുടെ അവ്യക്തവേദന നിറഞ്ഞ ദൃഷ്ടിയേയും അമ്മായിയുടെ മൗനഭർത്സനത്തേയും കണ്ടില്ലെന്നു നടിക്കാനാവില്ല. എന്തുകൊണ്ടു വയ്യ? സെൻറിമെൻറൽ നോൺസൻസ് ! എൻെറ മുമ്പിൽ പീഡാജർജരിതമായ സമൂഹത്തിനുവേണ്ടി ചെയ്യേണ്ട നിരവധി കാര്യങ്ങളുണ്ട് . സമൂഹത്തിൻെറ യുഗയുഗങ്ങളായി സഞ്ചിതമായ കണ്ണുനീർ തുടയ്ക്കുന്നതിനുള്ള ഭാരം അർപ്പിതമായിട്ടുള്ള ഒരാൾക്ക് ഇടുങ്ങിയ വീടിൻെറ കോണിലെ രണ്ടുനാലു തുള്ളി ചുടുകണ്ണുനീരിനെപ്പററി ചിന്തിക്കാനാവുമോ? ഖദർസാരിയുടെ തുമ്പുകൊണ്ടുതന്നെ ആ കണ്ണുനീർത്തുള്ളികൾ തുടച്ചുനീക്കപ്പെട്ടുകൊള്ളും. ജീർണിച്ച കിടക്കയും മലിനമായ തലയിണയും ആ കണ്ണുനീരിനെ ചുട്ട മണൽപോലെ ഉണക്കിക്കളഞ്ഞുകൊള്ളും. ഇപ്പോൾ ഞാൻ എൻെറ ഭാവിയെപ്പററിയാണു ചിന്തിക്കുന്നത് . എനിക്കെന്തു സംഭവിക്കും എന്നതാണോ എനിക്കു വലിയ പ്രശ്നം? ഏട്ടനെന്തു സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നതല്ലേ?

കൻഹായി ലാലിൻെറ ശവത്തിൻെറ മുഖം ഓർമ്മ വരികയാണ് . ഏട്ടനേയും അതേവിധം ഇരുമ്പു സ്ട്രെച്ചറിൽ കിടത്തുമോ? പകുതി തുറന്ന കണ്ണുകൾ. അവസാനശ്വാസം ഉൾക്കൊള്ളാനുള്ള കഠിനശ്രമത്താൽ മുഖം ബീഭത്സമായിട്ടില്ല. കൃഷ്ണമണികൾ കോടാരങ്ങളിൽ നിന്ന് ഉന്തി നിൽക്കുന്നില്ല. ശാന്തമായ നിദ്രയുടെ ഭാവം. കഴുത്തു വീർത്തിരിക്കുന്നുവെന്നു മാത്രം. ചോര കട്ടപിടിച്ചതിനാൽ കറുത്ത പാടുണ്ട് .

ജയിൽ ഡോക്ടർ അഘോരബാബു ഗേററിലെത്തി.

വേഗമെത്തുന്നതിനുള്ള വെപ്രാളത്തിൽ ആ പാവം കിതയ്ക്കുന്നു. എങ്ങും ഒന്നു തിരിഞ്ഞുനോക്കാനിടയില്ല. ജയിലിൽ അഞ്ചോ ആറോ ഡോക്ടർമാരുണ്ട് . എന്നാൽ ജയിൽ ഡോക്ടർമാരുടെ തലവനായ സിവിൽ സർജൻെറ താമസം നഗരത്തിലാണ് . ഇവിടെ അയാൾക്ക് ക്വാർട്ടറില്ല. യുദ്ധത്തിനു മുമ്പ് സിവിൽ സർജൻ തന്നെയായിരുന്നു ജയിൽ സൂപ്രണ്ട് . അഘോരബാബു എന്തിനായി വന്നു? സുബേദാർ ചോദിച്ചു. 'ഡോക്ടർ! നിങ്ങളെന്തിനാണ് .....?'

"വെറുതെ വന്നെന്നേയുള്ളു."

സൂബേദാറിന് സംഗതിയെന്താണെന്ന് അല്ലെങ്കിൽ തന്നെ അറിയാം. ഇന്ന് സായിപ്പിൻെറ മുമ്പിൽ തൻെറ കർത്തവ്യ നിഷ്ഠ പ്രദർശിപ്പിക്കാനെല്ലാവർക്കുമുണ്ട് മോഹം. അഘോരബാബുവിനെ എനിക്കു പരിചയമുണ്ട് . ഭാഗ്യം! എന്നെ കണ്ടില്ല. ഇല്ലെങ്കിൽ എന്തൊക്കെയാണാവോ ചോദിക്കുക. അയാൾ ഓഫീസിലേയ്ക്കു നടന്നു. ജയിലർ മടങ്ങിവന്നുകഴിഞ്ഞിരുന്നു. അകത്തു ബൾബു തെളിഞ്ഞു. പങ്ക തിരിയുന്നു. ഹാഫ് പാൻറും, വെള്ള ഹാഫ് ഷർട്ടുമിട്ട സൂപ്രണ്ട് എത്തി. കൂടെ വെളുപ്പും ചുവപ്പും ഇടകലർന്ന നിറമുള്ള ബുൾടെറിയർ. വാർഡർമാരുടെ മുഖത്ത് ത്രാസത്തിൻേറതായ ഭാവം. സെല്യൂട്ട് , അററൻഷൻ ആ നായ അകത്തേക്കു പോകും മുമ്പ് എന്തു ചിന്തിച്ചിട്ടോ, എനിക്കു ചുററും ഒന്നു വലംവെച്ചു. വാർഡർ നായയ്ക്കായി അകത്തേയ്ക്കുള്ള വാതിൽ പകുതി തുറന്നുപിടിച്ചുകൊണ്ടുനിന്നു. ജയിൽ ജീവനക്കാർക്ക് നായയോടുള്ള ബഹുമാനം സൂപ്രണ്ടിനോടുള്ളതിനേക്കാൾ കുറവല്ല എന്നു പ്രകടിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചു. ജയിലർ മുറിയിൽ നിന്നും പുറത്തുവന്നു സായിപ്പിനെ എതിരേററു. അഘോരബാബുവും അരികിൽ ചെന്നുനിന്നു. ജയിലറോടുള്ള ആദരവു കാട്ടുവാൻ സുബേദാർ നന്നെ അരികിലല്ലാതെ അൽപം വിട്ടുനിന്നു. സായിപ്പ് ചിരിച്ചുകൊണ്ട് എന്തൊക്കെയോ തമാശ പൊട്ടിക്കുന്നു. അന്യമനസ്കതയോടെ ഇടയ്ക്കു കയ്യിലിരിക്കുന്ന ടോർച്ച് കത്തിക്കുന്നു, കെടുത്തുന്നു. നായ ഇടയ്ക്ക് ആഫീസിലും ഇടയ്ക്ക് പാസേജിലുമായി ഓടി നടക്കുന്നു. പന്തങ്ങൾ മണപ്പിക്കുന്നു. പിന്നെ സായിപ്പിനരികിലണഞ്ഞ് എന്തോ ഒന്ന് അറിയിച്ചിട്ടെന്നപോലെ തിരിച്ചുപോകുന്നു. നൈശനിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട്

ലോറിയുടെ ഇരമ്പം കേൾക്കപ്പെടുന്നു. അരികിലേയ്ക്കു വരുന്നു, 'ഭോം ഭോം' ഹാറൺ എന്തുറക്കെയാണ് മുഴങ്ങുന്നത് ! ഏട്ടൻ, അമ്മ, അച്ഛൻ എല്ലാവരും ഈ ശബ്ദം കേട്ടിരിക്കും. ഒരു വാൻ വന്നു ഗേററിന്നു കുറച്ചകന്നുനിന്നു. അതിൻെറ വാതിൽ തുറന്ന് തോക്കു ധരിച്ച ജവാന്മാർ പുറത്തേക്കു ചാടിയിറങ്ങിയോ? ഓരോരുത്തരായി– എബൗട്ടേൺ–റൈററ് വിൽ ! ഇല്ല, ആരും ഇറങ്ങിയില്ല. എല്ലാവരും വാനിൽത്തന്നെ ഇരുന്നു. ഡ്രൈവർ വിളക്കണച്ചു. നിരത്തും ക്വാർട്ടറുകളും വീണ്ടും ഇരുളിലാണ്ടു. സായിപ്പിൻെറ നായ കുരച്ചുതുടങ്ങി. അത് ഗേററഴികൾക്കിടയിലൂടെ പുറത്തേക്കു കടന്നു. തൻെറ രാജ്യത്തിൻെറ സമാധാന ഭഞ്ജകരാരെന്നു നോക്കുകയാണത് . എന്തേ വിളക്കു പെട്ടെന്നു തെളിയാൻ? വേഗംതന്നെ എന്തേ അണയാൻ എന്നു പരിശോധിക്കാൻ ഇറങ്ങിയപോലെ.

രാഷ്ട്രസഞ്ചാലന ചക്രം തിരിയുന്നു– സാവധാനം, എന്നാൽ നിശ്ചിതമായ ഗതിയിൽ–രാപകൽ. എന്നോ, എത്രയോ നാൾ മുമ്പ് ഏതോ ഭാഗ്യഹീനനായ വിഡ്ഢി ഇതിനു മുമ്പിൽ തലയുയർത്തിപ്പിടിച്ചു നിൽക്കാനുള്ള അതിസാഹസം കാട്ടി. ഇത് ആവർത്തിക്കപ്പെടരുത് എന്നുവച്ച് നാടുനീളെ ചെറുതും വലുതുമായ അനേകം ചക്രങ്ങൾ സ്ഥാപിക്കപ്പെട്ടു. ആ സംഭവത്തിൻെറയോ അതിൻെറ നായകൻെറയോ പേരോ ചിഹ്നമോ തുടച്ചുകളഞ്ഞിട്ടും കിട്ടിയില്ല രാഷ്ട്രത്തിനു സുഖവും ശാന്തിയും. ഏതാനും പുതുതലമുറക്കാരുടെ ഹൃദയത്തെ മന്ഥനം ചെയ്ത ആ സ്വപ്ന വിലസിതങ്ങൾ വിഫലവും വ്യർത്ഥവുമാകണമെന്നായിരുന്നു അവരുടെ ആഗ്രഹം. കോഡാ പോലീസ് സ്റേറഷൻ, വെംകടേശ്വർ ഇൻസ്പെക്ടർ, ക്രിമിനൽ കോർട്ട്, സെഷൻസ് കോർട്ട് , ഗവർമെണ്ട് വക്കീൽ , ജഡ്ജി, മാപ്പു സാക്ഷി നീലു. ജയിൽ ജീവനക്കാർ, മാലയിൽ ഒന്നൊന്നായി നിശ്ചിത ലക്ഷ്യത്തോടെ പല നിറത്തിലുള്ള മണികൾ കോർത്തുകൊണ്ടിരുന്നു. ഏതൊരുദ്ദേശത്തോടെയാണോ ഇതെല്ലാം ആസൂത്രിതമായത് അതിൻെറ ആത്യന്തികമായ നിമിഷത്തിന് ഇനി എന്തുണ്ടമാന്തം? കേവലം ഘാതകനെ കുററവാളിയാക്കിയാൽ എങ്ങനെ ഒക്കും? ഈ കാടത്തത്തിന് ജഡ്ജി മുതൽ വാർഡർ വരെ എല്ലാവർക്കുമുണ്ട് നൈതികമായ പങ്കാളിത്തം. വിശേഷജ്ഞന്മാരുടേതായ ഈ കാലഘട്ടത്തിൽ തങ്ങളുടെ സങ്കീർണമായ മണ്ഡലത്തി

ന്നുപുറത്തേക്ക് ആരും നോക്കാറില്ല. താൻ ഏതൊരു യന്ത്രത്തിൻെറ അംശമാണോ അത് നടക്കുന്നപോലെതന്നെയങ്ങോട്ടു നടന്നുകൊണ്ടിരുന്നാൽ മതി. വിപുലമായ സഞ്ചാലനശക്തിക്കുറവിടമേതാണ് , എവിടെയാണ് എന്നറിയേണ്ട ആവശ്യം തനിക്കില്ല. ബെൽട്ടിങ്ങിലൂടെ ഇഞ്ചിനിൽനിന്ന് ആ ശക്തി ആംശികമായി തൻെറയരികിൽ എത്തിയാൽ കാര്യമായി. ഇതിനുശേഷം താൻ പകുതിയും സംസ്കരിച്ച അസംസ്കൃത വസ്തു അപ്പുറത്തേക്കെത്തിച്ചു കൊള്ളാം. ഇത്രയും ദൂരത്തോളം ഈ കേസ് കൈമാറി കൈമാറിവന്നിടത്തെല്ലാം ഈ ഭീകരദാനവൻെറ നഗ്നതയും ഹിംസ്രതയും മറച്ചുപിടിക്കാനുള്ള ശ്രമം നടന്നു. എന്നാൽ ഇനി മുഖംമൂടിയാവശ്യമില്ലാത്ത ഘട്ടത്തിലെത്തിയിരിക്കുന്നു. 'ക്രഷ് ആൻറ് ബി ക്രഷ്ഡ് ' ജഗന്നാഥൻെറ രഥം മുമ്പോട്ടു നീങ്ങിക്കൊണ്ടേയിരിക്കും. അതിൻെറ ചക്രച്ചുവട്ടിൽ സ്വപ്നാവിഷ്ടനായ ആരാനും ചതഞ്ഞരഞ്ഞു പോയിട്ടുണ്ടോ എന്നറിയാനതിനു താൽപര്യമില്ല. വർഗതാൽപര്യത്തിൻെറ സ്റ്റീംറോളർ നിരത്തിലൂടെ ഓടിച്ചുകൊണ്ടേ ഇരിക്കുക. വിരാമം വന്നുപോയാൽ പാഴ്ചെടികൾ തല പൊക്കും........ ആശ്രമത്തിലേക്കുള്ള വഴി ഏട്ടൻ തന്നെയാണ് വെട്ടിനിരപ്പാക്കിയത് . ഇരുവശവും നിശാഗന്ധിയുടെ തടങ്ങൾ. സമയം കിട്ടുമ്പോൾ ഏട്ടൻ കൈക്കോട്ടെടുത്ത് വഴിയിൽ മുളയ്ക്കുന്ന പുല്ലും മറ്റും വെട്ടിമാറ്റുന്നു. വെള്ളഖദർ കൊണ്ടുള്ള ഒരു മുറിയൻ കുപ്പായം...............

, ഒരു കാറു കൂടി എത്തി. യൂണിഫോമണിഞ്ഞ ചപ്രാസി വാതിൽ തുറന്നുകൊടുത്തു. ഹാറ്റും കോട്ടുമണിഞ്ഞ ഒരു മാന്യൻ. ചുണ്ടിൽ ചുരുട്ട് . സിവിൽ സർജൻ. സൂപ്രണ്ടും മറ്റും അയാളെ എതിരേറ്റു.

സിവിൽ സർജൻ പറഞ്ഞു, 'എനിക്കു നേരം വൈകിയിരിക്കും. എന്നെ കാത്തുനിൽക്കുകയാണോ?' 'അല്ലല്ലാ മജിസ്ട്രേറ്റ് സായ്പ് ഇനിയും എത്തിക്കഴിഞ്ഞിട്ടില്ല.' സൂപ്രണ്ട് റിസ്റ്റുവാച്ചു നോക്കി. മുഖത്ത് നീരസം. 'വരിൻ! മുറിയിലിരിക്കാം'. കസേര വലിച്ചിടുന്ന ഞരക്കം കേൾക്കുന്നു. മുറിയിൽ നിന്ന് വർത്ത മാനം പറയുന്നതിൻെറ മന്ദസ്വരം വരുന്നു. പിന്നെയും കാറിൻെറ ഹാറൺ അടിച്ചു. ഒരു വണ്ടി വന്നുനിന്നു. ഹാഫ് പാൻറണിഞ്ഞ ഒരു ചെറുപ്പക്കാരൻ ചാടിയിറങ്ങി. അയാൾ

ഓടി ജയിൽഗേറ്റു കടക്കുന്നു. ജയിലർ വരവേൽക്കുന്നു.

"ഇല്ലില്ല താങ്കൾക്കു താമസം പറ്റിയിട്ടില്ല. ഞങ്ങൾ വന്നതു നേരത്തെയായിപ്പോയെന്നേയുള്ളു. ഡോക്ടരും സൂപ്രണ്ടും ആ മുറിയിൽ കാത്തിരിക്കുന്നു. വരൂ. അവിടെയിരിക്കാം."

മുറിയിലേക്കു പോകേണ്ടി വന്നില്ല. ജയിലിനുള്ളിലേക്കു പോകാൻ ഡോക്ടരും സൂപ്രണ്ടും ഇറങ്ങിവന്നു. ഓരോരുത്തരായി എല്ലാവരും അകത്തേക്കു കടന്നുപോയി. വാതിലിന്നു പൊക്കം കുറവ് . എല്ലാവർക്കും കുനിയേണ്ടി വന്നു. ദില്ലി ദർബാറിൽ ഇങ്ങനെയൊരു വാതിലുണ്ടായിരുന്നുവത്രേ. എവിടത്തെയോ ഒരു അരചൻ ഇത് അപമാനമായി കരുതി ദർബാറിൽ പോകാതിരുന്നുപോലും. യക്ഷപുരിയിലെ ഇരുട്ട് ഓരോന്നായി സൂപ്രണ്ട് പ്രഭൃതികളെ വിഴുങ്ങി....... ഇപ്പോഴിവിടന്ന് ഓടിക്കളഞ്ഞാലോ? ശവത്തിനുനേരെ നോക്കുവാൻ എനിക്കാവില്ല. ഇവിടന്ന് ഓടിയാൽ കാണാനും ആരുമില്ല...... മജിസ്ട്രേറ്റിന്റെ കൽപന ജയിലധികൃതരെ കാട്ടിക്കൊടുക്കണം. ഇല്ലെങ്കിൽ അവർ എനിക്കു ശവം തരികയില്ല. എവിടെ ആ കടലാസ് ? ഒരു കീശയിലും കാണുന്നില്ല. വീട്ടിലിട്ടിട്ടുപോന്നോ? എന്നാൽ പോകാതെ തരമില്ല. അതു വളരെ നന്നായി. അടുത്ത വണ്ടിക്ക് പാട്നക്കോ ബോംബെക്കോ പോയാലോ? എന്റെ പാർട്ടിയിലെ ഇൻറലക്ച്വൽ കോമറേഡന്മാരോട് പലതും ആലോചിക്കാനുണ്ട് . ഇല്ല, കടലാസു കീശയിൽ തന്നെ കാണും. ഇതാ ഇതുതന്നെ. ഇന്നലെ സ്വന്തം കൈയാലെ എടുത്തുവെച്ചത് . എവിടെ പോകാനാണ് ? പക്ഷേ ഇപ്പോഴാണല്ലോ തപ്പിനോക്കിയത് . കിട്ടാതിരുന്നതെന്തേ?

സൂബേദാറിന്റെ മുഖത്ത് കണ്ണുകൾ ചെന്നുനിന്നു. അയാളും എന്നെ നോക്കുകയാണ് . അയാൾ മുഖം തിരിച്ചു. അയാൾക്ക് ഇപ്പോൾ എന്നെ നോക്കാൻ കഴിയാതായിരിക്കുന്നു.

അകലെ ആളുകൾ വന്നുകൂടാൻ തുടങ്ങിയതായി തോന്നുന്നു. ആയുധധാരികളായ പോലീസിനെ ഭയന്ന് ഏറെപ്പേർ വന്നിട്ടില്ല. ഇല്ലെങ്കിൽ ഈ സമയം ഇവിടെ നല്ല തിരക്കു

കാണേണ്ടതായിരുന്നു. ഒരു ക്വാർട്ടറിലെ വാതിൽ തുറന്നു. എല്ലവരും മൃതദേഹം കാണാൻ ഉത്സുകരാണെന്നു കാണുന്നു. ....ഏട്ടൻെറ കഴുത്തിൽ ഒരു മറുകുണ്ട് . മഞ്ഞുകാലത്ത് കാവിക്കാരായ പഞ്ചാബി സിക്കുകാർ പൂർണിയയിൽ വരിക പതിവാണ് . അവരിലൊരാൾ അന്നൊരു ദിവസം ഞങ്ങളുടെ ആശ്രമത്തിൽ വന്നു. വന്നിട്ട് വികൃതമായ ഉച്ചാരണത്തോടെ പറഞ്ഞു, 'ഫാർചുൻ ടെയ്ലർ ആകുന്നു?' ഏട്ടൻ വേണ്ടെന്നു പറഞ്ഞിട്ടും കൈനോക്കി പറഞ്ഞു, 'നിങ്ങളുടെ പരമായുസ്സ് അറുപതു വയസ്സുവരെയാണ് ' തട്ടിപ്പുകാരൻ! കള്ളൻ! ഏട്ടൻ ചിരിക്കുവാൻ തുടങ്ങി. പറഞ്ഞു, ഇത് കോൺഗ്രസ് ഓഫീസ് ആകുന്നു. നിങ്ങൾ ഇതു പറയാൻ ബുദ്ധിമുട്ടിയതിന് പകരം പ്രതിഫലം തരാൻ നിവൃത്തിയില്ല.'

അതല്ല, ഏട്ടൻ ബോധം കെട്ടുകിടന്നാൽ അതേ നിലയിൽ തൂക്കിലിടുമോ? അങ്ങിനെ പതിവുണ്ടോ?

കഴുമരച്ചരടിനെച്ചൊല്ലി മേററും ഗാട്ടും കടിപിടി കൂടുന്നു. അന്നു ജയിലിൽ നടന്നത് ഓർക്കുകയാണ് . ചരടു മുറിച്ചു കഷ്ണം കഷ്ണമാക്കാനുള്ള പുറപ്പാട് . കൊഴുപ്പു പുരണ്ട ചരടിൽ ഇരുമ്പുകത്തിയുടെ അലക് വഴുതിപ്പോകുന്നു........ ഭാഗ്യവാന്മാർക്ക് ഓരോ കഷ് ണം കിട്ടി. അതുകൊണ്ട് എന്ത് ആശുഫലപ്രദമായ വശീകരണകവചമാണാവോ തീർക്കാൻ പോകുന്നത് .

ഇപ്പോൾ അകത്തേക്കുള്ള വാതിൽ തുറന്നു. സുപ്രണ്ട് , മജിസ്ട്രേട്ട് , സിവിൽ സർജൻ, ജയിലർ, അഘോര ബാബു, അസിസ്ററൻറ് ജയിലർ —വാർഡർ, വാർഡർ, നായ, വാർഡർ—

എല്ലാവരും നിർബന്ധിച്ച് ചുണ്ടിൽ ചിരി വരുത്താൻ ശ്രമിക്കയാണ് . ഈ അതിസാധാരണമായ സംഭവത്തിൽ ഞങ്ങളുടെ മനസ്സിന് ഒരു ചാഞ്ചാട്ടവുമില്ല, ചായ കുടിക്കാനായി കുറച്ചു സമയം വേണ്ടി വന്നതു കോണ്ട് അൽപം അമാന്തിച്ചു, അത്രതന്നെ എന്നു നടിക്കുയാണ് . സുപ്രണ്ടും സിവിൽ സർജനും മജിസ്ട്രേട്ടിനെ ചായ കുടിക്കുവാൻ ക്വാർട്ടറിലേക്കു ക്ഷണിച്ചു. ഗേററു തുറക്കപ്പെട്ടു. നായ മുമ്പിൽ നടന്നു, വഴി കാട്ടിക്കൊണ്ട് . രണ്ടു കാറുകളും അവരുടെ പിറകെ ചെ

ന്ന് ബംഗളാവിനു മുന്നിൽ നിന്നു. ലോറി ഡ്രൈവർ സ്ററിയറിങ് പിടിച്ചു കൊണ്ട് ഒരുങ്ങിയിരിക്കുന്നു. വാർഡർ അകത്തെ വാതിൽ പൊളി ഇപ്പോഴും അൽപം തുറന്ന മട്ടിൽ പിടിച്ചിരിക്കുന്നു.......ഒരു പക്ഷേ വരുന്നുണ്ടാവും. ....ഇപ്പോഴെത്തിയേക്കും........

'അല്ലാ, നീലു ബാബുവല്ലേ ഇത് ? എന്താണിത്ര പുലർച്ചയ്ക്ക് ? ഇൻറർവ്യൂവിനുള്ള ശ്രമമായിരിക്കും അല്ലേ? സി. ഐ. ഡി. എട്ടടിക്കുന്നതിനു മുമ്പ് എത്തുകയില്ല. വരൂ, അപ്പോഴേക്ക് ചായ കുടി നടക്കട്ടെ. എന്താണഭിപ്രായം?'

അഘോര ബാബു മറുപടിക്കിടതന്നില്ല. നന്നെ വിഷമിച്ചിട്ടു പറഞ്ഞു, 'അല്ലാ ഇൻറവ്യൂവിനായിട്ടു വന്നതല്ല. വന്നിരിക്കുന്നത് —ഇന്ന് ജ്യേഷ്ഠൻെറ....' പിന്നെ ഒച്ചപൊങ്ങിയില്ല. ചുണ്ടുകൾ വിറയ്ക്കുന്നു. ആരോ ബലിഷ്ഠമായ കൈകൊണ്ട് എൻെറ കഴുത്തു ഞെക്കിപ്പിടിക്കുന്ന പോലെ കണ്ണുകൾ നിറഞ്ഞു. മറെറാരിടത്തേക്കു നോക്കിക്കൊണ്ട് ഒരു തരത്തിൽ മജിസ്ട്രേട്ടിൻെറ കത്ത് അയാൾക്കു കൊടുത്തു. അഘോര ബാബു കത്തു വായിക്കാൻ തുടങ്ങി. ഞാൻ കണ്ണുനീർ തുടച്ചു.

'അല്ലാ, അപ്പോൾ അങ്ങനെ പറയൂ. എന്തേ? നിങ്ങളാരും കേട്ടില്ലെന്നുണ്ടോ?' അയാൾ എന്നെ കെട്ടിപ്പിടിച്ചു.

'ഗവർമെൻറിൻെറ കൽപന വന്നിരിക്കുന്നു. തൂക്കിലിടുന്നതിനുള്ള ശിക്ഷ നിർത്തിവച്ചിരിക്കുന്നു.'

എന്ത് ? എന്താണു പറയുന്നത് ? അഘോരബാബുവിനു ഭ്രാന്തുണ്ടോ? ഞാൻ അയാളുടെ രണ്ടു കൈയും മുറുകെ പിടിച്ചു. അയാൾ തുടർന്നു—'പട്ടാള പ്രാധാന്യമുള്ള പ്രദേശമൊഴികെ ഭാരതത്തിൽ ആഗസ്ററ് പ്രക്ഷോഭത്തിനിടയിൽ സബോട്ടേഷ് ചെയ്ത കുററത്തിന് മരണശിക്ഷ വിധിക്കപ്പെട്ടവരെ തൂക്കിക്കൊല്ലുന്നത് അനിശ്ചിതകാലത്തേക്കു നിർത്തിവെച്ചിരിക്കുന്നു. മററു സ്ഥലങ്ങളിൽ ഈ കൽപനക്കു മുമ്പായി ശിക്ഷ നടപ്പിലാക്കപ്പെട്ടുപോയി. കൊലക്കുററത്തിനു ശിക്ഷിക്കപ്പെട്ടവർ ഈ കൽപനയുടെ പരിധിയിൽ വരുന്നില്ല.

ഇന്ന് ഒരു സാധാരണക്കാരൻ തടവുകാരനെയാണ് കഴുവി ലേററാനുണ്ടായിരുന്നത് . അയാൾ മൂന്നാം നമ്പർ സെല്ലിൽ ആയിരുന്നു. മിനിയാന്നു വന്ന ആർഡർ. നിങ്ങളുടെ ഏട്ടനെ ഒ ന്നാം നമ്പർ സെല്ലിൽ നിന്നു നീക്കം ചെയ്യുകയുണ്ടായില്ല. സാ യ്പ് പറഞ്ഞു, കുഴപ്പം എന്തിനു പെരുപ്പിക്കുന്നു വെന്ന് . അതുകൊണ്ട് തെററിദ്ധാരണ ഉണ്ടായി. പോരെങ്കിൽ ജയിൽ പുള്ളികൾക്ക് കഴുവിലേററുന്നതിനുള്ള കൽപന നേരത്തേ കൊടുക്കുക പതിവില്ല. ജയിലിലുള്ളവർ ലക്ഷണങ്ങൾ കണ്ട് അനുമാനിക്കട്ടെ. നിങ്ങൾക്ക് തെററായ വിവരം ലഭിക്കാൻ കാരണം ഇതൊക്കെയാണ് .

എനിക്കു സംസാരിക്കാനുള്ള ശക്തി നഷ്ടപ്പെട്ടു. ഞര മ്പിൽ രക്ത സഞ്ചാരം നിലച്ചു. മരങ്ങളിലെ ഇലകൾ പോലും നിസ്പന്ദം. ഗ്രഹങ്ങൾ ഗതിമറന്നു നിന്നു പോയി. വീരയോ ഗ്യയായ വസുന്ധരയുടെ അപർണാ മൂർത്തി. ശ്വാസമുൾ ക്കൊള്ളാൻ പോലും ഭയമായി. ഉമയുടെ തപസ്യക്കു ഭംഗ മുണ്ടായിക്കൂടല്ലോ.

ധമനികളിൽ വീണ്ടും സ്പന്ദനമുണ്ടായി. വൃക്ഷങ്ങൾ തോറും പക്ഷികളുടെ കാകളി. ഇലകൾ തോറും പ്രഭാത സ മീരണൻെറ ഊഞ്ഞാലാട്ടം. ലാസ്യമയിയായ ഭൂമി വീണ്ടും പല താളങ്ങളിൽ ഇളകിയാടി. കരിങ്കൽ പടുത്ത ജയിൽഗേററിന്നു പരിതലത്തിൽ പെട്ടെന്ന് പ്രഭാതത്തിൻെറ ആരക്തമായ ആഭ മധുരമായി സ്പർശിച്ചു.

Printed at : Printsman, Doriwalan, Karol Bagh, New Delhi